# വിശുദ്ധ ചാവറപിതാവിന്റെ സമ്പൂർണ്ണ കൃതികൾ

വാല്യം ഒന്ന്

# നാളാഗമങ്ങൾ

ചാവറ സെൻട്രൽ സെക്രട്ടേറിയറ്റ്

*Malayalam*
***VISUDHA CHAVARA PITHAVINTE SAMPOORNA KRUTHIKAL***
*(Volume I Nalagamangal)*

*First Edition 1981*
*Second Edition 1985*
*Third Edition 2000*
*Fourth Edition 2021*

*Published by*
*Chavara Central Secretariat*
*Chavara Hills, Kakkanad*

*Copy right*
*Chavara Central Secretariat*

*Design & Print at*
*Viani Printings, Kochi -682 018*
*Ph : 0484 - 2401635*

*Price :   200/-*

*No. of Copies : 2000*

*Distribution:*
*Chavara Central Secretariat,*
*CMI Prior General's House,*
*Chavara Hills, Thengode P.O.,*
*Kakkanad, Kochi - 682 030.*

[illegible]

[illegible]

[illegible]

## അവതാരിക

ശാസ്ത്ര, സാങ്കേതിക, സാഹിത്യ, വൈജ്ഞാനിക മേഖലകളിൽ അറിവും അനുഭവങ്ങളും പുരോഗതിയും നേടിയ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കേരളസമൂഹത്തിന് പരിചിതനാമമാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. വിദ്യാഭ്യാസം, സാഹിത്യം, ആദ്ധ്യാത്മികം, സാമൂഹ്യപ്രവർത്തനം എന്നീ മേഖലകളിൽ തനത് വ്യക്തിമുദ്ര, വ്യക്തതയോടെ പതിപ്പിച്ച പ്രവർത്തനങ്ങളാണ് ചാവറയച്ചന് കേരള വൈജ്ഞാനിക-സാഹിത്യചരിത്രങ്ങളിൽ ഇടം നൽകിയത്. മറഞ്ഞുകിടന്നവയെയും മറന്നുകിടന്നവയെയും പ്രകാശമാനമാക്കി, ചരിത്രങ്ങൾ ഇനിയും കൂടുതൽ ശുദ്ധതയോടും വ്യക്തതയോടുംകൂടി ഉപരിവായനക്കും പഠനത്തിനുമായി സമൂഹത്തിന് ലഭ്യമാക്കപ്പെടേണ്ടതുണ്ട് എന്ന ബോധ്യത്തിൽനിന്നുമാണ് വിശുദ്ധ ചാവറപിതാവിന്റെ സമ്പൂർണകൃതികൾ പുന:പ്രകാശനം ചെയ്യപ്പെടുന്നത്.

1805 ഫെബ്രുവരി 10-ാം തീയതി കൈനകരി ചാവറ കുടുംബത്തിൽ ജനിച്ച കുര്യാക്കോസ് ഏലിയാസച്ചൻ 1871 ജനുവരി 3-ാം തീയതി ദൈവസന്നിധിയിലെ അമൂല്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഈ കാലയളവിൽ അദ്ദേഹം പ്രവർത്തിച്ച മേഖലകളും അഭിമുഖീകരിച്ച സംഭവങ്ങളും, ആവിഷ്കരിച്ച സംരംഭങ്ങളും, സി.എം.ഐ., സി.എം.സി സഭകളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട അറിവുകളും നൽകുന്ന അനുദിനകുറിപ്പുകളുടെ രൂപമായ നാളാഗമങ്ങളും ഒപ്പം, അദ്ദേഹം രചിച്ച ആദ്ധ്യാത്മിക-സാഹിത്യകൃതികളും, അദ്ദേഹത്തിന്റെ കത്തുകളും ഒരുമിച്ച് ഒരു ശേഖരമെന്ന നിലയിൽ പുന:പ്രസിദ്ധീകരിക്കുമ്പോൾ, ഒരു ഗ്രന്ഥം എന്നതിലുപരി ഉപകാരപ്രദമായ ഒരു റഫറൻസ് ശേഖരം കൂടിയായി മാറുന്നു.

ജാതീയമായ സങ്കീർണതകൾ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ, അവയ്ക്കെതിരെ ശബ്ദമുയർത്തുക മാത്രം ചെയ്യുക എന്നതിനെ

ക്കാൾ, പ്രവർത്തിച്ചുതുടങ്ങാനുള്ള ആർജ്ജവം ചാവറയച്ചൻ പ്രകടമാക്കി എന്നത് ജാതിവിവേചനം, ദളിത്ജീവിതം എന്നീ മേഖലകളിൽ ചാവറയച്ചനെ സ്മരണീയനാക്കി.

ഒരു വ്യക്തിയോ സമൂഹമോ പ്രസ്ഥാനമോ പുലർത്തുന്ന ദർശനങ്ങൾ കാലാതിവർത്തിയായും, സാമൂഹികനവീകരണത്തിൽ രാസത്വരകമായും, തലമുറകളോട് സംവദിക്കുന്ന നവഭാഷയായും പ്രവർത്തിക്കുമ്പോഴാണ് അത് നവോത്ഥാനദർശനമായി പരിഗണിക്കപ്പെടുന്നത്. വിദ്യാഭ്യാസമേഖലയിൽ, അച്ചുകൂടനിർമ്മിതിയുൾപ്പെടെയുള്ള ചാവറയച്ചന്റെ ഇടപെടൽ, കാലമേറെ വൈകിയാണെങ്കിൽക്കൂടി, ഇന്ന് സമൂഹം അംഗീകരിക്കുമ്പോൾ, അവയുടെ ഉപാദാനവും ഫലവുമായി സാക്ഷ്യപ്പെടുത്തുന്ന ഇന്നത്തെ കേരള-വിദ്യാഭ്യാസ മേഖല ചരിത്രവസ്തുതകളിൽ അടിസ്ഥാനമിട്ട് വൈജ്ഞാനികമായി ഇനിയും ഉണരേണ്ടതുണ്ട്. ഋജുഭാവത്തോടെ അവതരിപ്പിക്കപ്പെടുന്ന ചരിത്രം അംഗീകരിക്കാതെ തരമില്ല.

വിശുദ്ധ ചാവറപിതാവിന്റെ സമ്പൂർണകൃതികൾ പ്രസക്തമാകുന്നത് ഇവിടെയാണ്. *നാളാഗമങ്ങൾ* എന്ന പേരിലുള്ള ആദ്യഭാഗം 1830 മുതൽ 1870 വരെയുള്ള ചരിത്രരേഖയാണ്. അതിൽ വ്യക്തിയും സമൂഹവും സഭയും പ്രാദേശികതയും മതവും ക്രയവിക്രയങ്ങളും ജീവിത ദർശനങ്ങളും സഭാസ്ഥാപനഘട്ടങ്ങളുമെല്ലാം ഉൾപ്പെടുന്നുണ്ട്. ഗതകാലത്തിലെ അനുദിന - ഓർമക്കുറിപ്പു മാത്രമല്ല, മറിച്ച് വരുംതലമുറയ്ക്കുള്ള ചരിത്രസമ്മാനം കൂടിയാണത്.

സാഹിത്യമേഖലയിലെ ചാവറയച്ചന്റെ ഇടപെടൽ പൊതുസമൂഹ ശ്രദ്ധയിലെത്തുന്നതുപോലും കഴിഞ്ഞ നാലു ദശകങ്ങൾക്കുള്ളിൽ മാത്രമാണ്. അതിനുപിന്നിൽ ഒരു ശതാബ്ദക്കാലം പലകാരണങ്ങളാൽ ചരിത്രം മറഞ്ഞുകിടന്നു എന്നത്, മലയാളത്തിലെ സാഹിത്യചരിത്രങ്ങളുടെ രചനയിൽ ചാവറയച്ചനും അദ്ദേഹത്തിന്റെ സാഹിത്യ സപര്യയും ഇടംപിടിക്കാതെ പോയതിന് ഒരു കാരണമാണ്. സാഹിതീസംഭാവനകളെ പരിഗണിച്ചും ആദരിച്ചും ചാവറയച്ചന്റെ ഛായാചിത്രം കേരള സാഹിത്യ അക്കാദമി ഹാളിൽ 2006 മെയ് നാലിന് അനാച്ഛാദനം ചെയ്തുവെന്നതും, മലയാളനാടകചരിത്രത്തിലെ ആദ്യരൂപമായി ഗണിക്കപ്പെടേണ്ട *ഇടയനാടകങ്ങൾ* കേരള സാഹിത്യ അക്കാദമി തന്നെ പ്രസാധനം ചെയ്തുവെന്നതും കാലം കാത്തുവച്ച

കാവ്യനീതി. 1862-ൽ രചിക്കപ്പെട്ട ഖണ്ഡകാവ്യമായ *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന ചെറുകൃതി, മലയാളസാഹിത്യ ചരിത്രങ്ങളുടെ നൂതനപതിപ്പുകളിൽ ഇനിയും രേഖപ്പെടുത്തപ്പെടാതെ പോകുന്നുവെന്നത് ഉപേക്ഷയാലുള്ള ഗൗരവമർഹിക്കുന്ന വീഴ്ചയാണ്. സാഹിത്യ-സാംസ്കാരിക മേഖലകളിൽ ചാവറയച്ചൻ നൽകിയ സംഭാവനകളെ അധികരിച്ച് പല ഗവേഷണപ്രബന്ധങ്ങളും ഇതിനോടകം പൂർത്തിയാക്കപ്പെട്ടുവെങ്കിലും, ഇനിയുമേറെ തുടർഗവേഷണസാധ്യതയുള്ള മേഖലതന്നെയാണിത്.

കേരള സുറിയാനികത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികനേതൃത്വത്തിൽ ചാവറയച്ചൻ അനിഷേധ്യസാന്നിധ്യമാണ്. റോക്കോസ് ശീശ്മയിലെ ഇടപെടലും, സഭാനവീകരണത്തിനായുള്ള നിരവധി നടപടികളും, പ്രാരംഭകൻ എന്ന നിലയിലുള്ള അനേകം സംഭാവനകളും സഭയുടെ പാരമ്പര്യത്തെ ബലപ്പെടുത്തിയ ഘടകങ്ങളാണ്. കുടുംബനവീകരണത്തിനായി അദ്ദേഹം ചെയ്ത സംഭാവനകളെ മുൻനിർത്തിയാണ് *കുടുംബങ്ങളുടെ മധ്യസ്ഥൻ* എന്ന സവിശേഷസ്ഥാനം സഭയിൽ ചാവറയച്ചനു നൽകപ്പെടുന്നത്. 150 വർഷങ്ങൾക്കുമുമ്പു രചിക്കപ്പെട്ട *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന കുടുംബചട്ടം കൂനമ്മാവിലെ ഇടവകസമൂഹത്തിൽ മാത്രമായി ഒതുങ്ങാതെ, 21-ാം നൂറ്റാണ്ടിലെ കുടുംബങ്ങൾക്കും പ്രായോഗിക പാഠങ്ങൾ നൽകുന്ന ആത്മീയഗ്രന്ഥമായി നിലകൊള്ളുന്നത്, കാലാതിവർത്തിയായ കുടുംബനവോത്ഥാനദർശനം ചാവറയച്ചനിൽ രൂഢമൂലമായിരുന്നതിന് വ്യക്തമായ ഉദാഹരണമാണ്. ഇന്ന് മുപ്പത്തിയാറു രാജ്യങ്ങളിലായി അഭിമാനപൂർവം അജപാലന-സാമൂഹ്യപ്രവർത്തനങ്ങൾ നിർവഹിക്കുന്ന സി.എം.ഐ., സി.എം.സി. സഭകളുടെ പ്രാരംഭനടപടികളിലും വളർച്ചയിലും തീക്ഷ്ണതയുള്ള പങ്കാളിയായി ചാവറയച്ചൻ നിലകൊണ്ടത് സാമൂഹിക-സാമുദായിക നവീകരണത്തിന് ഉപയുക്തമാകുന്ന കാല-ദേശാതിവർത്തിയായ ആധ്യാത്മികദർശനങ്ങളും സഭാനേതൃത്വപാടവവും അദ്ദേഹത്തിനുണ്ടായിരുന്നതിനാലാണ്.

നവതലമുറകളെപ്പോലും വിസ്മയിപ്പിക്കുംവിധം സാമൂഹ്യ-സാംസ്കാരികമേഖലയിൽ പ്രവർത്തിക്കുവാൻ, അന്നത്തെ ഏറെ പരിമിതമായ സാഹചര്യത്തിലും ചാവറയച്ചന് കഴിഞ്ഞുവെന്നത് നിസ്സാരകാര്യമല്ല. ജാതീയമായ വേർതിരിവുകൾകൊണ്ട്

പൊതുപ്രവർത്തനവും സാമൂഹ്യസേവനവുമൊന്നും അത്രതന്നെ സുഗമമല്ലാതിരുന്ന അക്കാലത്ത് പൊതുവിദ്യാലയം, ഉച്ചക്കഞ്ഞി, പിടിയരി, ദളിത്ജീവിതനവീകരണം എന്നിങ്ങനെയുള്ള മേഖലകളിൽ, ആശയംകൊണ്ടല്ല സാന്നിധ്യംകൊണ്ടുതന്നെ ഇറങ്ങി പ്രവർത്തിക്കുന്നതിൽ ചാവറയച്ചൻ പുലർത്തിയ സവിശേഷവൈഭവമാണ് കേരളനവോത്ഥാനചരിത്രത്തിൽ ചാവറയച്ചന് സ്ഥാനം നൽകിയത്.

സമ്പൂർണകൃതികൾ എന്നത് ഇപ്രകാരമുള്ള ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും സാഹിത്യകൃതികളുടെയും ശേഖരമാണ്. സഭാസ്നേഹികൾക്കും ചരിത്രാന്വേഷകർക്കും സാഹിത്യപഠിതാക്കൾക്കും ഇത് മൂല്യവത്തായ ഗ്രന്ഥമാണ്. ചാവറയച്ചനെക്കുറിച്ച് കൃത്യതയുള്ള അറിവുനേടി, വ്യക്തതയുള്ള അഭിപ്രായങ്ങളും ധാരണകളും രൂപീകരിക്കുവാൻ ഈ കൃതി വായനക്കാരെ സഹായിക്കും. സമ്പൂർണകൃതികളുടെ ആദ്യപതിപ്പ് പുറത്തിറങ്ങുന്നത് 1981-ലാണ്. ഭാഷയിൽ കാലം വരുത്തിയ ഭേദങ്ങളെ ഉൾക്കൊണ്ടുകൊണ്ട്, ഇന്നത്തെ വായനക്കാർക്ക് പരിചിതമാംവിധം അവയെ അവതരിപ്പിക്കുവാൻ പ്രസാധകസമിതി ഏറെ അധ്വാനിച്ചിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്ന ആത്മീയ- സാമൂഹ്യ നവോത്ഥാനനായകനിലൂടെ അവതരിപ്പിക്കപ്പെട്ട ചരിത്രവും സാഹിത്യവും ഇന്നത്തെ വായനക്കാർക്ക് ഒരുമിച്ച് ലഭ്യമാകുന്നു എന്നതിനാൽ, ഈ പുന:പ്രസാധനം കൂടുതൽ സ്വീകാര്യവും അർത്ഥവത്തുമാണ്. വായിച്ച്, അറിഞ്ഞ്, സ്നേഹിച്ച് സഭയിലും സമൂഹത്തിലും ഓജസ്സുള്ള സാന്നിധ്യമായി നിലകൊള്ളുവാൻ പുതുതലമുറയെ ഇത് സഹായിക്കട്ടെ.

സമ്പൂർണകൃതികളുടെ ഈ നവപ്രസാധനം അനുവാചകർക്ക് ഉപകാരപ്രദവും, ആത്മീയാനുഭവ സ്രോതസ്സുമായിരിക്കട്ടെ എന്ന ആശംസയോടെ ഈ ഗ്രന്ഥം കൈരളിക്ക് സമർപ്പിക്കുന്നു.

**ഫാ. തോമസ് ചാത്തംപറമ്പിൽ സി.എം.ഐ.**
പ്രിയോർ ജനറാൾ

പൊതുശ്രേഷ്ഠഭവനം
ചാവറ ഹിൽസ്, കാക്കനാട്
08-09-2021

# പഴയ പതിപ്പിന്റെ അവതാരിക

ലോകചരിത്രമെന്നത് ഇക്കാണായ വിശാലവിശ്വത്തിന്റെ ചരിത്രമല്ല, പ്രത്യുത, വ്യക്തിയുടെ അഥവാ വ്യക്തികളുടെ ചരിത്രമാണ്. മനുഷ്യൻ എന്ന പ്രതിഭാസമില്ലാത്ത ലോകം ലോകമല്ല; അതിനു ചരിത്രവുമില്ല. ഭൂത-ഭാവി-വർത്തമാനങ്ങളെ സ്വന്തം ജീവിതാനുഭവങ്ങളുടെ അനശ്വരചൈതന്യംകൊണ്ട് പ്രഭാപൂർണ്ണമാക്കുന്ന വ്യക്തികളുടെ ചരിത്രംതന്നെയാണ്, വികസ്വരവും നിത്യവിസ്മയവുമായ പ്രപഞ്ചത്തിന്റെ ചരിത്രം. മറ്റൊരുവാക്കിൽ ജനിച്ചും വളർന്നും പ്രകൃതിയുടെ ഒഴുക്കിനൊത്തു നീങ്ങുന്ന ശരാശരി മനുഷ്യന്റെ സങ്കല്പങ്ങളേയും മാനദണ്ഡങ്ങളേയും അതിജീവിക്കുകയും അവയ്ക്കുപരി ഉത്തുംഗമായി നിലകൊള്ളുകയും ചെയ്യുന്ന സമുൽകൃഷ്ടവ്യക്തിത്വത്തിന്റെ ഉടമകളാണ് വിശ്വചരിത്രത്തിന്റെ വിധാതാക്കൾ. കാലത്തിൽ കാലൂന്നി അവർ ജീവിച്ചാലും അവരുടെ കാഴ്ചപ്പാടും ജീവിതലക്ഷ്യവും കാലാതീതമായിരുന്നതിനാൽ അവർ ചിരംജീവികളായിത്തീരുന്നു.

കാലഘട്ടത്തെ അതിജീവിക്കുകയും സ്വന്തം വ്യക്തിത്വത്തിന്റെ വശ്യശക്തികൊണ്ട് ത്രികാലങ്ങളെ പ്രകാശമാനമാക്കുകയും ചെയ്ത ഞങ്ങളുടെ സഭാസ്ഥാപകനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ചരിത്രം കേരള ക്രൈസ്തവസമൂഹത്തിന്റെ ഒരു കാലഘട്ടത്തിന്റെ മുഴുവനും ചരിത്രമാണ്. സാമൂഹ്യ സാംസ്കാരികരംഗത്താകട്ടെ, സർവ്വോപരി ആധ്യാത്മികരംഗത്താകട്ടെ ക്രാന്തദർശിയും മനുഷ്യസ്നേഹിയും പുണ്യപുരുഷനുമായ ചാവറയച്ചന്റെ സമുജ്ജ്വലവ്യക്തിത്വം മനസ്സിലാക്കുക കേരളചരിത്രം പഠിക്കുന്നവർക്കൊക്കെ ഒഴിച്ചുനിർത്താനാവാത്ത ഒന്നത്രേ.

ചേന്നങ്കരി ഇടവകാതിർത്തിയിലെ കൈനകരി ചാവറ കുടുംബത്തിൽ ക്രിസ്തുവഷം 1805 ഫെബ്രുവരി 10-ാം തീയതി കുര്യാക്കോസ് ഏലിയാസ് ജനിച്ചു. നാട്ടുനടപ്പനുസരിച്ചുള്ള വിദ്യാഭ്യാസം നിർവ്വഹിച്ചശേഷം 1815-ൽ പള്ളിപ്പുറം സെമിനാരിയിൽ ചേർന്ന് വൈദികപഠനം

ആരംഭിച്ചു. അക്കാലയളവിൽ മാതാപിതാക്കളും ഏകസഹോദരനും മരണമടഞ്ഞു. സഹോദരപുത്രിയുടെ സംരക്ഷണമടക്കം കുടുംബകാര്യങ്ങൾ നിർവ്വഹിക്കേണ്ട ചുമതല അദ്ദേഹത്തിനുണ്ടെന്നറിയിച്ച് ബന്ധുജനങ്ങൾ പള്ളിപ്പുറത്തെത്തി. സെമിനാരിവിട്ട് വീട്ടിലെത്തുവാൻ അവർ അദ്ദേഹത്തെ നിർബന്ധിച്ചു. പക്ഷേ, നിശ്ചയദാർഢ്യത്തോടെ വൈദികജീവിതത്തിനു സ്വയം അർപ്പിച്ച അദ്ദേഹം ആ നിർബന്ധത്തിനു വഴങ്ങിയില്ല. കുര്യാക്കോസ് വൈദികപഠനം തുടർന്നു. പഠനപരിശീലനാനന്തരം 1829-ൽ പൗരോഹിത്യം സ്വീകരിച്ചു. കുറെനാൾ ചേന്നങ്കരിയിലും പുളിങ്കുന്നിലും താമസിച്ചു. പാലയ്ക്കൽ തോമ്മാ മല്പാന്റെയും പോരൂക്കര തോമ്മാ മല്പാന്റെയും സഹകരണത്തോടുകൂടി സി. എം. ഐ. സഭയുടെ സ്ഥാപനത്തിനു വേണ്ടി ചാവറയച്ചൻ അക്ഷീണം പരിശ്രമിച്ചു. 1831-ൽ മാന്നാനം കേന്ദ്രമാക്കി സി.എം.ഐ സഭക്ക് അടിസ്ഥാനമിട്ടു. 1841-ൽ പാലയ്ക്കൽ തോമ്മാ മല്പാനും 1846 -ൽ പോരൂക്കര തോമ്മാ മല്പാനും ദിവംഗതരായതോടുകൂടി സന്ന്യാസ സമൂഹത്തിന്റെ നേതൃത്വം ചാവറയച്ചന് ഏറ്റെടുക്കേണ്ടിവന്നു.

1855 മുതൽ 1871 വരെ പ്രിയോർ ജനറാളായി ചാവറയച്ചൻ സി.എം.ഐ. സഭയെ സ്തുത്യർഹമായവിധം നയിച്ചു. 1861-ൽ സുറിയാനി കത്തോലിക്കരുടെ വികാരി ജനറാളായി അദ്ദേഹം നിയമിക്കപ്പെട്ടു

1861-63 കാലഘട്ടം കേരളസഭയെ സംബന്ധിച്ചിടത്തോളം ഒരു കൊടുങ്കാറ്റിലൂടെ കടന്നുപോരലായിരുന്നു. സഭയെ ഉലച്ച ശീശ്മ കൊടുങ്കാറ്റിനെ തടയുവാനും സുപന്ഥാവിലൂടെ സഭയെ നയിക്കുവാനും ചാവറയച്ചന്റെ സുശക്തമായ നേതൃത്വത്തിനു കഴിഞ്ഞു. 1864 മുതൽ ചാവറയച്ചന്റെ പ്രവർത്തനകേന്ദ്രം കൂനമ്മാവ് ആയിരുന്നു. 1871 ജനുവരി 3-ാംതീയതി അദ്ദേഹത്തിന്റെ പാവനാത്മാവ് നിത്യസമ്മാനം സ്വീകരിക്കുവാൻ ഇഹലോകംവെടിഞ്ഞു. ഇപ്പോൾ അദ്ദേഹത്തിന്റെ നാമകരണനടപടികൾ ത്വരിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ചാവറയച്ചന്റെ സമുന്നത വ്യക്തിത്വത്തിന്റെ മധുരദീപ്തമായ ഘടകം അദ്ദേഹം സാക്ഷാൽ ദൈവത്തിന്റെ മനുഷ്യനായിരുന്നു എന്നതാണ്. ദൈവപരിപാലനയിൽ അടിയുറച്ച വിശ്വാസം, സംഭവബഹുലമായ ആ ജീവിതത്തിന്റെ ഓരോ സ്പന്ദനത്തിലും ദർശിക്കാമായിരുന്നു. ദൈവം സ്നേഹനിധിയായ നല്ല പിതാവായിരുന്നു അദ്ദേഹത്തിന്. സ്നേഹവാത്സല്യങ്ങൾ കരകവിഞ്ഞൊഴുകുന്ന ആ പിതാവിനെ "എന്റെ പ്രിയ അപ്പാ" എന്ന് ഒരു പിഞ്ചുപൈതലിനെപ്പോലെ വിളിക്കുവാൻ

ഭക്തിയാൽ തരളിതഹൃദയനായ ദൈവത്തിന്റെ ആ മനുഷ്യന് കഴിഞ്ഞു. ദൈവത്തിന്റെ അനുപമമായ സ്നേഹത്തെ സ്വാർത്ഥത തീണ്ടാത്ത മാതൃസ്നേഹത്തോടും അദ്ദേഹം തുലനപ്പെടുത്തുന്നുണ്ട്. ഉറങ്ങിക്കിടക്കുന്ന ശിശുവിനെ ഉണർത്തി, ആവശ്യപ്പെടാതെതന്നെ സ്തന്യം ദാനം ചെയ്യുന്ന അമ്മയെപ്പോലെ, നമ്മുടെ ആവശ്യങ്ങൾ നാം കാണുന്നതിനു മുമ്പുതന്നെ കണ്ടറിഞ്ഞ് നമുക്കു നന്മകൾ ചൊരിയുന്ന ദൈവത്തെ ചാവറയച്ചൻ കാണിച്ചുതരുന്നു. ദൈവപരിപാലന ദൈവത്തിൽ വിശ്വസിക്കുന്ന ആർക്കും അനുഭവവേദ്യമാക്കുന്ന ലളിതസുഭഗവും ശാലീനവും ആയ കല്പന! തത്ത്വശാസ്ത്രത്തിന്റെ നിഗൂഢമേഖലകൾക്കോ, ശാസ്ത്രമേഖലയിലെ പരീക്ഷണങ്ങൾക്കോ അഭിഗമ്യമല്ലാത്ത പ്രമേയം ചാവറയച്ചന് അനുദിന ജീവിതാനുഭവത്തിന്റെ ഉൾക്കാമ്പായിരുന്നു.

സഹജരെ മറന്നുള്ള ഒരു ദൈവാഭിമുഖ്യമായിരുന്നില്ല ചാവറയച്ചന്റേത്. അദ്ദേഹത്തിന്റെ ഈശ്വരോന്മുഖതയുടെ മുഖം പരോന്മുഖതയായിരുന്നു. സന്ന്യാസസഭാ സ്ഥാപനത്തിന്റെതന്നെ ലക്ഷ്യം ദ്വിമുഖമായിരുന്നു. "സ്വന്തം വിശുദ്ധിയും സഹോദരങ്ങളുടെ നന്മയും." സ്വന്തം ദൈവവിളിയെക്കുറിച്ചു ചിന്തിക്കുന്ന വേളയിൽ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്: "ദൈവം നൽകിയിട്ടുള്ള അപരിമേയമായ ദാനങ്ങൾ തന്റെ സഹോദരന്മാർക്കായും ആണെന്നു അദ്ദേഹം ചിന്തിക്കുന്നു. ഇതു വെളിവാക്കുന്ന നിരവധി സംഭവങ്ങൾ അദ്ദേഹത്തിന്റെ നാളാഗമക്കുറിപ്പുകളിൽ ഉൾക്കൊള്ളുന്നുണ്ട്. ദൈവത്തിന്റെ സമാധാനദായകരായ മനുഷ്യൻ മറ്റുള്ളവർക്കും അതേ സമാധാനം നൽകുന്നു. അവ്ദീശോ മെത്രാന്റെ മാനസാന്തര സമയത്തെ ദൈവദാസന്റെ സമീപനം ഇതിനുദാഹരണമാണ്.

അധികാരത്തോടുള്ള വിധേയത്വം തികഞ്ഞ ക്രൈസ്തവവീക്ഷണത്തോടും ലക്ഷ്യബോധത്തോടുംകൂടി ചാവറയച്ചൻ പുലർത്തുന്നുണ്ട്. സഭാശ്രേഷ്ഠന്മാരെയും രാഷ്ട്രീയാധികാരികളെയും ദൈവത്തിന്റെ പ്രതിനിധികളായി കാണാനും അവരെ ബഹുമാനിക്കാനും അദ്ദേഹം ഉത്സുകനായിരുന്നു. സഭാസേവനമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു മുഖ്യമൂലം.

ചില ചരിത്രവസ്തുതകൾ കലവറയില്ലാതെ ചാവറയച്ചൻ എഴുതുന്നത് സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ഏതാനും ചിലർക്ക് മാനക്ഷയത്തിന് കാരണമായെങ്കിലും മറ്റു പലരുടെയും നന്മയെ ഓർത്തു

മാത്രമാണ് അദ്ദേഹം അതു പ്രതിപാദിക്കുന്നത്. സത്യത്തോടുള്ള ആഭിമുഖ്യവും സഹജരുടെ നന്മയും ചാവറയച്ചന്റെ ചിന്തയിൽ ഒളിതൂകിയ പ്രകാശരേണുക്കളാണ്. ദൈവത്തിന്റെ മനുഷ്യനെന്ന നിലയിൽ ദൈവദാസന് എല്ലാ മനുഷ്യരിലും ദൈവത്തെ കാണുവാനും ആത്മതുല്യം സ്നേഹിക്കുവാനും കഴിഞ്ഞു.

ദൈവസ്നേഹം സഹജസ്നേഹത്തിലൂടെ പ്രകാശിതമാക്കണമെന്നും അതിനുള്ള ഉപാധികൾ സഹജരുടെ സാമൂഹ്യവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ സേവനമർപ്പിക്കുകയുമാണെന്ന് ചാവറയച്ചൻ വിശ്വസിച്ചു. പരസ്നേഹപ്രവൃത്തി ചെയ്യാൻ കഴിയാത്ത ദിവസം വ്യർത്ഥതയുടെയും നഷ്ടബോധത്തിന്റെയും പ്രതീകമാണെന്ന് അദ്ദേഹം വ്യക്തമാക്കിയിരുന്നു.

കേരളത്തിൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്ക് അടിസ്ഥാനമിട്ടത് പണ്ഡിതനും ദീർഘവീക്ഷണചതുരനും സ്ഥിരോത്സാഹിയുമായിരുന്ന ചാവറയച്ചൻതന്നെയാണ്. മാന്നാനത്ത് 1846-ൽ ഒരു പ്രസ്സ് സ്ഥാപിച്ചുകൊണ്ട് അതിന് അദ്ദേഹം തുടക്കം കുറിച്ചു. അന്നു തുടങ്ങിയ മുദ്രണാലയപ്രേഷിതത്വം സഭാംഗങ്ങൾ അഭംഗുരം തുടർന്നുപോരുന്നു. ദീപിക, കർമ്മെലകുസുമം, കുടുംബദീപം തുടങ്ങിയ പത്രമാസികകളിലൂടെയും കേരളത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഭവക അച്ചടിശാലകളിൽനിന്നും പ്രസിദ്ധീകൃതമാകുന്ന സൽഗ്രന്ഥങ്ങളിലൂടെയും ചാവറയച്ചൻ സമാരംഭിച്ച സമ്പർക്കമാധ്യമ പ്രവർത്തനങ്ങൾ വികസ്വരമായിക്കൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് വിശുദ്ധൻ അനുഷ്ഠിച്ച ധീരമായ നേതൃത്വത്തിന്റെ ഗുണഫലങ്ങളാണ് കേരളജനത ഇന്നാസ്വദിക്കുന്നതും അനുഭവിക്കുന്നതും. പൊതുവിദ്യാഭ്യാസരംഗത്തും മതവിദ്യാഭ്യാസരംഗത്തും അദ്ദേഹം ഒരേപോലെ ശ്രദ്ധ പതിപ്പിച്ചു. ഒന്നേമുക്കാൽ ശതാബ്ദത്തിനു മുൻപ് മാന്നാനത്ത് ഒരു സംസ്കൃത വിദ്യാലയം സ്ഥാപിച്ച ആ ക്രാന്തദർശി, എല്ലാ പള്ളികളോടുമൊപ്പം പള്ളിക്കൂടങ്ങൾ തുടങ്ങണമെന്ന് നിർബന്ധപൂർവ്വം ആവശ്യപ്പെടുകയുണ്ടായി. തന്റെ നിർദ്ദേശം പാലിക്കാത്ത ഇടവകദേവാലയങ്ങൾ അടച്ചിടുമെന്നുപോലും കല്പിച്ചത് വൈജ്ഞാനികമണ്ഡലത്തിൽ ഒരു വിപ്ലവം സൃഷ്ടിക്കുന്നതിനുള്ള വിത്തു പാകലായിരുന്നു.

ആതുരസേവനം ചാവറയച്ചന്റെ ജീവിതത്തിലെ അഭിന്ന ഭാഗമായിരുന്നു. കൈനകരിയിൽ അദ്ദേഹം കൊളുത്തിവച്ച ദീപത്തിന്റെ ചിന

പ്പുകൾ ആണ് ഇന്നു കേരളത്തിൽ ഉടനിളം സാന്ത്വനപ്രകാശമരുളി നിൽക്കുന്ന ആതുരസേവനത്തിന്റെ ദീപശിഖകൾ. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും എല്ലാവരെയും സ്നേഹിക്കുവിൻ" എന്ന ക്രിസ്തുവിന്റെ ദിവ്യവചനം എന്നും ചാവറയച്ചന്റെ സ്മൃതിപഥത്തിൽ ഉണ്ടായിരുന്നു.

ഭാഷകളിൽ പാണ്ഡിത്യം നേടിയ വിശാരദൻ, പ്രസംഗകൻ, സാഹിത്യകാരൻ, മുദ്രണാലയപ്രേഷിതത്വത്തിന്റെ പ്രണേതാവ്, ഭരണനിപുണൻ തുടങ്ങിയ ഒട്ടേറെ സവിശേഷപദങ്ങൾകൊണ്ട് അദ്ദേഹത്തെ ബഹുമാനിക്കാൻ കഴിയും. എന്നാൽ ഇവയ്ക്കെല്ലാം ഉപരി, ചാവറയച്ചന്റെ വ്യക്തിത്വം പ്രഫുല്ലമാക്കുന്ന വിലപ്പെട്ട ബഹുമതി അദ്ദേഹം ദൈവാനുഭൂതിയുറ്റ ദൈവത്തിന്റെ മനുഷ്യനായിരുന്നു എന്നതാണ്. ദൈവത്തിന്റെ മനുഷ്യനായി, ദൈവത്തിലേയ്ക്ക് മനുഷ്യരെ നയിച്ച ആധ്യാത്മിക മനുഷ്യനായി അദ്ദേഹത്തെ മനസ്സിലാക്കാത്തിടത്തോളം കാലം ചാവറയച്ചന്റെ ഉൽകൃഷ്ടമായ വ്യക്തിത്വം നാം മനസ്സിലാക്കി എന്നു പറയാനാവില്ല. ആദ്യന്തം അദ്ദേഹം ദൈവത്തിന്റെ മനുഷ്യനായിരുന്നു. ദൈവത്തെ സഹജർക്കു പ്രദാനം ചെയ്ത പുണ്യപുരുഷനായിരുന്നു. വിരിഞ്ഞു വികസിച്ച അദ്ദേഹത്തിന്റെ ദൈവികമയമായ വ്യക്തിത്വം എല്ലാവരുടേയും ശ്രദ്ധയും ബഹുമാനവും പിടിച്ചുപറ്റി.

ജീവിതവും പ്രവർത്തനങ്ങളും വഴി വിലപ്പെട്ട സേവനങ്ങൾ കേരളത്തിനും കേരളീയർക്കും നല്കിയ ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സമ്പൂർണ്ണ കൃതികൾ സി.എം.ഐ. സഭയുടെ 150–ാം വർഷ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ പ്രകാശനം ചെയ്യാനിടയായത് സമസ്തകേരളീയരുടെയും ഭാഗ്യമായിക്കരുതാം.

മൂന്നു ഭാഗങ്ങളായാണ് സമ്പൂർണ്ണ കൃതികൾ സമാഹരിക്കപ്പെട്ടിട്ടുള്ളത്. സി.എം.ഐ. സഭാസ്ഥാപനം, പ്രാരംഭപ്രവർത്തനങ്ങൾ, കേരളസഭാ സേവനത്തിലെ പല സുപ്രധാന സംഭവങ്ങൾ തുടങ്ങിയവയുടെ ഈടുറ്റ രേഖകളായ നാളാഗമങ്ങളും ചാവറയച്ചന്റെ കത്തുകളും ഒന്നും രണ്ടും ഭാഗങ്ങളായും ദൈവദാസന്റെ മുദ്രിത കൃതികൾ മൂന്നാം ഭാഗമായും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അനുവാചകരുടെ ശ്രദ്ധയിൽ ഇതുവരെ പെടാതിരുന്ന ആദ്യത്തെ രണ്ടു ഭാഗങ്ങൾ ഇപ്പോൾ പ്രസിദ്ധം ചെയ്യുന്നതു മൂലം അപൂർവ്വവും അനിതരസാധാരണവുമായ പല വസ്തുതകളും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. മൂന്നാം ഭാഗമായ മുദ്രിതകൃതികൾ തന്നെ പാഠഭേദങ്ങളും അച്ചടിപ്പിശകും മൂലം

സാധാരണ വായനക്കാർക്ക് ക്ലേശഭൂയിഷ്ഠമായിരുന്നു. മുദ്രിത കൃതികളും നിരവധി പതിപ്പുകളും കഴിയുന്നിടത്തോളം മൂലകൃതികളും പരിശോധിച്ചുകൊണ്ടുള്ള മൂന്നാം ഭാഗത്തിന്റെ പുതിയ പ്രസാധനവും സമീചീനമായിരിക്കുന്നു.

ചരിത്രാന്വേഷികളെ സംബന്ധിച്ചിടത്തോളം നാളാഗമങ്ങൾ ദീർഘകാലമായി മറഞ്ഞിരുന്ന ഒരു നിധിയാണ്. ദീപ്തിയും കാന്തിയും നിറഞ്ഞ ആ വലിയ നിക്ഷേപത്തിന്റെ ഭണ്ഡാരം ഇന്ന് ഏവർക്കുമായി തുറന്നിരിക്കുകയാണ്. കാലഘട്ടത്തെ തേജോമയമാക്കിയ ഗ്രന്ഥകർത്താവിന്റെ അനർഘ വ്യക്തിത്വം ഈ കൃതിയിൽ നിഴലിച്ചുനിൽക്കുന്നുണ്ട്. കേരളസഭാ സ്നേഹികൾക്കും സത്യാന്വേഷികൾക്കും ഇതൊരസാധാരണ ദാനംതന്നെയാണ്. ദൈവാനുഭൂതിയാൽ നിറഞ്ഞ് കേരളസഭയ്ക്കും സി.എം.ഐ. സഭയ്ക്കുംവേണ്ടി അനുദിനം സ്വയം ഇല്ലാതായി ജീവിത സാഫല്യം കണ്ടെത്തിയ ഒരുത്തമ ദൈവിക മനുഷ്യന്റെ സുന്ദരമായ ജീവിതസ്പന്ദനങ്ങളാണ് ഈ നാളാഗമത്തിലെ ഓരോ ഖണ്ഡികയും. ഇത് പ്രസാധനം ചെയ്യുവാൻ ബുദ്ധിമുട്ടിയ എല്ലാവർക്കും എന്റെ ആത്മാർത്ഥമായ അനുമോദനങ്ങൾ. ഈ നാളാഗമങ്ങൾ അനന്യമായ ഒരു ആദ്ധ്യാത്മിക ശക്തിസ്രോതസ്സായിത്തീരട്ടെയെന്ന പ്രാർത്ഥനയോടെ അനുവാചക സമക്ഷം ഞാൻ ഈ ഗ്രന്ഥം അവതരിപ്പിച്ചുകൊള്ളട്ടെ.

**ഫാ. തോമസ് അനിസീറ്റസ് ഐക്കര സി.എം.ഐ.**
പ്രിയോർ ജനറാൾ

പ്രിയോർ ജനറാൾ ഭവനം,
എറണാകുളം,
3-1-1981.

# ആമുഖം

## ചാവറയച്ചന്റെ കൃതികൾ

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ചെറുതും വലുതുമായി പല ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. അവയിൽ അഞ്ചെണ്ണം മാത്രമെ ഇതുവരെ അച്ചടിക്കപ്പെട്ടിട്ടുള്ളു. അവയ്ക്കെല്ലാം മൂന്നും അതിലധികവും പതിപ്പുകൾ ഇതിനകം ഉണ്ടായിട്ടുണ്ട്. 'നല്ല അപ്പന്റെ ചാവരുൾ' എന്ന അദ്ദേഹത്തിന്റെ ലഘുകൃതിയുടെ മുപ്പതിലധികം പതിപ്പുകളിലായി ലക്ഷക്കണക്കിന് പ്രതികൾ കേരളത്തിൽ പ്രചരിച്ചിട്ടുണ്ട്. ചാവറയച്ചന്റെ സുപ്രധാനങ്ങളായ പല കൃതികളും ഇനിയും വെളിച്ചം കണ്ടിട്ടില്ല. അവയിൽ പ്രധാനമാണ് നാളാഗമങ്ങൾ എന്ന പേരിലറിയപ്പെടുന്ന അഞ്ചു ചരിത്രകൃതികൾ.

## നാളാഗമങ്ങൾ ഏതെല്ലാം

നാളാഗമങ്ങൾ എന്നറിയപ്പെടുന്ന ഈ ചരിത്രഗ്രന്ഥങ്ങളിൽ ആദ്യത്തെ രണ്ടിൽ മാന്നാനം ആശ്രമത്തിന്റെ സ്ഥാപന ചരിത്രവും മൂന്നാമത്തേതിൽ റോക്കോസ് കലാപചരിത്രവും നാലാമത്തേതിൽ അമ്പഴക്കാട്ടു കൊവേന്തയുടേയും അഞ്ചാമത്തേതിൽ കൂനമ്മാവു കർമ്മലീത്താ മഠത്തിന്റെയും സ്ഥാപന ചരിത്രവും വിവരിക്കുന്നു. തുടർന്ന് ഈ മൂന്നു സ്ഥാപനങ്ങളിലും നടന്ന സംഭവങ്ങൾ തീയതിവച്ചു ദിനവൃത്താന്തങ്ങളായി കൊടുത്തിരിക്കുന്നു. എന്നാൽ ഇവയിലെല്ലാം ഉപരിയായി ഈ അഞ്ചു പുസ്തകങ്ങളും അക്കാലഘട്ടത്തിലെ കേരളസഭാചരിത്രവും കൂടിയാണ്. ഇനിയും വെളിച്ചം കാണാത്ത വളരെ അധികം ചരിത്രവസ്തുതകൾ അവ ഉൾക്കൊള്ളുന്നുണ്ട്. തന്നിമിത്തം ഞങ്ങൾ അവ അച്ചടിച്ചു പ്രസിദ്ധീകരിക്കുകയാണ്.

ഈ ചരിത്രകൃതികൾക്കും പുറമെ ചാവറയച്ചൻ എഴുതിയിട്ടുള്ള ചില കത്തുകളും സർക്കുലറുകളും അദ്ദേഹത്തിനു സിദ്ധിച്ചിട്ടുള്ളതോ

അദ്ദേഹത്തെ പരാമർശിക്കുന്നതോ ആയ ചില കത്തുകളുമുണ്ട്. ഇവയും വിലപിടിച്ച ചരിത്രരേഖകൾതന്നെ. അവ നാലാം വാല്യമായി പ്രസിദ്ധീകരിക്കാൻ ഞങ്ങളുദ്ദേശിക്കുന്നു. പാറപ്പുറം ഡയറി, കണിയാന്തറ ഡയറി ഇവയും അമൂല്യമായ ചരിത്രരേഖകളാണ്. അവയും ഞങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. മറ്റു ചില ഡയറികൾ തല്ക്കാലം പ്രസിദ്ധീകരിക്കുന്നില്ല.

മാന്നാനത്തെ നാളാഗമങ്ങൾ രണ്ടു വാല്യവും റോക്കോസ് കലാപചരിത്രവും കുര്യാക്കോസച്ചന്റെ കൈപ്പടയിലും അദ്ദേഹംതന്നെ അതിന്റെ കർത്താവ് എന്ന നിലയിലുമാണ് എഴുതിയിരിക്കുന്നത്. ബാക്കി രണ്ടിന്റെയും ആദ്യത്തെ ഏതാനും പേജുകൾ മാത്രമാണ് ചാവറയച്ചന്റെ കൈപ്പടയിൽ. അതും ആ സ്ഥാപനങ്ങളിലെ ഒരംഗം അതെഴുതുന്നതായിട്ടുമാണ്.

## മാന്നാനം നാളാഗമങ്ങളുടെ ഇന്നത്തെ രൂപം

മാന്നാനം നാളാഗമങ്ങളും റോക്കോസ് കലാപചരിത്രവും ഇന്നു കാണുന്ന രൂപത്തിൽ ബൈന്റു ചെയ്തത് 1905-ലാണ്. 1902 മുതൽ 1917 വരെ മാന്നാനത്തെ ഗ്രന്ഥാലയത്തിന്റെ മേൽനോട്ടക്കാരനായിരുന്നത് ഫാ. ജെറോം ഓഫ് സെന്റ് മേരിയാണ്. ഇദ്ദേഹം 1920 ജൂലൈ 31-നു നിര്യാതനായി. ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണു കൈപ്പടയിലുള്ള ഈ ഗ്രന്ഥങ്ങളും മാന്നാനം ഗ്രന്ഥാലയത്തിലുണ്ടായിരുന്ന മറ്റു കൈപ്പടഗ്രന്ഥങ്ങളും ബൈന്റു ചെയ്തത്. അതോടുകൂടി അവ ഓരോന്നിന്റെയും രചയിതാവ് ആരാണെന്നും അദ്ദേഹം എഴുതിച്ചേർത്തു. ചാവറയച്ചൻ മരിക്കുമ്പോൾ ഫാ. ജെറോമിനു 19 വയസ്സുണ്ടായിരുന്നു. ചാവറയച്ചനുമായി നേരിട്ട് പരിചയപ്പെടാനും ഇടയായിട്ടുണ്ട്. ചാവറയച്ചൻ മരിക്കുമ്പോൾ ഇദ്ദേഹം കൂനമ്മാവിലുണ്ടായിരുന്നു.

ബൈന്റിങ്ങിനു മുമ്പ് ഈ നാളാഗമങ്ങൾ ചെറുതും വലുതുമായ പല നോട്ടുബുക്കുകളായിരുന്നു. ഇവയ്ക്കുപയോഗിച്ച കടലാസ്, അവയുടെ വലിപ്പം, ഘനം, ഉപയോഗിച്ച മഷി, എഴുതുവാനുപയോഗിച്ച പേന ഇവയെല്ലാം പല തരത്തിലുള്ളതായിരുന്നു.

## വിദഗ്ദ്ധന്മാരുമായി നടത്തിയ പഠനം

1960-ൽ തിരുവനന്തപുരം കൈയെഴുത്തു ഗ്രന്ഥശാല (Mss ലൈബ്രറി)യുടെ അധിപനായിരുന്ന ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ സഹായത്തോടെ അവിടത്തെ വിദഗ്ദ്ധന്മാരുടേയും അന്ന് ആഭ്യന്തര

മന്ത്രിയായിരുന്ന ശ്രീ. പി.ടി. ചാക്കോയുടെയും സഹായത്താൽ പൊലീസ് ക്രൈം ഡിപ്പാർട്ടുമെന്റിലെ ചില വിദഗ്ദ്ധന്മാരുടേയും സഹകരണത്തോടെ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേയും അദ്ദേഹത്തിന്റെ സമകാലീനന്മാരുടേയും കൈപ്പടയിലുള്ള കൃതികളിൽ ഉപയോഗിച്ചിട്ടുള്ള കടലാസ്, മഷി, പേന, ഇവയിൽക്കാണുന്ന കൈപ്പട, ഒപ്പ് മുതലായവ സംബന്ധിച്ചു ചാവറയച്ചന്റെ നാമകരണ നടപടിയെ ഉദ്ദേശിച്ചു ഫാ. ആൻസലം പെരുമാലിൽ സി.എം.ഐ. സൂക്ഷ്മപഠനം നടത്തുകയുണ്ടായി. അങ്ങനെ അവയെപ്പറ്റി ശാസ്ത്രീയവും വസ്തുനിഷ്ഠവുമായി മൂല്യനിർണ്ണയം ചെയ്യുന്നതിന് അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്.

## കൈപ്പട എങ്ങനെ നിർണ്ണയം ചെയ്തു

1905-ൽ ഈ കൈപ്പട പുസ്തകങ്ങൾ ബൈന്റു ചെയ്തു എന്നു ഫാ. ജെറോംതന്നെ എഴുതി ഒപ്പിട്ടിട്ടുണ്ട്. ഒറ്റ നോട്ടത്തിൽ ഒരാളിന്റേത് എന്ന് അദ്ദേഹത്തിനു തോന്നിയവയെല്ലാം അദ്ദേഹം ഒരു പുസ്തകമായി ബൈന്റു ചെയ്തു. എന്നാൽ മുകളിൽ പ്രസ്താവിക്കപ്പെട്ട വിദഗ്ദ്ധന്മാരുടെ സഹായത്തോടെ അവരും ഫാ. ആൻസലവും നടത്തിയ പഠനത്തിന്റെ ഫലമായി ഒരു പുസ്തകമായി ബൈന്റു ചെയ്തിട്ടുള്ള ബുക്കുകളെല്ലാം ഒരേ ഗ്രന്ഥകർത്താവിന്റേതല്ലെന്നു കൈപ്പടയിലുള്ള വ്യത്യാസം, ഉപയോഗിച്ച കടലാസ്സിലുള്ള വാട്ടർമാർക്ക്, അതിന്റെ ഉള്ളിൽ അതിന്റെ നിർമ്മാണ കാലമായി കൊടുത്തിട്ടുള്ള കൊല്ലം, കൈപ്പടയിൽ അക്ഷരങ്ങളുടെ വടിവും ചായ്‌വും, ആ ചായ്‌വിൽ ചിലേടത്തു കാണുന്ന മഷിയുടെ കൂടുതലും കുറവും, ഇങ്ങനെ കാണുന്നതിലുള്ള ഐകരൂപ്യം മുതലായവവഴി അവർക്കു ബോധ്യമായി. ഇങ്ങനെ പരിശോധിച്ചതിൽ കുര്യാക്കോസച്ചന്റേത് എന്ന് അസന്നിഗ്ധമായി ബോധ്യപ്പെട്ടിട്ടുള്ള പുസ്തകങ്ങളാണ് ഞങ്ങൾ ഇപ്പോൾ മുദ്രണം ചെയ്തു പ്രകാശിപ്പിക്കുന്നത്.

## ഇതിന്റെ അച്ചടിയിലെ പ്രത്യേകതകൾ

മൂലകൃതി പദാനുപദംതന്നെ ഞങ്ങൾ അച്ചടിക്കുകയാണ്. അന്നത്തെ മലയാളഭാഷാഗദ്യശൈലി നമുക്കവിടെക്കാണാൻ സാധിക്കും. എന്നാൽ അന്നത്തെ ചില ലിപികൾ ഇന്നു കിട്ടുക പ്രയാസമാകയാൽ ഇന്നത്തെ ലിപികളാണുപയോഗിച്ചിരിക്കുന്നത്. പറ, ഇടങ്ങഴി തുടങ്ങിയ അളവുകൾ, തൂക്കങ്ങൾ ആദിയായവ എഴുതുന്നതിനു പണ്ടു

ചില പ്രത്യേക രീതികളുണ്ടായിരുന്നു. ഇന്ന് അങ്ങനെ എഴുതുന്നവർ വളരെചുരുക്കം. എന്നാൽ ഈ രീതിയാണു നാളാഗമങ്ങൾ എഴുതുന്ന തിനു കുര്യാക്കോസച്ചൻ സ്വീകരിച്ചിട്ടുള്ളത്. അങ്ങനെ അച്ചടിക്കുക ഇന്നു ശ്രമകരമായതിനാൽ പറ, ഇടങ്ങഴി എന്നൊക്കെയാണ് ഞങ്ങൾ അച്ചടിച്ചിട്ടുള്ളത്. അതുപോലെ ഒന്നുമുതലുള്ള അക്കങ്ങളും അവയ്ക്ക് കീഴ്പോട്ടുള്ള അംശങ്ങളും എഴുതുന്നതിനു മുമ്പ് ചില പ്രത്യേക രീതികളുണ്ടായിരുന്നു. ആണ്ടു മാസം തീയതി എഴുതുന്നതിനും ചില അളവുകളും മറ്റും കാണിക്കുന്നതിനും ചാവറയച്ചൻ ഈ രീതിയാണ് അവലംബിച്ചിരുന്നത്. എന്നാൽ ഇന്ന് അങ്ങനെ അച്ചടിക്കുക ദുഷ്കരമാകയാൽ ഇന്നത്തെ രീതിയിലാണു അച്ചടിച്ചിട്ടുള്ളത്.

ഇനിയും കൊംഗ്രഹീസ്യാ, കൊംപെസ്സോർ, ഏശ്ശമനിദോർ തുടങ്ങിയ ചില പാശ്ചാത്യഭാഷാപദങ്ങളും ആഹൈഹ്ബിവെ, തർനാഗുല തുടങ്ങിയ ചില പൗരസ്ത്യ സുറിയാനി ഭാഷാപദങ്ങളും ചാവറയച്ചൻ മലയാളീകരിച്ചുപയോഗിക്കുന്നുണ്ട്. ഇവയുടെ മലയാള അർത്ഥം ഞങ്ങൾ അടിക്കുറിപ്പായി ഓരോ പേജിന്റേയും അവസാനം ചേർക്കുന്നുണ്ട്. ഇതുപോലെ വാശ്ശ യോക്യം തുടങ്ങി ഇന്നു പ്രചാരത്തിലില്ലാത്ത ചില പ്രാചീന മലയാള പദങ്ങളും ചാവറയച്ചൻ ഉപയോഗിക്കുന്നുണ്ട്. അവയുടെ അർത്ഥവും പ്രത്യേകം നൽകിയിട്ടുണ്ട്. ഇവയെല്ലാം അന്നത്തെ മലയാളഗദ്യശൈലിയുടെ യഥാർത്ഥരൂപം മനസ്സിലാക്കാൻ സഹായിക്കുന്നതാണ്.

മൂലത്തിലെ പേജുനമ്പരും വിട്ടുകളഞ്ഞിട്ടില്ല. ചിലേടത്ത് അധ്യായങ്ങളായി തിരിച്ചിരിക്കുന്നതും അവയ്ക്കു കൊടുത്തിട്ടുള്ള ശീർഷകങ്ങളും മൂലത്തിന്റേതുതന്നെ. എന്നാൽ ഉപശീർഷകങ്ങളും ചില പേജുകളുടെ അടിയിൽ കൊടുത്തിരിക്കുന്ന നോട്ടുകളും ഞങ്ങളുടേതാണ്. മൂലത്തിൽ ഒന്നും എഴുതാതെ ഇട്ടിരിക്കുന്ന സ്ഥലവും പേജുകളും അതതു സ്ഥലത്ത് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.

## മാന്നാനം കൊവേന്ത നാളാഗമം ഒന്നാം വാല്യം

തികച്ചും വ്യത്യസ്ഥങ്ങളായ ആറു ബുക്കുകൾ കൂട്ടിക്കുത്തിയതാണ് ഈ വാല്യം. ഈ ആറു ബുക്കുകളിൽ അഞ്ചിന്റെയും അവസാനത്തിൽ ഏതാനും പേജുകൾ ഒന്നും എഴുതാതെ ഇട്ടിരിക്കുന്നു. അവ I. 12-14; III. 86-88; IV. 90-94; V. 117-126; VI. 162-167. ഈ പേജുകളിലെ ലിഖിതങ്ങൾ അവസാനിക്കുന്നത് ഒടുവിലത്തെ വാചകംപോലും

പൂർത്തിയാക്കാതെയാണ്. അതു പിന്നീട് തുടരാൻ ഉദ്ദേശിച്ചിരുന്നിരിക്കാം. ഓരോ ഭാഗത്തിന്റെയും ഉള്ളടക്കം താഴെ ചേർക്കുന്നു.

I. 1-14 പേജുകൾ. മാന്നാനം ആശ്രമത്തിന്റെ സ്ഥാപനചരിത്രം ചുരുക്കമായിട്ട്.

II. 15-60 }
III. 61-78 } മാന്നാനം ആശ്രമത്തിന്റെ സ്ഥാപന ചരിത്രം വിശദമായിട്ട്.

IV. 89-124 പാലക്കലച്ചന്റെ ജീവചരിത്രം.

V. 125-166 { 1841 മുതൽ 1864 വരെ മാന്നാനം ആശ്രമത്തിലും തുടർന്ന് 1865 ഫെബ്രുവരിവരെ കൂനമ്മാവിലും നടന്ന പ്രധാന സംഭവങ്ങൾ തീയതിവച്ച് എഴുതിയിരിക്കുന്നു.

VI. 170-240 { എളിമയെപ്പറ്റി ഒരു പ്രബന്ധം. ഇതു ഫെബ്രുവരി മാസത്തിലെ ഓരോ ദിവസവും ഓരോ ഭാഗം വീതം വായിക്കത്തക്ക വിധം ക്രമപ്പെടുത്തിയിരിക്കുന്നു.

## I, VI ബുക്കുകൾ ചാവറയച്ചന്റേതല്ല

ഇതിൽ I, VI എന്നീ ബുക്കുകൾ ചാവറയച്ചന്റേതല്ല എന്നത് ഇതിൽക്കാണുന്ന അക്ഷരവടിവിൽനിന്നു വ്യക്തമാണ്. ചില അക്ഷരങ്ങൾ എഴുതുന്നതിനു (ഉദ: ആ ഉ പ്ര തുടങ്ങിയവ) ചാവറയച്ചനു മറ്റാരിലും കാണപ്പെടാത്ത ചില പ്രത്യേകതകളുണ്ട്. ഇതിനുംപുറമെ അക്ഷരങ്ങളുടെ വടിവ്, ചായ്‌വ്, അക്ഷരങ്ങളുടെ ചില വളവുകളിലും മറ്റും കാണപ്പെടുന്ന മഷിയുടെ കൂടുതലും കുറവും, വാചകഘടന, ആശയങ്ങളാവിഷ്ക്കരിക്കുന്നതിലുള്ള പ്രത്യേകത എന്നിവയിലും ചാവറയച്ചനു ചില സവിശേഷതകളുണ്ട്. കൂടാതെ ആദ്യഭാഗത്ത് ഉത്തമ പുരുഷന്റെ ഉപയോഗവുമുണ്ട്. ഇതു ചാവറയച്ചനെയല്ല കാണിക്കുന്നത് എന്നതു വളരെ വ്യക്തവുമാണ്. ഇതിന്റെ കർത്താവു കണിയാന്തറ യാക്കോബാണെന്നു വിശ്വസിക്കപ്പെടുന്നു. ഇതിനെപ്പറ്റി കൂടുതൽ വിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.

ഇതിനും പുറമെ ഈ വാല്യത്തിന്റെ രണ്ടു പകർപ്പുകൾ I B, I C എന്ന നമ്പരുകളിൽ മാന്നാനം ഗ്രന്ഥാലയത്തിലുണ്ട്. ഇതിൽ I B ക്കുപയോഗിച്ചിട്ടുള്ള കടലാസിന്റെ നിർമ്മാണ കാലം വാട്ടർമാർക്കിൽ കൊടുത്തിരിക്കുന്നത് 1871 എന്നാണ്. മാത്രമല്ല ആദ്യം മാന്നാനം ആശ്രമവാസിയായിരിക്കയും പിന്നീട് മഞ്ഞുമ്മൽ ആശ്രമത്തിൽവച്ചു

1929-ൽ മരിക്കയും ചെയ്ത ബ്ര. റൊക്കി റ്റി.ഒ.സി.ഡി. 1885-ൽ ഇതു പകർത്തി എഴുതി എന്നും ഇതിൽത്തന്നെ പ്രസ്താവിക്കുന്നുമുണ്ട്. ഇതിൽ ഇന്ന് ഒന്നാം വാല്യത്തിൽ കാണുന്ന 1-14; 170-242 എന്നീ പേജുകളില്ല. I C-യിൽ ഉപയോഗിച്ചിട്ടുള്ള കടലാസ്സിന്റെ നിർമ്മാണകാലം വാട്ടർമാർക്കിൽ കൊടുത്തിരിക്കുന്നത് 1892 എന്നാണ്. ഫാ. ജെറോം ഓഫ് സെന്റ് മേരി 1896-ൽ ഇതു പകർത്തി എഴുതി എന്നും ഇതിൽ കാണുന്നു. ഇതിലും ഒന്നാം വാല്യത്തിലെ 1-14; 170-240 എന്നീ പേജുകളിലെ ഭാഗങ്ങൾ കാണുന്നില്ല. വാല്യം I-ലെ 1-14 വരെയുള്ള പേജുകൾ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേത് എന്നു ക. നി. മൂ. സ. മാണിക്കത്തനാർ 1920-ൽ ഇതിൽ ഒരു നോട്ടെഴുതിയിട്ടുണ്ട്. എങ്കിലും ഇതിന്റെ യഥാർത്ഥ കർത്താവ് കണിയാന്തറ യാക്കോബുതന്നെ. ഇതിനുള്ള തെളിവുകൾ പിന്നാലെ കൊടുക്കുന്നതാണ്.

170-240 പേജുകളിൽ (ബുക്ക് VI) എളിമയെപ്പറ്റിയുള്ള ഒരു പ്രബന്ധം ആണ്. ഇതുപോലെ മറ്റു സുകൃതങ്ങളെപ്പറ്റിയുള്ളവ കൂനമ്മാവു കർമ്മലീത്താമഠത്തിലും അമ്പഴക്കാട്ട് നൊവിഷ്യേറ്റിലും ഉണ്ട്. ഇവയുടെയെല്ലാം പ്രധാന കർത്താവ് ലിയോപ്പോൾദ് മിഷനറിയാണെന്നു കരുതുന്നു. ചാവറയച്ചനും വല്ല പങ്കും ഉണ്ടായിരിക്കാം. അതിനു വ്യക്തമായ തെളിവുകളില്ല.

## ശേഷിച്ച ഭാഗം കുര്യാക്കോസച്ചന്റേത് എന്നതിനു തെളിവുകൾ

ആകയാൽ ഒന്നാം വാല്യത്തിൽ 15-169 പേജുകൾ മാത്രമാണ് ചാവറയച്ചന്റേത് എന്നു കരുതുന്നതിൽ തെറ്റില്ല. 21.5 cm x 16 cm വലിപ്പമുള്ള രണ്ടാം ബുക്ക് 15-62 പേജുകളുടെ കർത്താവു ആരാണെന്ന് ഇതിന്റെ ആരംഭത്തിൽ വളരെ വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. കൈയെഴുത്തിന്റെ 15-ാം പേജിന്റെ ആരംഭത്തിൽ ഇങ്ങനെ കാണുന്നു: "ബെഹുമാനപ്പെട്ട ഞങ്ങളുടെ പള്ളിപ്പുറത്ത പാലയ്ക്കൽ തൊമ്മായെന്ന പേരു വിളിക്കപ്പെട്ട മല്പാനച്ചനോടു പടിച്ചതിൽ ഒരുത്തൻ കുറയപ്പെട്ടവൻ ചാവറ കുറിയാക്കോസ കത്തനാര എഴുതിയത്." 'ഞാൻ' എന്ന ഏകവചനം ഉത്തമ പുരുഷന്റെ ഉപയോഗം ഇതിൽ ഉടനീളം കാണുന്നു. ഉദാ: ഞാൻ പട്ടമേറ്റു, ഞാൻ കുർബാന ചൊല്ലി. എന്റെ ഇടവകയാകുന്ന ചേന്നൻകരി പള്ളിയിൽ പാർത്തിരുന്നു. (പേജ് 34) ഇതുപോലെ ഉത്തമ പുരുഷന്റെ ഉപയോഗം 36, 50, 51, 55, 57, 58, 59, 65, 80, 106, 114, 137, 152, 156, 158, 159, 161 എന്നീ പേജുകളിലും കാണാവുന്നതാണ്.

II-V വരെ ബുക്കുകളിൽ കൈപ്പട ഒരേ വിധത്തിലാണ്, മഷി വ്യത്യാസമുണ്ട്. മൂന്നു നിറത്തിലുള്ള മഷി ഉപയോഗിച്ചിരിക്കുന്നു. രണ്ടാം ബുക്കിൽ ചുരുക്കം ചില അക്ഷരങ്ങൾക്കു കൈപ്പട അല്പം വ്യത്യാസമുണ്ട്. തന്നിമിത്തം ഇത് ഒരു പകർപ്പല്ലെ എന്ന് ഒരുപക്ഷെ തോന്നിയേക്കാം. എന്നാൽ നിഷ്കൃഷ്ടമായ പരിശോധനയിൽ, പ്രത്യേകിച്ചു ചില അക്ഷരങ്ങളുടെ ചായ്‌വും വടിവും മറ്റും പരിശോധിക്കുമ്പോൾ ഇതു ചാവറയച്ചന്റേതുതന്നെ എന്നു തെളിയുന്നു. എന്നാൽ മൂന്നുമുതൽ ആറുൾപ്പടെയുള്ള ബുക്കുകൾ ഒരേ കൈപ്പട, ഒരേതരം കടലാസ്, 62–115 വരെ നീലമഷിയും, 127–170 വരെ കറുത്ത മഷിയും ഉപയോഗിച്ചിരിക്കുന്നു. കടലാസ് വിദേശനിർമ്മിതമാണ്. നിർമ്മാണകാലം വാട്ടർമാർക്കിലില്ല.

15–62 പേജുകളിൽ ഉപയോഗിച്ചിട്ടുള്ള കടലാസ് വിദേശ നിർമ്മിതമാണ്. ഇതിലെ വാട്ടർമാർക്ക് ഇതു തെളിയിക്കുന്നു. എന്നാൽ ഇതേതരത്തിൽത്തന്നെ നാട്ടിൽ കൈകൊണ്ടു നിർമ്മിതമായ കടലാസ് തിരുവനന്തപുരം കൈയെഴുത്ത് ഗ്രന്ഥശാലയിൽ കാണുകയുണ്ടായി.

## ഇവ എഴുതപ്പെട്ട സ്ഥലവും സമയവും

15 മുതൽ 80 വരെ പേജുകൾ മാന്നാനത്തുവെച്ച് 1855–നു മുമ്പു എഴുതപ്പെട്ടു എന്ന് ഇതിന്റെ ഉള്ളടക്കത്തിൽ നിന്നു മനസ്സിലാക്കാം. ഈ ഭാഗത്തു പ്രതിപാദിക്കപ്പെടുന്നത് 1829 മുതൽ 1855 വരെ മാന്നാനത്തു നടന്ന സംഭവങ്ങളാണ്. 1830 മുതൽ 1864 വരെ ചാവറയച്ചൻ മാന്നാനത്തുതന്നെയാണ് താമസിച്ചിരുന്നത്. തന്നിമിത്തം മാന്നാനത്തുവെച്ചു ഈ ഭാഗം എഴുതി. 1855 ഡിസംബർ 8–ാംനു ആണല്ലോ അദ്ദേഹം സന്യാസവ്രതാനുഷ്ഠാനം നടത്തുന്നത്. അതിനുശേഷം അദ്ദേഹം ഒരിക്കലും തന്റെ വീട്ടുപേരോ, മല്പാൻ എന്ന സ്ഥാനപ്പേരോ കത്തനാർ എന്ന പദമോ തന്റെ പേരിനോടു ചേർത്ത് എഴുതിയിട്ടില്ല. ഇവിടെ 15–ാം പേജിൽ ആദ്യം കാണുന്നത് ചാവറ കുറിയാക്കോസ് കത്തനാർ എന്നാണ്. തന്നിമിത്തം 1855–നു മുമ്പ്, മിക്കവാറും 1840 നോടടുത്ത് ഇതെഴുതി എന്നനുമാനിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ 127 പേജ് മുതൽ അദ്ദേഹം എഴുതുന്നത് 1841 ജനുവരി മുതലുള്ള അനുദിനക്കുറിപ്പുകളാണ്. ഇതിനുപയോഗിച്ചിട്ടുള്ള മഷിയും പേനയും വ്യത്യസ്തമാണ്. കുറച്ചുകൂടി കറുത്തതാണു മഷി, കടലാസ്സ് അല്പംകൂടി ഘനക്കുറവുള്ളതും.

## പാലയ്ക്കൽ മല്പാനച്ചന്റെ ജീവചരിത്രം

21 cm x 17.5 cm വലിപ്പമുള്ള 81 മുതൽ 126 വരെയുള്ള പേജുകൾ പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ ജീവചരിത്രമാണ്. ഇതെഴുതിയ സ്ഥലം, കാലം എന്നതിനെപ്പറ്റി ഇതിൽ 81-ാം പേജിൽ വ്യക്തമായി പറയുന്നുണ്ട്. "1864 ജനുവരി ആദ്യമാണ് കുറിയാക്കോസച്ചൻ കൂനമ്മാവിൽ താമസമാക്കിയത്. 81-ാം പക്ഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു: 1864 മകരം 12-ാം നു ഞാനും ഈ കൂനമ്മാവു കൊവേന്തയിൽ വന്നു പാർത്തിരിക്കുമ്പോൾ ടി 12-ാംനു കാലത്ത് 8 മണിക്കു കൊവേന്തയിൽ കൂടിയിരിക്കുന്നവരുടേയും മരിച്ചവരുടേയും പേരും നാടും എടവക മുതലായ വിവരങ്ങൾ ചോദിപ്പാനായിട്ട് എന്നെ അദ്ദേഹത്തിന്റെ മുറിയിൽ വിളിച്ചു നമ്മുടെ കൊവേന്തയ്ക്കു അടിസ്ഥാനക്കാരനായ പെ. ബ. പള്ളിപ്പുറത്ത് മല്പാനച്ചന്റെ പേരും വിവരവും ചോദിച്ചപ്പോൾ ഞാൻ അറിഞ്ഞിരിക്കുന്ന ചില വർത്തമാനങ്ങൾ പറഞ്ഞപ്പോൾ നമ്മുടെ കാരണവൻ ആയിരിക്കയാലും അദ്ദേഹം ഏറിയ വേലകൾ ഒക്കെയും ചെയ്തിരിക്കകൊണ്ടും പിൻവരുന്നവർക്കു ഒരോർമ്മയുണ്ടാകുവാനായിട്ടു ഈ ആളിന്റെ വർത്തമാനങ്ങൾ അറിയുന്നതൊക്കെയും ഒന്നു എഴുതിക്കണമെന്നും ആയ്തിന്നു വേണ്ടിയ ഒത്താശകൾ ഒക്കയും ഞാൻ ചെയ്യാമെന്നും ബ. മൂപ്പച്ചൻ കല്പിച്ചു. അപ്പോൾതന്നെ കടലാസ് എടുത്ത നമ്മുടെ പൈതങ്ങളിൽ ആനക്കല്ലുംകൽ മീനാട്ടൂർ മണുവേൽ എന്ന കൊച്ചുശെമ്മാശനെക്കൊണ്ട വരപ്പിച്ച ഒരെഴുത്തുകാരനേയും തന്നുകൊള്ളാമെന്നു കല്പിച്ചതിനാൽ ഇക്കാര്യം നിറവേറ്റുവാൻ എനിക്കു എത്രയോ കടമായിരിക്കുന്നു." 1869 ആയപ്പോഴെയ്ക്കും ചാവറയച്ചൻ രോഗിയും അവശനുമായി. തന്നിമിത്തം 1864 ജനുവരി 12-നു ശേഷം 1869-നു മുമ്പു കൂനമ്മാവിൽവെച്ച് ഇതെഴുതി എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

## 1841 മുതൽക്കുള്ള അനുദിനക്കുറിപ്പുകൾ

20.5 cm x 17 cm വലിപ്പമുള്ള 127 മുതൽ 170 വരെ പേജുകൾ 1841 മുതൽ 1864 വരെ മാന്നാനത്തു നടന്നിട്ടുള്ള ചില പ്രധാന സംഭവങ്ങളുടെ തീയതിവെച്ചുള്ള വിവരണമാണ്. തുടർന്ന് 1865 ആദ്യം കൂനമ്മാവിൽ നടന്ന രണ്ടു സംഭവങ്ങളും എഴുതുന്നുണ്ട്. ഇവയെല്ലാം തീയതി കൃത്യം കൊടുത്തുകൊണ്ടാണ് എഴുതുന്നത്. 1864 വരെയുള്ള ഭാഗം മാന്നാനത്തുവെച്ചും തുടർന്നുള്ളതു കൂനമ്മാവിൽവെച്ചും എഴുതി എന്ന് ഊഹിക്കാം.

## ചരിത്രപരമായ വിശ്വസനീയത

15 മുതൽ 170 വരെ പേജുകൾ കുര്യാക്കോസച്ചന്റെ സ്വന്തം കൈപ്പടയിലുള്ള മൂലകൃതിതന്നെയാണ്. ഇതിൽ അന്യ കൈപ്പടയിൽ വെട്ടോ തിരുത്തോ ഒന്നുംതന്നെ കാണുന്നില്ല. 41-ാം പേജിൽ 'സ്ത' എന്ന ഒരക്ഷരംമാത്രം വെട്ടി 'ത്ത' എന്നാക്കിയിട്ടുണ്ട്. അതും ഒരേ മഷിയിലും കൈപ്പടയിലും. അങ്ങനെ 'വിസ്തീസം' എന്ന വാക്കു 'വിത്തീസം' എന്നാക്കിയിട്ടുണ്ട്. ഇതു ഗ്രന്ഥകർത്താവുതന്നെ ചെയ്ത ഒരു തെറ്റുതിരുത്തലാണ്. 25, 37, 38, 61 എന്നു തുടങ്ങിയ ചില പേജുകളിൽ വിട്ടുപോയ ഒന്നുരണ്ടു വാക്കുകൾ ലൈനിന്റെ ഇടയ്ക്കു ഗ്രന്ഥകർത്താവുതന്നെ അതെ മഷിയിലും കൈപ്പടയിലും എഴുതിച്ചേർത്തിട്ടുണ്ട്. ഇവ വെട്ടോ തിരുത്തോ അല്ല എന്നു വളരെ സ്പഷ്ടവുമാണ്.

ആണ്ടു, മാസം, തീയതി, ആളുകളുടേയും മറ്റും കൃത്യമായ പേര് എന്നിവ പിന്നീട് എഴുതിച്ചേർക്കുന്നതിനായി ഗ്രന്ഥകർത്താവു എഴുതിയതിന്നിടയിൽ സ്ഥലമിട്ടിട്ടുണ്ട്. എഴുതിയ സമയത്ത് കൃത്യമായ ഓർമ്മയില്ലാതെ അവ ശരിക്കും തിട്ടപ്പെടുത്തിത്തന്നെ എഴുതുന്നതിനായിരിക്കും അങ്ങനെ സ്ഥലമിട്ടത്. അവ ഇപ്പോഴും അങ്ങനെതന്നെ കിടക്കുന്നു. ഓരോ ബുക്കിന്റെ അവസാനത്തിൽ പൂർത്തിയാക്കാത്ത വാചകവും അതെതുടർന്നു ഒന്നും എഴുതാതെ വിട്ടിരുന്ന പേജുകളും ഇന്നും അതുപോലെതന്നെ കിടക്കുന്നു. 116-ാം പേജിൽ വാചകം പൂർത്തിയായിട്ടുണ്ട്. പക്ഷെ ആശയം പൂർത്തിയായിട്ടില്ല. തുടർന്നു വെറുതെ ഇട്ടിരുന്ന പേജുകൾ ഇന്നും അങ്ങനെതന്നെ കിടക്കുന്നു. 127 മുതൽ 170 വരെ പേജുകളുടെ അറ്റം അല്പം ദ്രവിച്ചുപോയിട്ടുണ്ട്. എന്നാൽ അവയിലെ എഴുത്തുകൾക്കു കേടൊന്നും വന്നിട്ടില്ല. ഇപ്പോഴും അവ ശരിക്കും വായിക്കാം.

## ഇതു വിശ്വസനീയമായ ചരിത്രഗ്രന്ഥം

ഈ ഗ്രന്ഥത്തിലുള്ളവയെല്ലാം തികച്ചും വിശ്വസനീയമാണ്. ഗ്രന്ഥകാരൻ ആരാണെന്നും അതെഴുതിയ സ്ഥലം, സമയം മുതലായവയും മുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. 85-ാം പേജിൽ ഗ്രന്ഥകാരൻ ഇങ്ങനെ എഴുതുന്നു: "എന്നാൽ ഈ എഴുതുവാൻപോകുന്ന സംഗതികൾ ഒക്കെയും കണ്ണുകൾകൊണ്ടു കണ്ടതായിട്ടും വിശ്വാസമുള്ളവരിൽനിന്നും കേട്ടതായിട്ടും ഉള്ളതത്രെയാകുന്നു. ഈവണ്ണം ഞാനെഴുതുന്നു എങ്കിലും ഞാൻ അറിയാത്തതായും മറ്റും പല വിവരങ്ങളും ഉണ്ടായി

രിക്കും. എംകിലും ഞാൻ അറിഞ്ഞിട്ടുള്ളതും ആയ്തിൽ എന്റെ ഓർമ്മയിൽ വരുന്നതും ആയ സംഗതികൾമാത്രം ഇവിടെ കാണിക്കുന്നു." ഇതിൽനിന്നും സത്യമെന്നു തനിക്കു പൂർണ്ണബോധ്യമുള്ളവ മാത്രമാണു ഗ്രന്ഥകാരൻ എഴുതിയിട്ടുള്ളത് എന്നതു വ്യക്തമാകുന്നു.

ഈ നാളാഗമം മുഴുവനിലും കൃത്യസമയം, സ്ഥലനാമം, വ്യക്തികളുടെ പേര് ഇവ കൊടുക്കുന്നുണ്ട്. നല്ല ഓർമ്മയില്ലാത്തവയ്ക്കു സ്ഥലമിട്ടിരിക്കുന്നു. 46, 47, 127–167 എന്നീ പേജുകൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. 24, 25, 26 തുടങ്ങിയ പല പേജുകളിലും സമയം, പേര് തുടങ്ങിയവ എഴുതുന്നതിനുള്ള സ്ഥലമിട്ടിരിക്കുന്നു. ഇവയെല്ലാം ഗ്രന്ഥകർത്താവിന്റെ സത്യസന്ധതയെ വിളിച്ചറിയിക്കുന്നു.

## സമകാലീന ചരിത്രസംഭവങ്ങൾ

ഈ ഗ്രന്ഥത്തിൽ അങ്ങിങ്ങായി സമകാലീനചരിത്ര സംഭവങ്ങളിലേക്കു വിരൽചൂണ്ടുന്നുണ്ട്. മോൺ. സ്തബിലീനി ഇന്തരീം (താൽക്കാലിക) വികാരി അപ്പസ്തോലിക്കയായിരുന്നു. 7–ാം പീയൂസ് പാപ്പായുടെ ഭരണകാലത്ത് റെയിമണ്ടു സൂര്യാ മെത്രാൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്നു. 84–ാം പക്ഷത്തിൽ ടിപ്പുസുൽത്താന്റെ സൈനികാക്രമണത്തെപ്പറ്റി പറയുന്നുണ്ട്. ഇവയും ചരിത്രപരമായ മറ്റു സംഗതികളും ഇക്കാലഘട്ടത്തിൽ നടന്ന സംഭവങ്ങൾ എഴുതിയിട്ടുള്ള ചരിത്രപുസ്തകങ്ങളിലെ പ്രസ്താവനകളോടു പൂർണ്ണമായിയോജിക്കുന്നുണ്ട്.

## ചരിത്രസംഭവങ്ങളുടെ വിവരണത്തിൽ കാണുന്ന യോജിപ്പ്

മാന്നാനം ആശ്രമസ്ഥാപനത്തിന് അനുമതികൊടുക്കുന്നു. അതിനു സ്തബിലീനി മെത്രാൻ 200 കമ്പനിരൂപ ദാനം ചെയ്യുന്നു. മറ്റു ചില പള്ളികളും വ്യക്തികളും ദാനം ചെയ്യുന്നു. ഇതിനെല്ലാം അവരുടെ തന്നെ കൈപ്പടയിലുള്ളതും കയ്യൊപ്പോടു കൂടിയതുമായ മറ്റു ചരിത്രരേഖകൾ നമുക്കുണ്ട്. അവയും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെടുന്നവയും തമ്മിൽ പരിപൂർണ്ണമായും ഐകരൂപ്യമുള്ളവയുമാണ്. അതുപോലെതന്നെ ലത്തീൻകാരിൽ അഞ്ഞൂറ്റിക്കാരും എഴുനൂറ്റിക്കാരും തമ്മിലുള്ള വഴക്കുനിമിത്തം സ്തബിലീനി മെത്രാൻ തന്റെ ആസ്ഥാനം അർത്തുങ്കലേക്കു മാറ്റി. ഇവ മറ്റു ചരിത്രഗ്രന്ഥങ്ങളിലും പ്രസ്താവിക്ക

പ്പെടുന്നുണ്ട്. ഇവയെല്ലാം പരസ്പരം പരിപൂർണ്ണമായി യോജിക്കുന്നു.

ഇനിയും ചാവറ അച്ചൻ പള്ളിപ്പുറത്തു സെമിനാരിയിൽ പഠിക്കവെ തന്റെ സഹപാഠികളായ മംഗലത്തു ചാണ്ടി, പഴയകടവിൽ യൗസേപ്പ് എന്നിവരോടും തന്റെ മല്പാനച്ചനോടും കൂടി കല്പറമ്പിൽ മല്പാനെ സന്ദർശിക്കുന്നു; വരാപ്പുഴയിൽ ലത്തീൻ പഠിക്കാൻ പോകുന്നു. ഈ വിവരങ്ങൾ ഗ്രന്ഥകാരന്റെ സഹപാഠി മംഗലത്തുചാണ്ടി അച്ചനും തന്റെ ഡയറിയിലെഴുതുന്നുണ്ട്. പക്ഷെ തീർത്തും വിഭിന്നമായ ഒരു വീക്ഷണത്തിലാണ് അദ്ദേഹമെഴുതുന്നത്. എന്നാൽ വസ്തുതയിൽ രണ്ടുപേരും എഴുതിയിട്ടുള്ളതു പരിപൂർണ്ണമായി യോജിക്കുന്നു. മാന്നാനത്തെ ആശ്രമസ്ഥാപനം, അവിടെ നടന്ന വിവിധ സംഭവങ്ങൾ എന്നിവയെപ്പറ്റി പാറപ്പുറത്തു വർക്കിയച്ചനും എഴുതിയിട്ടുണ്ട്. ചാവറയച്ചന്റെ മരണശേഷം കാൽനൂറ്റാണ്ടലധികം സമയം കഴിഞ്ഞാണു പാറപ്പുറത്തു വർക്കിയച്ചൻ തന്റെ ചരിത്രമെഴുതുന്നത്. എന്നാലും രണ്ടും തമ്മിൽ സൂക്ഷ്മാംശങ്ങളിൽപോലും പൂർണ്ണമായി യോജിക്കുന്നുവെന്നതാണ് പ്രത്യേകത.

## ചാവറയച്ചൻ തനിക്ക് അപമാനകരമായവയും എഴുതുന്നു

ഇനിയും തനിക്കുതന്നെ അപമാനകരമായേക്കാവുന്ന സംഗതികളും ഗ്രന്ഥകാരൻ വളരെ തുറന്ന ഹൃദയത്തോടെ എഴുതുന്നുണ്ട്. ചാവറ അച്ചനെ പള്ളിപ്പുറത്തു വികാരിയായി സ്ഥലം മാറ്റിയത്. അവിടെ നടന്ന അനിഷ്ടസംഭവം. തന്നിമിത്തം ആ ഇടവകക്കാരിലൊരുത്തൻ ചാവറ അച്ചനെതിരായി വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ പക്കൽ പരാതി ബോധിപ്പിച്ചത്. ഇതിനായി ചാവറ അച്ചൻ വികാരി അപ്പസ്തോലിക്കായെ സന്ദർശിക്കുന്നത്. അപ്പോഴുണ്ടായ അവിവേകപരമായ സംഭാഷണവും പെരുമാറ്റവും. ഇവയെല്ലാം എത്ര ആർജ്ജവത്തോടും സത്യസന്ധതയോടും കൂടിയാണ് ചാവറ അച്ചൻ എഴുതിയിരിക്കുന്നത്. ഈ വസ്തുതകളെല്ലാം ചൂണ്ടിക്കാണിക്കുന്നതുപോലെ നാളാഗമം ഒന്നാം വാല്യം ചരിത്രപരമായി ഏറ്റം വിശ്വസനീയവും സ്വീകാര്യവുമാണെന്നു സ്പഷ്ടമാണല്ലോ.

ഇതിന്റെ അച്ചടിയിൽ ഈ പുസ്തകം എഴുതിയ കാലഗണന പരിഗണിച്ച് പാലയ്ക്കലച്ചന്റെ ജീവചരിത്രം അവസാനം കൊടുത്തിരിക്കുന്നു.

# മാന്നാനം നാളാഗമം രണ്ടാംവാല്യം

## രണ്ടാം വാല്യത്തിന്റെ ഉള്ളടക്കം

1855 മുതൽ 1864 വരെ മാന്നാനത്തും തുടർന്ന് 1870 വരെ കൂനമ്മാവിലും നടന്ന സംഭവങ്ങളുടെ വിവരണമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. കേരളത്തിലെ 'അമലോത്ഭവദാസസംഘത്തി'ന്റെ ചരിത്രം എന്നതിനേക്കാൾ കേരളസഭയുടെ അക്കാലഘട്ടത്തിലെ ചരിത്രം എന്നു വേണം ഈ പ്രബന്ധത്തെപ്പററി പറയാൻ. അക്കാലഘട്ടത്തിലെ പ്രധാന സംഭവങ്ങളിലെല്ലാം സജീവമായി പങ്കെടുത്ത കുര്യാക്കോസ് ഏലിയാസച്ചന്റെ ദൃക്സാക്ഷി വിവരണമാണ് ഈ ഗ്രന്ഥം. 1855 ഡിസംബർ 8-ാംനു മാന്നാനത്തു നടന്ന സന്ന്യാസവ്രതാനുഷ്ഠാനത്തിന്റെ വിശദവിവരണം, റോക്കോസ് കലാപത്തിന്റെ ചരിത്രം, കൂനമ്മാവു കർമ്മലീത്താമഠത്തിന്റെ സ്ഥാപനം, ബർണർദ്ദീനോസ് മെത്രാപ്പോലീത്തായുടെ മരണവും ശവസംസ്കാരവും, ലിയോനാർദ്ദിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും, 1857-ലെ കൊൺകോർദാത്തിനെ തുടർന്നുണ്ടായ സംഭവവികാസങ്ങൾ തുടങ്ങിയവയാണ് ഇതിലെ പ്രതിപാദ്യ വിഷയങ്ങൾ. തുടർന്നു 139-147 പേജുകളിൽ കാനോനിക സന്ദർശകന്റെ റിപ്പോർട്ടും ഒരു സർക്കുലറിന്റെ പകർപ്പും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## ഈ വാല്യത്തെപ്പറ്റി ഒരു ലഘുവിവരണം

21 cm x 16 cm വലിപ്പമുള്ള 160 പേജുകളാണ് ഇതിലുള്ളത്. ഇതിൽ 1-147 പേജുകൾ ചാവറയച്ചന്റെ സ്വന്തം കൈപ്പടയിലെഴുതിയിരിക്കുന്നു. വിദേശത്ത് ആസ്റ്റ്റിയായിൽ ഉണ്ടാക്കിയ അത്ര കട്ടിയില്ലാത്ത കടലാസാണുപയോഗിച്ചിരിക്കുന്നത്. വാട്ടർമാർക്കില്ല. 147 പേജു മുഴുവനും പെൻസിൽ കൊണ്ടു വരയിട്ടു വളരെ പിടിച്ചാണ് എഴുതിയിരിക്കുന്നത്. ഈ പുസ്തകം മുഴുവനും എഴുതുന്നതിന് ഒരേ മഷിയും പേനയുമാണുപയോഗിച്ചിരിക്കുന്നത്. 148, 154, 155, 156, 157 എന്നീ പേജുകളിൽ ഒന്നും എഴുതിയിട്ടില്ല.

149-153 പേജുകളിൽ മാന്നാനം ആശ്രമത്തിനു ധനദാനം ചെയ്തവരുടെ പേരുകൾ കൊടുത്തിരിക്കുന്നു. ഇതു തീർത്തും വ്യത്യസ്തമായ മഷിയിലും കൈപ്പടയിലുമാണ്. 158-ാം പേജിൽ സഭയിലെ സഹോദരന്മാരുടെ പേരും 159-160 പേജുകളിൽ സഭയിലെ വൈദികരുടെ പേരും സുറിയാനിയിൽ കൊടുത്തിരിക്കുന്നു. ഇതിലെ കൈപ്പട ആരുടേ

തെന്നു നിശ്ചയമില്ല. നീലമഷിയാണുപയോഗിച്ചിരിക്കുന്നത്. കുര്യാക്കോസച്ചന്റെ കൈപ്പടയോടു ചില സാമ്യങ്ങളുണ്ട്. എന്നാൽ കുര്യാക്കോസച്ചന്റേതല്ല എന്ന നിഗമനത്തിലാണ് ഞങ്ങൾ എത്തിച്ചേർന്നിരിക്കുന്നത്. ഈ പുസ്തകത്തിന്റെ ആരംഭത്തിൽ ഇതിലെ ഉള്ളടക്കം ഫാ. ജെറോം ഓഫ് സെന്റ് മേരി ഒരു പേജിൽ ഒതുക്കിയെഴുതിയിട്ടുണ്ട്. തുടർന്നു രണ്ടു പേജുകളിലായി ക.നി.മു.സ. മാണിക്കത്തനാരുടെ കൈപ്പടയിൽ ഉള്ളടക്കം കൂടുതൽ വിശദമായും കൊടുക്കുന്നുണ്ട്. ഇവ രണ്ടും വ്യത്യസ്തമായ കടലാസിലും മഷിയിലും എഴുതി പിന്നീട് ഈ പുസ്തകത്തോട് കൂട്ടിച്ചേർത്തിട്ടുള്ളതാണ്.

ഇതിൽ സംഭവങ്ങളെല്ലാം തീയതിവെച്ചാണ് എഴുതിയിരിക്കുന്നത്. 1864 വരെ ചാവറയച്ചൻ മാന്നാനത്തു താമസിച്ചിരുന്നതിനാൽ അതുവരെയുള്ളവ മാന്നാനത്തുവെച്ചെഴുതി എന്നനുമാനിക്കേണ്ടിയിരിക്കുന്നു. 1-12-13 എന്നീ പേജുകൾ അതിനു സാക്ഷ്യംവഹിക്കുന്നു. 12-ാം പേജിൽ ഇങ്ങനെ കാണുന്നു: “താമസിയാതെ ഞാൻ ഇവിടെ വന്നു. എഴുതിയിരുന്ന ആളുകളിൽ കളപ്പുരയ്ക്കൽ മത്തായി കത്തനാരച്ചൻ നീക്കിശേഷമുള്ളവരെ അയക്കുകയും ചെയ്തു.” 1857 ആഗസ്റ്റ് 15-ാംനുയിലെ കുറിപ്പാണ്. അന്നു മാന്നാനം ആശ്രമം മാത്രമെ ഉണ്ടായിരുന്നുള്ളു. മർസ്ലീനോസ് മിഷനറിയുടെ നിർദ്ദേശപ്രകാരം കൂനമ്മാവിലേക്ക് അച്ചന്മാരേയും മറ്റും അയച്ചതിനെപ്പറ്റിയാണ് ഇവിടെ പ്രതിപാദിക്കുന്നത്. വീണ്ടും, “60-ാംകാലം കുംഭമാസം 24-ാം നു പെ. പെ. ബ. നമ്മുടെ വലിയ ശ്രേഷ്ഠൻ പെ. ബ. മെത്രാപ്പോലീത്താച്ചനും അടി: പെ. ബ. പ്രെ. മർസ്ലീനോസ് മൂപ്പച്ചനുംകൂടി വിസീത്ത കഴിഞ്ഞു ഇവിടെ വന്നു.” 1864 വരെയുള്ള വിവരങ്ങൾ ഉൾപ്പെടുന്ന ഈ നാളാഗമത്തിലെ ഭാഗങ്ങൾ കുര്യാക്കോസച്ചൻ മാന്നാനത്തുവെച്ചെഴുതി എന്നാണല്ലോ ഇവയെല്ലാം കാണിക്കുന്നത്.

## ഈ വാല്യം എവിടെവച്ചെഴുതിയെന്ന്

1864 മുതല്ക്കുള്ള ഭാഗം കൂനമ്മാവിൽ വെച്ചാണു എഴുതപ്പെട്ടത്. കന്യാസ്ത്രീമഠത്തിന്റെ സ്ഥാപനം, നാല്പതുമണി ആരാധനയുടെ തുടക്കം, വികാരി അപ്പസ്തോലിക്കമാരുടെ മരണം, സ്ഥാനാരോഹണം തുടങ്ങിയവയെപ്പറ്റി പ്രതിപാദിക്കുമ്പോൾ ‘ഇവിടെ കൂനമ്മാവു’ എന്നു വളരെ വ്യക്തമായി അനേകം പ്രാവശ്യം എഴുതുന്നുണ്ട്. ഉദാ: 78-ാം പേജിൽ “ഈ ഭാഗ്യപ്പെട്ട കല്പന കിട്ടി. ഇതായതു നാല്പതുമണിയുടെ ഈ ആരാധനയും ഈ കൂനമ്മാവു കൊവേന്തയിൽ തുടങ്ങി.”

## ഗ്രന്ഥകർത്താവ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

ഈ കൃതിയിൽ ആദ്യന്തം ചാവറയച്ചനെ കുറിക്കുന്നതിനു 'ഞാൻ' എന്ന ഏകവചന ഉത്തമപുരുഷ സർവ്വനാമമാണു പ്രയോഗിച്ചിരിക്കുന്നത്. ഉദാ: 94-ാം പേജ്: "ഈ മേടം 27-ാംനു തിങ്കളാഴ്ച ഞാനും നമ്മുടെ ദെലഗാത്ത മൂപ്പച്ചനുംകൂടി തിരുവനന്തപുരത്തിനായി പുറപ്പെട്ട്." ഈ ഗ്രന്ഥത്തിൽ ഉടനീളം ഒരേ പേനയും മഷിയും ഉപയോഗിച്ചുള്ള ഒരേ കൈപ്പടതന്നെ. 145-ാം പേജിൽ ഇതേ മഷിയും പേനയും ഉപയോഗിച്ചുള്ള ചാവറയച്ചന്റെ കയ്യൊപ്പും കാണാവുന്നതാണ്. ഇതിലെ പദപ്രയോഗങ്ങൾ, അക്ഷരവടിവു മുതലായവ ചാവറയച്ചന്റേതുതന്നെ. തന്നിമിത്തം ഈ ഗ്രന്ഥം 1-147 പേജുകളുടെ കർത്താവു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻതന്നെയെന്നു തീർച്ചപ്പെടുത്താം.

## ഇതു പകർപ്പോ?

എന്നാൽ ഈ ഗ്രന്ഥം മുഴുവനും ഒരേ തരം കടലാസിൽ ഒരേ തരത്തിൽ പെൻസിൽകൊണ്ടു വരയിട്ടും ഒരേ മഷിയും പേനയും ആദ്യന്തം ഉപയോഗിച്ചിരിക്കുന്നതിനാലും ചാവറയച്ചൻതന്നെ 1864 വരെ മാന്നാനത്തു വെച്ചെഴുതിയതും തുടർന്നു കൂനമ്മാവിൽ വെച്ചെഴുതിയതും 1869-ലോ മറ്റോ കൂനമ്മാവിൽവെച്ചു പകർത്തിയെഴുതിയതല്ലെ ഇത് എന്നും സംശയിക്കേണ്ടതുണ്ട്. 15 കൊല്ലം ദീർഘിക്കുന്ന കാലപരിധിയിൽ നടന്ന സംഭവങ്ങളെല്ലാം അതതു കാലത്തു തീയതിവെച്ചാണു എഴുതിയിരിക്കുന്നത്. ഈ 15 കൊല്ലവും ഒരേതരം കടലാസും മഷിയും പേനയും ഉപയോഗിക്കുക പ്രയാസമാണല്ലോ. അതിനും പുറമെ ഇത് ആദ്യന്തം നല്ലതുപോലെ പിടിച്ചെഴുതിയിരിക്കുകയുമാണ്. ഒന്നാംവാല്യത്തിൽ 1830 മുതൽ 1864 വരെയുള്ള സംഭവങ്ങളാണ്. അവയും തീയതിവെച്ചെഴുതിയിരിക്കുന്നു. എന്നാൽ വ്യത്യാസപ്പെട്ട കടലാസും മഷിയും പേനയും എന്നല്ല ചില ഭാഗങ്ങൾ പിടിച്ചെഴുതിയപ്പോൾ മറ്റു ചില ഭാഗങ്ങൾ തിടുക്കപ്പെട്ടും വടിവിൽ ശ്രദ്ധവെയ്ക്കാതെയും എഴുതിയിരിക്കുന്നു. തന്നിമിത്തം സുപ്രധാനമായ തന്റെ ഈ നാളാഗമം രണ്ടാം വാല്യം കുര്യാക്കോസച്ചൻതന്നെ 1869-ലൊ 1870 ആദ്യത്തിലോ വീണ്ടും പകർത്തി എഴുതിയതായിരിക്കയില്ലേ എന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു.

## ഉള്ളടക്കത്തിന്റെ വിശ്വാസനീയത

1-147 വരെയുള്ള പേജുകളിൽ കാര്യമായി യാതൊരു വെട്ടോ തിരു

ത്തോ ഇല്ല - സ്ഥലത്തിന്റേയോ ആളകളുടേയോ പേരോ തീയതിയോ പിന്നീട് കൃത്യമായി എഴുതുന്നതിനുവേണ്ടി ഗ്രന്ഥകാരൻതന്നെ എഴുതാതെ ഇട്ടിരുന്ന സ്ഥലം ഇന്നും അങ്ങനെതന്നെ കിടക്കുന്നു. ഇങ്ങനെയുള്ളവ 42, 43, 126, 128 എന്നീ പേജുകളിൽ കാണാവുന്നതാണ്. ബാബേൽ പാത്രിയർക്കീസ്, റോക്കോസ് മെത്രാൻ, തൊണ്ടനാട്ടു അന്തൊനി കത്തനാർ തുടങ്ങിയവരിൽനിന്നു ചാവറയച്ചനു കിട്ടിയിട്ടുള്ള കത്തുകൾ അതിന്റെ മൂലമായ സുറിയാനിയിൽത്തന്നെ ഇതിൽ ചേർത്തിരിക്കുകയാണ്. ഈ എഴുത്തുകളുടെ മലയാള പരിഭാഷയും സുറിയാനി മൂലവും ഫാ. ബർണാർദിന്റെ മാർത്തോമ്മാ ക്രിസ്ത്യാനികൾ രണ്ടാംഭാഗത്തിൽ കൊടുത്തിട്ടുണ്ട്. ഈ എഴുത്തുകളുടെ പരിഭാഷ ശ്രീമാന്മാരായ വി.സി. ജോർജ്ജ്, ഐ.സി. ചാക്കോ തുടങ്ങിയ പ്രശസ്ത പണ്ഡിതന്മാർ എഴുതിയ ചരിത്രഗ്രന്ഥങ്ങളിലും കൊടുത്തിട്ടുണ്ട്. ഇവ അക്ഷരശ്ശ യോജിക്കുന്നുണ്ട്. ഇതിനും പുറമെ ഇതിൽ പ്രതിപാദിക്കപ്പെടുന്ന എല്ലാ സംഗതികളും പാറപ്പുറം ഡയറി രണ്ടു വാല്യങ്ങൾ, കൂനമ്മാവു വി. ഫിലോമിനാ കൊവേന്തയടെ നാളാഗമം, കാപ്പിൽ ഉണ്ണിച്ചെറിയ ഡയറി, പാലാക്കുന്നേൽ വല്യച്ചന്റെ ഡയറി എന്നിവയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം പരസ്പരം പൂർണ്ണമായി യോജിക്കുകയും ചെയ്യുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ചാവറയച്ചന്റെ നാളാഗമം രണ്ടാം വാല്യം 44 മുതൽ 50 വരെ പേജുകളിൽ റോക്കോസിനെ മഹറോൻ ചൊല്ലിയതിനേയും പേഷ്ക്കാർ ശങ്കുണ്ണിമേനോന്റെ നിരോധനാജ്ഞകളേയും സംബന്ധിച്ച് പ്രസ്താവിക്കുന്നുണ്ട്. അവ തന്നെ പാറപ്പുറത്തച്ചൻ തന്റെ ഡയറി 590-611 വരെ പേജുകളിലും കാപ്പിൽ ഉണ്ണിച്ചെറിയായുടെ ഡയറി 86-102 വരെയുള്ള പേജുകളിലും പ്രസ്താവിക്കുന്നുണ്ട്. ഇവ മൂന്നും പരസ്പരം പൂർണ്ണമായി യോജിക്കുന്നു. അതേസമയം പാറപ്പുറവും കാപ്പിൽ ഉണ്ണിച്ചെറിയയും അവരുടെ വീക്ഷണത്തിൽ ചില വിശദവിവരങ്ങൾകൂടി കൊടുക്കുകയും ചെയ്യുന്നുണ്ട്.

മറ്റൊന്ന് ഒരു കൊങ്കിണി പെൺകുട്ടിയുടെ മാനസാന്തരത്തെപ്പറ്റി ചാവറയച്ചൻ 108 മുതൽ 112 വരെ പേജുകളിൽ കൊടുക്കുന്ന വിവരങ്ങൾ പാറപ്പുറം ഡയറി 1254-1265 വരെ പേജുകളിൽ പ്രസ്താവിക്കുന്നുണ്ട്. രണ്ടുപേരും അവരവരുടെ സ്വന്തം ഭാഷയിലും വീക്ഷണത്തിലും ഇവ എഴുതിയിരിക്കുകയാണ്. എങ്കിലും വിശദാംശങ്ങളിൽപ്പോലും രണ്ടും തമ്മിൽ പൂർണ്ണമായ യോജിപ്പു കാണുവാൻ സാധിക്കും.

ആകയാൽ നാളാഗമം രണ്ടാംവാല്യം എന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഈ കൃതി ചരിത്രപരമായി പൂർണ്ണമായി വിശ്വസനീയവും പ്രാമാണികവും സ്വീകാര്യവുമായ ഒരു കൃതിയാണെന്നു നിസ്സംശയം പറയാം.

## പല പഴയ ചരിത്രങ്ങൾ

### പുസ്തകത്തെപ്പറ്റി പൊതുവിവരണം

106 പേജുകളുള്ള ഈ കൈപ്പടഗ്രന്ഥം മുഴുവനും റോക്കോസ് കലാപത്തെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. ഇതിൽ ആദ്യത്തെ 48 പേജുകൾ 21 cm x 17 cm വലിപ്പമുള്ള വിദേശനിർമ്മിതമായ സാധാരണ ഘനത്തിലുള്ള കടലാസ്സാണ്. വാട്ടർമാർക്കില്ല. നീലമഷിയാണുപയോഗിച്ചിരിക്കുന്നത്. ആദ്യന്തം ഒരേ കൈപ്പടതന്നെ. ഈ 48 പേജുകളിൽ കേരളത്തിന്റെ തെക്കും കിഴക്കുമുള്ള പള്ളികളിൽ നടന്ന റോക്കോസ് കലാപ ചരിത്രം വിവരിക്കുന്നു. ഇതിലെ ബാക്കി 58 പേജുകൾ വ്യത്യസ്ഥമായ മൂന്നു നോട്ടുബുക്കുകളിൽ കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ നടന്ന റോക്കോസ് കലാപ ചരിത്രത്തെപ്പറ്റി എഴുതുന്നു. മൂന്നും വ്യത്യസ്തമായ കടലാസും, മഷിയും, കൈപ്പടയുമാണ്. അവ കുര്യാക്കോസച്ചന്റേതുമായി യാതൊരു സാമ്യവുമില്ല. ഇവയെല്ലാം ഒരേ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നതുകൊണ്ടാവാം 1905-ൽ ഇവയെല്ലാം ഒരുമിച്ചു ബയ്ന്റു ചെയ്തത്.

## ഗ്രന്ഥകർത്താവ് ആരെന്ന്

ആദ്യത്തെ 48 പേജുകളുടെ കർത്താവു ചാവറയച്ചൻതന്നെയാണ്. ഇതിന്റെ 1896-ൽ എഴുതിയ ഒരു പകർപ്പു മാന്നാനം ഗ്രന്ഥാലയത്തിലുണ്ട്. അതിന്റെ നമ്പർ I C 32/B/2098. ഇതിന്റെ ആദ്യ പേജിൽ ചാവറ കുറിയാക്കോസച്ചൻ എഴുതിയതിന്റെ പകർപ്പ് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മേല്പറഞ്ഞ 48 പേജുകൾ മാത്രമെയുള്ളു. ഈ 48 പേജുകളിൽ വിഷയം പൂർത്തിയായിട്ടില്ല. വാചകംപോലും പൂർത്തിയായിട്ടില്ല. ഇതിലെ കൈപ്പട അക്ഷരവടിവ്, വാചകഘടന മുതലായവ സംശയമെന്യെ ചാവറയച്ചന്റേതുതന്നെ. അദ്ദേഹത്തെ സൂചിപ്പിക്കുന്നതിനു ഉത്തമപുരുഷൻ ഏകവചനപ്രയോഗം മാത്രവും ചാവറയച്ചനേയും കൂട്ടരേയും വ്യഞ്ജിപ്പിക്കുന്നതിന് ഉത്തമപുരുഷ ബഹുവചനവും ഈ കൃതിയിലുടനീളം ഉപയോഗിച്ചിരിക്കുന്നു. ഇതിൽനിന്നും ഈ

കൃതിയിലെ ആദ്യത്തെ 48 പേജുകളടെ കർത്താവു ചാവറയച്ചനാണെന്നു നിസ്സംശയം തെളിയുന്നുണ്ട്. ഉദാ: പേജ് 10, "ഇതിനെ ഞങ്ങൾ കൈപ്പറ്റിയെങ്കിലും" ... 13-ാം പേജ് "എന്നാൽ ഞങ്ങളും നീതിപ്രകാരമുള്ള ആചാരം ചെയ്തു..."

## എവിടെവെച്ച് എപ്പോൾ എഴുതി

ഇതിലെ ചില പദപ്രയോഗങ്ങൾ ഇതു മാന്നാനത്തുവെച്ചെഴുതി എന്നു തെളിയിക്കുന്നു. 10-ാം പേജിൽ "ഈ സ്വരമൊക്കയും നമ്മുടെ ഈ മാന്നാനത്തിനു സമീപമാകയാൽ" - വീണ്ടും 12-ാം പേജിൽ "...മേലെഴുതിയ കത്തനാരും കൂടി ഏകദേശം 4 മണി പകൽ ഉള്ളപ്പോൾ നമ്മുടെ ഈ കൊവേന്ത മലയിൽക്കയറി പള്ളിയകത്തുവന്നു." ഇതിൽ പ്രതിപാദിക്കപ്പെടുന്ന റോക്കോസ് കലാപം നടന്നതു 1861-62 ലാണല്ലോ. അതിനുശേഷം ഇതു മാന്നാനത്തുവച്ചെഴുതി എന്നനുമാനിക്കണം. അന്നു ഗ്രന്ഥകർത്താവു മാന്നാനത്താണു താമസിച്ചിരുന്നത്. 1864 ജനുവരി 12-നു ചാവറയച്ചന്റെ താമസം കൂനമ്മാവിലേയ്ക്കു മാറ്റി. അതുകൊണ്ടായിരിക്കാം അദ്ദേഹത്തിനു ഇതു പൂർത്തിയാക്കാൻ സാധിക്കാഞ്ഞത്. ഇതു കയ്യെഴുത്തു മൂലകൃതിതന്നെ.

## ഗ്രന്ഥത്തിന്റെ വിശ്വസനീയതയും പ്രാമാണികതയും

4-16 വരെയുള്ള പക്ഷങ്ങളിൽ ഗ്രന്ഥകർത്താവു വളരെ വ്യക്തമായി പറയുന്നുണ്ട് തനിക്കു സത്യമെന്നു പൂർണ്ണബോധ്യമുള്ള കാര്യങ്ങൾ മാത്രമെ എഴുതുന്നുള്ളൂ എന്ന്. 17-ാം പേജിൽ അദ്ദേഹം എഴുതുകയാണ്: "ആകയാൽ എന്റെ മനുഷ്യകെല്പക്ഷയത്താൽ ഇടത്തോട്ടു എംകിലും വലത്തോട്ടു എംകിലും ചാഞ്ഞ ഇതിൽനിന്നും കുറ്റം ഇനിക്കു സംഭവിക്കാതിരിക്കാൻ എന്നെ കാത്തുകൊള്ളണമെന്നു കാവൽ മലാഖായോടപേക്ഷിച്ചുകൊണ്ട് ചുരുക്കമായി അറിവിക്കുന്നു." ഗ്രന്ഥകർത്താവിന്റെ സത്യസന്ധതയും ആത്മാർത്ഥതയും ഇവിടെ വളരെ പ്രകടമാണ്. വീണ്ടും 43-ാം പേജിൽ "...എന്നാൽ ഇതും ഞാൻ കേട്ടറിഞ്ഞതുമാത്രം എഴുതുന്നതാകകൊണ്ടു പട്ടാങ്ങമേൽ സംശയിക്കുന്നു." ഇനിയും 16-ാം പേജിൽ ".... ഇവിടെ എന്റെ ഹൃദയവും ഈ തൂവൽ പിടിച്ചിരിക്കുന്ന കൈകളും വിറയ്ക്കുന്നു. അതെന്ത്യെ ഞാൻ കണ്ടതും കേട്ടതും മാത്രമെ എഴുതുന്നു എംകിലും ഇതിനാൽ ഈ ആളിന്നു കുറെ മാനക്കേടുണ്ടായിവരും. അല്ലെംകിൽ കേൾക്കുന്ന വര ഞാൻ

നിരൂപിച്ച എഴുതുന്നതിനെക്കായിൽ അധികം പൊരുൾ തിരിക്കും.” കണ്ടാലും എത്ര വലിയ സത്യസന്ധതയും അവക്രതയുമാണ് ഗ്രന്ഥ കർത്താവു പ്രകടിപ്പിക്കുന്നത്. ഗ്രന്ഥകർത്താവ് ചാവറയച്ചൻതന്നെ എന്നും ഈ ഉദ്ധരണികൾ തെളിയിക്കുന്നു.

ഈ ഗ്രന്ഥത്തിൽ 22 മുതൽ 36 വരെ പേജുകളിൽ റോക്കോസ് മെത്രാൻ, തൊണ്ടനാട്ട് അന്തോനിക്കത്തനാർ, ബർണ്ണദീനോസ് മെത്രാപ്പോലീത്ത, ബാഗ്ദാദിലെ ദെലഗാദപ്പസ്തോലിക്ക എന്നിവരുടെ എഴുത്തുകളുടേയും സർക്കുലറുകളുടേയും ഉള്ളടക്കം രേഖപ്പെടുത്തുന്നുണ്ട്. അവയുടെ മൂലവും നമുക്കു കിട്ടിയിട്ടുണ്ട്. ഇവ തമ്മിൽ പരിപൂർണ്ണമായ യോജിപ്പാണുള്ളത്.

ആകയാൽ ഈ കൈപ്പടഗ്രന്ഥം ചരിത്രപരമായി പൂർണ്ണമായി പ്രാമാണികവും വിശ്വസനീയവും സ്വീകാര്യവുംതന്നെ.

## അമ്പഴക്കാട്ട് കൊവേന്തയുടെ നാളാഗമം

### ഗ്രന്ഥത്തിന്റെ ഉള്ളടക്കം

203 പേജുകളുള്ള ഈ നാളാഗമത്തിന്റെ 4 മുതൽ 28 വരെ പേജുകൾ മാത്രമാണ് ചാവറയച്ചന്റെ കൈപ്പടയിലുള്ളത്. ബാക്കിയുള്ളതു പാറപ്പുറത്തു വർക്കിയച്ചന്റേതാണ്. ആദ്യത്തെ മൂന്നു പേജുകളിൽ സഭയെ ക. നി. മൂ. സ. ആക്കുന്ന സർക്കുലർ പകർത്തിയിട്ടുണ്ട്. അതിന്റെ അവസാനം അതു പകർത്തിയതു താനാണ് എന്നെഴുതി പാറപ്പുറത്തു വർക്കിയച്ചൻ ഒപ്പിട്ടിട്ടുണ്ട്. 1867 ആഗസ്റ്റു മുതൽ 1869 സെപ്റ്റംബർ 6 വരെയുള്ള സംഭവങ്ങൾ അതായത് അമ്പഴക്കാട്ട് കൊവേന്തക്കു കല്ലിടുന്നതു സംബന്ധിച്ചുള്ള വിവരങ്ങളാണു കുര്യാക്കോസച്ചൻ 4 മുതൽ 28 വരെ പേജുകളിൽ രേഖപ്പെടുത്തുന്നത്. 29-ാം പേജുമുതൽ അവിടെ നടന്ന സംഭവങ്ങൾ തീയതിവെച്ചു പാറപ്പുറത്തച്ചൻ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഡയറിയിലെ പേജിന്റെ വലിപ്പം 18cm x 14cm ആണ്. കടലാസ് ആസ്ട്രിയായിലെ മില്ലിൽ ഉണ്ടാക്കിയ കട്ടിയുള്ളതാണ്. കുര്യാക്കോസച്ചൻ നീലമഷിയിലും പാറപ്പുറത്തച്ചൻ കറുത്ത മഷിയിലും എഴുതിയിരിക്കുന്നു. കടലാസിൽ വാട്ടർമാർക്കുണ്ട്. അതിൽ കൊടുത്തിരിക്കുന്ന നിർമ്മാണകാലം 1867 ആണ്. എല്ലാ പേജും പെൻസിൽ കൊണ്ടു വരയിട്ടാണു എഴുതിയിരിക്കുന്നത്. കടലാസ് ചിലേടത്തെല്ലാം അല്പാല്പം ദ്രവിച്ചിട്ടുണ്ട്.

## ഇതെഴുതപ്പെട്ട സ്ഥലം, കാലം, ഗ്രന്ഥകാരൻ

ഇതെഴുതപ്പെട്ട സ്ഥലത്തെ സംബന്ധിച്ച് ഈ പുസ്തകത്തിൽ സൂചനയൊന്നുമില്ല. അമ്പഴക്കാട്ട് ആശ്രമത്തിലെ ഒരംഗം ഇതെഴുതുന്നു എന്നപോലെയാണ് ഇതെഴുതപ്പെട്ടിരിക്കുന്നത്. കൂനമ്മാവിലോ അമ്പഴക്കാട്ടോ വെച്ച് 1869 ഒടുവിൽ ഇതെഴുതപ്പെട്ടു എന്നു കരുതേണ്ടിയിരിക്കുന്നു.

ഇതിന്റെ കർത്താവ് ചാവറയച്ചൻതന്നെ എന്ന് ഇതിന്റെ കൈപ്പട തെളിയിക്കുന്നു. വാചകഘടന, പദപ്രയോഗങ്ങൾ, അക്ഷരങ്ങളുടെ വടിവ്, ചായ്വ് മുതലായവ പരിശോധിക്കുമ്പോൾ ഇതു നമുക്കു ബോധ്യമാകും. 28-ാം പേജിന്റെ മാർജിനിൽ ഇങ്ങനെ ഒരു കുറിപ്പു കാണുന്നു: "ഈ നാളാഗമം ആദ്യംമുതൽ അതായത് ഒന്നാം സാഹ എന്ന വാചകംമുതൽ ഈ പക്ഷത്തിന്റെ അവസാനംവരെയുള്ള എഴുത്തു ഏ. പെ. ബ. പ്രിയോർ കുര്യാക്കോസ് ഏലിയ എന്ന ഒന്നാം പ്രിയോരച്ചന്റെ കൈ അക്ഷരങ്ങളാകുന്നു. ആദ്ദേഹം സകലവും കണ്ടും നടത്തിയും കൂടെയുണ്ടായിരുന്നതിനാൽ..." ശേഷം ഭാഗം പൊടിഞ്ഞു പോയി.

കുര്യാക്കോസച്ചനു പ്രിയങ്കരങ്ങളായ ചില ആശയങ്ങൾ ഇതിൽ കാണുന്നുണ്ട്. ഉദാ: വി. യൗസേപ്പ് പിതാവിന്റെ നന്മരണ സഭ. ഈ പിതാവിന്റെ മരണത്തിരുന്നാൾ ദിവസം മൂന്നു ഭിക്ഷുക്കൾക്കു ഭക്ഷണം കൊടുക്കുക തുടങ്ങിയവ. ഇവയെല്ലാം ഇതിന്റെ കർത്താവു ചാവറയച്ചൻതന്നെ എന്നു തെളിയിക്കുന്നു.

## വിശ്വസനീയത

ഈ ഗ്രന്ഥം മൂലത്തിലുള്ള കയ്യെഴുത്തു പ്രതിയാണ്. ഇതിൽ വെട്ടോ തിരുത്തോ ഒന്നുമില്ല. കടലാസിന്റെ മുകൾഭാഗവും മറ്റും അല്പം ദ്രവിച്ചുപോയതിനാൽ എഴുത്തു കുറെ നഷ്ടപ്പെട്ടിട്ടുണ്ട്. പറവൂർ ജില്ലാക്കോടതിയിൽ ഈ പുസ്തകം ഹാജരാക്കിയതായും വിശ്വസനീയമായ മൂലകയ്യെഴുത്തുപ്രതിയായി കോടതി ഇതിനെ അംഗീകരിച്ചതായും ഇതിന്റെ ആദ്യം പ്രസ്താവിക്കുന്നുണ്ട്. കൂടാതെ കോടതിയുടെ ഒപ്പും മുദ്രയുമുണ്ട്. ഇതെല്ലാം തെളിയിക്കുന്നത് ഈ ഗ്രന്ഥം ചരിത്രപരമായി വിശ്വസനീയവും സ്വീകാര്യവുമാണെന്നാണല്ലോ.

## കൂനമ്മാവു മഠത്തിന്റെ നാളാഗമം

21.5 cm x 11.5 cm വലിപ്പമുള്ള 202 പേജുകളുള്ളതാണു കൂനമ്മാവ്

കർമ്മലീത്താ മഠത്തിന്റെ നാളാഗമം ഒന്നാം വാല്യം. ഇതിൽ 1-17 വരെയും 200-201 വരെയുമുള്ള 18 പേജുകൾ കുര്യാക്കോസ് ഏലിയാസച്ചന്റെ കൈപ്പടയിലാണ്. വിദേശനിർമ്മിതമായ കട്ടിയുള്ള കടലാസ്സാണ് ഇതിനുപയോഗിച്ചിരിക്കുന്നത്. വാട്ടർമാർക്കില്ല. നീലമഷികൊണ്ട് എഴുതിയിരിക്കുന്നു. രണ്ടു നോട്ടുബുക്കുകൾ പിന്നീട് ഒരുമിച്ചു കൂട്ടികുത്തിയതാണ് ഈ പുസ്തകം. 200-ാമത്തെ പേജിൽ ചാവറയച്ചന്റെ സുറിയാനിയിലുള്ള പൂർണ്ണ കയ്യൊപ്പുണ്ട്.

## പുസ്തകത്തിന്റെ ബാഹ്യവിവരണം

ഇതിലെ 1-17, 200-201 പേജുകൾ കുര്യാക്കോസ് ഏലിയാസച്ചന്റേത് എന്ന് അംഗീകരിക്കപ്പെട്ട കൈപ്പടയിലാണ്. അക്ഷരങ്ങളുടെ വടിവ്, ചായ്‌വ്, പദപ്രയോഗങ്ങൾ, ആശയാവിഷ്ക്കരണ രീതി ഇവയെല്ലാം നിസ്സംശയമായും കുര്യാക്കോസച്ചന്റേതാണ്. ഈ പുസ്തകത്തിന്റെ ആദ്യത്തെ പേജിൽ താഴെ വരുന്ന പെൻസിൽകുറിപ്പു കാണുന്നു: "ഇതിൽ ഒന്നാംഭാഗം ക.ദി. തു: സ: പ്രി: ജ: കുറിയാക്കോസച്ചന്റെ കൈപ്പട. ശേഷം ലത്തീൻ അന്നയുടേയും ശേഷം സഹോദരികളുടേതുമാണ്. സാക്ഷി (ഒപ്പ്)."

## ഉള്ളടക്കം

ഇതിൽ 1-17 വരെ പേജുകളിൽ മഠത്തിന്റെ സ്ഥാപനവിവരം വിശദമായി കൊടുത്തിരിക്കുന്നു. 200-201 പേജുകളിൽ മഠത്തിലെ അംഗങ്ങളുടെ സഭാവസ്ത്രസ്വീകരണം, വ്രതാനുഷ്ഠാനം എന്നിവയുടെ ഔദ്യോഗിക വിവരവും ഉണ്ട്. പുസ്തകത്തിന്റെ മറ്റു പേജുകളിൽ മഠത്തിൽ നടന്ന അനുദിനസംഭവങ്ങൾ തീയതിവെച്ച് എഴുതിയിരിക്കുന്നു.

## ഗ്രന്ഥകർത്താവ്

3-ാം പേജിൽ വലത്തു വശത്തെ മാർജിനിൽ ഇങ്ങനെ കാണുന്നു: "1-ാം പ്രിയോർ ജനറാൾ കുറിയാക്കോസ് ഏലിയാസച്ചന്റെ സ്വന്തം കൈപ്പട". ഇതു നീലമഷിയിലാണു എഴുതിയിരിക്കുന്നത്. അതുപോലെ അടിയിൽ "(1) ഈ ചരിത്രത്തിന്റെ രണ്ടാംസാഹ പാമ്പിഴഞ്ഞിരിക്കുന്നു" - ബാക്കി ഭാഗം പൊടിഞ്ഞുപോയിരിക്കുന്നു.

1-17, 200-201 എന്നീ പേജുകൾ എഴുതുന്നതിനുപയോഗിച്ചിട്ടുള്ള മഷിയിൽത്തന്നെ 201-ാം പേജിൽ ചാവറയച്ചന്റെ സുറിയാനിയിലുള്ള സ്വന്തം കൈയ്യൊപ്പുണ്ട്.

ചാവറയച്ചന്റെ കൈപ്പടയ്ക്കു ശേഷമുള്ള ഭാഗം മറ്റു മഷിയിലും കൈപ്പടയിലുമാണ്. 1-17 പേജുകൾ കൂനമ്മാവു മഠത്തിലെ ഒരംഗം എഴുതുന്നതുപോലെയാണ് എഴുതിയിരിക്കുന്നതെങ്കിലും അവിടെ ചാവറയച്ചന്റെ പേരു പറയേണ്ട സ്ഥലങ്ങളിലെല്ലാം വെറും 'പ്രിയോർ' എന്ന വാക്കു മാത്രം ഉപയോഗിച്ചിരിക്കുകയാണ്. ഈ പദംതന്നെയാണു ചാവറയച്ചൻ എഴുതിയിട്ടുള്ള മറ്റെല്ലാ കൃതികളിലും സ്വവാചിയായി ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ 18-ാം പേജുമുതൽ എല്ലായിടത്തും 'പ്രിയോർ' എന്നതിനു പകരം 'ഞങ്ങളുടെ സ്നേഹപിതാവ്' എന്നാണെഴുതിയിരിക്കുന്നത്. അതുപോലെ ലിയോപ്പോൾദു മിഷനറിയെപ്പറ്റി കുര്യാക്കോസച്ചൻ; സാധാരണ എഴുതുന്നതു "മിസ്യോനാരി, മൂപ്പച്ചൻ" എന്നിങ്ങനെയാണ്. 1-17 വരെ പേജുകളിൽ ഈ പദങ്ങളും തുടർന്നു 'ഞങ്ങളുടെ പിതാവ്' എന്നും ഉപയോഗിച്ചിരിക്കുന്നു.

മാത്രമല്ല 1-17 വരെ പേജുകളിൽ 'ഞാൻ' എന്ന ഉത്തമപുരുഷൻ ഏകവചനം ചാവറയച്ചനെ കാണിക്കുന്നതിനും ബഹുവചനം ചാവറയച്ചനേയും ലിയോപ്പോൾദു മിഷനറിയേയും കാണിക്കുന്നതിനുപയോഗിക്കുന്നുണ്ട്.

ഉദാ: P. 2. "ആയതിനാൽ ഞങ്ങൾക്കുണ്ടായിരുന്ന ശരണവും കെട്ടു."

എത്രയും പെ. ബ. ലെഒപ്പോൾദ് മര്യ ദെ സംജുസെ എന്ന മൂപ്പച്ചൻ ചെയ്ത വേലയാലും.

ഒട്ടും താമസിയാതെ ഈ കൂനമ്മാവ് കൊവേന്തയിൽ വന്നുപാർത്തു.

P. 3. പെ. ബ. മൂപ്പച്ചനോടു ... ... കുമ്പസ്സാരിക്കയും

P. 4. പല പ്രകാരേണയും മൂപ്പച്ചൻ പരീക്ഷിക്കയും

P. 6. മൂപ്പച്ചൻതന്നെ ചുറ്റിനടന്ന്

P. 7. മൂപ്പച്ചനും പ്രിയോരച്ചനും പലദിവസം വരുകയും

P. 9. പ്രിയോരച്ചൻ അറിവിച്ചിരുന്നതിനാൽ സഹോദരി ക്ലാര ഇതായത് സുറിയാനിക്കാരായ വൈയ്ക്കത്തുപള്ളി ഇടവകയിൽ പുത്തനങ്ങാടിയിൽ കൊച്ചുവർക്കി എന്നയാളാൽ പിറക്കപ്പെട്ട ഏലിശ്വാ......

P. 5. അവർക്കുള്ള വല്യ വെന്തീഞ്ഞകളും ഞങ്ങൾ തയിച്ചുകൊണ്ടുവന്നു... നമുക്കുള്ള റേഗുളപുസ്തകം - ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഉത്തമ പുരുഷ ബഹുവചനം കര്യാക്കോസച്ചനേയും മിഷനറിയേയുമാണ് കാണിക്കുന്നത് എന്നതു വളരെ വ്യക്തമാണ്.

## ആന്തരിക രഹസ്യങ്ങൾ

ഇനിയും 9-ാം പേജിൽ സ. ക്ലാരയെപ്പറി പറയുമ്പോൾ വീട്ടിൽ അവൾ നയിച്ചിരുന്ന ജീവിതരീതിയെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. കുര്യാക്കോസച്ചൻ ഈ സ. ക്ലാര വീട്ടിലായിരുന്നപ്പോൾ അവളുടെ ആത്മപിതാവായിരുന്നു. അവിടെ പറയപ്പെടുന്ന കാര്യങ്ങൾ ഒരു ആത്മപിതാവുമാത്രം അറിയുന്ന കാര്യങ്ങളാണ്. അതെസമയം 35-ാം പേജിൽ ഒരു പ്രംസീസ്കായെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. പക്ഷെ 9-ാം പേജിൽ കാണുന്ന ആന്തരികരഹസ്യങ്ങളൊന്നും അവിടെ കാണുന്നില്ല. ഇവയെല്ലാം ചൂണ്ടിക്കാണിക്കുന്നത് ഈ ഗ്രന്ഥത്തിലെ 1-17, 200-201 പേജുകളുടെ കർത്താവു കുര്യാക്കോസ് ഏലിയാസച്ചനാണെന്നുതന്നെ.

## വിശ്വസനീയതയും സ്വീകാര്യതയും

ഇതിൽ ചുരുക്കം ചില തിരുത്തലുകളുണ്ട്. അത് ഗ്രന്ഥകർത്താവിന്റെ കൈപ്പടയിലും അതേ മഷിയിലുമാണ്. ഇതിൽ പ്രതിപാദിക്കപ്പെടുന്ന സംഗതികൾ മാന്നാനം കൊവേന്തയിലെ നാളാഗമത്തിലും മറ്റു ചില ചരിത്രപുസ്തകങ്ങളിലും ഉണ്ട്. ഇവ പരസ്പരം പൂർണ്ണമായി യോജിക്കുന്നു. തന്നിമിത്തം ഈ കൃതി ചരിത്രപരമായി പൂർണ്ണമായി വിശ്വസനീയവും സ്വീകാര്യവുമാണ്.

കേരളസഭാചരിത്രപരമായി പ്രാധാന്യമർഹിക്കുന്ന 'നാളാഗമങ്ങൾ' സജ്ജനസമക്ഷം ഞങ്ങൾ സാദരം സമർപ്പിക്കുന്നു.

പ്രസിദ്ധീകരണ കമ്മിറ്റി

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| I. | **മാന്നാനം നാളാഗമം ഒന്നാം വാല്യം** | |
| | പാലക്കലച്ചന്റെ പ്രവർത്തനങ്ങൾ | 39 |
| | പോരൂക്കര: വിക. അപ്പ: സിക്രട്ടറി | 40 |
| | മാന്നാനം കൊവേന്ത സ്ഥാപനത്തിനനുവാദം | 41 |
| | പണപ്പിരിവ് | 42 |
| | മാന്നാനം കൊവേന്തയുടെ ആസ്ഥാനം | 55 |
| | മാന്നാനത്ത് ആദ്യത്തെ ദിവ്യബലി | 64 |
| | മാന്നാനത്ത് സന്യാസജീവിതം തുടങ്ങുന്നു | 65 |
| | കുടക്കച്ചിറയുടെ നേതൃത്വത്തിൽ എതൃപ്പ് | 74 |
| | മാന്നാനത്തു പ്രസ്സ് സ്ഥാപിക്കുന്നു | 83 |
| | പോരൂക്കര തോമ്മാച്ചനും<br>ചാവറ അച്ചനും മല്പാൻസ്ഥാനം | 85 |
| | പോരൂക്കര അച്ചന്റെ രോഗവും മരണവും | 95 |
| | പാലക്കലച്ചന്റെ ചരിത്രം | 99 |
| | കാനോന നമസ്കാരം ജപിക്കുന്ന പൂർവ്വരീതി | 106 |
| | പള്ളികളിൽ സിമത്തേരി, കുമ്പസ്സാരക്കൂട്, ദർശനം<br>ഇവ സ്ഥാപിക്കുന്നു | 112 |
| II. | **മാന്നാനം നാളാഗമം രണ്ടാം വാല്യം** | |
| | ചാവറ അച്ചന്റെ വ്രതാനുഷ്ഠാനവും മാന്നാനത്തെ<br>സന്യാസസഭയുടെ കാനോനിക സ്ഥാപനവും | 117 |
| | മാന്നാനത്തെ മണി അഭിഷേകം | 121 |
| | കൂനമ്മാവു കൊവേന്ത മാന്നാനത്തിനു നൽകപ്പെടുന്നു | 124 |
| | എൽത്തുരുത്തു കൊവേന്ത സ്ഥാപനം | 126 |
| | പ്ലാശനാൽ കൊവേന്ത | 127 |
| | വാഴക്കുളം കൊവേന്ത സ്ഥാപനം | 129 |
| | മാന്നാനത്തെ സന്യാസസമൂഹം ക.നി.മൂ.സ.<br>ആക്കുവാൻ ശ്രമം | 131 |
| | റോക്കോസ് കലാപം | 133 |
| | സർവ്വരാലും പരിത്യക്തനായ അവുദീശോ മെത്രാൻ | 160 |

കൂനമ്മാവിൽ കന്യാസ്ത്രീ മഠസ്ഥാപനം 170
പിടിയരി ഏർപ്പാട് 173
മഠത്തിനു പുതിയ കെട്ടിടം 176
തിരുവിതാംകൂർ മഹാരാജാവ് വരാപ്പുഴയിൽ 179
കൊവേന്തകളിൽ നാല്പതുമണി ആരാധന തുടങ്ങുന്നു 182
അമ്പഴക്കാട്ടു കൊവേന്ത തുടങ്ങുന്നു 187
ബർണ്ണ: മെത്രാ: മരണവും ലെയോനാർദിന്റെ വാഴ്ചയും 189
മാളയിൽ കൊങ്കിണി സ്ത്രീയുടെ മാനസാന്തരം 191
വികാരി അപ്പ: ഒന്നാം വത്തിക്കാൻ സൂനഹദോസിന്ന് 196
തിരുസിംഹാസനവും പോർത്തുഗലും
തമ്മിൽ കൊങ്കർദാത്ത് 203
പ്രിയോരച്ചൻ ഭരണങ്ങാനത്തിന് 209
കാനോനിക സന്ദർശന നിശ്ചയങ്ങൾ 211
മാന്നാനത്തെ സന്യാസസഭ ക.നി.മൂ.സ. ആക്കുന്നു 212

**III. പല പഴയ ചരിത്രങ്ങൾ**

കേരളത്തിൽ എന്തുകൊണ്ട് പുണ്യവാന്മാരുണ്ടായില്ല 217
കുറവിലങ്ങാടു യോഗം 222
ദനഹാ കേരളത്തിൽ 224
കുടക്കച്ചിറ അന്തോനിക്കത്തനാർ 228
കുടക്കച്ചിറ അന്തോനിക്കത്തനാർ 233
റോക്കോസിന്റെ മെത്രാഭിഷേകം 235
റോക്കോസ് കേരളത്തിൽ 237
പള്ളിപ്പുറം യോഗം 251

**IV. മാന്നാനത്തു സന്യാസമൂഹത്തിന്റെ ആരംഭം**

**V. അമ്പഴക്കാട്ടു കൊവേന്ത നാളാഗമം**

അമ്പഴക്കാട്ടു സ്ഥലത്തിന്റെ പാവനത 255
കൊവേന്ത സ്ഥാപനത്തിനാലോചന 257
കണിച്ചായി ഇട്ടൂപ്പിന്റെ ദാനം 258
അമ്പഴക്കാട്ടു കൊവേന്തക്കു കല്ലിടുന്നു 272

**VI. കൂനമ്മാവു മഠം നാളാഗമം**

കന്യാസ്ത്രീമഠത്തിന്റെ ആവശ്യകത 278
മഠം സ്ഥാപനത്തിനാലോചന 280
ചാവറ അച്ചൻ ആദ്യത്തെ പനമ്പു മഠം സ്ഥാപിക്കുന്നു 282
ആദ്യഅംഗങ്ങളുടെ ജീവിതരീതി 288

# ദെർശന വീടുപണിവക വർത്തമാനം

## ഒന്നാം തുടക്കം

(P. 15)[1] ബെഹുമാനപ്പെട്ട ഞങ്ങളുടെ പള്ളിപ്പുറത്തെ പാലയ്ക്കൽ തൊമ്മായെന്ന പേരു വിളിക്കപ്പെട്ട മല്പാനച്ചനൊടുകൂടെ പഠിച്ചതിൽ ഒരുത്തെൻ കുറയപ്പെട്ടവൻ ചാവറ കുറിയാക്കോസ കത്തനാര എഴുതിയതു.

ബെഹുമാനപ്പെട്ട ഞങ്ങളുടെ മല്പാനച്ചൻ ഞങ്ങളെ പടിപ്പിച്ചിരിയ്ക്കുമ്പൊൾ ആദെഹത്തിന്റെ ഏറിയ പ്രയത്നത്താൽ എജമാനമ്മാരെ

**പാലക്കലച്ചന്റെ[2] പ്രവർത്തനങ്ങൾ**

ബൊധിപ്പിച്ച ആ പള്ളിയിലും പിന്നെയും ചില പള്ളികളിലും കൊഗ്രഹീസ്യാ[3] എന്ന കർമ്മലമാതാവിന്റെ ദെർശനപെരുന്നാൾ ഉണ്ടാക്കി ഘൊഷിച്ചിരിക്കയിൽ ആദെഹത്തിന്ന ഏറ്റിയ്ക്കപ്പെട്ട സ്നെഹകാരനായി ബഹുമാനപ്പെട്ട പൊരൂക്കരെ തൊമ്മാക്കത്തനാരച്ചനും കൂടിയിവരിരുപെരും കൂടി ഈ മലയാളത്തിൽ പട്ടക്കാരർക്കുപൊലും ഒരു തപസ്സ‌ഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്ക വീഴ്ചയായിരിക്കകൊണ്ടും പല പ്രകാരത്തിലും പട്ടക്കാരർക്ക എംകിലുമൊര ദെർശനവീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ ആയതിനൊരു സഹായമാരുമില്ലായ്ക (P.16) കൊണ്ട വൈദിച്ചപെക്ഷിച്ചിരിയ്ക്കുമ്പോൾ ദെയവസഹായത്താൽ ബഹുമാനപ്പെട്ട ബൊംബെയുടെ വികാരി അപ്പസ്തോലിയ്ക്ക ആയ മാർ മൌറെലിയൊസദൊലിയ്ക്ക[4] എന്ന മെത്രാനച്ചൻ യിവിടെയ്ക്കുവന്ന മാർ ലെയൊൻ പത്താമത എന്ന ശു. മാർപ്പാപ്പായുടെ കല്പനയാൽ

1. ആദ്യത്തെ 14 പേജുകൾ ആമുഖത്തിൽ പറഞ്ഞിരിക്കുന്നതുപോലെ കണിയാന്തറ യാക്കോബെഴുതിയ സ്ഥാപനചരിത്രമാണ്.
2. ഖണ്ഡികയുടെ ഇടക്കു കാണുന്ന ഉപശീർഷകങ്ങൾ ഞങ്ങൾ ചേർത്തിരിക്കുന്നതാണ്.
3. Congregatio എന്ന ലത്തീൻ പദമായിരിക്കണം ഇതിന്റെ മൂലം. സമൂഹം എന്നർത്ഥം.
4. മൗറീലിയൂസ് സ്തബിലീനി മെത്രാന്റെ സ്ഥാനിക മെത്രാസനമാണ് ദോലിക്കാ.

വരാപ്പുഴയ്ക്ക ഇന്തിരീനാ[1] വികാരി അപ്പസ്തൊലിയ്ക്കായായിട്ടു വാഴുകയിൽ ഞങ്ങളുടെ മല്പാനച്ചൻ മുൻ പിയോസ ഏഴാമത് എന്ന ശുദ്ധ മാർപ്പാപ്പയുടെ കാലത്തിൽ വരാപ്പുഴെ വികാരി അപ്പസ്തൊലിയ്ക്കാ ആയിട്ടു വാണിരുന്ന മാർ റൈമുന്തു സൂര്യാ[2] എന്ന മെത്രാനച്ചന്റെ സെക്രത്താരി ആയിട്ട പാർത്തിരുന്നതിനാൽ പിന്നത്തെതിലുണ്ടാകുന്ന എജമാനന്മാരുടെ ഗുണദൊഷങ്ങൾ ഒക്കെയ്ക്കും മല്പാനായി ഞങ്ങളെ പഠിപ്പിച്ചു തുടങ്ങിയതിന്റെ ശെഷവും വിളിയ്ക്കുമാറായിരുന്നു. അപ്രകാരം ബഹുമാനപ്പെട്ട മാർ മൌറെലിയൊസ എന്ന മെത്രാനച്ചനും വിളിച്ച ഒന്നുകിൽ സെക്രത്താരി ആയിട്ട അവിടെ പാർക്കണം. ആയതല്ലങ്കിൽ യിപ്രകാരം വിശ്വാസമുള്ള (P.17) തിൽ ഒരു പട്ടക്കാരനെയിവിടെ നിർത്തണമെന്നും കല്പിയ്ക്കയാൽ ഞങ്ങളുടെ മല്പാനച്ചന്ന ഈ പടിത്വമെന്ന വെല ഉപെക്ഷിപ്പാൻ വഹിയായ്ക കൊണ്ട ആദെഹത്തിന്റെ സ്നെഹകാരൻ ബഹുമാനപ്പെട്ട കല്ലൂർക്കാട്ടു പള്ളിയിടവകക്കാരൻ മെലെഴുതിയ പൊരൂക്കരെ തൊമ്മാകത്തനാരച്ചൻ കൊല്ലത്ത തംകചെരിൽ പുത്തൻപള്ളിയുടെ വികാരിയായി പാർത്തിരിയ്ക്കകൊണ്ട അവിടെ ഞങ്ങളുടെ മല്പാനച്ചന്റെ കൂടെ പടിച്ചതിൽ ഒരുത്തൻ കൊയിൽമുക്കുപള്ളിയിടവകക്കാരൻ വെട്ടിയതൊട്ടുംകൽ തൊമ്മാകത്തനാരച്ചനെ വികാരിയായിട്ട മെത്രാനച്ചൻ കല്പിച്ചുവച്ച മെലെഴുതിയ പൊരൂക്കരെ തൊമ്മാകത്തനാരച്ചനെ വരുത്തി ബഹുമാനപ്പെട്ട മെത്രാനച്ചന്റെ സെക്രത്താരിയായിട്ടു കല്പിച്ചുനിറുത്തി. യിങ്ങനെയിരിയ്ക്കയിൽ അഞ്ഞൂറ്റിപരുഷ എന്നു വിളിക്കപ്പെട്ട ജനത്തിൽ നിന്നു മുമ്പിനാൽ പട്ടസുഖം കൈക്കൊണ്ടു ബഹുമാനപ്പെട്ട പസ്കാൾ വയിളൊന്റെ ദെ ജശൂ സമരിയ[3] എന്നു പെരു വിളിയ്ക്കപ്പെട്ട പാദ്രിഅച്ചൻ[4] ബൊംബയിൽ പാർക്കയിൽ ഈ നമ്മുടെ മെത്രാനച്ചൻ അവിടെ വന്ന (P.18) ഈദെഹത്തിന്റെ സുഭാവവും പുണ്യശീലവും അറിവും

പൊരൂക്കരയെ സെക്രട്ടറിയായിട്ടു നിയമിക്കുന്നു

1. ഇറ്റാലിയൻ മൂലം "Interina" 'താല്ക്കാലികമായ' എന്നർത്ഥം. തിരുസിംഹാസനം മൗറേലിയൂസ് മെത്രാനെ തല്ക്കാലത്തേക്കു മാത്രമായിട്ടാണ് വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയി നിയമിച്ചത്.
2. റെയ്മണ്ട് മെത്രാന്റെ സ്ഥാനിക മെത്രാസനമാണ് സൂര്യ.
3. Paschal Baylon de Jesu Maria - ഉച്ചാരണത്തിൽ വരുന്ന വ്യത്യാസമാണ് കൈയെഴുത്തിൽ കാണുന്നത്.
4. Padre എന്ന ഇറ്റാലിയൻ പദത്തിനു സമാനമാണ് father, അച്ചൻ എന്ന പദങ്ങൾ. എന്നിരുന്നാലും ഉപയോഗം കൊണ്ട് Padre എന്ന പദം ലത്തീൻ വൈദികരുടെ സാമാന്യനാമമായിത്തീർന്നിരുന്നു, അന്ന്.

നെറിവും കണ്ട വിശ്വാസമുള്ള മന്ത്രിയായിട്ടും ആദെഹത്തിന്റെ കൊംപെസ്സൊരായിട്ടും[1] തിരഞ്ഞെടുത്തുയിവിടെയ്ക്കു വന്നപ്പൊൾ കൂടെ കൊണ്ടുപൊരികയും എശമ്മിനദൊരായിട്ടു[2] കല്പിക്കയും യിങ്ങനെ യിവരിരുവരും സെക്രത്താരിയായിട്ടും എശമ്മിനദൊരായിട്ടും ബ. മെത്രാനച്ചനൊടുകൂടെ പാർത്തിരിയ്ക്കയിൽ ഞങ്ങളുടെ മല്പാനച്ചനും യിവരു മൂവരുമൊരുമനസ്സായി മുമ്പിനാൽ നിരൂപിച്ചിരുന്ന കാര്യം അതായതു തപസ്സു ഭവനം തീർക്കണമെന്നിങ്ങനെ നിരൂപിച്ച ക്ലെശിച്ചപ്പോൾ എന്റെ നാമത്തിൽ യിരുപെരുമൂവരു കൂടപ്പെടുയെന്നയവിടെ നിങ്ങളുടെയിടയിൽ ഞാനെന്നും ചൊദിപ്പിൻ നിങ്ങൾക്കു കിട്ടപ്പെടും എന്നിങ്ങനെയുള്ള നമ്മുടെ കർത്താവിന്റെ അരുളപ്പാടിനു തക്കവെണ്ണം ഇവരുടെ ഉത്സാഹത്താലും അപെക്ഷയാലും, പുണ്യത്തിന്നുടെ കണ്ണാടി എന്നതുപൊലെ നൊയമ്പും, നമസ്ക്കാരവും ഉറക്കമൊഴിച്ചിലും യിങ്ങനെയുള്ള വെലയിൽ അനുഷ്ടിച്ചിരിക്കുന്ന ബ. മെത്രാനച്ചന്റെ തിരുമനസ്സിൽ ഈ അവസ്തകൾ ഏറ്റിയപ്പോൾ (P.19) ദാഹിയ്ക്കപ്പെട്ട ഭൂമി മഴവരുഷത്താൽ തെളിയും വണ്ണവും ഈ അവസ്തകെട്ടപ്പോൾ പുണ്യദാഹത്താൽ ദാഹിയ്ക്കപ്പെട്ടിരിക്കുന്നയച്ചൻ ഏറ്റിയ്ക്കപ്പെട്ട തെളിവാൽ തെളിഞ്ഞയിവരുടെ അപെക്ഷയിൽ കൂടപ്പെട്ട മനസായി തെളിഞ്ഞ തമ്പുരാന്റെ മുഖമന്വെഷിയ്ക്കുന്നവരും ഈ വെലയ്ക്കു ദാനധർമ്മം ചെയ്യണമെന്നിങ്ങനെ ഒരു പത്തേംതി.[3]

കൊവേന്ത സ്ഥാപനത്തിനു അനുവാദം

ബഹുമാനപ്പെട്ട അച്ചന്റെ കൈയെഴുത്താൽതന്നെ മലയാം എഴുത്തിൽ എഴുതിയിരുന്ന ദാനധർമ്മമായിട്ടും ബ. അച്ചൻതന്നെ മുമ്പിനാൽ യിവരുടെ കൈയ്യിൽ അതായതു ഞങ്ങളുടെ മല്പാനച്ചന്റെയും പൊരൂക്കരെ അച്ചന്റെയും കയ്യിൽ 200 കമ്പനിരൂപായും കൊടുത്തയിതിന്നു വെല ചെയ്‌വാൻ യിവരുരണ്ടുപെരയും കഴലപ്പടുത്തിയിവരിരുപെരുമിറങ്ങി. വെല ചെയ്കയും ബ. പസ്ക്വാൾ പാദ്രി അച്ചൻ പെരികെ. ബ. മെത്രാനച്ചന്റെ പക്കൽതന്നെ പാർക്കുന്നുവെന്നുവരികിലും ഇവരെപ്പൊലെയുള്ള ഉത്സാഹവും വെലയും അവിടെ

കൊവേന്ത സ്ഥാപനത്തിനു ഉദാരമായ സംഭാവനകൾ

1. ഇറ്റാലിയൻമൂലം. കുമ്പസാരക്കാരൻ എന്നർത്ഥം.
2. Essaminador എന്ന പോർച്ചുഗീസ് പദം, മെത്രാസനകച്ചേരികളിലെ ഇന്നത്തെ ചാൻസലർ.
3. പത്തേംതി. ഈ പദം പല രൂപത്തിൽ എഴുതിക്കാണുന്നുണ്ട്. പത്തേംതി, പത്തേന്തി എന്നിങ്ങനെ. Patente എന്ന ഇറ്റാലിയൻ പദം മലയാളീകരിച്ചതാണ്. നിയമനപത്രം എന്ന അർത്ഥത്തിൽ ഇന്നും വൈദികഭാഷയിൽ ഉപയോഗത്തിലുണ്ട്.

പാർത്തു ചെയ്തുവരികയും ഇങ്ങനെ വിചാരിച്ചു വെരുമ്പോൾ (P.20) തുലാമാസം .........1-ാംനു കൊയിൽമുക്കപള്ളിയിൽ പെരുന്നാൾക്കായിട്ടും പത്തെന്തി കാണിച്ചു കിട്ടുന്നതിനെ വാങ്ങിപ്പാനായിട്ടും യിവരിരുപെരും കൂടെ അവിടെയ്ക്കു പോകുംവഴി കല്ലൂർക്കാട്ടു പള്ളിയിൽ കയറി അവിടെ അന്നു നാരകത്ത്രയിൽ ലൂക്കാകത്തനാരച്ചൻ വികാരിയായിട്ടു ഭരിച്ചുവരികയാൽ ആദെഹത്തിനൊടും ശെഷം പട്ടക്കാരരൊടും യൊഗക്കാരൊടും ഈയവസ്ഥ ബോധിപ്പിച്ച 200 രൂപായ്ക്ക് 1000 പറ നെല്ല തരത്തക്കതിൻവണ്ണം നിശ്ചയിച്ച വികാരിയച്ചന്റെ ഒപ്പും പത്തെംതിയിൽ വച്ചുകൊടുത്ത അവിടെനിന്നും കൊയിൽ മുക്കിന്നു ചെന്നു പെരുന്നാൾ കഴിഞ്ഞ അന്നവിടെ ഞങ്ങളുടെ മല്പാനച്ചന്റെ ശിഷ്യൻ തെക്കെടത്ത പീലിപ്പോസകത്തനാരച്ചൻ വികാരിയായിരിക്കകൊണ്ട ആദെഹത്തിനോടു ചെഷംപെരോടും ഈ അവസ്ഥ ബോധിപ്പിച്ച പത്തെംതിയും കാട്ടിയാറെ അവരെല്ലാവരുംകൂടി മനസായി പള്ളിയിൽനിന്നും 400 രൂപായിക്ക 10000 ചക്രം കൊടുക്കത്തക്കവണ്ണം (P.21) നിശ്ചയിച്ച പൂട്ടു തുറന്ന ചക്രം പതിനായിരവും കൊടുക്കയും ചെയ്തു. ആയതു വാങ്ങിക്കൊണ്ടു പള്ളിപ്പുറത്തു വന്ന അച്ചൻ അവിടെ പാർക്കുകയും പൊരൂക്കരെ അച്ചൻ ബ. മെത്രാനച്ചന്റെ അടുക്കൽ പോകയും ചെയ്തു. അന്നു ബ. മെത്രാനച്ചൻ അർത്തുംങ്കൽ മാർ അന്ത്രയോസ ശ്ലീഹായുടെ പള്ളിയിൽ പാർത്തിരിക്കുന്നു. എന്നാൽ അവിടെ വരുവാനും പാർപ്പാനുമുള്ള സംഗതിയാകുന്നതു ബ. അച്ചന്നു വികാരി അപ്പസ്തൊലിയ്ക്കായുടെ സ്ഥാനം കിട്ടിയപ്പോൾ ആദെഹത്തിന്റെ ന്യായവും നെറിവും കണ്ട അഞ്ഞൂറ്റിപരുഷ എന്നു വിളിക്കപ്പെട്ട ജനങ്ങൾ അവരുടെ സ്വന്ത ജാതിയിൽ പട്ടക്കാരെ അവർക്കുണ്ടാക്കി കൊടുക്കണമെന്ന സംകടം ബൊധിപ്പിയ്ക്കകൊണ്ടു ആ ഞായം ബ. അച്ചൻ കെട്ടപ്പോൾ അവർക്കു പട്ടമെന്ന കൂദാശ കൊടുക്കുന്നതിനു യാതൊരു മുടക്കില്ലാതെയിരിയ്ക്കുമ്പോൾ ഭെദം ചെയ്യുന്നത മിശിഹാടെ മാർഗ്ഗത്തിനു ചെരുന്നതല്ലാ എന്നും കാൺകകൊണ്ട ആയതിനൊടു മറുതലിച്ചയിവർക്കി കൂദാശ കൊടുക്കുന്നത സംകടമെന്നും കൊടുക്കുന്നുവെന്നു (P.22) വരികയാൽ വഴക്കുണ്ടാകും എന്നും പറഞ്ഞു വരുന്ന തൊപ്പാസന്മാരുടെയും[2] എഴുന്നൂറ്റി

പണപ്പിരിവ്

അഞ്ഞൂറ്റിക്കാരും എഴുന്നൂറ്റിക്കാരും തമ്മിലുള്ള വഴക്ക്

1. തീയതി പൂർത്തിയാക്കുന്നതിനുള്ള സ്ഥലം വിട്ടിരിക്കയാണ്.

2. ആംഗ്ലോ ഇൻഡ്യക്കാർ, അഞ്ഞൂറ്റിക്കാർ, എഴുന്നൂറ്റിക്കാർ, തൊപ്പാസന്മാർ എന്നിങ്ങനെ പല വിഭാഗങ്ങൾ ഉണ്ടായിരുന്നു ലത്തീൻ കത്തോലിക്കരുടെ ഇടയിൽ.

പരുഷക്കാരുടെയും കൂട്ടത്തിൽനിന്നു പടിച്ചു പാർത്തിരിക്കുന്നൂവെന്ന ക്ലെളിമാരൊടു കല്പിച്ച ഒരു കടലാസ എഴുതി അതായതു അഞ്ഞൂറ്റി പരുഷക്കാരർക്കു പട്ടം കൊടുപ്പാൻ ന്യായമുണ്ടെന്നും ആയതിനു ഞങ്ങൾക്കു സംകടമില്ലെന്നും യിങ്ങനെ എഴുതിയ കടലാസ അവരുടെ പക്കൽ കൊടുത്ത യിതിൽ ഒപ്പുവയ്ക്കണമെന്നും കല്പിച്ചാറെ ഞങ്ങളുടെ വികാരിമാരൊടും കാരണവന്മാരോടും പോയി വിചാരിച്ചവരണമെന്നും പറഞ്ഞുംകൊണ്ടു സിമനാരിയിൽനിന്നും പൊയി ഉണ്ടായ വർത്തമാനങ്ങൾ ചെഷം പെരൊടു കെൾപ്പിച്ചാറെ ആയതു നിങ്ങൾ ചെയ്യരുതെന്നും അവരെ വിലക്കിന്നു തന്നെയുമല്ല അവരാ പള്ളിക്കാരെകൂടി ബ. അച്ചന്നു ഒരു സംകടം എഴുതി. അതായതിവർക്കു പട്ടം കൊടുക്കുന്നതു സംകടമെന്നും കുറവെന്നും യിങ്ങനെ ഏറിയ വാശകത്തിൽ എഴുതി ബൊധിപ്പിച്ച ഈ സംകടം ബ. അച്ചൻ കണ്ടപ്പൊൾ യിവര ന്യായത്തിനടുത്ത സംകടമല്ലായിവരുടെ സിദ്ധാന്തമാകുന്നൂവെന്ന ബൊധിച്ച ദെയ്പന്യായത്തിന്റെ (P.23) നീതിയും ക്രമവും പല സാക്ഷികളാൽ ഒപ്പിച്ചും കൊണ്ടു ഏറിയ വാശകത്തിൽ ഒരു കല്പന എഴുതിച്ച അവർക്കു കൊടുത്തയച്ചാറെ അവരുടെ സിദ്ധാന്തം കൊണ്ട ആയതും അവരു ബൊധിച്ചില്ലാ. അപ്പോൾ യിവര ഞായം ബൊധിക്കുന്നില്ല എന്നും നമ്മുടെ ക്ലെരിമാരൊടു കല്പിച്ചാറെയും അവരും കല്പന അനുസരിക്കുന്നില്ലാ എന്നും ഈ ഞായമൊക്കയും വിചാരിച്ച ചൊല്ലുവിളിയില്ലാത്തവരുടെയിടയിൽ യിരിപ്പാനും ന്യായം ബൊധിക്കാത്തവരെ ഭരിപ്പാനും വശമാകുന്നില്ല. എന്നതിനെക്കൊണ്ട് റൊമ്മയ്ക്കു പൊകത്തക്കവെണ്ണം നിശ്ചയിച്ച ഇങ്ങനെ യിരിക്കയിൽ യിതിനു നാലെട്ടു ദിവസത്തിനു മുമ്പിൽ കന്നിമാസം 13-നു മാർസ്ലീവായുടെ ശെഷം ഒള്ളപട്ടത്തിന്റെ അവധിയ്ക്കു പട്ടമേൾപ്പാൻ ചെമ്മാച്ചൻമാരെ അയയ്ക്കണമെന്നും ഞങ്ങളുടെ മല്പാനച്ചന്നു എഴുതികൊടുത്തയച്ചിരുന്ന കല്പനപ്രകാരം പട്ടമേൾക്കുന്നതിനായിട്ടു ഞങ്ങൾ പലരും, പട്ടം തരുവിപ്പാൻ ഞങ്ങളുടെ അച്ചനും ഇങ്ങനെ ഞങ്ങൾ കന്നിമാസം 10-നു 10 മണി രാത്രിയായപ്പോൾ (P.24) വരാപ്പുഴ കടവിലടുത്തിറങ്ങിയപ്പോൾ പട്ടമില്ലന്നും മെത്രാനച്ചൻ പൊകുന്നുവെന്നും ഇങ്ങനെ ഒരു വർത്തമാനം കേൾക്കയിൽ ഞങ്ങളൊക്കക്കും ഏറിയ ഖേദമുണ്ടായി. അവിടെനിന്നും ബ. മെത്രാനച്ചന്റെ സെക്രത്താരിയായിരിക്കുന്ന പൊരൂക്കരെ അച്ചന്റെ മുറിയിൽ ഞങ്ങൾ കയറിയപ്പോൾ

സ്തബിലിനി മെത്രാൻ പോകാൻ ഒരുങ്ങുന്നു

ശെമ്മാശന്മാർ പട്ടമേല്ക്കാൻ വരാപ്പുഴക്ക്

ഈ വർത്തമാനങ്ങൾ ഒക്കയും പരമാർത്തമായിട്ടിരിക്കയും ചെയ്തു. പിറ്റെ ദിവസം ബ. അച്ചനെ കാണ്മാൻ ഞങ്ങൾ പോയി കൈയും മുത്തിയപ്പൊൾ ഇനിക്ക ബൊധത്തിന്ന സൌഖ്യക്കെടെന്നും അയതു കൊണ്ടീ ദിവസങ്ങളിൽ ഞാൻ കുർബാന ചെല്ലുവാൻ പാടില്ല എന്നതിനെക്കൊണ്ടു പട്ടമേൽപ്പാൻ വന്ന നിങ്ങൾ ക്ലെശിക്കാതെ പൊകണമെന്നും കല്പിക്കയാൽ സംകടപ്പെട്ടുകൊണ്ടു ഞങ്ങളിറങ്ങി പാർത്തു കൊണ്ട ബ. വരാപ്പുഴ അപ്പസ്തോലിയ്ക്ക സെമനാരിയിൽ സുറിയാനി പഠിപ്പിച്ചു പാർക്കുന്ന ഞാറയ്ക്കൽ പള്ളിയിടവക്കാരൻ (P.25)......[1] മല്പാനച്ചനും ഞങ്ങളുടെ അച്ചനും ബ. മലെയാറ്റൂർ പള്ളിയുടെ വിഗാരിയായിരിക്കുന്ന പെരെപ്പാട്ട പൌലൊസ കത്തനാരച്ചനും സെക്രത്താരി ആയിരിക്കുന്ന ഞങ്ങളുടെ പൊരൂക്കരെ അച്ചെനും ത്രിപ്പൂണിത്തുറ പള്ളിയുടെ വിഗാരിയായിരിക്കുന്ന കുഞ്ഞവുരാ കത്തനാരച്ചനും നീണ്ടകര പള്ളിയുടെ വിഗാരിയായ പൌലൊസു കത്തനാരച്ചനും ഞങ്ങളുടെ അച്ചന്റെ ശിഷ്യനായ കൊച്ചുപുരയ്ക്കൽ യാക്കൊകത്തനാരച്ചനും, പിന്നെയും പല പട്ടക്കാരുംകൂടി ബെ. മെത്രാനച്ചൻ ഇപ്പൊൾ പൊകുന്നുവെന്നു വരികിൽ ഇടയനില്ലാത്ത ആടുമാടുകളെ പൊലെ ഞങ്ങളാകുന്നതാകയാൽ ഞങ്ങൾക്കെറ്റിയ്ക്കപ്പെട്ട സങ്കടമെന്നും ആയതുകൊണ്ടിവിടെയിരിപ്പാൻ ബഹുമാനപ്പെട്ട അച്ചനു സൌഖ്യക്കെടെന്നു വരികിൽ ഞങ്ങളുടെ സുറിയാനി പള്ളികളിൽ ബ. അച്ചനു ബൊധിച്ചയിടത്തിൽ ഇരിയ്ക്കണമെന്നും ഇങ്ങനെ ഏറിയ സങ്കടമായിട്ടു ഒരു വിത്തിസം[2] അവരും ഞങ്ങൾ പള്ളിപ്പുറത്തു സിമ്മനാരിക്കാരരും, വാരാപ്പുഴ സിമ്മനിക്കാരെരും രണ്ടു കൂട്ടക്കാരും കൂടെകൂടി ബെ. മെത്രാനച്ചൻ പോകു (P.26)ന്നതു ഞങ്ങൾക്കു സംകടമെന്നും ആയതല്ലെങ്കിൽ ഞങ്ങൾ അഞ്ചു പട്ടം മുതലായ കൂദാശപ്പട്ടക്കാരെ അച്ചനൊടുകൂടെ കൊണ്ടുപോകയും ശേഷം പെരെ ഏതു പ്രകാരത്തിൽ വെണ്ടുമെന്നു അച്ചൻ കല്പിക്കയും അല്ലാതിരുന്നാൽ ഞങ്ങൾക്കെറിയ സങ്കടമെന്നും ആയതിനെക്കൊണ്ടു ഞങ്ങളെയിട്ടും വച്ച പൊകുകയില്ലായെന്നിങ്ങനെ ഒരു നല്ല മറുകല്പന കിട്ടാതെ അച്ചന്റെ മുറിവാതുക്കൽ നിന്ന ഞങ്ങൾ മാറുകയില്ലെന്നും ഇങ്ങനെ ഒരു സങ്കടം ഞങ്ങളും എഴുതിവച്ചാറെ സങ്കടം രണ്ടും എടു

സുറിയാനിക്കാർ മെത്രാനച്ചൻ പോകരുതെന്ന പേക്ഷിക്കുന്നു

1. പേരെഴുതുന്നതിനുള്ള സ്ഥലം വിട്ടിരിക്കയാണ്.
2. Petizione എന്ന ഇറ്റാലിയൻ പദമായിരിക്കണം മലയാള ലിപികളിൽ എഴുതിയിരിക്കുന്നത്, അപേക്ഷ എന്നർത്ഥം.

ത്തു രണ്ടാം പക്കം ഏറിയ വിജാരത്താൽ വിജാരിച്ച ഉത്തീൻ ഭാഷായിൽ – ബെ. അച്ചൻ തന്നെ ഞങ്ങൾക്കു മറുപടി തന്നു. അതായതു – കൽദായ സുറിയാനിക്കാരെരായിരിക്കുന്ന ബെ. കൂടപ്പിറപ്പുകളായ പട്ടക്കാർക്കും സ്നേഹിക്കപ്പെട്ട നമ്മുടെ മക്കളായ ശെമ്മാശന്മാർക്കും എന്തന്നാൽ വിഗാരി അപ്പസ്തോലിക്കായെ കല്പിപ്പാനുള്ള ഒന്നാമത്തെ ദിഷ്ടതി നിങ്ങളെപ്രതി ആയിരിക്കകൊണ്ടും വീണ്ടുമറ്റൊരിടെയനെ യാത്ത്രയാക്കുംവരെയും യിവിടെ പാർക്കണമെന്ന ഇപ്പൊഴും

മെത്രാൻ യാത്ര മാറ്റിവയ്ക്കുന്നു

മുൻമ്പിലത്തെതു കൂടാതെ ശു. പാപ്പായുടെ (P.27) തിരുവെഴുത്തു നമുക്കു വന്നിരിക്കയാലും നിങ്ങളെയുപെക്ഷിച്ചു പൊകയില്ലെന്നും ഇങ്ങനെ ഏറിയവാശകത്തിൽ ഞങ്ങൾക്ക ഒരു മറുപടിയും തന്ന ചെമ്മാച്ചെൻന്മാരായിരിക്കുന്ന ഞങ്ങൾ ഞങ്ങളുടെ സിമ്മനാരിയിൽ പൊരികയും ചെയ്തു, ഞങ്ങളുടെ മല്പാനച്ചെൻ വരാപ്പുഴെ താമസിക്കയും ഈ ദിവസംതന്നെ ബെ. മെത്രാനച്ചൻ പൊകുവാനിരിക്കുന്നുവെന്നുള്ള വർത്തമാനം അഞ്ഞൂറ്റിക്കാറെരായിരിക്കുന്നവരറിഞ്ഞ അവരൊക്കയും ജെനചെകരപ്പെട്ട അഞ്ഞൂറുപെരൊളവും കൂടി വരാപ്പുഴെ ചെന്ന ഞങ്ങൾ ബൊധിപ്പിച്ചതിൻ വണ്ണം ബെഹുമാനപ്പെട്ട അച്ചൻ പൊകുന്നത ഞ

അഞ്ഞൂറ്റിക്കാരുടെ സങ്കടം

ങ്ങൾക്കെറ്റം സങ്കടമെന്നും അവരും സങ്കടം ബൊധിപ്പിച്ചതിന്റെ ശേഷം അവർക്കു തണുപ്പുകൊടുത്തയിതിന്റെ ശേഷം രണ്ടു നാലു ദിവസം കഴിഞ്ഞാറെ ബെഹുമാനപ്പെട്ട അച്ചനും ഞങ്ങളുടെ മല്പാനച്ചെനും സെക്രത്താരിയായ പൊരൂക്കരെയച്ചനും എശമിനിദൊരായ ബെ. പസ്ക്വാൾപാദ്രി അച്ചെനും അഞ്ഞൂറ്റിപരുഷെയിൽ ഉൾപ്പെട്ടവൻ ഇയാൾ ആകെയാൽ കലീത്ത കൊംസാൾവെസ എന്ന ക്ലെരിഗും ഇവരെല്ലാവരുംകൂടെ വരാപ്പുഴനിന്നും യാത്ര പുറപ്പെട്ട എഴുന്നൂറ്റിക്കാരും

മെത്രാൻ അർത്തുങ്കൽ പള്ളിയിൽ

അഞ്ഞൂറ്റിക്കാരും കൂടെ (P.28) ആകുന്നുവെന്നുവെങ്കിലും മുഖ്യപ്പെട്ട പ്രധാനികളും അഞ്ഞൂറ്റിക്കാരാകുന്നു. ആയിടവകയിൽ എന്ന അറത്തുങ്കൽ മാർ അന്ത്രെയോസു ശ്ലീഹായുടെ പള്ളിയിൽ ചെന്നു പാർക്കയും ചെയ്തു അപ്പോൾ. ഒളിയ്ക്കപ്പെട്ട നിക്ഷെപം കണ്ടെത്തിയെന്നവനെപ്പൊലെ യിവര സന്തൊഷപ്പെട്ട–ബ. അച്ചനെ അവരുടെ പള്ളിയിൽ സുഖമാകുംവണ്ണം പാർപ്പിക്കയും ചെയ്തു. ആയതുകൊണ്ടെത്രെ മുൻമൂന്നാം കടുദാസിൽ കാട്ടിയിരിക്കുംവണ്ണം അറുത്തുങ്കൽ പൊയിയെന്ന

## രണ്ടാം തുടക്കം

ഇങ്ങനെ ബെ. അച്ചെനും സെക്രത്താരി അച്ചനും എശമ്മിനി ദൊരച്ചെനും ഇവര അറുത്തുങ്കലും ഞങ്ങളുടെ മല്പാനച്ചൻ പള്ളിപ്പൊറത്തും പാർത്തുവരുമ്പോൾ.

കൊവേന്തക്കു സ്ഥലമന്വേഷിക്കുന്നു

ദെർശനവിടിന്ന സ്ഥലം കാണണമെന്നും നിശ്ചയിച്ച ഞങ്ങളുടെ മല്പാനച്ചെനും പൊരൂക്കരെ അച്ചെനും ആദെഹത്തിന്നു ഒരു വാലിഭക്കാരനായിട്ടു കല്ലൂർക്കാട്ടു പള്ളിയിടവകക്കാരൻ കണിയാന്ത്രെ യാക്കൊയെന്ന പെരുവിളിക്കപ്പെട്ട ഒരു പൈതൽ ആദെഹത്തിനൊടുകൂടെകൂട്ടി ചാരുന്ന മരം നാറുമെന്ന പഴഞ്ചൊല്ലിൽ പറെയും വണ്ണം ഈ പൈതലിന്നും (P.29) നൽവഴി നടക്കണമെന്നുള്ള ആഗ്രഹം വളരെ ഉണ്ടായി എന്നതിനെക്കൊണ്ട അവനും പള്ളിപ്പുറത്തയിടവകയിൽ കല്ലുങ്കൽ എന്ന വീട്ടിൽ ഇട്ടിയയിപ്പ് എന്നയാളും മുൻമ്പിനാൽ ഞങ്ങളുടെ മല്പാനച്ചന്റെ മല്പാനച്ചെനായിരിക്കുന്ന തച്ചിൽ അവുറാഹം മൽല്പാനാദ് കൊല്ലാഹെംദൊ[1] എന്ന പേരു വിളിക്കപ്പെട്ട ദെഹം പള്ളിപ്പുറത്തു പഠിപ്പിച്ചു പാർത്തിക്കുന്നു. അന്ന ആദെഹത്തിന്റെ കൂടെ പല വഴിയും നടന്നറിഞ്ഞിരിക്കുന്നൂ എന്ന യീഴവ പരുഷയിലുള്ള ഇട്ടൻ എന്നവനും ഇവരെല്ലാവരും കൂടെ പുറപ്പെട്ട ഇത്തിപ്പെഴെ ആറ്റിൽ വഴിപോയി വെട്ടിക്കാട്ടുമുക്കും കടന്നു ആ പ്രദെശങ്ങളൊക്കെയും തീരത്തവിടെനിന്നും കട

മുളക്കുളത്ത്

നാട്ടി പാറയെന്നു ചൊല്ലുന്ന യൊഖ്യപ്പട്ട[2] സ്ഥലവും കടന്നു മുളക്കുളത്തു ചെന്നു അവിടെയും തിരഞ്ഞാറെ മനസിണങ്ങിയതിൽ ഒരിടവും കണ്ടില്ലാ പിന്നെത്തെതിൽ ആയിടത്തിൽ പെരിയ പുറത്തു മാത്തൻ എന്ന ഒരു ഗ്രഹസ്ഥൻ ഉണ്ടായിരുന്നു. ഈ വർത്തമാനം ആയാൾ കെട്ടാറെ പെരികെ സന്തോഷിച്ച ഇവരെ കൂട്ടികൊണ്ടു ചെന്ന യാവനെയും കൊടുത്ത ആയിടവകയിൽ പുത്തൻകൂറ്റുകാരും പഴെകൂറ്റുകാരും ഒരുമിച്ചു നടക്കെയിൽ (P.30) വെർവിട്ട പള്ളി

പെരിയപ്പുറത്ത് മാത്തന്റെ ഉദാരത

വൈയ്ക്കണമെന്നും നിശ്ചയിച്ച ഒരു കുന്നുംപുറം മുതലാളനൊട എഴുതിവാങ്ങിച്ചിട്ടിരുന്നു. ആയതു തന്നെയിവർക്കു കൊടുക്കാമെന്നും പറെഞ്ഞ അവിടെ കൊണ്ടുചെന്നു കാട്ടുകയും ചെയ്തു. ആയതുകൊണ്ടാറെ വീതിവിസ്താരത്തിന്റെ ചുരുക്കം കൊണ്ടും കടനാട്ടിപാറയെന്നുള്ളയൊഖ്യം[3] കൊണ്ടും ഏറെ

---

1. സുറിയാനി ശൈലി; ഇൻഡ്യ മുഴുവന്റേയും മല്പാൻ എന്നർത്ഥം.
2. അപകടമുള്ള
3. അപകടം

ത്തന്നെ തെളിഞ്ഞില്ല എന്നുവരികിലും ഇതിൽ നന്നായിട്ടു കണ്ടെ ത്തെയില്ലായെങ്കിൽ ഇതുതന്നെ വെണമെന്നും ഇങ്ങനെ മനസിലിരി ക്കയാൽ ഒന്നും പരിച്ഛേതിക്കാതെ കിട്ടിയാൽ കൊള്ളാമെന്നും ഇങ്ങ നെ പറെഞ്ഞുകൊണ്ട അവിടെ നിന്നും യാത്ര പുറപ്പെട്ട വഴിയിൽ കാ ണുന്ന ഉയെരപ്പെട്ട കുന്നും മലെയും നൊക്കുകയും ആരായുകയും യിങ്ങനെവന്ന കടനാട്ടിൽ പാറെയും കടന്ന അതിനും താഴെ വെട്ടി ക്കാട്ടുമുക്കിനും മെക്ക കളമ്പൂര എന്നു ചൊല്ലുന്ന മണക്ക അടുത്തു അവിടെ ഒരു സ്ഥലം കണ്ടു. ആയതിനെ നോക്കുവാൻ അപ്പോൾ ഞ ങ്ങളുടെ അച്ചനു ക്ഷീണമാകയാലും നേരം അകാലമായി പൊകകൊ ണ്ടും വള്ളത്തിൽതന്നെ കിടക്കയും അപ്പൊൾ വലുതായിട്ടൊരു മരം അവിടെ ഉണ്ടായിരുന്നു. അതിന്റെ (P.31) താഴെ വഞ്ചിയും ചെർത്തി രുന്നു അങ്ങനെ കുറെനേരം കഴിഞ്ഞതിന്റെ ശേഷം മെലെഴുതിയ യാ ക്കൊയും പൊരൂക്കരെ അച്ചനും ഇട്ടിയയിപ്പമാപ്പിളെയും ഈയാളു കൾ സ്ഥലം കാണ്മാൻ ഇറങ്ങി പൊയിരിക്കുന്നൂയെന്നവരു താമസി ക്കെയാൽ വരുന്നൊയെന്നു കാണ്മാൻ ഞങ്ങളുടെ അച്ചൻ നൊക്കിയ പ്പോൾ ഭയംനിറഞ്ഞ ഒരു കാഴ്ച കണ്ടു. അതാ യതു എത്രെയും വലിയ വിഷം നിറയെപ്പെട്ട ഒരു നാഗം ഇവരു കിടക്കുന്നതിനു മീതെയുള്ള മര ത്തിന്റെ ചാഞ്ഞുകിടക്കുന്ന ചഖമേൽ കയറി ചു റ്റിപ്പിണഞ്ഞു പത്തിയും നീട്ടിക്കൊണ്ടിരിക്കുന്നു. അവിടെനിന്നു സാ രം അനങ്ങുന്നൂയെന്നു വരികിൽ ഇവരുടെ വള്ളത്തിന്റെ അകത്തുത ന്നെ വീഴും എന്നതിൻ വണ്ണം ഇരിക്കുന്നു. ഇക്കാഴ്ചകണ്ടു ഏറ്റം ഭയ പ്പെട്ടു വേഗത്തിൽ അവിടെനിന്നും വള്ളം മാറ്റി വെർവിട്ട ഒരു സ്ഥല ത്തിടുകയും അപ്പോൾ പൊയവര വരികയും ഇങ്ങനെ അവിടവും വേ നൽക്കാലത്തിൽ ഓരകടക്കും എന്നതിനാൽ തെളിഞ്ഞില്ല. ഇങ്ങനെ അവിടെനിന്നു പള്ളിപ്പുറത്തു വന്നാറെയിനി പിന്നെയൊരു സമയത്തിൽ ആകട്ടെയെന്നുംവച്ച പൊരൂക്കരെ അച്ചൻ ബഹുമാനപ്പെട്ട മെത്രാനച്ച ന്റെ (P.32) പക്കൽ പൊകയും ചെയ്തു. ഇങ്ങനെ അവരവരുടെ വെല യിൽ അതായതു മല്പാൻ എന്നുള്ള വെലയിൽ ഞങ്ങളുടെ അച്ചനും എശമിനദൊര എന്നുള്ള വെല പസ്കാൾ പാദ്രിയച്ചനും സെക്രത്താരി എന്നുള്ള വെല പൊരൂക്കരെയച്ചനും ഇങ്ങനെയിരിക്കുന്നുയെന്നു വ രികിലും ഏറ്റിയ്ക്കപ്പെട്ട ശ്രദ്ധ ഇതിന്നകൊണ്ടിരിക്കെയാലും ബെഹു. അച്ചനൊടും കൊയിൽമുക്കു പള്ളിക്കാറരൊടും പണം വാങ്ങിവച്ചിരി ക്കയാലും ഇതിനൊരു സ്ഥലം നിശ്ചയിച്ചു തുടങ്ങായ്കയാൽ ഏറ്റവും

വള്ളത്തിനു മുകളിൽ വൃക്ഷത്തിന്റെ ശാഖ മേൽ ഘോരസർപ്പം

വിഷാധിച്ചിരിക്കെയാൽ ഇവരിൽ നിന്നു അകലപ്പെട്ടു പാർക്കുന്നൂ എന്നുവരികിലും ഇവരെപൊലെയുള്ള ശ്രദ്ധ പുക്കിരിക്കുന്നുവെന്ന കൊതമങ്ങലത്തു പള്ളിയിടവകക്കാരൻ മുണ്ടക്കൽ ഇട്ടൂപ്പുകത്തനാരച്ചൻ എന്നദേഹം [1] നു ബെ. അച്ചനെ കാണ്മാനും ഇക്കാര്യം ഏതെല്ലാം പ്രകാരത്തിലായിരിക്കുന്നൂവെന്നു അറിയുവാനുമായിട്ടു പള്ളിപ്പുറത്തുവന്ന അർത്തുങ്കൽ പൊകയും അപ്പൊൾ ഒന്നു പുത്തനായി ഞങ്ങളുടെ എശമിനദൊരച്ചനും സെക്രത്താരി അച്ചനും ഇട്ടൂപ്പു കത്തനാരച്ചനും ഇവരമൂവരും കൂടെ പള്ളി (P.33)പ്പുറത്തുവന്ന ഞങ്ങളുടെ അച്ചനുമായിട്ടു പറെഞ്ഞ ഞങ്ങളുടെ അച്ചന്റെ ശിഷ്യനും ചാർച്ചക്കാരനുമായ ആയിടവകക്കാരനുമായ ബ. മങ്ങലത്തു ചാണ്ടികത്തനാരച്ചനും യിവരൊടുകൂടി മുൻപിൽ പോയ ആറ്റുവഴിക്കുതന്നെ പുറപ്പെട്ടു വെട്ടിക്കാട്ടുമുക്കിനും മെക്കകടന്നാട്ടിപ്പാറെക്കും താഴെ കാവൽ വഴിച്ചെരിക്കും കിഴക്ക് ഉള്ള ചൊമഞ്ചിയെന്നു ചൊല്ലുന്നുവെന്ന ഉയർന്ന ഒരു കുന്നുംപുറം കണ്ടു. ആയതു ഏറിയ വീതിവിസ്താരമുള്ള സ്ഥലം ആകുന്നുവെന്ന തൊന്നുക കൊണ്ടു അവിടെ കയറുവാൻ തുടങ്ങി. കരെക്കിറങ്ങിനടന്നപ്പോൾ പുഴെയിൽ നിന്നും കുറെയധികം നടപ്പുണ്ടു എന്നതിനെക്കൊണ്ടു മനമിടിച്ചുവെന്നു വരികിലും മുകൾ ചെന്നു കാണണമെന്നും വച്ചു നടന്നുകയറിയപ്പോൾ എല്ലാവരും കുഴെച്ചു ഇതിലതികം ഞങ്ങളുടെ എശമിനദൊരച്ചൻ ഭൊജനത്തിന്റെ നെരനിക്കത്തൊലും ഇപ്രകാരമുള്ള കയറ്റം കയറി തഴക്കമില്ലായ്കയാലും ഏറ്റം വിഷമിച്ചു ആലസ്യപ്പെട്ടു എന്നു വരികിലും അതിന്റെ മുകളിൽ ചെന്നപ്പോൾ കാറ്റിന്റെ സൌഖ്യം കൊണ്ടു കുറെ ആശ്വാസമുണ്ടായി. ആയിടം നൊക്കിയപ്പോൾ ഉയർ (P.34)ച്ചെയും വീതിവിസ്താരവും സ്ഥല സൗഖ്യവും നല്ലതുതന്നെയെങ്കിലും വള്ളമടുപ്പാനും താഴെനിന്നും ഒരു വസ്തുക്കൾ കൊണ്ടുപൊകുവാനും പെരുത്തുവിഷമം എന്നതിനെക്കൊണ്ടു മടുപ്പും ഇങ്ങനെ ആകെകൊണ്ടും അവിടവും പരിച്ഛേതിക്കാതെ പൊരികയും ചെയ്തു. ഇങ്ങുവന്നു അവരവരുടെയിടത്തിൽ ഓരൊരുത്തരും പൊകയും ചെയ്തു. ഇങ്ങനെയിരിക്കയിൽ മെൽപറയപ്പെട്ട മുളക്കുളത്തുകാരൻ പെരിയപുറത്ത മാത്തൻ എന്നയാൾ അവരുടെ കുന്നുംപുറം ഇവർക്കു കൊടുക്കത്തക്കതിൻവണ്ണം അവിടത്തെ

വീണ്ടും സ്ഥലമന്വേഷിക്കുന്നു.

തക്കസ്ഥലം ഇനിയും കിട്ടിയില്ല.

1. തീയതി പൂർത്തിയാക്കുന്നതിനു സ്ഥലം വിട്ടിരിക്കുന്നു.

വിഗാരിയച്ചനെയും ശെഷം പെരെയും പറഞ്ഞുബോധിപ്പിച്ചു വികാരിയച്ചന്റെ എഴുത്തും അയാളുടെ എഴുത്തും ഇങ്ങനെ രണ്ടെഴുത്തുകൾ ഞങ്ങളുടെ അച്ചനു കൊടുത്തയെച്ചുയിതിന്നും പരിച്ഛേതിക്കാതെ മറുപടി കൊടുത്തയച്ചു. അങ്ങനെയിരിക്കയിൽ ഞങ്ങളുടെ മല്പാനച്ചനു വാതത്തിന്റെ ദീനംവന്നു വെഷമിച്ചു കിടപ്പിലായി. ഒരു മാസത്തോളം കുർബ്ബാനചൊല്ലാതെയും അരകൂടെ തളർന്നു പോകയാൽ കാല് അനക്കുവാൻ വഹിയാതെയും കിടപ്പിലായിപ്പോയി. അപ്പോൾ ഞാൻ കുർബ്ബാനചൊല്ലി എന്റെ ഇടവകയാകുന്ന (P.35) ചേന്നൻങ്കരിപ്പള്ളിയിൽ പാർത്തിരുന്നു. കുറെനാൾ ചടപ്പുകെട്ട പള്ളിപ്പുറത്തു വന്നപ്പോൾ വടകരക്കാരൻ ചിറതലെ ആകുസ്തീനൊസു കത്തനാരച്ചൻ കുർബ്ബാനപ്പട്ടമേറ്റ പുത്തൻകുർബ്ബാന ചൊല്ലുവാൻ ഞങ്ങളുടെ അച്ചന്റെ ശിഷ്യനാകയാൽ അച്ചനെ വാച്ച[1] പ്രകാരത്തിലും കൊണ്ടുപോകണമെന്നുള്ള ദാഹത്താൽ പറെഞ്ഞപ്പോൾ ഈദെഹത്തിന്റെ ആഗ്രഹംപോലെ ദൈവസഹായത്താൽ ചടപ്പിനുകൊറെ ആച്ചുമായി[2] ഞങ്ങൾ സിമ്മിനാരിക്കാരുമായി പുത്തൻകുർബ്ബാനയ്ക്കു പോയി വരുംവഴി മെലെഴുതിയ പെരിയപ്പുറത്തു മാത്തെനെന്നയാളുടെ വീട്ടിൽ വന്ന രാപൊറുക്കെയും നേരം വെളുത്താറെ പൊറോത്തുകാരൻ പൊ. മാപ്പിള എന്നയാൾ വന്നു പൊറോത്തു ഒരു സ്ഥലമുണ്ടെന്നും ആയതു കാണണമെന്നും പറഞ്ഞാറെ സ്ഥലം കാണ്മാൻ പോകുന്നൂയെന്നു പറെയുമ്പൊൾ ചെമ്മാച്ചൻന്മാരു മുതലായവർക്കും പൊരണമെന്നുതുടങ്ങും. എന്നുവച്ചു പള്ളിക്കൽ പൊകണമെന്നും പറഞ്ഞു ഞങ്ങളുടെ അച്ചനും ഈ വർത്തമാനം മാത്തൻ മാപ്പിള അറിഞ്ഞാറെ വീട്ടിടം[3] നിശ്ചയിച്ചു പൊയിയെന്നു വരികിൽ ഇവരുടെ സ്ഥലത്തുനിന്നു നീങ്ങിപൊകും. (P.36) എന്നു നിരൂപിച്ച ഈയാളും ഇവരുടെ കൂടെ ഞാനും. ഞങ്ങൾ അവിടനിന്നും ആറ്റിനക്കരകടന്നു പല മലകളും കുന്നുകളും കയറി ഏകദേശം ഉച്ചതിരഞ്ഞപ്പോൾ കൂട്ടത്തിൽവരികയും അവിടെ നിന്നു ഞങ്ങൾ പള്ളിപ്പുറത്തു വരികയും ചെയ്തു. ഈയിടങ്ങളും നല്ലവണ്ണം തെളിഞ്ഞില്ല. ഇങ്ങനെയിരിക്കയിൽ അതിരമ്പുഴയ്ക്കു കിഴക്ക് പള്ളിക്കുന്നെന്നും പള്ളികയമെന്നും യിങ്ങനെ നല്ലതിൽ ഒരിടമുണ്ടെന്നും വെദകരിയെന്ന

പാലയ്ക്കലച്ചന്റെ രോഗം

വടകരയിലെ പുത്തൻ കുർബ്ബാന

ഇനിയും തൃപ്തിയായ സ്ഥലം കിട്ടിയില്ല

1. വാച്ച - വല്ല
2. ആച്ചുമായി - കുറവായി
3. വീട്ടിടം - വേറെ സ്ഥലം

ഒരിടമുണ്ടെന്നും അതിരമ്പുഴ ഇടവകക്കാരൻ വല്യപറമ്പിൽ തൊമ്മാ കത്തനാരച്ചൻ ഒരെഴുത്തും കൊട്ടെയകത്തൊരിടമുണ്ടെന്നും ആ പള്ളിയുടെ വിഗാരിയായിരിക്കുന്നതു ഉതുപ്പാൻ കത്തനാരച്ചനെന്നദെഹം ഒരെഴുത്തും ഇങ്ങനെ ഈ എഴുത്തുകൾ വരികയാൽ ആ സ്ഥലങ്ങൾ കാണ്മാനായിട്ടു ഞങ്ങളുടെ അച്ചനും പൊരൂക്കരെ അച്ചനും കൂടെ പോയി. ആയിടങ്ങൾ കണ്ടാറെ വെള്ളസൗഖ്യമുള്ളടത്തു സ്ഥലസൌഖ്യക്കേടും സ്ഥലസൌഖ്യമുള്ളടത്തു വെള്ളസൌഖ്യക്കേടും ഇങ്ങനെ ആകയാൽ ആയിടങ്ങളും നല്ലതിൻവണ്ണം തെളിഞ്ഞില്ലാ. അവിടെനിന്നും കുടമാളൂർ ആറ്റുവഴി വന്നപ്പോൾ കുടമാളൂർ പള്ളിക്കു കിഴക്കു (P.37) ഉയർന്നതിൽ പുഴയരികിൽ ഒരു കുന്നുകണ്ടു. അവിടെയടുത്തു കയറി കണ്ടപ്പോൾ സ്ഥലസൌഖ്യംകൊണ്ടും പുഴയരി

കുടമാളൂരിൽ

കിൽ ആകകൊണ്ടും പലയിടത്തിൽ അന്വേഷിച്ചു നടന്നു വിഷമിക്കകൊണ്ടും ആയതുതന്നെ കൊള്ളാമെന്നു നിശ്ചയിച്ചു. പിന്നത്തെതിൽ കുടമാളൂർ പള്ളിയിടവകക്കാരൻ കരിമ്പുമാലിൽ വർക്കിക്കത്തനാരച്ചനെയും സഹായം പിടിച്ചു മെലെഴുതിയ ഏറ്റുമാനൂർ മണ്ടവത്തു വാതിലുൾപ്പെട്ട കുമാരനെല്ലൂർദെശത്തെ പുല്ലരിക്കുന്നു എന്നുപേരുള്ള സ്ഥലംതന്നെ നമുക്കുകൊള്ളാമെന്നും ആയതു അദ്ദേഹത്തിന്റെ പെരിലായിട്ടു പണ്ടാരവകയിൽനിന്നും പതിപ്പിക്കണമെന്നും പറഞ്ഞുബോധിച്ചു പിരിഞ്ഞുപോന്നതിന്റെ ശേഷം ബഹുമാനപ്പെട്ട അച്ചന്റെ പക്കൽചെന്നു ഈ അവസ്ഥകൾ ബോധിപ്പിച്ച കൊയിമ്മയിൽനിന്നും അനുവാദം വാങ്ങിപ്പാൻ ബഹുമാനപ്പെട്ട അച്ചന്റെ കല്പന അപെക്ഷിച്ചപ്പോൾ അന്നു ആക്കിടങ്ക സായിബു ആയിരുന്ന സായിബിന്നയി നിന്നും ഇതുകൂടാതെ കുമ്പളത്തുദേശത്ത ഒരു പള്ളിയും മനക്കൊടത്ത ഒരു കുരിശുപുര (P.38)യും ഇങ്ങനെ മൂന്നു സംഗതിയ്ക്കുമായിട്ടു ഒരു കല്പനയും കൊടുത്തു. ആയതുംകൊണ്ടും ഞങ്ങളുടെ പൊരൂക്കരെ അച്ചൻ തന്നെ പോകതക്കതിൻവണ്ണം നി

പോരൂക്കര കൊല്ലത്ത്

ശ്ചയിച്ചു പുറപ്പെട്ടു. തങ്കച്ചെരിൽ പള്ളിയിൽ ചെന്നപ്പോൾ അന്നവിടെ വിഗാരിയായിരുന്ന മെലെഴുതിയ തൊമ്മാകത്തനാരച്ചൻ അവിടെനിന്നും പോകകൊണ്ടും ഇദ്ദേഹം മുൻമ്പവിടെ വിഗാരിയായിട്ട് ഭരിച്ചിരുന്നതുകൊണ്ടും ആയിടവകക്കാർ ഇദ്ദേഹത്തിനെ കണ്ടപ്പോൾ ഞങ്ങൾക്കൊരു പട്ടക്കാരുമില്ലായ്കകൊണ്ടു വെറൊരുത്തൻ ഉണ്ടാകുംവരെയും അച്ചൻ ഇവിടെനിന്നും പോകരുതെന്നും ഇങ്ങനെ സാധ്യമായി പറകകൊണ്ടും ഇങ്ങു വരുവാനുള്ള ദിഷ്ടതി മനസ്സിനെ വലിക്കുന്നുവെന്നു വരികിലും പള്ളി

മുടങ്ങിപോകുമെന്നുള്ള ക്ലേശമേറ്റമുണ്ടാകെയാൽ അവിടെ താമസിക്കുകയും ചെയ്തു. ഇതിനിടയിൽ ആണ്ടുകുമ്പസാരത്തിന്റെ അവധിയാകകൊണ്ടു ആ അരൂപിയ്ക്കടുത്ത അനിഷ്ടത്താലും വെറോരുത്തരുടെയും സഹായമില്ലായ്കയാൽ ഏറ്റവും വിഷമിച്ചുയിതിനകത്തു സായുബ്ബു തിരുവനന്തപുരത്തു ആകയാൽ അവിടെച്ചെന്നു കണ്ടു ഇദ്ദേഹത്തിന്റെ (P.39) അനുജൻ അന്തോനി എന്നവൻ സായുബ്ബുവിന്റെ ആപ്പസിൽ രായസമായിട്ടു പാർക്കെയാലും സായുബ്ബിന്റെ റെജിഷ്ട്ടരായ മെസ്തരക്ലെമ്മിസ എന്നദ്ദേഹവും മെസ്തരദൊണും എന്നയാളും ദിവാനിജിയുടെ റെജിഷ്ട്ടരായ മെസ്തരലപ്പെർണസ എന്നയാളും ഇങ്ങനെയുള്ളവരുമായിട്ട ഏറ്റവും സ്നേഹമായിരിക്കയാലും ദൈവസഹായത്താലും ഇവരുടെ വെലെയാലും ബെ. അച്ചെന്റെ എഴുത്തും സായുബിന്നു കൊടുത്ത അവിടെനിന്നും ദിവാനിജിയെ ബോധിപ്പിച്ച മറ്റു രണ്ടു സങ്ങതിക്കുള്ള മറുപടി അഞ്ചലയിലും ഇതിന്റെ മറുപടി അതായത് ഈ മെലെഴുതിയ സ്ഥലത്തു ചെറുതായിട്ടൊരു പള്ളിവെക്കുന്നതിനു വിരോധമുണ്ടൊയെന്നും വിജാരണ ചെയ്യത്തക്കതിൻവണ്ണം ഏറ്റുമാന്നൂർ തകശിൽദാരർക്ക ഉത്തരവ ഇദ്ദേഹത്തിന്റെ കൈയിൽ തന്നെ കൊടുക്കുകയും ചെയ്തു. ഇങ്ങനെ ഈ എഴുത്തും ഇതിനു സഹായം ചെയ്വാനായിട്ടു മെലെഴുതിയ മെസ്തരലപ്പർണെസ് എന്നാളുടെ ഒരെഴുത്ത കുഞ്ഞിപണ്ടയാല എന്ന ഉദ്ധ്യൊഹക്കാരെനും[1] ഇങ്ങനെ ചില എഴുത്തുകളും വാങ്ങിച്ചുംകൊണ്ടും അവിടെനിന്നും പുറപ്പെട്ടു. ഇതിനിട (P.40) യിൽ മദരാസ്തെയിൽ ഗൊവർണമെംന്തിൽ ഒന്നാമാൾ ആയിരിക്കുന്ന ഗെവിണെർ സായിബ്ബു അവർകൾ യിവിടെയ്ക്കുവന്നു. എന്നാൽ ഇദ്ദേഹത്തിനോടിയവസ്ഥകൾ ബോധിപ്പിച്ചാൽ ഏതാനും സഹായമുണ്ടാകുമെന്നും നിരൂപിച്ച ഞങ്ങളുടെ പൊരൂക്കരെ അച്ചൻ കൊല്ലത്തുനിന്നും മെലെഴുതിയ റെജിഷ്ട്ടറന്മാരെകൊണ്ട ഇംക്ലേസ ഭാഷെയിൽ ഒരവിത്തിസം എഴുതി. മെലെഴുതിയ യാക്കൊയുടെ കൈയിൽ കൊടുത്തയച്ചു: അന്നു ഞങ്ങൾക്കു പള്ളിപ്പുറ മാർ ദുമനീങ്കൊസ പുണ്യവാളന്റെ പെരുന്നാളായ ഞങ്ങളുടെ സെമ്മിനാരി പെരുന്നാൾ ആയിരുന്നു. അതുകഴിഞ്ഞ പിറ്റേദിവസം തന്നെ കർമ്മലമാതാവിന്റെ പെരുന്നാൾ തുടങ്ങിയെന്നുവരികിലും ഇയ്യാൾ അപ്പോൾ തന്നെ പോകുന്നുവെന്നും – ബെ. അച്ചൻ അയാളെ കാണ്മാനായിട്ടു പോഞ്ഞിക്കരക്കു

ഗവർമ്മേണ്ടനുവാദത്തിനു ശ്രമിക്കുന്നു

മദ്രാസ് ഗവർണറെ സമീപിക്കുന്നു

1. ഉദ്ധ്യൊഹക്കാരെനും – ഉദ്യോഗക്കാരൻ

പോകുന്നുയെന്നും കെട്ട അന്നുതന്നെ ഞങ്ങളുടെ അച്ചനും മെലെഴുതിയ യാക്കൊയും കൂടെ എറണാകുളത്തു ചെന്നപ്പോൾ ബെ. അച്ചനും വിഗാരിജനറാളായി അന്നു വാഴുന്ന വാരാപ്പുഴെ വിട്ടു മൂപ്പൻ (P.41) ആയിരിക്കുന്ന കർമ്മലിത്താദെർശനത്തിൽ ബെ. നിക്ലാവൊസ് എന്ന മൂപ്പൻ പാദ്രി അച്ചനുംകൂടെ അവരുടെ പള്ളിയായ ചാത്തിയാത്ത പള്ളിയിൽ വന്നു പാർത്തിരിക്കുന്നൂവെന്നതിനെകൊണ്ടു അവിടെ ചെന്നു. ബെ. അച്ചനൊടു രഹസ്യത്തിൽ ഈ വർത്തമാനം ബൊധിപ്പിച്ച മെലെഴുതിയ വിത്തിസത്തിൽ ബെ. അച്ചനെക്കൊണ്ടു ഒപ്പു വൈപ്പിച്ച അപ്പൊൾ കൊച്ചിയിൽ മഹാരാജാവും ആയിട്ടുള്ള കൂടിക്കാഴ്ചയും ബെ. അച്ചനുമായിട്ടുള്ള കാഴ്ചയും ബെ. കൊടുങ്ങല്ലൂർ ഗൊവർണ്ണദൊരെച്ചനുമായിട്ടുള്ള കാഴ്ചയും ഇതിനിടയിൽ അയാളുടെ യാത്രയും ഇങ്ങനെ തിടുക്കമായി വന്നിരുന്നതിനാൽ മെലെഴുതിയ മലെയാറ്റൂർ പൌലൊസു കത്തനാരച്ചനും ഒരു സങ്കടം ബോധിപ്പാനായിട്ടു വന്നിരിക്കയാൽ അദെഹത്തിന്റെ പറ്റിൽ ഈ വിത്തിസവും കൊടുത്ത ആ ദേഹവും യാക്കൊയും കൂടെ പൊഞ്ഞിക്കര ചെന്നപ്പോൾ ബെ. ഗെവിണെർ സായ്പു അവർകൾ കൊച്ചിയിൽ കൊയിലകത്തു ചെന്നു മഹാരാജാവുമായിട്ടുള്ള കൂടിക്കാഴ്ചയും കഴിഞ്ഞ (P.42) അപ്പോൾതന്നെ യാത്ത്രയാകകൊണ്ടിട്ടു ഒരിടെ യില്ലായ്കെയാൽ പെരുത്തു വിഷമിച്ചുവെങ്കിലും ആറാണുക്കളുടെയും സായിബുമാരുടെയും യിടയിൽ മെലെഴുതിയ പൌലൊസു കത്തനാരച്ചൻ മങ്കളാവിനകത്തു കടന്നു. അപ്പോൾ അയാളുടെ മകൻ സായിബ ഇദേഹത്തിനെ കണ്ടപ്പോൾ ഈ വിത്തിസം കൈയിലിരിക്കെയാൽ അയാൾ വാങ്ങിച്ചു നോക്കിക്കൊണ്ടു കൊടുക്കയും ഉടൻ തന്നെ ഗെവിർണർ അവർകൾ വന്ന അദെഹത്തിന്റെ കൈയിലും കൊടുത്തു വാങ്ങിച്ചു വായിച്ചു നോക്കിക്കൊണ്ടു കൊടുക്കുകയും ചെയ്തു. മറുത്തരം ഒന്നും കിട്ടിയില്ലാ. ഇതിന്റെ ശേഷം ഞങ്ങളുടെ അച്ചൻ പള്ളിപ്പുറത്തിനു പൊരികെയും ചെയ്തു. ആയിടെക്കു മെലെഴുതിയ വർക്കി കത്തനാരച്ചനെകൊണ്ടു അദ്ദേഹത്തിന്റെ പേരിൽ മുൻകാട്ടിയിരിക്കുന്ന കുന്നുംപുറം പാട്ടമായിട്ടു പതിപ്പിച്ചിട്ടിരിക്കയാൽ പൊരൂക്കരെ അച്ചൻ ഉത്തരവും കൊണ്ടുവന്നു ഉടൻ കുഞ്ഞിപാണ്ടയാലക്കുള്ള എഴുത്തും കൊടുത്ത അയാളുടെ ഒരെഴുത്ത ഏറ്റുമാനൂർ സകശിൽദാർക്കു വാങ്ങിക്കണമെന്നുവച്ചു പുറപ്പെട്ടപ്പോൾ അയാൾ (P.43) കൊച്ചിയിൽ രാജാവും തിരുവാൻകൊട്ടു മഹാരാജാവുമായി നാട്ടകർത്തികൊണ്ട വഴക്കായി

മലയാറ്റൂർ പൗലോസ് കത്തനാരുടെ ശ്രമങ്ങൾ

പോരൂക്കരെ അച്ചൻ അനുവാദത്തിനായി ആലങ്ങാട്ടേക്ക്

രിക്കെയാൽ ആലെങ്ങാട്ടു മണ്ടവത്തും വാതുക്കൽ ആയിരിക്കകൊണ്ടു അവിടെയ്ക്കു പോകുവാൻ പുറപ്പെട്ടപ്പോൾ എറണാകുളത്തു ചെന്നാറെ - എടവകക്കാരൻ ഒരു കത്തനാരച്ചനെ ഒരിടപാടു സങ്ങതിയാൽ എറണാകൊളത്തു കൊടതിയിൽ ബൊധിപ്പിച്ചിരിക്കയാൽ വിജാരിച്ചാൽ സഹായിപ്പാൻ കഴിയുമെങ്കിൽ ആകുന്നതിനെ ചെയ്യണമെന്നും വച്ച അവിടെ ഞങ്ങളുടെ മല്പാനച്ചൻ താമസിക്കെയും പൊരൂക്കരെ അച്ചൻ ആലെങ്ങാട്ടു ചെന്ന കുഞ്ഞിപ്പാണ്ടയാലെയുമായിട്ടു കണ്ട ആദ്ദെഹത്തിന്റെ അനുജൻ അന്തോനിയുമായിട്ടു അഭിമുഖമുണ്ടാകകൊണ്ടും മെലെഴുതിയ റെജിഷ്ടരുടെ എഴുത്തുമുഖാന്തിരത്താലും ആയാൾക്കു തെളിഞ്ഞ വേഗത്തിൽ ഏറ്റുമാനൂർ സകശീൽദാർക്കു വെണ്ടുംവണ്ണം ഒരെഴുത്തും കൊടുത്ത ആയതും കൊണ്ടു എർണാകൊളത്തു വന്ന മെലെഴുതിയ കാര്യത്തിനു ഒരു നിലകാണായ്കകൊണ്ടും ഈ എഴുത്തു കൊടുപ്പാൻ അടിയെന്തിരമാകകൊണ്ടു അവിടെ താമസിപ്പാൻ പാടില്ലായ്കയാലും സങ്കടത്തോടുകൂടെ (P.44) പൊന്നു പള്ളിപ്പുറത്തു വന്നു ഇവരെ രണ്ടു പേരും കൂടെ തെക്കൊട്ടു ചെന്നു പുളിങ്കുന്നു പള്ളിക്കാരുമായിട്ടു പറഞ്ഞ 1000 പറനെല്ലു കൊടുക്കത്തക്കതിൻവണ്ണം 200 പറ നെല്ല് അപ്പോൾ കൊടുക്കയും ചെയ്തു - വാങ്ങിച്ചുകൊണ്ടു അപ്പോൾ ഏറ്റുമാന്നൂ മണ്ഡവത്തു വാതുക്കൽ മുനവടിപറമ്പിൽ കൊച്ചിട്ടിയെന്ന പുത്തൻകൂറ്റുംപിറത്തുള്ള അയാൾ പള്ളിപ്പുറത്തു ചെരിതരകന്റെ വീട്ടിൽ വന്നിട്ടുണ്ടന്ന കേൾക്കയാൾ അവിടെ ചെന്ന കണ്ട തേവലക്കരെ ജെട്ടിജിയുടെ ഒരെഴുത്തുണ്ടായിരിക്കെയാൽ ആയതും

മാന്നാനം സ്ഥാപക പിതാക്കന്മാരുടെ ദൃഷ്ടിയിൽ

കൊടുത്ത ഈ അവസ്ഥ പറെഞ്ഞപ്പോൾ ഈയ്യാൾ ആകുന്ന സഹായം ചെയ്യാമെന്നും പറഞ്ഞൊത്ത അവിടെനിന്നു പോരും വഴിയിൽ മാന്നാനത്തിൽ കൂടെ അതിരംപുഴക്കു പോകുവാൻ വന്നപ്പൊൾ ദൂരത്തിൽ നമ്മുടെ ഈ ബെസ്റൌമ്മയും[1] ഇതിനു വടക്കുപടിഞ്ഞാറുള്ള കുരിയാറ്റം എന്ന കുന്നും കണ്ടപ്പോൾ മെലെഴുതിയ യാക്കൊ കുരിയാറ്റം കാടുകുറ്റി കൂടാതെ തെളിഞ്ഞു കിടക്കുന്നതുകണ്ടു. ആയതു നമുക്കു കൊള്ളാമെന്നു പറഞ്ഞപ്പോൾ അതിൽ നല്ലതും തൊറസ്സും ഇതാകുന്നുവെന്നും വളമുള്ള ഭൂമി ആകകൊണ്ടത്രെ കാടു പിടിച്ചു കിടക്കുന്നുവെന്നും (P.45) ഇങ്ങനെ വർത്തമാനം പറഞ്ഞുകൊണ്ടു അ

1. ബേസ് റൗമാ - സുറിയാനി ശൈലി. ഉയരത്തിലുള്ള വീട്, ഉയർന്ന കുന്ന് എന്ന ർത്ഥം. മാന്നാനം കുന്നിനു പിതാക്കന്മാർ അന്നു നൽകിയ പേരാണിത്.

വിടെ നിന്നും അതിരമ്പുഴക്കു ചെന്നു. അവിടെ ഞങ്ങളുടെ അച്ചന്റെ ശിഷ്യൻ ആയ കൊച്ചുപുരയ്ക്കൽ യാക്കൊ കത്തനാരച്ചന്റെ ജേഷ്ഠൻ ഈപ്പൻ മാപ്പിള എന്ന ആൾ സകൽശിൽദാരുമായിട്ടു മുകമുണ്ടാക കൊണ്ടു ഇയ്യാളെ കൊണ്ടും ഇങ്ങനെ പല സഹായത്താൽ സാധി ക്കാമെന്നും വച്ചു. അവിടെ പാർത്തു കുറെ ദിവസങ്ങളിൽ അപ്പോൾ ആദെഹം യിവർക്കു യാവന കൊടുക്കുകയും സഹായിക്കെയും വി ജാരിക്കെയും ഇങ്ങനെ പാർത്ത മെലെഴുതിയ മുതൽ പിടിക്കാരന്റെ നടുവത്തത്താൽ ഉത്തരവും കൊടുത്ത അപ്രകാരം കരക്കാരർക്കു ചി ട്ടും എഴുതി വരുത്തി വിജാരണ ചെയിതാറെ മെലെഴുതിയ പുല്ലരി ക്കുന്നുമ്പുറം കുമാരനല്ലൂർ ഭവതിയുടെ സംഗെതമാകകൊണ്ടും ഊ രാണ്മക്കാർക്കു സമ്മതമല്ലായ്കെയാൽ അവിടെ പള്ളി വെക്കെണ്ടതി നു ഞങ്ങൾ അനുവദിയ്ക്കയില്ലെന്നും സങ്കടമുണ്ടെ ന്നും കച്ചീട്ടുവച്ചതിന്റെ ശെഷം കൊറെ പരാധീനമാ കുന്നു അവിടെ സാദിപ്പാൻ എന്നതുകൊണ്ടിവർക്കു മ നംമടുപ്പായി അപ്പോൾ ഏറ്റുമാന്നൂർ ഒജനാരുമെത്തരം (P.46) എന്നു ള്ള വല്യകച്ചവടക്കാരെനും പിന്നെയും പലരും ഞങ്ങൾ നടത്തി ത രാം പിന്നെ കുറെ ബുദ്ധിമുട്ടി കാര്യം പറയ്യേണ്ടിവ രുമെന്നും ആയതു കഴിയുമെങ്കിൽ ഇപ്പോൾ കാ ര്യം നടത്താമെന്നും പറഞ്ഞാറെ ഞങ്ങൾക്കു വഴ ക്കിനു മനസ്സില്ലായെന്നും വല്ലടത്തുമായാലും വേ ണ്ടതില്ലായെന്നും പറഞ്ഞു. അപ്പോൾ ലക്ഷ്മികൊട്ടാരത്തിൽ കൊയി തമ്പുരാനെന്നു പറയുന്ന ആദെഹത്തെ 500 കലിയൻ[1] കൊടുത്താൽ കാര്യം സാദിക്കാമെന്നും പുളിങ്കുന്നിൽ തോപ്പിൽ ചാക്കൊ പറെഞ്ഞാ റെ അവനെ അയെച്ചുപറെയിച്ചപ്പോൾ കുമാരനല്ലൂർ ഉത്സവത്തിനു വ രുമ്പോൾ പറയാമെന്നും ഇങ്ങനെ പറെഞ്ഞയച്ചു. ആയതുകൊണ്ടു സാദിക്കെയില്ലായെന്നു കണ്ടാറെ അതിനു വടക്കുവശത്തു കുടമാളൂർ ചെറിയ പള്ളിക്കു കിഴക്കുവശത്തുള്ള കുന്നുംപുറം വാങ്ങിക്കണമെ ന്നും വിശാരിച്ചു ആയതിനു വേലചെയ്തു. അപ്പോൾ 25 നൊയമ്പിന്റെ തലേദിവസം നൊയമ്പുംനാൾ തയ്യിൽ തരകനെന്നും അയാളുടെ അനുജൻ കൊച്ചുപൊത്തൻ മാപ്പിള എന്നും ഇങ്ങനെ രണ്ടു ഗ്രഹസ്ഥ ന്മാരെ ഏകമദ്ധ്യമായി പൊറുത്തു (P.47) വരുന്നൂയെന്നും അവരെ ക ണ്ടു പറഞ്ഞാൽ അവരു വിജാരിച്ചു നടത്തി തരുമെന്നും നിരുപിച്ചു.

പുല്ലരിക്കുന്നിൽ തടസ്സം

പിതാക്കന്മാർക്കു വഴക്കുള്ള സ്ഥലം വേണ്ടന്ന്

1. കലിയൻ – ഗ്രന്ഥകർത്താവ് എഴുതുന്ന കാലത്ത് നടപ്പിലുണ്ടായിരുന്ന നാണയം.

ആ ദിവസം കുർബ്ബാനയും ചൊല്ലി നൊയമ്പൊടെ തിരിച്ച തയ്യിൽ കുര്യൻ തരകന്റെ വീട്ടിൽ ചെന്നു ഈ വസ്തുതകൾ പറഞ്ഞാറെ അച്ചൻമാരെ എങ്ങും പോകെണ്ടാ എന്നും നമ്മുടെ ഈ കുന്നുംപുറംതന്നെ നന്നെന്നും ഇങ്ങനെ ഇതിന്റെ വിശേഷവും പറെഞ്ഞുകേറ്റി കാട്ടിയപ്പോൾ ഇതുതന്നെ കൊള്ളാമെന്നും നിശ്ച

മാന്നാനം കുന്നു കൊവേന്ത സ്ഥാപനത്തിനു സൗജന്യമായി കിട്ടുന്നു

യിച്ചു വെല ചെയ്യത്തക്കവണ്ണം പറെഞ്ഞു പോന്നതിന്റെ ശെഷം മെലെഴുതിയ വർക്കികത്തനാരച്ചനൊടു ഈയവസ്തകൾ പറെയാഞ്ഞാൽ ആദെഹം വെല ചെയ്ത കുന്നുകാലാ പതിപ്പിച്ചിട്ടിരിക്കയാൽ നിങ്ങൾക്കു മനസ്സില്ലാഞ്ഞിട്ടെന്നും എന്നെ ചതിച്ചുവെന്നും പറവാൻ എടവരുമെന്നു വിജാരിച്ചു രാത്രിയിൽതന്നെ പൊരൂക്കരയച്ചെൻ ചെന്നു വിജാരണ ചെയിത അവസ്തെയും സാദിയാത്ത അവസ്തെയും പറെഞ്ഞാറെ ഞാൻ ഒന്നു വിജാരിക്കട്ടെ എന്നും പറെഞ്ഞുപൊന്നാറെ ഒന്നു മെലാതെ കുറെ ദിവസം താമസിച്ച ഈ അവസ്ത ബെ. അച്ചനെ ബോധിപ്പിക്കാഞ്ഞാൽ വെർവിട്ടിടം (P.48) നിച്ചെയിച്ച അവസ്ത എന്തുകൊണ്ടു ബോധിപ്പിക്കാഞ്ഞൂയെന്നു ചോദിക്കും എന്നു വിജാരിച്ച ആയവസ്ത ബൊധിപ്പിച്ചപ്പോൾ കൊള്ളവുന്നതിൽ വെർവിട്ടിടം നിച്ചെയിക്കണമെന്നു കല്പിച്ചു. അപ്രകാരം വിജാരിച്ചിരിക്കുമ്പോൾ ഞങ്ങളുടെ അച്ചന്റെകൂടെ പഠിച്ചതിൽ ചാർച്ചക്കാരൻ ആയ കല്ലൂർക്കാട്ടു പുത്തൻപുരയ്ക്കൽ കുറിയാക്കൊസു കത്തനാരച്ചന്റെ പുത്തൻ കുർബ്ബാനെക്ക ഇവര രണ്ടുപേരും പോയിട്ടു ആ വഴി കൈപ്പുഴ പള്ളിയിൽ വന്നു. അവിടെനിന്നും വീണ്ടും വർക്കി കത്തനാരച്ചന്ന ഒരെഴുത്തു കൊടുത്തയെച്ചാറെ പത്തു ദിവസത്തിനകം കഴിക്കാമെന്നും ആ അവധി കഴിഞ്ഞാൽ വെർവിട്ടു വിജാരിക്കെ വേണ്ടുവെന്നും ഒരെഴുത്തു കൊടുത്തയെച്ചു അപ്രകാരം താമസിക്കയും ഇതിനിടയിൽ മെലെഴു

മാന്നാനം കൊവേന്തയുടെ ആസ്ഥാനമായി ഉറപ്പിക്കുന്നു

തിയ തരകനെയും ഇതുകൂടാതെ കണ്ട കുടമാളൂർ തെക്കെടത്തു കോരപണിക്കരുടെ മകൻ ഇട്ടിച്ചെറിയ എന്നയാൾ  ഇതിനെറ്റം മനസുകാരനും ഉത്സാഹകാരെനുമായിരിക്കെയാൽ ആയ്യാളെയും വരുത്തി നമ്മുടെ ഈ വെസറൌമ്മായുടെ കാര്യത്തിനു ഉത്സാഹിപ്പിക്കയും ഇതിന്റെ ശേഷം സാധ്യമല്ലന്നും (P.49) പരാധീനമെന്നും എഴുത്തു വരികകൊണ്ടു വീണ്ടും മെലെഴുതിയ മുതൽ പിടിക്കാരന്റെ സഹായത്താൽ ഈ ഉത്തരവുതന്നെ കൊള്ളിച്ച ഏറ്റുമാന്നൂർ പ്രവൃത്തിയിൽ മാന്നാനം കരയിൽ ഓലൻ കണ്ണാമുകൾ എന്ന കുന്നുകാലായിൽ പള്ളിയും

വീടും വൈക്കുന്നതിന്നു സമ്മതമുണ്ടായെന്നും കരക്കാർക്കു ചീട്ടുകൊടുത്തു വരുത്തി ഇതിനൊക്കെക്കും തരകനും കൊച്ചുപൊത്തൻ മാപ്പിളയെന്ന അയാളുടെ അനുജനും യിവരിരുവരുടെ പ്രയത്നത്താൽ ഇവരുടെ ഉപകാരംപറ്റികിടക്കുന്നവരാകകൊണ്ടു സമതവരുത്തി മുടക്കി

സർക്കാരനുമതി സിദ്ധിക്കുന്നു

ല്ലാത്തപ്രകാരം ചീട്ടും വൈപ്പിച്ച കച്ചീട്ടുകളുടെ പെർപ്പും സകശീൽദാരുടെ സാദനവും കൂടെ വാങ്ങിച്ചുകൊണ്ടു വന്നപ്പോൾ ഇവര വച്ച കച്ചീട്ടിൽ ചില വാശകങ്ങൾക്കു പുച്ചമുണ്ടാകകൊണ്ടു ആയതിന്റെ പെർപ്പു കൊടുത്തയച്ചാൽ അങ്ങോട്ടു ചെല്ലുമ്പോൾ വീണ്ടും വിജാരണയ്ക്കു ഉത്തരവു വന്നൂ എന്നുവരികിൽ ഇനിയും ചടതയും ദീർഘവുമായി വരുമെന്നും വിജാരിച്ചു മെലെഴുതിയ മുതൽ പിടിക്കാരനൊടു പറഞ്ഞാറെ ആയതിനു ഞാൻ ഉപായമുണ്ടാക്കാമെന്നും പറെഞ്ഞു ഈ എഴുത്തുവാങ്ങി (P.50)ച്ചും കൊണ്ട അയാളും യാക്കൊയും കൂടെപോയി സാദനം പൊട്ടിച്ച നല്ല വാശകത്തിൽ കച്ചീട്ടുകളുടെ പെർപ്പും എഴുതി കാര്യക്കാരു

പള്ളിപ്പുറത്തും പരിസരങ്ങളിലും വസൂരി

ടെ മുദ്രികയും ഇയാൾ വാങ്ങിച്ച മുദ്രികയും ഇട്ടുകൊടുത്തു. അപ്പോൾ തിരുവനന്തപുരത്തും പള്ളിപ്പുറത്തും പിന്നെയും പല ദിക്കുകളും വസന്ത അതായതു വസൂരി ദീനമാകയാൽ പൊകുവാനുള്ളതിന്നു ആരുവെണ്ടുവെന്നു ഇങ്ങനെ വിഷാദിച്ച യാക്കൊയുടെ പറ്റിൽതന്നെ എഴുത്തു കൊടുത്തയെക്കയെന്നും ഇങ്ങനെ നിശ്ചയിച്ചിരിക്കുമ്പോൾ ഞങ്ങളുടെ മല്പാനച്ചൻ പള്ളിപ്പുറത്തുനിന്നും പോന്നിട്ടു ഒരു മാസത്തോളമാക കൊണ്ടും വസന്ത ദീനത്താൽ ശെമ്മാച്ചൻന്മാർക്കും കിടാങ്ങൾക്കും അവിടെ പാർപ്പാനുള്ളതിന്നു ഭയമാകകൊണ്ടും ഏതെല്ലാം പ്രകാരം വെണ്ടുവെന്നു ചോദിപ്പാനായിട്ടു ഞാൻ പള്ളിപ്പുറത്തുനിന്നും അതിരമ്പുഴെ വന്നപ്പോൾ ഇപ്രകാരമൊക്കെയും ആസ്തമായിരിക്കുന്നു ഇതിന്റെ ശേഷം യാക്കൊായെത്തന്നെ അയെക്കതെക്കതിൻ വണ്ണം നിശ്ചെയിച്ച പൊരൂക്കരെ അച്ചന്റെ എഴുത്തു ദിവാനിജിയുടെ റെജിഷ്ടർക്കും സായിബിന്റെ റെജിഷ്ടർക്കും ഇവരുടെ (P.51) ഒരു ഹരജി ദിവാനിജിക്കും ഇങ്ങനെ ചില എഴുത്തുകളും എഴുതി കൊച്ചുപുരയ്ക്കൽ ഈപ്പൻമാപ്പിള തുണ്ടെടുക്കെണ്ടുന്നതിന്ന പ്രക്കാട്ടിന്നു പൊകകൊണ്ടു ആയാളുടെ കൂടെത്തന്നെ പൊകത്തതിൻവണ്ണം നിശ്ചയിച്ചപ്പോൾ യിയാൾക്കുയാത്ര അടിയന്തിരമാകകൊണ്ടു യാക്കൊ ചെല്ലത്തതിൻവണ്ണം ഒന്നുരണ്ടാളയെച്ചാറെയും ഇവിടെ ആസ്തമായിവരായ്കകൊണ്ടും ഈ ദീനത്തിന്റെയിടയിൽ ഇവനെത്തന്നെ അയച്ചാലൊ എന്നുള്ള

സംശയത്താലും അയാൾ പൊകെവെണ്ടുവെന്നും പിന്നാലെ അയച്ചു കൊള്ളാമെന്നും പറഞ്ഞയക്കയും ചെയ്തതിന്റെ ശേഷം പൊരൂക്കര അച്ചൻതന്നെ കൊല്ലത്തു ചെന്നിരുന്നു എഴുത്തുകൊടുത്തയെക്കത്തക്ക വണ്ണം നിശ്ചയിച്ചു. അപ്പോൾ മെലെഴുതിയ കൊച്ചുപുരയ്ക്കൽ അച്ചൻ വരാപ്പുഴക്കുപോകുവാൻ യാത്രയാകകൊണ്ടു ഞങ്ങൾ മൂവരും മെലെഴുതിയ ഇട്ടൻ എന്നവനെ പണിക്കര എന്നു പേരും വിളിച്ച അച്ചന്റെ പക്കൽ ആക്കിയും വച്ചകൊണ്ട യാക്കൊവും ഞങ്ങൾ എല്ലാവരും കൂടെ അവിടെനിന്നും പുറപ്പെട്ട നമ്മുടെ ഈ വെസറൗമ്മയുടെ (P.52) താഴെയുള്ള പെരുമാലിൽ എന്നു പേരുവിളിക്കപ്പെട്ട മെലെഴുതിയ കുര്യൻ തരകന്റെ വീട്ടിൽ വന്നു. അപ്പോൾ കൊച്ചുപൊത്ത ജെഷ്ഠനും അവിടെ ഉണ്ടായിരുന്നയിവരോടു ഈ വർത്തമാനങ്ങളും പറെഞ്ഞ കച്ചീട്ടുകളുടെ പെർപ്പുംകാട്ടി അവിടെ നിന്നു വള്ളവും ആളുമുണ്ടാക്കി പൊരൂക്കരയച്ചൻ കൊല്ലത്തിനു പോകത്തതിൻവണ്ണം നിശ്ചെയിച്ചതിന്റെ ശെഷം ഞങ്ങൾ എല്ലാവരുംകൂടെ നമ്മുടെ ഈ വെസറൌമ്മാ നല്ല വണ്ണമൊന്നു കെറി കാണണമെന്നു നിശ്ചെയിച്ച പുറപ്പെട്ടപ്പോൾ കാടിന്റെ പെരുപ്പത്താലും വഴിയില്ലായ്കകൊണ്ടും കാടിന്റെ യിടയുടെ പകർന്നു കാടുകൾ ഒടിച്ചും വെട്ടിയും യിങ്ങനെ ഒരു പ്രകാരത്തിൽ മുകളിൽ കയറി. ഏകദേശം നമ്മുടെ കിണറിന്റെ പടിഞ്ഞാറെ വശത്തോളം വന്നുപറ്റി. യിതിന്റെ ഉയർച്ചെയും വീതിവിസ്താരവും കാറ്റും കണ്ടാറെ എല്ലാവർക്കും തെളിഞ്ഞു അവിടെനിന്നും ഞങ്ങൾ പള്ളിപ്പുറത്തിനും പൊരൂക്കരയച്ചൻ തരകന്റെ വള്ളവും കുത്തുകാരനെയും കൂട്ടിക്കൊണ്ടു കൊല്ലത്തിനു ചെന്നൂ. യിതിനിടെയിൽ പൊരൂക്കരെ അച്ചൻ ഇതിനുവേണ്ടി പല കുർബ്ബാനകളും (P.53) സ്തപസുകുർബ്ബാനയും ചൊല്ലുകയും പിന്നെ ചിലരെക്കൊണ്ടു ചൊല്ലിക്കയും ഇങ്ങനെയുള്ള അപെക്ഷയാൽ തമ്പുരാനോട് അപേക്ഷിച്ചും കൊണ്ടു കൊല്ലത്തിനു ചെന്നു തങ്കച്ചെരിൽ പള്ളിയിൽ പാർത്തുകൊണ്ടു അവിടെ ഒരാളിനെയുണ്ടാക്കി മെലെഴുതിയ എഴുത്തും കൊടുത്തയച്ചു. ദൈവസഹായത്താലും മെലെഴുതിയ റെജിഷ്ടരുടെ വെലെയാലും വെണ്ടും പ്രകാരം ഏറ്റുമാനൂർ സകശീൽദാർക്കു ഉത്തരവും കിട്ടിയിതിനെ വാങ്ങിച്ചും കൊണ്ടു അറുത്തുങ്കൽ വന്നു. അവിടെനിന്നും ഓശാനയുടെ തലെ രാത്രിയിൽ പള്ളിപ്പുറത്തു വന്നു.

പ്രതിബന്ധങ്ങളെല്ലാം നീങ്ങുന്നു

പിതാക്കന്മാർ മാന്നാനം കുന്നു കയറിക്കാണുന്നു

ഏറ്റുമാനൂർ തഹശീൽദാർക്കു ഉത്തരവു കിട്ടുന്നു

അപ്പോൾ ഞങ്ങളുടെ മല്പാനച്ചന് അതിരമ്പുഴെ പാർത്ത ഒരു ചടെപ്പുവരികെയാൽ പള്ളിപ്പുറത്തു വന്നിരുന്നൂ. അവിടെ വച്ചു കൂടികണ്ട വർത്തമാനങ്ങളും പറെഞ്ഞ ചെയ്ത സഹായത്തിനു സ്തുതിയായി ഒരു പാട്ടുകുർബ്ബാനയും ചൊല്ലി തിങ്കളാഴ്ച ദിവസിതന്നെ പൊരൂക്കരെയച്ചൻ പൊരികെയും അച്ചൻ നൊയമ്പു വീടിയുടൻ വരത്തക്കതിൻ വണ്ണം പറെഞ്ഞു പിരിഞ്ഞ അതിരമ്പുഴെ വന്ന മുതൽപിടിക്കാരനെ കണ്ടുപറെഞ്ഞാറെയിപ്പോൾ സമയേമല്ലന്നും അവസരം (P.54) പോലെ ബൊധിപ്പിച്ചുകൊള്ളാമെന്നും വാച്ചതും ഒരു നൂറു പണത്തിന്റെ വക സകശീൽദാർക്കും സമ്പ്രതിപിള്ളെയ്ക്കും കൊടുക്കെണ്ടിവരുമെന്നും ആയതൊക്കെയും സമെയമ്പൊലെ ഞാൻതന്നെ ബോധിപ്പിച്ചു കൊള്ളാമെന്നും പറെഞ്ഞാറെ പിന്നത്തെതിൽ ഈപ്പച്ചെട്ടനെ അയെച്ച ഞങ്ങൾ ഉത്തരവു കൊണ്ടുവന്നിട്ടുണ്ടെന്നും അച്ചനു ചടപ്പാകകൊണ്ടു ഇങ്ങോട്ടു കൊണ്ടുവരുവാൻ പാടില്ലായ്കകൊണ്ടത്രെ താമസിക്കുന്നൂവെന്നും ആയതുകൊണ്ടു ആയിടം കയറി കാണെണ്ടുന്നതിന്നു ഒരു വഴി വെട്ടി തെളിപ്പാൻ യിവടത്തെ നൽമനസ്സുണ്ടായി ഒരു അനുവാദം തരണമെന്നും കാര്യക്കാരനെ ബോധിപ്പിച്ച ഒരു മൌന അനുവാദവും വാങ്ങിച്ച പൊരൂക്കരെ അച്ചൻ അതിരമ്പുഴനിന്നും കുർബ്ബാനയും ചൊല്ലി 30-ാം കാലം മീനമാസം 30-നു ശബസശാ ബെ[1] എന്ന ആഴ്ചെയുടെ ബുധനാഴിച്ച നാൾ പെരുമാലിൽ വന്ന തരകനും കൊച്ചു പൊത്തൻ മാപ്പിളെയും മെലെഴുതിയ ഇട്ടിച്ചെറിയ എന്നയാളും യാക്കൊയും ഇവരെല്ലാവരും കൂടെ മെലെഴുതിയ തരകന്റെ പെരിൽ 93-ാം[2] മാണ്ട കണ്ടെഴുത്തിൽ പാട്ടം പതിഞ്ഞിരിക്കുന്ന ഓലൻകണ്ണാലമുകൾ എന്ന നമ്മുടെ ഈ വെസറൌമ്മായിൽ കയറി പുലയരെ കൊണ്ടു കാടു വെട്ടിക്കെയും യിവര ചില കുറ്റി പുറത്തും മരത്തിന്റെ മൂട്ടിലും ഇരിക്കെയും ഇങ്ങനെ ആ ദിവസം കഴിഞ്ഞ പിറ്റേ ദിവസം പെസഹായും അങ്ങനെ വല്യ ദിവസങ്ങളാകകൊണ്ടു നൊയമ്പു വീടി തിങ്കളാഴ്ച തുടങ്ങി വെട്ടുകെയും ആയതിന്ന ഒശനാരുമെത്തരും ഒരു ദിവസം പുലയാളുകളെ അയപ്പിച്ച അയാളുടെ പെർക്കു വെട്ടിക്കയും പിന്നെയും പലരു കൊച്ചുപുര, പീടകയ്ക്കൽ; പൊവെനി, തറെൻ, മലെൻ ഇങ്ങനെ

മാന്നാനം കുന്നിൻ മുകളിലേക്കു വഴി വെട്ടുന്നു

മാന്നാനം കുന്നു വെട്ടിത്തെളിക്കുന്നു

1. ശബസശാ ബെ - സുറിയാനിശൈലി, വിശുദ്ധവാരം എന്നർത്ഥം.
2. 93-ാം മാണ്ട് - കൊല്ലവർഷം 893-ാമാണ്ട്.

ഉള്ളവരും ആയതുകൊണ്ട പൊരാത്തതൊക്കെ തരകനും അനുജനും ഇവര വന്നിരു വെട്ടിക്കെയും ഇങ്ങനെയിരിക്കുമ്പോൾ പൊരൂക്കരെ അച്ചൻ പൊന്നിട്ട ഉത്തരവു കൊടുത്തൊ അനുവാദം വാങ്ങിച്ചൊ ഏ തെല്ലാം പ്രകാരത്തിൽ ആയി എന്നുള്ള അവസ്ത അറിവാനായിട്ട നൊയമ്പു വീടിയ ബുധനാഴിച്ചനാൾ എന്നെ അച്ചൻ പറെഞ്ഞയച്ചു. ഞാൻ പള്ളിപ്പുറത്തുനിന്നും പുറപ്പെട്ട മഴയുടെ കടുപ്പവും വഴിയുടെ ഇടെച്ചിലില്ലായ്കയാലും രാവുപെട്ടു പൊകകൊണ്ട എടത്തൻ (P.56) പറമ്പിൽ ഇട്ടിമാത്തൻ മാപ്പിളയുടെ വീട്ടിൽ വന്ന പാർത്ത കാലമെ പുറപ്പെട്ട നടയ്ക്കൽ ചെന്നപ്പോൾ യാക്കൊ യിങ്ങോട്ടു വരുന്നതുകണ്ടു ഏതെല്ലാം പ്രകാരമായി എന്നു ചോദിച്ചപ്പോൾ ഉത്തരവു കൊടുത്തു നിധാനം വ ന്നില്ലായെന്നും മുതൽ പിടിക്കാരനെ കാണ്മാൻ ഒളചെക്കു പോകന്നൂ വെന്നും പറെഞ്ഞു. അയതു കെട്ടും കൊണ്ട അതിരമ്പുഴെക്കു ചെന്ന പൊരൂക്കരെ അച്ചനെയും കണ്ടു കുർബ്ബാനയും ചൊല്ലി ഞങ്ങൾ തര കന്റെ വീട്ടിൽ വന്ന ഞങ്ങൾ എല്ലാവരുംകൂടെ നമ്മുടെ ഈ മലയിൽ കയെറി ഒരു മരത്തിന്റെ താഴെയിരുന്നൂ ഇങ്ങനെ വെട്ടുകയും ചുടു കെയും. ഇതിനു നാലു ദിവസത്തിനു മുമ്പിൽ കാടു വെട്ടുന്നപ്പോൾ യിവിടെ ഒരു കിനറു കണ്ടുയെന്നുവരികിൽ നമുക്കു ഏറെ പ്രയത്നം കൂടാതെയിരുന്നെനെയെന്നും ആയതിനു ദെയ്പസഹായമുണ്ടാകണ മെന്നും ഇങ്ങനെ പറെഞ്ഞു പിരിഞ്ഞാറെ രണ്ടു ദിവസം കഴിഞ്ഞതി ന്റെ ശെഷം കാടു വെട്ടുന്നവര കാട്ടിൽ നടന്നപ്പോൾ ഒരു പൊട്ടകിന റുപോലെ കാട്ടിനകത്തു കണ്ടു. ആയതു പിന്നെ വെട്ടിതെളിച്ചു തുട ങ്ങി. ഇങ്ങനെ വെട്ടിതെളിച്ചു വരികയിൽ (P.57) പിറ്റെദിവസം ഞാൻ പള്ളിപ്പുറത്തിന്നു പൊകെയും ചെയിതു. അ പ്പോൾ വെഹുമാനപ്പെട്ട അച്ചനെ അർത്തുങ്കൽ പാർത്തിട്ടു സുഖക്കേടാകകൊണ്ട കുടമാളൂർ വന്നു പാർക്കണമെന്നു നിച്ചെയിച്ച അവിടെ വന്നു പാർത്തു ആയതുകൊണ്ടു വേഗത്തിൽ ഈയിടം വെട്ടി തെളിച്ച ഒരു കുരിശുപുര കെട്ടിച്ച ബെ. അച്ചനെക്കൊണ്ടു അനുവാദവും വാങ്ങിച്ച കുർബ്ബാന ചെല്ലണമെന്നും ആയതല്ലാഞ്ഞാൽ അതിരമ്പുഴെചെന്നു കുർബ്ബാനയും ചൊല്ലി ഇവിടെ വന്നു പാർത്ത വെലെയെടുപ്പിപ്പാൻ കഴിഞ്ഞുവരുന്നതല്ലാ ഏറ്റവും ബുദ്ധിമുട്ടുതന്നെയെന്നും ആയതുകൊ ണ്ടു അച്ചൻ വന്നു ആയവസ്ഥ ബെ. അച്ചനെ ബോധിപ്പിച്ച അനുവാ ദവും വാങ്ങിക്കെണ്ടുന്നതിന്ന വേഗത്തിൽ വരണമെന്നും എന്നൊടു

ഗവർമ്മേണ്ടുത്തരവു പ്രതീക്ഷിക്കുന്നു

സ്തബിലിനി മെത്രാൻ കുടമാളൂർ വന്നു താമസിക്കുന്നു

പറെഞ്ഞയച്ചപ്രകാരം ഞാൻ പള്ളിപ്പുറത്തുചെന്നു പറഞ്ഞാറെ അപ്രകാരം അച്ചൻ വന്നു ബോധിപ്പിച്ചപ്പോൾ കുത്തിമറെച്ച് കുർബ്ബാനചൊല്ലിയെന്നാൽ പിന്നത്തെതിൽ ഉദാത്തയും, വെടിപ്പുകെടും ആയി തീരുമെന്നതുകൊണ്ട എത്രയും വെഗത്തിൽ ചെറുതായിട്ടൊരു കുരിശുപുര കല്ലുകൊണ്ടു തന്നെ തീർക്ക (P.58)ണമെന്നും കല്പിച്ചപ്രകാരം നിച്ചെയിച്ച വെലെ ചെയിതു തുടങ്ങിയപ്പോൾ ഞങ്ങളുടെ അച്ചന്നു ചടപ്പാകകൊണ്ട മലെയിൽ വന്നിരിപ്പാനും അതിരമ്പുഴെക്കു പൊയി ചെല്ലുവാനും പാങ്ങില്ലായ്കകൊണ്ടും പൊരൂക്കരെയച്ചൻ തെക്കൊട്ടുചെന്നു കുറെ നെല്ലു വാങ്ങിച്ചു കൊണ്ടു വരാതെ ചിലവർപ്പിനു വകയില്ലായ്കയാൽ പൊരൂക്കരെയച്ചൻ പോകണമെന്നുള്ള അടിയെന്തിരത്താലും ഞാനും നമ്മുടെ ഈ വെസറൌമ്മായിൽ വന്നു പറ്റി ഇതിന്റെ ശെഷം ഓരോ അടിയെന്തിരം കൊണ്ടും ഉത്തരവിന്റെ മറുപടി അനുവാദം കിട്ടായ്കകൊണ്ടും പൊരൂക്കരെയച്ചൻ പൊകുവാനുള്ളതിന്നു താമസിച്ചു ഇതിനിടയിൽ പലപ്പോഴും, മുതൽ പിടിക്കാരന്റെ വീട്ടിൽ യാക്കൊയെ അയെക്കെയും അപ്പോൾ ഒക്കെയും അയാൾ ഓരോ അടിയെന്തിരം മുഖാന്തിരത്താൽ താമസിക്കെയും ഇങ്ങനെ ടി ആണ്ട് മെടമാസം 24-നു മാർ ഗീവർഗീസ് സഹദായുടെ പെരുന്നാളിന്റെ തലെദിവസം വെസ്പരെയ്ക്കു പൊരൂക്കരെ അച്ചനും ചാക്കൊ കത്തനാരച്ചനും മലെയാറ്റൂരച്ചെനും ഞങ്ങൾ (P.59) എല്ലാവരും കൂടെ നമ്മുടെ ഈ വെസറൌമ്മായിൽ കാടുവെട്ടി ചുട്ടുകിടക്കുന്നതിന്റെ തീയുടെ ആർത്തയും പെരിപ്പവും കാറ്റിന്റെ സൌഖ്യവുംകൊണ്ട സന്ത്യവരെയുംനിന്നു താമസിച്ച കുറ്റിയുടെ ചുവടുകളുമ്മെൽ മുട്ടുകുത്തി ഗിവർഗിസ് സഹദായുടെ വെസ്പര ചൊല്ലുകെയും ഉടൻതന്നെ രാപെട്ടുപൊയാൽ ഭയമാവുമെന്നും വച്ചിയിറങ്ങുകയും ചെയിതു. ഈ ദിവസങ്ങളിൽ ഞങ്ങൾ പട്ടക്കാരർക്കും വെലക്കാരു മുതലായവർക്കൊക്കെക്കും പെരുമാലിയിൽനിന്നു യാവെന തരികെയും ആയിടയിൽ ഏറിയ ബുദ്ധിമുട്ടു ഞങ്ങളെപ്രതി അവരനുഭവിക്കയും ഞങ്ങൾക്കു കിടപ്പാനുള്ളതിന്നു ചിറ്റെഴത്ത ഈച്ചരച്ചാര എന്ന ചൊല്ലുന്ന ആളുടെ കളപ്പുര വാങ്ങിച്ചു വെടിപ്പുവരുത്തി തരികയും ചെയിതു. രാത്രിയിൽ ഞങ്ങൾക്ക അവിടെ യാവന കൊടുത്തയെക്കയും ഇതിന്റെ ശെഷം ഗിവറുഗിസ് സഹദായുടെ പെരുന്നാൾ നൊയെമ്പു വീടിയ മൂന്നാം ഞായറാഴിച്ച കുടമാളൂർ ഘൊഷിക്കകൊണ്ടു പടാർത്തയ്ക്ക പൊരൂക്കരെയച്ചൻ പൊകെയും മല

കപ്പേളപണി ആരംഭിക്കുന്നു

പിതാക്കന്മാരുടെ താമസം മാന്നാനത്തുതന്നെ

യാറ്റൂരച്ചെനും ഞാനും കൂടെ അതിരമ്പുഴെയ്ക്ക ചെന്ന ഉത്തരവിന്റെ മറുപടി അനുവാദം പുണ്യവാളന്റെ (P.60) സഹായത്താൽ കിട്ടുന്നതിനു സ്തപസ്സുകുർബ്ബാന ചൊല്ലി പെരുന്നാൾ കൊണ്ടാടുകെയും അതിരമ്പുഴയ്ക്ക ചൊല്ലുമ്പോൾ ചാക്കൊ കത്തനാരച്ചൻ ഞങ്ങൾക്കു യാവെന തരികയും പൊരൂക്കരെ അച്ചൻ കുടമാളൂർ ചെന്നുകൊണ്ട മുതൽ പിടിക്കാരെന്റെ പക്കൽ യാക്കൊയെ അയെപ്പാൻ ഒരു കടലാസ എഴുതുവാൻ തുടങ്ങിയതു ബെ. മെത്രാനച്ചൻ കണ്ട സന്തോഷത്തിന്റെ ഏറ്റിപ്പാലും, മലയാൽ എഴുത്ത എഴുതുവാനുള്ള ആഗ്രഹത്താലും ആ കടലാസു വാങ്ങിച്ച എഴുതുകെയും ചെയിതു. അതുവഴി യാക്കൊ മുതൽ പിടിക്കാരന്റെ പക്കലും പൊരൂക്കരെ അച്ചനും പസ്കാൾ പാദ്രിയച്ചനുംകൂടെ അദെഹത്തിന്റെ ജേഷ്ഠന്റെ മുപ്പതിന്നായിട്ടു മനക്കൊടത്തിന്നു പൊകയും ചെയിതു. യാക്കൊ മുതൽ പിടിക്കാരനെ ചെന്നു കണ്ടാറെ യിപ്പോൾതന്നെ സാദിക്കാമെന്നും ആയതിന്നു വാച്ചതും കൊടുപ്പാനുണ്ടൊയെന്നും ചൊദിച്ചാറെ വിണ്ടുവന്ന നൂറു കലിയൻകൊണ്ട ഏറ്റുമാന്നൂർക്കപൊയി ഞങ്ങൾ കുരിശുപുര വൈപ്പാനുള്ള യിടം വിധയം വരുത്തി കല്ലും വെട്ടിച്ച മരപ്പണിയും തുടങ്ങിയിരിക്കുന്നു. കല്ലു (P.61) വൈപ്പാനുള്ളതിന്നു അനുവാദം വന്നിട്ടുവെണമെന്നും വച്ച താമസച്ചിരിക്കെയിൽ മൂന്നാംദിവസം രാത്രിയിൽ കാര്യക്കാരെന്റെ ചീട്ട പ്രവൃത്തിയാരെന്ന കൊടുത്ത പ്രവൃത്തിയാരെന്റെ ചീട്ട കരക്കാരരുവന്നുനിന്നു പള്ളിക്കു കല്ലിടുവിച്ച കൊടുക്കത്തക്കവണ്ണം ഇങ്ങനെ യിച്ചീട്ടും ദെയ്പസഹായത്താലും മുതൽപിടിക്കാരന്റെ വെലെയാലും ഒരു കാശും ചിലവിടാതെ കണ്ട വാങ്ങിച്ചുകൊണ്ട യാക്കൊ വന്നൂ അപ്പൊൾ ഞങ്ങൾക്കു ഒരു തണുപ്പുണ്ടായി. നെരം വെളുത്തപ്പൊൾ പൊരൂക്കര അച്ചനും.....[1] വന്നു ചീട്ടുകണ്ടപ്പോൾ സന്തൊഷമായി. പൊരൂക്കരെയച്ചൻ കുടമാളൂർക്ക ചെന്ന ബെ. മാ. അച്ചനെ ഈ വർത്തമാനങ്ങൾ ബൊദിപ്പിച്ചാറെ ഇപ്പൊൾതന്നെ മരംകൊണ്ടു ഒരു കുരിശു തീർത്ത വെഞ്ചരിച്ച കരക്കാരരെയും വരുത്തി നാട്ടീ ചടത തീർത്തുകളയെണമെന്നും താമസിച്ചെന്നാൽ വഴക്കിന്നിടയാകുമെന്നും കല്പിച്ചപ്രകാരം പൊരൂക്കര അച്ചൻ വന്നു

സ്തബിലിനി മെത്രാൻ മലയാളത്തിലെഴുതുന്നു

സർക്കാരനുമതി ഒരു കാശും ചെലവിടാതെ കിട്ടുന്നു

മാന്നാനത്തു കുരിശു സ്ഥാപിക്കുന്നു

1. പേരെഴുതാൻ സ്ഥലം വിട്ടിരിക്കുന്നു.

പറഞ്ഞയുടൻ മലെയാറ്റൂരച്ചൻ തൈയിൽ ചെന്നു മരം വാങ്ങിച്ച ഒരു കുരിശും തീർപ്പിച്ച കൊാര പണിക്കരെയും വരുത്തി സംധ്യ ആയ ഉടൻ (P.62) കരക്കാരെ തരകന്റെയും കൊച്ചുപൊത്തൻ മാപ്പിളയുടെയും കൃഷിക്കാരരും ഉപകാരം കൈക്കൊള്ളുന്നവരുമാക കൊണ്ടു പറെഞ്ഞു കൊണ്ടു പൊകണമെന്നു ഒരാളിനെ തരകൻ പറഞ്ഞെയച്ചു വരുത്തിയിതിൽ കളമ്പുകാടൻ.........[1] കളപ്പുരയിൽ വച്ച പൊരൂക്കരെയച്ചൻ കുരിശും റുശ്മാ ചെയിത കൊട്ടും ഘൊഷത്തൊടുകൂടെ കൊണ്ടുചെന്നു മെടമാസം 28-ാം നു രാത്ത്രിയിൽ കുരിശും നാട്ടി പുണ്യവാളന്മാരുടെ ലുത്തിന്യായും ചൊല്ലി കൂടിയ ഉടൻ അവിടെ കൂടിയതിൽ പാലായിൽ ഉള്ളാട്ടുതറെ എന്നു വിളിക്കപ്പെട്ട ഒരു ചെമ്മാച്ചനുമുണ്ടായിരുന്നു ഇയാളുടെ അനുജൻ ഒരു പൈതലും ഈ ഘോഷത്തിനു കൂടി ലുത്തിന്യാ കഴിഞ്ഞയുടൻ എന്റെ കാലുമ്മെൽ ഏതാണ്ടു കടിച്ചുയെന്നു പറഞ്ഞു. അപ്പൊൾ തന്നെ ഒര ഉഷ്ണവും വന്നൂ ഏതെങ്കിലും താഴെ പൊകാമെന്നു പറെഞ്ഞു ഇറങ്ങിയാറെ നാലാറു ചുവടു നടന്നപ്പൊൾ നടപ്പാൻ പാടില്ലാഞ്ഞു. ഒരു പ്രകാരമായി നടത്തി താഴത്തു ചെന്നാറെ പൊരൂക്കരെ അച്ചൻ ചെന്ന എന്തൊ ഹന്നാൻ വെള്ളം തളിച്ചു നമസ്ക്കരിപ്പാൻ എല്ലാവരോടും പറഞ്ഞെ യാതൊരു വിഷവിദ്യക്കാരെക്കൊണ്ടും ഒന്നും ചെയ്യിക്കണ്ടാ എന്നും പറഞ്ഞതിൻവണ്ണം തന്നെ യാതൊന്നും ചെയിതുമില്ല. വെളുത്തപ്പോൾ സൌഖ്യമാകയും ചെയിതു.

പോരൂക്കര അച്ചൻ വിഷബാധിതനെ പ്രാർത്ഥനകൊണ്ടു മാത്രം സുഖപ്പെടുത്തുന്നു

വീണ്ട 1831 കാലം എടവം 11 കൊവെന്തയ്ക്ക പെ: ബ: അച്ചൻ വന്നു കല്ലിടാമെന്നും കല്പിച്ചിരുന്നു. എന്നാൽ ദിവസം അടുത്തുവന്നപ്പോൾ മെത്രാനച്ചനു കൈകാൽ ഒക്കെയും ഒരു വിധമായ വലിയ ചിരങ്ങും കുരുവും ആയിരിക്കയാലും എവുരൊപ്പയ്ക്ക പൊകണമെന്നുള്ള മുറുക്കിയ മനസാലും ഇതിനുള്ള തെളിഞ്ഞ മനസ്സു കുറെ തണുത്തു. എന്നാൽ ഈ അവധിയ്ക്കു കല്ലിടുവാനും കപ്പെളയിൽ കുറുബാന ചൊല്ലുവാനും നിശ്ചയിച്ചിരിക്കുന്നു. എന്നുള്ള അറിയിപ്പു അച്ചന്റെ ശിഷ്യരും സ്നേഹിതരുമായ പട്ടക്കാരർക്കു ഒക്കക്കും കൊടുത്തയച്ചു പൊയതിനാൽ അച്ചനും പൊരൂക്കരെ അച്ചനും ബ: പസ്ക്കാൾപാദ്രി അച്ചനുംകൂടെ അധികം സാദ്ധ്യപ്പെടുകയാൽ

മാന്നാനത്തു കല്ലിടാൻ സമ്മതിച്ച മെത്രാനച്ചനു സുഖക്കേട്

1. പേരെഴുതാൻ സ്ഥലം വിട്ടിരിക്കുന്നു.

ഒരു പ്രകാരം സമ്മതിച്ചു എന്നാറെ വന്നാൽ ഇരിപ്പാൻ ഒരു സ്ഥലവും

രോഗിയായ
മെത്രാൻ മാന്നാനത്തു
വന്നു താമസിക്കുന്നു

ഇല്ലാഞ്ഞതിനാൽ തരകന്റെ വക മുളം കൂട്ട ത ന്നു. ആയതു മലയിൽ കപ്പെള തുടങ്ങിയതി ന്നു അരികെ നാലു തൂണുംമ്മെൽ വച്ച ഒലയും കെട്ടി തൽക്കാലം പാകൊണ്ടു മറെച്ച രണ്ടു മു റി ആക്കി. ആയതിൽ തന്നെ മെത്രാനച്ചൻ വന്നാൽ ഇരുത്താമെന്നും കരുതി. അപ്പോൾ പെ. ബ. അച്ചനു മെലെഴുതിയ ശടപ്പാൽ അർത്തും കൽ നിന്നും കുടമാളൂർ വന്ന പാർത്ത കുളിച്ചാൽ സൌഖ്യമാകും എ ന്നും വച്ചു കുടമാളൂർ വന്നിരുന്നതിനാൽ അവിടെ ചെന്നു ബൊധിപ്പി ച്ച തലെ ദിവസം കൊണ്ടുവന്നു മെലെഴുതിയ അഗതിത്വത്തിന്റെ പ ന്തലിൽ രാപൊറുത്തു ഒരു വനവാസത്തിൽ എന്നപോലെ പെ. ബ. അച്ചനും ഞങ്ങൾ പട്ടക്കാര എല്ലാവരും ആ പന്തലിൽ തന്നെക്കിട

പോരൂക്കര അച്ചൻ
മാന്നാനം ആശ്രമത്തിനു
വി. യൌസേപ്പു പിതാവിന്റെ
നാമത്തിൽ കല്ലിടുന്നു

ന്നു. പിറ്റെ ദിവസം പുലർകാലെ കല്ലിടുവാ റായപ്പൊൾ സുഖക്കെടാൽ പെ: ബ: ഉടുപ്പാ നും മറ്റും പാടില്ലായ്കയാൽ പള്ളിപ്രത്തച്ചൻ കല്ലിടട്ടെ എന്നും അച്ചന്നു പാടില്ലാങ്കിൽ പൊരൂക്കരെ അച്ചൻ ആകട്ടെ എന്നും. ഇങ്ങനെ അവരുടെ എളിമയാലും ഉപവിയാലും (P.64) കുറെ തർക്കി ച്ചു എങ്കിലും പൊരൂക്കരെ അച്ചൻ തന്നെ എന്നുറച്ചശേഷം ആരുടെ നാമത്തിൽ വെണം എന്നതിന്മെലും മൂന്നു വിധമായി. അതായത യൊ ഹന്നാൻ മാമ്ദാന എന്നു പെ. ബെ. മെത്രാനച്ചനും, മുൻപിനാലെ ദു മ്നീംകൊസിന്റെ സഭക്കാരെന്ന ഭാവിച്ച പുണ്യവാളന്റെ മെൽ പ്രത്യേ കം ഭക്തി ആകയാൽ ദുമ്നിംകൊസിന്റെ നാമം എന്ന പള്ളിപ്രത്തച്ച നും വി. യൌസെപ്പിന്റെ പ്രത്യേക ഭക്തിക്കാരനാകയാൽ മാർ യൌസെപ്പിന്റെ നാമത്തിൽ എന്നു പൊരൂക്കരെ അച്ചന്റെ മനസ്സും. ഇ ത മൂന്നും പറഞ്ഞപ്പോൾ പെ: ബ: അച്ചനും പള്ളിപ്രത്തച്ചനും പൊരൂ ക്കരെ അച്ചന്റെ നിശ്ചയം തന്നെ എല്ലായിലും നന്നു എന്നുറച്ചു. അപ്ര കാരം ശു. യൌസേപ്പ് പുണ്യവാന്റെ നാമത്തിൽ കൊവെന്ത പള്ളി യ്ക്കു അടിസ്താനക്കല്ല: പെ. ബ. അച്ചൻ നിന്നുകൊണ്ട പൊരൂക്കരെ അച്ചനെക്കൊണ്ടിടുവിച്ചു: ഇതിന്റെ ശേഷം പെ. ബ. കുടമാളൂർ പൊ യി പാർത്തു. എന്നാൽ പൊരൂക്കരെയച്ചൻ ഇതൊക്കെയും കഴിച്ച വീ ണ്ടു മലയിര അതിരംപുഴെയ്ക്കു ചെന്ന അന്നു കുർബ്ബാനയും ചൊ ല്ലി. ഇങ്ങനെ അധിക ബുദ്ധിമുട്ടും വല്യ ശരണവും ശു. യൌ: പിതാ

വിമ്മെൽ മഹാഭക്തിയും ഇദ്ദേഹത്തിൽ എപ്പോഴും പ്രകാശിച്ചിരുന്നു.

പന്തക്കുസ്ത ദിവസം മാന്നാനത്തു ആദ്യമായി കുർബ്ബാന ചൊല്ലുന്നു

വീണ്ടും പന്തക്കുസ്തയുടെ ദിവസത്തിൽ കപ്പെള വെടിപ്പായിട്ടു വെള്ളയുമിട്ടു പണിക്കുറവു തീർത്ത റൂശ്മ ചെയ്തു കുർബ്ബാന ചൊല്ലി. അന്നു കൂടിയ പട്ടക്കാര ഒക്കെയും നെർച്ചയായി ഓരോ രൂപയിട്ടു യിതിനാൽ അൻപതിൽചില്ലുവാനം രൂപ അന്നുണ്ടായി. അന്നു മുതൽ പണി തുടങ്ങുവാൻ വെലചെയ്തു. എന്നാൽ മുൻ എട ത്വാപള്ളിയിൽ നിന്നും കിട്ടിയ 10000 ചക്രത്തിൽ 2000 ത്തിൽ ചില്ലുവാ നം കുടമാളൂർ സ്ഥലം യിന്നുമുള്ള പര്യത്തുമിയാലിയാലിന്നും 4000 ടിയിൽ വർക്കി കത്തനാരച്ചൻ ദിഷ്ടതിക്കതരാമെന്നും പറഞ്ഞു ഭയ ത്തിന്നായി വാങ്ങിക്കയും ശേഷം ഒക്കെയും ഈ സ്ഥലം നടപ്പു വന്ന തിനായി ചിലവാകയും ചെയ്തു.

# മൂന്നാം നിറുത്ത ഞരിക്കിട

ഇങ്ങനെ കൊവെന്തയ്ക്കു ഒന്നാമത്തെ കല്ലുവച്ചു അവിടെ നാട്ടിയ

മാന്നാനത്തു സന്യാസ ജീവിതം തുടങ്ങുന്നു

മരക്കുരിശുംകൽ ഒരു പന്തലുമിട്ട ദിവസെന അ സ്ഥമാനത്തുംകൽ അവിടെ വല്യ ലുത്തിനിയായും കഴിച്ചു വന്നു. എന്നാൽ ഇതിന്നു (P.65)ള്ള പ്രധാ നികളും വെലക്കാരും മനസുകാരും എല്ലാം ഈ അച്ചന്മാരു രണ്ടും ത ന്നെ. എന്നാൽ ഈ മല്പാനച്ചന്റെ മനസ്സിന്ന മുഴുവനും ചെർന്നു നട

ചാവറയച്ചനും മാന്നാനം സ്ഥാപനവും

ക്കെണമെന്നുള്ള  അഭിപ്രായത്താൽ ചെറുപ്പം മു തൽ തുടങ്ങി നിശ്ചയിച്ചവനായ ചാവറ കുറിയാ ക്കൊസ എന്ന ഈ എഴുത്തുകാരനും ഈ അച്ചൻ ന്മാരുടെ ബുദ്ധി ചൊല്കലാൽ അർത്തുംകൽ വച്ച കുർബ്ബാനപട്ടം ഏ റ്റപ്പോൾ മെത്രാനച്ചനോടുകൂടെയുള്ള ഒന്നാമത്തെ കുർബാനയിൽ ഈ സ്ഥലവും വെലയും നടന്നു. നിറവെറുവാനുള്ള ദൈവാനുകൂലം ഉ ണ്ടാകണം എന്നുള്ള നിരൂപണയാൽതന്നെ ആ ഒന്നാമത്തെ പൂജ അ ണച്ചതിനാൽ വീണ്ടു ആഘോഷമായി ഈ കഴിഞ്ഞ 30-ാം കാലം സൂ വാറാ[1]യുടെ ഒന്നാം ഞായറാഴ്ച, കുർബ്ബാന ചൊല്ലി എടവകയായ ചെന്നൻകരി പള്ളിയിൽ. വീണ്ടും പള്ളിപ്രത്തുവന്ന മല്പാനച്ചനെ ക ണ്ടു തിരികെ എടവകയിൽ ഏകദെശം ഒരു മാസം താമസിച്ച അവി ടെ നിന്നും പുളിംകുന്നിൽ ഒന്നു ചുറ്റി അതിനാൽ അവിടെ ഒരു പറ്റു....[2] തൽ തൊന്നി കുറെ താമസിച്ച വല്യനൊയമ്പിന്റെ തുടക്കം അവരുടെ തെക്കെ അങ്ങാടിയറ്റത്തുള്ള കുരിശുപള്ളിയിൽ ഒരു ധ്യാനവും കഴി

ചാവറ അച്ചന്റെ പുളിങ്കുന്നു ധ്യാനം

പ്പിച്ചു. ഇതിനാലും ഒരു പിടിത്തം അവിടെ ഉണ്ടാ യി. എന്നാൽ ഈ താമസവും ചുറ്റിനടപ്പും മല്പാ നച്ചന്നു ഒട്ടും തെളിഞ്ഞില്ല. ആയതിനാൽ ഭയപ്പെ ട്ടു വീണ്ടും പള്ളിപ്രത്തിന്നു വന്നു. ആയിടയിൽ അത്രെ മാത്രം ചുറ്റി യതല്ലാതെ ശേഷം ഒക്കയും ഈ ഗതിക്കും അഭിപ്രായത്തിനും ചെ ർന്നവനായിട്ടു ഞാനും യിങ്ങനെ മൂന്നാൾ അല്ലാതെ മുഴുവൻ മനസു വെച്ച സംബന്ധക്കാരെയും വീടും ഉപെക്ഷിച്ചു പാർപ്പാനും ചെല ചെ

1. സൂവാറ - സുറിയാനി ശൈലി; ആഗമനകാലം.
2. മൂലത്തിൽ സ്വല്പ സ്ഥലം വിട്ടിരിക്കുന്നു.

യ്പാനും ആരുമില്ല. വകയും ധർമ്മം തെണ്ടണമെന്നല്ലാതെ ഏതുമില്ല. പള്ളിപ്രത്തച്ചനു അവിടെ സിമ്നാരിയും പടിത്വവും മെല്പട്ടക്കാരനാൽ ചുമനിലപ്പെട്ടിരിക്കുന്നു. ആയതുടൻ ഒഴിപ്പാൻ പാടില്ല. ഇവിടെ കല്ലുമിട്ട കപ്പെളയിൽ ചൊല്ലി ഞായറാഴ്ച പെരുന്നാൾകളിൽ പാട്ടുകുർബാനയും പഠാർത്ഥയുമായി തുടങ്ങി ആയതും മുടങ്ങുന്നതും സംകടം ഒരാൾ ധർമ്മം തെണ്ടുവാൻ നടക്കാതെ യിവിടെ ഒരാൾ യിരിപ്പാനും വാച്ചവെലയും നടത്തുവാനും പാടില്ല. അങ്ങനെയിരിക്കയിൽ ലത്തീൻ പട്ടക്കാരും കടപ്രത്തുകാരു നീക്കി ശേഷമുള്ളവരായ പത്തു പള്ളിക്കാരും കൂടി സ്വരുമിച്ചു എഴുതിവെച്ചും എന്നു കെൾവി. അതായതു കടപ്രത്തുകാർക്ക പട്ടം കൊടുപ്പിപ്പാനായിട്ട പസ്കാൾ പാദ്രിയൊടുകൂടി നമ്മുടെ മെത്രാനച്ചനെ (P.66) എറക്കിക്കൊണ്ട പോയിരിക്കുന്നതു ഈ പള്ളിപ്രത്ത മല്പാനച്ചനും പൊരൂക്കരെ കത്തനാരും മുഖാന്തിരമായിരിക്കയാൽ യിവരയും യിവരുടെ ശിഷ്യരെയും നമ്മുടെ പള്ളികളിൽ പടാർത്ഥക്കു വിളിക്കയും യാതൊരു ഒത്താശ ചെയ്കയും വഹിയാ എന്നും ഒരു കൂടി നിശ്ചയം ഉണ്ടാകയും അന്നു വരാപ്പുഴെ പെ. ബ. നിക്ലാവുസ മൂപ്പച്ചൻ വിഗാരിജെനറാൾ ആയിട്ടിരുന്നു. എന്ന ദെഹത്തിന്നു അച്ചനുമായിട്ടു മഹാസ്നേഹമാകുന്നുവെങ്കിലും ഇക്കാര്യത്തിൽ പത്തു പള്ളിക്കാരുടെ മനസിനു വിരോധം മെലാ എന്നതിനാൽ അങ്ങോട്ടും മിങ്ങോട്ടുമില്ലാതെ നിന്നു എങ്കിലും ഈ സംഗതിമുഖാന്തരത്താലയൊ ആ ദെഹത്തിന്റെ അപെക്ഷയാലെയൊ പെ. ബ. മൌറെലിയൊസ മെത്രാനച്ചൻ റൊമ്മയ്ക്കു പോകുവാനും പെ. പെ. ബ. പ്രംസീസ്കശവിയെർ മെത്രാപൊലീത്ത മലയാളത്തിന്നു നിയമിക്കപ്പെട്ടും കല്പന വന്നതിനാൽ ഞങ്ങൾക്കുള്ള ഭൂമിക്കടുത്ത ശരണമൊക്കെയും കെട്ടു. ആച്ചന്മാരു രണ്ടും ഞങ്ങൾ മറ്റ ഏരിയ കൊച്ചച്ചന്മാരും അർത്തുംകൽ ചെന്നു കണ്ണുനീരൊടുംകൂടെ യാത്ര ചൊല്ലി കടപ്രത്തൊളും കുഞ്ഞിതൈക്കൽ നടന്നു. വീണ്ടും വഞ്ചിയിൽ കരെറി കപ്പലിൽ ഇറങ്ങി പാ വിരിച്ചു നംകൂരവും വലിച്ചു ഓടിതുടങ്ങിയതിനാൽ വല്യ ദുഃഖത്തൊടിറങ്ങി അന്നു അർത്തുംകൽ പള്ളിയിൽ തന്നെ ദുഃഖരാത്രിയായി കഴിച്ചു. പള്ളിപ്രത്തുവന്ന പൊരൂക്കരയച്ചനും ഞാനും മാന്ദാനത്തിന്നു പൊന്നു. പള്ളിപ്രത്തതന്നെ മല്പാനച്ചൻ പാർത്തു. ഏതാനും വെലകൾ ഞാനും ആഹാ യാക്കൊവും കൂടെ നടത്തുകയും പൊരൂക്കരെ അച്ചൻ പാലാ ചെർപ്പുംകൽ ഭരണങ്ങാനം യിങ്ങനെയുള്ള സ്ഥലങ്ങളിൽ

ലത്തീൻകാരുടെ എത്യപ്പ്

സ്തബിലിനി മെത്രാൻ റോമ്മക്ക്

രാപകൽ നടന്നുകിട്ടുന്നതിനെ കൊണ്ടുവരികയും – ഇങ്ങനെ നടന്നു വരികയിൽ 832[1]–ാം കാലം പെ. ബ. പ്രംസീയ്ക്കു മെത്രാപൊലീത്താച്ചൻ വന്നാ അച്ചന്മാരും ചെന്നു കണ്ടു അച്ചന്റെ ശിഷ്യരും ഞങ്ങളുടെ കൂട്ടരുമായ പള്ളിപ്രത്ത മങ്ങല ചാണ്ടികത്തനാരച്ചനെ അച്ചൻ വഴിയായിട്ടുതന്നെ സെക്രത്താരി വെലക്കയിട്ടും നിറത്തി അന്നുമുതൽ പെ. ബ. അച്ചന്റെ മുൻമ്പിൽ മെത്രാനച്ചനെക്കൊണ്ടും കൊവെന്തയെക്കൊണ്ടും പല അറ്റ കുറ്റങ്ങൾ ബ. നമ്മുടെ കൂട്ടരും സ്ഥാനക്കാരും പരിഷക്കാരും മെലെഴു തിയവരു കൂട്ടമായിട്ടും എംകിലും മുൻപിനാലെ ഈദേഹം മിസ്യൊ ണാരിയിയിരുന്നപ്പോൾ യിവിടെ വന്നതിനാ (P.67) ലും മറ്റും അച്ച നെ കണ്ടതിനാലും ഒന്നു വിശ്വസിച്ചില്ലെന്നും തൊന്നുന്നു. എംകിലും കൊവെന്തക്കാരനുവദിച്ചു എന്നും എഴുത്താലെയുള്ള കല്പനയുണ്ടൊ എന്നും ചൊദിച്ചു പെ. ബ. മൌറെലിയൊസ മെത്രാനച്ചൻ തന്നിരുന്ന എഴുത്തുകൾ കാണിച്ചു എന്നാറയും അനുവാദവും വിലക്കും ഒന്നും കല്പിച്ചില്ല. യിങ്ങനെ യിരിക്കുകയിൽ ഒരു ബ. പ്രാപ്തിയുള്ള പട്ട ക്കാരൻ യിവരു പള്ളികളിൽ നിന്നും പണം വാങ്ങിച്ച വീട്ടുകാരെ സ ഹായിക്കുന്നുവെന്നും ബൊധിപ്പിച്ചു എന്നും കെട്ടുയിങ്ങനെ യിരിക്ക യിൽ തെക്കൻ പള്ളിപ്രത്തപള്ളിയിൽ വിഗാരിയായിട്ടു ചാവറ കുറിയാക്കൊസ കത്തനാര പൊകണം എന്നും ഒരു കല്പനയുണ്ടായി. അപ്പൊൾ അച്ചന്മാർക്ക അധികം വിഷാദവും വിമ്മിഷ്ടവും ആയി. അതെന്ത്യെ മാന്ദാന ത്തിൽ പാർപ്പാൻ അപ്പൊൾ ആരുമില്ല. യിങ്ങനെ മുടങ്ങട്ടെ എന്നു ഭാ വിച്ചിട്ടാകുന്നോ എന്നു സംശയിച്ചു എംകിലും ചെന്നു സംകടം പറയ ണം കൈക്കൊണ്ടില്ലംകിൽ ചൊൽവിളി കേൾക്കണമെന്നും പറഞ്ഞ യച്ചതിൻവണ്ണം ഞാൻ ചെന്ന പെ. ബ. അച്ചനെ കണ്ടു. മാന്ദാനത്തിൽ പാർത്തു ആയതിനെ ഞാൻ അത്രെ പണിയിച്ചു വരുന്നത മല്പാനച്ച നു ചടപ്പും പൊരൂക്കരെ അച്ചൻ ധർമ്മത്തിനു പൊകയും യിതിനാൽ ഞാൻ അവിടെനിന്നും മാറിയാൽ ആ പണി വീഴ്ചയാകും എന്നും ബൊധിപ്പിച്ചു. ഇതിന്നു കല്പന കെൾക്കണം എന്നു മാത്രം കല്പിച്ചു.

ഫ്രാൻസീസ് സേവ്യർ വരാപ്പുഴ വിക. അപ്പ. യാകുന്നു

ചാവറ അച്ചൻ പള്ളിപ്പുറം പള്ളി വികാരി

വീണ്ടും ഞാൻ കുറെ സംകടമായിട്ടു എന്നപോലെ പറഞ്ഞു. അപ്പോൾ ആ മുഷ്കരത്വത്തിന്റെ അവസ്ഥപ്രകാരം തിരിഞ്ഞുകൊണ്ടു തന്റെ തന്നിഷ്ടംപൊലെ ബൊധിച്ചടത്തു നടക്കണം മെല്പട്ടക്കാരന്റെ

1. 1832

ചാവറയച്ചന്റെ പരാതി

ചൊൽവിളി പടിച്ചില്ലയൊ? എന്നും കുറെ കർഷിച്ചു കല്പിച്ചതിനാൽ ഭയപ്പെട്ട കല്പന അനുസരിച്ചു പോന്നു പള്ളിപ്രത്ത പാർത്ത ആ വിഗാരിത്വം നടത്തി എംകിലും ആ എടയിൽ മല്പാനച്ചന്റെ അനദ്രപൻ വർക്കി കത്തനാരച്ചൻ പുത്തൻ കുർബ്ബാന ചൊല്ലിയതിന്റെ ശെഷം കൂടെകൂടെ മാന്നാനത്തിന്നു വരികയും ചെയ്യും. ഇങ്ങനെയിരിക്കയിൽ ഇതിനെക്കായിൽ അധിക സംകടമായിട്ടുള്ള സംഗതി നെരിട്ടു. അതായതു പൊരൂക്കര അച്ചൻ മാത്രം ഈ കാര്യം അന്വിഷിപ്പാനുള്ളു എന്നിരിക്കയിൽ അദ്ദേഹം കായംകുളം പി

പോരൂക്കര അച്ചൻ തെക്കൻ തിരുവിതാം കൂറിലേക്ക്

ള്ള തൊപ്പയിങ്ങനെ കൊല്ലം മിസത്തിലുള്ള പള്ളികളിൽ വിഗാരി ആയിട്ടു പൊകണമെന്നും ഒരു കല്പന പുറപ്പെട്ടു (P.68). ഇതിനാൽ ആ ദെഹം മല്പാനച്ചന്റെ പക്കൽ വന്ന പലപ്രകാരം വിചാരിച്ചു എംകിലും മെല്പട്ടക്കാരുടെ കല്പന ദെയ്പത്തിന്റെ തിരുമനസാകയാലും പക്ഷെ നമ്മുടെ ചൊൽവിളി പരീക്ഷിപ്പാനായിട്ടുതന്നെ കല്പിച്ചതൊ എന്നും അറിവാൻ വഹിയാ എന്നതിനാൽ യാതൊരു സംകടം പറയാതെ പൊകണമെന്നത്രെ യിനിക്കു തോന്നുന്നതു എന്നു ആ ദെഹം തന്നെ പറഞ്ഞതിനാൽ അങ്ങനെ തന്നെ എന്നു മല്പാനച്ചനും പറഞ്ഞു. കണ്ണുനീരാൽ ആ ദിക്കുകൾക്കു പൊകയും ചെയ്തു.

എന്നാൽ ഈ കാലങ്ങളിൽ മെലെഴുതിയ വർക്കികത്തനാരച്ചനും യാക്കൊയും ആയിട്ടും ചിലപ്പോൾ എഴുത്തുകാരനായ ഞാനും മാറി മാറി പാർത്തും വിചാരിച്ചും വന്നു. എന്നാൽ യിങ്ങനെ എന്റെ വിഗാ

പള്ളിപ്പുറത്തെ അനിഷ്ടസംഭവം

രിത്വം നടത്തി വരുവാനായിട്ടു ഈ വർക്കി കത്തനാരച്ചനെ പള്ളിപ്പുറത്താക്കിയും വച്ച ഞാൻ മാന്നാനത്തിൽ താമസിച്ചുവരികയും മല്പാനച്ചൻ എന്തൊ മറ്റിടത്തിൽ പോയിരിക്കയും ചെയ്തപ്പോൾ പള്ളിപ്രത്ത മൂന്നുനൊയമ്പിന്ന നെർച്ച വിളമ്പിയപ്പോൾ വർക്കികത്തനാരച്ചൻ ആ എടവകയിൽ പഴെ തറവാട എങ്കിലും ക്രമമില്ലാതെ നടന്നുവന്ന കുരിശുംകൽ ഇട്ടി എന്നവനെ വടികൊണ്ടടിച്ചു. ഇതിനാൽ അവന്റെ ശെഷക്കാരർക്കും മാനക്കേടായി. ഇതിനാൽ ഒരു സംകടം എഴുതി പെ. ബ. മെത്രാപ്പൊലീത്താച്ചനെ ബൊധിപ്പിച്ചു. അതായതു ഞങ്ങളുടെ വിഗാരി അച്ചൻ ഞങ്ങളുടെ പള്ളിൽ പാർക്കാതെ ദർശന വീടു പണിയിപ്പാനായിട്ടു മാന്നാനത്തിൽ പൊയി പാർക്കുകയും ചെറുപ്പക്കാരനായ ഈ ഇടവകക്കാരൻ കൊച്ചുകത്തനാരച്ചനെകൊണ്ടു വിഗാരിത്വം നടത്തിക്കയും ചെയ്ത

തിനാൽ ഈ എടവകയിൽ മാനമര്യാദയായി കഴിഞ്ഞുവരുന്ന എന്നെ ന്യായം കൂടാതെ കൂട്ടത്തിൽ വച്ചു അടിച്ചിരിക്കുന്നതിനാൽ അധിക സംകടത്തിനിടയായിരിക്കുന്നു. എന്നും മറ്റും ഈ സംകടം പെ. ബ. അച്ചൻ കേട്ടപ്പോൾ അതിൽതന്നെ ഒരു കല്പന പള്ളിപ്രത്ത വിഗാരി ചാ. കുറി. കത്തനാരെ കണ്ടന്നാൽ ഈ സംകടക്കാരന്റെ സംകടം തീർത്തുകൊടുക്കുന്നതുമല്ലാതെ ഇനി മെലാൽ നമ്മുടെ എഴുത്താലുള്ള അനുവാദം കൂടാതെ തന്റെ വിഗാരിത്വത്തിന്റെ എടവകയായ പള്ളിപ്രത്തപള്ളിയിൽനിന്നും എട്ടു ദിവസം തികച്ച യാതൊരിടത്തിലും പോയി പാർത്തുകൂടാ (P.69) എന്നും അറിഞ്ഞിരിക്കട്ടെ എന്നുള്ള ഈ കല്പന മാന്നാനത്തിൽ കൊണ്ടുവന്നു തരികയും ചെയ്തു. ഈ കല്പന മുൻപുള്ളതുഒക്കെ കായിൽ അധികം സംകടമാകയും ചെയ്തു.

ചാവറയച്ചന് നിരോധനാജ്ഞ

എന്നാൽ ഈ സംകടത്തെ പ്രതി എത്രയും വല്യ ഒരു തെറ്റു ഞാൻ ചെയ്തു. ഇതായത ആ കല്പനയും കൊണ്ടു മാന്നാനത്തുനിന്നും പുറപ്പെട്ടു പള്ളിപ്രത്തുവന്നപ്പോൾ മല്പാനച്ചനും അതിനു മുൻപിൽ അവിടെ വന്നു. ഉടൻ സംകടക്കാരന്റെ സംകടം ഒക്കെയും തീർന്നുപോയി എന്നുതന്നെയല്ല മേല്പട്ടക്കാരനെ സംകടം ബോധിപ്പിച്ചു എന്നതിനാൽ മനക്ലേശവും ആയി. സംകടക്കാരർക്കും എംകിലും ഇപ്രകാരം കല്പന പുറപ്പെട്ടിരിക്കയാൽ ഇനി മാന്നാനത്തിൽ പാർത്തുകൊണ്ടു ആ പണി നടത്തുവാൻ പാടില്ലല്ലൊ എന്നും മറ്റ ഒരാൾ തന്റെ കാര്യമെന്നും വച്ചു പാർത്തു വെല നടത്തുവാനും കാണായ്കയാൽ അധികം വിഷാധിച്ചു എന്നപ്പോൾ ഞാൻ വരാപ്പുഴെ ചെന്നു ബോധിപ്പിച്ച വിഗാരിത്വം ഒഴിഞ്ഞു. ടി വർക്കി കത്തനാരച്ചന്നു വിഗാരിത്വം കൊടുപ്പാൻ അപെക്ഷിച്ചു നടത്താമെന്നും നിരൂപിച്ചു ആയതിന്നു മല്പാനച്ചനും സമ്മതിച്ചു ആ വഴിയെതന്നെ വരാപ്പുഴെയ്ക്കു ചെന്നു പെ. ബ. അച്ചനെ കണ്ടു. അപ്പോൾ മിഖായെൽ കൊറെഞ്ഞു എന്ന പാദ്രി അച്ചൻ സെക്രത്താരിവെല നടത്തിവരികയാലും അദ്ദേഹത്തിനു അച്ചന്മാരുടെമേൽ പ്രത്യേകം താല്പര്യവും എന്നെയും സ്നേഹമായിരിക്കയാലും സഹായിപ്പാൻ മനസുണ്ടു എന്നും തന്നെയുമല്ല ഇതിനിടയിൽ പെ. ബ. അച്ചൻ മല്പാനച്ചനൊടു കല്പിച്ച കാര്യങ്ങളും അപ്രകാരംതന്നെ പൊരൂക്കരെ അച്ചൻ തെക്കൊട്ടു പോയതിനാൽ പാാർത്ഥ മുതലായി ഉണ്ടായ ഗുണങ്ങൾ കാരണത്താലും അവരുടെ

ചാവറ അച്ചൻ മെത്രാപ്പോലീത്തായുടെ മുമ്പിൽ

മെൽ സന്തോഷമല്ലാതെ മുഷിച്ചിലിന്നു തക്ക സംഗതികൾ ഒന്നും കാണായ്കകൊണ്ടും അല്പമായ മനസു വീണു എന്നു വിചാരിച്ചിട്ടൊ എറ്റിയെ[1] എന്റെ അറിവുകേടും ചെറുപ്പവും കൊണ്ടുതന്നെ എന്നെ പറവാനുള്ളൂ.

ഇതായതു ഞാൻ മുറിയിൽ കരെറി കൈമുത്തിയപ്പോൾ മുഖം പകർന്നു. ഞാൻ അറിഞ്ഞില്ല. ഉടൻ ചൊദിച്ചതായത എന്തിന്നു വന്നു?

വികാരിത്വം ഒഴിപ്പാൻ ചാവറ അച്ചന്റെ നിർബന്ധപൂർവ്വമായ അപേക്ഷ

ഞാൻ മാന്നാനത്തു പാർത്തിരുന്നു. അവിടെനിന്നു ഞാൻ മാറി (P.70) യാൽ ആ പണി മുടങ്ങി പൊകും ആയതുകൊണ്ടു എന്റെ വിഗാരിത്വം ഒഴിപ്പാറാകണം എന്നും ഞാൻ ബൊധിപ്പിച്ചു. അപ്പോൾ ഒന്നും കല്പിച്ചില്ല.

വീണ്ടും പൈതങ്ങളുടെ സിദ്ധാന്തംപൊലെ ഞാൻ പറഞ്ഞു. വർക്കി കത്തനാരച്ചൻ വിഗാരിത്വം നടത്തുവാൻ കൊള്ളാവുന്ന പട്ടക്കാരൻ ആകുന്നു. ഇതല്ലാത മല്പാനച്ചനു ചടപ്പാകയാലും അവിടെത്തന്നെ പഠിക്കുന്നതിനാലും വെണ്ടിയ കാര്യങ്ങളൊക്കയും ആദെഹംതന്നെ പറഞ്ഞു നടത്തിക്കുന്നതും ആകയാൽ മനഗുണമായിട്ടു അയാൾക്കു വിഗാരിത്വം കൊടുക്കണം എന്നും പറഞ്ഞപ്പോൾ താൻ പൊകുക എന്നും കല്പിച്ചാറെ ഞാൻ ക്ലേശിച്ചു. അപ്പോൾ കല്പിച്ചു താൻ ചെന്നു അയാളെ ഇങ്ങോട്ടു പറഞ്ഞയയ്ക്കുക എന്നു അപ്പോൾ ഞാൻ പറഞ്ഞതായതു ഇനിക്കു ചെന്നാലുടൻ മാന്നാനത്തിനു പൊകണം. അയാൾ കൂദാശയും മറ്റും അറിയുന്നവനാകുന്നു എന്നു ഈ എന്റെ വകതിരിവില്ലാത്ത ഉത്തരം കെട്ടപ്പോൾ പെ. ബ. അച്ചൻ സ്വരം പുറപ്പെടുത്തിക്കൊണ്ടു കദെരയോടുകൂടി തിരിഞ്ഞു. ഞാൻ അധികം ഭയപ്പെട്ടു പോയി അപ്പോൾ പിതാവിനടുത്ത ഉപവിയോടുകൂടെ കല്പിച്ചു. താൻ ചെറുപ്പം ഇങ്ങനെയോ? മെല്പട്ടക്കാരുടെ മുൻപിൽ ഉത്തരിക്കെണ്ടുന്നത തന്റെ മനസ്സുപോലെ നടക്കണം ആ: ആ: ഇതിനൊ പട്ടമെറ്റ ഇപ്പോൾ തന്നെ മുടക്കുവാൻ ആവശ്യം പൊ. പൊ. എന്നുള്ള കല്പന കെട്ടു ഞാൻ ഭയപ്പെട്ടു മുട്ടുകുത്തി കൈമുത്തിയിറങ്ങുകയും ചെയ്തു.

എന്നാൽ മിഖായെൽ പാദ്രി അച്ചൻ പലപ്പോഴും എന്നെ മുടക്കി ഒ

മെത്രാപ്പോലീത്താച്ചന്റെ കോപം

ന്നും പറയാതിരിപ്പാൻ അതെന്ത്യെ ആദെഹത്തിനു പരിശയത്താലും മറ്റും മെത്രാപോലീത്തച്ചന്റെ ഭാവം പകർന്നിരിക്കുന്നുവെന്നും തിരിഞ്ഞു. എന്നാൽ താഴെ

1. എറ്റിയെ – അല്ലെങ്കിൽ

ഇറങ്ങി വീണ്ടും വിചാരിച്ചപ്പോൾ അധികം ഭയപ്പെട്ടു. അതെന്ത്യെ പട്ടാങ്ങയാലെ എന്നെ മുടക്കുവാൻ തക്ക ഉത്തരങ്ങളായി പോയി. ഞാൻ പറെഞ്ഞത എന്റെ അറിവുകേടും കൊവെന്ത ഉണ്ടാകണം എന്നുള്ള താല്പര്യവും കൊണ്ടത്രെയിങ്ങനെ പറയുന്നത എന്നും നിരൂപിച്ച അന്നു എന്നൊട അധികം ക്ഷമിച്ചു, വീണ്ടു മറ്റ ഒരൊരുത്തരുള്ള കല്പന കെൾക്കുംപോൾ ഒക്കെയും എന്നൊടും ക്ഷമിച്ചതിനെയും എന്റെ തിരിവില്ലായ്കയും ഞാൻ വിചാരിക്കും. ഇങ്ങനെ പുറപ്പെട്ടു വീണ്ടും പള്ളിപ്രത്തുവന്ന വർക്കിയച്ചനെ വരാപ്പുഴെയ്ക്കയച്ചാറെ മനൊഗുണമായി വിഗാരിത്വം കൊടുക്കുകയും ചെയ്തു.

അന്നു മുതൽ ഞാൻ മുഴുവനായിട്ടു കൊവെന്തക്കാരനെപൊലെ (P.71) മാംസസംബന്ധക്കാരിൽനിന്നും നീങ്ങി വരവും ചിലവും അവിടെ തന്നെ എന്നും നിശ്ചയിച്ചു. ഇങ്ങനെ പാർത്ത വിചാരിച്ചും വരുമ്പോൾ കല്ലൂർക്കാട്ട കല്ലൂത്ര ഗീവറുഗീസ കത്തനാരച്ചന്നു താല്പര്യം തൊന്നി മല്പാനച്ചന്റെ ശിഷ്യനെന്നും ആദെഹത്തിനു സന്തൊഷമെന്നും ആകയാൽ ചിലപ്പോൾ അവിടെ വന്നു പാർക്കയും പണികയും ചെയ്യും. ഈ നാളുകളിൽ പൊരൂക്കരെ അച്ചൻ കൊല്ലത്തുനിന്നു ഒരു പണിക്കാരനെ കൊണ്ടുവന്നു. അവൻ മരപണിയും കൽപണിയും രണ്ടും തിരിയുന്നവനാകയാൽ പള്ളിക്കും പള്ളിയിൽ നിന്നു വടക്കൊട്ടും ഉള്ള മുറികൾക്കും അടിസ്ഥാനവും ഇട്ടു പണിതും തുടങ്ങി. ഈ കാലങ്ങളിൽ മെലെഴുതിയ പാപ്പന്തലിൽ തന്നെ പാർത്തും താഴെ ഒരു പഴയ കളപ്പുര ചിറ്റെഴത്തു നായർക്കുണ്ടായിരുന്നു. ആയതു 200 ചക്രവും കൊടുത്തു വാങ്ങിച്ചു. ആയതിൽ വസ്തുക്കൾ വെക്കയും ചെയ്യും.

> ചാവറ അച്ചൻ മാന്നാനത്ത്

........[1] കാലം പൊരൂക്കരെ അച്ചനും പിള്ളതൊപ്പു മുതലായ സ്ഥലത്ത വിഗാരിത്വവും കഴിഞ്ഞു വന്നു. ഇതിനിടയിൽ അച്ചനോടുകൂടെ പടിക്കുന്നതിൽ അതിരമ്പുഴക്കാര ആലഞ്ചെരി എന്നും വല്യപറമ്പൻ എന്നും രണ്ടു ശമ്മാശന്മാരെ എളുപ്പംകൊണ്ടും അച്ചൻ കൂടെകൂടെ വന്നു താമസിക്കയാലും അവിടെ പാർത്തുവന്നു. യിവിടെ അച്ചന്മാരുടെ അഭിപ്രായം രണ്ടായി മല്പാനച്ചന്ന പഠിത്വവും ശമ്മാശന്മാരും കൂടെവേണം അല്ലാഞ്ഞാൽ തുടക്കത്തിൽ ജനങ്ങളുടെ മനസ്സു വീഴുവാനും പള്ളിക്കടുത്ത ശുശ്രൂഷ ആഘൊഷമായി ചെയ്പാനും പാടുണ്ടാകയില്ല. എന്ന

> പോരൂക്കര അച്ചൻ മാന്നാനത്തിനു മടങ്ങുന്നു

1. വർഷം എഴുതുന്നതിനുള്ള സ്ഥലം പൂർത്തിയാക്കാതെ വിട്ടിരിക്കയാണ്.

മാന്നാനത്തു സെമി നാരി തുടങ്ങുന്നു. പിതാക്കന്മാർ തമ്മിൽ അഭിപ്രായവ്യത്യാസം

തിനാൽ സിമ്നാരിയും പഠിത്തവും ഒരു ഭാഗത്തും കൊവെന്ത മറുവശത്തും സിമിനാരിയിൽ നിന്നു തന്നെ കൊവെന്തയിൽ പാർപ്പാനുള്ള മനസ്സുള്ളവരുണ്ടാകും. അങ്ങനെ ആകയത്രെവെണ്ടിയത. ഈ ദിക്കിലെ മുറയ്ക്കു അല്ലാഞ്ഞാൽ നടക്കുന്നതിന്നു പ്രയാസം എന്നും പൊരൂക്കരെ അച്ചന്റെ അഭിപ്രായമായ്ത സിമ്നാരിയിട്ടു പഠിപ്പിച്ചുവന്ന സ്ഥലങ്ങൾ മിക്കതും കാല നീളിപ്പിൽ നശിച്ചുവീണത്രെ കണ്ടുവരുന്നതു ഈ വകക്കാരെ ചൊവ്വെ ആക്കി കൊൾവാൻ ഇതുവരെ കണ്ടുവരുന്നതിനാൽ പ്രയാസം, താ ആയ്ത വച്ച കൊംവെന്ത എന്നലാക്കുവച്ചതിനാൽ ദെയ്പ ശരണമല്ലാതെ മനുഷ്യശരണവും നടപ്പും നൊക്കുന്നതയിതിന്നു നെരെ വിഘ്നം തന്നെ എന്നും യിങ്ങനെ രണ്ടഭിപ്രായം ഭൊഷനായ ഇനിക്ക രണ്ടും സന്തൊഷം - ഒരുപൊലെ തൊന്നിയിരുന്നു. പൊരൂക്കരെ അഭിപ്രായത്തിന്നു ഉള്ളെ സന്തൊഷം - അച്ചന്റെ അഭിപ്രായത്തിനും ഉള്ളിൽ സന്തൊഷക്കെടുമില്ല. പുറമെ സന്തോഷം തന്നെ ആയിരുന്നു. എങ്കിലും (P.72) അച്ചന്റെ അഭിപ്രായത്തിനും മനസിനും ചെർന്നു നടക്കണമെന്നും വച്ച പൊരൂക്കരെ അച്ചൻ ആദെഹത്തിന്റെ മല്പാനച്ചനെക്കായി ഈദെഹത്തെ സ്നേഹിച്ചു ചെർന്നിരിക്കയാൽ അച്ചന്റെ മനസുപോലെ എന്നും കീൾപ്പടിഞ്ഞു. ആയതിനാൽ ഈ ശെമ്മാശന്മാരും മാന്നാനത്തിൽ തന്നെ പാർത്തുവരികയും ചെയ്തു. പിന്നീടു വടക്കോട്ടുള്ള മുറിയും മുഖവാരം മുതൽ ഹൈക്കലായുടെ ചുവരു രണ്ടും കൂടെ പണുത ഒരു പ്രകാരം താഴത്തെ മുറിയിൽ പാർപ്പായി അപ്പൊൾ......[1] കാസ

തോപ്പിലച്ചൻ കൊവേന്തയിൽ

തൊപ്പിലച്ചൻ പുത്തൻ കുർബ്ബാനയും ചൊല്ലി കൊവെന്തയിൽ പാർക്കെണമെന്നുള്ള മനസോടുകൂടെ മാന്നാനത്തിൽ വന്നു ചെർന്നു. അപ്പോൾ മല്പാനച്ചനുകൂടെകൂടെ അരിശ്ശസ്സിന്റെ ചടപ്പാൽ ക്ഷീണിച്ചും മാന്നാനത്തിൽ വന്നാൽ അധികമായി തണുപ്പുകാറ്റാൽ താമസിപ്പാൻ പാടില്ലാതെയും ആകയാൽ ഏറിയതും പള്ളിപ്രത്തുതന്നെ പാർത്തുവന്നു.

കൊടക്കച്ചിറ അന്തോനി ശ: മാന്നാനത്ത്

ഈയിടയിൽ വല്യ ഒരു സംകടത്തിന്നിടയാക്കി എന്നു. ഒരാൾ ഇതായത പാലായിൽ കൊടക്കച്ചിറ അന്തൊനിശമ്മാശൻ ഇയാൾ മുൻപിൽ കുന്നെലച്ചൻ എന്ന ഒരു കെൾപെട്ട പട്ടക്കാരനൊടും പിന്നെ പൂണ്ടികൊളത്ത മല്പാനച്ചനൊടുംപിന്നെ മുപ്പറയിൽ എന്ന പാലാ മല്പാനച്ച

1. ഇവിടെ അല്പം സ്ഥലം എഴുതാതെ വിട്ടിരിക്കയാണ്.

നൊടും യിങ്ങനെ, സുറിയാനി പഠിനങ്ങൾ ഒക്കെയും പഠിച്ചുകഴിഞ്ഞ ലത്തീൻ ലുസിത്താൻ[1] യിങ്ങനെയുള്ള പെച്ചുകൾ പഠിപ്പാനും ആയിട്ട മട്ടാഞ്ചെരിൽ വികാരി ആയിരുന്ന തൊറിഞ്ഞ പാദ്രി എന്നദെഹത്ത നോടുകൂടെ പാർത്തു പഠിച്ചുവന്നിരിക്കയിൽ ഇവിടെയും ഓരോരു ത്തരായി മുൻപിനാൽ കൈപ്പുഴക്കാര മലമെൽ, ചൂതം പിന്നെ പഴു ക്കായിങ്ങനെ മൂന്നു തയിമ്നക്കാരും[2] ചെന്നൻകരി പടവുംപുര, വല്യാറ കല്ലൂർക്കാട്ടു കല്ലൂത്രയിങ്ങനെ ഏതാനുപേരും ചെർന്നു ഒരു പഠിനം ഉണ്ടായി. പൊരൂക്കര അച്ചന്റെ അധികമായ എരിവാൽ മൂന്നുനേരമാ

മാന്നാനത്തെ ഭക്തജീവിതമുറ

യിട്ട 153 മണിയും, വ്യാകുലം യൌസേപ്പ പുണ്യ ജപം വെന്തിങ്ങയിങ്ങനെയുള്ള ജപങ്ങളും ഞായറാഴ്ച ഉച്ച യിൽ പാട്ടുപൂജയും പിന്നെ പഠാർത്ഥ പിന്നെ കൊന്ത യിങ്ങനെ മുഴു വൻ ശുദ്ധമായിട്ടു കൊള്ളിപ്പാനായിട്ടുമിട കൊടുക്കാതെയുള്ള ഈ വെലയും വല്യനൊയമ്പിൽ ഹൂദാർ[3] നമസ്ക്കാരവും വെള്ളിയാഴ്ച മൂന്നു മണികഴിഞ്ഞാൽ (P.73) മലയുടെ താഴെ തുടങ്ങി 14 പാസിന്ന 14 കുരിശുനാട്ടി ഏവരും കൂടിയുള്ള വീയസാക്ര വലിയവീയതന്നെ ആ കല്ലുകളുടെയിടയിൽ ഗാഗുൽതാകരെറി എന്നതു പറയും പൊൾ മലമുകളിൽ കയറും യിങ്ങനെയുള്ള ഈ വീയസാക്ര കെട്ട അതിരം പുഴ, പുന്നത്ര, കുടമാളൂർ, കൈപ്പുഴ യിങ്ങനെയുള്ള എടവകകളിൽ നിന്നും ഭക്തിക്കാര എത്തും. ഈ ഒരു സ്വരത്താൽ ഈ കുടക്കച്ചിറ ശെമ്മാശും വന്നുകൂടി എന്തിനെങ്കിൽ അതിന്ന കൊള്ളുന്നവൻ ആ കുന്നു. നൊയമ്പു എംകിലും നമസ്ക്കാരമെംകിലും ചിത്രമെംകിലും എഴുത്തെംകിലും പാട്ടെംകിലും കൊട്ടെംകിലും വഴക്കെംകിലും വി

കൊവേന്തക്കാരേയും സെമിനാരിക്കാരേയും വേർതിരിക്കുന്നു

സ്താരമെങ്കിലും ശെഷവും യിങ്ങനെ വന്നു ചെർന്നു, ശിഷ്യപ്പെട്ടു. അങ്ങനെ ശമ്മാശന്മാരിൽ കൂടി പാർത്തു വരികയിൽ പൊരൂക്കരെ അച്ചന്റെ നിയൊഗപ്രകാരം ഞങ്ങൾ എല്ലാവരുംകൂടി ഒരു മുഴവൻധ്യാനം കഴി ച്ചു. ഇതു കഴിഞ്ഞ ശെഷം ഈ ധ്യാനത്തിൽ കാർത്തു വന്ന ചട്ടങ്ങൾ മിണ്ടടക്കം എന്നതു നിക്കി ശേഷം ഉള്ളൊതൊക്കെയും കാർത്ത ഞ ങ്ങളൊടുകൂടെ ഒന്നിച്ചിവിടെ, കൊവെന്തക്കാരായി പാർപ്പാൻ മനസ്സു ള്ളവര ആരാനുമുണ്ടംകിൽ അറിവിക്കണം അവർക്ക ഒര ചട്ടവും സ്ഥ ലവും ആയിട്ടും മറ്റവരെയിപ്പോൾ എന്നപൊലെയും എന്നും പറഞ്ഞ

1. ലത്തീൻ മൂലം: പോർത്തുഗീസ്, എന്നർത്ഥം.
2. സുറിയാനി മൂലം: തെക്കും ഭാഗർ, എന്നർത്ഥം.
3. കാനോന നമസ്കാരത്തിന്റെ ഒരു ഭാഗം.

എല്ലാവരോടും അറിവിച്ച ആയതിനു നൽമനസുകൊടുപ്പാൻ അപെക്ഷി ക്കണം എന്നും നിശ്ചയിക്കപ്പെട്ട ഞാൻ തൊപ്പിലച്ചൻയിങ്ങനെ യാ ക്കൊവു മുതലായവരൊടും പൊരൂക്കരെ അച്ചൻ പറഞ്ഞു. അപ്രകാ രം ധ്യാനം കൂടിയശേഷം ചുരുങ്ങിയ ഏതാനും പെര സമ്മതമായി കാർത്തു പാർത്തുകൊള്ളാമെന്നും പറഞ്ഞു. പക്ഷെ പിന്നെ എല്ലാവ രും പൊയി. ആയതിനാൽ അത്രെ അവരുടെ പെര എഴുതാത്തത. ഈവണ്ണം മനസായി എന്നവരെ ഒക്കെയും നമ്മുടെ വടക്കുള്ളമുറി അപ്പൊൾ തട്ടുംയിട്ടു മുകളിൽ പാർപ്പാറയതിനാൽ ശെഷംപെര താഴ

കുടക്കച്ചിറയുടെ നേതൃത്വത്തിൽ എതൃപ്പ്

യും യിവര ഞങ്ങളൊടുകൂടെ മുകളിലും ആയിട്ടു പഠി പ്പാനും നടപ്പാനും ഒര ക്രമവും വച്ചു രണ്ടാക്കി – അപ്പോ ൾ ഈ അന്തോനി മുകളിൽ കെറിയാൽ എടവകയിൽ പൊകുവാനും വീട്ടുകാര എന്നുള്ളതെല്ലാറ്റിലും പാടില്ലന്നും കൂടാത്ത തും താഴെ പാർക്കുന്നതും മാനക്കെടുപോലെയും തൊന്നി. ഈ ഗു ണദൊഷം മറ്റുള്ള ശെമ്മാശന്മാരുടെ ചെവിയിലും കെൾപ്പിച്ചു. ഈ വേർതിരിവു ചെയ്തത മഹാ സംകടം എന്നായി (P.74). പള്ളിപ്രത്തി നു പെരുന്നാൾക്കായിട്ട ഞാനും പൊരൂക്കരെ അച്ചൻ ധർമ്മത്തിനാ യിട്ടു പള്ളികളിലും പൊകയും, പുത്തനായിവന്ന തൊപ്പിലച്ചനും യാ ക്കൊയും മാത്രം മാന്നാനത്തിലുണ്ടായിരുന്നുള്ളൂ. യിതിനാലും താഴ ത്തക്കാര എന്നായ ശമ്മാശമ്മാരൊടുകൂടെ കുടക്കച്ചിറയും ഒരുമിച്ച സംകടമുണ്ടാക്കി പൊരൂക്കരെ അച്ചനെയും മല്പാനച്ചനെയും തമ്മിൽ ഭിന്നിപ്പിപ്പാനുള്ള പിശാചിന്റെ തന്ത്രമെന്നു തൊന്നുവാൻ തക്കവണ്ണ

പാലക്കലച്ചന്റെ പക്കൽ പരാതി

മായിരിക്കുന്നു. ഇതായത അച്ചൻ യില്ലാത്ത സമയത്തിൽ പൊരൂക്കരെ അച്ചന്റെ ഗുണദൊഷത്താൽ ഞങ്ങളെ താ ഴെത്തിറക്കി ഏതാനും പെരെ മുകളിൽ കെറ്റിയിരിത്ത അവർക്കല്ലാ തെ കുർബ്ബാനയ്ക്കു ചിറ്റണ്ണ ചെയ്തുകൂടാ എന്നും വെല ഒക്കെ ഞ ങ്ങൾ ചെയ്യണമെന്നും കുർബ്ബാന കഴിഞ്ഞാൽ കുപ്പായങ്ങളും മറ്റും ഞങ്ങൾ മടക്കി പെട്ടിയിൽ വെച്ച മുകളിലെ വാതുക്കൽ ഞങ്ങൾ കൊ ണ്ടുചെന്നു കൊടുക്കണമെന്നും ഞങ്ങൾക്കു ആ വാതിൽ കടന്നു കയ റിക്കൂടാ എന്നും അവരോടു മിണ്ടിക്കൂടാ എന്നും ഇങ്ങനെ പലരിൽ നിന്നും പരിഹാസത്തിനു മാത്രം ഞങ്ങൾക്കിടയായി എന്നും ആയ തിനാൽ ഒന്നുകിൽ ഞങ്ങളെക്കൂടെയിവിടെ പള്ളിപ്രത്ത തന്നെ പാർ പ്പിച്ചു കൊള്ളണം. അല്ലംകിൽ മുൻപിൽ കഴിഞ്ഞതിൻവണ്ണം ഒന്നായി ട്ടുതന്നെ നടത്തിച്ചു തരുമാറാകണമെന്നും യിങ്ങനെ മഹാസംകടമാ യിട്ടുള്ള ഒരു കുറി സുറിയാനിയിൽ ഈയാളുടെ വാചകത്താൽ ഉണ്ടാ

ക്കിക്കൊടുത്ത ചുമട്ടുകാരപോലുള്ള മറ്റു ശെമ്മാശന്മാരുടെ പക്കൽ കൊടുത്ത ഈയാൾ ഏതും സംബന്ധമില്ലാത്തവനെ പെരുനാൾ കൂടുവാനായിട്ടും ആയി ഏതാനും ശമ്മാശന്മാരോടുകൂടി വള്ളവുമുണ്ടാക്കി പള്ളിപ്രത്ത വന്ന പെരുനാളിന്റെ യിടയിലൊ ഞാൻ അറിയാതെ സംകടം അച്ചന്റെ പക്കൽ കൊടുത്തു.

പെരുനാൾ കഴിഞ്ഞു ഞാൻ പൊരുവാനായിട്ടു അച്ചന്റെ പക്കൽ ചെന്നപ്പോൾ ഈ സംകടം കാണിച്ചു കാതലായിട്ടു കൈക്കൊണ്ടില്ലാത്തതിൻവണ്ണം അവിടെ പാർപ്പാൻ മനസില്ലാത്തവർ ഒക്കെയും യിവിടെ പാർത്തുകൊള്ളട്ടെ എന്നും സംകടം ഇയാൾ തീർത്തതരും എന്നും അവരൊടു പറഞ്ഞു. എങ്കിലും ശമ്മാശന്മാരെ സംകടപ്പെടുത്തിയെന്നും ആയതു ശരിയായില്ല എന്നും ഭാവം പൊലെ ഇനിയ്ക്കു തൊന്നിയതിനാൽ അങ്ങനെ എന്നും ഒരു വെർതിരിവു (P.75) ചെയ്താൽ എല്ലാവർക്കും കൊള്ളാമെന്നും തൊന്നിയതിനാൽ അങ്ങനെ ചെയ്തു. യിനി മുൻപിലെപ്പൊലി ഒന്നിച്ചു നടക്കട്ടെ എന്നും ഞാൻ പറഞ്ഞു. എന്നാൽ അങ്ങനെയിങ്ങനെ എന്നും ഒന്നും പറയാതെ സാരമില്ലാത്ത കാര്യം എന്നപൊലെ ആക്കി മറ്റു കാര്യങ്ങൾ ഒക്കെയും പറഞ്ഞ വെഗത്തിൽ ശെഷമുള്ള പണികൾ തീർത്ത ആ വടക്കുട്ടുള്ള എല്ലാം തട്ടുംയിട്ടു - ഓടുമിടുവാൻ എടയായി എംകിൽ കൊള്ളായിരുന്നുവെന്നും ആയതിന്നു വക എന്ത എന്നും പറഞ്ഞ വെളക്കിനും വകയില്ലാത്തതിനാൽ വെളിച്ചണ്ണ മുതലായതും വാങ്ങിച്ചും കൊണ്ടു ഞാൻ പൊരികയും ചെയ്തു. ഞാൻ യിങ്ങു വരുന്നതിനു മുൻപിൽ കുടക്കച്ചിറ മുതലായവരു മാന്നാനത്തിൽ വന്ന ചാവറ അച്ചൻ വരുംപൊൾ നിങ്ങളുടെ സ്ഥാനമാനം ഒക്കെയും യിറക്കും എന്നും പൊരൂക്കരെ അച്ചൻ ചെയ്തത പള്ളിപ്രത്തച്ചന് മഹാ സംകടമയി എന്നും യിതിനാൽ അച്ചന്മാരു തമ്മിൽ ഉള്ളവിട്ടു പൊരൂക്കരെ അച്ചൻ പള്ളിപ്രത്തച്ചനെ സംകടപ്പെടുത്തി എന്നുള്ള അഭിപ്രായംപൊലെ അവരുടെ വചനമായി ആയതിനാൽ തൊപ്പിലച്ചൻ മുതൽ പെർക്കു സംകടവുമായി. ഇതിൽ ഒന്നും അറിയാത്ത ഭൊഷനായ ഞാൻ ഒന്നായിട്ടുതന്നെ ആകട്ടെ എന്നുള്ള അഭിപ്രായത്തൊടുകൂടെ ഞാൻ വന്നപ്പോൾ യാക്കൊയും തൊപ്പിലച്ചനും മാത്രം. പൊരൂക്കരെ അച്ചൻ എവുടെയൊ ധർമ്മത്തിന്നായി ചുറ്റി നടക്കുന്നു.

പാലക്കലച്ചന്റെ പ്രതികരണം

ചാവറ അച്ചൻ മാന്നാനത്തേക്കു മടങ്ങുന്നു

പോരൂക്കര അച്ചന്റെ തീരുമാനം തുടരട്ടെ

എന്നാൽ ഞാൻ വന്നപ്പോൾ തൊപ്പിലച്ചൻ മുതൽ പെര സംകടമായി പറഞ്ഞു. അതായത പൊരൂക്കരെ അച്ചൻ കൂടെ നിശ്ചയിച്ചുവച്ച ക്രമം യിനി ആദെഹത്തോടുകൂടെ പറയാതെ അച്ചൻ തന്നെ അഴിക്കുന്നതിനു ആദെഹത്തിന്നു സംകടമുണ്ടാകയില്ലയൊ? എന്നു പറഞ്ഞുയിതിനെ കെട്ടപ്പോൾ മാത്രമേ ഭൊഷന്റെ ഹൃദയത്തിൽ ഈ ന്യായം കടന്നൊള്ളു. ഉള്ളതുതന്നെ. പൊരൂക്കരെ അച്ചൻ വരട്ടെ അതുവരെ അങ്ങനെ തന്നെയിരിക്കട്ടെ. താഴത്തകാരു താഴെതന്നെ പൊയി പഠിപ്പിൻ എന്നു ഞാൻ അവരോടു പറഞ്ഞു. ഇതിൽ കുടക്കച്ചിറക്കത്രെ അധിക സംകടം ഞാനും കൂടെ കൂടി നിശ്ചയിച്ചപ്പഴും ഞാൻ പറഞ്ഞു. താഴത്തിറക്കി എങ്കിലും പൊരൂക്കരെ അച്ചൻ അത്രെയിത ചെയ്യിക്കുന്നു (P.76) എന്നും അവരുടെയും പ്രത്യേകം അന്തൊനി ശെമ്മാശും ഇങ്ങനെ കുറെ താമസിച്ചു പൊരൂക്കരെ അച്ചൻ വന്നാറെ അപ്രകാരം നടന്നുപൊയതിനാൽ അങ്ങനെ നടന്നു. ഇതിനാലെ ഏതാനുംപെര പള്ളിപ്രത്തിന്നുപൊയി എന്നു തോന്നുന്നു. പക്ഷെ ആ അവസ്ഥയിൽ രണ്ടിടത്തും അച്ചൻതന്നെ പഠിപ്പിക്കയും രണ്ടിടത്തും പാർക്കുകയും ചെയ്യുന്നതിനാൽ അപ്രകാരം തന്നെ ശമ്മാശന്മാരും എവിടെപ്പാർത്താലും അച്ചനു മനസുകെടുമില്ല. എങ്കിലും അന്തോനി ശമ്മാശിനും മാനക്കെടായി തൊന്നി. മുകളിൽ കെറണം എന്നും കൊവെന്തക്കാരനായിക്കൊള്ളാമെന്നും നിശ്ചയിച്ച എന്നെ കൂടെ കൊവെന്തയിൽ ചെർക്കണം എന്നും പൊരൂക്കരെ അച്ചനായിട്ടു ഒരപേക്ഷ എഴുതി. എന്നാൽ അപേക്ഷ കണ്ടാറെ എന്തൊ ഈ ആളെ നമുക്കു വെണ്ട എന്നത്രെ പൊരൂക്കരെ അച്ചനു തോന്നിയാത. എങ്കിലും യിപ്പോൾ ഇതിന്നുത്തരിക്കുന്നില്ല. വിജാരിച്ചിട്ടു ഉത്തരം തരാം എന്നും എംകിലും അയാളെ കൈക്കൊള്ളുകയില്ലന്നത്രെ അയാൾക്കുതന്നെ തൊന്നി. വീണ്ടും കുറെനാൾ അവിടെ താമസിച്ച പാലായ്ക്ക പൊയിവരട്ടെ എന്നും പറഞ്ഞുപൊയി. എന്നാൽ പൊകുമ്പോൾ യിവർ എന്നെ കൈക്കൊണ്ടില്ലല്ലൊ നൊക്കിക്കൊൾവിൻ ഞാൻ മടലൊടിച്ചുവെച്ചു കെട്ടി എങ്കിലും ഞാൻ ഒരു കൊവെന്ത ഉണ്ടാക്കി പാർക്കയും ചെയ്യും എന്നും ചിലരൊടു പറഞ്ഞുകൊണ്ടു പോകയും ചെയ്തു.

കുടക്കച്ചിറക്കു മാനക്കേട്

കുടക്കച്ചിറ പാലായിക്ക്

ഈവണ്ണം വെർതിരിച്ചു രണ്ടായിട്ടു നടന്ന ഏതാനും ശമ്മാശന്മാരും പൈതങ്ങളും ഞങ്ങൾ തൊപ്പിലച്ചൻകൂടെ ആയപ്പോൾ ഒരു ചെറിയ കൂട്ടമായി. ഇങ്ങനെ വ്യാപരിച്ചു തുടങ്ങിയപ്പോൾ പെ. ബ. അച്ചനും കുറെ സന്തൊഷമായി തുടങ്ങി ഇതായത്.

പെ. ബ. ബർണ്ണദിനൊസ്മാര എന്ന രണ്ടു മൂപ്പച്ചന്മാരും വന്നൂ എന്നതിൽ ബർണദിനു എന്ന മൂപ്പച്ചൻ പള്ളികൾ കാണ്മാനായി പുറപ്പെട്ട മാന്നാനത്തിൽ വന്നു കാണുകയും ചെയ്തു. ആയതുകൊണ്ടൊ എങ്ങനെയോ എന്നറിഞ്ഞില്ല എങ്കിലും ഞങ്ങൾ രണ്ടായിട്ടു മുകളിലും താഴയും എന്നതിന്റെ രണ്ടു മാസം കഴിഞ്ഞപ്പോൾ വരാപ്പുഴ സിമനാരിയിലും ഉത്തീൻകാരായ ക്ലെരിമാരിൽ മുതുന്നവ വെർതിരിച്ച ചെറിയ പൈതങ്ങളെ കൂടി സിമനാരിയും പൊളിച്ച മൂന്നു നിലയാക്കി. ആ പൈതങ്ങളെ മുകളിൽ ആക്കി റൈത്തൊർ ആയിട്ടു ഈ മൂപ്പച്ചന്മാരിൽ ഒരാളെയും നിശ്ചയിച്ചു.

പള്ളിപണി തുടങ്ങുന്നു

ഇങ്ങനെയിരിക്കയിൽ പള്ളിക്ക അടിസ്ഥാനം യിട്ടിരുന്ന (P.77)തിനെയും പതുക്കെ തുടങ്ങുക എന്നും വച്ച മെലെഴുതിയ കല്ലൂത്രയച്ചനും വന്നുപാർത്ത പണുതു തുടങ്ങി. എന്നാൽ വടക്കൊട്ടുള്ള മുറിയുടെ പണിയ്ക്കു തടി വിലയ്ക്കു വാങ്ങിച്ചു എങ്കിലും അന്നു നല്ല ഒന്നാംതരം ആലിഞ്ഞിലി തടിയ്ക്കു കണ്ടിയ്ക്കു 8 പണം 22 ചക്രമായിട്ട കടവിൽ കിട്ടിയിരുന്നു. ഇപ്പൊൾ വില കൂടിയിരിക്കയാൽ തടി ഒന്നന്വേഷിക്കണം എന്നും വച്ച അച്ചനും യാക്കൊയും കൂടെ ആരക്കുഴയ്ക്കു പുറപ്പെട്ടു. എന്നാൽ ആ കാലങ്ങളിൽ ആരക്കുഴ മുതലായ പള്ളികൾ പെ. ബ. പെയിശ്ചൊത്തു[1] ഗൊവർണ്ണദൊരച്ചൻ മെത്രാപൊലീത്താച്ചനു കീഴ്വഴങ്ങി. അങ്ങനെ ഭരിച്ചുവരുന്നു.

ചാവറ അച്ചൻ തടി അന്വേഷിച്ചു ആരക്കുഴ, വാഴക്കുളം മുതലായ സ്ഥലങ്ങളിലേക്ക്

ചെർപ്പുംകൽ പുത്തൻപുരയിൽ സ്ക്കറിയാ പട്ടക്കാരൻ വിഗാരിയും ഇങ്ങനെയുള്ള അറിവു മുഖാന്തിരമായിട്ടു പുറപ്പെട്ടു. അതിരംപുഴ വഴിയായിട്ടു പുറപ്പെട്ട എളൊർ ചെന്ന പാർത്തു പിറ്റെ ദിവസം ആരക്കുഴ ചെന്ന പിട്ടാപ്പള്ളിൽ വല്യച്ചൻ ഒരാൾ സമർത്ഥനായിട്ടു നടന്നിരുന്നതിനാൽ ആദെഹത്തിനെയും കണ്ടു ചില തടികൾ മുറിപ്പാൻ തുടങ്ങി. അപ്പോൾ കൊടുംകയം എന്നു വാഴക്കുളത്തിനു തെക്കെവശത്ത ആറ്റിൽ മണലിൽ താണ ഒരു പഴേ തടി കണ്ടിട്ടുണ്ട എന്നു കെട്ട ആയതിനെ മാന്തി എടുപ്പാനായി വല്യച്ചനും, ഞാനും യാക്കൊയും ഏതാനും പെരെയും കൂട്ടിക്കൊണ്ടു പൊയി. ആ മണക്ക കിടന്ന മാന്തുച്ചു. വെനൽകാലമാകയാൽ സന്തൊഷമായിട്ടു ആ അനിഷ്ടമായിരുന്നു വീണ്ട മടത്തുംചാലിൽ ഉതുപ്പുവഴിയായി ആയാറ്റിൻകരെതന്നെ 22 വണ്ണത്തിൽ ഒരു കുറ്റിതടിയുണ്ടായിരുന്നതിനെയും

1. Peixoto - ഇദ്ദേഹം പദ്യവാദോയുടെ കീഴിൽ കൊടുങ്ങല്ലൂർ രൂപതാദ്ധ്യക്ഷനായിരുന്നു.

വെട്ടിച്ചു. കുറ്റിമറിഞ്ഞാറെ കയത്തിൽ വീണു താണു. ആന വരുത്തി വലുപ്പിച്ചാറെയും പച്ചയായതിനാൽ കീഴപൊട്ടു വീണുപൊയി. പിന്നെ ആകട്ടെ വെള്ളം നല്ലവണ്ണം വരട്ടെ എന്നും വച്ച വീണ്ടും ആരക്കുഴപ ള്ളിയിൽ വന്നു താമസിച്ചിരിക്കയിൽ മൈലക്കൊമ്പിൽ മല്പാൻ വ ല്യച്ചൻ വന്നു ആ പ്രദെശങ്ങളിൽ തടി വെട്ടിക്കാമെന്നും പറഞ്ഞതി നാൽ അങ്ങൊട്ടു പൊക എന്നും വച്ചു. അവിടെനിന്നും പുറപ്പെട്ട അ പ്പോൾ ആരക്കുഴ എടവകക്കാരിൽ ആറ്റിന്റെ അക്കരെയുള്ളവരിൽ ക ല്ലറ, നമ്പ്യാപറമ്പിൽ എന്നും രണ്ടു പട്ടക്കാർ മുഖാന്തരമായിട്ടു അവി ടെ ഒരു കുരിശുപള്ളി വേണമെന്നും ഭാവിച്ചു വെല ചെയ്ത വീഴ്ച വ ന്നു കിടക്കുന്നു. എന്നാൽ ഇതെത്രയും ആവശ്യംതന്നെയായിരുന്നു. അതായതു ആരക്കുഴപള്ളിയിരിക്കുന്ന കരയിൽ തന്നെ വല്യപള്ളി മ ലയിൽ കുരിശുപള്ളി എടത്തട്ടെൻ അച്ചൻ കിളവൻ പെരായി......[1] കു രിശുപള്ളി മൂവാറ്റുപുഴ കുരിശുപള്ളിയി (P.78) വല്യപള്ളി കൂടാതെ

വാഴക്കുളത്ത് പള്ളിയുടെ ആവശ്യം

മൂന്നു കുരിശുപള്ളിയും ഇതിൽ മൂവാറ്റുപുഴ മുടങ്ങാതെ കുർബാനയും നടന്നുവന്നു. ആറ്റിന്റെ അക്കരെയുള്ള ക ടമനം, വാഴക്കുളം യിങ്ങനെയുള്ള പ്രദെശത്തിലുള്ളവർ ക്കു ആറ്റിൽ വെള്ളം വീണാൽ കുർബാന കാണാനും ചിലപ്പോൾ ഒ പ്രുശുമാ കൂടെയും കിട്ടുവാനും യിടവരുന്നില്ല. വെണമെംകിൽ നാഗ പ്പുഴ, മൈലക്കൊമ്പിങ്ങനെയുള്ള മറ്റു പള്ളികളിൽ പൊകണം. ഈ കാടും മലയും ആരക്കുഴയ്ക്കു വരുവാൻ തൊണിയും വള്ളവും വെ ണം. ഇത ചുരിക്കവും എംകിലും അവിടെ പിട്ടാപ്പള്ളി, മടത്തുംചാലി, മാളിയെക്കൽ, കുരീതടം, മരങ്ങാടൻ ഇങ്ങനെയുള്ള പ്രധാനികളും കാര്യസ്ഥന്മാരും ഇതിലായിരിക്കയാൽ അക്കരെ പള്ളിവെക്കുന്നതി ന്നു സമ്മതിക്കയില്ല. അങ്ങനെയിരിക്കയിൽ ഈ നമ്പ്യാപറമ്പിൽ ക ത്തനാരച്ചന്റെ ജേഷ്ഠൻ വറീത എന്നൊരാൾ കുറെ കാര്യസ്ഥനായിട്ടു വന്നു. എംകിലും ഈ പിട്ടാപ്പള്ളി, മടത്തുംചാലി യിവരെ സമ്മതിപ്പി ച്ച പള്ളി വെപ്പാൻ ഒരു പ്രകാരവും പാടില്ല. സർക്കാരിലും അതുപോ ലെ ഗൊവർണദൊരച്ചന്റെ പക്കലും യിവർക്കത്രെ നടപ്പ ഇതിനാൽ ഒ രുഭായം ചെയ്തു. അതായത് മൈലക്കൊമ്പു വരാപ്പുഴെ കീഴായിരുന്നു. ഇതിനാൽ മൈലക്കൊമ്പു എടവകക്കാരുടെ ആവശ്യത്തിനായിട്ടു വാ ഴക്കുളം എന്ന കാട്ടുപ്രദേശത്തിൽ ഒരു കുരിശുപള്ളി വെക്കുന്നതി നും അനുവാദം തരണമെന്നും ടി മൈലക്കൊമ്പിൽ വിഗാരി വല്യച്ച

1. മൂലത്തിൽ കുറച്ചുസ്ഥലം വിട്ടിരിക്കയാണ്.

നെക്കൊണ്ടു ഈ വറീതിന്റെ ഉപദേശത്താൽ വരാപ്പുഴെ പെ. ബ. പ്രം സീസ്ക്ക മെത്രാപ്പൊലീത്തായൊടു അപെക്ഷിച്ച അനുവാദവും അ പ്രകാരം സർക്കാരിലും ബൊധിപ്പിച്ച ഉത്തരവും വരുത്തി രഹസ്യമാ യിട്ടു ആരക്കുഴക്കാരറിയാതെ മൈലക്കൊമ്പിലച്ചൻ തന്നെ കല്ലു വെ ഞ്ചരിച്ചു ഈ നമ്പ്യാപറമ്പിൽ കത്തനാരച്ചന്റെ നിലം പുരയിടത്തിന്നു തെക്കവശത്തുള്ള ഒരു ചെറിയ കുന്നു വെട്ടിതെളിച്ചു ഒരു പന്തലും കെട്ടി കല്ലിടുകയും ചെയ്തു. വെടിയും, കൊട്ടും കെട്ടതിന്റെ ശേഷം മാത്രമേ ആരക്കുഴക്കാരറിഞ്ഞുള്ളൂ.

ആരക്കുഴക്കാരുടെ എതൃപ്പ്

എംകിലും അവര അടങ്ങാതെ ഉടൻ പുറപ്പെട്ട വരാപ്പുഴെയും പു ത്തൻചിറയും സംകടം ബൊധിപ്പിച്ചു. അപ്പോൾ ര ണ്ടു യജമാനന്മാരും ആരക്കുഴക്കാരർക്ക ന്യായത്താൽ സഹായമായി പെ. ബ. അച്ചന്റെ കീഴുള്ള ഒരു പട്ട ക്കാരൻ അ (P.79) ബ. അച്ചനെയും നമ്മെയും തട്ടിച്ച നമ്മുടെ കീഴെ യുള്ള ആരക്കുഴപള്ളിയുടെ എടവകയായ വാഴക്കുളം എന്ന സ്ഥല ത്തു കുരിശുപള്ളി വെപ്പാനുള്ളതിന്നു നമ്മെ ബൊധിപ്പിക്കാതെ കല്ലി ട്ടിരിക്കുന്നു എന്നും ആരക്കുഴപള്ളിക്കാരെ സംകടം ബൊധിപ്പിച്ചിരി ക്കയാൽ അപ്രകാരം ചെയ്തതു നെരായിരുന്നാൽ ആ പട്ടക്കാരനു ത ക്ക ശിക്ഷ കൊടത്ത ആ വിവരം നമ്മെയും അറിവിക്കുമെന്നും ശരണ പ്പെട്ടിരിക്കുന്നു. എന്ന ഒര എഴത്ത പെ. ബ. മെത്രാപൊലിത്താച്ചന്നു ഗൊവർണദൊരച്ചനെക്കൊണ്ടു എഴുതിക്കയും അവരുടെ സംകടവും കൂടെ വരാപ്പുഴെ ബൊധിപ്പിച്ചാറെ വിചാരണ കഴിപ്പിച്ച തെളിഞ്ഞ മൈ ലക്കൊമ്പിലച്ചനെ മുടക്കി അക്രമമായിട്ടുയിട്ട കല്ല എടുത്ത മൈല ക്കൊമ്പു പള്ളിയിൽ കൊണ്ടുവെച്ച ആ വിവരം നാം അറിയും വര യും അംശമുടക്കു തീരുന്നതുമല്ല എന്നും കല്പിച്ചു. ആയതുകൂടാത യും ഇനിയൊരു കാലത്തിൽ ആ കരയിൽ പള്ളി വൈപ്പാൻ ഇടവരു മെംകിലും ആ സ്ഥലത്തിൽ യാതൊരു പ്രകാരത്തിലും പള്ളി വൈ പ്പാൻ അനുവദിക്കുന്നതല്ലെന്നും അടുത്ത പള്ളികളിലും പ്രസിദ്ധപ്പെ ടുത്തുകയും ചെയ്ത ആ കല്പനപ്രകാരം ഇട്ട കല്ലും എടുത്ത വെട്ടിയ കാടുകൾ രണ്ടാമത വർദ്ധിച്ച മുൻപിലത്തതിനെക്കായി അധികം വന

ചാവറയച്ചൻ വാഴക്കുളത്ത്

വാസമായി മുകളിൽ കെറുവാനും പാടില്ലാതെ കിടക്കുന്നു. ഈ മലയുടെ താഴെ നമ്പ്യാപറമ്പിലച്ചൻ ഒരു ചെറിയ വീടും വച്ച ആദെഹത്തിന്റെ അമ്മയുംകൂടെ ആ വീട്ടിൽ പാർത്തിരിക്കയിൽ ഈദെഹം മൈലകൊമ്പിലച്ചന്റെ ശിഷ്യനും അ യാളുടെ ജേഷ്ഠൻ ആ ദിക്കിൽ പ്രധാനിയും ആകയാൽ നമുക്കുപ

കരിക്കും എന്നുള്ള സംഗതിയാൽ ആദെഹത്തിനെകൂടെ ഞങ്ങൾ കൊണ്ടുപോയി. അവിടെചെന്നു ആ വീട്ടിൽ കുറെ താമസിച്ചു. ഞങ്ങൾ ഈ കിളവിതള്ളയെപൊലെതന്നെ ഞങ്ങളെയും കൈക്കൊണ്ടു. അപ്പോൾ ഇനിക്കു അധികം ക്ലെശമായി. ഈ കുരിശുപള്ളിതീർന്നു മകനോടുകൂടെ പാർത്ത കുർബ്ബാനയും കാണ്മാനുള്ള ആഗ്രഹത്തോടുകൂടെ അല്ലൊ മറ്റ മക്കളുടെ വീട്ടിൽനിന്നും പുറപ്പെട്ട യിവിടെ വന്നു പാർത്തത യിപ്പോൾ വയസ്സാൽ ആരക്കുഴക്കും മറ്റും പൊകുവാൻ പാടുമില്ല. ഈ സ്ഥലത്തിൽ ഒരു നാളും പള്ളി വെച്ചുകൂടാ എന്നും മുടക്കുകല്പനയും ആയി എല്ലൊ ഇത നടക്കുന്നത കാണ്മാൻ ഇടവരുമോ എന്നും നിരൂപിച്ചതല്ലാതെ ഈ കത്തനാരച്ചനും എന്നൊടു പറഞ്ഞു (P.80). ഈ സംഗതി ഒന്നു വിചാരിക്കണമെന്നു ഇങ്ങനെ അവിടെ പാർത്തും കൊണ്ട മൈലക്കൊമ്പിലച്ചന്റെ താല്പര്യത്താൽ അവിടെ നിന്നും കുറെ തെക്കൊട്ടുമാറി കലയക്കാട്ട എന്ന മുതലാളന്റെ വകയായിട്ടു 5 തടി വെട്ടുകയും അവിടെനിന്നും മൈലക്കൊമ്പിൽനിന്നും മുതലക്കൊടത്തിനു പോയി ചെമ്പരുത്തിക്കൻമാരെയും കണ്ടു. പിന്നീടു ചുംകത്തിൽ പള്ളിയിൽ പൊയി. മാറിയ വീട്ടിൽ പുന്നൂസ സ്വാമി എന്ന വല്യച്ചനെയും അവിടെയുള്ള പ്രധാനിയായ പച്ചിക്കര എസ്തപ്പാൻ എന്നയാളെ കണ്ടു. അവിടെ ഒരില്ലത്തിൽ എത്രയും മെച്ചമായിട്ടു 18 നീളം 22 വണ്ണത്തിൽ ഒരു തടിയും വെട്ടിച്ച യിങ്ങനെയുള്ള തടികളും അതിനുള്ള കൊമ്പുകൾ രണ്ടും മൂന്നും നാലും  കുറ്റിയായിട്ടും കലയക്കാട്ടിൽ ഒരു തടി വള്ളമായിട്ടും വെട്ടിക്കയും വീണ്ടും അവിടെനിന്നും നാഗപ്പുഴയ്ക്കു പോയി നാഗപ്പുഴ മല്പാനച്ചനെയും കണ്ട ഈ വഴികളിൽ കിട്ടുന്ന ധർമ്മം ഈ വകയ്ക്കു ചിലവിട്ടും അവിടെനിന്നും കാരക്കുന്നം കൊതമംഗലം യിവിടങ്ങളിലും ചുറ്റിതാമസിക്കയും ഇങ്ങനെ തടികൾ ഒക്കെയും വെട്ടി എറിപ്പിച്ച പടങ്ങുംമെൽ വെപ്പിച്ചു വർഷം തുടങ്ങുംപൊൾ എറക്കത്തക്കവണ്ണം ചട്ടവും കെട്ടി പൊരികയും ചെയ്തു.

ചാവറ അച്ചൻ മൈലക്കൊമ്പ്, നാഗപ്പുഴ തുടങ്ങിയ പ്രദേശങ്ങളിൽ

പിന്നെയും യാക്കൊയെ വിട്ടു അന്വേഷിപ്പിച്ചും വീണ്ടു 120 കാലം........[1]

(P.127)[2] 41 കാലം മകരമാസം 16 നു ചനിയാഴ്ചയുടെ പിറവിയിൽ

1. 80-ാം പേജിലെ ഈ വാചകം അവസാനിപ്പിച്ചിട്ടില്ല. തുടർന്ന് 81-ാം പേജ് തുടങ്ങി പാലക്കലച്ചന്റെ ജീവചരിത്രമാണ്.
2. ഇവിടം മുതൽ കൊവേന്തയുടെ നാളാഗമത്തിൽ തീയതിവെച്ചു സുപ്രധാന സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

പാലക്കലച്ചന്റെ മരണവും ശവസംസ്കാരവും

ഞങ്ങളുടെ മല്പാനും കൊവെന്തയുടെ തുടക്കവും ആയ പള്ളിപ്പുറത്ത പാലയ്ക്കൽ തൊമ്മാ മല്പാനച്ചൻ മരിച്ചു. 41 വരെ റാസ അവിടെതന്നെ ചൊല്ലിപിന്നെ 28 തൊറും അവിടെയും അവരവര പാർക്കുന്നവിടത്ത തിംകളാഴ്ച തൊറും അവധി പ്രകാരം ഒരൊ റാസയും 365 കുർബ്ബാനയും ചൊല്ലുവാൻ നിശ്ചയിച്ച യിരണ്ട റാസയും 13 കുർബ്ബാനയും ഓരൊരുത്തരെറ്റു ചെയ്തു. ഇതിന്റെ ശെഷം 41 ശിഷ്യരുടെ പെർക്ക് കഴിച്ചു. ആയതിന്നു പട്ടക്കാരുടെ പെർക്ക് 130 ചെമ്മാച്ചന്മാരുടെ പെർക്ക 60 ചക്രം എടുത്തയതുകൊണ്ട 41 കഴിഞ്ഞ 3000 ചക്രം കൊവെന്തയിൽ യിട്ടിരിക്കുന്നു. കുർബ്ബാനയും ധർമ്മവും വകയ്ക്ക: കൌറടക്കത്തിന്ന പള്ളിപ്രം, മുട്ടം, വെച്ചൂർ, തത്തംപള്ളി, ആലപ്പുഴ, ചെന്നൻകരി, ചമ്പക്കുളം, എടത്തുവാ യിങ്ങനെ 8 ദെർശനക്കാരും അവരുടെ കുരിശു മുതലായ കൊപ്പുകളും തൈക്കാട്ടുചെരി, ചെമ്പ, പറവൂർ, കടുത്തുരുത്തി, മുട്ടുചെറ, കുടമാളൂർ യിങ്ങനെയുള്ള യിടവകക്കാരും അവരുടെ കൊപ്പുകളും കൊണ്ടുവന്നു. (P.128) അന്നത്തെ പെട്ടകം മെഴുകുതിരി പള്ളിയ്ക്കാരുടെ ചിലവു മുതലായ ചിലവുകൾ ഒക്കെയും പഴെകടവിലച്ചനും മുട്ടത്തുകാരൻ യൊഹന്നൻ കത്തനാരച്ചനും കൂടി ചിലവിട്ടും പ്രത്യേകമുള്ള ഉത്സാഹവും വെലയും യൊഹന്നാൻ കത്തനാരച്ചൻ മുതൃന്ന ചൈകയാൽ ഒന്നിനും കുറവും കൂടാതെ നടക്കുകയും ചെയ്തു......... വല്യനൊയമ്പിന്റെ 1 വെള്ളിയാഴ്ച

കാഞ്ഞിരപ്പള്ളിയിൽ കുഞ്ഞാക്കോ കത്തനാർ മാന്നാനം ആശ്രമത്തിൽ പ്രവേശിക്കുന്നു

ബെ. കാഞ്ഞിരപള്ളിൽ പുത്തൻപുരയിൽ കുഞ്ഞാക്കൊ കത്തനാരച്ചൻ വന്നു ഞങ്ങളുടെ കൂടെ ചെർന്നു. ഈ ഞങ്ങളുടെ പിതാവിന്റെ വെർതിരിവുകൊണ്ടുള്ള ഞങ്ങളുടെ ക്ലേശത്തെ തണുപ്പിച്ചു. 150 രൂപായും കൊണ്ടു വന്നു കൊവെന്തവകയിൽ തരികയും ചെയ്തു. ആയത് കാരണത്താൽ ചെഷവും ഉണ്ടായി പള്ളിയ്ക്ക ഒടുമെച്ചിൽ കഴിയ്ക്കയും ചെയ്തു.

തിരുവിതാംകൂർ ഇളയരാജാവിന്റെ ഏറ്റുമാന്നൂർ എഴുന്നെള്ളത്ത്

(P.129) ടി ആണ്ട ധനുമാസം 7-ാംനു എളെ മഹാരാജാവ ഏറ്റുമാനൂർക്ക എഴുന്നെള്ളിയപ്പോൾ കറുകെലച്ചനും ആലമ്പറമ്പിൽ യൌസെപ്പകത്തനാരച്ചനും ശെഷം ചെമ്മാച്ചന്മാരുംകൂടി കാണുകയും അന്തൊനിമുതൽ പെര വാദ്യം കൂട്ടുകയും ചെയ്തു. യിവര വാദ്യവുമായി ഏറ്റുമാന്നൂർ വരയും പൊകയാൽ 6 ചക്രവും ചൊറും കല്പിച്ച കൊടുപ്പിച്ചും.....[1]

1. കൊല്ലം എഴുതുന്നതിനുള്ള സ്ഥലമായിരിക്കണം ഇവിടെ വിട്ടിരിക്കുന്നത്.

6-നു വീണ്ടിങ്ങൊട്ടെഴുന്നള്ളിയപ്പോൾ മെലെഴുതിയ ആളുകളുടെ പറ്റിൽ ഞങ്ങൾ ഒരു സംകടമെഴുതി കൊടുത്തയച്ച വൈപ്പിച്ചു. ഒരു സിരിമും[1] പൊൻസൂരാൽ[2] പോച്ചിയിൽ കുത്തിപൂക്കളും: പളുങ്കു പൂകിണ്ണത്തിൽ പൂമാലയും വച്ച തിരുകാഴ്ചയും വച്ച ഹർജിയും വച്ചു ഉടൻ എടുപ്പിച്ച പൂമാലയും പൂകിണ്ണനും പല്ലംകിയിൽ[3] വൈപ്പിച്ച ഹർജി വായിച്ചു കണ്ട സെവൻമാരിൽ ഒരുത്തരുടെ പക്കൽ കൊടുക്കയും ചെയ്തു. അവിടെനിന്നും റബെക്കയുംമായി ചാക്കൊ മുതൽ പെരെ കുടമാളൂർ വരയും പൊകയും കൊട്ടുകയും ചൈതു. അവിടെ നിന്നും 16 ഇടങ്ങഴി യിവർക്കു കൊടുക്കയും ചൈതു. (P.130) എന്നാൽ........[4]

പെരുമാലിൽനിന്നും മറ്റും ദാനം, മെത്രാപ്പോലീത്താച്ചന്റെ സഹായം

(P.131) യിപ്പൊൾ നാലഞ്ച കാലം പതിവായിട്ട പെസഹായുടെ കാൽ കഴുന്നവർക്ക 12 മുണ്ട പെരുമാലി തരകൻ കൊടുത്തുവരുന്നു. 25 നൊയമ്പിന്റെ ഒരിക്കലും 50 നൊയമ്പിന്റെ ഒരിക്കലും ഉള്ള ചൊറും കറിയും അവിടെ നിന്ന കൊടുത്തയച്ചു വരുന്നു. അച്ചൻ മരിച്ച ശെഷം പെ. ബ. മെത്രാപൊലിത്താച്ചനും ഞങ്ങളുടെ നെരെ സന്തൊഷമായി കാണുന്നു: 1 കാസയും കുപ്പായവും തന്നു 15 രൂപായുടെ ഉണ്ടിയലും മറ്റൊരു കുറി തന്ന 42-ാം കാലം കർക്കടകമാസത്തിൽ കാഞ്ഞിരപള്ളിൽ പൈനുംമൂട്ടിൽ അച്ചൻ യിംക്ലെസിൽ[5] കൂടി ഉപെക്ഷിച്ച ബ. മെത്രാപൊലിത്താച്ചന്റെ മനഗുണത്താൽ ചിലവും കല്പിച്ച ഞങ്ങളൊടുകൂടെ പാർപ്പിച്ചുവരുന്നു. 43-ാം കാലം 20 ആണ്ട പെസഹായ്ക്കു തയ്യിൽ കൊച്ചു പൊത്തൻചെട്ടൻ ഒരു പതിനൊന്നു തിരിവിളക്കു നടയിൽ തൂക്കുവാനായി വാർപ്പിച്ച നെർച്ചവച്ചു. ടി ആണ്ടു പെരുന്നാൾ നാൾ ആലപ്പുഴക്കാരൻ വൈയ്ക്കത്തുകാരൻ തൊമ്മൻ പൊത്തൻ (P.132) 14 തംബ്ലെരുള്ള ഒരു ചട്ടവിളക്കും അതിന്നു വെണ്ടുന്നതൊക്കയും തന്നു.

പോരൂക്കര അച്ചനു പ്രമേഹദീനം

ടി ആണ്ട ശു. കുർബ്ബാനയുടെ പെരുനാൾ കാണാനും കാഞ്ഞിരപള്ളിലച്ചനുംകൂടെ മുട്ടുചിറ പള്ളിയിൽ പൊയി 1000 ചക്രവും അതുവഴി കടത്തുരുത്തി താഴത്ത പള്ളിയിൽ ചെന്ന 800 ചക്രവും ധർമ്മം വാങ്ങിച്ചു. യിങ്ങു വന്നപ്പൊൾ പൊരൂക്കരെ അച്ചന മെഘസ്സിന്റെ ദീനം തുടങ്ങി വൈയ്ക്കത്തിനും പൊയിരിക്കുന്നൂ വീണ്ടും പൂതിചൊട്ട വൈദ്യനെ വർക്കി കൊണ്ടുവന്നു. ഒരു രത്നകമ്പിളിയും 64 ചക്രവും ഞങ്ങൾ കൊടുത്തു.

1. സിരിമും-മെഴുകുതിരി. 2. പൊൻസൂരാൽ-സ്വർണ്ണനിറമുള്ള. 3. പല്ലംകി-പല്ലക്ക്.
4. ഈ പേജിൽ ശേഷം സ്ഥലം വിട്ടിരിക്കയാണ്. 5. യിംക്ലെസിൽ-ആംഗ്ലിക്കൻസഭ.

അപ്പൊൾ കല്ലൂത്ര കൊരകത്തനാരച്ചനുണ്ടായിരുന്നു. കർക്കടകം 21-നു വടക്കെ ചെറിയ മദബഹായിയ്ക്ക ഓടിടാതെ കിടക്കുന്നതിനെയിട്ടു തീർത്തു. ആദെഹത്തിന്റെ ഉത്സാഹം ഏറെ ഉണ്ടായി. വീണ്ടും ഈ ഉത്സാഹത്താൽ തന്നെ പടിഞ്ഞാട്ടുള്ള നടയ്ക്കു ചിങ്ങം 5-നു മഞ്ഞു മാതാവിന്റെ പെരുനാൾ പിരിവും പിടിച്ച ഒരു കല്ലുമിട്ടു. മെലെഴുതിയ 21-നു പൊസ്തകമടിപ്പാനുള്ള വെല നടത്തു തൊപ്പിലിട്ടിക്കുരുവിള യുടെ അധിക ഉത്സാഹത്താൽ ഞാനും കൂടി ഒരുമിച്ച കൊട്ടയകത്ത ചെന്ന ഒരു പണിക്കാരനെ പറഞ്ഞു ബൊധിച്ചു.

43-ാം കാലം വൃശ്ചികം 27-നു കപ്പമാവുംമൂട്ടിൽ മറിയത്തുമ്മ 12000 ചക്രം കുർബ്ബാനയ്ക്കു വൈപ്പാൻ നിശ്ചയിച്ച 7500 ചക്രത്തിന്ന 150 പറ നെല്ല ഉഭയമായിട്ട ചെന്നക്കാട്ട തൊമ്മച്ചൻ മാപ്പിള്ളയൊട എഴുതി വാങ്ങി ആധാരം 104. 1500 ചക്രവും കൂടി ഏല്പിച്ചിരിക്കുന്നു. (P.133) 44-ാം കാലം ചിങ്ങം മുതൽ പൊസ്തകം അടിപ്പാനുള്ള

മാന്നാനത്തു പ്രസ്സു സ്ഥാപനത്തിനു ശ്രമങ്ങൾ

വെലയ്ക്ക പ്രത്യേകം മനസുവെച്ച തുടങ്ങി രണ്ടു കുറി ഞാൻ ഏറിയ ആഗ്രഹത്തൊടെ കൊട്ടയകത്ത ചെന്നാറെ അവര കാട്ടിയതുമില്ല. പിന്നെ കെൾവിയാലും കണ്ടവര പലരൊടും ചൊദിച്ച വെലകൾ ഒരൊന്ന നടത്തി പെ. ബ. ദെലഗാദ മൂപ്പച്ചനെ കാണ്മാൻ തംകച്ചെ രിയ്ക്ക ചെന്ന കണ്ട ബ. മണവെൾ റൂസാരി എന്ന എടക്കൊച്ചിക്കാ രൻ പാദ്രിയച്ചൻ അവിടെ വിഗാരി ഞങ്ങളുടെമെലും ടി. കാര്യത്തും മെലും ഏറ്റം വെണ്ടിയത ആയിരുന്നു ആ ദെഹവുംകൂടി മൂപ്പനെ ബൊ ധിപ്പിച്ചു. പുതുചെരി മദ്രാസുയിങ്ങനെയുള്ളയിടങ്ങളിൽ പ്രെസിനും മഷിയ്ക്കും എഴുതിച്ചാറെ മഷി അവിടെ കിട്ടുകയില്ലെന്നും പ്രെസിന്ന എരൊപ്പവില 500 രൂപാ എന്നും പിന്നെയുള്ള കെവു മുതലായ ചില വും കൊടുക്കണമെന്നും എന്നാൽ ഒരു പ്രെസ വരുത്തിച്ചു തരാമെ ന്നും മറുപടി വരികയാൽ ദ്രവ്യചുരുക്കത്താൽ (P.134) മടുത്ത ക്ലെശി ച്ചും കൊണ്ട മറ്റു വഴിയിൽ ആലപ്പുഴെ എലഞ്ഞിയ്ക്കൽ ചെറിയാൻ കുഞ്ഞും വൈക്കത്തുകാരൻ കൊച്ചുപൌലൊസ യിവരെക്കൊണ്ട കമിശ എന്ന ഒരു കച്ചിക്കാരനു മായിട്ട 100 രൂപായുടെ കടലാസ മഷി ഈയം

പ്രസ്സിനു കടലാസും മഷിയും വാങ്ങിക്കുന്നു

ഈവക വരുത്തിച്ച തരുവാൻ പറഞ്ഞ ബൊധിച്ച 10 രൂപായും കൊടു ത്തു. കന്നിമാസത്തിൽ ചരക്കു വന്നുവെന്നും കെട്ട ചെന്നപ്പോൾ 10 കെട്ട കടലാസ ഒരു വിപ്പ മഷി യിങ്ങനെ 40 രൂപായിലകം ലാഭം ഉൾപ്പെട്ട വിലയുള്ള ചരക്കുവന്നു എന്നും വിലയുടെ തിട്ടം യിവര

പറഞ്ഞില്ലാ എന്നും ചരക്കു പറഞ്ഞതിൽ ½ വിപ്പയ്ക്ക പറഞ്ഞാറെ മുഴുവനല്ലാതെ കിട്ടുകയില്ലെന്നും വെറവിട്ടഴിവില്ലായ്ക നിങ്ങൾ തന്നെ വാങ്ങിക്കണമെന്നും കച്ചവടക്കാരൻ പറകയാൽ ഏറ്റം മനവി (P.135)ഷാദമായി. അപ്പോൾ ചെന്നക്കാട്ട തൊമ്മൻ എന്നയ്യാൾ ഞങ്ങളുടെ മെലും ഈ കാര്യങ്ങളുമ്മെലും ഏറ്റം വെണ്ടിയ ആയിരിയ്ക്കയാൽ യിയാളുടെ ഉത്സാഹത്താലും വെലയാലും ½ വിപ്പ മഷിയും കടലാസും വാങ്ങിച്ചാൽ മതിയെന്നും അവരെ സമ്മതപ്പെടുത്തി 6000 ചക്രത്തിന്നുള്ള ചരക്കയിതിന്ന കൊടുപ്പാനുള്ളതിന്നു ഈയാളുടെ ഉത്സാഹത്താൽ തന്നെ പലരയും കൂട്ടി യൌസെപ്പപുണ്യവാളന്നു ഒരു ചിട്ടിയുണ്ടാക്കി. ആയതു 3000 ചക്രം ഉണ്ടാക്കി ആയതകൊടുത്ത 3000 ത്തിന്ന ഈയാൾ തന്നെ കച്ചവടക്കാരന്ന കച്ചീട്ടും എഴുതി ചരക്കും വാങ്ങിച്ചതന്നയച്ചു. ഞാനും ബ. കാഞ്ഞിരപ്പള്ളിലച്ചനുംകൂടി വാങ്ങികൊണ്ടപൊരികയും ചെയ്തു.

യൗസേപ്പു പിതാവിന്റെ അത്ഭുതകരമായ സഹായം നെല്ലിപ്പുഴ ഇട്ടിയുടെ ദാനം

വിണ്ടയിങ്ങുവന്നപ്പോൾ വെലക്കാരുടെ ചമ്പളം മുതലായ പലവക ചിലവിന്നും ഒരു ചക്രവും ഇല്ലാ. ഈ കടം തിർന്നപ്പോൾ ഉള്ളതെ (P.136) തൊക്കയും കൊടുത്തപൊയി ഒരു വഴിയുമില്ലാതെ, മുട്ടിക്കാർക്കുന്ന മാലാഖയൊടും യൌസെപ്പപുണ്യവാളനൊടും അപെക്ഷിച്ചു ക്ലെശിച്ചിരിക്കുംപൊൾ ദെയവം പ്രത്യെക സഹായം പ്രത്യക്ഷംപൊലെ ചെർപ്പുംകൽ പള്ളിയിടവക്കാരൻ നെല്ലിപ്പുഴ ഇട്ടിയെന്നയാൾ വന്നു ഞാൻ ഈ കാര്യം കൊണ്ട വിഷാധിച്ച് പള്ളിയകനിയ്ക്കുംപൊൾ പറഞ്ഞു ഞാൻ 500 ചക്രം കൊണ്ടുവന്നിട്ടുണ്ടയിനി ഒരാളയച്ചാൽ 500 കൂടെ കൊടുത്തയ്ക്കാം. എന്നയിതു കെട്ടുടൻ ശ്വാസം നെരെ വിഴുകയും ചെയ്തു. യിതിന്നു മുൻ 1000 ചക്രം യിയാൾ തന്നിരിക്കുന്നു. ഉഭയം കൊണ്ട പിച്ചക്കാരർക്ക ദർമ്മം കൊടുക്കണം എന്നത്രെ ഈയാളുടെ ലാക്കായിവിടെ ചെയ്യുന്ന ദർമ്മം ഈയാളുടെ പെർക്ക ആയിക്കൊള്ളാം അല്ലംകിൽ ഒരുവ്കയിതിന്ന തിരിച്ച നിയമിച്ചുകൊള്ളാം എന്നും നിരൂപിച്ച വാങ്ങിയ അടിയം (P.137) തിരം നടത്തുന്നു. യിങ്ങനെയിരിയ്ക്കുംപൊൾ കടുത്തുരുത്തി മലപുറത്ത പെരുനാളിന്ന ഞാൻ പൊയി. അവിടത്തെ പഠാർത്ഥയും കഴിഞ്ഞ നിലപ്പന അതായത കൂടക്കാട്ട കുര്യൻ ഈയാൾ പ്രത്യെകം ഈ കാര്യത്തിന്നും ഞങ്ങ

മാന്നാനത്തിനു കിട്ടിയ സഹായങ്ങൾ

ളുടെ മെലും ഏറ്റം താല്പര്യം പലപ്പഴും പലതും തന്നിരിയ്ക്കുന്നു. വിശെഷമായി ഈ മിഥുനം മുതൽ ഈയാളുടെ മകനെ കൊവെംതയ്ക്കായി ഞാനും കാഞ്ഞിരപ്പള്ളിലച്ചനും കൂടെ ചെന്നപ്പോൾ ഏൾപ്പിച്ചയച്ചു,

അന്നു മുതൽ ഞങ്ങൾ രണ്ടു പെർക്കും കൂടെ തൊമ്മനെന്ന ഒരു വലി ഭക്കാരനെ തനിച്ചാക്കി. പൈതലിനും ഞങ്ങൾ ചിലവ തന്നുവരുന്നു. ഇതു കൂടാതെ അ: 15 രൂപാ ½ കച്ച ഞങ്ങൾക്കും തന്നും അവിടെ നിന്ന മുട്ടചിറപൊയി മുരിയ്ക്കൻ ചാക്കൊ 7 രൂപാ തന്നു. ചന്തയിൽ പൊ: അവിടെ കൊല്ലൻപറമ്പൻ 5 രൂപാ പിന്നെ ഒരൊരൂത്തര 4: 3: 2:1 യിങ്ങനെ 1000 ചക്രം വരവും കിട്ടി (P.138). യിതു കൂടാതെ മെലെഴുതിയ കുര്യൻ മുൻപിലും പലതും യിതിൽ പിന്നെ തവണ രണ്ടിൽ 300 ചക്രവും തന്നു, യിതുകൂടെ മലപുറത്ത പെരുനാൾക്ക പൊയപ്പോൾ 100 ചക്രം തന്നു. വൃശ്ചികമാസത്തിൽ പെരുനാൾ ഈ ആണ്ടിൽ മുട്ടത്തുകാരൻ പുത്തൻപുരയ്ക്കൽ മാത്തു കത്തനാരച്ചൻ ആയിരുന്നു. ഇയാൾ നല്ല മനസൊടെ ഏറിയ ഉത്സാഹവും യിയാൾ ആയിട്ട ഈയപണിയും തുടങ്ങി എട്ടുപട്ടത്തിൽ കുടയും കെട്ടിച്ചു. യിതുചെയ്തു കാണ്മാൻ ഏറിയനാൾ ആഗ്രഹിച്ചിരുന്നു. ഈ ആണ്ടിൽ തികഞ്ഞു പെരുന്നാൾ കഴിഞ്ഞാറെ 120 ചക്രം കൊടുത്ത പട്ടത്തിലുള്ള കൊട പ്രസിദെന്തിയുടെ പെർക്ക വാങ്ങിച്ചുവച്ചു. ഈ പെരുന്നാൾ തുടങ്ങിയിരിയ്ക്കുംപൊൾ പെ. ബ. മെത്രാപ്പൊലിത്താച്ചൻ യിനിയ്ക്കും പൊരൂക്കരെ അച്ചനും 2 പത്തെന്തി കൊടുത്തയച്ചു. അതിൽ മല്പാനും പരുഷക്കാരനും ആയി കഴലപ്പെടുത്തിയിരിയ്ക്കുന്നു എന്ന വാശകം. പെരുനാൾ കഴിഞ്ഞ രാവു തന്നെ ഞാൻ വരാപ്പുഴയ്ക്കപൊയി ദിനം കാണ്മാൻ നിലപ്പന കുര്യചട്ടനും ചെ. തൊ. ശ. എന്റെ കൂടെ പൊന്നു. ഞങ്ങൾ ചെന്നു കണ്ട നിയ്ക്കുംപൊൾ (P.139) കാഞ്ഞിരപ്പള്ളിലച്ചന്റെ വർത്തമാനം ചൊദിച്ചു അപ്പോൾതന്നെ ആദെഹവും വന്നു കണ്ടുടൻ പൊന്നു. ഞാൻ മൂന്നു ദിവസം താമസിച്ചു. ഏറെ കരണയായിട്ടും അനുഗ്രഹമായിട്ടും കല്പിച്ചുപൊരുന്ന ജാത്രയിൽ വാഴുവും തന്ന മൂന്നു റൂശ്മായും ചെയ്തു. അതായത തന്റെ മെലും കൂട്ടരുടെ മെലും നിങ്ങളുടെ വീട്ടിന്മേലും നമ്മുടെ വാഴുവും തമ്പുരാന്റെ മനഗുണവും ഉണ്ടാകട്ടെ എന്ന വാശകവും പറഞ്ഞു: ആയത കെട്ടപ്പൊൾ യിനിയ്ക്കു കുറെ ക്ലെശംതൊന്നി പിന്നെ പ്രൊ. ഗിഗൊറിയൊസ എന്ന ചാത്യാത്ത മൂപ്പച്ചനെയും വിഗാരി മൂപ്പച്ചനെയും കണ്ടു. അവരും മുൻപിലത്തതിൽ താല്പര്യമായിരിക്കുന്നു. മെത്രാപ്പൊലീത്താച്ചൻ 2 പൊടുത്ത കസകൊംപൊതിയും[1]

പോരൂക്കര അച്ചനേയും ചാവറ അച്ചനേയും മെത്രാപ്പോലീത്ത മല്പാൻ സ്ഥാനത്തേക്കുയർത്തുന്നു.

മെത്രാപ്പോലീത്താച്ചന്റെ അന്ത്യരോഗം

1. കസകൊംപൊതി – പുസ്തകങ്ങൾ.

തന്നു. ബ. ദെലഗാദ മൂപ്പച്ചൻ കൊട്ടയിൽ അരീശസ്സിന്റെ ദീനമായി കിടക്കയാൽ അവിടെയ്ക്കു ചാത്യാത്ത മൂപ്പച്ചൻ ഒര എഴുത്തും എന്റെ കയ്യിൽ തന്നു. ആയതുകൊണ്ട കൊട്ടയിൽ പൊയി കൊടുത്തു. (P.140) ആദെഹത്തിന്റെ ശടപ്പും കണ്ടു.

ധനുവം 2-നു പൊരൂക്കരെ അച്ചന്റെ അനുജൻ കുറിയാക്കൊസ കത്തനാരച്ചനും കല്ലൂർക്കാട്ടുനിന്നുംവന്ന തൊപ്പിലച്ചനും കൂടെയിവരും വരാപ്പുഴയ്ക്കപൊയി. അപ്പൊൾ ദിനത്തിന്റെ വയിഷമ്യമാകയാൽ കാഴ്ച കാര കെറുവാൻ അനുവാദമില്ലാ വരുന്നവരുടെ പെര എഴുതി വൈയ്ക്കുന്നു എംകിലും പൊരൂക്കരെ അച്ചൻ വന്ന വർത്തമാനം അറിവിച്ചാറെ വരുവാൻ കല്പിച്ച കയറി കണ്ടു എംകിലും അപെക്ഷിച്ചുകൊള്ളണമെന്നും ചുരുങ്ങിയ വചനത്തിൽ കല്പിച്ചു. 3-നു ശവിയെർ പുണ്യവാളന്റെ പെരുനാൾ. അന്നു മരിപ്പാൻ തക്ക വെദിനവും ഉണ്ടായി എംകിലും അവിടവും കഴിഞ്ഞു എപ്പൊൾ എന്നും അറിവാൻ പാടില്ലാത്ത പ്രകാരത്തിൽ വീണ്ടും പിറ്റെ ചനിയാഴ്ചയൊളും കിടന്നു. 9-നു തിങ്കളാഴ്ച ഉച്ചയ്ക്ക ഞങ്ങൾ പ്രാർത്ഥന എത്തിച്ച നില്ക്കംപൊൾ എഴുത്തും കൊണ്ടുവന്നു ആയവൻ അപ്പൊൾ തന്നെ എന്റെ കയ്യിൽ എഴുത്തുതന്നു. അതി (P.141)ലെ വാചകം പെ. ബ. നമ്മുടെ മെത്രാപ്പോലീത്താച്ചൻ തന്റെ വെലയുടെ സമ്മാനം വാങ്ങിപ്പാൻ 7-നു രാവിലെ 11 ¾ മണിക്ക ഈലൊകത്തിൽനിന്നും വെർപിരിഞ്ഞു. മര്യാദ പ്രകാരം എല്ലാവരും അപെക്ഷിച്ചുകൊള്ളമെന്നും ഇതാ വരാപ്പുഴ നിന്നും വിഗാരിയും ദെപ്പുത്താദും മൂപ്പൻ പാദ്രി എന്ന അപ്പൊൾ തന്നെ പൊരൂക്കരെയച്ചൻ ചടപ്പെംകിലും ളൊവ ഉടുത്ത പള്ളിയിൽ വന്ന ഒപ്പീസ പാടുവാനും പറഞ്ഞു. പ്രാർത്ഥന കഴിഞ്ഞുടൻ ഞങ്ങൾ തിങ്കളാഴ്ചത്തെ ഏസ്സി അഴിച്ചില്ല. അതുമെൽ 20 തിരിയും വച്ച ഒപ്പീസും പാടി. 1844 കാലം ധനുമാസം 7-നു പാതിരാ 11 മണിയ്ക്കു പെ. പെ. ബ. മാർ പ്രംസിസ്ക്കൊസ ശവിയെർ ദെസംതാ അന്ന എന്ന മെത്രാപൊലിത്താൻ കാലം ചെയ്തു. ഞായറാഴ്ച 10 മണിയ്ക്കുതന്നെ കവുറടക്കം എന്നും കെട്ടു.

ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്താച്ചന്റെ മരണം

അപ്പോൾ അനഭ്രസുഖം വാഴുന്ന ബെ. പെ. പെളൊ - ദുവിക്കൊസയെന്ന മെത്രാനച്ചൻ കനരായ്ക്കു പൊയിരിക്കുന്നു വന്ന പറ്റിയതുമില്ലാ. മെത്രാപ്പൊലീത്തച്ച ഉപ്രുശ്മാ കൊടുത്തത വരാപ്പുഴെ

(P.142) പ. കൊദുജെത്തൊർ പാദ്രി തൊമ്മാസ കയിയുടെ പൊറത്ത പൂശി പട്ടക്കാർക്കുള്ളപൊലെ കൊലിയാസാ[1]യ്ക്ക രണ്ടുവശത്തുള്ള അരയിൽ പൂശി കാലിന്റെ പുറത്ത എല്ലാവർക്കും പൂശണമെന്നും കല്പിച്ചു. കൊലിയാസായ്ക്കാ പല തർക്കമുണ്ടായിരുന്നു എംകിലും വല്യജനങ്ങളൊക്കയും യിങ്ങനെ ചെയ്യിച്ചിരിക്കുന്നു എന്നു പള്ളിപ്പുറത്തച്ചനും പറഞ്ഞിട്ടുണ്ടു.

പിറ്റെദിവസം 10-നു ഞാൻ റാസ ചൊല്ലി 13-നു വെള്ളിയാഴ്ച 7-ാം ദിവസം യിതിന്ന ഞാൻ പാട്ടുകുർബ്വാന ചൊല്ലി.

മെത്രാപ്പോലീത്താച്ചന്റെ മരണത്തിന്റെ ഏഴാംദിനം ആചരിക്കുന്നു

13-നു വ്യാഴാഴ്ച, 7-ഉം കഴിപ്പാൻ നിച്ചയിച്ചിരിക്കുന്നു എന്നും ആയിതിന്ന പള്ളിയുടെ ദിഷ്ടതിയ്ക്ക[2] മാത്രം ആൾ പാർത്തും കൊണ്ട ശെഷം പട്ടക്കാര ഒക്കെയും ചെല്ലണമെന്നും വിഗാരി ജെനറാൾ പെവെർണദീനൂസ മൂപ്പൻ പാദ്രിയച്ചന്റെ എഴുത്തുകൾ അടുക്കപ്പെട്ട പള്ളികൾക്ക അതായത തെക്കൊട്ട ആലപ്പുഴവരെയ്ക്കും കിഴക്കൊട്ട കൊട്ടയം കുറവലങ്ങാടവരെയും വടക്ക കൽപ്പറമ്പുവരെയും യിങ്ങനെ എഴുത്തുകൊടുത്തയ്ക്കയാൽ (P.143) ആയതിൻ പ്രകാരം പൊരൂക്കരെ കൊച്ചകുറിയാക്കൊസ കത്തനാരച്ചനും ഞാനും കൂടെ യിവിടെ നിന്നപൊയി മുട്ടത്തുചെന്നു കൊയിയ്ക്കരെ യൊഹന്നൻ കത്തനാരച്ചനും നടയ്ക്കൽ ഈയൊവു കത്തനാരച്ചനും (മുണ്ടൻ കുര്യൻ കത്തനാരച്ചനും പുത്തൻപുരയ്ക്കൽ വർക്കി കത്തനാരച്ചനും കൊയിയ്ക്കര മൂപ്പച്ചനും) കൂടെ ഒരുമിച്ച പൊയിവരും കൊച്ചിയിൽ വച്ച കടവിൽ മാത്തു കത്തനാരച്ചനും വടയാറ്റു മല്പാൻ തൈക്കളത്തിൽ തൊമ്മൻ കത്തനാരച്ചനുംകൂടി ഒരുമിച്ച തലെദിവസം ബുധനാഴ്ച 6 മണിയ്ക്ക വരാപ്പുഴെ ചെന്ന വിഗാരി ജെരാൾ മൂപ്പച്ചനയും ഗ്രിഗൊരിയൊസ ദെസംതാ...[3]

ചാത്യാത്ത വിഗാരി മൂപ്പച്ചനയും ദെലഗാദ പെവെർണർദിനൂസ ദെസംതാ അഗനെസ എന്ന മൂപ്പച്ചനെയും കണ്ട അപ്പൊൾ മുൻപാദ്രി മെസ്ത്രിയായിരുന്ന വൈപ്പിൻ വിഗാരി അൾസാദ്ര സെവിരന എന്ന പാദ്രിയച്ചനും വന്നു ഞങ്ങൾ എല്ലാവരും കൂടെ കണ്ട അപ്പൊൾ തന്നെ

1. കൊലിയാസ-സുറിയാനി, അര എന്നർത്ഥം.
2. ദിഷ്ടതി-ആവശ്യത്തിന്.
3. ...... - ഇവിടെ കുറെ സ്ഥലം വിട്ടിരിക്കയാണ്.

നാളത്തെ സംഗതി (P.144) വിഗാരിജെരാൾ കല്പിച്ചു. അതായത 10 മണിയ്ക്ക നിങ്ങളുടെ ക്രമങ്ങളൊക്കെ തിരണമെന്നും വിഗാരി ജരാൾ ഒടുക്കം റാസയ്ക്കു നിയ്ക്കയാൽ ചടപ്പുകാരനാകയാൽ 10 മണിയിൽ

വൈദികർ വരാപ്പുഴയിൽ

അധികം താമസിപ്പാൻ പാടില്ലന്നും ആയതുകൊണ്ട നിങ്ങളുടെ ഒക്കയും 10 മണിയ്ക്ക തിരണം എന്നും വരുന്ന പട്ടക്കാര ഒക്കെയും മെത്രാപ്പൊലിത്താച്ചനെ പ്രതി കുർബ്ബാന ചെല്ലാൻ പറഞ്ഞുകൊള്ളണമെന്നും കല്പിച്ച യൊഗ മുറിയുടെയും മെത്രാപൊലിത്താച്ചന്റെ മുറിയുടെ താഴത്തുള്ള മുറിയുടെയും താക്കൊലും തരുവിച്ച ആളും അയിച്ചു വെടിപ്പുവരുത്തി വിളക്കും തരുവിച്ച താഴെ വന്നാറെ വീണ്ടും സെക്രത്താരി വിളിച്ച യിന്നത്തെയ്ക്ക അത്താഴം വൈപ്പിച്ച തരുവാൻ പാടില്ലന്നും വാലിഭക്കാര[1] അയച്ച തങ്ങൾക്കു വെണ്ടിയ അരിയും കൊപ്പുകളും വാങ്ങിച്ചുകൊള്ളണം പറഞ്ഞപ്രകാരം വാലിഭക്കാരുടെ പറ്റിൽ ഞങ്ങൾ വന്നവർക്കു മാത്രം 10 ഇടങ്ങഴി അരിയും മീൻ മുതലായ കൊപ്പുകളും വാങ്ങിച്ചു. യിനി വരുന്നവർക്കും കൂടെ നിങ്ങൾ വാങ്ങി കൊടുപ്പിയ്ക്കണമെന്നും (P.145) പറഞ്ഞാറെ ആ ചുമതിലയ്ക്ക പാരമാകയാൽ ഞങ്ങൾ

ഏഴിന്റെ തിരുക്കർമ്മങ്ങൾ

ഒഴിഞ്ഞു അപ്രകാരം വരുന്നവർക്കും കുർബ്ബാനയ്ക്കുള്ള അനുവാദവും ചൊദിപ്പാൻ ദിഷ്ടതിയില്ലന്നും പറഞ്ഞുകൊൾവാൻ കല്പിച്ചു. വീണ്ട മല്പാനായ ഞങ്ങളുടെ കൂടപ്പിറപ്പി മങ്ങലത്ത ചാണ്ടി കത്തനാരച്ചനുമായി ഈ അവസ്തകൾ പറഞ്ഞ ബൊധിച്ച റാസയ്ക്ക ആലപ്പുഴ വിഗാരിയായ കല്ലൂത്രകോര കത്തനാരച്ചനെയും കൂടുവാൻ പൊരൂക്കരെ കുറിയാക്കൊസ കത്തനാരച്ചനും മുണ്ടൻ നടയ്ക്കൻ യൊഹന്നാൻ കത്തനാരച്ചൻ യിങ്ങനെ നിശ്ചയിച്ച 4 മണിയ്ക്ക ഞാൻ കുർബ്ബാനയും ചൊല്ലി വിണ്ടും മൂപ്പച്ചനെ അറിവിച്ചും കൊണ്ട വല്യ ത്രൊണൊസുംകൽ ഞാനും തത്തംപള്ളിൽ മല്പാൻ കണ്ടത്തിലച്ചനും കൊസമല്ലൂർ കച്ചാലി അച്ചനും ആലപ്പുഴ ലൂക്കാച്ചനും കാഞ്ഞിരത്തുംകൽ വരിത കത്തനാരച്ചനും അതിരംപുഴ കൊച്ചുപുരയ്ക്കലച്ചനും മുട്ടത്തുകാരും പിന്നെ വരാപ്പുഴെയുള്ള ശെമ്മാച്ചന്മാരും മറ്റു ചിലരുംകൂടി ഞാൻ കാപ്പയും, ശെഷമുള്ളവര സൂർപ്പളെ[2] സുമായിട്ട ഒപ്പീസിന്ന (P.146) തുടങ്ങി അപ്പൊൾ ഹൈയ്ക്കലായിൽ 8 കൊൽ പൊക്കത്തിൽ കൂട്ടിയിട്ടിരിക്കുന്ന വല്യ എസ്സിയിതിന്റെ പണികൾ എഴുതാൻ പരപ്പ എംങ്കിലും ചുരുക്കി

1. വാലിഭക്കാര-വേലക്കാർ; യുവാക്കന്മാർ എന്നും അർത്ഥമുണ്ട്.
2. സൂർപ്പളെ-സൂർപ്ലസ് എന്നർത്ഥം.

പറയുന്നു. 4 നിലയുടെ പള്ളിയിലെ ക്രമീകരണങ്ങൾ 12 തിരികാൽ നിലത്തുവച്ചിരിക്കുന്നു. 5 നീളം ഉള്ള 12 തിരി അതുമ്മെൽ പുത്തൻപ ണിയായി യിതിന്നുവെണ്ടി തീർത്തതത്രെ പിന്നെയുള്ള പദവികളു ക്രമത്തിന്നു തിരിയും കാലും ചെറുതായി. മെൽപ്പൊട്ട മുകളിൽ കവുറ മൂടിയും അതിന്റെ മുകളിൽ തലഭാഗത്ത രണ്ടു തലവണ അതിമെൽ വെള്ളദമാസ്ക്കിൽ ഒരു മുടിയും റൊശനിറത്തിൽ ഒര എസ്ക്കൊള യും യിതിന്റെ വിരിപിലകകൾ താഴത്ത പതവിൽ നിലംമുട്ടിൽ കറുപ്പ ളുസ്ത്രീഞ്ഞും  അതിന്നു മീതെ കറുപ്പ ശൊപ്രിയും അതിന്നു മീതെ കറുപ്പവില്ലൂസും ഒക്കെയ്ക്കും വെള്ളികശവും പള്ളിയകം ഒക്കെയും കറുപ്പു വിദാനങ്ങൾ വെള്ള കടലാസുകൊണ്ട റെംന്തകളുംമായി ചമ യിച്ചു ത്രൊണൊസുകൾ ഒക്കയും കുർബ്ബാന കുപ്പായം റാസകൂട്ടങ്ങൾ ഒക്കയും യിതിന്നായിട്ട പുത്തൻ കറുപ്പുകളുസ്ത്രിഞ്ഞകൊണ്ടെ ഒ

സുറിയാനിക്കാരുടെ
തിരുക്കർമ്മങ്ങൾ

ക്കയും പുത്തൻ കറുപ്പചമയങ്ങൾ (P.147) ക്രൊഞ്ചു കൾ, ത്രൊണൊസുങ്കൾ പെരുനാൾ പൊലുള്ള തി രികളും ഈ തിരികൾ ഒക്കയും ഞങ്ങൾ ഒപ്പീസി ന്ന തുടങ്ങിയപ്പോൾ കത്തിച്ചു. ഞങ്ങൾ ഒപ്പീസും പാടി മദറാശിന്ന ഏസ്തിയ്ക്കൽ വീശി വെള്ളവും തളിച്ചു ഒടുക്കം ത്രൊണൊസുംകൽ തന്നെ നിന്നു കൂട്ടി ഉടൻ റാസ തുടങ്ങിച്ചും വച്ച ഞാൻ വെർ വിട്ടു അ പ്പോൾ കുത്യ തൊട്ടിൽ മല്പാൻ, കൽപറമ്പിൽ മല്പാൻ മുതലായ വ ടക്കരും വന്നു റാസ ചൊല്ലുവാൻ ചിലർക്ക മനസുണ്ടായിരുന്നു. എട വന്നില്ലാ നെരമില്ലായ്കയാലും ഞങ്ങൾ മുതൃന്നു തുടങ്ങുകയാലും യിങ്ങനെ റാസ പിരിഞ്ഞുടൻ വിഗാരിജെരാൾ വന്നു റാസയ്ക്കു തുട ങ്ങി ഞങ്ങൾ എല്ലാവരും കണ്ടു യിതിനിടയിൽ തൃപൂണിതുറ വിഗാ രി പറവൂർകാരൻ പാതികുളങ്ങരെ യൌസപ്പ കത്തനാരച്ചനും കണി യാവള്ളിൽ വിഗാരി ആദപ്പള്ളി പൌലൊസ കത്തനാരച്ചനും യിവരു ടെ സിദ്ധാന്തത്താൽ മൂപ്പനെ ബൊധിപ്പിച്ച പടാർത്ഥ പറയണമെന്നും

ആഘോഷമായ
കുർബാനയും
പ്രസംഗവും

എന്നൊട യൌസെപ്പ കത്തനാരച്ചൻ (P.148) പറഞ്ഞേ ൾപ്പിച്ചു. റാസ കഴിഞ്ഞ ഏസ്സക്കിൽ വന്ന വെഞ്ചരിച്ച കഴിയുംപൊൾ ളൊവയും വറെത്തിയും മതിഎന്നും പറഞ്ഞ അപ്രകാരം കഴിഞ്ഞുടൻ മൂപ്പച്ചന്റെ അനുവാദ വും വാങ്ങി പഠാർത്ഥയും പറഞ്ഞു ½ മണി മാത്രം എന്ന പറഞ്ഞിരു ന്നതിനാൽ കുറുക്കി കഴിച്ചു തീർന്നപ്പോൾ കൊദജത്തൊർ പാദ്രിയ ച്ചൻ 1½ റാത്തലിൽ ഒരു തിരിയും തന്നു പിന്നെത്തതിൽ 1 മണിയ്ക്ക

തീനിന്നിരുന്നു. രണ്ടു മെസ കിഴക്കെ സാളയിൽ യിതുമ്മെൽ രണ്ട ഏറ്റായിട്ടിരിന്നു. 90 പട്ടക്കാരുണ്ടായിരുന്നു. ഒടുക്കം എല്ലാവർക്കും 22 രൂപാ: 44 കർബ്ബാനയ്ക്ക കൊടുത്തു മെത്രാപൊലീത്തായ്ക്കവെണ്ടി യിനിയ്ക്കു പഠാർത്ഥയ്ക്കു: 5 രൂപായും കൂടെ തന്നു. യിങ്ങനെ ശെഷം എല്ലാവരും അന്നു പിരിഞ്ഞു. ഞങ്ങൾ പിറ്റെ ദിവസം പൊന്നു: വിഗാരിജരാൾ യിച്ചനൊ 2: പപ്പളമാ നാരങ്ങായും മെടിച്ചുകൊണ്ടു പൊന്നു. പൊരുംപൊൾ എടകൊച്ചിയ്ക്കാരൻ ളൊരെസ പാദ്രിയെ അങ്ങൊട്ടയ്ക്കുമെന്നും പ്രാശ്ചിത്തവും ധ്യാനവും കഴിപ്പിക്കണമെന്നും വിഗാരിജരാളച്ചൻ എന്നൊട (P.149) കല്പിച്ചു. അപ്രകാരം ആദെഹവും വന്നധ്യാനവും കുംപസാരവും കഴിച്ച സാക്ഷി കൊടുത്തയച്ചപ്പോൾ ആദെഹത്തിന്റെ മുടക്കം അതൊടുകൂടി ജൊക്കിം പാദ്രി അച്ചന്റെ മുടക്കും തീർത്തു കൊൾവാൻ കല്പനയും വന്നു 44-ാം കാലം.

മകരം 8-നു കൊച്ചി മെത്രാനച്ചൻ കനരായിൽനിന്നും ഒരു മുഴുവൻ ദൊഴപൊറുതി കൊടുത്തയച്ചു.

കുർബാന വീഞ്ഞു വിദേശത്തുനിന്നു വരുത്തുന്നു

ഈ ആണ്ടിൽ വീഞ്ഞ ഏറ്റം ചുരുക്കമായി 1¼ രൂപാ ബൊത്തലിന്നു ആയതും നല്ലതല്ലായ്കയാലും യിവിടെ ചില വല്പം അധികം അതായത 20 ബൊത്തൽ ഒരാണ്ടിൽ ഏറെക്കുറെ ചിലവുള്ളതിനാൽ ഒരു വീപ്പ വാങ്ങിപ്പാൻ നിശ്ചയിച്ച കൊച്ചിയിൽ ശൊക്കു പാദ്രിയച്ചനെ ഏൾപ്പിച്ചിന്നു വന്നപ്പൊൾ നൊയമ്പു തുടങ്ങുകയാൽ നമസ്കാരം കൊണ്ടിനിയ്ക്ക പൊകുവാൻ ഒട്ടും മനസില്ലായ്കയാലും തീരുവവഴിച്ചെരിയുടെ ചമ്മലയാൽ കൂലിയാളിനെ അയച്ചാൽ സാധ്യത്തിനാലും വിഷാതിച്ചിരിയ്ക്കയിൽ എന്റെ എടവകക്കാരൻ ചെറുകാട്ടുചെരിൽ തൊമ്മാ ചെമ്മാശൻ (P.150) ചെറുപ്പമെംകിലും ഇപ്രകാരമുള്ള കാര്യങ്ങൾക്ക ഏറ്റം തിരവും ഉത്സാഹവും ഉണ്ട ഇയാളുടെ ദെഹം കൊണ്ട നമുടെ വീട്ടിന്ന പലവുപകാരമുണ്ടായിട്ടുണ്ട. കഴിഞ്ഞകാലം പുളിംകുന്നു ചെന്നൻകരി ഉള്ള ഉദയം നെല്ല ഇയാൾ തന്നെ നടന്നു പിരിച്ചുകൊണ്ടു വന്ന യിങ്ങനെയിരിയ്ക്കയും അയാളെതന്നെ അയച്ചു ദൈവകൃപയാലും പുണ്യവാളന്റെ സഹായത്താലും മറ്റൊരു ചമ്മല കൂടാതെ ½ വീപ്പ 160 ബൊത്തൽ വീഞ്ഞ 725 ചക്രം വില ചിലവുൾപ്പട ആയിട്ട കൊണ്ടുവന്നു. കൊച്ചിയിൽ വെച്ചിയാൾക്കു വയറിളക്കം തുടങ്ങി എംകിലും അവിടെ കിടന്ന കാര്യം സാധിച്ചുവന്നു. യിങ്ങവന്ന പിറ്റെ ദിവസം വീണ്ടും തുടങ്ങി രാത്രിയിൽ പലവട്ടം വെള്ളം

പൊലുള്ള ഒഴിവും വയറ്റിൽ നൊവും, ഞാൻ ഭയപ്പെട്ടു. അന്ന അതിരംപുഴക്കാരൻ പൊറയറ്റെട്ട യൌസപ്പ കത്തനാരച്ചൻ വന്നിരുന്നു. അദെഹം ഒരവുഷധി ഉണ്ടാക്കിക്കൊടുത്തു. ദെയവസഹായത്താൽ അതു ചെന്നപ്പോൾ തുടങ്ങി സാവദാനമായി. ഈ മരുന്നായത ചുക്ക, ഇന്തപ്പ, കടുക്ക, തിപ്പലി സമം പൊടിച്ച കാച്ചവെള്ളത്തിൽ കൊടുത്തു. (P.151)

വയറ്റിൽ രോഗം എളുപ്പം സുഖമാകുന്നു

ഈ ദിവസങ്ങളിൽ വള്ളത്തിൻെറ ചുരുക്കത്താൽ പല കാര്യ കുറവും വിമ്മിഷ്ടവും വരികയാൽ ഒരു വള്ളം ഉള്ളതും 20–11 യിങ്ങനെ ഉള്ളതു കൊണ്ടതന്നെ പൊരായ്കയാൽ കാഞ്ഞിരപള്ളിയച്ചന്നു തംപുരാൻ ഉത്സാഹം കൊടുത്തു മകരം 13–നു ആദെഹം യിറങ്ങി കുംഭം 20–നു 300 കലിയൻ ഉണ്ടാക്കി 27, –13¼ ഒരു തറെയ്ക്കും പണിയില്ലാഞ്ഞതിൻ വണ്ണം ഉള്ള ഒരു വള്ളം വാങ്ങിച്ചു കൊണ്ടുവന്നു.

പുതിയ വള്ളം മേടിക്കുന്നു

യിതിനിടയിൽ അച്ചടിയുടെ പണി കാണ്മാനാഗ്രഹിച്ച കൊല്ലത്തിനൊളും പൊയാറെ അവിടയും തടവാകയാൽ കാണ്മാൻ യിടവന്നതുമില്ല: എംകിലും പണിയിച്ചു വരുന്നു. ചിലവാപ്പിന്ന വകയില്ലായ്കയാൽ തൊപ്പിലച്ചൻ യിറങ്ങി കുറവലങ്ങാട്ടിൽ എടവകയിൽ നിന്നും 300 കലിയൻ പിരിച്ച കൊണ്ടുവന്നയിതിനാൽ മുകവാരം വെള്ളയിടുവാൻ ഉത്സാഹിക്കുന്നു. യിതുകൊണ്ട മെലെഴുതിയ തൊമ്മാശെമ്മാശന്റെ ഉത്സാഹത്താൽ മുകവാരത്തിന്നു വെള്ളയിട്ടു തുടങ്ങി. കുടമാളൂർക്കാര കല്ലന്മാരെക്കൊണ്ട (P.152) യിതും തൊട്ടിൽ ഒരു വള്ളപുരയും ചെറിയതിൽ ഒരു വള്ളത്തിന്റെ പണിയും തുടങ്ങി അപ്പൊൾ അച്ചടിവെലയും ഈ ചിലവപ്പും കൂടെ വരികയാൽ കാഞ്ഞിരപ്പള്ളിലച്ചൻ കടുത്തുരുത്തി മുട്ടുചിറ ഈയിടങ്ങളിൽ പൊയി യൌസെപ്പ പുണ്യവാളന്റെ പെരുനാൾ വകയ്ക്ക ഭിഷക്കാർക്ക് ചൊറു കൊടുപ്പാൻ 100 ചക്രം ഓരൊരുത്തര തരണമെന്നു ഒരപെക്ഷ കടലാസും യിങ്ങനെയും മറ്റുവകയും ആയി 600 കലിയൻ വരയും കൊണ്ടുവന്നു. യിതിൽ 600 ചക്രം അച്ചടിവകയ്ക്ക നിലപ്പന അയിപ്പും തന്നു. ആയതും കൊണ്ടവന്ന ശെഷം ദുഃഖവെള്ളിയാഴ്ചയ്ക്ക അകത്തെ വെള്ളതീർന്നു പെരുനാൾക്കപുറം മുഴുവൻ ആക്കണമെന്നു വിചാരിച്ചാറെ താഴത്തെ വാതിൽ വരെ ആയപ്പോൾ പണിക്കാരർക്ക ഭരണി വിഷുയിങ്ങനെയുള്ള അടിയംന്തിരത്താൽ തീർക്കാതെ പൊയികളഞ്ഞതിനാൽ മുഴവനുംയായില്ലാ.

മാന്നാനത്തെ പണികൾ

വി. യൗസേപ്പുപിതാവിന്റെ മരണത്തിരുനാളിൽ സാധുക്കൾക്കു ഭക്ഷണം

പള്ളിയുടെ മുഖവാരം പൂർത്തിയാക്കുന്നു

ആയതുകൊണ്ടു പൊരൂക്കരെ കുറിയാക്കൊസ കൊച്ചു കത്തനാരച്ചന്റെ ഉത്സാഹത്താൽ മുകളിൽ ഒരു വട്ടവും കതിരും അതിനകത്ത ഈട്ടികൊണ്ട തിരുനാമപെരും കുരിശും ശംകും ആണിയും തീർപ്പിച്ചവച്ചു തറച്ച ദെവൊത്ത വിളിയ്ക്കുന്ന കുരിശും വച്ചു കെട്ടിച്ചു. ഈ ആണ്ടിൽ ദുഃഖവെള്ളിയാഴ്ചയും 600 ചക്രത്തൊളം നെർച്ചയും വന്നു. യിതിനിടയിൽ ഞങ്ങളുടെ മൂപ്പൻ (P.153) പൊരൂക്കരെ വല്യച്ചൻ പ്രമെഹദീനത്താൽ രൊഗിയായിരിക്കയാൽ ആലുവായിൽ ചെന്നു കുളിച്ചാൽ കുറെ സൌഖ്യമാകും എന്നു പലരും വിധിയ്ക്കയാൽ നൊയംപിന്റെ 2-ാം ഞായറാഴ്ച യിവിടെനിന്നും പൊയി അനുജൻ ഗീവറുഗീസും വാലിഭക്കാരൻ ചാക്കൊയും അവന്റെ മരുമക്കൾ രണ്ടു കിടാങ്ങളും കൂടെ ഉണ്ടായിരുന്നു. ഇങ്ങനെ ചൊവ്വരെ പള്ളിയിൽ വന്നു പാർത്തുവരുംപൊൾ പെ. ബ. കൊച്ചുമെത്രാനച്ചൻ കനരായിൽ നിന്നും വന്ന നൊയമ്പിന്റെ ശെഷമുള്ള രണ്ടാമത്തതും മൂന്നാമത്തതുമായ ഞായറാഴ്ചകളിൽ പട്ടം കൊടുപ്പാൻ

പോരൂക്കര അച്ചന്റെ രോഗം മൂർച്ഛിക്കുന്നു

നിശ്ചയിച്ചറിയിയ്ക്കയാൽ ചെമ്മാച്ചന്മാരു 20 ദി: ആസ്തമായി ചെന്നപ്പൊൾ അച്ചന്നു പൊയതിൽ ദീനം കുറെ കടുത്തിരിക്കുന്നു എന്നുള്ള വർത്തമാനം കൊണ്ടുവന്നു കെട്ടാറെ ഞങ്ങൾക്കു ഏറ്റം വിഷാദമായി എംകിലും മാർ യൌസെപ്പു പുണ്യവാളന്നുമെൽ ശരണപ്പെട്ട ദീനത്തിന്റെ തുടക്കം മുതൽ മൂന്നു നെരമുള്ള പ്രാർത്ഥനയിൽ എല്ലാവരും കൂടെ 1 ആ. 1 ന. യിതിനായി അപെക്ഷിച്ചു വരുന്നതിൽ പ്രത്യെക അപെക്ഷ ചെെതുകൊണ്ട ഞങ്ങളുടെ കപ്യാരുമുത്തപ്പനെ എഴുത്തും കൊടുത്തയച്ചാറെ പെസഹായ്ക്കു അവിടെ ചെന്ന വർത്തമാനം അറിഞ്ഞിട്ടും പെരുനാൾ യിവിടെ വന്നു ദെയവസഹായത്താൽ (P.154) കുറെ സൗഖ്യമുണ്ടന്നും കൊച്ചുകത്തനാരച്ചനും പൊയി നമ്മുടെ പെരുനാൾ തുടങ്ങിയ ഞായറാഴ്ച യിവിടെ വന്ന പൊയ പ്രകാരം പൊലയിരിക്കുന്നു. ഈ ആണ്ടിൽ തൊപ്പിൽ ചാക്കൊ പെരുനാൾ കഴിപ്പാൻ

പലരുടെ സഹായത്താൽ പെരുന്നാൾ കഴിക്കുന്നു.

നിരുവിച്ചിരുന്നാറെ കൊയിത്തിന്റെയും, മഴയുടെയും വിമ്മിഷ്ഠത്താൽ വരുന്നയാണ്ടിൽ എന്നു വച്ചും യിവിടെയും മറ്റു പണികളാലും ഈ നിരുവണയാലും ഒന്നുംതന്നെ വിചാരിപ്പില്ലാ എംകിലും ദെയവസഹായത്താൽ പൊൻകുഴിയിൽ ചുമ്മാരു പേരിൽ ഇടങ്ങഴി ഉപ്പും ഗന്ധകവും യിരുന്നത അവനും വെംപെനിവർക്കി 4 ഇടങ്ങഴി യിവനും നെലപ്പന കുര്യൻ അവിടെ പെരുന്നാൾ കഴിയ്ക്കയാൽ ആയതിന്ന

ഞാനും കാഞ്ഞിരപ്പള്ളിലച്ചനും പൊയിരുന്നതിനാൽ ആയതിന്ന ശെഷിച്ചി 20 പലം വെടിമരുന്നിയാളും യിങ്ങനെ ആ വകയും അപ്ര കാരം ½ തുലാം മെഴുകുതിരിയും ദിഷ്ടതി കഴിഞ്ഞുള്ളത കൊടുക്ക ത്തക്കവണ്ണം വച്ച ആയതും തന്നു പെരുനാൾക്ക ഞാൻ പടാർത്ഥയും പറഞ്ഞു. വാദ്യകാരരയും ഞങ്ങൾ കൊണ്ടു പോയിരുന്നു: 7: രൂപാതന്നു. യിതിൽ: 5 കലിയൻ മൂസിയ്ക്ക അന്തൊനിയ്ക്ക കൊടുത്തു: 2 ഇട ങ്ങഴി കൂലിക്കാരർക്കും കൊടുത്തു യിങ്ങനെ (P.155) പെരുനാളിന്റെ വകകൾ ഒക്കെയും ഏറെ ചിലവർപ്പു കൂടാതെ ഉണ്ടായി[1] പെരു നാൾ കഴിഞ്ഞുടൻ ഞാൻ വരാപ്പുഴെയ്ക്കു പോയി കൊച്ചു മെത്രാന ച്ചനെ ചത്യാത്തു വച്ച കണ്ടു അപ്പൊൾ രണ്ടു സിമനാരി വൈപ്പിപ്പാൻ

പ്രസ്സിന്നു റോമ്മിൽ നിന്നനുവാദം

ഭാവിച്ചിരിയ്ക്കുന്നു എന്നും ഒരു വർത്തമാനം കല്പി ച്ചു. അച്ചടിക്കു പ്രെസ വരുത്തിച്ചു തരാമെന്നും കല്പിച്ചു. അടിപ്പാൻ റൊമ്മായിൽനിന്നും അനുവാദം വരുത്താമെന്നും കല്പിച്ചു. അവിടെ നിന്നും ഏതാനും കുർബ്ബാനയ്ക്കുണ്ടായിരുന്ന കണക്കും തീർത്ത രൂപായും വാങ്ങിച്ച അതുവഴി കല്ലൂത്ര സക്റിയ കത്തനാരച്ചൻ പൂത്രം അമ്പിയായിങ്ങനെ:

പുത്തൻ കുർബാനകൾ

3 പുത്തൻ കുർബ്ബാന ഞായറാഴ്ചതൊറും ഉണ്ടാ യിരുന്ന യിതിനിടയിൽ യിവിടയും വന്നു. ഒരു പിന്നെ ആലപ്പുഴ ചെന്നൻകരിയിങ്ങനെ പല അടിയന്തിരമായി നടന്നു എടത്തുവാ പുത്തൻ കുർബ്ബാനയും കഴിഞ്ഞ ചെന്നൻകരിയിൽ വന്ന പെരുനാളും കൂടി ആലപ്പുഴെ ചെന്ന പ്രസിന്ന പിച്ചളപലകയും വാങ്ങി ച്ച ചെന്നക്കാടന്ന മഷി വകയിൽ കൊടുപ്പാനുണ്ടായിരുന്നതിൽ 20 രൂ പായും കൊടുത്ത വെള്ളിയാഴ്ച്ച, മാന്ദാനത്തു വന്നു. അപ്പൊൾ കുറെ സുഖക്കെടുണ്ടായിരുന്നു. ചനിയാഴ്ച, കുളിപ്പാൻ ഭാവിച്ച പട്ടം വെട്ടു വാൻ തുടങ്ങിയപ്പൊൾ വയറ്റത്ത ഒരു ചെറിയ കുരുവു കണ്ടു. സമുശ

ചാവറ അച്ചനു മസൂരി ദീനം

യിച്ചു മുഖം വടിച്ചു വെറും കുളിയും (P.156) കുളിച്ചു. പിറ്റെദിവസം ഞായറാഴ്ച വെളുത്തപ്പോൾ ഏകദേശം വസൂരി എന്നു തൊന്നി കുറെ പനിയും അപ്പൊൾ പൊ രൂക്കരെ അച്ചനും അന്ന് ഏറിയ സുഖക്കെടായിരിയ്ക്കയാൽ നെൽപു രയിൽ നിന്നും കുർബ്ബാന കാണ്മാനും മെൽകരെറിയില്ലാ: ഉച്ചതിരിഞ്ഞു ടൻ നിശ്ചയം തോന്നി പൊറയാറ്റെട്ട അച്ചനെ വരുത്തിയപ്പോൾ ദീനമെ ന്നുതന്നെ നിശ്ചയിച്ച കുംപസാരിച്ചു ഉടൻ എന്റെ തൻമീദാ[2] എടവക

1. മൂലത്തിൽ സ്വല്പം സ്ഥലം വിട്ടിരിക്കുന്നു.
2. തൻമീദാ – സുറിയാനിശൈലി; ശിഷ്യന്മാർ എന്നർത്ഥം.

ക്കാരൻ പടവുപുരയ്ക്കൽ കൊച്ചു മത്തായി കത്തനാരച്ചനയും ചെറു. തൊമ്മായും വരുവാൻ ആളയച്ചു. ആയവര ചൊവ്വാഴ്ച അസ്തമിച്ചു വന്നു. ദെയവ സഹായത്താൽ ഏറെ വൈഷമ്യം കൂടാതെ 14 ദിവസം കൊണ്ടു കുളിച്ചു. വസൂരി എന്നും എവംപൊള എന്നു സമുശയം പിന്നത്തതിൽ കൂടെ പാർത്തിരുന്ന പൊരൂക്കരെ കൊച്ചു കത്തനാരച്ചനും എന്റെ ജെഷ്ടന്റെ മകൻ തട്ടാന്ത്ര തൊമ്മച്ചനും യിവരു മുൻ ദീനം വന്നവരെംകിലും രണ്ടാമതും യിനിക്കു വന്ന പ്രകാരമായിവർക്കും വന്നു. ദെയ്പസഹായത്താൽ ആയതും ഭെദമായി എന്റെ ദീനത്തിന്ന ശുശ്രൂഷിച്ച വെലക്കാരർക്കും വൈദ്യൻ മുതലായ തുണക്കാരർക്കും സമ്മാനങ്ങൾ അതായതെ വൈദ്യന്ന കടുക്കനും ശെഷംപെർക്കു മുണ്ടും നെരിയതും യിതു മുതലായ ചിലവുകൾ എന്റെ ബ്നൈതൽ മീദെ:[1] ആയ ചെമ്മോച്ചന്മാര ചില ചെയ്തു ഇതിൽ കുന്നിൽ വർക്കി ചെമ്മ: എന്നൊടുകൂടെ പാർത്തു ശുശ്രൂഷിച്ചതുമെന്യ കൊച്ചുകത്തനാരച്ചന്റെ ദീനത്തിനും (P.157) ഈയാൾ ശുശ്രൂഷിച്ചു. യിങ്ങനെ കഴിഞ്ഞുവരുംപൊൾ ഞങ്ങളുടെ തലവൻ പൊരൂക്കരെ അച്ചന്റെ ദീനത്തിന്ന ഭെദം കാണായകയാൽ ആലുവായിൽ പോയി കുളിപ്പാൻ നിശ്ചയിച്ച പുറപ്പെട്ട ചൊവ്വരെ മാർ യൌസെപ്പ് പുണ്യവാളന്റെ പള്ളിയിൽ പാർത്തു, അവിടെ വച്ച ദീനം കടുത്തു എംകിലും മാർ യൊസെപ്പ പുണ്യവാളന്റെ സഹായത്താൽ കുറെ ഭെദമായി അവിടെ നിന്നും വന്ന വീണ്ടും നമ്മുടെ വെസറൌമ്മായിൽ തന്നെ പാർത്തു യിതിന്റെ ശെഷം ചിങ്ങമാസം പിറന്ന പിന്നെയും പുതിയൊട്ടച്ചനെ കാണ്മാൻ വീണ്ടും കല്ലൂർക്കാട്ടിന്ന പൊയി താമസിയാതെ പൊയി വരാമെന്നും പറഞ്ഞ നിശ്ചയിച്ചയാറെ വൈദ്യന്റെ പ്രമാണത്താലും മാതൃസഹോദരന്മാരുടെ അപെക്ഷയാലും കുറെ അവിടെ താമസിക്ക എന്നും വച്ച പാർത്തുവരുംപൊൾ യിതിനിടയിൽ പലപ്പഴും സുഖവും സുഖക്കെടുമായി പാർത്തുവന്നു എംകിലും 15 നീളിയാറെയുള്ള കുംപസാരം കുർബ്വാനയും കൈക്കൊണ്ടും ഏറിയ്ക്കപ്പെട്ട ക്ഷമയും ആയി എപ്പഴും മരണത്തിന്നാസ്ഥമായി പാർത്തുവരുമ്പൊൾ പെ. ബ. പ്രെബർണദീനൊസ മെത്രാനച്ചൻ വാഴ്ചയെറ്റ കൊല്ലത്തിന്നു വിശീത്ത പുറപ്പെട്ടപ്പോൾ ബ. മെത്രാനച്ചനെ കാണ്മാൻ ആഗ്രഹമെന്നും ആയതിന്ന എവിടെ ആസ്തമാകണമെന്നും എഴുതി കൊടുത്തയ്ക്കയാൽ അപെക്ഷ

പോരുക്കര അച്ചന്റെ രോഗം വീണ്ടും വർദ്ധിക്കുന്നു.

1. ബ്നൈതൽമീദെ – സുറിയാനി ശൈലി; ശിഷ്യന്മാർ എന്നർത്ഥം.

പോരൂക്കര അച്ചന്റെ ഭാഗ്യപ്പെട്ട മരണം

കൈക്കൊണ്ട (P.158) 1846-ാം കാലം മകരം 8-നു വെള്ളിയാഴ്ചയും മാന്നാനത്തിൽ ബഹു. ഞങ്ങളുടെ തലവനും രണ്ടാമത്തവനും ആയ പൊരൂക്കരെ കുഞ്ഞൊമ്മി മല്പാനച്ചൻ വെണ്ടും വണ്ണമുള്ള ആസ്തപ്പാടുകളും കൂട്ടി ½ മണിക്കകത്ത വീണ്ടും എന്നൊടു കുമ്പസാരവും കഴി പറവാൻ തക്കനെരം ബൊധക്ഷയം കൂടാതെ ഒടുക്കത്തെ റുശ്മാ ചെയ്വാൻ പറഞ്ഞും വച്ച ഈശൊ മറിയം യൌസെപ്പ ഈ മൂന്നു രൂപവും കുരിശു വരച്ചും വച്ച എടുപ്പിച്ച മുത്തു യൌസെപ്പ പുണ്യവാളന്റെ രൂപം മുത്തിക്കൊടുത്തും വച്ച ഇരുന്നും കൊണ്ട മെല്പോട്ടു തലപൊക്കി പുറകൊട്ട ചാഞ്ഞ മരിക്കയും ചെയ്തു.

1848-ാം കാലം വൃശ്ചികം 27-നു ഇവിടെനിന്നും തനിച്ച കുറി എഴുതി പട്ടമെൾപ്പിച്ചതിൽ എന്റെ പെങ്ങളുടെ മകൻ യാക്കൊവു ശെമ്മാച്ചൻ നല്ലവണ്ണം മരിച്ചു.

സഭ വിട്ടുപോയവർ

(P.159) ഇവിടെ പാർത്തുകൊള്ളാമെന്നും പറഞ്ഞാറെ മുകളിൽ പാർത്തതിൽ 1. മുരിക്കൻ ചാണ്ടി ശമ്മാശ. 2. പാലാക്കുന്നെൽ. 3. ചാക്കടവിൽ യൌസെ ശമ. 4. ചെറുകാട്ടുചെരിൽ തൊ. ശ. 5. ഒടുക്കം ആലപ്പുഴ കാഞ്ഞിരത്തുംകൽ കുരുവള ശമ്മ. 6. എല്ലാംകൊണ്ടു മൂപ്പിച്ചിരുന്ന നിലപ്പന പൌലൊസ ശമ്മ. അയാളുടെ മാതാപിതാക്കൾ മരിച്ചപ്പൊൾ ശെഷംപെരുടെ ബുദ്ധി ചൊല്ലാലയെ യാളുടെ തന്നിഷ്ടത്താലെയൊ ഏതംകിലും എറച്ചി വിലക്കി പാർപ്പാൻ പാടില്ലാ എന്നൊരു സിദ്ധാന്തം പറഞ്ഞയാളും പൊയി. ഇതിനിന്ന ശെഷത്തെക്കാൾ ഏറ്റവും ക്ലെശമായി എൻെറ ഹൃദയനൊൻപരത്തിൽ പാർത്തുവരുംപൊൾ താഴെ പഠിച്ചുവന്നതിൽ കുടകശ്ശേരിൽ സെബാസ്റ്റ്യാനൊസ എന്ന പൈതൽ അവൻെറ തനിച്ചുള്ള നൽമനസാൽ താഴെ പാർക്കണ്ടാ എന്നും കൊവെന്തയിൽ കൂടണമെന്നും ആഗ്രഹിച്ച എന്റെ അനന്ദ്രവൻ വല്യാറെ യാക്കൊവു ശെമ്മാശിനൊടു പറഞ്ഞ സൊപ്പിലച്ചനെക്കൊണ്ടു.... എന്നൊടറിവിച്ചു. ഇതു കെട്ടപ്പൊൾ മറ്റയാൾ ഈ ക്ലെശത്തിനു ദൈവം കുറെ അനുകൂലം തന്നു. ഇതിനൊൽ സന്തൊഷിച്ച കാരണവൻമാരൊടനുവാദവും പറഞ്ഞൊറപ്പിച്ചല്ലാതെ വെണ്ടാ എന്നും ഇതു കേട്ടപ്പോൾ ഇറങ്ങുവാനും ആവശ്യമില്ലന്നും പറകയാൽ ഉടൻ അവൻ തന്നെ വീട്ടിൽ ചെന്നു പറഞ്ഞനുവാദവും വാങ്ങിച്ചു മുകളിൽ കരെറി ഞാൻ (P.160) സന്തൊഷമായി അവന്റെ കുമ്പസാരകാരനുമായിരിക്കുന്നു: ഇനി എന്തൊ ദൈവം അവനെ ഉറപ്പിക്കട്ടെ.

50-ാം കാലം കന്നിമാസത്തിൽ കടത്തുരുത്തി എടവകയിൽ ആഗുസ്തീനൊസ ശമ്മാശ ഇവിടെ പഠിപ്പാൻ വന്നു കുറെ കഴിഞ്ഞ കൊവെംന്തയിൽ കൂടുവാൻ അപെക്ഷിച്ചുകൂടി തുലാം 1-നു പെരികെ ബ. ളൂദൊവിക്കൊ മെത്രാപൊലീത്താച്ചനും പാണ്ടിക്കാരൻ ജെസുവീഞ്ഞ സഭ പുൽശനെരി എന്ന മൂപ്പച്ചനും വരാപ്പുഴെ റെയിത്തൊർ കാറളൊസ എന്ന മൂപ്പച്ചനും കൂടെ യിവിടെ വന്നു. അന്നസൊപ്പിൽ യൌസേപ്പിനും, ചാവറ യൌസേപ്പിനും 5 പട്ടം കൊടുത്ത പീലിപ്പൊസിനും യിവിടെ വച്ച തുടക്കമായി ആസ്തപ്പാടു കൊടുത്തു. അപ്പൊൾ സിമ

മുട്ടാർ പള്ളിക്കു കല്ലിടുന്നു.

നാരി അവിടത്തെ പെർക്ക പണിയിപ്പാൻ നിശ്ചയിച്ച സ്ഥലവും കണ്ടു നിശ്ചയിച്ചു പൊയി. അന്നുതന്നെ മുട്ടാറ്റിൽ ഒരു കുരിശുപുര വൈക്കുന്നതിന്ന കല്ലിടുവാൻ തനിക്കനുവാദവും തന്നു. ആയതു ഇട്ടുംവച്ച (P.161) ഞാൻ വരാപ്പുഴെയ്ക്ക പൊയി. അപ്പൊൾ ഇവിടെ വച്ച കല്പിച്ചും വച്ച പൊയതിൻവണ്ണം നമ്മുടെ

കൊവേന്ത കാനോനികമായി സ്ഥാപിക്കാൻ അപേക്ഷ.

കൊവെന്ത ഉറപ്പിപ്പാൻ ഇവിടെ മനസ്സുള്ളവർ എല്ലാവരും കൂടി ഒരപെക്ഷ എഴുതികൊടുത്താൽ ബൊധിപ്പിച്ച ഉറപ്പിച്ചുതരാമെന്നു കല്പിച്ചതിൻ വണ്ണം എഴുതി കൊണ്ടുപൊയി കൊടുത്തു. ആ എഴുത്തിൽ അതുവരെയുണ്ടായിരുന്നതിൽ രണ്ടു പെര ഒപ്പിട്ടില്ല[1] (P.165) 61-ൽ ബ. റൊക്കാസ മെത്രാൻ മലയാളത്തിൽ വന്നിറങ്ങിയതിനാൽ ഉണ്ടായ കലക്കങ്ങളും പിണക്കങ്ങളും ശീശ്മയും മാന്നാനത്ത കൊംവെന്ത പുസ്തകത്തിൽ വിവരം കാണും. അതിന്റെ ഒടുക്കം തൊണ്ടനാട്ട അ

തൊണ്ടനാട്ടു അന്തോനിക്കത്തനാർ അവദീശോ മെത്രാനായി മടങ്ങിവരുന്നു.

ന്തൊനി കത്തനാരച്ചൻ വീണ്ടും വാവെലിൽ പൊയി നെസ്തോറീസ പാത്രയർക്കീസായ ശിമൊനിൽ നിന്നു അവദീശൊ മെത്രാപോലീത്താ എന്നും പെരും ധരിച്ച മലയാളത്തിൽ വന്നാറെ ആരും ബഹുമാനിച്ചും കൈക്കൊണ്ടുമില്ല. എംകിലും അയാളൊടുകൂടെ പൊയ പൂണ്ടികുളത്ത ശമ്മാശ അവിടെതന്നെ ചിലവെഴുതിയതുപൊകെ പുളിംകുന്നുകാരൻ കുഞ്ഞമ്മൻ 5 പട്ടം ശിമൊനൊടുതന്നെ വാങ്ങിച്ചിയാൾക്ക തുണയായി വന്നതിനാൽ ഈയാളും മറ്റും മുൻപിലത്തെ റൊക്കെംസ ശമ്മാശന്മാരും ചിലരുമാത്രം കൂടാനിരുന്നു. പിന്നെ പെ.പെ.ബ. കൊമ്മിസ്സാരി മെത്രാപൊലീത്താ പരസ്യത്താൽ കുർബാനയും മുടങ്ങി എംകിലും കുറെ നാൾ കുരിശും മൊതിരവും ധരിച്ചു

1. ഇതിനുശേഷം നാലു പേജ് എഴുതാതെ വിട്ടിരിക്കയാണ്.

നടന്നു. 64-ാം കാലം മലംപനി പിടിച്ചതിനാൽ പ്ലാശനാൽ നിന്നും പുറപ്പെട്ടു ഭരണങ്ങാനത്തു വന്നാറെ അവരും പള്ളിയിൽ കൈക്കൊള്ളാ

എല്ലാവരാലും പരിത്യക്തനായ അവുദീശോ മെത്രാപ്പോലീത്ത

(P.166) ഞ്ഞതിനാൽ സ്വന്ധവീട്ടിൽ കിടന്ന ദൈയവം അനുഗ്രഹിച്ച പനി പൊറുത്താറെ വീണ്ടും വാവെൽക്കാരുടെ എഴുത്ത കൂറിലൊസ ബാവായുടെ കയ്യിൽ വന്നതിനെ പ്രമാണിച്ച വാവായെയും യാക്കോവായ അത്തനാസീസ മെത്രാനെയും ചെന്നു കാണുകയും അവരുടെ ചില ഒത്താശയും ബഹുമാനവും ചെയ്തു. ഇത കഴിഞ്ഞവുടൻ എന്തൊ ദെയവം കൈയി വിടാതെ അയാളെ പിടിച്ചതിനാൽ നൽമനസുണ്ടായി പ്രിയൊരച്ചനെ കാണണം എന്നും 65 മകരം ഒടുക്കത്തിൽ എഴുതുകയാൽ പെ. ബ. മെത്രാപൊലീത്താച്ചന്റെ അനുവാദത്താൽ കൊട്ടയിൽ പള്ളിയിൽ ചെന്നു കാണ്മാൻ അറിവിച്ചതിനാൽ അപ്രകാരം ചെന്നു കണ്ടപ്പോൾ ചെയ്തതിമ്മെൽ പൊറുതി അപെക്ഷിച്ച പെ. ബ. അച്ചൻ മനൊഗുണമായി കൈക്കൊണ്ട മുടക്കു തീർത്ത പണ്ടത്തെ അന്തൊനി കത്തനാരായി നടപ്പാൻ കല്പനയുണ്ടാക്കിത്തരണമെന്നും സാദ്ധ്യമായി അപെക്ഷിക്കയാൽ ആ വിവരം പ്രി. വന്ന ബൊധിപ്പിച്ചാറെ ബ. അച്ചനും അനുഗ്രഹിച്ച ഉടൻ റൊമ്മയ്ക്ക എഴുതുകയും കല്പനവരുംവരെ നല്ല അടക്കത്തൊടുകൂടെ മാന്നാനത്ത കൊംവെന്തയിൽ പൊയി: മതിലെ മംകളാവിൽ പാർപ്പാൻ കല്പിച്ചു. (P.167) ആ കല്പന എത്രയും വല്യ തെളിവൊടും കൈക്കൊണ്ട മാന്നാനത്തെയ്ക്കു പൊയിരിക്കുന്നു. ടി 65 മെടം 13-നു പെസഹായ്ക്ക നല്ലവണ്ണം ധ്യാനവും കുമ്പസാരവും കഴിച്ചിരിക്കു.....

9-ാം പീയൂസ് പാപ്പാ ചെയ്ത അത്ഭുതം

ഇതാ 18നു- ഒര പ്രത്യെക്ഷം വർത്തമാനം ഇതായത നമ്മുടെ പിയുസ 9-ാമത ശു. മാർപ്പാപ്പാ ആ പട്ടണത്തിൽ ഉള്ളതു ഒദെസ്ക്കാൾക്കി എന്ന മാടംപി സ്ത്രീ ദീനം വൈഷമ്മിച്ച കിടന്നതിനാൽ ശു: മാർപ്പാപ്പായൊടു വാഴ്‌വും ഒടുക്കത്തെ മുഴുവൻ ദോഷപൊറുതിയും അപേക്ഷിച്ചു. അപ്പോൾ ശു: മാർപ്പാപ്പാ ദൊഷപൊറുതിയും കൊടുക്കുന്നതിന്നു പകരമായിട്ട മുട്ടുകുത്തി കുറെ നമസ്ക്കരിച്ചു. അപ്പൊൾതന്നെ മന്നിച്ചു കിടന്ന ആ മാടംപിസ്ത്രീ കണ്ണു തുറന്നു തന്റെ ശുശ്രൂക്ഷികളെ വിളിച്ച ഉടുപ്പുകൊണ്ടുവാ എന്നും ഇതാ ഞാൻ മുഴുവൻ സ്വസ്താനമായിരിക്കുന്നു. അതെന്ത്യെ ശു: മാർപ്പാപ്പായിവിടെ എഴുന്നെള്ളി നീ സ്വസ്താനമായി എഴുന്നെല്ക്ക എന്ന എന്നൊടു കല്പിച്ചു. ഉടൻ സുഖമായി എന്നും പറഞ്ഞുടുപ്പ വാങ്ങിച്ചുടുത്ത പള്ളിയിൽ ചെന്ന കുമ്പിട്ട

ആ വഴിതന്നെ ശുദ്ധ മാർപ്പാപ്പായുടെ അരമനയിൽ ചെന്ന ശു. മാർപ്പാപ്പായെ കണ്ടു വാഴ്‌വും വാങ്ങിച്ചുപകാരം പറഞ്ഞു.

65 കുംഭം 2-ാം നു മുറപ്രകാരം കൊവേന്തകളിൽ കുറിയും ഇട്ട പരീക്ഷയും 10 ദിവസ ധ്യാനവും കഴിച്ച 8 മണിക്കു യൗസേപ്പ റോസ അച്ചനും അൽമേനി ദർശനക്കാരിൽ മൂപ്പനായ ആഹാ തദക്കീസ യാക്കോയും[1] പറഞ്ഞൊപ്പു ചെയ്തു. പെ. ദെലഗാദ മൂപ്പച്ചൻ പടാർത്ഥയും പ്രീ. പറഞ്ഞൊപ്പു ചെയ്യിക്കയും ചെയ്തു.

കണിയാന്തറ യാക്കോബിന്റെ പറഞ്ഞൊപ്പ്

## [2]ഈശൊ മറിയം യൌസേപ്പ തുണ

(P.81) അമലോത്ഭവി കർമ്മലമാതാവിന്റെ ശുശ്രൂഷകളായ കർമ്മലീത്താ ദിൻക്കാസ മൂന്നാം സഭക്കാരായിട്ട എത്രയും പെ. പെ. ബ. ബർണദീനൊസ ദെസംതാ ത്രെസ്യാ എന്ന മലയാളത്തിന്റെ വിഗാരി അപ്പസ്തോലിക്ക ആയ മെത്രാപൊലിത്താച്ചൻ 1855-ാം കാലം ധനു മാസം 8 നു - പെ. ബ. മർസ്ലീനൊസ എന്ന മിസ്യൊണാരി അപ്പസ്തൊലിക്ക എന്ന ദെഹത്തിനെ മാന്നാനത്തെ കൊംവെന്തയിൽ അയച്ചു. ആ ദെഹത്തിന്റെ കയ്യാൽ ഞാൻ കുറിയാക്കൊസ ഏലിയാ പറഞ്ഞൊപ്പും കൈക്കൊണ്ട. മറ്റുള്ളവര എന്നാലയും പറഞ്ഞൊപ്പും കൈക്കൊണ്ട. വീണ്ട കൂനമ്മാവും കർമ്മെൽ അരണാട്ടുകരയിങ്ങനെ മറ്റു ചില കൊംവെന്തകളുമുണ്ടായി. എന്നതിൽ കൂനമ്മാവു എന്ന ഈ കൊംവെന്ത പുത്തൻസന്യാസികളുടെ കൊംവെന്തയായിട്ടു നിയമിച്ച ആയതിൽ എത്രയും പെ. ബ. ലഉപ്പൊല്ദ എന്ന മൂപ്പച്ചന പുത്തൻ സന്യാസികളുടെ ഗുരുവും കൊമെന്തകർക്കു ഒക്കെയും വിഗാരി പ്രവിൻസിയാൾ ആകുന്ന പെ. ബ. മെത്രാപ്പൊലീത്തച്ചന്റെ പെർക്കുള്ള ദെലഗാദ ആയിട്ടും കല്പിച്ച, ആദെഹം ഭരിച്ചു നടത്തി വരുമ്പോൾ 1864 മകരം 12 നു ഞാനും ഈ കൂനമ്മാവു കൊംവെന്തയിൽ വന്ന പാർത്തിരിക്കയിൽ ഈ 12-നു 8 മണിക്ക കൊംവെന്തയിൽ കൂടിയിരിക്കുന്നവരുടെയും മരിച്ച പൊയവരുടെയും പെരും നാടും എടവക മുതലായ ചില വിവരങ്ങളും ചൊദിപ്പാനായിട്ട

ആദ്യപിതാക്കന്മാരുടെ വ്രതവാഗ്ദാനം; കൊവേന്തയുടെ വളർച്ച

ചാവറ അച്ചൻ കൂനമ്മാവിൽ

1. ശുദ്ധീകരമാതാവിന്റെ യാക്കോബ്
2. ആമുഖത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, നാളാഗമത്തിൽ 81-ാം പേജ് തുടങ്ങി ചാവറ അച്ചൻ പാലയ്ക്കൽ മല്പാനച്ചന്റെ ജീവചരിത്രമാണ് എഴുതിയിരിക്കുന്നത്. വായനക്കാരുടെ സൗകര്യത്തെപ്രതി ഒന്നാം വാല്യത്തിന്റെ നാളാഗമഭാഗത്തിനു ശേഷം അതിവിടെ പ്രസിദ്ധം ചെയ്യുകയാണ്.

എന്നെ ആദെഹത്തിന്റെ മുറിയിൽ വിളിച്ച ചോദിച്ചപ്പോൾ നമ്മുടെ കൊംവെന്തയ്ക്കു അടിസ്ഥാനക്കാരനായ പെ. ബ. പള്ളിപ്രത്ത മല്പാനച്ചന്റെ പെരും വിവരവും ചൊദിച്ചപ്പോൾ ഞാൻ അറിഞ്ഞിരിക്കുന്ന ചില (P.82) വർത്തമാനങ്ങൾ പറഞ്ഞപ്പോൾ നമ്മുടെ കാർണവൻ[1] ആയിരിക്കയാലും ആദെഹം ഏറിയ വെലകൾ ഒക്കയും ചെയ്തിരിക്കകൊണ്ടും പിൻവരുന്നവർക്ക ഒരൊർമ്മയുണ്ടാകുവാനായിട്ട ഈയാളിന്റെ വർത്തമാനങ്ങൾ അറിയുന്നതൊക്കെയും ഒന്നു എഴുതിക്കണമെന്നും ആയതിന്നവെണ്ടിയ ഒത്താശകൾ ഒക്കയും ഞാൻ ചെയ്യാമെന്നും പെ. ബ. മൂപ്പച്ചൻ കല്പിച്ചു. അപ്പൊൾ തന്നെ കടലാസ എടുത്ത നമ്മുടെ പൈതങ്ങളിൽ ആനക്കല്ലുംകൽ മിനാട്ടൂർ മണുവെൾ എന്ന കൊച്ച ശമ്മാശിനെ കൊണ്ട കടലാസും വരപ്പിച്ച ഒരെഴുത്തുകാരനെയും തന്നുകൊള്ളാമെന്നു കല്പിച്ചതിനാൽ ഈ കാര്യം നിറവേറ്റുവാൻ ഇനിക്ക ഇത്രയൊ കടമായിരിക്കുന്നു. അതെന്ത്യെ ഈ

പാലയ്ക്കലച്ചന്റെ ചരിത്രമെഴുതാൻ നിർദ്ദേശം

വർത്തമാനം കെട്ടതിനാൽ ആദെഹത്തിനെ ഒർപ്പാനും മറ്റവരുടെ കണ്ട പഠിത്ത്വത്തിന്നും ഈ ദേഹത്തിന്റെ വർത്തമാനങ്ങളെ എഴുതി ഇടണമെന്നു. ആയതിന എന്നാൽ വെണ്ടുന്ന സഹായങ്ങളെ ചെയ്യാമെന്നു കല്പിച്ചപ്പോൾ പൈതപ്രായം മുതൽ ആത്മത്തിന്നടത്തതും ശരീരത്തിന്നടുത്തതുമായ രണ്ടു സങ്ങതികളിലും ആദെഹംതന്നെ അന്വെഷിച്ച നടത്തി പടിപ്പിച്ചു വളർത്തി, ആദെഹത്തിന്റെ മരണം വരയും മാംസത്തിനടുത്ത സമ്മന്തക്കാരിലും അരൂപിയ്ക്കടുത്ത മക്കളായ ശിഷ്യരിലും അതികമായിട്ടുള്ള താല്പര്യവും എന്റെമെൽവച്ച. ആദെഹത്തിന്റെ സമ്പത്തിന്നവകാശി എന്നതുപൊലെ താൻ താൽപര്യം വച്ച സ്നെഹിച്ചു എന്ന സമ്പത്തായ ഈ കൊംവെന്തയുടെ വെലയ്ക്കും എന്നെ ശുമതലപ്പെടുത്തിയും (P.83) വച്ച മരിയ്ക്കയും ചെയ്തു. ഈവണ്ണമുള്ള ഉപകാരങ്ങൾ ഒക്കയും കൈക്കൊള്ളപ്പട്ടവനായിരിക്കുന്നതിനാൽ ഈ വെല ചെയ്വാൻ കടമായിരിക്കുന്നു. എന്നാൽ ഈ എഴുതുവാൻ പൊകുന്ന സംങ്ങതികൾ ഒക്കയും കണ്ണുകൊണ്ടു കണ്ടതായിട്ടും വിശ്വാസമുള്ളവരിൽനിന്നും കെട്ടതായിട്ടും ഈ ദെഹത്തിന്റെ നാവാൽ തന്നെ പറഞ്ഞു കെട്ടതായിട്ടും ഉള്ളതത്ത്രയാകുന്നു. ഈ വണ്ണം ഞാൻ എഴുതുന്നു എംകിലും ഞാൻ അറിയാത്തതായ മറ്റും പല വിവരങ്ങളും

1. ചാവറ അച്ചന്റെ വൈദികവിദ്യാഭ്യാസത്തിന്റെ ചെലവു മുഴുവനും വഹിച്ചതു പാലയ്ക്കലച്ചനാണ്.

ഉണ്ടായിരിക്കും. എംകിലും ഞാൻ അറിഞ്ഞിട്ടുള്ളതും ആയതിൽ എന്റെ ഒർമ്മയിൽ വരുന്നതും ആയ സംഗതികൾമാത്രം ഇവിടെ കാണിക്കുന്നു:-

## വാല്യത്തിൻ വിവരം[1]

ഈ ദെഹത്തിന്റെ ജന്മസ്ഥലം തെക്കൻ പള്ളിപ്രം എന്ന ദിക്കിൽ പള്ളിയുടെ കിഴക്കൊട്ടുള്ള അങ്ങാടിയിൽ വടക്കെ പന്തിയിൽ പാലയ്ക്കൽ എന്ന തറവാട്ടുകാരനാകുന്നു. മുൻപും ഈദെഹത്തിന്റെ മുത്തപ്പൻ ഗീവറുഗീസ പട്ടക്കാരനും എളെ അപ്പൻ മാത്തു കത്തനാര എന്നും യിങ്ങനെയുള്ളവരിൽ മാത്തു കത്തനാരച്ചന്റെ ജെഷ്ടൻ.. ...........[2] അമ്മ കല്ലൂർക്കാട്ടുപള്ളി എടവകയിൽ പുത്തൻപുരയ്ക്കൽ എന്നുള്ള പള്ളിയുടെ തെക്കെ അങ്ങാടിയിലുള്ള വീട്ടിൽനിന്നും (P.84) ഈദെഹത്തിന്റെ കാരണവന്മാര ഒരു പ്രകാരം ദ്രവ്യവും മാനവും ഉള്ളവരത്രെ. ആ എടവകയിൽ എന്നാൽ ഇദ്ദെഹത്തിന്റെ ചെറുപ്പത്തിൽ മലയാം കണക്കിൽ 65 ആണ്ടിൽ വസൂരി കൊണ്ടുള്ള വല്യശിക്ഷയും പഞ്ഞവും ഈ ദിക്കുകളിൽ ഉണ്ടായി. ഇതിനാൽ കാരണവന്മാരിൽ പ്രാപ്തിയുള്ളവര മരിക്കയും മറ്റു ചില യൊഗ്യങ്ങളാലും ഈ ദ്രവ്യങ്ങൾക്ക അധികം നഷ്ടം വന്നതിനാൽ ഞരിക്കത്തൊടുകൂടിയും. ഈ വസന്തയിൽ അപ്പൻ മരിച്ചു പൊയതിനാലും ഈദെഹത്തിന്റെ ജെഷ്ഠൻ സാമർത്യമില്ലാത്ത ഒരുത്തനും ചെറുപ്പവും ഇങ്ങനെ രണ്ടു പെങ്ങൾമാരും ഈ 4 മക്കളെയും ഞരിക്കത്തൊടുകൂടെ അമ്മ വളർത്തി കൊണ്ടുവന്നു. എന്നാൽ അമ്മ അക്കാലങ്ങളിലുള്ള ഭക്തിമക്കാരിൽ അധിക ഭക്തിക്കാരത്തി ആയിരുന്നു. ആയതിനാലുള്ള ക്ഷമയിലും അവരുടെ അനുജത്തി ഒരാൾ ഉണ്ടായിരുന്നവരുടെ സഹായത്താലും ബുദ്ധിമുട്ടൊടുകൂടെ വളർത്തിക്കൊണ്ടു വന്നു.

പാലയ്ക്കലച്ചന്റെ കുടുംബം

പാലയ്ക്കൽ കുടുംബത്തിന്റെ പൂർവ്വസ്ഥിതി

എന്നാൽ അക്കാലങ്ങളിൽ മെൽപറഞ്ഞ കൊള്ളകാലവും വടക്കെ ദിക്കുകളിൽ ടിപ്പുസുൽത്താൻ എന്ന മഹമ്മദു മതക്കാരൻ രാജാവിന്റെ പടവന്നു പള്ളികളും പട്ടണങ്ങളും നശിപ്പിക്കയാലും കാണുന്നവരെ പിടിച്ച അവന്റെ വെദത്തിൽ ഉൾപ്പെടുത്തുവാൻ ബലം ചെയ്കയും ഈവണ്ണമുള്ള എളക്കത്താൽ ഏറിയ ജനങ്ങളും ആ ദിക്കുകളിൽനിന്നു പടിഒടി വരികയും ആയതിനൊടു

ടിപ്പുവിന്റെ ആക്രമണം

1. ബാല്യകാല ചരിത്രം.
2. അല്പം സ്ഥലം പേരെഴുതാൻ ഇട്ടിരിക്കുന്നു.

കൂടെ കുതൃതൊട്ടിൽ തച്ചിൽ മാത്തുതരകൻ എന്നയാളും അയാളുടെ അനുജൻ അവുറാഹം മല്പാൻ അച്ചനും ആദെഹത്തിന്റെകൂടെ പഠിച്ചിരുന്ന ശമ്മാശന്മാരും സിമനാരിയൊടുകൂടെ വന്ന പള്ളിപ്രത്ത പാർക്കയും പഠിപ്പിക്കയും ചെയ്തു. അപ്പോൾ ഈ ആളിന്റെ (P.85) ആഗ്രഹത്താലും അപെക്ഷയാലും പടിപ്പാൻ തുടങ്ങുകയും ആ കാലത്തിന്റെ മുറപ്രകാരം വീട്ടിൽ അമ്മ കൊടുക്കുന്ന യാവനയും അനുഭവിച്ചും കൊണ്ട പഠിനത്തിന്നശേഷം പെരൊടുകൂടി പൊയി പഠിക്കയും ഇങ്ങനെ.[1]

## P.95 മല്പാനായി പഠിപ്പിപ്പാൻ തുടങ്ങി എന്നതിന്മെൽ

1818–ാം കാലം പള്ളിപ്രത്ത എടവകക്കാരനായ മങ്ങലത്ത ചാണ്ടി എന്ന ഒരു വാലിഭക്കാരനെ പടിപ്പിക്കണമെന്നും അയാളുടെ വല്യപ്പൻ ആയിരിക്കുന്ന ടി പള്ളിയുടെ വിഗാരി അച്ചൻ പറകയാൽ ആദെഹം ചാർച്ചക്കാരനാകയാലും ഈയിടയിൽ തന്നെ കുറെ ഉപദ്രവിച്ച സംകടപ്പെടുത്തിയതിനാൽ ഉപദ്രവിച്ചവനുപകരം ചെയ്യണം ദ്വെഷിച്ചവനെ സ്നെഹിക്കണമെന്നുള്ള കല്പനയാലും ആ വെലചെയ്യാമെന്നും സമ്മതിച്ച ഈയാളിനെ സുറിയാനി പഠിപ്പാൻ തുടങ്ങി. അപ്പോൾ വടയാറ്റപള്ളിയിൽ പാറയമാക്കൽ മാത്തൻ മല്പാൻ എന്നദെഹം പഠിപ്പിച്ചുവരികയും ആദെഹത്തൊടുകൂടെ വൈക്കത്ത എട. പഴെകടവിൽ യൌസെപ്പ കടുത്തുരുത്തിൽ എടവകക്കാരൻ മുട്ടത്തിൽ കുര്യൻ ടി എട. എരണക്കൽ കുരുവിള മുട്ടുചിറ എട. പറമ്പിൽ പൌലൊസ ഇങ്ങനെ 4 വാലിഭക്കാര പടിച്ചിരിക്കയിൽ തലയൊലപറമ്പിൽ കുരിശുപള്ളി വെക്കുന്നതിന്ന മലപുറത്തിട്ടൻ കത്തനാരച്ചൻ എന്നദെഹം തുടങ്ങുകയും അപ്പോൾ വടയാറ്റു മല്പാനച്ചൻ ആദെഹത്തിന്റെ എടവകയ്ക്കു ചെരെണ്ടുന്നതെന്നും ആദെഹത്തിനു പള്ളി വൈപ്പിക്കണമെന്നും ഇങ്ങനെ വാദിച്ച സർക്കാരിൽ അന്യായപ്പെടുകയും ഈ വഴക്കു മുഖാന്തരത്താൽ ഇട്ടൻ കത്തനാരച്ചൻ പെ.ബ. പ്രൊസ്പര മൂപ്പൻ പാദ്രി അച്ചനെ ബൊധിപ്പിച്ച നമ്മുടെ രൂപതയിലുള്ളവര നമ്മുടെ രൂപതയിൽ പടിച്ചല്ലാതെ പട്ടം കൊടുക്കയില്ലന്നും ആയതുകൊണ്ടു ഈ 4 വാലിഭക്കാരും വടയാറ്റുനിന്നും മാറി പള്ളിപ്രത്ത പാലയ്ക്കൽ തൊമ്മാ കത്തനാരൊടുകൂടെ പൊയി പാർത്ത പഠിച്ചുകൊള്ളണമെന്നും

പള്ളിപ്പുറത്തു സെമിനാരി തുടങ്ങുന്നു. പാലക്കലച്ചന്റെ ശത്രുസ്നേഹം

1. ഇതു കഴിഞ്ഞു മൂലത്തിൽ കുറെ സ്ഥലം വിട്ടിരിക്കയാണ്.

പഠിപ്പിച്ചുകൊള്ളണമെന്നും ഒരു കല്പ (P.96) നയും വാങ്ങിച്ച മെലെഴുതിയ ഇട്ടൻ കത്തനാരച്ചൻ ഈ നാലപെരെയും കൂടെ കൊണ്ടുവന്നു ആക്കുകയും ചെയ്തു. ടി ആണ്ടിൽ തന്നെ എന്റെ 11 വയസ്സിൽ പഠിക്കണമെന്നുള്ള മനസും ഉണ്ടായിരുന്നതിനാലും കാരണവന്മാരായ അപ്പനും അമ്മയ്ക്കും മനസ്സില്ലാഞ്ഞു. എംകിലും അമ്മാച്ചനായ തൊപ്പിൽ ഗിവറു. കത്തനാരച്ചന്റെ അപ്പന്റെയും എന്റെ എളയപ്പന്റെയും മനസാൽ കാരണന്മാരും സമ്മതിച്ചു. അപ്പൊൾ ഈദെഹത്തിന്റെ എളയമ്മ എന്ന മുൻ ഓർപ്പിച്ചിരിക്കുന്നവരുടെ മകന്റെയും വചനത്താൽ എന്നെയും ചെർത്തു. ഞാനും കൂടി. ഇതിന്റെ ശെഷം വരാപ്പുഴെ സിമനാരിയിൽ അന്ന മല്പാനായി പടിച്ചിരുന്ന ഞാറയ്ക്കൽ എടവകക്കാരൻ മാളിയ്ക്കൽ ചെറിയ മാത്തു കത്തനാരച്ചൻ എന്നദെഹത്തൊടുകൂടെ പടിച്ചിരുന്ന കൊയിൽമൂക്കപെള്ളി എടവകക്കാരൻ ഉമാമ്മെ ചാണ്ടപ്പിള്ള ചെമ്മാച്ചനും കൂടി ഇതിന്റെ ശെഷം കൊറവിലങ്ങാടുപള്ളി എടവകക്കാരൻ 40 വയസ്സ പ്രായം ചെന്ന പിലിപ്പൊസ എന്ന ഒരാൾ തപസിയായി കടുത്തുരുത്തി പള്ളിയിൽ പാർത്ത പുണ്യഭാഷയായി നടന്നുവന്നു. ഇയ്യാൾക്കു പട്ടമെൽക്കണമെന്നുണ്ടായിരുന്നാൽ ഞാൻ ചിലവിന്നു കൊടുത്തുകൊള്ളാമന്നും ആ എടവകക്കാരൻ നിലപ്പന കുഞ്ഞുവറിയതു എന്ന മാപ്പിള പറഞ്ഞൊക്കെയും ഇപ്രകാരം ഇവര ഇരുവരും കൂടി പള്ളിപുറത്ത വന്ന ഈദെഹത്തിനൊടപെക്ഷിച്ചു. കിഴവനാകയാൽ ഈ പടിക്കുന്നൊർക്ക നൽഗുണദൊഷം പറവാനും കാട്ടുവാനും നന്നാകുന്നു എന്ന (P.97) നിരൂപിച്ച അപ്രകാരം അയാളയും കൂട്ടി ഇവണ്ണം മറ്റു എടവകകളിൽ നിന്നും സിമനാരികളിൽനിന്നും ഓരോരുത്തര വന്ന കൂടുകയും ചെയ്തു.

ചാവറ പള്ളിപ്പുറം സെമിനാരിയിലേക്ക്

പള്ളിപ്പുറം സെമിനാരി വളരുന്നു

ഇങ്ങനെയിരിക്കയിൽ വരാപ്പുഴ വിഗാരി അപ്പസ്തൊലിയ്ക്കായായിരുന്ന എ. പെ. ബ. റയിമൂന്ത സൂര്യാ എന്ന മെത്രാനച്ചൻ കാലം ചെയ്തതിനാൽ ബോംബാമുംകൾ മുക്കിൽ എന്ന ഈ ദിക്കുകൾക്കു വിഗാരി അപ്പസ്തൊലിയ്ക്കായും ക്ഷപസുഖത്തിലും പുണ്യത്തിലും കീർത്തിയിലും വെളങ്ങപ്പെട്ടവനായ എ. പെ. ബ. പത്രോസ ദെ അൽല്ക്കാന്തര[1] എന്ന മെത്രാനച്ചൻ ഇവുടുത്തെ അടിയെന്തിരം പൊക്കുവാനായിട്ടു വരാപ്പുഴ വന്നിരിയ്ക്കയാൽ ആദെഹത്തൊടപെക്ഷിച്ച മെലെഴു

1. Petrus de Alakanatra 1818 മുതൽ 1821 വരെ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയി ഭരിച്ചു.

തിയ നാല വാലിഭക്കാർക്കും പിലിപ്പൊസിന്നും അതുവരയും സുറിയാനിക്കാർക്ക പട്ടം കൊടുക്കുംമ്പോൾ ഒന്നുകിൽ ആസ്തപ്പാടും നാലാം പട്ടവും കൂടെ ഒരിമിച്ച ഒരു ദിവസത്തി അല്ലംകിൽ ഒരിക്കൽ ആസ്തപ്പാടു പിന്നെ നാല പട്ടവും. ഇങ്ങനെ കൊടുക്കുന്നതല്ലാതെ ചെറിയ പട്ടങ്ങൾ 1, 2, 3, 4, ഇങ്ങനെ വെർതിരിച്ച കൊടുക്കുമാറില്ല. എന്നുള്ള ക്രമത്തിന്ന തക്കവണ്ണം ആസ്ഥപ്പാടും നാല പട്ടവും ഒരുമിച്ച കൊടുപ്പിക്കയും ചെയ്തു. ഇങ്ങനെ ചെമ്മാച്ചൻമാരായതിന്റെ ശെഷം മറ്റുള്ള സിമിനാരികളിൽ ചെമ്മാച്ചൻമാർക്ക പുത്തൻ കുർബ്ബാന ചൊല്ലുവരയും തനിച്ച ളൊവ ഒണ്ടാക്കുക ശട്ടമില്ലാഞ്ഞു. എന്നാൽ പെരുന്നാൾ (P.98) അടിയന്തിരം ശാവു പുല മുതലായ സങ്ങതികൾക്ക റാസ തപസു കുർബ്ബാന ഇങ്ങനെ ഉള്ളതിന്നു ദൽമ്മംത്തിയ്ക്കാ, കാപ്പ മുതലായതു ഉടുക്കെണ്ടിവന്നാൽ ആ പള്ളിയിലുള്ള മറ്റു പട്ടക്കാരർക്ക കുർബ്ബാന ചൊല്ലുവാനുള്ള അടിയന്തിരത്തിനു മാത്രം ഉണ്ടാക്കിയിരിക്കുന്ന ളൊവകളെ വാങ്ങിച്ച ഉടുത്തും കൊണ്ട മെലെഴുതിയ ചിറ്റാഴ്മകൾ നടത്തിവരുവാറാകുന്നു. എന്നാലിദെഹം മുകാന്തിരമായിട്ട തന്നെ വരാപ്പുഴ സിമിനാരിയിൽ മല്പാൻ മെലെഴുതിയ ചെറിയാം മാത്തു കത്തനാരച്ചനെയും പറഞ്ഞ ബൊധിപ്പിച്ച ആദെഹത്തിനും പടിക്കുന്ന ചെമ്മാച്ചമാർക്കു വെളുത്ത നിറത്തിൽ ളൊവ ഉണ്ടാക്കിച്ച ഉടുത്തുവരുന്നു. എന്നതിനുള്ള മുകാന്തിരം ഈ ദെഹത്തിന്റെ നാവാലെ തന്നെ ഞാൻ പറഞ്ഞ കെട്ടതായതു. വരാപ്പുഴ സ്മിനാരിയിൽ ളത്തിൽകാരര കറുത്ത നിറത്തിലുള്ള ളൊവ ഉടുത്തു കൊണ്ടും സുറിയാനിക്കരര അവരുടെ പൂർവ്വൻമാരെ പൊലെ വെളുത്ത തുണികൊണ്ട അതികം വീതിയായിട്ടുള്ള കാക്കുപ്പായവും മുട്ടുകഴിഞ്ഞ ഏകദെശെം എട്ട വിരല നിളവും കൈകൾ കാക്കുപ്പായത്തിന്റെ വീതിപൊലെയും. അധികം വീതിയും മണിക്കെട്ടുവരെ നീളവും ഒള്ളതും കഴുത്താരം എട്ടു വിരൽ വീതിയിൽ പുറകൊട്ടു മടക്കിയിടുകയും ഇങ്ങനെയുള്ള ഒരു കമ്മീശു ഇട്ട വയറും വരെ നീളുന്ന ഒരു കൊന്തയും ഇട്ട തൊളിൽ നല്ലതിൽ ഒരു നാടൻ മുണ്ടും യിങ്ങനെ അത്രെ ശമ്മാശന്മാരും പട്ടക്കാരും ഒക്കെയും (P.99) എപ്പഴും എല്ലായിടത്തിലും നടക്കുന്നതും. അപ്രകാരം തന്നെ മെല്പട്ടക്കാരുടെ മുഖെനയും ഇത നടപ്പായിരിക്കയാൽ യാതൊരുത്തർക്കും അജ്ഞാനവും യില്ല. ഇങ്ങനെയിരിക്കയിൽ ഒരു മൂപ്പച്ചൻ എരൊപ്പ

അക്കാലങ്ങളിൽ പട്ടം നല്കുന്ന രീതി

ശമ്മാശൻമാർ ളോവ ധരിച്ചു തുടങ്ങിയതിന്റെ ആരംഭം

വസ്ത്രധാരണത്തിൽ സുറിയാനി വൈദികരുടെ പൂർവ്വരീതി

യിൽ നിന്നു പുത്തനായിട്ടു വന്നിറങ്ങിയപ്പോൾ ലത്തിൻകാരും സുറിയാനിക്കാരും കൂടെ വരാപ്പുഴ കടവിൽ ചെന്നു. ആദെഹം കരയ്ക്കിറങ്ങിയ ഉടൻ ലത്തിൽകരെ കണ്ട പട്ടക്കാരന്നറിഞ്ഞ അപ്രകാരം ആശാരം കാട്ടുകയും സുറിയാനിക്കാരെ കണ്ടാറെ അൽമെനികൾ എന്നും നിരൂപിച്ച യാതൊരു ബഹുമാനവും കാണിച്ചില്ല. ഇതുണ്ടായതിനാൽ ഈദെഹം മെലെഴുതിയ മല്പാനച്ചനോടു ഗുണദൊഷമായി പറഞ്ഞു. ഈ വണ്ണം നടക്കുന്നത പട്ടക്കാരർക്ക ഒട്ടും തന്നെ മുറയല്ലായ്കയാലൊ ഈദെഹം നമ്മെ അറിയാത്തതും ബഹുമാനിക്കാത്തതും ആയതുകൊണ്ടയിനി എംകിലും ളൊവയുടുത്ത നടക്കണം. ആയതിന്ന അച്ചൻ ഒരു മനസുവന്നാൽ ഞാൻ ഉത്സാഹിച്ചു നടത്തിക്കൊള്ളാമെന്നും പറഞ്ഞാറെ ഇവരെപ്പൊലെ കറുപ്പുടുത്തു നടപ്പാൻ കഴികയില്ലന്നും പറഞ്ഞതിനാൽ കറുപ്പുവെണ്ടാ വെള്ളയാകട്ടെ എന്നും പറഞ്ഞു ബൊധിപ്പിച്ച ഈദെഹവും പീച്ചി പൌലൊസ കത്തനാരച്ചൻ എന്നയാളും കൂടെ കൊച്ചിയിൽ ചെന്ന ഏതാനും വെള്ളകച്ച വാങ്ങിച്ച ശമ്മാച്ചമാർക്കും മല്പാനും അന്നു വരാപ്പുഴെ പാർത്തിരുന്ന പട്ടക്കാരർക്കും വെള്ളളൊവ കുത്തിപ്പിച്ച ഉടുക്കയും ചെയ്തു. ആയതിനാൽ മെത്രാനച്ചനെ കാണ്മാൻ വരാപ്പുഴെ ചെല്ലുമ്പോൾ ളൊവയിട്ടുകൊണ്ടെ മെത്രാനച്ചന്റെ മുൻപിൽ ചെന്നുകൂടു എന്നും ഒരു സ്വരം പുറപ്പെടുത്തി. ആയതിനാൽ അന്നു മുതൽ (P.100) ളൊവ കുത്തിക്കണം ശമ്മാശന്മാരും എന്നുള്ള ചട്ടം തുടങ്ങി. യിങ്ങനെ നടത്തിവരികയാൽ ഈ മെൽ പറഞ്ഞവരെ പട്ടമെല്പിപ്പാൻ ഭാവിച്ചപ്പോൾ ളൊവ. സൊബ്രപോലിസ[1] ഒക്കെയും ആസ്തമാക്കി അവർക്കുണ്ടാക്കിയതിൽ പിന്നെ അത്രെ അനുവദിച്ചത. അതെന്ത്യെ അതുവരെ പള്ളികളിൽ രണ്ടും മൂന്നും സൊബ്രപോലിസ എന്നു പെരു പറഞ്ഞുവരുന്നു. വട്ടത്തിൽ വെട്ടിൽ നടുവെൽ കഴുത്തെൽ ഇടുവാൻ തക്കവണ്ണം ഒരു കഴുത്തും വെട്ടിയിരിക്കും. ഇത പള്ളി വകയായിരിക്കയും പള്ളിയിൽ ശെഷം ഉടുപ്പുകൾ പൊലെ ഉണ്ടാക്കി സൂക്ഷിച്ചു വരികയല്ലാതെ പട്ടക്കാരർക്ക സൊബ്രപോലിസ വെണമെന്നും ആയത കൈയുള്ളതായിരിക്കണമെന്നും ഈദെഹം പറകയും ഈ ശെമ്മാശന്മാർക്കും പിന്നിട പട്ടം ഏൾക്കുന്നവർക്കും ഉണ്ടാക്കിച്ചതിനാൽ ഓരൊരുത്തര ഉണ്ടാക്കുവാൻ തുടങ്ങി. എംകിലും യിപ്പഴും എല്ലാവർക്കും നടന്നില്ല. യിങ്ങനെയി

വൈദികരുടെ വസ്ത്രധാരണത്തിൽ മാറ്റം വരുത്താൻ കാരണം

വൈദികരും ശമ്മാശന്മാരും ളോവ ധരിച്ചുതുടങ്ങുന്നു.

1. സൊബ്രപോലിസ – കൈയില്ലാത്ത സൂർപ്പലേശ്.

വരെ പട്ടമെൾപ്പിച്ച മുൻ ഒർപ്പിച്ച കൊയിമുക്കുകാരൻ ചാണ്ടപ്പിള്ള ശമ്മാച്ചനും പിന്നെയും മറ്റു ചിലരും വന്നുകൂടിയതിനാൽ സിമ്നാരി ക്രമമായിട്ട ഈ ദേഹം ഒപ്പ എഴുതിയുണ്ടിയിട്ടുണ്ടു. ആയതിന്നു 12 വകുപ്പുണ്ട്. ആയതു ഒരു പസ്കയിൽ പതിച്ച പഠിക്കുന്ന സ്ഥലത്തുവച്ചു. ഈ ദെ. പള്ളിയുടെ വടക്കുവശത്തെ വരാന്തയുടെ കിഴക്കെ അറ്റത്ത ഒരു മുറിയുണ്ട. അതിൽ അത്രെ പാർക്കുന്നത. ആ വരാന്തയുടെ പടിഞ്ഞാറെ അറ്റത്ത ഒരു ചെറിയ മുറിയും നടുവിൽ നീളമായ വരാന്തയും ഈ വരാന്ത അത്രെ പഠിക്കുന്ന സിമ്നാരി ആക്കിയത. അവിടെ യിരുവശത്തു വംകും[1] നടുവിൽ മെശയും യിട്ട യിരുവശവും ശെമ്മാശന്മാരയിരിക്കയും കിഴക്കെ അറ്റത്ത (P.101) ഒരു കദെരമെൽ ഈ ദെ. യിരിക്കയും ഞങ്ങൾ യിരുവശവും യിരിക്കയും യിങ്ങനെ ആവശ്യം ഉള്ള നെരം യിതായത കഞ്ഞി, ചൊറ, പ്രകൃതിക്കുള്ള ആവശ്യം. ഈ നേരം 5 മണിക്ക പുറത്തിറങ്ങി നടക്ക എന്നുള്ള നെരമല്ലാതെ എപ്പഴും അവിടെതന്നെയിരുന്നു പടിക്കയും ഉച്ചയ്ക്കു തീൻകഴിഞ്ഞാൽ കുറെനേരം ഈ. ദെ. ഉറങ്ങുവാൻ മുറിയിൽ പോകും. അപ്പൊൾ എല്ലാവരും സുറിയാനി മലയായ്മ എഴുതണം. വീണ്ടും 6 മണിക്ക പള്ളിയിൽ പൊയി ലുത്തിനിയ, ധ്യാനം, വായന, കൊന്തനമസ്കാരം ഇതിന്നും ഞങ്ങളൊടുകൂടെ വന്നകൂടി വീണ്ടും അവിടെ വന്നിരിക്കയും അത്താഴം കഴിഞ്ഞ വീണ്ടും വന്ന കുറെ നെരം ജ്ഞാനവായന കൂദാശ മുതലായ ജ്ഞാനവർത്തമാനം കഴിഞ്ഞ മണികൊട്ടി ഉറങ്ങുവാൻ പൊകുവാൻ അനുവദിക്കയും ചെയ്യും. ഇങ്ങനെ കിടക്കുന്ന നെരം വരയും, ളൊവ ഉടുത്തുകൊണ്ട അവിടെ തന്നെയിരിക്കയും മണിയില്ലായ്കയാൽ ചിലപ്പോൾ 11 മണിവരെ രാവായി പൊകയും ചെയ്യും. എന്നാൽ ഞങ്ങൾ ഉറങ്ങുവാൻ പോയാലും ഈ. ദെ. വീണ്ടും അവിടെയിരുന്ന വായിക്കയും ചെയ്യും. ഏറിയനെരം ഇങ്ങനെ നടന്നുവന്നതിന്റെ ശേഷം രണ്ടു ശമ്മാശമ്മാരും ഒരു വാലിഭക്കാരനും മരിച്ചതിനാൽ പലരും കുറ്റം പറഞ്ഞു. ഇതായത മറ്റുള്ള മല്പാന്മാര വടയാറ്റ കുമരകത്ത യിങ്ങനെയുള്ളവരുടെകൂടെ പടിക്കുന്ന ശമ്മാശന്മാര ളൊവ കൂടാതെ കമ്മീശൊടുകൂടയും പള്ളി അകത്തും വരാന്തയിലും മനസ്സുപോലെ നിലത്തും മറ്റും യിരുന്നും നടന്നും വായിക്കയും പടിക്കയും ചെയ്തുവരുന്നതുപോലെ അല്ലാതെ രാപകൽ

പള്ളിപ്പുറം സെമിനാരിയിലെ നിയമാവലി

സെമിനാരിയിലെ ക്രമീകരണം

സെമിനാരിയിലെ അനുദിന പരിപാടികൾ

1. ഇറ്റാലിയൻ മൂലം, ബഞ്ച് എന്നർത്ഥം.

സെമിനാരി ക്രമാനുഷ്ഠാനത്തിൽ വരുത്തിയ ഭേദഗതികൾ

ളൊവ ഉടുത്തും (P.102) കൊണ്ടു ക്രമമായി അവിടെ തന്നെയിരുന്നു. അവരൊടുകൂടെ മുട്ടിപ്പാലെ ഈ. ദെ. ഇരുന്നുംകൊണ്ടും ഇങ്ങനെയുള്ള ഞെരിക്കത്താലെ അത്രെ ശമ്മാശന്മാര ചാകുന്നത എന്നും പറഞ്ഞുതുടങ്ങി: ആയതിനാൽ കുറെ നാൾ കഴിഞ്ഞപ്പൊൾ താഴെ വരാന്തയുടെ കീൾ നടന്നും വായിപ്പാൻ അനുവദിച്ചു. ഇതായതു 8 മണി കഴിഞ്ഞ പാഠം കെൾപ്പിച്ചു കഴിയുന്നവര വീണ്ടും 12 മണിവരയും അപ്രകാരം 3 മണി കഴിഞ്ഞ 5 മണിവരയും അവിടെ നടന്നു വായിപ്പാനും പള്ളിയിലും പരസ്യപ്പെട്ട കൂട്ടത്തിലും ഞായറാഴ്ച പെരുന്നാൾ ദിവസങ്ങളിലും മാത്രം ളൊവ ഉടുത്താൽ മതി എന്നും അനുവദിക്കെണ്ടിവന്നു. ഇങ്ങനെ നടന്നു വന്നപ്പൊൾ മെൽപറഞ്ഞ പിലിപ്പോസ കിളവൻ ശമ്മാശായാറെ വയസ്സു കൊണ്ടും ബുദ്ധികുറവുകൊണ്ടും ഒന്നു പടിക്കയില്ല. നിരൂപിച്ചിരുന്നതിൻവണ്ണമുള്ള ഗുണവും കാണുന്നില്ല. യിനി പട്ടമെൾക്കാതെ ഈ നിലയിൽനിന്നു ദെയ്പശുശ്രൂഷി ചെയ്തകൊൾക നല്ല എന്നു പറഞ്ഞാറെ ആയതിന്നു നല്ല മനസ്സുമല്ലാ എന്നുകണ്ട ഞാൻ ഇതിന്നു കാരണക്കാരൻ ആയി എല്ലൊ എന്നും നിരൂപിച്ച വെണ്ടിയ ഉത്സാഹം ചെയ്യണം എന്നുറച്ച കാനൊനാ നമസ്കാരം പടിപ്പിച്ചു തുടങ്ങി റമ്ശായും, ലെലിയായും ശമ്മാശമ്മാരൊടുകൂടെ അത്രെ ഈദെ എത്തിയ്ക്കചട്ടം 5 മണിയ്ക്ക റമ്ശായും അക്കാലങ്ങളിൽ തലെദിവസമെ ലെലിയാ

കാനോന നമസ്കാരം ജപിക്കുന്ന പൂർവ്വരീതി

എത്തിയ്ക്ക എന്നുള്ള ചട്ടം ആരും ചെയ്തുവരുന്നില്ല. പിന്നയൊ എത്ര നീളമുള്ളതായാലും യൽദാ[1] നിക്കി ശെഷമൊക്കയും പുലർകാലെ മാത്രമെ തുടങ്ങി. എന്നാൽ ഭക്തി[2] ലെലിയായും സപ്രായും എത്തിച്ചുമാത്രമെ ചൊല്ലൂ ഒരു പ്രകാരം മര്യാദയായി (P.103) നടന്നുവരുന്നു മിക്കവരും സപ്രായിക്കൽവച്ചചൊല്ലും പിന്നെ സമയംപൊലെയും ചിലപ്പോൾ റമ്ശായിക്കു മുൻപും എന്നാൽ ഏതുപ്രകാരക്കാരും തലെദിവസം എത്തിക്കയില്ല. ഇതിനാൽ കാലത്തുതുടങ്ങി ഹുലാലയും മൌത്വായും[3] സപ്രായും എത്തി കുർബ്ബാന ചൊല്ലും അപ്പൊൾ ഈ പീലിപ്പൊ പടിപ്പിപ്പാനായിട്ട അയാളും കൂടി തുടങ്ങി. എന്നാൽ ഈയാൾ പടിക്കയും ശെഷംപെര പടിച്ചും എംകിലും ഈയാളെ പടിപ്പിപ്പാൻ ആയിട്ടു എത്തിച്ചുവരുംപൊൽ 8,9, മണി പെലരുകയും ചെയ്യും. ഇതിനാൽ

1. സുറിയാനി പദം; പിറവി എന്നർത്ഥം.
2. ഭക്തിക്കാര്
3. സുറിയാനി കാനോന നമസ്കാരത്തിന്റെ ഭാഗങ്ങൾ

ശെഷംപെരെ വെറെ നമസ്കരിപ്പാൻ, അനുവാദം കൊടുത്ത ഈദെ, പീലിപ്പൊസും ആയിട്ട് തുടങ്ങി ആയാണ്ടിൽ 50 നോയമ്പിൽ പുലർ കാലെ തുടങ്ങി 7 ഹൂലാലയും[1] ഞായറാഴ്ച 10 യിങ്ങനെ എത്തിച്ച കഴിഞ്ഞ കുർബ്ബാന ചൊല്ലുകയും ചെയ്യും. ഇങ്ങനെ ആ ആണ്ടുമുഴുവൻ എന്നാൽ ഈദെഹം കുർബ്ബാന ചൊല്ലിയപ്പൊൾ തുടങ്ങി (എന്നു തോന്നുന്നു) ഞങ്ങൾ പടിപ്പാൻ ചെല്ലുംപഴും അങ്ങനെ തന്നെ അതായത ദിവസവും ഒരു നെരമായിട്ട ഉച്ചയ്ക്കുമാത്രം ചൊറുണ്ണും. വൈകിട്ട കുറെ കഞ്ഞി കാലത്ത ഒന്നുമില്ല. ഇങ്ങനെ ഏറിയ നാൾ ഇത്രകാലം എന്നു തിട്ടമില്ല. പിന്നെ ഒരു ജ്വരം കഠിനമായിട്ടു വന്നു.

പാലക്കലച്ചന്റെ ജീവിതരീതി

അപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടൂപ്പ വൈദ്യൻ ശക്തിയായി പറഞ്ഞതിനാൽ അന്നുമുതൽ കാലത്ത കഞ്ഞി കുടിച്ചുതുടങ്ങി. എന്നാൽ വരാപ്പുഴെ സെക്രത്താരിയായിട്ടു പാർത്തിരുന്നു. അവിടെയും ഇങ്ങനെതന്നെ ആയിരുന്നു. അവിടെ വച്ചു തുടങ്ങിയൊ ആയതിനുമുൻപും ഇങ്ങനതന്നെയൊ നിശ്ചയമില്ല. എന്നാൽ ഞങ്ങൾ പഠിപ്പാൻ ചെന്നപ്പഴും ഈ ചട്ടമായിരുന്നു. (P.104) എന്നുതന്നെയും അല്ല വീട്ടിൽനിന്നത്രെ ചൊറു കൊണ്ടുവരുന്നത എന്നാൽ മെൽ എഴുതിയവണ്ണം വീട്ടിൽ ഞെരക്കം തന്നെ. ഈദെ. കുർബ്ബാന ചെല്ലുന്നതിന്ന കുറെ ദിവസംമുൻ അമ്മയും മരിച്ചു. ഒരു ജെഷ്ഠനും രണ്ടു പെങ്ങന്മാരും ഉള്ളതിൽ മൂത്ത പെങ്ങളുടെ കെട്ടിയവൻ സ്വഭാവക്കെട്ടുകാരനായി രക്ഷിക്കായ്കയാൽ ഈ പെങ്ങൾ വീട്ടിൽ വന്നു പാർത്തിരുന്നു. അവരെത്രെ ചൊറും കറിയും ചമച്ചു കൊടുക്കുന്നതു എന്നാൽ ജെഷ്ഠൻ എന്നയാളും അധിക പ്രാപ്തി

പാലക്കലച്ചന്റെ വീട്ടുകാരുടെ ഞെരുക്കസ്ഥിതി

യില്ലാത്തയാൾ ആയിരുന്നു. ഇതിനാൽ ഈ ആൾകൾ ഒക്കെക്കും മുഴുവൻ അല്ലംകിലും ഈദേഹം കുർബ്ബാനചൊല്ലിയ നാൾ മുതൽ ഈ ദെഹത്തിനെ കൊണ്ടത്രെ അവരുടെയും കഴിച്ചിൽ എന്നു പറയാം. ആയതിനാലുള്ള ഞരിക്കംകൊണ്ടൊ വെണ്ടാ എന്നു വച്ചിട്ടൊ അറിഞ്ഞില്ല. അതായത ഈ ദെ ഒരുനെരമായ ഉച്ചയ്ക്കുള്ള ചൊറും ഒരുകറിയും മാത്രമെയുള്ളു. ആയതും ഒരു സാധനം തന്നെ അതായതു ഞങ്ങൾ പടിപ്പാൻ ചെന്നപ്പോൾ ചൊറും പയറു പുഴുങ്ങി നല്ലമുളകു പൊടിച്ചിട്ടുലർത്തിയതായ ഒരു കറിയും മൊരും. ചിലപ്പോൾ നിജമില്ല. ഈ ചൊറും ഈ കറിയുംതന്നെ യിങ്ങനെ ഏറിയനാൾ കണ്ടു. പിന്നെ ഒന്നു പകർന്നു. ഇതായത് ഈ ചൊറും അതൊടുകൂടി ചെറിയ ചെമ്മീൻ മെൽപ്രകാരം

1. ഏതാണ്ട് 8-9 സങ്കീർത്തനങ്ങൾ കൂടുന്നതാണ് ഒരു ഹൂലാല.

ഉലർത്തി ആയതും ഇങ്ങനെയും ഏറിയനാൾ ഇതായ്ത മെലെഴുതിയ വൈദ്യന്റെ പ്രമാണം വരയും, ആയതു കഴിഞ്ഞാറയും ഈ പെങ്ങളുടെ പെരുമാറ്റവും അവരു കൊടുത്തയക്കുന്നതും മാത്രം അനുഭവിച്ചു പൊന്നു. ഈ വണ്ണം അധികമായി (P.105) ബുദ്ധിമുട്ടിയാറെയും പീലിപ്പൊസിന്ന ഒരു നടപ്പുംയില്ല: അതെന്ത്യെ ബുദ്ധിയുമില്ല, വയസ്സുമായി ശെഷം പെരെ പട്ടമെൾക്കുന്നതിനാൽ സംകടവും മുൻപിലത്തെ തപസും പുണ്യവും കുറഞ്ഞു തുടങ്ങി ശെഷം ശെമ്മാശന്മാർക്കും വെറുപ്പും ആയി. അതെന്ത്യെ എപ്പഴും എല്ലാവരയും അനിഷ്ടയ്ക്ക. ഇതായത ഒരു നെമസ്കാരപുസ്തകം ഉണ്ട. ആയത എപ്പഴും കയ്യിൽ പിടിച്ചുകൊണ്ടു നടന്നു വായിക്കും (മറിയ, മറിയ, മറിയ ആലാഹാ, മറിയ ആലഹാ) ഇങ്ങനെ ചൊല്ലിയതു തന്നെ ചൊല്ലിയും കാണുന്നവരെ

പീലിപ്പോസിനെ സെമിനാരിയിൽ നിന്നു വിടുന്നു

ക്കൊണ്ട അതിൽ പുള്ളിയിടുവിക്കയും ഇതിനാൽ ബുദ്ധിമുട്ടിയാൽ ഫലമില്ലന്നും കണ്ട ഇതിനാൽ അഞ്ചുപട്ടം ഏൾക്കണ്ടാ എന്നും കടംകൂടാതെ നമസ്കരിപ്പാൻ പാടുണ്ടാകയില്ല എന്നും ഈദെ പറഞ്ഞു. അപ്പൊൾ പീലി അധികമായി അരിശപ്പെട്ടു ദൂഷണം പറയുവാൻ തുടങ്ങി. (എന്നെ ചതിച്ചില്ലയൊ ഞാൻ മാപ്പിളയായിട്ടു നടന്നതല്ലയൊ എന്നെ ഈ കൊലംകെട്ടിച്ചിട്ട ഇപ്പൊൾ എനിക്കു പട്ടം തരുവിക്കയില്ലയൊ. ഈ കൊച്ചു ശമ്മാശമ്മാരെ, ഒക്കെ പട്ടം ഏൾപ്പിക്കുന്നു എല്ലൊ) ഇങ്ങനെ പലതും ഈ വണ്ണം തുടങ്ങിയപ്പൊൾ മെൽപറഞ്ഞ നിലപ്പന്ന കുഞ്ഞുവറീത എന്ന ചിലവ് നടത്തിവന്നയാളും മടുത്തു. ഇത മുഴുവനാകുവാൻ പണി. ആയതിനാൽ ഇനി എന്നാൽ ചിലവു നടത്തുവാൻ പാടില്ല. എന്നുംപറഞ്ഞു ഒഴിഞ്ഞു. ഇതിനാൽ പള്ളിപ്രത്തനിന്നും വാങ്ങി പരദെശിയായി നടപ്പാൻ തുടങ്ങി.

ഇങ്ങനെ ശെമ്മാശന്മാരുംകൂടി പടിപ്പിച്ചുവരുംപൊൾ ഈ ദെ. മല്പാൻ കുത്യതൊട്ടി അവുറാഹം മല്പാനച്ചൻ വയസ്സായി കല്പറമ്പിൽ പാർത്ത പടിപ്പിച്ചു വരികയും എടക്കുളത്തച്ചൻ എന്നയിപ്പഴത്തെ മല്പാനച്ചൻ കൂടെ പാർത്ത ആദെഹം (P.106) ശെമ്മാശമാർക്ക രണ്ടാം പെരായി ചൊല്ലിക്കൊടുത്തു പടിപ്പിച്ചുവരുന്നു. എന്നാൽ കന്നിമാസം

പാലക്കലച്ചന് സ്വ. മല്പാനച്ചനോടുള്ള ബഹുമാനം

1 ഞായറാഴ്ച, സിമ്മനാരി പെരുന്നാളായി കല്പറമ്പിൽ ഘൊഷിച്ചുവന്നിരുന്നു. ആയതു കൊണ്ട മുൻ ആദെഹത്തിൽനിന്ന ഏറിയ ഉപകാരം കൈക്കൊണ്ടിരിക്കയാലും ആദെഹത്തിനെ ചെന്നു കണ്ട ഒരു വാഴു വാങ്ങിക്കണമെന്നും നിരൂപിച്ച തുടക്കക്കാരായ

പള്ളിപ്രത്ത എടവകക്കാരൻ വാരാപ്പുഴെ മല്പാനായിരുന്നു മരിച്ച മ ങ്ങലത്ത ചാണ്ടികത്തനാരച്ചനെയും വൈക്കത്തെ പഴെകടവിൽ യൌസ്സെപ്പ കത്തനാരച്ചനെയും എന്നെയും കൂടെകൊണ്ടുപോകണമെന്നും നിശ്ചയിച്ചു. ഇതിനാൽ അവര രണ്ടുപേരും അവരുടെ വീടുകളിൽ നിന്നു ഓരോ കുത്തു കച്ചയും ഇനിയ്ക്കുവെണ്ടി ഈദെതന്നെ ഒരു വല്യതായത കൊളച്ചിയിൽ കാച്ചുപുതപ്പും വാങ്ങിച്ചു. ഞങ്ങളെ മൂവരയും കൂട്ടി കൊച്ചിയിൽ അടുത്ത ഈദെ കൈയ്യാൽ ചില വിലപിടിച്ച പലാരങ്ങൾ തീൻതരങ്ങളും ചട്ടംകെട്ടികൊണ്ട കൽപറമ്പിൽ ചെന്നു. ക്ഷെവനായിരിക്കുന്ന മല്പാനച്ചനെകണ്ടു. എന്നാൽ ഞങ്ങൾ ഈദെ ഭയപ്പെടുന്നതിനെക്കായിൽ അധിക ബഹുമാനത്തൊടും ആശ്രണയൊടും കൂടെ ഈ ദെഹം വഴക്കം ചെയ്തു. ആശാരമായി ദുരെ മാറി നിന്നപ്പൊൾ ഞങ്ങൾ മൂവരും ഈ കാഴ്ചകളും കൊണ്ടുചെന്ന ആദെഹത്തിന്റെ മുറിയിൽ വച്ച കദെരയുടെ മുൻപിൽ മുട്ടുകുത്തി കൈമുത്തുകയും ചെയ്തു. ആദെഹം ഞങ്ങളുടെ തലയിൽ കൈവച്ച സന്തൊഷിക്കയും ചെയ്തു. ഇത കഴിഞ്ഞപ്പൊൾ പെരുന്നാളിന്നായി ശിഷ്യരായവര പലരും കൂടിയിട്ടുണ്ട്. (P.107) അപ്പൊൾ ഈ ദെഹത്തിനെ നൊക്കിക്കൊണ്ട ക്ഷവൻ ഈ വണ്ണ പറഞ്ഞു. എടൊ തൊമ്മാ കത്തനാരെ താൻ പീലിപ്പീസിനെ പട്ടമെൾപ്പിച്ച എല്ലെ. ആ-കൊള്ളാം- പക്ഷെ ആൾ കുറിയതാക കൊണ്ടു ആയുസ്സിന്നു കുറെ നീളമുണ്ടായിരിക്കും. എന്ന പുതുമപൊലെ പറഞ്ഞു. ഇതു കഴിഞ്ഞ പെരുന്നാളിന്നു ഇദെ പഠാർത്ഥയും പറഞ്ഞപൊരികയും ചെയ്തു. വീണ്ടും മറ്റൊരു സമയം പെ. പെ. ബ. മിലെസ്യൊ. പ്രാദെർഗാസ്ത[1] എന്ന മെത്രാനച്ചൻ വരാപ്പുഴെ വിഗാരി അപ്പസ്തോലിക്ക ആയിരിക്കുമ്പോൾ പട്ടത്തിന്റെ അവധിക്ക ഞങ്ങളിൽ ചിലരെ പട്ടം ഏല്പിപ്പാനായിട്ടെ: മറ്റൊ ഈദെ: വരാപ്പുഴെ വന്നിരിക്കയിൽ ഈ അവുറാഹം മല്പാൻ തന്റെ

അബ്രാഹം മല്പാന്റെ വരാപ്പുഴ സന്ദർശനം

അനന്ദ്രവൻ അവുറാഹം മല്പാൻ ശമ്മാശനായിരിക്കയിൽ ഗൊവർണദൊരിന്റെ പസ്തെന്തിപ്രകാരം പട്ടം കൊടുപ്പാൻ ആയിരിക്കും. വരാപ്പുഴെ വന്നു. അപ്പൊൾ മെൽ എഴുതിയ ഞാറയ്ക്ക ചെറിയാൻ മാത്തുമല്പാൻ സിമിനാരിയിൽ പടിപ്പിച്ചിരിക്കുന്നു. ആദെഹത്തിന്നും ഈ അവുറാഹം മല്പാൻതന്നെ ചിലവും കൊടുത്ത പടിപ്പിക്കയും മറ്റും ചെയ്തിരുന്നു. ക്ഷെവൻ കടവിൽ വന്നു എന്നു കെട്ടപ്പൊൾ ആ മല്പാനും ഈ മല്

1. Milesius Prendergash - ഇംഗ്ലീഷ്കാരനായ ഈ മെത്രാനച്ചൻ 1821-ൽ വരാപ്പുഴ വികാരി അപ്പസ്തൊലിക്കാ ആയി നിയമിതനായി.

പാനും ശിഷ്യരുടെ അന്തസ്തിൽ ആയി മഹാ ആചാരത്തൊടെ ശമ്മാശന്മാരും ഞങ്ങളും എല്ലാവരുംകൂടെ കടവിൽചെന്ന ആചാരത്തൊടിറക്കി മെത്രാനച്ചന്റെ മുറിയിൽ കൊണ്ടുപൊയി. എന്നാൽ ഈ ദെഹത്തിനു മലയാളത്തിന്റെ മല്പാൻ എന്ന സ്ഥാനമൊ മൊതിരമൊ പൊർത്തുഗാളിലെ ചമ്പളവും ഉണ്ട. ളൊവയുടെ മീതെ ഒരു കാപ്പയും ഉണ്ടായിരുന്നു. പെ. ബ. മെത്രാനച്ചനും (P.108) ബഹുമാനിച്ചിരുത്തി ഇത കഴിഞ്ഞ താഴെ വന്നാറെ ഈ മല്പാര രണ്ടും ആ ദെഹത്തിനെ അയ്ക്കും വരെയിരുന്നു എന്ന തൊന്നുന്നില്ല - ഇവണ്ണമിരിക്കയിൽ മെലെഴുതിയ പീലിപ്പൊസിന്ന ചിലവിന്നു കൊടുക്കുന്നയാളുടെയും ശരണംകെട്ട വെണ്ടപ്രകാരം കൊടുത്തയ്ക്കയാലും ഈ ദെഹം സാക്ഷിച്ച കുർബാനപട്ടം കിട്ടുമെന്നുള്ള ശരണം കാണായ്കയാലും പരദെശി ആയിട്ട പുറപ്പെട്ട മയ്യ തലച്ചെരിക്കൊഴിക്കൊട മദ്രാസു ബൊംബെ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ധർമ്മത്തിന്നായിട്ട പുറപ്പെട്ട പൊകയും ചെയ്തു. മറ്റുള്ള ചെമ്മാച്ചന്മാർക്ക ചൊല്ലികൊടുത്ത വരുമ്പൊൾ മീലെസ്യാ പ്രംദെർശാസ്ത എന്ന ഇക്ലെശ് മെത്രാനച്ചൻ വരാപ്പുഴക്ക വിഗാരി അപ്പസ്തൊലിയ്ക്കായായിട്ട റൊമ്മയിൽ നിന്നുതന്നെ വാഴ്ചയും കൈക്കൊണ്ട വരാപ്പുഴ വന്നു. അന്നു നടന്നുവരുന്ന മര്യാദപ്രകാരം ഇതായത ഒരു വിഗാരി അപ്പസ്തൊലിയ്ക്കായുടെ കാലം

മെത്രാന്മാർ സ്ഥാനം ഏൽക്കുന്ന രീതി

കഴിഞ്ഞ മറ്റൊരാൾ വാഴ്ച ഏറ്റാൽ പള്ളികൾ ഭരിപ്പാൻ തുടങ്ങുന്നതിനുമുമ്പുതന്നെ പള്ളികൾ ഒക്കെയ്ക്കും കല്പന അയച്ച വിഗാരിമാരെയും വെണ്ടത്തക്ക ജനങ്ങളെയും കൂട്ടി നിശ്ചയിക്കപ്പെട്ട ദിവസത്തിൽ വരാപ്പുഴ പള്ളിയിൽ കൂടപ്പെട്ട ളത്തിനും മലഴ്മയിലും പരസ്യപ്പെടുത്തുകയും ആയതിന്റെ പെർപ്പു പള്ളികൾ ഒക്കെക്കും കൊടുത്തയയ്ക്കയും അന്നെദിവസം കൂടപ്പെട്ട ജനങ്ങൾ (P.109) ഒക്കെയ്ക്കും അവരവരുടെ ബഹുമാനത്തിനു തക്കവണ്ണം പട്ടക്കാർക്കും ജനങ്ങൾക്കും തീൻ കൊടുക്കുകയും ചെയ്യുമാറായിരുന്നു. അപ്രകാരമേലെഴുതിയ മെത്രാനച്ച വന്നുടൻ ഈ ക്രമവും കഴിച്ച ആയതിന്ന ഈ ദെഹം വന്നിരുന്നതിനാൽ മുൻ റൈമൂന്ത മെത്രാനച്ചന്റെ കാലം മുതൽ ഈ പടിത്ത്വം തുടങ്ങിയ വരെയും ഇദെഹം സെക്രത്താരിയായിട്ടു നിന്നിരുന്നതിനാൽ പള്ളിക്കാര്യങ്ങൾ അല്ലാതെ വരാപ്പുഴ വീട്ടിന്റെ കൊള്ളകൊടവസ്തു ഉല്പത്തി ഇങ്ങനെയുള്ളതിന്റെ വിവരങ്ങൾ വെണ്ടുംവണ്ണം അറിഞ്ഞിരിക്കയാൽ ഈ വെലയിൽ നിന്നു മാറിയാറെയും പ്രോസ്പം നിക്ലാവൊസ

ഇങ്ങനെയുള്ള മൂപ്പച്ചന്മാരെ വിഗാരിജെനരാളമ്മാരായി നടത്തീരുന്ന പ്പൊഴും പ്രധാന സംഗതികൾ ഉണ്ടാകുമ്പൊൾ ഇദ്ദെഹത്തിനെ വരുത്തി ഗുണദൊഷങ്ങൾ ചൊദിക്കയും വിശാരിക്കയും ആയതിനാൽ വരാപ്പുഴെ ചെന്നാൽ പൊകുംവരയും ഈ ദെഹത്തിന്നും വാലിഭക്കാരനും ചിലവിന്ന കൊടുത്തുവന്നിരുന്നു. ആ മുറപ്രകാരം അക്കാലത്തിൽ വരാപ്പുഴ പെർക്ക പൊരിഞ്ചരിയൊട തട്ടിപ്പേർകൊണ്ടിരുന്ന മണപ്പുറം മുതലായ പുരയിടങ്ങൾ വഴക്കനിമിത്തത്താൽ കൊട്ടെത്ത സ്മിനാരിയിൽ കുര്യൻമെത്രാൻ എഴുതിക്കൊടുക്കെയും വെൻ സായിപ്പ പ്ലെക്കൂ ഇങ്ങനെയുള്ള ഇക്ലെൽ പാദ്രിമാര ഇതിന്ന സഹായിച്ച പണം കൊടുക്കയും ഇതിനാൽ സർക്കാരും അവർക്കു സഹായമായി (P.110) വസ്തു നടത്തി കൊടുക്കയും ആയതിനാൽ പണവും വസ്തുവും മാനവും വരാപ്പുഴയ്ക്ക ശെദപ്പെട്ടിരിയ്ക്കയാൽ ആയതിന്നു ഒരു വഴി വിശാരിപ്പാൻ ഈദെഹത്തിനെയും വരാപ്പുഴ താമസിപ്പിച്ചും മെലെഴുതിയ മെലെസ്യാ മെത്രാനച്ചൻ ഇക്ലെക്കാരനും പ്രന്തരഗാസ്ത്ത എന്ന മുഖ്യമുള്ള തറവാട്ടുകാരനും മെലെഴുതിയ പെൻ പാദ്രി ഈ വണ്ണം വല്യവനു അയാളുടെ മതാമ്മ ഈദ്ദേഹത്തിന്റെ ശാർച്ചക്കാരത്തി എന്നു പുറമെ ഒരു കെൾവിയും ഉണ്ടായിരുന്നു. ഏതെംകിലും ദ്രെവ്യം രണ്ടാമത കൊടുത്താലും ഈ വസ്തു കിട്ടില്ലംകിൽ പല ദൊഷങ്ങൾ ഉള്ളതിനാലും പുത്തൻ മെത്ത്രാൻ കൊടുത്തിരിക്കുന്ന പണം വരാപ്പുഴ നിന്നു കൊടുത്തുകൊള്ളും എന്നാലും വെണ്ടുവരില്ല. ആയതിന്നു സമ്മതമാകണമെംകിൽ മെത്രാൻ തന്നെ കൊട്ടെത്ത ചെന്ന വെൻപാദ്രിയൊട പറയണം എന്ന ഉറച്ച ഒരു പായത്തിൽ ഇതായത കൊടമാളൂര പള്ളിയിൽ വിസീത്തയ്ക്കു പൊകുന്നു എന്നൊരു കെൾവി നടത്തി ആയതിന്നു ഈദെഹവും കൂടി കൊടമാളൂർ ചെന്നു കാലത്തെ കുർബ്ബാനയും കഴിച്ച അവുടെ ചെന്നാൽ താമസിക്കാതെയും തിന്നാതെയും പൊരുവാൻ തക്കവണ്ണം കൊടമാളൂർ നിന്ന പുറപ്പെട്ടു കൊട്ടെത്ത ചെന്ന പാദ്രിയെ കണ്ട രണ്ട നാലവശനങ്ങളാൽ പറഞ്ഞ സംമതിച്ച പണവു കൊടുത്തയച്ചാൽ മെത്ത്രാനെ കൊണ്ടെ തീറുവും എഴുതിച്ച കൊടുത്തയച്ചുകൊള്ളാമെന്നും (P.111) പറഞ്ഞു സമ്മതിച്ച പൊരികയും ചെയ്തു. അതു മുതലായി ഈ മെത്രാനച്ചൻ പള്ളികളിൽ ഒക്കയും വിശിത്തയായിട്ടുപോയി

മണപ്പുറം തെങ്ങിൻതോപ്പു വരാപ്പുഴക്കു നഷ്ടപ്പെടുന്നു

പാലക്കലച്ചന്റെ പരിശ്രമത്താൽ മണപ്പുറം വരാപ്പുഴക്കു തിരികെ കിട്ടുന്നു.

അതിന്നു മുൻപിൽ ഈ മിസ്യൊണാരിമാരെ പള്ളികളിൽ അയക്കുന്ന തല്ലാതെ മെത്രാന്മാരു പൊകയും ചട്ടമില്ലാഞ്ഞു. പക്ഷെ ഈ മലയാള രാജാക്കളുടെ യിടത്തുള്ള ബഹുമാനത്തിന്നു വെണ്ടിയായിരുന്നു എന്നു തൊന്നുന്നു. അതായത മുനിമാര അവരുടെയിടത്തിൽ നിന്നിറങ്ങി സംചരിക്കയില്ല. എന്നുള്ള ആജ്ഞക്കായിരിക്കും എന്നാൽ ഇപ്പൊൾ ചെയ്യുന്നവണ്ണമുള്ള ക്രമത്തൊടും ഫലത്തൊടുംകൂടെ ചെയ്തില്ല എംകിലും പള്ളികളിൽ നടന്ന സിമത്തെരി വെണമെന്നും ആയതിൽ ചവം അടക്കണമെന്നും കുമ്പസാരക്കൂട ഉണ്ടാക്കണമെന്നും കൊംപ്രിയ ഉണ്ടാക്കണമെന്നും ഇങ്ങനെയുള്ള ചട്ടം ഈദെഹം കല്പിച്ചു അതിന്നു മുൻ പള്ളികളിൽ പ്രത്യെകം സുറിയാനി പള്ളികളിൽ ദർശനവക കൊംപ്രിരിയ എന്നുള്ള ക്രമം ഉണ്ടായിട്ടില്ല. അപ്രകാരം മറ്റ രണ്ടു കൂട്ടം ളത്തിൻ പള്ളികളിലും യില്ലാഞ്ഞു. ഇങ്ങനെ പടിപ്പിച്ചു വരുംപൊൾ സുറിയാനി പെച്ചിൽ ശാസ്ത്രപുസ്തകങ്ങളും തെഒലൊജിയ മൊരാൾ ഇങ്ങനെയുള്ള പുസ്തകങ്ങൾ യില്ലായ്കയാൽ പട്ടക്കാരുടെ അറിവിന്റെയും പഠിനത്തിന്റെയും ചുരുക്കത്താലുള്ള മൊശങ്ങൾ കാണുകയാൽ ഈദെഹത്തിന്റെ അന്വെഷത്താൽ പാണ്ടി രാജ്യങ്ങളിൽ പൊലിസ്തക്കാരു[1] ചില പുസ്തകങ്ങൾ തമുൾ പെച്ചിൽ ഉണ്ടാക്കിയിട്ടുണ്ടന്നുള്ള കെൾവിയാൽ ആയത അന്വഷിച്ച ചില പുസ്തകങ്ങൾ വരുത്തി അപ്രകാരം തന്നെ യിവടങ്ങളിലും ചില മിസ്യൊനൊറിമാരാൽ ചില മലയാള പുസ്തകങ്ങൾ ഉണ്ടാക്കിയിരുന്നതും അന്വെഷിച്ചു വരുത്തി. ഞങ്ങൾക്ക വായിപ്പാനും ഈദെ:ത്തിന്നു അതെന്ത്യെ അക്കാലങ്ങളിൽ (P.112) പട്ടക്കാരർക്കും മല്പാന്മാരായാൽ ശുദ്ധമാക പുസ്തകം വായിക്കയും പടിപ്പിക്കയും ചൊല്ലിക്കൊടുക്കുകയും ചെയ്യും. ആയതും പുത്തൻ അനുന്ത്രപ്പാട എന്നതല്ലാതെ ഒരു ജ്ഞാനപുസ്തകവായനയില്ലാഞ്ഞു ചട്ടമായിട്ടു കുർബ്ബാന കാനോനായിൽ കഴിച്ച ശംശാരികളെപ്പൊൾ ലൊകവാഴ്ചയുടെ അന്വെഷണം തന്നെ ആയിരുന്നു. ഈദെ: ഇതിനായി തമുൾ പടിച്ച ആ പുസ്തകങ്ങൾ വായിച്ചു വന്നു. ഇതിനാലും എപ്പഴും വായനയിൽ നിന്നു വേർപെടാതെ ഒരു പുസ്തകം കൈയിൽ ഉണ്ടായിരിക്കും. അതുകൊണ്ട മെലെഴുതിയ

വരാപ്പുഴ മെത്രാന്മാർ നേരിട്ടു പള്ളിവിസീത്ത തുടങ്ങുന്നു.

പള്ളികളിൽ സിമത്തേരി, കുമ്പസാരക്കൂട്, ദർശനം ഇവ സ്ഥാപിക്കുന്നു

സെമിനാരിക്കു പുസ്തകങ്ങൾ വരുത്തുന്നു.

1. St. Paul എന്ന ഈശോസഭ വക സ്ഥാപനത്തിൽ താമസിച്ചിരുന്നവർ.

മല്പാന്മാര തമിൾ മല്പാൻ പാണ്ടി മല്പാൻ എന്നു പരിഹസിക്കും. ഇതായത സുറിയാനിപ്പെച്ചിന്നുള്ള പഠിനമില്ലായ്കയാൽ അത്രെ ഈവ ണ്ണമുള്ളതു വായിക്കുന്നുവെന്നും പറഞ്ഞുവരും. ഈ മലയാഴ്മ പുണ്യ ജീവിതം വല്യ ഓത്തിന്റെ അർത്ഥം ഞാറയ്ക്ക മല്പാൻ കരിയാറ്റി പൌലിസ മൂപ്പച്ചൻ ഈ മൂന്നു കൂദാശ പുസ്തകം ഇങ്ങനെയുള്ള മല യാഴ്മയും ശീലവിശേഷ പുസ്തകങ്ങളും തമിഴിൽ ഞാനമുത്ത ഞാന സംജിവി - ഏഴാഴ്ച പുതുമ - നക്ഷത്രമാല - പുരാണിമം - പച്ചിമം- എന്നു പറയുന്ന വെദപുരാണങ്ങൾ ഇങ്ങനെയുള്ളതൊക്കെയും അക്കാലത്തിൽ ഒരു പെച്ചിലും അച്ചടിപ്പ എന്നുള്ളത ഇന്ത്യായിൽ കെട്ടുകെൾവിയുള്ളതല്ലാതെ യില്ലായ്കയാൽ ഇങ്ങനെയുള്ള പുസ്തകങ്ങൾ അധിക അന്വഷ ത്താലും വെലയാലും വരുത്തി. ഈനാസി യോസിന്റെ 8 ദിവസത്തെ ധ്യാനം, ഇത ജ്ഞാനമുത്ത, ഞാനഉണർത്തു തൻ, എന്നതു രണ്ടിൽ ഒന്നു ഈദെഹവും ഒന്നു വരാപ്പുഴ കൊച്ചുപൊത്ത മുത്തപ്പൻ എന്ന ഒരു തപസ്സി ആയി പാർത്തിരുന്ന എന്നയാളും മലയാഴ്മയിൽ തിരിച്ച എഴുതിയുണ്ടാക്കിയിത വഴാപ്പുഴെ (P.113) സെക്രത്താരിയായിട്ട പാർത്തിരുന്നപ്പൊൾ മുതൽ വായന എ ഴുത്തു ഇത രണ്ടുംകൊണ്ട കഴിയുന്നതല്ലാതെ പഴുതെ നെരം കളയാ തെ കഴിച്ചുവന്നതിനാൽ പടിപ്പിപ്പാൻ തുടങ്ങിയപ്പോൾ യിങ്ങനെയു ള്ള പുസ്തകങ്ങൾ തനിക്കുതന്നെ ഉണ്ടായി ഇത കൂടാതെ പള്ളിപ്ര ത്തെ പതിയാമൂലയിൽ തരീത എന്ന ഒരു ബുദ്ധിയുള്ള പൈതലിനെ നിറുത്ത എഴുതുവാൻ പടിപ്പിച്ച അവനെക്കൊണ്ടും പല പുസ്തക ങ്ങൾ എഴുതിച്ചുണ്ടാക്കി ഇങ്ങനെയിരിക്കയാൽ പടി പ്പിച്ചു തുടങ്ങിയപ്പൊൾ സുറിയാനി പുസ്തകങ്ങളും എത്രയും ചുരുക്കം എന്നു തന്നെയുമല്ല അതുവരെ യുള്ള മുൻപിലത്തെ അക്രമം യിതായതാ മല്പാന്മാരുടെ അനദ്രവ രെ അല്ലെങ്കിൽ അവർക്കധിക താല്പര്യമുള്ളവരെ മനസ്സുവെച്ചു പഠി പ്പിക്കും ശേഷമുള്ളവരെ കുർബാന കാനൊനാ യിങ്ങനെയുള്ളത ന ടത്തിപൊകുവാൻ തക്കവണ്ണം പടിപ്പിക്കും എന്ന ഒരു ന്യായവും ചില യിടങ്ങളിൽ നടന്നു വന്നു. ഇതിനാലയും പഴെ പുസ്തകങ്ങൾ ഒറൈ ത്ത[1] നിവ്യസുഖം[2] യിങ്ങനെയുള്ളത എത്രയും ചുരുക്കം തന്നെ ആയ

പാലക്കലച്ചൻ തമിഴു മല്പാനാണോ

പുസ്തകങ്ങൾ പകർത്തിക്കുന്നു

1. തമിഴ്, വിവാഹിതർ. 2. വേദപുസ്തകത്തിൽ പഞ്ചഗ്രന്ഥി എന്ന ഭാഗം.

തിനാൽ വരാപ്പുഴെ സിമനാരിയിൽ ഒരു ഒറൈത്താ:[1] അഞ്ചു സെപ്രാ യും ഉള്ളതുണ്ടായിരുന്നു. ആയതു കടുത്തുരുത്തി കടവിലച്ചൻെറ പ ക്കൽ നിവ്യരാജാക്കളുടെ പുസ്തകം യിങ്ങനെയുള്ളതുണ്ടായിരുന്നു. യിങ്ങനെ പരയും സെവിച്ച് വരുത്തി ഞങ്ങളിൽ ചിലര എഴുതി പടി പ്പാൻ പ്രമാണിച്ചതിനാൽ വൈക്കത്തുകാരൻ മെലഴുതിയ പഴെകടവൻ [illegible] ഇങ്ങനെ പലതും അപ്ര കാരം അവരുടെ വശംപോലെ എഴുതി ഉണ്ടാക്കുകയും പടിപ്പിക്കുക യും ചെയ്തു. എംകിലും അറിവി (P.114) പുണ്യത്തിലും അടുത്ത പഠിനം ഉണ്ടാകണമെങ്കിൽ ലത്തീൻ പഠിക്കണം. ആയതുകൊണ്ട ചി ലരെ എംകിലും പടിപ്പിച്ചാൽ അവരുവഴിയായി ശെഷം പെർക്കും ഉപ കാരംമുണ്ടാകും എന്നും നിരൂപിച്ച ഞങ്ങൾ അറിയാതെ മെലെഴുതി

ചാവറ ശെമ്മശും മറ്റും ലത്തീൻ പഠിക്കാൻ വരാപ്പുഴയിൽ

യ മിലെസ്യാ മെത്രാനച്ചനെ ബൊധിപ്പിച്ച ആദെ ഹം സമ്മതിക്കയും നിക്ലാവൊസ മൂപ്പച്ചൻ ഈ ദെ. മെൽ അധികം സ്നെഹമായിരിക്കയാൽ വെണ്ടിയ സഹായങ്ങൾ ചെയ്യാമെന്നും പറഞ്ഞുറച്ച ഒരു ദി വസം മെലെഴുതിയ ഞങ്ങൾ മൂന്നുപെരെയും കൂടി വരാപ്പുഴെ കൊ ണ്ടുവന്നു ആക്കി സിമനാരിക്കു പുറത്ത കിണറ്റിന്റെ പടിഞ്ഞാറുവശമു ള്ള മുറിയിൽ ഞങ്ങൾ പാർപ്പാനും പടിത്വത്തിന്റെ നെരത്തിൽ ഉത്തിൻ കാരുടെ സിമനാരിയിൽ പോയി പഠിച്ചുകൊള്ളണമെന്നും തീനും കി ടപ്പും ഈ മുറിയിൽ കഴിച്ചുകൊള്ളണമെന്നും എന്തൊരാവശ്യം നി ങ്ങൾക്കണ്ടായിരുന്നാൽ ഒക്കയും മുപ്പച്ചനൊടു പറഞ്ഞാൽ നടത്തി ത രുമെന്നും പറഞ്ഞുകൊണ്ട ഈദെഹം പള്ളിപ്രത്തിനു പൊകയും പി റ്റെദിവസം ഞങ്ങൾ സിമനാരിയിൽ ചെന്നാറെ ഞങ്ങളെ സിമനാരി യിൽ കയറ്റുന്നതിനും യിരുത്തുന്നതിനും അവർക്ക സമ്മതമല്ലാഞ്ഞു ഇതിനാൽ ആ നിരൂപണ മുഴുവനാകാതെ യിതിന്നായി ഇദെഹം കു റെ ബുദ്ധിമുട്ടും ചിലവും ഞങ്ങളെപ്രതിയും ഈലാക്കിനെക്കുറിച്ചും അനുഭവിച്ചു എംകിലും നിറവെറാതെയും ഞങ്ങൾക്കതിനാൽ ചെത മല്ലാതെ ഗുണം ഭവിക്കാതെ അതായത സുറിയാനി പഠിച്ചതും മറന്നു

ലത്തീൻപഠന പദ്ധതി പരാജയപ്പെടുന്നു

പോകുവാൻ യിടയായി ഇങ്ങനെ കുറെനാൾ പാർ ത്തപ്പൊൾ നടപ്പു ദിനത്താൽ അധികം ആൾ വ രാപ്പുഴെ മരിച്ചതിനാൽ ഭയപ്പെട്ട ഞങ്ങളെ കൊ ണ്ടപൊകെയും ചെയ്തു. എന്നാൽ ഈ നിരൂപിച്ചു എന്ന കാര്യം മുഴു

1. പ്രവാചകന്മാർ

വനായില്ല എന്നുതന്നെ അല്ല കുറെ മാനക്കെടും സംകടവും ഉണ്ടായി എന്നതിനാൽ ഇനി എന്തുവഴി എന്നു വിചാരിച്ചപ്പോൾ മെലെഴുതിയ രണ്ടുപെരും പ്രായം ചെന്നവരാകയാലും കാനൊനനമസ്ക്കാരം മുത ലായത തഴക്കി അഞ്ചു പട്ടത്തിനാസ്ഥമാകുവാൻ ആഗ്രഹിച്ചതിനാൽ എന്നെ എംകിലും കുറെ ഈപച്ച പഠിപ്പിക്കണം എന്ന നിശ്ചയിച്ച അ ന്നതംകി പള്ളിയിൽ വിഗാരി ആയിരുന്ന വടക്കൻ പള്ളിപ്രത്തുകാ രൻ മെയിൻ പാദ്രി അച്ചൻ ഒരാൾ ഒരു പ്രകാരം ലത്തീൻ പെച്ചതിരി യുന്നയാൾ എന്നു കെട്ട അദ്ദേഹത്തിന്റെ പക്കൽ ഈദെഹം തന്നെ ചിലവും തന്ന അയച്ചു കുറെ നാൾ ആറെട്ടുമാസം പാർപ്പിച്ചു. അ പ്പൊൾ ഒരു ദീനം വന്നതിനാൽ പൊരികയും ചെയ്തു. ഈ അപെ ക്ഷ നിറവെറുവാൻ ഇടയായില്ല.

## പഠാർത്ഥ: ദെർശനം മുതലായവ പള്ളികളിൽ നടത്തി എന്നതിന്മെൽ ഉള്ള വിവരം

മെലെഴുതിയിരിക്കും വണ്ണം സുറിയാനി പള്ളികളിൽ ഒരിടത്തിലും ഒരു ദർശനം കൊംപ്രിരിയ എന്നതില്ല. എന്നു തന്നെ അല്ല ലത്തീൻപ ള്ളികളിൽ ചെന്ന ആരാനും ദർശനത്തിൽ കൂടുക യംകിലും ഒപ്പ ഉടുക്ക എംകിലും ചെയ്താൽ ഇത വല്യ പരിഹാസമാ യി പറകയും ചെയ്യും. ആയതിൻവണ്ണം തന്നെ പഠാർത്ഥ പറകയും ലൊകരൊടറിവിക്കയും യിങ്ങനെയുള്ള ചട്ടവുമില്ലാതെ യിരിക്കയിൽ ഈദെഹം വരാപ്പുഴെ പാർത്തു വന്നപ്പൊൾ കൊംപ്രിയ കൊംഗ്രഹസ്യൊം യിങ്ങനെ (P.116) യുള്ള സഭക്കാരരായി കൂടി നടന്നുവരികയും പെരുന്നാൾ ആഘൊഷി ക്കയും ചെയ്യുന്നതിനുള്ള അസെന്ത എന്ന ക്രമങ്ങൾ പൊർത്തുഗെസ പെച്ചിൽ നിന്നും മലയാഴ്മയിൽ പൊരുൾ തിരിപ്പിച്ച എഴുതിയുണ്ടാക്കി യിതിനെ സുറിയാനി പള്ളികളിലും നടത്തെണം. എന്നുറച്ച ഈദെഹത്തിന്റെ എടവകക്കാരൊടും പറഞ്ഞു ബൊധിച്ച മനസു വരുത്തി ആ കാലത്തിൽ 1816-ൽ വരാപ്പുഴെ പെ. ബ. നിക്ലാവൂസ മൂപ്പച്ചൻ എന്തൊരു സംഗതിയാലയൊ കല്ലൂർക്കാട്ടുപള്ളിയിൽ പൊയി താമസിച്ചിരിക്കയിൽ തുലാമാസം 15-നു നമ്മുടെ അമ്മത്രെസ്യാ പുണ്യവതിയുടെ പെരുന്നാൾക്കു വരാപ്പുഴെ പൊകുന്നതിനു പാടില്ലാത്തതിനാൽ കല്ലൂർക്കാട്ടുകാരൊടു ഗുണദൊഷിച്ച ചിലരുകൂടി ചിലവു ചെയ്ത ആ പെരുനാൾ ആഘൊഷിക്കയും ഇത ദർശനമായിട്ടു കഴിക്കണമെന്നും ആയതിന്നുള്ള ക്രമചട്ടങ്ങളും ദർശനത്തിൽ

സുറിയാനിപ്പള്ളികളിൽ ദർശനം സ്ഥാപിക്കുന്നു

കൂട്ടുവാനും വെന്തീഞ്ഞു കൊടുപ്പാനുമായിട്ടു തൊമ്മാ കത്തനാരെ അയയ്ക്കാമെന്നും മൂപ്പച്ചൻ കല്പിക്കയൊ അവരപെക്ഷിക്കയൊ തിരിഞ്ഞില്ല ഏതുപ്രകാരമെംകിലും അവിടെ മുൻപിനാൽ തുടങ്ങി അപ്പോൾ അധിക വയസ്സരും ചില ഭക്തിക്കാര സ്ത്രീകളും മാത്രം വെന്തിഞ്ഞ ഏൾക്കുന്നതല്ലാതെ ഈ ചട്ടവും ചുരിക്കം തന്നെ[1].

(P.127) 41-ാം കാലം മകരമാസം 16-നു ചനിയാഴ്ചയുടെ പിറവിയിൽ ഞങ്ങളുടെ മല്പാനും കൊവെംതയുടെ തുടക്കവും ആയ പള്ളിപ്പുറത്ത പാലയ്ക്കൽ തൊമ്മാ മല്പാനച്ചൻ മരിച്ചു. 41 വരെ റാസ അവിടെ തന്നെ ചൊല്ലി പിന്നെ 28 തോറും അവിടെയും അവരവര പാർക്കുന്നവിടത്ത തിംകളാഴ്ച തൊറും അവധി പ്രകാരം ഓരൊ റാസയും 365 കുർബ്ബാനയും ചൊല്ലുവാൻ നിശ്ചയിച്ച യിരണ്ട റാസയും 13 കുർബ്ബാനയും ഓരൊരുത്തരെറ്റു ചെയ്തു. ഇതിൻെറ ശെഷം 41 ശിഷ്യരുടെ ചെർന്നുകഴിച്ചു ആയതിന്നു പട്ടക്കാരുടെ പെർക്ക 130 ചെമ്മാച്ചന്മാരുടെ പെർക്ക 60 ചക്രം എടുത്ത യിതുകൊണ്ട 41-ഉം കഴിഞ്ഞ 3000 ചക്രം കൊവെംതയിൽ യിട്ടിരിക്കുന്നു. കർബ്ബാനയും ധർമ്മവും വകയ്ക്ക കൌറടക്കത്തിന്ന പള്ളിപ്രം, മുട്ടം, വച്ചൂർ, തത്തംപള്ളി, ആലപ്പുഴ, ചെന്നൻകരി, ചമ്പക്കുളം, എടത്തുവാ യിങ്ങനെ 8 ദെർശനക്കാരും അവരുടെ കുരിശു മുതലായ കൊപ്പുകളും തൈക്കാട്ടുചെരി, ചെമ്പ, പറവൂർ, (P.128) കടുത്തുരുത്തി, മുട്ടുചിറ, കുടമാളൂർ യിങ്ങനെയുള്ള യിടവകക്കാരും അവരുടെ കൊപ്പുകളും കൊണ്ടുവന്ന അന്നത്തെ പെട്ടകം മെഴുകുതിരി പള്ളിയ്ക്കാരുടെ ചിലവു മുതലായ ചിലവുകൾ ഒക്കെയും പഴെ കടവിലച്ചനും മുട്ടത്തുകാരൻ യൊഹന്നാൻ കത്തനാരച്ചനുംകൂടി ചിലവിട്ടും പ്രത്യേകമുള്ള ഉത്സാഹവും വെലയും യൊഹന്നാൻ കത്തനാരച്ചൻ മുതൃന്ന ചൈകയാൽ ഒന്നിനും കുറവും കൂടാതെ നടക്കുകയും ചെയ്തു..............

പാലക്കലച്ചൻെറ മരണവും ശവസംസ്കാരവും

1. ബാക്കി 117-127 വരെ പേജുകൾ വെറുതെ കിടക്കുന്നു.

# നാളാഗമം രണ്ടാം വാല്യം

# 1855 - 1870

### ഈ. മ. യ.

(P.1) നമ്മുടെ കർത്താവിന്റെ പിറവിക്ക 1855-ാം കാലം ധനു മാസം 1-ാം നു എ. പെ. ബ. മലയാളമൊക്കയുടെയും കൊ. വിഗാരി അപ്പസ്തൊലിക്കാ ആയ പ്രെബർണദ്ദീനൊസ എരക്ലയാ എന്ന ദിക്കിന്റെ മെത്രാനച്ചന്റെ നൽമനസ്സാൽ കല്പിച്ച, താഴെ എഴുതുന്ന ഈദ്ദേഹത്തിനെകൊണ്ടുതന്നെ. ഉത്തീൻ ഭാഷയിൽനിന്നും മലയാളഭാഷയിൽ പരിഭാഷപ്പെടുത്തിച്ചു എത്രയും ശുദ്ധമാകപ്പെട്ട അമലൊത്ഭവി ആയ കർമ്മെല മാതാവിന്റെ ദർശനക്രമശട്ടവും കൊണ്ട മെലെഴുതിയ ദെഹം അതായത ജെനുവാ, പ്രവിൻസ്യാക്കാരനായ കർമ്മെലീത്താമിസ്യൊണാരി അപ്പസ്തൊലിക്കാ ആയ പ്രെമർസീലിനൊസ എന്ന മൂപ്പൻപാദ്രി അച്ചൻ ഇവിടെ വന്ന അന്നു മുതൽ 8 ദിവസം ഞങ്ങൾ അന്ന ഈ കൊവെന്തക്കാരായി പാർത്തിരുന്നവരെല്ലാവരുംകൂടി ധ്യാനം കഴിച്ചാ -2 -പട്ടക്കാരും 8- ശെമ്മാശന്മാരും ഒരു പൈതലും ഈ ക്രമശട്ടംപൊലെ കാത്തുനടപ്പാൻ ഇപ്പൊൾ പാടില്ലെന്നും പറഞ്ഞ വെർതിരികയും ചെയ്തു.

മാന്നാനത്തെ സന്യാസികൾക്കു ഒരു നിയമാവലി

ഇതിന്റെ ശെഷം ശു. ദെവമാതാവിന്റെ തിരുനാൾ ആയ ധനുമാസം 8-ാംനു ശനിയാഴ്ച നാൾ ഞങ്ങളിൽ ചെന്നങ്കരിൽ എട: വല്യറെയാക്കൊ കത്തനാരച്ചൻ തപസ്സ കുർബ്ബാന ചൊല്ലി. ഇതിന്റെ തുടക്കത്തിൽ ഇതായത: 10 മണിക്ക ബ. മൂപ്പച്ചൻ സൂർപ്പെർലിസും ഊറാറയും ശെഷം പെര ഇതായത ദർശനക്കാരകുവാൻ മനസ്സായവരെല്ലാം സൊമ്പ്രപെലിസും ഉടുത്ത പറഞ്ഞൊപ്പ അപ്പൊൾ ചെയ്യാൻ നിശ്ചയിച്ച ബ. ചാവറ കുറിയാക്കൊസു മല്പാൻ ളൊവയും വള്ളിച്ചെരിപ്പും ഉടുത്ത തുകൽവാറും ചെറിയ (P.2) സ്ക്കപ്പുളാരയും പറഞ്ഞൊപ്പിന്റെ കടലാസും തൂങ്ങപ്പെട്ട രൂപവും കൂടെ യിരുകൈയും കൊണ്ട എടുത്ത പുറകെയുമായി ചെന്ന ബ. മൂപ്പച്ചൻ തന്റെ യിരിപ്പെടത്ത ഇരിക്കയും ശെഷം പെരും അവരുടെ ഇതായതവങ്കിൽ ക്രമം പൊലെയിരുന്നു. മൂപ്പച്ചൻെറ മുൻപിൽ മെശ്ത്തവുദിയാനാ[1] മുട്ടം കുത്തിയതിന്റെ ശെഷം

ചാവറ അച്ചന്റെ വ്രതാനുഷ്ഠാനം

1. പറഞ്ഞൊപ്പു ചെയ്യാനുള്ള ആൾ. ഇതു സുറിയാനിവാക്കാണ്.

ആദെഹം എത്രയും വിശെഷമായ ഒരു പഠാർത്ഥയും പറഞ്ഞശെഷം ഈ ദെഹം പറഞ്ഞൊപ്പു ചെയ്കയും ചെയ്തു.

വീണ്ട കുർബ്ബാന പിരിഞ്ഞവുടൻ എല്ലാവരുംകൂടെ മൂപ്പച്ചന്റെ യടുക്കൽ ചെന്ന ആദെഹവും ഒരുമിച്ച പള്ളിയിൽ വന്ന ശെഷം മെലെഴുതിയ കുറിയാക്കൊസ പട്ടക്കാരനായ ഈ ആളിനെ പെ. ബ. വലിയ സുപ്രിയൊരായ മെത്രാനച്ചൻ പ്രിയൊരായിട്ടു കല്പിക്കയാൽ ഈ ദെഹത്തിന്റെ അടുക്കൽ ശെഷം മുള്ള പട്ടക്കാരരൊക്കയും പറഞ്ഞൊപ്പു ചെയ്തു. 4 മണി കഴിഞ്ഞ എല്ലാവരും സങ്കീർത്തിയിൽ കൂടിയിരുന്ന പ്രിയൊര വിശ്വാസ സത്യവും ചെയ്തു.

കുര്യാക്കോസച്ചൻ പ്രിയോർ

ഇപ്രകാരം അന്നു മുതൽ കൊവെന്ത ക്രമശട്ടം കാത്തുതുടങ്ങി. 12-ാം നു തിംകളാഴ്ച ബ. വല്യാറ യാക്കൊവു കത്തനാരച്ചന്ന ഒരു ശർദ്ധിയും ജ്വരവും തുടങ്ങി രക്തം പൊകയാൽ രക്തപിത്തമെന്നും സംശയിച്ചു പിന്നത്തെതിൽ കഠിനമായ വസൂരി ജ്വരംതന്നെ എന്നും നിശ്ചയിച്ചു. 14-ാംനു അച്ചടിപ്പുരയിൽ ആക്കി ഒരു വൈദ്യനും, ചക്കാലയിൽ ചാണ്ടികത്തനാരച്ചനും ബ. ഇയാളുടെ ഇടവകക്കാരൻ പടവുപുരക്കൽ മത്തായി കത്തനാരച്ചനും എടവക ജാർച്ചക്കാരനുമായ ചെറുകാട്ടുശെരിൽ തൊമ്മാ കത്തനാരച്ചനും, ബ. കുടമാളൂർ എടവകക്കാരൻ (P.3) കരിമ്പുമാലിൽ യൌസ്സെപ്പു കത്തനാരച്ചനും, ബ. ഇയാളുടെ ആഹാ[1] പൊരൂക്കരെ കുറിയാക്കൊസു കത്തനാരച്ചനും ഇങ്ങനെ 5 പട്ടക്കാര. ഇതിൽ പൊരൂക്കരെ അച്ചൻ ചിലപ്പൊൾ ഇങ്ങൊട്ടും മത്തായി കത്തനാരച്ചൻ വിഗാരിത്വമായ അതിരമ്പുഴയ്ക്കും പൊകുമെങ്കിലും മറ്റവര മൂവരും അവിടെ തന്നെ ഇങ്ങനെ സൂക്ഷി ക്കയും ഞങ്ങൾ യൌസെപ്പു പുണ്യവാളനൊടു പ്രാർത്ഥിക്കയും ചെയ്തു എങ്കിലും ദൈവതിരുമനസ ഈ പറഞ്ഞൊപ്പിന്റെ ഗുണം അശുദ്ധിവരാതെ ഇതിനൊടുകൂടെ അയാളെ വിളിപ്പാൻ തിരുമന സ്സാകയാൽ 23-ാംനു വെളുത്താറയും ഒന്നും നിശ്ചയം തൊന്നിയില്ല. അന്നു പകൽ ഒടുക്കത്തെ യാമത്തിൽ കുറെ പകർച്ചയുണ്ടായി 6 മണി കഴിഞ്ഞ ഞങ്ങൾ കാനൊനയും ശയനാരാധനയും കഴിച്ച വീണ്ടും പൊരൂക്കരെ അച്ചൻ ചെന്ന മുൻറെഗു[2]ള പ്രകാരം കുമ്പസാരം കുർബാന ഒപ്രുശുമാ ഒക്കെ കഴിച്ചു. എംകിലും മരണ അപെക്ഷകൾ ചെയ്യാനായിട്ടു പൊയി

വല്യാറ അച്ചന്റെ രോഗവും മരണവും

1. സഹോദരൻ; സുറിയാനി വാക്ക്
2. നിയമം; ലത്തീൻ പദം

24-ാംനു പ്രിയൊറിന്റെ കുർബ്ബാന കഴിഞ്ഞുടൻ 2-ാമത്തെ കുർബാന ആദെഹത്തിനുവെണ്ടി തൊപ്പിലച്ചൻ ചൊല്ലി. പാതിയായപ്പൊൾ മെലെഴുതിയ കൂടപ്പിറപ്പിന്റെ സഹായത്താൽ നല്ല ഉണർച്ചയൊടെ ശു. മാകപ്പെട്ട കുരിശു മുത്തിക്കൊണ്ട ആത്മം പിരികയും ചെയ്തു. അന്ന 4 മണിക്ക നമ്മുടെ സെമിത്തെരി ടി കുറിയാക്കൊസു കത്തനാരച്ചൻ റൂശമാ ചെയ്ത ആയതിൽ അടക്കം ചെയ്തു. അന്നു തന്നെ ശെഷം കുർബാന ചൊല്ലാതെ നിന്നവരൊക്കയും ഈ ആത്മാവിന്നായിട്ടു കുർബാന ചൊല്ലി. പിറ്റെ ദിവസത്തിലെ ഈ രണ്ടു കുർബാനയും അങ്ങനെ തന്നെ ചൊല്ലി (P.4) ഈ ആളിന്റെ വ്യാപാരത്തിന്മെൽ പട്ടക്കാരൻ ആകുംവരെ ശെഷം പെരിൽ എന്തിയെ ഏതും പറവാനില്ല. എന്നാൽ കുർബാന ചൊല്ലിയതിന്റെ ശെഷം ഇവിടെയുള്ളതും ശെഷം ഈ ദിക്കുകളിൽ ഉള്ള പട്ടക്കാരിൽ അധികമായിട്ടുള്ള ദൈവവെല ചെയ്തു. അതായത: പാലാ, ഭരണങ്ങാനം, രാമപുരം, പ്രവിത്താനം, കടനാട, കുറവിലങ്ങാട, മുട്ടുചിറ, കടുത്തുരുത്തി, ആരക്കുഴ, തൃപ്പൂണിത്തുറ, മനക്കൊടം, ആലപ്പുഴ ഇങ്ങനെയുള്ള പള്ളികളിൽ ധ്യാനം കഴിച്ച അവരിൽ ചെലർക്കും ആത്മക്കണ്ണുകൾ തുറപ്പാൻ ഈ ആൾ തന്നെ കാരണക്കാരൻ ആയിരിക്കുന്നു. ഇതല്ലാതെയും ചില ആൾമെനികളുടെ മരണാവസ്ഥയിൽ ചെന്ന അവിടെ താമസിച്ച അവരെ നല്ല ആസ്ഥപ്പാടുകൊടുത്ത മരണത്തിന്നു സഹായിക്കയും ചെയ്തു. ആയതിൻവണ്ണം നമ്മുടെ കൊവെന്തയ്ക്കും ഏറിയ സഹായം ഈ ആളിനെക്കൊണ്ട ഉണ്ടായിരിക്കുന്നു.

55-ാം കാലം ധനുമാസം ഒടുക്ക ഞങ്ങളുടെ വല്യ ശ്രേഷ്ടൻ പെ. പെ. ബ. മെത്രാനച്ചൻ കൊടുത്തയച്ച കടലാസ ഇത: കൂട്ടത്തൊടുകൂടെ നൊയമ്പ നൊക്കാതെയിരിപ്പാൻ പാടില്ല. എന്നാൽ വാച്ചവർക്കും ചടപ്പൊ ക്ഷീണമൊ വലുതായിട്ടുള്ള വെല ക്ഷീണം കൂടാതെ എടുപ്പാൻ പാടില്ല എന്ന സംഗതിയൊ വന്നുവെങ്കിൽ അവരെ നൊയമ്പു നൊക്കാതെയിരിപ്പാൻ ഒരു സംശയം കൂടാതെ അനുവദിപ്പാൻ തനിക്ക നല്കപ്പെട്ട അനുവാദം ഇതിനാൽ നാം തന്നിരിക്കുന്നു. നൊയമ്പിൽ വിലക്കിയിരിക്കുന്ന യാവന വസ്തുക്കൾ സെവിപ്പാൻ ആയതും അനുവദിക്കുന്നതിന്നും നില്കപ്പെട്ട അനുവാദം തന്നിരിക്കുന്നു.

നോമ്പിൽ നിന്നു ഒഴിവാക്കേണ്ട തിനെപ്പറ്റി

ഇത - പ്ര - ബർണദിനൊസ (P.5)

1856 കുംഭം 14 നു

വന്ന കല്പന

നൊയമ്പു നൊല്പാനുള്ള ക്രമം.

പള്ളിക്കടുത്ത നൊമ്പു ദിവസങ്ങളിൽ ദിഷ്ടതി[1]ക്കു മാത്രമെ കാലത്ത നാഴി അരി നാലായിട്ടു പകുത്തതിൽ ഒരു പങ്ക ഇതായത ഒഴക്കരിയുടെ കഞ്ഞിയും കറി കൂടാതെ ഉപ്പു മാത്രം ചെരുന്നതിനെ ചെർത്ത കുടിച്ചുകൊൾക. ഉച്ച നാഴൂരി അരിയുടെ വെണമെങ്കിൽ അധികവും അരിയുടെ ചൊറും മൂന്നു കൂട്ടം കറിയും ഇതായത പച്ചക്കറിയും മറ്റും. വൈകിട്ടും ഒഴക്ക അരിയുടെ കഞ്ഞിയും ഒരു കൂട്ടം അച്ചാറും. വല്യ വെള്ളിയാഴ്ച, ഉച്ചക്കും കഞ്ഞിയും ഉപ്പും മാത്രം ഒരു കറിയും വെണ്ടാ.

റെഗുളയ്ക്കടുത്ത നൊമ്പിൻ ക്രമം.

കാലത്ത ഉരി അരിയുടെ കഞ്ഞിയും ഉപ്പും മാത്രം. ഉച്ചയ്ക്കു വെണ്ടിയ ചൊറും രണ്ടു കറിയും മൊരു. വൈകിട്ടു നാഴിയരിയുടെ വകയും ഒരു കറിയും.

നൊമ്പില്ലാത്ത ദിവസങ്ങളിൽ ക്രമം.

മൂന്നു നെരവും വെണ്ടിയ കഞ്ഞിയും ചൊറും കാലത്ത ഒരു കൂട്ടം കറിമാത്രം. ഉപ്പും ഉച്ചയ്ക്ക രണ്ടു കറിയും വൈകിട്ട (P.6)

ഞായറാഴ്ച കടമുള്ള പെരുന്നാൾ ദിവസങ്ങളുടെ ക്രമം.

ഉച്ചയ്ക്ക വിശെഷാൽ 3 — കറി — ഇതായത — ശെഷമുള്ള ദിവസങ്ങളിൽ എന്തിയെ ഒരു വിശെഷം

ഭക്ഷണക്രമം

വലിയ ആഘൊഷദിവസം — നാലുകറി —വൈകിട്ടും ഉച്ചയ്ക്കും എന്നപൊൽ അനുവദിക്കുന്നു.

ഊട്ടുപുരയിൽ അധികം കുറച്ചിൽ ഭെദാഭെദം കൂടാതെ എല്ലാവർക്കും ഒരു വിധമായിരിക്കയും വെണം - ആയതിന്ന പ്രിയൊര ജാഗ്രതയായിട്ടു സൂക്ഷമുള്ളവൻ ആയിരിക്കയും വെണം.

പെ. ബ. അച്ചനെപ്രതിയും അപെക്ഷിപ്പിൻ -

വീണ്ട 56 -കുംഭം 22

പെ. ബ. അച്ചന്റെ കല്പന-വല്യനൊയമ്പിന്റെ 6 വെള്ളിയാഴ്ചയും ഒടുക്കത്ത ശനിയാഴ്ചയും തക്ക ദിഷ്ടതിയുള്ളയാൾ അല്ലാതെ മെലെഴുതിയ പ്രകാരമുള്ള കഞ്ഞി കുടിച്ചുകൂടാ. കാലത്ത ദിഷ്ടതിയാൽ അനുവദിക്കുന്നു എംകിലും ഉപ്പല്ലാതെ ഒന്നും കൂട്ടിക്കൂടാ. ഈ വണ്ണം യൽദായുടെ തലെദിവസം - വൈകിട്ട കുറെ അച്ചാറു കൂട്ടി മെലെഴുതിയപ്രകാരമുള്ള കഞ്ഞി അനുവദിക്കുന്നു. ഈ ദിവസങ്ങളിൽ മോരും മീനും വിലക്കിയിരിക്കുന്നു.

1. ആവശ്യമെങ്കിൽ

ശെഷം പള്ളിയുടെ നൊയെമ്പുകളിലും റെഗുളയ്ക്കടുത്ത നൊയമ്പുകളിലും കാലത്ത ഒരു അച്ചാറു കൂട്ടുവാനും വൈകിട്ടു ഒരു കറി കൂട്ടിക്കൊൾവാനും വെണമെന്നുണ്ടായിരുന്നാൽ (P.7) ആ മെലെഴുതിയ കഞ്ഞിവെള്ളം നീക്കി ചൊറായിട്ടുതന്നെ തിന്മാനും അനുവദിച്ചിരിക്കുന്നു. 21 വയസ്സു തികയാത്തവർക്കും കടം ഒഴിച്ചിരിക്കുന്നു. ഇപ്രകാരം അനുവാദമെംകിലും പാപത്തിന്നു പരിഹാരം വെണമെന്നും നൊയമ്പാൽ ഇന്ദ്രിയമടക്കാത്ത ധ്യാനം ചിറകില്ലാത്ത പക്ഷിക്കു ശരിയായിരിക്കുന്നുവെന്നും ഓർത്തു കൊള്ളണമെന്നും കല്പിച്ചിരിക്കുന്നു:

1857 : കുംഭം
4 നു

മാന്നാനത്തെ മണി അഭിഷേകം ചെയ്യുന്നു

പെ. ബ. നമ്മുടെ സുപ്രിയൊാര മെലെഴുതിയ മെത്രാനച്ചൻ ഇവിടെ വന്നു. അപ്പൊൾ നമ്മുടെ പ്രാർത്ഥന സ്ഥലത്തിൽ ഒരു ത്രൊണൊസും പനമ്പുമ്മെൽ പറ്റിച്ച ചെറിയ ഒരു റത്താവലും[1] നമ്മുടെ പുത്തൻ സന്യാസികളുടെ വെലയാൽ ഉണ്ടാക്കിയിരുന്നു. ആയത കണ്ട തെളിഞ്ഞു. പിറ്റെ ദിവസം അവിടെ തന്നെ ബ. അച്ചൻ കുർബ്ബാന ചൊല്ലുകയും പിന്നെയും നമ്മുടെ തൂക്കുമണി കണ്ട ആയതിന്ന പെരിടണമെന്നും കൂദാശ ചെയ്യെണമെന്നും ഈ പ്രകാരം എവുരൊപ്പയിൽ വലിയ കൊവെന്തകളിൽ മണി മെത്രാപ്പൊലീത്താന്മാരാൽ എംകിലും മെത്രാന്മാരാൽ എംകിലും കൂദാശ ചെയ്യുമെന്നും ഇതിനാൽ ആ മണിയുടെ സ്വരം കെൾക്കുന്ന ദിക്കിലുള്ള ജനങ്ങൾക്ക പല മനഗുണങ്ങൾ ഉണ്ടാകുന്നതും പാപികൾ തിരിയുന്നതുമല്ലാതെയും പിശാചുപീഡ, ഇടി, പെരുങ്കാറ്റ്, ആലിപ്പഴം, വസന്ത മുതലായ ഉപദ്രവങ്ങൾ ആയിടങ്ങളിൽ ഉണ്ടാകയില്ലന്നും കല്പിച്ച 9-ാം തീയതി (P.8) തിംകളാഴ്ച പത്തുമണിക്ക മണി കൂദാശ ചെയ്തു. ഇതിൻ പ്രകാരം മായത: മുമ്പിനാൽ മണി അഴിപ്പിച്ച വെടിപ്പായി തെച്ചു കഴുകി നമ്മുടെ എട്ടു പട്ടത്തിൻെറ നടുവിൽ വിളക്ക തൂക്കിയിരുന്നത അഴിപ്പിച്ച അവിടെ 2 കൊൽ പൊക്കത്തിൽ തൂക്കി. അതിൻെറ പിറകിൽ ബ. അച്ചന്റെ സൌസെലായും[2] ഇട്ട മണിയുടെ വലത്തുവശത്തു പാസുറായും[3] അതിമ്മേൽ സൊപ്പാ വട്ടകിൽ വച്ച വെള്ളവും ഉപ്പും

1. രൂപക്കൂട്. 2. സുറിയാനി വാക്ക്; ഇരിപ്പിടം എന്നർത്ഥം.
3. മേശ-സുറിയാനി വാക്ക്.

ധൂമക്കുറ്റിയും കുന്ദുരുക്കവും മുറളും, സൊദൊനാകളും[1] രണ്ടു സൈത്തും, ആസ്തമാക്കിവച്ച ബ. അച്ചൻ സൊപ്രപെലിസും മൂറശയും[2] ഇട്ട പള്ളിയിൽ വന്നപ്പൊൾ ത്രൊണൊസിൽ മെഴുകുതിരി കളും കത്തിച്ച ഒരു ശെമ്മാശ ശ്ലിവായും 2 ശമ്മാശന്മാര സിരിആൾ കളും[3] പിടിച്ച മണിയുടെ വലത്തുവശത്ത നിയ്ക്കയിൽ ബ. അച്ചൻ സ്ക്കൊളയും[4] ഈ മുടിയും പച്ച വടിയും പിടിച്ച തുടങ്ങി മുമ്പിനാൽ ഉപ്പും വെള്ളവും റുശമാ[5] ചെയത വെള്ളത്തിൽ ഉപ്പുകലർത്തി ആ വെള്ളം കൊണ്ട അച്ചൻ തന്നെ വീണ്ടു കഴുകുകയും പിന്നെ ഞങ്ങളിൽ പൊരൂക്കരെ കുറിയ: കട്ടക്കയം ചാണ്ടി ഈ രണ്ടു പട്ടക്കാരരെക്കൊണ്ട കഴുകിക്കയും ഇതിനിടയിൽ ചൊല്ലേണ്ടും മസ്മൊറാകൾ[6] ലത്തീനിൽ – അച്ച: മൂപ്പച്ചനും പാദ്രിമാരും സുറിയാനിയിൽ ഞങ്ങളും കൂടി ചെല്ലുകയും പിന്നെ തുവാലകൊണ്ട തുടെച്ച ധൂമക്കുറ്റിയിൽ കുന്ദുരുക്കവും മുറളും ഇട്ടും കൊണ്ട മണിയുടെ അകത്ത പുകക്കയും കുറെ നേരം ധൂപക്കുറ്റി മണിയുടെ ഉള്ളിൽ പിടിച്ച പുക കരെറ്റുകയും ഇതിന്റെ ശെഷം മുമ്പിനാൽ മ്ശെഹാ ദക്റിഹെ[7] (P.9) എന്ന സൈത്തുകൊണ്ട മണിയുടെ പുറത്ത വലിയ ഒരു കുരിശു വരയ്ക്കയും പിന്നെ ആയതുകൊണ്ട അതിന്നിരുവശവും നാലു കുരിശുവരയ്ക്കയും ഉടൻ മറ്റു പട്ടക്കാര തുടക്കാതെ ബ. അച്ചൻ തന്നെ ഒരു തൂവാലകൊണ്ട തുടയ്ക്കയും വീണ്ട മൂറുവാൻ[8] കൊണ്ട അകത്ത 8 കുരിശുവരയ്ക്കയും ഇങ്ങനെ ചെയ്ത പിന്നെ കൈകൾ കഴുകി വീണ്ടും ചില സ്ലൊസാകൾ[9] ചൊല്ലി തിർക്കയും വിണ്ട മറ്റൊരു പട്ടക്കാരൻ തുടയ്ക്കയും ചെയ്തു. ഉടൻ തന്നെ മണി അഴിപ്പിച്ച മറ്റൊരുത്തര പിടിക്കായ്പാൻ തക്കവണ്ണം മുറിത്തട്ടിന്റെ വാതിലിന്റെ നെരെയുള്ള വെസ്ധത്തുമ്മെൽ തൂക്കിക്കയും ചെയ്തു. മണിയുടെ പെര യൌസെപ്പ എന്ന അപ്രകാരം അതിമ്മെൽ പെര എഴുതിട്ടുമുണ്ട.

എന്നാൽ കൊംവെന്ത ഉറപ്പിക്കുന്നതിനും മുമ്പിൽ തന്നെ ഇവിടെ വന്ന ഞങ്ങളൊടുകൂടി കൊംവെന്തക്കാരായി പാർത്തുവന്നതിൽ പഴയൂർ പള്ളി ഇടവകക്കാരൻ നെല്ലിച്ചെരിൽ തൊമ്മ കത്തനാരച്ചൻ എന്ന ഈ ദെഹം കൊംവെന്ത ഉറപ്പിപ്പാനായി മൂപ്പൻ പാദ്രി അച്ചൻ

1. തൂവാലകൾ –സുറിയാനി വാക്ക്
2. ഒരു തിരുവസ്ത്രം – ”
3. തിരിക്കാലുകൾ – ”
4. ഒരു തിരുവസ്ത്രം – ”
5. ആശീർവ്വദിച്ചു – ”
6. സീങ്കർത്തനങ്ങൾ – സുറിയാനി വാക്ക്.
7. രോഗിലേപനത്തിനുള്ള തൈലം – ”
8. പൂശുവാനുള്ള തൈലം – ”
9. പ്രാർത്ഥനകൾ – ”

ഇവിടെ വരുന്നതിന്ന കുറെ മുമ്പിൽ ഇതായത 55-ാം കാലം സൂവാറാ

> നെല്ലിശ്ശേരി അച്ചൻ തളർവാത രോഗിയാകുന്നു

യുടെ ഒന്നാം ഞായറാഴ്ച കുർബ്ബാന ചൊല്ലി നില്ക്കുമ്പോൾ വാതത്തിന്റെ ദീനം തുടങ്ങി ദൈവസഹായത്താൽ ഒരുവിധം കുർബ്ബാന തികച്ച കുപ്പായം ഊരിയ ഉടൻ ഒരു വശം തളർന്ന പിന്നെ പള്ളിയകത്തുനിന്നു നടന്നുപൊരുവാൻ പാടില്ലാഞ്ഞതിനാൽ ഒരുവിധം താങ്ങി എടുത്തും നടന്നുമായി മുറിയിൽ കൊണ്ടുവരികയും അന്നുമുതൽ ദീനക്കാരനായി കിടന്നു ഒരുവിധം (P.10) കിഴിയും പിഴിച്ചിലും ആയ ചികിത്സകൾ കഴിച്ചാറയും ഒരു സുഖം കാണായ്കയാൽ ഇനി ദൈവശികിത്സതന്നെ മതി എന്ന ആദെഹം പറകയും അപ്രകാരം ഞങ്ങൾക്കും തൊന്നുകയും ഈ ദെഹം അന്നു മുതൽ കൂടിവരുന്ന മരണ ആസ്ഥപ്പാട എത്രയും അതിശയിക്കെണ്ടതന്നതുതന്നെ. പക്ഷെ ദെവമാതാവ നമുക്ക കടിഞ്ഞൂൽ ഫലമായി തന്ന നിക്ഷെപം എന്നപൊലെ തൊന്നുന്നു. ഇതായത അന്നു മുതൽ രൊഗം പൊറുക്കണമെന്ന് ഒരു ശ്രദ്ധ കാണിക്കാതെ എപ്പെഴും നല്ല മരണം തരണമെ എന്നുള്ള ഈ അപെക്ഷയും അതിനുള്ള ആസ്തപ്പാടും തന്നെ രാപകൽ സകല നെരവും ഇതായത ദീനത്തിന്റെ രെഖകണ്ട ഉടൻ ഇതിന്നു മുമ്പിൽതന്നെ രണ്ടു കുറി ആക നാലുള്ള മുഴുവൻ കുമ്പസാരം കഴിച്ച ആത്മശുദ്ധത വശത്തിന്നു തക്ക വണ്ണം വരുത്തി അന്നു മുതൽ ഞായറാഴ്ച തൊറും കുമ്പസാരിച്ച മുറിയിൽ ശു: കുർബ്ബാന എഴുന്നെള്ളിച്ച കൊണ്ടുവന്ന കൊടുക്കയും ആയതിന്ന എത്രയും സൂക്ഷത്തൊടും ഭക്തിയൊടും ശനിയാഴ്ച കുമ്പസാരിച്ച ആസ്തമാക്കുകയും ഇങ്ങനെ മുടക്കാതെയും ഒരുവക ഈർച്ചയും ക്ഷമകെടും മടിയും കാണിക്കാതെയും എട്ടാംദിവസം തൊറും ഈ ദൈവവിരുന്ന കൈക്കൊണ്ടു വന്നിരിക്കുമ്പൊൾ പെ. ബ. നമ്മുടെ അടിസ്ഥാനക്കാരൻ ഇതായത നമ്മുടെ കൊംവെന്തമെൽ പ്രത്യേകം ദയവിന്നടുത്ത അന്വെഷം ചെയ്തുകൊണ്ടു വരുന്ന പെ. ബ. മസ്സീനു മൂപ്പച്ചൻ കൊവെന്ത സ്ഥാപിപ്പാനായി ഇവിടെ വന്ന കൊംവെന്ത സ്ഥാപിച്ച കുറെ ദിവസം പാർത്തപ്പൊൾ ദീനക്കാരനെയും കൊവെന്ത (P.11) യിൽ ചെർക്കയും അന്നുമുതൽ കൊവെന്തക്കാരുടെ ക്രമംപോലെ ആഴ്ചയിൽ രണ്ടു കുറി ഇതായത വ്യാഴം ഞായറ എന്ന ഈ രണ്ടു ദിവസങ്ങളിൽ കുർബ്ബാന കഴിഞ്ഞുടൻ പട്ടക്കാരും ശമ്മാശന്മാരും കൂടി മെഴുകുതിരികളും കത്തിച്ച പട്ടക്കാരൻ സൊമ്പ്രപ്പെലിസും

ഊറാറയും വെമുദെക്കൊസ്ഥ[1] എന്നതും ഉടുത്ത പിസിദ[2] എടുത്ത [illegible] [3] എന്ന മസ്മൊറാ പാടിക്കൊണ്ട നടന്ന മുറിയിൽ കൊണ്ടുവന്ന കുർബ്ബാന കൊടുക്കയും ഇങ്ങനെ കഴിഞ്ഞു വരുന്നു. അന്നു മുതൽ ഇപ്പൊൾ രണ്ടുവത്സരമായി ആ കട്ടിലിൽ തന്നെ കിടന്ന വ്യസനപ്പെടുന്നു. എംകിലും ഇതിന്ന ഒരു കുറിയെങ്കിലും ഒരു മുടക്കം വരുത്താതെ എത്രയും ഭക്തിയൊടെ ഇതായത നാൾക്കുനാൾ വർദ്ധിച്ചിട്ടുള്ള ദൈവസ്നെഹാഗ്നിയുടെ തെളപ്പൊടെ ഈ ദൈവഭോജനം കൈക്കൊൾകയും ചെയ്യുന്നത് എന്തിയെ വാ തുറന്നാൽ ദൈവകാര്യമല്ലാതെ മറ്റൊരു വീണവാക്കു പറയാതെയും കഴിച്ചുവരുന്നതെന്ത്യെ ശരീരകാര്യത്തിമ്മെൽ അതായതു ഇന്ന ശികിത്സ ചെയ്യണമെന്നും ഇന്ന യാവന വെണമെന്നും കഞ്ഞി കുടിക്കണമെന്നും രുചിയില്ലെന്നും കൂട്ടുവാനില്ലന്നും, നെരത്തിനു കിട്ടുന്നില്ലന്നും മറ്റും ഇങ്ങനെ ഒരു വചനവും ഈ രണ്ടുവത്സരത്തിന്നിടയിൽ ഒരിക്കലും പറഞ്ഞ ഞാൻ കെട്ടില്ല എന്നല്ല ഒരുത്തരും കെട്ടുവെന്നും സാക്ഷിയുമില്ല. അതെന്ത്യെ ഉണ്ടായിട്ടില്ല. പിന്നെയൊ എപ്പൊഴും കൊഞ്ചത്തുക്കുള്ളെ[4] എന്നുള്ള ഈ പുണ്യഉപദേശം പിടിച്ചുകൊണ്ട എല്ലാ വിനാഴികയും ഫലമുള്ളതാക്കി എടുക്കയും (P.12) കൊന്തയിരടിക്ക എന്നുള്ള വെലയും ഇങ്ങനെ കഴിച്ചുവന്നു.

57-ാം കാലം ചിങ്ങമാസം 15-ാംനു ബ. പ്രിയൊര പള്ളിപ്പുറത്ത പെരുന്നാൾ പഠാർത്ഥയ്ക്ക പൊയപ്പൊൾ പെ.ബ. മെത്രാനച്ചന്റെ കല്പനപ്രകാരം കൂനമ്മാവുങ്കൽ കൊവെന്തയായി നിയമിച്ചിരിക്കുന്നു - എന്നും ആയതിൽ ഉത്തിൻ പട്ടക്കാരെയും ക്ലെരിമാരെയും തെരിഞ്ഞെടുത്ത അവർക്കായിട്ടു തുടങ്ങിയാറെ ഇനി ഒരാൾ അല്ലാതെ ശെഷമുള്ളവര ഒരൊ മുടക്കാൻ പൊയിരിക്കയാൽ പെ. ബ. അച്ചന മനസ്സുകെടായിരിക്കകൊണ്ടു നിങ്ങൾക്കുള്ള റെഗുളയിൽ കൊവെന്തയ്ക്ക തക്ക സ്ഥലം തരപ്പെടുമെങ്കിൽ വെർവിട്ട കൊവെന്ത സ്ഥാപിപ്പാൻ അനുവദിച്ചിരിക്കുന്നുവെന്നും കല്പിച്ചിരിക്കുംവണ്ണം നിങ്ങൾക്കായി തന്നിരിക്കകൊണ്ട അവിടെ നിന്നും ബ. മുഞ്ഞനാട്ടു മത്തായി കത്തനാരച്ചനെയും ബ. കളപ്പുരക്കൽ മത്തായി കത്തനാരച്ച

കൂനമ്മാവു കൊവേന്ത മാന്നാനത്തെ സന്ന്യാസികൾക്കു നൽകപ്പെടുന്നു

1. വേദക്കുസ്ത.
2. കുർബാന വെക്കുന്ന ചെറിയ അരുളിക്ക.
3. കർത്താവെ അനുഗ്രഹിക്കണമെ എന്നു തുടങ്ങുന്ന സങ്കീർത്തനം.
4. കുറച്ചുള്ളത് ഉള്ളിൽ - തമിഴു പഴമൊഴി.

നെയും സൊപ്പിൽ യൌസ്സെപ്പ ശെമ്മാ. പാറപ്പുറത്ത ഗീവറുഗീസു ശമ്മാ. കൊന്തുരുത്തി പൌലൊസു ശമ്മാ. കൂനമ്മാവു കൊവെന്ത ക്കാരായി നിയമിച്ച ഒട്ടും താമസം കൂടാതെ അയക്കെണമെന്നും അവ രുടെ പായും തലവണയും പുസ്തകങ്ങളും പെരുമാറ്റത്തിനുള്ള ഉടുപ്പും പെട്ടിയും കൊണ്ടുപൊരണമെന്നും ശെഷമുള്ള ചിലവുകൾ ദൈവസ ഹായത്താൽ ഇവിടെ ഉണ്ടാകുമെന്നും കല്പന വന്ന പ്രകാരം ഉടൻ താമസിയാതെ ഇവിടെ വന്നു (P.13) എഴുതിയിരുന്ന ആളുകളിൽ കള പ്പുരക്കൽ മത്തായി കത്തനാരച്ചൻ നീക്കി ശെഷമുള്ളവരെ ആയക്കു കയും ചെയ്തു. ഇവര വരാപ്പുഴെ ചെന്ന പെ. ബ. അച്ചനെ കണ്ടുടൻ മഹാ സന്തൊഷത്തൊടുകൂടെ അവരെ കൂനമ്മാവുങ്കൽ യാത്രയാക്കി. ഇവര പുത്തൻപള്ളിയിൽ ഇറങ്ങിയപ്പൊൾ നാട്ടുവഴിയെ ഉണ്ടായിരുന്ന ഒരു പാദ്രി അച്ചനും വാരാപ്പുഴയ്ക്ക പൊകയും ചെയ്തു. നമ്മുടെ അപ്പത് ത്രൊപ്പാ[1] ആയ ബ. മർസ്ളിനൊസ മൂപ്പൻ പാദ്രി അച്ചൻ അവിടെ ഇവരെ കൈക്കൊണ്ടു അന്നു മുതൽ കൂനമ്മാവു നമ്മുടെ കൊവെന്ത യായി എല്ലാ ക്രമത്തൊടും ബ. മൂപ്പച്ചന്മാരിൽ ഒരുത്തൻ എല്ലാപ്പൊഴും അവിടെ താമസിക്കയും പെ. ബ. മെത്രാനച്ചൻ വ്യാഴാഴ്ചതോറും അവിടെ ചെല്ലുകയാലും എല്ലാം നമ്മെക്കാൾ അധിക വെടിപ്പോടും അടക്കത്തൊടും ഭക്തിയൊടും നടന്നുവരുന്നു.

കൊവേന്തയിൽ പുതിയ അംഗങ്ങൾ

58-ാം കാലം വരാപ്പുഴക്കാരൻ പ്രംസിസ്ക്കൊസും വെണ്ടുരുത്തി ക്കാരൻ യാക്കൊയും അൾമെനി ദർശനക്കാരും കുത്ത്യതോട്ടുകാരൻ മണവാളൻ പൌലൊസു കത്തനാരച്ചനും ഇരിമ്പൻ ഗീവറുഗിസ എന്ന വാലിഭക്കാരനും കുറെ കഴിഞ്ഞപ്പൊൾ മെലെഴുതിയ പൌലൊസു ശമ്മാശിന്റെ ജെഷ്ഠൻ കാനാട്ടു യാക്കൊവു കത്തനാരച്ചനും ആ കൊവെന്തയുടെ വിട്ടുകാരായി കൂടു കയും ചെയ്തു.

ഇങ്ങനെ ആൾ കൂടുകയാൽ അവിടെ കാസാ ഒന്നെയുള്ളു എന്നും പറഞ്ഞയയ്ക്കാൻ 78 രൂപാ കൊടുത്ത പ്രാംസയി[2]ൽ (P.14) നിന്നും രണ്ടു കാസ വരുത്തിയതിൽ ഒരു കാസായും ഒരു ധൂമക്കുറ്റിയും കൊടു ത്തയച്ചു.

ഇതിന്റെ ശെഷം ടി ആണ്ട കുംഭമാസത്തിൽ അരണാട്ടുകര കൊവെന്ത സ്ഥാപിക്കണമെന്നും മുൻ വടക്കുപുറത്ത പള്ളിക്കാര അപേ ക്ഷിച്ചിരുന്നാറെ അന്നിടവരാതെ കിടന്നിരുന്നതിനെ നിറവെറ്റണമെന്നും

1. മേൽശ്രേഷ്ഠൻ - സുറിയാനി വാക്ക്
2. ഫ്രാൻസ്.

എൽത്തുരുത്തു കൊവേന്ത സ്ഥാപിക്കുന്നതിനുള്ള ശ്രമം

പെ. ബ. മെത്രാനച്ചൻ തന്നെ ഉത്സാഹിച്ച കല്പന എഴുതി വടക്കുള്ള മല്പാനച്ചന്മാരും പള്ളിക്കാരും കൂടി പള്ളികൾക്ക വരിയിട്ട ഏതാനും പണവും പിരിച്ച ആയതിന്ന ഉത്സാഹിപ്പാൻ അരണാട്ടുകരെ മുൻ വിഗാരിയായിരുന്ന ആനക്കല്ലുങ്കൽ ഇടവകക്കാരൻ വല്യാട്ട ബ. ഇട്ടിരാ കത്തനാരച്ചനെ അരണാട്ടുകരെ വിഗാരിയായിട്ടും ഇതിന്റെ ഉത്സാഹക്കാരനായിട്ടും കല്പിച്ച ചെറിയ ഒരു കപ്പേളയും രണ്ടുനില മുറിയും ഇരുവശവും വരാന്തയും ചെർന്നു പള്ളിയൊടുകൂടി ഇങ്ങനെ തല്ക്കാലത്തിനായി ചമെച്ച ടി മാസം 2 നു ദെവമാതാവിന്റെ ശുദ്ധികരണ തിരുന്നാളിനു ബ. പ്രിയൊാര കല്പനപ്രകാരം ചെന്ന മാതാവിന്റെ തിരുനാമത്തിൽ കൊവെന്തപ്പള്ളിക്ക അടിസ്ഥാനക്കല്ലും വച്ച അന്നെ ദിവസം

ഏൽത്തുരുത്തു കൊവേന്തക്കു പ്രിയോർ കല്ലിടുന്നു.

കപ്പെളയിൽ കുർബ്ബാനയും ചൊല്ലി എന്നാൽ എടക്കൊളത്തു മല്പാനച്ചൻ, കല്പറമ്പിൽ മല്പാൻ മുതലായി വെണ്ടത്തക്ക പട്ടക്കാരും ജനങ്ങൾ തൃച്ചൂർ, ഒല്ലൂർ എനമ്മാവ, പഴെയൂർ ഇങ്ങനെയുള്ള പള്ളിക്കാരും കൂടി അന്നെ ദിവസം പള്ളിക്കടുത്ത വെഞ്ചനാദി മെഴുകുതിരി മുതലായത അരണാട്ടുകര പള്ളിയിൽനിന്നും പട്ടക്കാരു മുതലായവരുടെ തീൻ മുതലായ ചിലവ ആ എടവകക്കാരൻ ഇയാക്കുനൊനാ എന്നയാൾ ചിലവിട്ടതുമെന്നിയെ (P.15) കല്ലിട്ട പ്രിയൊാരച്ചന ഒരു കച്ചയും ഇയാൾ കൊടുത്തു വിണ്ട മെടമാസം പുതിയ ഞായറാഴ്ചയ്ക്ക കല്പനപ്രകാരം ഞങ്ങളിൽ സൊപ്പിൽ ഗീവറുഗീസ കത്തനാരച്ചനും വരാപ്പുഴക്കാരായ മാന്നാനത്ത കൊംവെന്തയുടെ വീട്ടുകാരായിരുന്ന രണ്ടു പൈതങ്ങളും കൂടെ അരണാട്ടുകരെ കൊംവെന്തയിൽ ചെന്ന പാർക്കയും ഇടവമാസത്തിൽ വീണ്ടും ഗീവറുഗീസ കത്തനാരച്ചൻ അറിവിക്കയാൽ കടവി. ആഗസ്തീനൊസു കത്തനാരച്ചനെയും ആ കൊവെന്തയ്ക്കു യാത്രയാക്കി അപ്പൊൾ അവിടത്തെ പെരുമാറ്റത്തിനായി വെള്ളയും ചുമപ്പുമായിട്ടുള്ള ദമാസ്ക്കിന്റെ ഒരു കുർബ്ബാന കുപ്പായവും ശെഷം ആൾവാ മുതലായതും അങ്ങൊട്ടു കൊടുത്തയച്ചു.

അപ്പൊൾ ഈ യാണ്ട മിനമാസത്തിൽ മുൻബാവെലിനു പൊയിരുന്ന കുടക്കച്ചിറ അന്തൊനിക്കത്തനാരച്ചൻ മരിച്ചുപൊയി എന്നും എഴുത്തു വരികയും ആയാൾ സ്ഥാപിച്ചിരുന്ന പ്ലാശനാൽ കൊംവെന്ത എന്നയിടത്തിൽ ഒരു പട്ടക്കാരൻ മാത്രം പെർത്തുവരികയാൽ മുൻ ടി അന്തൊനിക്കത്തനാരച്ചൻ ഈ സ്ഥലം സ്ഥാപിച്ചപ്പൊൾ കൊവെന്ത

യായി നടന്നുവരുവാനുള്ള വിഷമം കണ്ട ഈ സ്ഥലത്തുള്ള ഇടവക യായ അരുവിത്തുറ പള്ളിക്കാരുമായി ഒരുടമ്പടി എഴുതിവച്ചു. അതാ യത ഈ സ്ഥലം കൊവെന്തയായി സ്ഥാപിക്കുന്നതിന്ന ഞങ്ങൾ സമ്മ തപെട്ടിരിക്കുന്നതുമല്ലാതെ ഈ സ്ഥലം സംബന്ധിച്ച ഞങ്ങൾക്ക യാതൊരു സംബന്ധവും ഇല്ലായെന്നും ഇത ഒരു കാലം കൊവെന്ത യായി ഉറയ്ക്കാതെ ആൾ കൂടാതെയായി വരുന്നുവെംകിൽ ഞങ്ങ ളുടെ കുരിശുപള്ളിയായിട്ട പിടിച്ച നടത്തിക്കൊള്ളുന്നുവെന്നും ഇങ്ങനെ യിരിക്കയിൽ (P.16) ഈ അന്തൊനിക്കത്തനാരച്ചൻ മരിച്ച വിവരം അറിഞ്ഞപ്പൊൾ അരുവിത്തുറ ബ. വിഗാരി മുതൽ പെരെ ഈ വിവരം കണ്ട പെ. ബ. മെത്രാനച്ചനെ ബൊധിപ്പി ച്ചാറെ ഇത കൊംവെന്തയെന്നും നിയമിച്ച തുട ങ്ങുകയും പലരുടെ ധർമ്മംകൊണ്ടു ഇതുണ്ടാ യതും ആകയാൽ ഒരു പള്ളിക്ക ഒഴിഞ്ഞുകൊടുക്കുന്നത ശരിയല്ലെന്നും കൊംവെന്തയിൽ ചെല്ലുമ്പൊൾ ഈ കാര്യം വിചാരിക്കുമെന്നും കല്പി ക്കയും വീണ്ട ഇവിടെ വന്നപ്പൊൾ നമ്മുടെ പൈതങ്ങളിൽ പാലാക്കു ന്നെൽ യാക്കൊയും പഴെപറമ്പിൽ മാത്തനും സിമ്നാരിക്കാരിൽ ഒരു വാലിഭനും പള്ളിപ്പുറത്തു പടിക്കുന്നതിന്നാ ഒരു വാലിഭനും ഇങ്ങനെ 4 പെർക്ക ആസ്ഥപ്പാടും കൊടുത്തപൊകുന്നെരം ഈ സ്ഥലം നിങ്ങൾ വിചാരിച്ച കൊംവെന്തയായി നടത്തണമെന്നും ആയതിന്ന ഇപ്പൊൾ അവിടെയുള്ള കത്തനാരും കൂടെ നമ്മുടെ ദർശനം കൈക്കൊണ്ട ഈ ക്രമശട്ടപ്രകാരം നടന്നുകൊള്ളുന്നതിനു മനസ്സുണ്ടായിരുന്നാൽ ആ വിവരം അറിയിയ്ക്കണമെന്നും കല്പിച്ച പൊകയും പിന്നിട ആ കത്ത നാരച്ചൻ ഈ വിവരത്തിന്ന അയാളുടെ മനസ്സൊടെതന്നെ ഇനിക്കെ ഴുതികൊടുത്തയച്ചു.

പ്ലാശനാൽ കൊവേന്ത ഏറ്റെടുക്കുന്നു

ഇതായത കുടക്കച്ചിറ അന്തൊനി കത്തനാരച്ചൻ ബാവേലിന്ന പൊയാറെ വഗദാദിൽ ചെന്നപ്പൊൾ മരിച്ചുപൊക കൊണ്ടും ഇനി ഞാൻ അല്ലാതെ ഈ സ്ഥലത്തിൽ ആരും ഇല്ലായ്കയാലും പെ. ബ. അച്ചനെ ബൊധിപ്പിച്ച എന്നെയും ഈ സ്ഥലത്തെയും കല്പനപ്രകാരം നടത്തിക്കൊള്ളണമെന്നും അപെക്ഷിക്കയാൽ ഇപ്രകാരം തന്നെ പെ. ബ. അച്ചന്റെ പെർക്കു ഒരപേക്ഷ എഴുതിക്കൊടുത്തയക്കണമെന്നും അപ്പൊൾ ഈ കാര്യം നിവർത്തിയാകുമെന്നും ഞാൻ മറുപടി എഴുതു കയും (P.17) അപ്രകാരംതന്നെ ടി കത്തനാരച്ചൻ മെത്രാനച്ചന എഴു തുകയും ആ എഴുത്തിൽ തന്നെ പ്ലാശനാൽ കൊവെന്ത നിങ്ങളെ ഏല്പിച്ചിരിക്കയാൽ അവിടെനിന്നും ഏതാനും ദർശനക്കാരെയും

കൊണ്ടുചെന്ന അവിടെയുള്ള പട്ടക്കാരനെയുംകൂട്ടി കൊംവെന്തയ്ക്കടുത്ത ക്രമശട്ടങ്ങൾ നടത്തി ബ. കൊച്ചുപുരയ്ക്കൽ കുര്യാക്കൊസു കത്തനാരെ ആ കൊംവെന്തയുടെ വിഗാരിയായിട്ട നിയമിച്ചാക്കി കുറെ നാൾ താനും കൂടെ അവിടെ പാർത്ത ശെഷം അവരെ ഏല്പിച്ചും വച്ചു പൊന്നുകൊള്ളണം. ഇപ്രകാരം ബ. പ്രിയൊരിന്ന എന്നുള്ള കല്പനയും വരികയാൽ ഏറെ താമസിയാതെ ഞാനും കൊവെന്തയിൽ ഉൾപ്പെടാതെ കൊവെന്തയിൽ പുറമെയുള്ള മുറിയിൽ പാർത്തു വരുന്നു ബ. കല്ലൂത്ര കൊരകത്തനാരച്ചനുമായി പ്ലാശനാൽ ചെന്ന വിവരം അറിഞ്ഞ പിന്നിട ശെഷംപെരെ കൊണ്ടുപൊയി കൊള്ളാമെന്നും നിരൂപിച്ച പൊയി അവിടെ ചെന്നു കണ്ടതിന്റെ ശെഷം പെരുമാറുവാൻ തക്കവണ്ണം രണ്ടു പള്ളിയും മൂന്നു വശവും ഈരണ്ടു മുറികളും രണ്ടു വാദ്യപുരയും ഇങ്ങനെ 1000 ചക്രം കെട്ടിമെച്ചിലിനുള്ള സ്ഥലവും പണിയും ചെയ്തിരിക്കുന്നു. എന്നാൽ ഇതിൽ ഒന്നും ഉറപ്പും വെടിപ്പും ഇല്ലാത്തതും ചില പണി കണിയാരകൂട്ടായിട്ടും ഇങ്ങനെ തല്ക്കാലത്തിന്നുള്ള വെലയല്ലാതെ നില്ക്കപ്പെടുവാൻ തക്കതായി ചെയ്തിട്ടില്ലാത്തതും സ്ഥലവും മലയരികിലും അധിക തണുപ്പും ഉള്ളയിടമാകയാലും കാലം മുൻവർഷവും മലംപനിയുടെ സമയവും ആക കൊണ്ടും ഇപ്പൊൾ പുത്തനായിട്ട ഇവിടെ പാർത്താൽ ഒരു പ്രകാരവും സുഖമാകയില്ല എന്നും ഇനിക്കും പലർക്കും തൊന്നുകയും അപ്പൊൾ തനിച്ചാളിൻവശം പെ. ബ. അച്ചന്റെ കല്പന ഇതായ ഞാൻ (P.18) മാത്രമെ പൊയിട്ടുള്ളു എന്നു കെൾക്കയാൽ ഇന്നയിന്നാളുകളെ കൂടെ അവിടെ താമസിപ്പിച്ചു കൊള്ളണമെന്നും മുറകിയുള്ള ഒരു കല്പന പാലായിൽ ഞാൻ ചെന്നപ്പൊൾ പുറകെ വന്നു എംകിലും സ്ഥലത്തിന്റെ അവസ്ഥ മുഴുവനും ബൊധിപ്പിച്ചായി കൊള്ളാമെന്നും വച്ച തിരികെ വന്ന ഉടൻ വരാപ്പുഴെ ചെന്ന വിവരം ഒക്കെയും ബൊധിപ്പിച്ചാറെ മഴയുടെ തുടക്കം കഴിയട്ടെ എന്നും വിണ്ട ഇപ്പൊൾ ഒരാളെ മാത്രം അയച്ചാൽ മതി എന്നും കല്പന വരികയാൽ ബ. നമ്മുടെ കൂടപ്പിറപ്പ കൊച്ചുപുരക്കൽ കുര്യാക്കൊസു കത്തനാരച്ചനെ കുറെ നാളത്തെയ്ക്കായി നിയമിച്ചയക്കയും അപ്പൊൾ ഞാറയ്ക്കൽ വലിയ ഗീവറുഗീസിനെയും അവന്റെ അപെക്ഷയാൽ യാത്രയാക്കി ഇതിനെ നിശ്ചയിച്ചപ്പൊൾ അതിരമ്പുരെ പീടിയെക്കൽ തൊമ്മായുടെ മകൻ കുര്യൻ എന്ന പൈതലിനെ കൊവെന്തയ്ക്കായി നിശ്ചയിച്ചിരിക്കുന്നു എന്നും കുറെ നാൾ കുറിയാക്കൊസു കത്തനാരച്ചനൊടുകൂടെ ഒരുമിച്ച പ്ലാശ

> പ്ലാശനാൽ കൊവേന്തയിലേക്കു ആളുകളെ അയക്കുന്നു.

നാൽ താമസിക്കട്ടെ എന്നും അവന്റെ അപ്പന്റെ അപെക്ഷയാകയാൽ ആയ്തിൻവണ്ണം അവനെയും കൊണ്ടുവരിക കൊണ്ട ഇവനെയും കൂടെ യാത്രയാക്കി. ഇങ്ങനെ ഈയാളുകൾ മൂവരെയും മറ്റു ചില ആവശ്യ ത്തിന്നായിട്ട കളത്തിൽ സ്ക്കറിയാ കത്തനാരച്ചനെയും മെലെഴുതിയ കല്ലൂത്ര അച്ചനെയും കൂട്ടി നമ്മുടെ വലിയ കെട്ടുവള്ളത്തിൽ യാത്ര യാക്കി. ഇങ്ങനെ പ്ലാശനാൽ കൊംവെന്ത എന്നു പറവാൻ തക്കവണ്ണം തുടങ്ങിയിരിക്കുന്നു.

ഈ ആണ്ട ഇതായത: 58-ാം കാലം മിഥുനമാസത്തിൽ പള്ളിപ്പു റത്ത എടവകക്കാരൻ മംഗലത്ത ബ. വെച്ചൂർ വിഗാരിയായിരുന്ന യാക്കൊബു കത്തനാരച്ചനും പുളിങ്കുന്നു എടവകക്കാരൻ ടി യിൽ (P.19) വിഗാരിയായിരുന്ന പുത്തൻപുരയ്ക്കൽ സ്കറിയാ കത്തനാര ച്ചനും കൂടെ നമ്മുടെ കൊവെന്തയിൽ ചെർന്നു.

ടി വൃശ്ചികം 1-നു സകല ശു: പെരുന്നാൾ ദിവസിയിൽ പ്രിയൊര ച്ചൻ അരണാട്ടുകരെ കൊവെന്തയിൽ അന്വെഷത്തിനായി പൊയി വരുമ്പൊൾ വള്ളുള്ളിയിൽ കൊവെന്തയിൽ ഇരിക്കും കുത്ത്യതൊട്ടു കാരൻ മണവാളൻ പൌലൊസു കത്തനാരച്ചനും കൊന്തുരുത്തിൽ കാനാട്ടു യാക്കൊബു കത്തനാരച്ചനും പറഞ്ഞൊപ്പു കൊടുത്തു.

59-ാം കാലം മകരത്തിൽ പെ. ബ. മെത്രാനച്ചന്റെ വിശീത്തയിൽ ആരക്കുഴെ എടവകയിൽ വാഴക്കുളം കരയിൽ ബ. നമ്പ്യാപറമ്പിൽ കത്തനാരച്ചൻ മുഖാന്തിരമായി പണിയിച്ചിരുന്ന കുരിശുപള്ളിയും മുറിയും ആദെഹം തനിച്ച കുറ്റിക്കാടു പറിപ്പിച്ച തയി മുതലായ വൃക്ഷ ങ്ങളും വച്ചു പിടിപ്പിച്ച അനംദ്രവൻ ശമ്മാച്ചന്റെ പെരിൽ പതിപ്പിച്ചി രുന്ന പറമ്പും കൂടെ നമ്മുടെ കൊവെന്തയ്ക്കായി ഒഴിഞ്ഞു തരിക യാൽ ഉടൻ പെ. ബ. അച്ചൻ ചെന്നു കണ്ട സന്തൊഷിച്ച കർമ്മെല എന്ന പെരും വിളിച്ച കൊവെന്തയ്ക്കായി സ്ഥാപിക്കയും പിന്നീട നൊയമ്പു വീടി മൂന്നാം ഞായറാഴ്ച നമ്മുടെ പിതാവു മാർ യൌ സെപ്പു പുണ്യവാളന്റെ പെരുന്നാൾ ദിവസം മെലെഴുതിയ കാനാട്ട ച്ചനെ ആ കൊവെന്തയിൽ വിഗാരിയാക്കി ബ. കളപ്പുര യ്ക്കൽ മത്തായി അച്ചനെയും പാലയ്ക്കൽ ബ. കുര്യ ച്ചനെയും വള്ളുള്ളി കൊവെന്തയിൽ പാർത്തിരുന്ന രണ്ട അൾമെനി ദർശനക്കാരെയും ആ കൊവെന്തയുടെ വീട്ടുകാരായി നിയമിച്ച യാത്രയാക്കുകയും അപ്പൊൾ മാന്നാനത്തു കൊവെന്തയിൽ നിന്നും കാസാ കുപ്പായം, രൂപം, ക്ലൊക്ക മുതലാ യതു കൊടുത്തയക്കുകയും ചെയ്തു. (P.20) ടി ആണ്ട കർക്കടകമാസം

വാഴക്കുളത്തു കർമ്മെല കൊവേന്ത സ്ഥാപിക്കുന്നു.

1-നു ബ. തട്ടാച്ചെരിൽ ആഹാ സക്കറിയായെയും തൊപ്പിൽ ബ. ആഹാ യൌസെപ്പിനെയും പാറപ്പുറത്തു ആഹാ ഗിവറുഗിസിനെയുംകൂടെ ഒരുമിച്ച വള്ളുള്ളിൽ കൊവെന്തയിൽ വച്ച പറഞ്ഞൊപ്പു ചെയ്യിച്ചു. അന്നെ ദിവസം പെ. ബ. നമ്മുടെ അടിസ്ഥാനക്കാരൻ മർസ്സിനൊസു മൂപ്പച്ചൻ പ്രിയൊരച്ചന്റെ അപെക്ഷപ്രകാരം എത്രയും ചിതവും താല്പര്യവും കനവുമുള്ള ഒരു പ്രസംഗം ചെയ്തു.

ധനു 25-ാം നു വെള്ള സ്കാപ്പുളറാ ളൊവായുടെ മീതെ ഇടുവാൻ കല്പിച്ചു അപ്പൊൾ മാന്നാനത്തു കൊവെന്തയിൽ പാർത്തിരുന്ന ചെറു പൈതങ്ങളായ ഏഴുപെരെയും ന്യായപള്ളിൽ ശമ്മാശനെയും വള്ളുള്ളിൽ കൊവേന്തയ്ക്ക് അയപ്പാൻ കല്പന ആകയാൽ കന്നിമാസം 7-ാം നു അവരെയും അതൊടുകൂടി ചാവറ യൌസെപ്പു ശെമ്മാശന്ന കുർബ്ബാനപട്ടം കൊടുപ്പാനുള്ളതിന്ന കല്പനപ്രകാരം അയാളെയും ബ. മുഞ്ഞനാട്ടു ആഹാ മത്തായിയൊടുകൂടെ യാത്രയാക്കുകയും ചെയ്തു.

സ്കാപ്പുലർ ധരിക്കുവാൻ തുടങ്ങുന്നു.

60-ാം കാലം കുംഭം 24-ാം നു പെ. പെ. ബ. നമ്മുടെ വല്യ ശ്രെഷ്ഠൻ ബ. മെത്രാപ്പൊലീത്താച്ചനും അടി: പെ. ബ. പ്രെമസ്സിനു മൂപ്പച്ചനും കൂടെ വിശിത്ത കഴിഞ്ഞിവിടെ വന്നു. അപ്പൊൾ എ. പെ. ബ. കാർളൂസ മെത്രാനച്ചൻ റൊമ്മായ്ക്കു പൊകുമ്പോൾ ഞാൻ അപെക്ഷിച്ചിരുന്ന പ്രകാരം നമ്മുടെ ഈ പള്ളിയിൽ പ്രധാന അൾത്താര പ്രിവിലെജിയും[1] മറ്റും ശു: പീയൂസ 9-ാമൻ പാപ്പായെ ബൊധിപ്പിച്ചുടനെ ഗുണമായി തന്നിരിക്കുന്നു എന്നും മെലെഴുതിയ പെ. ബ. മെത്രാനച്ചന്റെ എഴുത്ത നമ്മുടെ മെത്രാപ്പൊലീത്താച്ചനു വരികയും എന്നൊടു കല്പിക്കയും ചെയ്തു. (P.21) 24-ാം നു പൊകുമ്പൊൾ മുരിക്കൻ വർക്കിയെയും കൂടെ വെള്ളുള്ളിലെയ്ക്കു കൊണ്ടുപൊയി.

മാന്നാനത്തെ പ്രധാന അൾത്താരയ്ക്കു ചില ആനുകൂല്യങ്ങൾ

മീനം 14-ാം നു തൈയ്യിൽ പൊത്തനെയും രണ്ടു നാലു ദിവസം കഴിഞ്ഞ കൊന്തുരുത്തിൽ കുടിലിൽ ആഗുസ്തിനൊസിനെയും 27-ാം നു ബ. പ്രെ. മർസലീനു മൂപ്പച്ചൻ വിശീത്തയ്ക്കായിയും പുത്തൻ മിസ്സെ: പ്രൊ- യൌസെപ്പു മൂപ്പച്ചൻ മലയാളം പഠിപ്പാനുമായി ഇവിടെ വന്നപ്പൊൾ മാഞ്ഞൂർ യൌസെപ്പിനെയും കൊവെന്തയിൽ നിന്നു തള്ളു

1. ഇതൊരു പ്രത്യേകാനുകൂല്യമാണ്. ഈ ആനുകൂല്യം സിദ്ധിച്ചിട്ടുള്ള അൾത്താരകളിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലികൾക്കു ചില പ്രത്യേക ദണ്ഡവിമോചനങ്ങളുണ്ട്.

മാന്നാനത്തെ സന്യാസ സമൂഹം ക. നി. മൂ. സ. ആക്കുന്നതിനുള്ള കാനോനിക സന്ദർശനം

കയും ചെയ്തു. എന്നാൽ മൂപ്പച്ചൻ വന്നപ്പൊൾ നമ്മെ കൂടെയും കർമ്മെലീത്താ ദിസ്ക്കാൾസ എന്ന ദർശനത്തിൽ തെർസ്യാരി എന്ന റെഗുളയ്ക്കടുത്ത ദർശനക്കാരായി കൈക്കൊണ്ടിരിക്കുന്നു എന്നും ആയതിന്നടുത്ത ക്രമത്തിലുള്ള വിശീത്ത ചെയ്പാനായി നമ്മെ കല്പിച്ചയച്ചിരിക്കുന്നു എന്നും അറിവിച്ച ഈ വിശീത്ത കഴിയുംവരെ കൊവെന്തയ്ക്കു പുറത്ത പുറപ്പെടുവാൻ നമ്മുടെ അനുവാദം കൂടാതെ വഹിയാ എന്നും രഹസ്യത്താലെയും തനിച്ചും ചൊദിക്കുന്നതൊക്കയും ദർശനക്കാരർക്കടുത്ത പരമാർത്ഥത്തൊടു കൂടെ അറിവിച്ചുകൊള്ളണമെന്നും കടപ്പെടുത്തി കല്പിക്കയും വീണ്ടും വല്യ ആഴ്ചയുടെ ചൊവ്വാഴ്ച രാത്രിയിൽ ഊട്ടുപുരയുടെ മീതെയുള്ള ചാലയിൽ ഞങ്ങൾ ഒരുമിച്ചു മുട്ടുകുത്തി ശുദ്ധ: മാർപ്പാപ്പായ്ക്കടുത്ത ദൊഷം പൊക്കിപ്പും കഴിച്ച ദൊഷപൊറുതിയും തരികയും ചെയ്തു. ബുധനാഴ്ച പുതുച്ചെരിൽ പെ. ബ. വിശീത്തദൊര മെത്രാനച്ചനൊടുകൂടെ വരാപ്പുഴയ്ക്ക പൊകയും പെ. ബ. യൌസെപ്പു മൂപ്പച്ചൻ ഇവിടെ പാർക്കുകയും ചെയ്തു.

വീണ്ടും വണക്കമാസം ..........[1] നു വന്നപ്പൊൾ ന്യായപ്പള്ളിൽ ശമ്മാശനെ കൊവെന്തയിൽ നിന്നു നീക്കി സിമ്നാരിയിൽ ആക്കുന്ന (P.22) തിനായി കൂടെ കൊണ്ടുവരികയും അപ്രകാരം സ്കപ്ളാരും നീക്കി സിമ്നാരിയിൽ ആക്കി. ഈ മാസം 15-നു പ്ലാശനാൽ പാർത്തിരുന്ന

കളപ്പുരയ്ക്കൽ മത്തായി അച്ചന്റെ രോഗവും മരണവും

നമ്മുടെ ആഹാകളപ്പുരയ്ക്കൽ മത്തായി അച്ചൻ മലമ്പനിയിൽ പിടിപെട്ടുവെന്നും അവിടെ ആരും ഇല്ലായ്കയാലും ഈ പനി പകർച്ചയുള്ളതാകയാലും വീട്ടിലെങ്കിലും ളാലത്തുപള്ളിയിലെങ്കിലും വരുത്തി പാർപ്പിച്ച ശികിത്സിപ്പിപ്പാൻ അനുവാദം കൊടുക്കണമെന്നും ആദെഹത്തിന്റെ അപ്പന്റെ എഴുത്തിവിടെ വന്നു. അപ്പൊൾ അത്രെ ഈ വർത്തമാനം അറിഞ്ഞത ഉടൻ തന്നെ നമ്മുടെ ആഹാ അൾസാൻദ്ര യൌസെപ്പു പട്ടക്കാരനെ ഏതു വിധത്തിലെങ്കിലും ഇങ്ങൊട്ടു കൊണ്ടുപൊരുവാൻ ആയിട്ട യാത്രയാക്കി ആദെഹത്തിന്നും കുറെ നീരിളക്കം പൊലെ ഉണ്ടായിരുന്നു. ആയതു വിചാരിക്കാതെ കാൽനടയായി പാലായിൽ ചെന്നപ്പൊൾ അവിടെ കൊണ്ടുവന്നിട്ടുണ്ടായിരുന്നതിനാൽ വീണ്ടും അൾസാൻദ്ര യൌസെപ്പ പ്ലാശനാൽ ചെന്ന പള്ളിയും വസ്തുക്കളും അരുവിത്തറ

1. തീയതി എഴുതുന്നതിനുള്ള സ്ഥലം വിട്ടിരിക്കയാണ്.

വിഗാരി അച്ചനെ ഏൾപിച്ചും വച്ച പാലായിൽ വന്ന ഒരു വള്ളത്തിൽ മത്തായി അച്ചനെ കരെറ്റി വണക്കമാസകടശിയിൽ ഇവിടെ കൊണ്ടു വരികയും ചെയ്തു അപ്പൊൾ അധിക വിഷമം തൊന്നിയില്ല. വീണ്ടും ശരീര ചികിത്സയും നമ്മുടെ റെഗുളപ്രകാരം അരൂപിക്കടുത്ത ശികിത്സയും ചെയ്തുവന്നാറെ അടക്കം കാണായ്കയാൽ യാത്രയാകണം എന്നറിവിച്ചപ്പൊൾ മാത്രമെ ദീനം കുറെ കട്ടിയെന്ന ആദെഹത്തിനു തൊന്നിയുള്ളു. അപ്പൊൾ തുടങ്ങി പിന്നെ ലൊക ശികിത്സകൾ ഒന്നും വിചാരിക്കാതെ യാത്ര ഒരുങ്ങി കു. കു. കൈക്കൊണ്ട മിഥുനമാസം (P.23) 19-നു 9 മണിക്ക പ്രിയൊരു ഒപ്രൂശമായും കൊടുത്തു 22-നു 9 മണിക്ക പ്രിയൊര ദിവ്യമാത്രയിൽ എഴുതിയിരിക്കുന്നതിനെ വായിച്ച അപ്രകാരം ഒരു കൈയിൽ തൂങ്ങപ്പെട്ട കുരിശും മറുകൈയിൽ ശുദ്ധ: ദൈവമാതാവിന്റെ രൂപവും പിടിച്ച ചൊൽവാനുള്ളതും ചൊല്ലി ആത്മം കർത്താവിന്റെ തൃക്കൈയിൽ ഏല്പിക്കയും ചെയ്തു. വീണ്ടും ആ ആസ്ഥപ്പാടൊടെ തന്നെ വെന്തീഞ്ഞിൽ ദൊഷപൊറുതിയും പെ. ബ. യൌസെപ്പു മൂപ്പച്ചൻ വിശെഷാൽ കുരിശു മുത്തിച്ച ഒരു മുഴുവൻ ദൊഷപൊറുതിയും കൊടുത്തു. 12 മണിയിൽ പകർന്ന ഈ മണിയുടെ ഒടുക്കം ആത്മം വെർപെടുകയും ചെയ്തു. 23-നു ശനിയാഴ്ച നമ്മുടെ ക്രമത്തിൻപ്രകാരം റാസയും ചൊല്ലി ക്രമങ്ങളും കഴിച്ച 12 മണിയുടെ ഒടുക്കത്തുംകൽ അടക്കംചെയ്തു. ധ്യാനിപ്പിക്കുന്നതിനും പടാർത്ഥ പറയുന്നതിന്നും കുമ്പസാരിപ്പിക്കുന്നതിനും മടിയില്ലാത്ത ദൈവവെലക്കാരനായിരുന്നു.

61 കാലം കന്നിമാസം ........... [1] നമ്മുടെ ആഹാ പാലാ പുത്തൻപള്ളി എടവ്കക്കാരൻ മുഞ്ഞനാട്ടു മത്തായി അച്ചൻ അരണാട്ടുകാരെ നമ്മുടെ കൊവെന്തയിൽ പാർത്തിരിക്കയിൽ പനിയുടെ ദീനത്താൽ നല്ല മരണം പ്രാപിച്ചു. അവിടെയുണ്ടായിരുന്ന ചെറിയ കപ്പെളയിൽ തന്നെ അടക്കം ചെയ്തു.

മുഞ്ഞനാട്ടച്ചന്റെ മരണം

[2](P.24) ഈ കാലങ്ങളിൽ ഉണ്ടായിരിക്കുന്ന വെദകലാപം എഴുതുവാൻ എത്രയും ആവശ്യംതന്നെ എന്നതുകൊണ്ട അല്പം ഓർപ്പിക്കുന്നു. ഇതായത ഈ മലയാളത്തിൽ അല്പ നന്മയുണ്ടാകുവാൻ തക്ക വണ്ണം നമ്മുടെ പെരിയ. ബ. വല്യ ശ്രെഷ്ടനായ പ്രെബർണദീനൊസു മെത്രാപ്പൊലീത്തച്ചന്റെ ഉത്സാഹത്താൽ പള്ളികളിൽ നല്ല മര്യാദകളും

1. തീയതി എഴുതുന്നതിനുള്ള സ്ഥലം വിട്ടിരിക്കയാണ്.
2. ഇതുമുതൽ റോക്കോസ് ശീശ്മയുടെ ചരിത്രം തീയതിമുറയ്ക്ക് ചാവറയച്ചൻ നാളാഗമത്തിൽ എഴുതുകയാണ്.

ബർണർദീനോസ് മെത്രാപ്പോലീത്തയുടെ കാലത്തുണ്ടായ ചില നേട്ടങ്ങൾ

നടത്തി കൊവെന്തകളും ഉണ്ടാക്കി ധ്യാനം വിസീത്ത മുതലായതും തുടങ്ങി കന്യാസ്ത്രിമഠത്തിന്നും ആരംഭിച്ച പുസ്തകങ്ങളും അടിപ്പിച്ച വണക്കമാസം നൊവെന വീയസാക്ര യിങ്ങനെയുള്ള പുണ്യങ്ങളും തുടങ്ങിവരികയിൽ നമ്മൾക്ക ശത്രുവായ പിശാചിന്റെ മറയപ്പെട്ട ഉപദേശത്താൽ ഇതിനെ ഒക്കെയും നശിപ്പിച്ച തിന്മയുടെ വാതിൽ തുറപ്പാൻ തക്കവണ്ണം ഒരു കലാപം ഉണ്ടായി. ഇതായത മുൻ നമ്മുടെ കൊവെന്തയ്ക്ക എതിരായി ഒരു കൊവെന്തയുണ്ടാക്കണം എന്നും ഭാവിച്ച പാലാപള്ളി എടവകക്കാരൻ കുടക്കച്ചിറ അന്തൊനി കത്തനാരച്ചൻ തലപ്പിലാത്ത പ്ലാശനാൽ എന്ന ഒരു സ്ഥലത്ത ഒരു ചെറിയ പള്ളിയും ചില സൂത്രമുറികളും ഉണ്ടാക്കി ഒന്നു രണ്ടു പട്ടക്കാരെയും

റോക്കോസ് കലാപത്തിനു കാരണം

കൂട്ടി പത്തുപന്ത്രണ്ടു വാലിഭക്കാരെയും ചെർത്ത അവർക്ക പട്ടംകൊടുക്കണമെന്നും മുൻ വിഗാരി അപ്പസ്തൊലിക്കാ ആയിരുന്ന പ്രെളുദവിക്കൊാസ എന്ന പെ. ബ. മെത്രാപൊലീത്തായൊടപെക്ഷിച്ചാറെ ഇതിന്ന ഒരുറപ്പു കാണാതെയും പത്രിമൊനി കൂടാതെയും ഈ വാലിഭക്കാർക്കെ പട്ടം കൊടുത്തുകൂടാ എന്നു കല്പിച്ചതിനാൽ വാശിയൊടുകൂടെ വരാപ്പുഴെ നിന്നു പുറപ്പെട്ടപ്പൊൾ വഗ്ദാദിൽനിന്നും ദനഹാ എന്ന ഒരു പട്ടക്കാരൻ പാത്രിയാർക്കീസിനൊടു മറുതലിച്ച ഈ ദിക്കുകളിൽ (P.25) വന്നിരുന്നു. എന്നയാൾ കുറവിലങ്ങാട്ട പനങ്കുഴ എന്ന ശീസ്മപട്ടക്കാരനൊടുകൂടി സുറിയാനി മെത്രാനെ വരുത്തുവാൻ പള്ളിക്കാരുടെ എഴുത്തുണ്ടാക്കുവാൻ ഭാവിച്ചു തുടങ്ങിയിരിക്കയാൽ തന്റെ സിദ്ധാന്തം സാധി

അസംതൃപ്തരായ ചിലർ കുറവിലങ്ങാട്ടു സമ്മേളിക്കുന്നു.

പ്പാനും മെത്രാപൊലിത്താച്ചനൊട എതൃപ്പാനും ഇത നല്ല വഴി എന്നു കണ്ട പനങ്കുഴയും ദനഹായും കൂടിച്ചമെച്ചമാല ഈ കുടുക്കച്ചിറ അന്തൊനി കത്തനാരച്ചൻ വാങ്ങിച്ച കഴുത്തിൽ ഇട്ടുംകൊണ്ട ഉപായത്താൽ പള്ളിക്കാരെക്കൊണ്ട ഒരപെക്ഷ എഴുതിയുണ്ടാക്കി ഇതായത സുറിയാനി മെത്രാനെ തരെണമെന്ന ഇതു തുടങ്ങിയപ്പൊൾ മറ്റു കാരണത്താൽ പെ. ബ. അച്ചൻ ഇയാളെ അംശം മുടക്കി. ആ കല്പന പുറപ്പെട്ടപ്പൊൾ ഇവിടെ നിന്നും മദ്രാസ്തയ്ക്കു പൊയി അവിടെ നിന്ന ബോംബയിൽ ചെന്നു പാർത്തുംകൊണ്ട ആനക്കല്ലുംങ്കൽ എടവകക്കാരൻ തൊണ്ടിനകത്ത അന്തൊനി കത്തനാരച്ചനെയും വരുത്തി ഇവരിരുവരും ചില പൈതങ്ങളും കൂടെ വാഗ്ദാദിൽ ചെന്ന യൌസെപ്പു പാത്രിയർക്കിസിനെക്കണ്ട ആദെഹത്തെക്കൊണ്ടും റൊമ്മായ്ക്ക എഴു

തിച്ചും വച്ച വീണ്ടും ഈ കുടുക്കച്ചിറ ഇവിടെ വന്ന രണ്ടാമതും പള്ളിക്കാരെക്കൊണ്ട മെത്രാനെക്കൊണ്ടുവന്നാൽ ഓരോ ആണ്ടത്തെ പള്ളി വരവു കൊടുത്തുകൊള്ളാമെന്നും മറ്റും ചില എഴുത്തുകൾ വാങ്ങി

കുടക്കച്ചിറയും അനുയായികളും ബാബേലിലേയ്ക്ക്

പ്പാൻ നടക്കുകയും അപ്പൊൾ പെ. ബ. അച്ചൻ ഇയാൾക്ക മഹറൊൻ ചൊല്ലി. ഇതും സമ്മതിക്കാതെ മുടക്ക ഏറ്റും കൊണ്ട കുറെ താമസിച്ച കാനാട്ടിക്കാരൻ ഇല്ലിക്കൽ കത്തനാരച്ചനെയും കുഴിഞ്ഞാലി പാണ്ടിയാംമാവൻ ഇങ്ങനെ രണ്ടു ശമ്മാശന്മാരെയും പത്തു പന്ത്രണ്ട കിടാങ്ങളെയും കൊണ്ട രണ്ടാമതും വഗ്ദാദിന്ന പൊയി അവിടെ ചെന്ന എത്തിയ ഉടൻ കുടുക്കച്ചിറ മരിക്കയും പിന്നിട്ട ഇല്ലിക്കനും ചില പൈതങ്ങളും (P.26) മരിക്കയും പാണ്ടിയാമ്മാവൻ എന്ന ശമ്മാശ കെറിയിറങ്ങി മലയാളത്തിൽ വരികയും ചെയ്തു. എംകിലും മുൻ എഴുതിയ തൊ: അന്തൊനി കത്തനാരച്ചനും കുഴിഞ്ഞാലി ശമ്മാശും ശെഷിച്ച വാലിഭക്കാരും അവിടെതന്നെ പാർത്തുവന്നു. ഇതിനാനെ കുഴപ്പം ഒക്കയും തീർന്നു പൊയി എന്നു നിരൂപിച്ചിരുന്നു.

എംകിലും കൈപ്പകളുടെ വെരമുളപ്പ പുറപ്പെടുത്തും അതിനാൽ പലരും നശിക്കും എന്ന എഴുതിയിരിക്കുംവണ്ണം ഇവിടെ അവിടെ കിടന്ന ചെയ്തവെലയാൽ മൂസാലിൽ ഉള്ള ജനങ്ങളെ വാശി

സുറിയാനി മെത്രാനെ കിട്ടാൻ പാത്രിയർക്കീസിന്റെ പക്കൽ അപേക്ഷ. റോക്കോസ് മെത്രാനെ വാഴിക്കുന്നു.

കിളർത്തിച്ച അതിനൊടുകൂടെ ആദെശത്തിലുള്ള ചില മെത്രാനച്ചന്മാരുംകൂടി പാത്രിയർക്കീസിനെ മുട്ടിച്ചാറെയും ശു: മാർപ്പാപ്പായുടെ കല്പന കൂടാതെ ചെയ്കയില്ലെന്നും പറഞ്ഞു നിന്നു. എംകിലും തീർച്ചയിൽ മെത്രാന്മാരും ജനങ്ങളും കൂടി ശു: മാർപ്പാപ്പായുടെ ദെലഗാദ അപ്പസ്തൊലിക്കായൊടും മിസ്യൊനാരിമാരൊടും ഉള്ള നിരപ്പുകെടാൽ ഇതായത ചൊവ്വെ നടപ്പാൻ ഉള്ള മനസ്സില്ലായ്കയാൽ അവരൊടു മുറിവാൻ ഇത ഒരു സംഗതിയും സമയവും എന്നുറച്ച പാത്രിയർക്കീസ ബാവായെയും പറഞ്ഞുതട്ടിച്ച കാലാട്ടു ദെശത്തുള്ള മാർതൊമ്മയെന്ന യാളിനെ മെത്രാനായിട്ടു വാഴിച്ചു. ഈ വിവരം അവിടെ നടന്ന ഉടൻ മെസപ്പെത്തൊമ്യായുടെ ദെലഗാദ അപ്പസ്തൊലിക്ക ആയ മെത്രാപ്പൊലിത്താ പെ. ബ. നമ്മുടെ മെത്രാപ്പൊലിത്താച്ചന്ന എഴുതി അറിവിക്കയും മെത്രാപ്പോലിത്താച്ചൻ ആയത മലയാം ഭാഷയിൽ പകർത്തി അച്ചടിപ്പിച്ച പള്ളികളിൽ പരസ്യം ചെയ്തു. ഇതായത വഗ്ദാദിൽ ഇരിക്കുന്ന കത്തൊലിക്കക്കാരനായ കൽദായ പാത്രയർക്കീസും അയാളുടെ കീഴുള്ള

അഞ്ചു മെത്രാന്മാരും കൂടി ശുദ്ധ സിംഹാസന (P.27) ത്തിലെ തീർച്ച യായിട്ടുള്ള കല്പനയൊടു മറുത്ത രണ്ടു പട്ടക്കാരർക്ക വാഴ്ച കൊടുത്ത മലയാളത്തിന്ന അയക്കുന്നതിന്ന ഭാവിച്ചിരിക്കുന്നു. ഇതു സംഭവിച്ചാൽ ഈ നിർഭാഗ്യപ്പെട്ട തർക്കത്തിന്റെ അവസാനം പാർത്തി

**ദെലഗാദപ്പസ്തോലിക്കായുടെ എഴുത്ത്**

രിക്കുന്നവരായ ഇവിടെ വന്നിരിക്കുന്ന വാലിഭക്കാരും ഈ രണ്ടാളുകളൊടുകൂടി അങ്ങോട്ടുവരും – ഞാൻ ഈ പട്ടണത്തിൽ വന്നിട്ട മൂന്നു മാസമായി പാത്രിയർക്കീസും മെത്രാന്മാരും എന്നൊടു ഭിന്നിച്ചു നില്ക്കുന്നു. എത്ര യാശാരക്കെടൊടുകൂടെ എന്നെ അവരു കൈക്കൊണ്ടുവെന്നും അവരുടെ ആലോചനയിൽ എന്തെല്ലാം നിശ്ചയിക്കുന്നുവെന്നും തമ്പുരാൻ മാത്രം അറിയിന്നു. അപ്പഴൊ ഇതിൽ നിന്ന ഏറിയ ആത്മനാശങ്ങൾ വരുമെന്നിനിക്ക തോന്നുന്നു. ഇതുകൊണ്ട ഈ കാര്യം തങ്ങളെ അറിയിക്കുന്നത എന്റെ കടത്തിന്നടുത്തതാകുന്നു ഈ കാര്യം നല്ലതിൻവണ്ണം വിചാരിച്ചു നോക്കിയാൽ ഇതു ശുദ്ധപള്ളിയൊടു മറുത്തുള്ള ഒരു മത്സരം തന്നെ ആകുന്നു. ഇതല്ലാതെയും പ്രൊത്തെസ്താന്തമതക്കാരും ഇതിന്നു സഹായം ചെയ്തു വരുന്നു. ഈ പാത്രിയർക്കീസിന്റെ ബുദ്ധി മയങ്ങിപ്പൊയി. അയാളുടെ നടപ്പിന്റെ വെഗം എവിടെ ചെന്നു നിൽക്കുമൊ. അറിയാൻ വഹിയ. ആ നിർഭാഗ്യപ്പെട്ടവര മലയാളത്തിൽ എത്തിയാൽ ശുദ്ധ: പള്ളിയൊടു മത്സരിച്ച നില്ക്കുന്നവരെന്നും ശുദ്ധ: പള്ളിയുടെ കല്പനയ്ക്കു വിരൊധമായിട്ട അവര വാഴ്ച കൈക്കൊണ്ടിരിക്കുന്നു എന്നും തങ്ങൾ അറിഞ്ഞിരിക്കണം. എന്ത്യെ ഈ പട്ടക്കാരർക്ക വാഴ്ച കൊടുപ്പാൻ പൊകുന്നു എന്ന അവരൊടു ചൊദിച്ചാൽ മലയാളത്തിൽ ഭരിക്കുന്നതിന്നല്ല. പിന്നെയൊ അവിടെ ചെന്ന കാര്യങ്ങൾ ഏതുപ്രകാരം അന്വെഷണം ചെയ്ത പട്ടാംഗ അറിയുന്നതിന്നായിട്ടു മാത്രം മലയാളത്തിൽ അയപ്പാൻ അവർക്ക വാഴ്ചകൊടുക്കുന്നു എന്ന നാവു (P.28) കൊണ്ടു പറഞ്ഞുവരുന്നു. എന്നാൽ അവരുടെ ലാക്ക അപ്രകാരമല്ല. അവരു പറയുന്നതുപോലെ ആയിരുന്നാലും ആയതും അവർക്ക വിലക്കിയിരിക്കുന്ന കാര്യമായിരിക്കുന്നു. അതെന്ത്യെ കുറഞ്ഞൊരു ദിവസത്തിനു മുൻ കൽദായ പത്രിയർക്കീസിന്ന പ്രപ്പുഗാംദയുടെ പ്രെപ്പെത്തായ[1] കർദ്ദിനാൾ കൊടുത്തയച്ച ഒരു എഴുത്തിൽ പാത്രിയർക്കീസിനൊട ശു: മാർപ്പാപ്പായുടെ കല്പനയാൽ

1. Prefetto–ഇറ്റാലിയൻ വാക്ക് പ്രിഫക്റ്റ് എന്നർത്ഥം, ഉച്ചാരണത്തിൽ വരുന്ന വ്യത്യാസമാണ് മൂലത്തിൽ കാണുന്നത്.

കല്പിച്ചതാകുന്നത. മലയാളത്തിന്നടുത്ത തർക്കത്തിൽ നിന്ന താൻ മാറിക്കൊള്ളണം എന്ന നാം കല്പിച്ചിരിക്കുന്നു. എന്നു എന്നാൽ ഈ കാര്യം താൻ അറിവിച്ചതിന്റെ ശെഷം അവരു വന്നാൽ എങ്ങനെ ചെയ്യെണ്ടത എന്ന തങ്ങൾക്കറിയാമല്ലൊ - ഇത മെത്രാപ്പൊലിത്തായും മെസപ്പത്തൊാമ്മ്യാ എന്ന രാജ്യത്തിന്റെ അപ്പസ്തൊലിക്കാ ദെലഗാത്തും ആയ പ്രെ. ബ. എൻറിക്കമറിയം.

ഇത 60 കാലം ധനു മാസം 14-നു പരസ്യം ചെയ്തു - എംകിലും ഈ മെലെഴുതിയ മെത്രാൻ വരുന്നതിന്ന ഇവിടെ നിന്നും 2000 രൂപാ കൊടുത്തയക്കണമെന്നും മറ്റും ഇതൊ- അന്തൊനികത്തനാരു മുതൽ പെരുടെ എഴുത്ത - ഇവിടെ കുറ്റം ഏറ്റു നില്ക്കുന്ന കുന്നെൽ കത്ത നാരച്ചൻ മുതൽ പെർക്ക വരികയും ആയതിന്നപ്രകാരമുള്ള ചില ശമ്മാ ശന്മാരും അൾമനികളും ഉത്സാഹിച്ച രഹസ്യമായി ചില പള്ളിക ളിൽനിന്നും ജനങ്ങളിൽനിന്നും രൂപയും പിരിച്ചവരുന്നതിന്ന എഴുത്തു കളും കൊടുത്തയച്ചവരുമ്പൊൾ വീണ്ടും പ്രപ്പുഗാംദയിൽ നിന്നും നമ്മുടെ പെ. ബ. മെത്രാപൊലിത്താച്ചന വന്ന കല്പന (P.29).

കർദ്ദിനാൾ ബർണ്ണ ബോയുടെ കത്ത്

മെസപ്പത്തൊാമ്മ്യായിലെ കൽദായക്കാരുടെ പാത്രിയർക്കീസ സുറി യാനി മൽബാർ, ജനമായിരിക്കുന്ന മലയാളത്തിലെ നസ്രാണികൾക്കാ യിട്ട പാത്രിയർക്കീസിന്നടുത്ത അന്വെഷക്കാര എന്ന നാമധെയത്തൊ ടുകൂടി മലയാളത്തിലെയ്ക്ക യാത്രയാക്കുവാൻ വെണ്ടി രണ്ടു പുതു മെത്രാന്മാരെ വാഴിച്ചിരിയ്ക്കുന്ന പ്രകാരം മെസപ്പത്തൊാമ്യാ എന്ന രാജ്യത്തിലെ ശ്ലീഹാ യ്ക്കടുത്ത മനിഷ്പം[1] കുറഞ്ഞൊരുനാൾ മുതൽ നമുക്ക എഴുതിക്കൊ ടുത്തയച്ച എഴുത്താൽ അറിയിച്ചിരിക്കുന്നു. എന്നാൽ നാം താമസമെ ന്നിയെ മെൽ ചൊല്ലിയ മനിഷ്പം വഴിയായിട്ട പാത്രിയർക്കീസ ചെയ്തിരിക്കുന്ന പ്രവൃത്തിയെയും പ്രത്യെകമായിട്ട നിയൊഗിച്ചിരി ക്കുന്ന നിയൊഗത്തെയും ശാസിച്ച എഴുതി അറിവിച്ചതു കൂടാതെയും അയാളുടെ അധികാരത്തിൻ കീഴല്ലാത്ത ആ ദെശങ്ങളിലെയ്ക്ക മെൽചൊല്ലിയ മെത്രാന്മാരെ അയച്ചുകൂടാ എന്നും പ്രമാണമായിട്ടും നാം വിലക്കുകയും ചെയ്തു. ആയതുകൊണ്ട അയക്കയില്ലെന്നും നാം ശരണപ്പെട്ടിരിക്കുന്നു; എങ്കിലും എങ്ങനെ ആയാലും തങ്ങളുടെ അറി വിനും ഭരിപ്പിനും ഈ സംഗതി മുമ്പു കൂട്ടി അറിവിച്ചാൽ കൊള്ളാം

1. പ്രതിനിധി എന്നർത്ഥം.

എന്ന വിചാരിച്ചിരിക്കുന്നതിനെക്കൊണ്ട അറിവിക്കുന്നു. പ്രപ്പുഗാംദ പിദെ എന്ന സഭയിൽ നിന്നും 1860 വൃ. 16-നു.

കർദിനാൾ അലെക്സാണ്ടർ ബർണബൊ +

സെക്രത്തൊരി തെബെ എന്ന ദിക്കിന്റെ മെത്രാ

പ്പൊലീത്താ കയെത്താനൂസ +

ഇതും പരസ്യപ്പെടുത്തിയ ശെഷം ഉടൻ 61 എടവം 9-നു മെലെഴുതിയ തൊമ്മാ മെത്രാപ്പൊലീത്താ കൊച്ചിയിൽ വന്നി (P.30)റങ്ങി രണ്ടു നാലു ദിവസം കഴിഞ്ഞ ശെഷം തൊ: അന്തൊനി കത്തനാരച്ചൻ പ്രിയൊരച്ചന്ന ഒരെഴുത്തു കൊടുത്തയച്ചു ഇതായത നമ്മുടെ ആഗ്രഹത്തിൻപ്രകാരം ഇപ്പൊൾ വാണിരിക്കുന്ന പീയൂസ 9 മത ശു: മാർപ്പാപ്പായിൽ നിന്നും പെ. ബ. നമ്മുടെ ബാവാ പാത്രിയർക്കിസിന്ന കിട്ടിയിരിക്കുന്ന അനുവാദപ്രകാരം വാഴിച്ചയച്ചിരിക്കുന്ന മാർ തൊമ്മാ മെത്രാപ്പൊലീത്താ യൊടുകൂടി ഞാനും ശെഷിച്ചവരും വന്നിറങ്ങിയിരിക്കുന്നു. തങ്ങളെ കാണ്മാനുള്ള ആഗ്രഹത്താൽ പാർത്തിരിക്കുന്നു. എന്നാൽ നമുക്കു വെണ്ടി വന്ന ആളിനെ നാം തന്നെ നിന്ദിക്കുന്നു എന്നും ഇതാ കൊവെന്ത പട്ടക്കാരിൽനിന്നും എന്നിവിടെയും കേൾക്കുന്നു. ഇതാ എന്ത്യെ ഇങ്ങനെ ചെയ്യുന്നു എന്നും ഇതിന്റെ വിവരം ഇവര എന്തറിഞ്ഞുകൊണ്ട പറയുന്നു എന്നും ഓർക്കുമ്പൊൾ ക്ലെശമാകുന്നു. എന്നാൽ പരമാർത്ഥം ഒക്കെയും മെലെഴുതിയതിൻവണ്ണം അത്രെ ഈ വിവരംകൂടെ തങ്ങൾ അറിവിച്ച എല്ലാവരെയും നിലനിർത്തി പട്ടാംഗയ്ക്ക അന്തരം വരാതെ നടത്തിച്ചു കൊള്ളണം എന്നു ആഗ്രഹിക്കുന്നു എന്നു.

റോക്കോസ് കൊച്ചിയിൽ

എന്നാൽ ഈ കാര്യത്തിന്റെ പട്ടാങ്ങയിൽ നമ്മുടെ കൊവെന്ത അച്ചു കൂട്ടത്തിൽ പ്രിയൊരച്ചന്റെ പെരും വച്ച ഒരു പരസ്യം അടിപ്പിച്ചു പരസ്യപ്പെടുത്തിയതിനാൽ അത്രെ ഈവണ്ണം എഴുതിയത: ഇതിന്റെ ശെഷം അന്തൊനി കത്തനാരച്ചൻ പലയിടങ്ങളിലും മല്പാന്മാർക്കും എഴുത്തുകൊടുത്തയച്ചതിനാൽ കാരക്കുന്നത്തച്ചനും മുപ്പറയിൽ അച്ചനും ഇങ്ങനെ രണ്ടു മല്പാന്മാരും ഏതാനും പട്ടക്കാരും കൂടി തൈക്കാട്ടുശെരിൽ ചെന്നിരുന്നുകൊണ്ട പാറായിൽ (P.31) അവിരാ എന്ന സമ്പന്നൻ ഇതിന്നുൾപ്പെട്ടാൽ ഒക്കെയും ശക്തിയാലെ നടക്കും എന്നുറച്ചുംകൊണ്ട അവൻ മനസുകെടു പറഞ്ഞുവെംകിലും ഇവിരുടെ മുട്ടിപ്പാൽ അവരെയും ഉൾപ്പെടുത്തി കൊച്ചിയിൽ ചെന്ന ശെഷം

കൊന്തുരുത്തി, ഞാറയ്ക്കൽ ഇങ്ങനെയുള്ള ചില പള്ളിക്കാരും കൂടി അവിടെ നിന്നും തൈക്കാട്ടുശെരിൽ കൊണ്ടുവന്നിരുത്തിക്കൊണ്ട ഒരൊ പള്ളിക്കാരർക്ക എഴുതുകയും, വരികയും കാണുകയും

റോക്കോസ് കുര്യാക്കോസച്ചനു എഴുതുന്നു

അപ്പൊൾ ഇതിന്റെ പരമാർത്ഥമൊക്കയും അറിവിനായി നമ്മുടെ മെത്രാപ്പൊലിത്താച്ചനുമായിട്ട ചൊദിച്ചുംകൊണ്ട ഒന്നു ചെന്നുകാണണം എന്നുറച്ചുംകൊണ്ട പുറപ്പെട്ടു പൊകുംവഴിയിൽ ബ. തൊമ്മാ മെത്രാപ്പൊലീത്താ തന്നെ എഴുതിയ ഒരെഴുത്തു രണ്ടു ശമ്മാശന്മാരുടെ പറ്റിൽ കൊടുത്തയച്ചു. അയതിൽ വളരെ ബഹുമാനമായിട്ടും തല്പര്യമായിട്ടും എഴുതിയിരിക്കുന്നു. എന്നാൽ ചെല്ലണമെന്നും കാണണമെന്നും ശെഷത്തുമ്മെൽ ഗുണദൊഷിക്കെണമെന്നും അത്രെ എഴുത്തിന്റെ കാതൽ എന്നാൽ ആ എഴുത്തു വാങ്ങിച്ചു വരാപ്പുഴെ ചെന്നു ബൊധിപ്പിച്ചാറെ പൊകുന്നതിന്നും കാണുന്നതിനും നാം അനുവദിക്കുന്നതല്ലാതെയും ശു: മാർപ്പാപ്പായുടെയും ശുദ്ധ: തിരുസ്സഭയിൽ നിന്നൊ കല്പനയൊ

പള്ളിപ്പുറം യോഗം

തിരുബൂളയൊ ഉണ്ടായിരുന്നാൽ അയാൾക്ക കീഴ്‌വഴങ്ങി നടക്കുന്നതിനും അനുവദിച്ചിരിക്കുന്നു എന്നും കല്പിക്കയാൽ ഈ വിവരത്തിന്നു വടക്കുപുറത്തുള്ള മല്പാനച്ചന്മാർക്കും വിഗാരി അച്ചന്മാർക്കുംകൂടി ഒരെഴുത്തു പ്രിയൊരച്ചന്റെ പെർക്ക എഴുതി എല്ലാവരും പള്ളിപ്പുറത്തെ പള്ളിയിൽ കൂടി സൊരുമിച്ച തൈക്കാട്ടുശ്ശെരിൽ ചെന്നു കണ്ടുകൊള്ളണമെന്നും അറിവിച്ച

കുര്യാക്കോസച്ചനും കൂട്ടരും റോക്കോസിനെക്കാണാൻ തൈയ്ക്കാട്ടുശ്ശേരിയിൽ

അപ്രകാരം തൃപ്പൂണിത്തുറ, കണ്ടനാടു (P.32) മുതലായി തെക്കൊട്ട അറിയിച്ച കൂട്ടിയ പട്ടക്കാരും ജനങ്ങളും ഒരുമിച്ച തൈക്കാട്ടുശെരിക്ക പുറപ്പെട്ടു എന്നാൽ ഈ പുറപ്പാടു നന്നല്ലെന്നും ആദെഹത്തെ അപമാനിപ്പാൻ എന്നും മറ്റും തൊന്നി കൊയിമ്മെ ശക്തിയാൽ ഈ കൂട്ടത്തിന്നെ അപമാനിക്കെണമെന്നും പാറായി മുതൽ പെരുടെ ആലൊചനയാൽ ഭെഷ്ക്കാരു വഴിയായിട്ട ആദെഹത്തിന്റെ ഒരു ഹർജി കൊടുത്ത പൊലീസനായ്ക്കൽ മുതലായവരെ വരുത്തുവാൻ ഭാവിച്ചിരിയ്ക്കുന്നു എന്നും കെൾക്കയാൽ ഞങ്ങൾ പള്ളിയിൽ കരെറാതെ പാറായിൽ കൊച്ചവിരായൊട വിവരം ചൊദിച്ചാറെ ശുദ്ധ: മാർപ്പാപ്പാ നമുക്കു തന്നിരിക്കുന്ന ബൂളയുടെ ശക്തിയാൽ ഈ തൊമ്മാ മെത്രാപ്പൊലീത്തായെ വാഴിച്ചയക്കുന്നു എന്നും പാത്രിയർക്കീസിന്റെ എഴുത്തും അതു കൂടാതെ ആറു മെത്രാന്മാരുടെ സാക്ഷിയും മറ്റും ഉണ്ടെന്നും മറ്റും പറഞ്ഞാറെ ഈ അന്തൊനി കത്തനാരച്ചൻ മുതൽ

പെരെ വാവേലിൽനിന്നും ഇവിടെയ്ക്ക എഴുതിയിരുന്ന എഴുത്തുകളുടെ പെർപ്പും മുൻ എഴുതിയിരിക്കുന്ന പ്രെപ്പുഗാംദയുടെ എഴുത്തും കൂടാതെ ഈ വാഴ്ചവിവരം ശുദ്ധ: മാർപ്പാപ്പാ അറിഞ്ഞ ഉടൻ പാത്രിയർക്കീസിനെ റൊമ്മായ്ക്ക വിളിച്ചിരിക്കുന്നതിന്ന ശു: മാർപ്പാപ്പ പാത്രിയർക്കീസിന്ന കൊടുത്തയച്ച തിരുവെഴുത്തിന്റെ പെർപ്പ നമ്മുടെ മെത്രാപ്പൊലിത്തായ്ക്ക കൊടുത്തയച്ചിരുന്നതിനെ ഉത്തീനിലും മലയായ്മയിലും അച്ചടിപ്പിച്ചിരുന്നതിൽ പാത്രിയർക്കീസു ചെയ്ത സംഗതി ശു: മാർപ്പാപ്പായ്ക്ക ഏറ്റം സംകടമുള്ളതായിരിക്കുന്നു എന്നും ആ കാര്യത്തുമ്മെൽ ആലൊശിക്കുന്നതിന്ന റൊമ്മയ്ക്ക ചെല്ലണമെന്നും അതിനിടയിൽ യാതൊന്നും ഈ കാര്യം സംബന്ധിച്ച ചെയ്തുകൂടാ (P.33) എന്നതല്ലാതെ ചെയ്ത പ്രവൃത്തികളെ ഇല്ലാഴ്മയാക്കെണമെന്നും ഈ പ്രകാരം കല്പിച്ച എഴുതിയിരിക്കുന്ന തിരുവെഴുത്തും കാണിച്ചു പറഞ്ഞാറെ ഇനി എന്തുവെണ്ടുവെന്നും അവിരാ ചൊദിച്ചാറെ ഇനി നമുക്ക എല്ലാവർക്കും കൂടി റൊമ്മയ്ക്ക എഴുതാമെന്നും പറഞ്ഞാറെ സമ്മതിച്ച ഈ വിവരം തങ്ങളിൽ കണ്ടു പറയുന്നതിന്നു ചൊദിച്ചുകൊണ്ടു വരട്ടെ എന്നും സമ്മതിച്ച തൊമ്മാ മെത്രാപൊലീത്തായുടെ മുറിയിൽ കയറി അന്തൊനി കത്തനാരച്ചൻ മുതൽ പെരുംകൂടി ആലൊചിച്ചാറെ ഇപ്പോൾ നമ്മെ അപമാനിപ്പാനായി അയാൾ വന്നിരിക്കുന്നതാകയാൽ കാണ്മാൻ ആവശ്യമില്ലെന്നും നമ്മുടെ പക്കലുള്ള എഴുത്തുകൾ ഇന്നയിന്നത എന്ന അയാൾ കണ്ടതിൻവണ്ണം അറിഞ്ഞിരിക്കുന്നു എന്നും ഇതല്ലാതെ ഒന്നും കാണിപ്പാൻ നമ്മുടെ പക്കൽ ഇല്ലെന്നും റൊമ്മായ്ക്ക എഴുതുന്നതിന്നു ആവശ്യമില്ലെന്നും മറ്റും പറഞ്ഞയക്കയാൽ ഞങ്ങൾ അവിടെനിന്നും പുറപ്പെട്ടു. വള്ളം കെറിയ ഉടൻ പൊലീസു നായ്ക്കനും ഏതാനും ചിപ്പായികളും വന്നു കരയ്ക്ക പൊന്നവരിൽ ചിലരെ കണ്ട നിങ്ങൾ എന്തിന്നായി വന്നവര എന്നു ചൊദിച്ചാറെ തൊമ്മാ മെത്രാപ്പൊലീത്തായെ കാണ്മാൻ വന്നവരെന്നും വിവെകത്തൊടുകൂടെ ഉത്തരിച്ച പൊരികയും ചെയ്തു.

റോക്കോസ് സന്ദർശനത്തിനു സമ്മതിക്കുന്നില്ല

ചാവറ അച്ചനേയും കൂട്ടുകാരേയും പൊലീസിനെ ക്കൊണ്ട് അറസ്റ്റു ചെയ്യിക്കുവാൻ ശ്രമിക്കുന്നു

അന്നു മുതൽ ഓരോ പള്ളിക്കാരരെ ചെർക്കയും ചില കാര്യസാദ്ധ്യത്താലും: തക്ക കാരണങ്ങളാൽ മെത്രാപ്പൊലീത്താ കുറ്റം ചൊല്ലിയിരിക്കുന്നവരുടെ കുറ്റം തീർക്കുകയും അംശമുടക്കുള്ളവരുടെ മുടക്കു തീർക്കുകയും കുമ്പസാര അനുവാദം കൊടുക്കാതിരുന്നവർക്ക അനുവാദം കൊടുക്കയും എടവക പള്ളികളിൽ ചൊല്ലികൂടായെന്നു മുട

ക്കിയിരുന്ന ചില പട്ടക്കാരർക്ക അനുവദിക്കയും പട്ടം കൊടുക്കാതെയും (P.34) സിമ്നാരിയിൽ നിന്നു പുറപ്പെടുത്തിയും നിർത്തിയിരുന്ന ശമ്മാശന്മാർക്ക പട്ടം കൊടുക്കത്തക്ക വണ്ണം നിശ്ചയിക്കയും ഇതിന്നെ ഉറ

റോക്കോസ് പള്ളി സന്ദർശിക്കുന്നു, പട്ടം കൊടുക്കുന്നു, അദ്ദേഹത്തെ ഇവിടെ സ്ഥിരം താമസിപ്പിക്കുന്നതിനു ഒരുക്കങ്ങൾ

പ്പിപ്പാനായി പള്ളിക്കാരെ ഇതായത കൂടിയവരെ എല്ലാവരെയും ചിങ്ങമാസം 20-നു തൈക്കാട്ടുശ്ശെരി പള്ളിയിൽ കൂടി വിശീത്ത ചെയ്പാനും എല്ലാ പട്ടങ്ങളും കൊടുപ്പാനും പള്ളികളിൽ നിന്ന ചിലവുകൂടാതെയുള്ള ഒരൊ ആണ്ടത്തെ വരവ എടുത്ത 4 അവധിയായിട്ട പാറായിയുടെ പറ്റിൽ ഏല്പിക്കത്തക്കവണ്ണവും തെക്കും വടക്കുമുള്ള കൊംവെന്തകളുടെ പെരു വച്ച വസ്തു പിടിച്ച ആധാരങ്ങൾ രണ്ടു കൊവെന്തകളിലായിട്ട വച്ചു കൊള്ളത്തക്കവണ്ണവും ആറു മാസം രണ്ടു കൊവെന്തകളിലും ആയിട്ടു പാർക്കത്തക്കവണ്ണവും നിശ്ചയിച്ച പടിയോലെയും എഴുതി പിരിഞ്ഞ കന്നിമാസം 7-നു ശനിയാഴ്ച തൈക്കാട്ടുശെരിൽ നിന്നും വടയാറ്റെയ്ക്ക വിശീത്തയ്ക്ക പുറപ്പെട്ട 4 ദിവസം അവിടെ പാർത്ത വ്യാഴാഴ്ച കടുത്തുരുത്തി വല്യ പള്ളിയിൽ ചെന്ന കന്നി 10 -നു വ്യാഴാഴ്ച ചെറിയ പട്ടങ്ങളും 20-ാംനു വെള്ളി അഞ്ചും 21-ാംനു ശനി ആറും 22-ാംനു ഞായറാഴ്ച കുർബ്ബാനപട്ടവും കൊടുത്തു. എന്നാൽ ഇത കൽദായക്കാരുടെ സൊന്തക്രമത്തിൽ അത്രെ കൊടുത്തത. ഉത്തീൻ മെത്രാന്മാരു കൊടുക്കുംവണ്ണം അല്ല ഇതിൽ. പ്രധാനപ്പെട്ട പകർച്ചമാത്രം എഴുതുന്നു. ഇതായത പട്ടം ഏൾക്കുന്നവരൊക്കയും മെഴുകുതിരി കത്തിച്ച പിടിച്ചിരിക്കയും ഏറിയനെരം നിലയത്രെ മുട്ടുകുത്തല്ല. മെത്രാനൊടുകൂടെ ഒരുമിച്ച നിന്ന ഇതായത: ത്രൊണൊ

കൽദായക്രമത്തിൽ പട്ടം കൊടുക്കുന്ന വിധം

സിന്ന നീളം വരുത്തി മെത്രാന്റെ ഇരുവശവും നിരന്നുനിന്ന കുർബ്ബാനചൊല്ലി. മെത്രാൻ കുർബ്ബാനക്കുപ്പായത്തിന്റെ മീതെ കാപ്പയും അർക്കെദിയാക്കൊൻ മറ്റൊരു കുർബ്ബാന (P.35) കുപ്പായത്തൊടുകൂടെ ശുശ്രൂഷ ചെയ്കയും സൈത്ത കൈകളിന്മെൽ പൂശി പിന്നെ നെറ്റിമെലും പൂശി രണ്ടിടവും കെട്ടി ആ കെട്ടൊടുകൂടെ തന്നെ മെത്രാന്റെ ഇരുവശവും നിന്ന നാലുപെരു കുർബ്ബാന ചെല്ലുകയും മെത്രാൻ കൂദാശചെയ്തു കൈക്കൊണ്ടശെഷം വച്ചിരുന്ന നാലൊസ്തി എട്ടായി പകുത്ത വലത്തുവശത്തുള്ളവർക്ക വലത്തൊട്ട തിരിഞ്ഞും എടത്തുവശത്തുള്ളവർക്ക എടത്തൊട്ടു തിരിഞ്ഞു കുർബ്ബാന കൊടുത്തശെഷം ശുദ്ധ: ചൊര മെത്രാൻ കൈക്കൊണ്ട ശെഷം പട്ടമെറ്റവർക്കും ആ

കാസായിൽനിന്നുതന്നെ കുടിപ്പിച്ചും കുർബ്ബാന കഴിഞ്ഞ കൊടിയും സ്ലീവായും എടുത്ത പ്ര....[1] ചെയ്തശെഷം മാത്രം കൈകളുടെയും നെറ്റിയുടെയും കെട്ടുകൾ അഴിച്ച വെസക്കുദാശയിൽ കഴുകി.

എന്നാൽ ഇതിന്നു നാം കൊവെന്തക്കാരു കൂടായ്കയാൽ മുമ്പി നാൽ പല ദൂഷണങ്ങളായി പ്രിയൊരച്ചന്നു തൊമ്മാ മെത്രാപ്പൊലീത്താ എഴുതികൊടുത്തയയ്ക്കയും പിന്നീട പള്ളികളിൽ പരസ്യം ഇതായത: പ്രിയൊരും അയാളുടെ ശിഷ്യരും നമ്മെയും നമ്മെ യാത്രയാക്കിയ പെ. ബ. പിതാവ പാത്രിയർക്കീസിനെയും അപമാനിച്ചിരിക്കയാൽ ഇവരുടെ ആത്മരക്ഷ എത്രയൊ യൊഗ്യത്തിലിരിക്കുന്നു എന്ന നിങ്ങൾ കാണ്മിൻ. ഇവരുടെ തണ്യഗുണദൊഷത്തിന്ന ചെവികൊടുത്ത എന്നന്നെക്കും നശിക്കായ്പാൻ ഈ വിവരം നിങ്ങളെ അറിവിക്കുന്നത നമ്മുടെ കട മയാകയാൽ അറിവിക്കുന്നു എന്നും ഇങ്ങനെയുള്ള പരസ്യം കൊണ്ടും ഈ പള്ളിക്കാരൊക്കെ ആദെഹത്തിന്ന കീഴ്വഴങ്ങി നടക്കുന്നതിനാലും അവരിൽനിന്നും ഇതായത: നമ്മുടെ ഈ കൊവെന്ത സിമ്നാരി യിൽനിന്നും ജ്ഞാനപാലായ ദൈവവചനം കുടിച്ചുവളർന്ന പട്ടക്കാരും (P.36) ശമ്മാശന്മാരും കൊവെന്തയിൽനിന്നു കാരണങ്ങളാൽ വെർപിരി: 2 പട്ടക്കാരും ചില പൈതങ്ങളും യിങ്ങനെയുള്ളവരിൽനിന്നും പുത്തൻകൂറ്റുകാരിൽ നിന്നും പ്രത്തെസ്താന്തുമതക്കാരിൽനിന്നും നമക്കു ഈ സമയം വലിയ ഏക്കും മാനക്കെടും എന്നുതന്നെയല്ല - നമ്മുടെ കൊവെന്തയിൽ ബലംധരിച്ച കയറി നമ്മെ പുറപ്പെടുത്തി ആദെഹത്തിനെ ഇവിടെ കൊണ്ടുവന്ന ഇരുത്തുമെന്നും മറ്റും പലപ്ര കാരത്തിലുള്ള കെൾവികളും ശുദ്ധ: മാർപ്പാപ്പായ്ക്കും പ്രപ്പുഗാംദയ്ക്കും മിഥുനം മുതൽ 4 എഴുത്തുകൾ എഴുതിയിരിക്കുന്നു: ഇതുവരെയും ഒരു കല്പനയും വീണ്ട അവിടെനിന്നും വന്നതുമില്ല.

കൊവേന്തക്കാർക്കെതിരായി റോക്കോസിന്റെ പരസ്യം.

ഇങ്ങനെയിരിക്കയിൽ തുലാം 7-ാംനു വരാപ്പുഴെ മെത്രാപ്പൊലീത്താച്ചനു വന്ന എഴുത്തിൽ 4-ാം നമ്പ്ര നമ്മുടെ എഴുത്തിനെപ്രതി പ്രപ്പുഗാംദയിൽ നിന്ന അറിയിച്ചത

പ്രൊപ്പഗാന്തായിൽ നിന്നു കുര്യാക്കോസച്ചന് എഴുത്ത് ഈവണ്ണം -

"കുറിയാക്കൊസ ഏലിയ സ. ക്കു. ഏലിശാ ആലയ്ക്കാ യൊഹന്നാൻ യൊക്കൊവു മുതലായ സുറിയാനി മലബാർ പട്ടക്കാരര ശു: മാർപ്പാപ്പായ്ക്കു എഴുതികൊടുത്തയച്ച എഴുത്ത

1. ഒരു വാക്കു പൂർത്തിയാക്കുവാൻ സ്ഥലം ഇട്ടിരിക്കുന്നു.

ഇപ്പൊൾ ഇവിടെ എത്തി. അതിൽ അവര ബോധിപ്പിക്കുന്നത എന്തെന്നാൽ, വാഗ്ദാദിൽനിന്ന ഒരു മെത്രാൻ മലയാളത്തിൽ വന്നിരിക്കുന്നു എന്നും ഈയാൾ ശു: മാർപ്പാപ്പയുടെ കല്പനയൊടുകൂടെ വന്നിരിക്കുന്നോ എന്നും ഇയാൾക്ക കീഴ്വഴങ്ങണമൊ എന്നും അറിയിപ്പാൻ ശുദ്ധ: മാർപ്പാപ്പ തിരുമനസ്സാകണം എന്ന ഈ എഴുത്ത പൊരുൾ തിരിക്കുന്നതിനും വെണ്ടി ശു: മാർപ്പാപ്പ ഇവിടെ കൊടുത്തയച്ചിരിക്കുന്നു. ആയത അതിന്റെ പൊരുൾ തിരിപ്പൊടുകൂടെ നാളെ സന്ത്യയ്ക്കു ശു: മാർപ്പാപ്പായുടെ തൃക്കൈകളിൽ (P.37) ഏല്പിക്കപ്പെടുകയും ചെയ്യും. എന്നാൽ തങ്ങൾ ഇതിനിടയിൽ എല്ലാവരെയും തിരിയപ്പെടുത്തി അറുവിക്കെണ്ടുന്നതെന്തന്നാൽ ശു: മാർപ്പാപ്പാ മെലെഴുതിയ മെത്രാന്റെ മലയാളത്തെക്കുള്ള യാത്രയാക്കിപ്പിനെ വാസ്തവപ്പെടുത്തിയില്ല എന്നു തന്നെയുമല്ല. വാവെലിന്റെ പാത്രിയർക്കീസിനൊടമെലെഴുതിയ മെത്രാനെയെങ്കിലും മറ്റു യാതൊരുത്തനെയെങ്കിലും യാത്രയാക്കിക്കൂടാ എന്ന പ്രത്യെകം വിലക്കുകയും ചെയ്തു. ഇതു കൂടാതെയും യാതൊരുത്തനെയും പ്രത്യെകം ഈ മെത്രാനെയും ശ്ലീഹായ്ക്കടുത്ത മനിഷ്പത്തിന്റെ അറിവുകൂടാതെ വാഴിച്ചുകൂടായെന്നും പലപ്പൊഴും വിലക്കിയിട്ടുണ്ടായിരുന്നതിൻവണ്ണം ശ്ലീഹയ്ക്കടുത്ത മനിഷ്പം അനുവാദത്തിനു പകരം എത്രയും ശക്തിയായിട്ടും വിലക്കുകയും ചെയ്തതുമെന്ന്യെ സുറിയാനി മലബാർ പള്ളികളുടെ കാര്യങ്ങളിൽ യാതൊരു പ്രകാരത്തിലും പ്രവെശിച്ചുകൂടാ എന്ന വിലക്കിയിരുന്നു. എന്നാൽ ഇങ്ങനെയുള്ള അക്രമങ്ങൾ നിവാരണം ചെയ്യുന്നതിന്ന അയാളുടെ അപെക്ഷകൾക്ക ഏതു പ്രകാരത്തിൽ എടയുണ്ടായിരിക്കുന്നു എന്ന അറിയുന്നതിന്നു മെലെഴുതിയ പാത്രയർക്കീസിനെ ഇങ്ങൊട്ടു വിളിച്ചിരിക്കുംവണ്ണം ഇപ്പൊൾ ഇവിടെ വന്നിരിക്കുന്നു. എന്നാൽ മെലെഴുതിയ മെത്രാൻ ഇത്ര അക്രമമമായിട്ടു ചെയ്തുവരുന്ന കാര്യങ്ങൾ ഒരു തീർച്ചയ്ക്ക എത്രയും വലുതായിട്ടുള്ള വിഘ്നം ആകുകയും ചെയ്യും. ആയതുകൊണ്ട തങ്ങൾ മെലെഴുതിയ പട്ടക്കാരരെയും തങ്ങൾ കൊള്ളാമെന്നു വിചാരിച്ചിരിക്കുന്നവരെ ഒക്കയും ഉറപ്പിച്ച സ്ഥിരപ്പെടുത്തി നിർത്തുന്നതിന്ന ഈ എഴുത്ത മനസുപൊലെ പെരുമാറുകയും ആം – ഇതു കൂടാതെയും ശു: മാർപ്പാപ്പാ അവരുടെ (P.38) അപെക്ഷകൾക്ക തക്കതിൻവണ്ണം തക്ക സമയത്ത മറുപടി എഴുതി കൊടുത്തയയ്ക്കുമെന്നും അവരെ തിരിയപ്പെടുത്തി കൊള്ളുകയും ചെയ്യുമല്ലൊ.


എന്നാൽ ഇതിന്നിടയിൽ കാര്യങ്ങളുടെ നെരായ അവസ്ഥ അവരറിഞ്ഞിരിക്കട്ടെ.

റൊമ്മയിൽ പ്രൊപ്പുഗാംദവീദെ
എന്ന സഭയിൽനിന്നും 1861 ചിങ്ങം 21-നു
പ്രെ. ബ. സന്തത്രെസ്യാ. മല. വിഗ. പാർസല്യാ
മെത്ര പ്രൊപ്പെയിത്ത: കദി: അല: ബർണബൊ.

ഈവണ്ണമുള്ള എഴുത്തും വന്നതിനാൽ ആ ദെഹംതന്നെ മുമ്പിനാൽ നമ്മുടെ പ്രിയൊരച്ചന്ന എഴുതിയ ദൂഷണത്തിന്നടുത്ത എഴുത്തിൽ പ്രപ്പുഗാംദ സഭയിൽനിന്നൊ ശു: മാർപ്പാപ്പായിൽനിന്നൊ തൊമ്മാമെത്രാൻ വിലക്കപ്പെട്ടവൻ എന്നു ചൊല്ലുന്ന എഴുത്തു വന്നിട്ടുണ്ടൊ എന്ന ചൊദിച്ചിരിക്കയാൽ ഈ വിവരത്തിന്നു ആ ദെഹത്തിന്നും പാറായിൽ അവിരായ്ക്കും കൊടുത്തയച്ചാറെയും സമ്മതംആയില്ല എന്നു തന്നെയുമല്ല പാത്രിയർക്കീസ അവിടെ ചെന്നിരിക്കുന്നു എന്നും എഴുതിയിരിക്കയാൽ ഈ ദെഹത്തിനെത്തന്നെ വാസ്തവപെടുത്തിവരും എന്നും മറ്റും പറകയും മറ്റു ചില എഴുത്തുകൾ ഇതായത പാത്രിയർക്കീസ റൊമ്മായിൽ ചെന്നപ്പോൾ ശു: മാർപ്പാപ്പ എഴുന്നെള്ളുന്ന തെരു തന്നെ കൊടുത്തയച്ച കർദ്ദിനാളന്മാരുടെ കൂട്ടത്തൊടെ ചെന്ന എതിരെറ്റ പാപ്പായുടെ കൊട്ടാരത്തിന്നു സമീപെതന്നെ പാർപ്പിച്ചിരിക്കുന്നു എന്നും ഇവിടെനിന്നും എഴുതിയിരിക്കുന്ന സംകടങ്ങളും മറുതലക്കാരുടെ എഴുത്തും അവിടെ ചെന്നിരിക്കുന്നു എന്നും ഈ കുഴപ്പുകൾ തീർപ്പാൻ ബാവാ (P.39) യെ തന്നെ മലയാളത്തിലേക്കു യാത്രയാക്കുവാൻ ശു. മാർപ്പാപ്പാ തിരുമനസ്സായിരിക്കുന്നു എന്നും മറുതലക്കാരുടെ എഴുത്തിന്നയാതൊരു മറുത്തരവും അവിടെനിന്ന കൊടുത്തയക്കയില്ലെന്നും ഈ പ്രകാരം പ്രാസക്കാരൻ തറിയൊസ മെത്രാപ്പൊലീത്താ എഴുതിയിക്കുന്നുവെന്നും ഇതുകൂടാതെ പാത്രിയർക്കീസിന്റെ എഴുത്തായിട്ടുതന്നെയും ഇങ്ങനെ ഒരൊരൊ പകർപ്പുകൾ അവിടെനിന്നും ഉണ്ടാകുകയും പെർപ്പ നടത്തുന്നതല്ലാതെ ആയതിന്റെ കൈയ്യൊപ്പുള്ള എഴുത്തുകൾ ഒരിടത്തും ഒരുത്തനും കാണുകയും കെൾക്കയും ഇല്ലതാനും. ഇങ്ങനെയിരിക്കയിൽ തുലാമാസം 22-നു ശു: മാർപ്പാപ്പയുടെ തിരുവെഴുത്തു വരികയും ചെയ്തു. ഉടൻ പെ. ബ. അച്ചന്റെ കല്പന പ്രകാര പ്രിയൊരച്ചനെ വരാപ്പുഴെ വിളിപ്പിച്ച ഈ വന്നിരിക്കുന്ന എഴു

പ്രൊപ്പഗാന്തായിൽ നിന്നുള്ള എഴുത്ത് കലാപക്കാർക്കു ബോധ്യമാകുന്നില്ല. എതിർ പ്രചരണവും

ത്തുകൾ ഇതായത എല്ലാ വിവരത്തിനും പ്രപ്പുഗാംദയിൽനിന്നും നമ്മുടെ മെത്രാപ്പൊലീത്തായ്ക്ക 1 നമ്മുടെ അപെക്ഷപ്രകാരം ഉത്തീ നിൽ എഴുതി തൃക്കൈപ്പും വച്ച അതിന്നുള്ളിൽ സുറിയാനിയിൽ എഴുതി മുദ്രയും വച്ച അകത്ത അടക്കം ചെയ്തും രണ്ടിനുംകൂടെ പുറമെ മുദ്രയും വച്ച 1 മെത്രാപ്പൊലീത്താച്ചന 1 ഇത രണ്ടിനും നടുവിൽ തൊമ്മാ മെത്രാപ്പൊലിത്തായ്ക്ക മുദ്രവച്ച പൂട്ടാതെ പാത്രിയർക്കീ സിന്റെ എഴുത്തും ഇങ്ങനെ വന്നിരുന്നതിൽ ശു: മാർപ്പാപ്പായുടെ കല്പ നപ്രകാരം പാത്രിയർക്കീസിന്റെ എഴുത്ത തൊമ്മാ മെത്രാപ്പൊലീ ത്തായ്ക്ക കൊടുത്തയപ്പാൻ ആയതിന്റെ നെരു പേർപ്പും എടുത്ത ആ എഴുത്ത കൊടുത്തയക്കുന്ന വിവരത്തിന്ന ആ ദെഹത്തിന്ന മെത്രാ പ്പൊലീത്തായുടെ പെർക്കു സുറിയാനിയിൽ ഒന്ന എഴുതി: ആയതിന്റെ ഉള്ളിൽ പാത്രിയർക്കീസിന്റെ എഴുത്ത (P.40) അടക്കം ചെയ്ത കൊച്ചി യിൽ തപ്പാൽ വഴി കൊടുത്തയയ്ക്കുകയും ചെയ്തു. ഈ എഴുത്തുക ളുടെ പെപ്പുകൾ ഈവണ്ണം



[illegible]

(P.44) ഈവണ്ണമുള്ള[1] എഴുത്തുകൾ ഒക്കെയും വന്നതിന്റെശെഷം ആദെ ഹത്തിന്നു കൊടുത്തയയ്ക്കയും ഇതൊടുകൂടെ രണ്ടു കൂട്ടക്കാരും കൂടി

റോക്കോസിനു പേഷ്കാരുടെ വിലക്ക്

യുള്ള പള്ളിയിൽ പൊയിക്കൂടാ എന്നും ഭെഷ്കാരുടെ ഉത്തരവും ഉണ്ടായി. ഇതിനാൽ പുന്നത്രെ വരെ വിശീത്ത കഴിക്കയും പിന്നീട് തിരിച്ചു പൊരുമ്പൊൾ ഈ എഴുത്തുകൾ കൈപ്പറ്റി തൈക്കാട്ടുശെരിൽ ചെന്നു കരെറി പാത്രി യർക്കീസിന്റെ എഴുത്ത വായിച്ചുകണ്ടവുടൻ വാവായുടെ എഴുത്തു വന്ന തിനാൽ പൊയെ മതിയാവൂ എന്ന ആ ദെഹം പറഞ്ഞു എന്നു കെട്ടു.

റോക്കോസിനു പാത്രിയർക്കിസ് അയച്ച എഴുത്തിന്റെ പ്രതികരണം

എംകിലും പിറ്റെദിവസം തന്നെ അവിടെനിന്നും കൊച്ചീക്കു പൊകുകയും ഉടൻ അയ്യനാട്ട അവി രായും നിധിയിരിക്കൽ ഇട്ടിരായും കൂടെ പൊറത്തു പൊകുകയും കൊച്ചിയിൽ ചെന്ന കുറിലൊസു വാവായെക്കൊണ്ട ഈദെഹത്തിനെ പറഞ്ഞുറപ്പിച്ചു എന്നും കെട്ടു. ഉ ടൻ പള്ളിക്കാരെല്ലാം ഞാറയ്ക്കൽ കൂടണം എന്നും എഴുത്തുകൾ കൊടുത്തയച്ച ഒല്ലൂർക്ക വിശീത്തയായി പുറപ്പെട്ടു. ഇതിനാൽ കെട്ട തൊക്കയും പരമാർത്ഥംതന്നെ എന്നുറപ്പാനും സംഗദിയായി എംകി ലും ദൈവം ഈ വിശീത്തയും നിറവെറ്റിയില്ല. ഇതായത ഭെഷ്കാരു ടെ ഉത്തരവിനെ കാണിച്ച വടക്കപള്ളികളിലുള്ള കത്തൊലിക്കാര വ ടക്കെ ദിവാൻജിയ്ക്ക ഹർജി കൊടുത്തതിനാൽ അപ്രകാരംതന്നെ ദി വാൻജിയും ഉറപ്പിച്ച ഉത്തരവ എഴുതുകയാൽ വടക്കുപുറത്തുള്ള പ്ര ധാന പള്ളികളായ ഒല്ലൂർ, അരണാട്ടുകരെ രണ്ടു പള്ളിയിലും ഒല്ലൂർ കല്ലൂക്കാരൻ മുതൽ പെരും അരണാട്ടുകരെ തരകൻ മുതൽ പെരും ആയി കത്തൊലിക്കാക്കാരുണ്ടാകയാൽ അവിടെ കെറുവാൻ ഇടവരാ തെ തൃശ്ശിവപെരൂര കയറി തിരികെ പൊരികയും വീണ്ട ഞാറയ് ക്കൽ (P.45) വന്ന കൂട്ടം കൂട്ടി പാത്രിയർക്കീസിന്റെ എഴുത്തിന്ന മുദ്ര

ഞാറയ്ക്കൽ യോഗം

എഴുത്ത കടലാസ മുതലായ ഒക്കെയും ഭെദമായിരിക്കു ന്നു എന്നും ആയതുകൊണ്ട പട്ടാങ്ങയായിട്ടു എന്റെ വാ വായുടെ എഴുത്താകുന്നുവെന്നു തൊന്നുന്നില്ലാ എന്നും ആയതുകൊ ണ്ട ഈ എഴുത്തും പ്രകാരം പൊകുകയില്ലന്നും ആദെഹവും വിടുക യില്ലെന്നും പള്ളിക്കാരും കൂടി നിശ്ചയിച്ച ഞാറയ്ക്കൽ പള്ളിയക ത്തു കൂടിയിരുന്നു: എങ്ങനെയൊ ഉടമ്പടി എഴുതിവയ്ക്കയും റൊമ്മ യ്ക്കും പാത്രിയർക്കീസിന്നും ചില എഴുത്തുകൾ എഴുതുകയും ഈ കാര്യങ്ങൾക്ക ഒക്കെയ്ക്കും വിചാരണക്കാരും വൈക്കിലന്മാരും ആ

1. 41, 42 പേജുകൾ എഴുതാതെ ഇട്ടിരിക്കുന്നു.

യിട്ട പട്ടക്കാരും അൾമെനികളുമായിട്ട 12 പെരെ നിയമിക്കയും ആയ തിന്നു വെണ്ടിയ ദ്രെവ്യ ഒത്താശകൾ മുതൃന്ന നടത്തിപ്പാനായിട്ട വട ക്കുപുറത്ത കള്ളിയത്തചാക്കുരു എന്ന ഒല്ലൂർക്കാരനും തെക്കുപുറത്ത അയ്യനാട്ട അവിരാ എന്ന പാറായി തരകൻ എന്നും 12 പെരിൽ തെക്കു പുറത്ത നിധിയിരി, കീരങ്കരി, തെവരുപറമ്പൻ എന്ന അൾമെനികളും നിധിയിരിക്കലച്ചൻ തെ: തറയിൽ എസ്താപ്പനൊസു കത്തനാരച്ചൻ വടക്കുപുറത്ത കാഞ്ഞൂര പാറയ്ക്കൽ കുഞ്ഞിപൈലി യിങ്ങനെ നിച്ച യിച്ച എഴുത്തുകുത്തുകളും കഴിച്ചിരിക്കുമ്പൊൾ വരാപ്പുഴെ മെത്രാപ്പൊ ലീത്താ മെലെഴുതിയ അറിയിപ്പു കൊടുത്താറെയും ശുദ്ധ മാർപ്പാപ്പ യുടെ കല്പനയ്ക്ക സമ്മതിച്ച പൊകാതെ വീണ്ടും വിശീത്താ ഒപ്രുശ്മ മുതലായത നടത്തിവരികയാൽ തിരുവെഴുത്തിൻ പ്രകാരം വലിയ മഹ റൊൻ ചൊല്ലി. ഇതായത 12 കുർബ്ബാന പട്ടക്കാര സൊമ്പ്രപ്പെലിസും ഉറാറയും ഇട്ട 12 മെഴുകുതിരിയും പിടിച്ച, മെത്രാപ്പൊലിത്താ കാപ്പയും

റോക്കോസിനെ മഹറോൻ ചൊല്ലുന്നു

അംശമുടിയും വടിയും ആയി പള്ളിയിൽ (P.46) വന്ന ചാവുമണിയും അടിപ്പിച്ച മെത്രാപ്പൊലീത്താച്ചന്റെ കൈയിൽ വല്യ ഒരു മെഴുകുതിരിയും കത്തിച്ച കുറെ വായിച്ച വാവാടയും, ശെഷം വചനങ്ങളും ചൊല്ലി മെഴുകുതിരി കെടുത്തി നിലത്തിടുകയും അപ്പൊൾ ശെഷംപേരുടെ മെഴുകു തിരികളും കെടുത്തി നിലത്തിട്ട ആയതിന്മെൽ ചവുട്ടി വന്ന പ്രകാരം മുറിയിൽ പൊകയും ചെയ്തു.

മഹറൊന്റെ വാശകം–

സർവ്വതും വശമാകുന്ന ബാവായുടെയും പുത്രന്റെയും റൂഹാദക്കു ദാശയുടെയും ശ്ലീഹന്മാരുടെ തലവൻ മാർ പത്രോസിന്റേയും സകല ശുദ്ധമാകപ്പെട്ടവരുടെയും വിധിയാലെയും ആകാശത്തിലും ഭൂമിയിലും കെട്ടുവാനും അഴിപ്പാനും ഉള്ള മുഷ്കരത്വം ഈശൊ കർത്താവിൽ നിന്നു കൈക്കൊണ്ടിരിക്കുന്ന ഇപ്പൊൾ വാഴുന്ന "പീയൂസ"ൻ - മത ശുദ്ധ മാർപ്പാപ്പയുടെ നാമത്താലെയും നമുക്കുള്ള അധികാരത്താ ലെയും ഈശൊകർത്താവിന്റെ മാണിക്കമായ തിരുശ്ശരീരത്തിന്റെയും തിരുച്ചോരയുടെയും കൈക്കൊള്ളപ്പാടിൽ നിന്നും സകല ക്രിസ്ത്യാ നികളുടെ ഒരുമ്പാട്ടിൽ നിന്നും അയാളെ വെർതിരിച്ചുകൊണ്ടും മഹ റൊൻ ഏറ്റവൻ എന്നും ശപിക്കപ്പെട്ടവൻ എന്നും നാം തീർച്ചയായിട്ടു നിശ്ചയിച്ചുകൊണ്ടും ശുദ്ധ: പള്ളിയുടെ അതൃത്തികളിൽ നിന്നും ആകാ ശത്തിലും ഭൂമിയിലും ആയാളെ പുറത്തുകളഞ്ഞിരിക്കുന്നു.

എന്നാൽ വിധിയുടെ ദിവസത്തിൽ അയാളുടെ ആത്മാവു രക്ഷ പെടുവാൻ മാംസത്തിന്റെ നാശത്തിന്ന ചെയിത്താന്ന അയാളെ നാം

വഴങ്ങിച്ചുകൊടുത്തിരിക്കയിൽ പിശാചിന്റെ കുടുക്കുകളെ കണ്ടറിഞ്ഞ നൽവഴിക്കും തെറ്റത്തിന്നും തിരിഞ്ഞുവരികയും (P.47) അയാൾ ഉപദ്രവിച്ച തമ്പുരാന്റെ പള്ളിയൊട പരിഹാരം ചെയ്ത ഉത്തരിക്കയും ചെയ്യുന്നവരെയ്ക്കും പിശാചിനൊടുകൂടെയും അവന്റെ ദൂതന്മാരൊടുകൂടെയും നരകവാസികൾ എല്ലാവരൊടുകൂടെയും എന്നന്നെയ്ക്കുമുള്ള തീയ്ക്ക നാം അയാളെ വിധി കല്പിക്കയും ചെയ്യുന്നു. ഇത 1861 വൃശ്ചികം 20 നു-

**Concordat Cum originali**
**Fra. Bernardinnusea S. Tersia Vi. Ap. Arch[1]**

ഈവണ്ണം പരസ്യപ്പെടത്തിയാറെയും സമ്മതിക്കായ്കയാൽ ഈ വിവരം ഒക്കെയും എഴുതി, കൂനമ്മാവുങ്കൽ വിഗാരി ബ. ആഹാകാപ്പിലച്ചന്റെ പക്കൽ ഞാറയ്ക്കൽ കൊടുത്തയച്ചു. അപ്പൊൾ അന്തോനികത്തനാരച്ചനും മറ്റും ചില പള്ളിക്കാരും അവിടെയുണ്ടായിരുന്നു. അന്തോനി കത്തനാരച്ചൻ മെത്രാനച്ചനെ കാണുന്നതിന്ന സമയമില്ല എന്നും പറഞ്ഞു എഴുത്തു വാങ്ങിക്കയും അപ്പൊൾ മഹറൊൻ അറിയിപ്പാകുന്നു എന്ന കണ്ട തിരികെ കൊടുപ്പാൻ തുടങ്ങിയാറെ തൊമ്മാ മെത്രാപ്പൊലിത്തായ്ക്കു കൊടുപ്പാനാകുന്നു എന്നും പറഞ്ഞ പൊരികയും ഉടൻ പുറകെ പരിഹാസത്തിന്നായി ചില വീണന്മാരെ അയക്കയും അപ്പൊൾ ആ നഗരിയിൽ ലൊത്തിനു സമമായി ഒരു കത്തൊലിക്കാ വീട ഉണ്ടായിരുന്നതിനാൽ അവർ വാതിൽ തുറന്നു കരേറ്റുകയും ഇതിനാൽ ഇറക്കിവിടണമെന്നും യൊഗത്തിന്റെ അറിയിപ്പും മറ്റും ചെന്നാറെയും ആയതും സമ്മതിയാതെ ഈ കത്തൊലിക്കാക്കാരൻ ആദെഹത്തിനെ തുണച്ച അയൽപള്ളിയായ വാടയിൽ കുരിശുപള്ളിക്കാരായ ലത്തീൻകാരുവന്ന തുണച്ച ആദെഹത്തിനെ കൂനന്മാവു കൊവെന്തയിൽ ഇറക്കിപൊരികയും ചെയ്തു. ഇതിന്റെ ശെഷം കൂടപ്പട്ട പള്ളിക്കാര പാറായിമുതൽ പെര (P.48) പാത്രിയർക്കീസിന്നും റൊമ്മായ്ക്കും എഴുതി അയച്ചിരിക്കുന്നു- എന്നും കെൾവിയും ഇനി ഒരു നാളും വരാപ്പുഴയ്ക്കു വരികയില്ലന്നും കാണുകയില്ലന്നും മറ്റും ചൊല്ലാത്ത പ്രകാരം മെത്രാപ്പോലിത്താച്ചന്റെ പെർക്കായി ഒരു എഴുത്തും കൊടുത്തയച്ചു. അപ്രകാരം തൊമ്മാ മെത്രാപ്പൊലീത്തായും പാത്രിയർക്കീസിന്റെ എഴുത്തിൽ പല


മഹറോൻ വിവരം റോക്കോസിനെ അറിയിക്കുന്നു

മഹറോന്റെ പ്രതികരണം

1. ശരിപ്പകർപ്പായി സാക്ഷിച്ചിരിക്കുന്ന ഒരു രേഖയിൽനിന്നായിരിക്കണം ചാവറയച്ചൻ ഇതു നാളാഗമത്തിൽ പകർത്തുന്നത്.

സംശയം കാണുകയാൽ എന്റെ വാവായുടെ എഴുത്ത എന്ന വിശ്വസിക്കുന്നില്ലായെന്നും ഇവിടെനിന്നു പൊകുന്നതിന്ന പള്ളിക്കാര സമ്മതിക്കുന്നില്ലായെന്നും റൊമ്മായ്ക്ക എഴുതിയിരിക്കുന്നു എന്നും മഹറൊൻ ചൊല്ലിക്കൂടാ എന്നും ഇതല്ലാതെ പൈശൂന്യത്താൽ ചൊല്ലിയാൽ തങ്ങൾ തന്നെ ഒടുക്കം ക്ലെശിപ്പാൻ ഇടവരുമെന്നും ഇങ്ങനെ ആദെഹത്തിന്റെ പെർക്കുമായി കൊടുത്തയച്ച വീണ്ടും വിശീത്തയ്ക്കായി പുറപ്പെടുകയും ചെയ്തു. ഇതല്ലാതെയും മുൻവാഗ്ദാദിൽ അന്തൊനി കത്തനാരച്ചനൊടുകൂടെ പൊയിരുന്ന വാലിഭക്കാർക്കു വൈക്കത്തുകാരൻ നീക്കി ശെഷമുള്ളവർക്ക ഒക്കെയ്ക്കും പട്ടവും കൊടുത്തു. ഇങ്ങനെ ഇത്ര വലിയ പള്ളിയുടെ ശിക്ഷയായ മഹറൊൻ ഒട്ടും സമ്മതിക്കാതെ നടന്നുവരികയും ചെയ്തു. ഇങ്ങനെ തിരിയുന്നതിന്മെൽ ഒരു ശരണവും കൂടാതെയും വലിയ മറുതലയായിട്ടു രണ്ടുമാസംവരെ ചുറ്റിനടന്നതിന്റെ ശെഷം മലയാറ്റൂർക്ക പൊയി അവിടെ ചെന്നപ്പൊൾ വാഗ്ദാദിൽ നിന്നും ഒരു എഴുത്തുവന്നു- ഇതിന്റെ മുഴുവൻ വിവരം ഇല്ല രഹസ്യം തന്നെ കാത്തു എംകിലും മുടങ്ങിക്കൊണ്ട വെഗത്തിൽ ചെല്ലുവാൻ പാത്രിയർക്കീസിന്റെ എഴുത്ത എന്നു കെൾവി- അന്നുമുതൽ ചടപ്പായിരിക്കുന്നു. എന്ന ഒരു ധ്വനിയുണ്ടായി. ചൊരകൊത്തി ആദെഹംതന്നെ ഇതിനാൽ ചൊര അധികം പൊയി (P.49) എന്നും ആയതിനാൽ ഡാക്കദെർ സായ്പിനെ കാണണമെന്നും മറ്റും പറഞ്ഞ കൊച്ചിയിൽ വരികയും കൊച്ചിയിൽ കുറെ താമസിക്കയും ഒടുക്കം വരാപ്പുഴെ മെത്രാപ്പോലീത്തായ്ക്ക ഒരു എഴുത്ത കൊടത്തയച്ചു. ഇതായത ഈ വണ്ണം.

റോക്കോസ് വീണ്ടും പള്ളികളിൽ വിസീത്ത നടത്തുന്നു



[illegible]

(P.50) ഈ എഴുത്ത കൊച്ചിയിൽ കൊട്ടയിൽ പള്ളിയിൽ വിചാരിക്കുന്ന മിസ്യൊ. അപ്പ. പെ. ബ. പ്രെ. കെറുബിനു മൂപ്പച്ചന്റെ കൈയിൽ വരാപ്പുഴയ്ക്കു കൊടുത്തയയ്ക്കയും അപ്പോൾ വടക്കു പുറത്ത അര: തരകൻ മുതലായവരുടെ അപെക്ഷ പ്രകാരം എ. പെ. ബ. മെത്രാപ്പൊലീത്താച്ചൻ കല്പിച്ച നമ്മുടെ പ്രിയൊരച്ചനെ അരണാട്ടുകരക്കായി യാത്രയാക്കിയിരുന്നതിനാൽ ഉടൻ വരാപ്പുഴെനിന്നും ബ. നാഗനൂലി മത്തായി അച്ചനെ പുറകെ അയച്ചു. പള്ളിപ്രത്ത ചെന്ന കണ്ടെത്തി തിരികെ വരാപ്പുഴെ വരുത്തി ഈ എഴുത്ത കാണിച്ച ആയത ഇത്താല്യ

റോക്കോസ് വരാപ്പുഴ മെത്രാപ്പോലിത്തായ്ക്കു അയച്ചെഴുത്തിന്റെ പ്രതികരണം

പെച്ചിൽ ബ. പ്രെമസ്സിനു മൂപ്പച്ചൻ പകർത്തി മെത്രാപ്പൊലീത്താച്ചനെ കാണിച്ച ഉടൻ ഇപ്രകാരം ആമെത്രാൻ അപെക്ഷിച്ചതിനെ നാം കൈക്കൊണ്ടില്ലെങ്കിൽ ശുദ്ധ: സിംഹാസനത്തിൽ അയാൾ ബൊധിപ്പിച്ചാൽ പക്ഷെ നമ്മുടെ മെൽ തിരുവുള്ളക്കെടുണ്ടായേക്കും ആയതുകൊണ്ട നമ്മുടെ വശംപൊലെയും ന്യായം പൊലെയും ഉള്ള സഹായം ചെയ്യാം. ഇതായത കല്പിച്ചു ചൊല്ലിയ മഹറൊൻ കല്പിച്ചു തന്നെ തീർത്തെ മതിയാവൂ എംകിലും ദിഷ്ടതി വന്നാൽ പറഞ്ഞൊപ്പ ഇതായത അയാളുടെ ഇടത്തിൽ എത്തിയാൽ ഉടൻ ശുദ്ധ സിംഹാസനത്തിൽ ബൊധിപ്പിച്ച അവിടെ നിന്നും കല്പിക്കും വണ്ണമുള്ള പ്രായശ്ചിത്തവും എടുത്തു തീർത്തുകൊള്ളാ (P.51)മെന്നും ഇപ്പോൾ ശട

റോക്കോസിനു വരാപ്പുഴനിന്നുമുള്ള മറുപടി

പ്പും ദീർഘവഴിയാത്രയും ആകയാൽ തങ്ങൾക്കുള്ള മുഷ്കരപ്രകാരം തീർത്തുതരെണമെന്നും അപെക്ഷ പറഞ്ഞൊപ്പ എഴുതി തന്നാൽ രഹസ്യപ്രകാരം മഹറൊൻ പൊക്കാമെന്നും ശു: മാർപ്പാപ്പയുടെ കല്പന കൂടാതെയും മുഷ്കരം കൂടാതെയും ഇവിടെ വന്ന ചെയ്ത പ്രവൃത്തികൾ കുറ്റമുള്ളതാകയാൽ ഇതിന്നു പരിഹാരം ചെയ്തുകൊള്ളണമെന്നും ഒരു പരസ്യവും എഴുതി തന്നാൽ വഴി ചിലവിട്ട തങ്ങളുടെ ഇടത്തിൽ എത്തിക്കാമെന്നും ഈവണ്ണം ഒക്കെയും ചെന്നു അറിയിക്കണമെന്നും കല്പിച്ച കുമ്പസാരിപ്പിപ്പാനും മഹറൊൻ തീർപ്പാനും അനുവാദവും ഇതിൻപ്രകാരം ഒക്കെയും സമ്മതമെങ്കിൽ ബൊംബയിൽ വരെയുള്ള ചിലവിനെ തീക്കപ്പലിന്റെ കപ്പിത്താനെ ഏല്പിച്ചാൽ പിൻവാങ്ങി. ആയതു ബൊംബയിൽ എത്തിയാൽ ഉടൻ ആദെഹത്തിന്റെ നാട്ടിൽ എത്തിപ്പാൻ തക്കവണ്ണം ബൊംബയിൽ വിഗ. അപ്പ. അവർകൾക്ക എഴുത്തും ആയിട്ട പ്രെ. പിലിപ്പ മൂപ്പച്ചനെയും ഇനിക്കു കൂട്ടായി ആഹാ ഗീവറുഗീസ യൊഹന്നാൻ പട്ടക്കാരനെയുംകൂടെ അയച്ച കൊട്ടയിൽ ചെന്ന


ശനിയാഴ്ച കാലത്തതന്നെ തൊമ്മാ മെത്രാപ്പൊലീത്തായുടെ അൾവന്ന പ്രി - ചെന്ന് ഈ വിവരം അറിയിച്ചാറെ ഞാൻ പോയില്ലെ ങ്കിൽ മഹറൊൻ ചൊല്ലുവാൻ മാർപ്പാപ്പായുടെ തിരുവെഴുത്ത എന്നു ള്ള അറിയിപ്പ് ഞാൻ കെട്ടപ്പൊൾ തന്നെ അപ്രകാരം സമ്മതിച്ച പൊ കുവാൻ നിശ്ചയിച്ചു. ആയതുകൊണ്ട ഈ വിവരം ഞാൻ അറിയിച്ചു. പക്ഷെ അവരിൽനിന്നു വെർതിരിവാൻ പാടില്ലാഞ്ഞതിനാൽ ഞാൻ താമസിച്ചു ഇതുകൊണ്ട ഈ മഹറൊൻ നമുക്കു വീഴുന്നതല്ല. ആയ തിനാൽ ഈ പറഞ്ഞൊപ്പ അപെക്ഷ ഞാൻ എഴുതുന്നതല്ല. നിങ്ങൾ നമ്മുടെ മഹറൊൻ പൊക്കുകയും വെണ്ട (P.52) മാർപ്പാപ്പായുടെ ക ല്പനയാൽ അല്ല നാം ഇവിടെ വന്നത പാർപ്പാനും ഭരിപ്പാനും അല്ല

ചാവറ അച്ചൻ റോക്കോസുമായി സമ്പർക്കത്തിൽ

പിന്നെയൊ ഇവിടെയുള്ള കാര്യങ്ങൾ വിചാരിച്ച അന്വെഷണം ചെയ്പാൻ മാത്രം പാത്രിയർക്കീസ വാവ എന്നെ അയച്ചിരിക്കുന്നു എന്നുള്ള പട്ടാ ങ്ങയ്ക്ക ഞാൻ എഴുതി തരികയുമാം പൊകുന്നതിന്നുള്ള ചിലവുകൾ വരാപ്പുഴെ മെത്രാൻ ഉപകാരമായി ചെയ്താൽ മതി. ഈ വിവരം അ റിവിച്ച അപ്രകാരം താൻ നൽമനസു വെച്ച നടത്തണം എന്ന പ്രിയൊ രച്ചനൊട ആദെഹം പറകയാൽ വീണ്ടും വരാപ്പുഴെ ചെന്ന ബൊധി പ്പിച്ചാറെ അപ്രകാരം അയാളുടെ മനസെംകിൽ ആകട്ടെ. എന്നാൽ പൊകുവാൻ സമയം ആകുമ്പൊൾ അവര അയാളുടെ വസ്തുക്കളും ചിലവു കൊടുക്കയില്ലെങ്കിൽ അയാൾ പറഞ്ഞ പ്രകാരം എഴുതിത ന്നാൽ നമ്മാൽ കൂടുന്ന സഹായം ചെയ്കയുമാം എന്ന ഈവണ്ണം ക ല്പിക്കയാൽ രണ്ടാമതും കൊച്ചിയിൽ ചെന്ന ഈ വിവരം അറിയിച്ചാ റെ അപ്രകാരം സന്തൊഷമായി എംകിലും അതിനിടയിൽ കൂറിലൊസ എന്ന പുത്തൻകൂറ്റുകാരൻ മെത്രാന്റെ നടസ്ഥാനത്താൽ ആദെഹത്തി ന്റെ പെട്ടി മുതലായ തൈക്കാട്ടുശെരിൽ ഇരുന്ന വസ്തുക്കൾ വരു ത്തിക്കൊടുക്കാമെന്നും പൊകാതെ ചാവക്കാട്ടു ചെന്നു താമസിക്കാ മെന്നും മറ്റും ഒരുപായ പറഞ്ഞൊപ്പ ചെയ്ത: കൂറിലൊസിന്റെ വീട്ടിൽ മെത്രാൻ പൊകയും കൊപ്പുകൾക്കു തൈക്കാട്ടുശെരിക്ക അൾവിടുക യും ചെയ്തു. ഇതിനാൽ യാത്ര ഒന്നും തണുത്ത അതിൻവണ്ണം തൊ ന്നിയതിനാൽ വീണ്ടും വരാപ്പുഴെ അറിയിച്ചപ്പോൾ ബൊംബയിൽനി ന്നും തീക്കപ്പലും വന്നുചെർന്നു. ആയതിനാൽ തീകപ്പലിൽ തന്നെ പൊകും എംകിൽ പറഞ്ഞതിൻ വണ്ണം ഉള്ള സഹായം ചെയ്യാം. ഇതല്ല എംകിൽ പിന്നെ ഒന്നും (P.53) ഇവിടെ നിന്നും ചെയ്പാൻ പാടില്ല എന്നും പറഞ്ഞ ആ തീക്കപ്പൽ പൊകുംവരെ കൊട്ടയിൽ താമസി

ക്കണം എന്നും കല്പിക്കയാൽ പ്രി. അവിടെ താമസിച്ചു. പിറ്റെ ദിവസം തൈക്കാട്ടുശെരിൽ നിന്നും പെട്ടിയും നിധിയിരി, കീരങ്കരി, പാറയ്ക്കാ, ആമ്മീൽ ഇങ്ങനെയുള്ള വൈക്കീലന്മാരും ചില പള്ളിക്കാരും പാറായിമാര രണ്ടു കൂടിയതിനാലും പെട്ടി കൈവശമായതിനാലും ഇപ്പൊൾ അല്ലെങ്കിൽ വരാപ്പുഴെ നിന്നുള്ള സഹായം ഉണ്ടാകയില്ലെന്നും അറിഞ്ഞതിനാലും വീണ്ടും പൊകുന്ന കാര്യം ഒന്നുറച്ചു ഇതായത ഞാൻ ഇനി കപ്പലെലൊട്ടല്ലാതെ ഇവിടെ നിന്നും ഇറങ്ങുകയില്ലെന്നും ഉറച്ചു പാറായി മുതൽപെരൊടു പറഞ്ഞു. അപ്പൊൾ അവരെ കൂട്ടി വിചാരിച്ച വൈക്കീലന്മാരെക്കൊണ്ട മെത്രാന്റെ പെരിൽ സംകടം ബൊധിപ്പിച്ചു. ഇതായത കൊട്ടയിലെ മുറപ്രകാരം 150 രൂപയുടെ മുദ്ര കടലാസ്സ വാങ്ങിച്ച 5000 രൂപായ്ക്കു സംകടം വെച്ചു. ഇതായത ഈദെഹം ഇവിടെ പാർത്തുകൊണ്ടു ഞങ്ങളുടെ അടിയന്തിരങ്ങൾ നടത്തി തരാമെന്നും പറഞ്ഞ 5000 രൂപാ ഞങ്ങളെക്കൊണ്ട ചിലവ് ചെയ്യിച്ചിരിക്കയാൽ ഒന്നുകിൽ അപ്രകാരം ഇവിടെ പാർത്ത ഞങ്ങളുടെ ആവശ്യങ്ങൾ നടത്തി തരികയും ആയതിനു മനസില്ലാതെ പൊകുന്നുവെംകിൽ ഞങ്ങളെക്കൊണ്ട ചിലവു ചെയ്യിച്ചിരിക്കുന്ന രൂപാ 5000 വും തിരികെ തരുവിക്കണമെന്നും ഈവണ്ണം അന്യായപ്പെട്ടാറെ

റോക്കോസിന്റെ യാത്ര തടയുന്നതിനു വേണ്ടി റോക്കോസിനെ പ്രതിചേർത്തു കേസ്

[1]


1. ശേഷം 115-ാം പേജിൽ മൂലത്തിൽ തുടർന്ന് രണ്ട് സുറിയാനി എഴുത്തുകൾ പകർത്തിയിരിക്കയാണ്.

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

ആദെഹം കൂറിലൊസിനൊടുകൂടെ ഒരുമിച്ച രഹസ്യമായി ജടുജി സായ്പിനൊടു അറിവിച്ച അയാളുടെ പക്കൽ ചെന്നുകൊണ്ട എതുപ്രകാരമൊ വിട്ടുകൊള്ളാമെന്നും അയാൾ ഉറപ്പുകൊടുക്കയും ആയതിനെ ഉറച്ച രഹസ്യമായി യാത്രയ്ക്കു ആസ്തമാക്കുകയും പരസ്യമായി (P.56) പൊകുന്നില്ല എന്നും ഇനി പാത്രിയർക്കീസിന്റെ മറുകല്പന വന്നില്ലെങ്കിൽ കന്നിമാസംവരെ താമസിച്ചുകൊള്ളാമെന്നും പാറായി മുതലായവർക്ക ഉടമ്പടി കൂറിലൊസ കൈയായിട്ടുതന്നെ എഴുതിച്ചു കൊടുക്കയും ചെയ്തു. ആയതിനാൽ നെരെന്നും അവരുറച്ചു. അന്തൊനി കത്ത: ഇതു കണ്ടപ്പൊൾ ഈദെഹം കന്നിമാസം വരെ മാത്രം പാർക്കുന്നതാകയാൽ ആയതിനകം ഞാൻ വാവെലിൽ ചെന്ന മിഖായെൽ മെത്രാനെ കൊണ്ടുവരാമെന്നും പറഞ്ഞ പാറായി മുതൽപെരെ ഉറപ്പിച്ചതിനാൽ അപ്രകാരം അവരും സമ്മതിച്ച 1000 ചില്ലുവാനം രൂപാവരെ കൊടുത്ത തൊണ്ടി, അന്തൊനി, പൂണ്ടിക്കുളത്ത ശമ്മാശ പുളിങ്കുന്നുകാരൻ മുൻപൊയി വന്നതിൽ ഒരുത്തനും ഇങ്ങനെ മൂന്നുപെരെ ചൊവ്വാഴ്ച, 10 മണിക്ക തീക്കപ്പലിൽ കരെറുകയും ചെയ്തു. ഉച്ചകഴിഞ്ഞ 4 മണികൊട്ടിയപ്പൊൾ തൊമ്മാ മെ: ഒല്ലൂർ വിഗാരി പല്ലശ്ശെരി തൃശൂർ വിഗാരി-ന-ആ. മാണിയച്ചൻ കൊന്തുരുത്തി കുടിലുങ്കൽ മുതലായ പട്ടക്കാരുമായി സംസാരിച്ചിരിക്കയിൽ മണിയടിച്ച ഉടൻ ആദെഹം എഴുന്നേറ്റ പുറത്തിറങ്ങുകയും അപ്പോൾ കൊട്ടയിൽ ഉള്ളതിൽ ചില കത്തൊലിക്കാകാര ളത്തീൻകാരവന്ന മുറിയിൽ കരെറുകയും മെത്രാന്റെ പെട്ടി മുതലായതും എടുത്ത കപ്പലിൽ കരെറ്റി യാത്ര പുറപ്പെടുകയും ചെയ്തു:-

റോക്കോസ് പക്ഷക്കാർ തന്നെ റോക്കോസിനെ എതിർക്കുന്നു

ചാവറ അച്ചൻ റോക്കോസിനെ മടക്കി അയക്കുന്നു

ഇങ്ങനെ രണ്ടാമത്തെ ദുരിതത്തിനായി പൊയിരിക്കുന്നു.

ഇതിന്റെ ശേഷം ഒരൊ പള്ളിക്കാര ശീശ്മയുപെക്ഷിച്ച പിൻതിരിഞ്ഞുവന്ന പെ. ബ. മെത്രാപ്പൊലീത്താച്ചന്ന കീഴ്വഴങ്ങുന്നു. 1 കടുത്തുരുത്തി മുട്ടുചിറ തുടങ്ങി ഓരൊ പള്ളികൾ കൂടുന്നു. എന്നാൽ മുട്ടുചിറ മുതൽതന്നെ മുരിക്കൻ തൊമ്മാ കത്തനാരച്ചനും (P.57) കുഴിവെലി മാത്തുക്കത്തനാരച്ചനും മാത്രം റൊക്കൊസുമതത്തിൽ മണ്ണു ചരിൽ ചിലപ്പൊൾ അങ്ങൊട്ടും ചിലപ്പോൾ ഇങ്ങൊട്ടും ശെഷം പറമ്പിലച്ചൻ മുതൽപെരിങ്ങൊട്ടും നിന്നതിനാലും കന്നിമാസത്തിലെ തിരുവെഴുത്തു വന്നിവിടെ പരസ്യപ്പെടുത്തിയ ദിവസം തന്നെ മുരിക്കൻ ചാക്കൊ

ചാവറ അച്ചൻ നട്ടുച്ചയ്ക്കു കടുത്തുരുത്തിക്കു ഓടേണ്ടിവന്നു.

എന്നവൻ അവന്റെ മകനെ റൊക്കൊസുമെത്രാനെക്കൊണ്ട പട്ടം ഏല്പിച്ചിരുന്നു എംകിലും ആയതിനെ ഇവിടെവന്ന കെട്ടതിനാൽ ശീശ്മയുപെക്ഷിച്ചും ഇങ്ങനെയുള്ള ഉറപ്പുകണ്ട മെത്രാൻ പൊകും മുൻതന്നെ ദെനഹാപെരുന്നാൾ കൊംപ്രിയക്കാരു ഘൊഷിപ്പാൻ നിശ്ച യിച്ച പ്രിയൊരച്ചനെ മുട്ടിച്ച അപെക്ഷിച്ചതിനാൽ മുട്ടുചിറയ്ക്കപൊയി: പക്ഷെ കൊക്കിവൈദ്യൻ ശിസ്മയിൽ മകനെ കെട്ടിക്കയാൽ ഇയ്യാളും ബന്ധുക്കളും യി കൈതളായിക്കാരൻ ബലവാന്മാരായി തെവരു പറമ്പന്മാരും മറുപക്ഷത്തിൽകൂടി പഴയപള്ളിയിൽ അവരും പെരു ന്നാൾക്ക ഭാവിച്ച നായിക്കനെയും തരത്തിൽ ഒരു ശവവും വന്നതി നാൽ അതിനെയും വച്ചുംകൊണ്ട തെവരുപറമ്പൻ വേഷവും പകർന്ന പൊലീസിന്നും അടിപിടിക്കും യിടയാക്കണമെന്നും തുനിഞ്ഞ തുട ങ്ങിയതിനാൽ 11 മണി വെയിലത്ത പ്രിയൊരച്ചൻ കടത്തുരുത്തിയ്ക്കു ഓടേണ്ടിവന്നു. ഇതിനാൽ പൊലീസിന്നും അടിപിടിക്കും യിടവരാതെ

റോക്കോസ് കക്ഷി യിൽ ചേർന്നവർ മാനസാന്തരപ്പെടുന്നു

പിരിഞ്ഞു കടുത്തുരുത്തിൽ പാർത്തുംകൊണ്ട ശീസ്മ വിഗാരിയായ മുരിക്കൽ തൊമ്മൻ കത്ത നാരച്ചന്ന ഒരെഴുത്തും കൊടുത്തയച്ചുംകൊണ്ട പൊരികയും രണ്ടുദിവസത്തിന്നകം തൊമ്മൻ കത്തനാരച്ചൻ കൊംവ ന്തയിൽ വന്ന കുറ്റം തീർത്ത കൂടി അന്നുമുതൽ ഒരൊരുത്തര തിരി കയും കടശി (P.58)യിൽ ളാലത്തെ പുത്തൻ പള്ളിക്കാര അധികവാ ശിയിൽനിന്നു. എങ്കിലും ധനു 4-ാംനു അവിടെ ശു: ശവെരിയാരുടെ പെരുന്നാൾക്കു മുമ്പിൽ അവരും തിരിഞ്ഞു. എന്നാലു നമ്മുടെ അയൽക്കാരും ശിഷ്യരും ആകുന്ന അതിരമ്പുഴക്കാര ഇതുവരെയും കടലിന്റെ നടുവിലുള്ള പാറപൊലെ ഈ സ്വരങ്ങളും തിരിവുകളും കണ്ടാറെയും കെട്ടാറെയും അവരുടെ കല്ലായ ഹൃദയത്തിന്ന ഒരിളക്കം കൂടാതെ ഈ തിന്മയിൽതന്നെ കിടക്കുന്നു ദൈവം നൽബുദ്ധി അവർക്കു കൊടുക്കട്ടെ. തൈക്കാട്ടുശെരിക്കാര അയ്യനാട്ടു വല്യവുരാ അല്ലാതെ ശെഷമുള്ളവരു പലപ്പോഴും ഇളകി പറയുന്നു. എങ്കിലും അവന്റെ അനംഭ്രസുഖം ഒർത്ത കണ്ണടച്ചു നടക്കുന്നു. ഇതാ ഇപ്പഴും പെർത്തു തുടങ്ങിയിരിക്കുന്നു. ഇതായത പൊയിരുന്ന അന്തൊനി കത്ത നാര- അവദ ഈശൊ മെത്രാപ്പൊലീത്താ എന്നും പെരും വിളിച്ച വന്നിരിക്കുന്നു. പൂണ്ടിക്കുളം വാവെലിൽ ചിലവെഴുതി പുളിംകുന്നു കാരൻ ശമ്മാശ ആറാം പട്ടക്കാരനും എന്നും പറഞ്ഞു കൊച്ചിയിൽ ഇറങ്ങി. അപ്പൊൾ പൊയ വേഷം തന്നെ ആയിരുന്നു തൈക്കാട്ടുശെ രിൽ വന്നപ്പോൾ തുടങ്ങി ഇതായത തൈക്കാട്ടുശെരി വിഗാരി കുറ

വിലങ്ങാട്ടു മുതലായി തിരിയാതെ നിന്ന പള്ളികൾക്ക എഴുത്തുകൊടുത്തയച്ചു. ഇതായത നമ്മുടെ അന്തൊനി അച്ചൻ അവദ ഈശൊ മെത്രാപ്പൊലിത്താ ആയിട്ട വാണു വന്നിരിക്കയാൽ മെൽനടപ്പിനുവെണ്ടിയ കാര്യം നിശ്ചയിപ്പാനായി തൈക്കാട്ടുശെരിൽ കുടികൊള്ളണം - എന്ന ഈ എഴത്ത പുറപ്പെട്ടാറെ മുമ്പിലത്തെ പൊലെയുള്ള തെളിവില്ല. എന്നാൽ അതിരമ്പുഴക്കാരു (P.59) പോയി പക്ഷെ ചെന്നപ്പൊൾ മെത്രാനെ പ്ലാശനാൽക്ക യാത്രയാക്കി ഇതായത; അയ്യ്യനാടനൊട ഗുണദൊഷിക്കാതെ അത്രെ ഈ പരസ്യം ചെയ്തത എന്നും കെൾക്കുന്നു. ഏതെങ്കിലും ഇതിന്ന മനസ്സുവച്ചില്ല. എംകിൽ പ്ലാശനാൽ ചെന്നിരുന്ന പട്ടക്കുപ്പായവും മോതിരവും മെത്രാൻപദവി അണഞ്ഞ റൊക്കോസു ശമ്മാശന്മാരക്കൊണ്ട മണിയടിപ്പിച്ച കുർബ്ബാനയും ചൊല്ലി. ചില പെണ്ണുങ്ങൾ മുതലായവരെ കൈയും മുത്തിച്ചു തുടങ്ങി അങ്ങനെയിരിക്കയിൽ ദൈവകൃപയാൽ പൊർത്തുഗൾ പദ്രുവാദിന്റെ വിവാദുകൾ ഒതുങ്ങി. ശു: മാർപ്പാപ്പയുമായി ചെയ്ത കൊംകർദാത്തുംപ്രകാരം ഗൊവയ്ക്ക മെത്രാപ്പൊലീത്തായും ശു: മാർപ്പാപ്പായുടെ പെർക്ക കർത്തജീന എന്ന ദിക്കിന്റെ മെത്രാപ്പൊലീത്താ ആയ സൾവത്തൊർ സാബാ എന്ന ദെഹവും ശുദ്ധ: സിംഹാസനത്തിന്റെ ശുശ്രൂഷി ഇംഗ്ലീഷ രാജവങ്കിഷപതി ആയ ളൊആർദ എന്ന മുസിഞ്ഞൊറും പൊർത്തുഗാൾ കൊമ്മിസാരിയും ഇങ്ങനെയുള്ളവരു വന്നിറങ്ങിയതിനാൽ അംശം അവിടെ അടങ്ങി എംകിലും പെ. പെ. ബ. കൊമ്മിസ്സാരി അപ്പസ്തൊലിക്കാച്ചനെയും മറ്റും കാണ്മാനായിട്ട പ്രിയൊരച്ചൻ പൊയിരിക്കയിൽ ഒരാൾ വശം ഒരെഴുത്ത വരാപ്പുഴയ്ക്ക കൊടുത്തയച്ചു.

തൊണ്ടനാട്ടു അന്തോനിക്കത്തനാർ അവ്ദീശോ മെത്രാപ്പോലീത്തായായി നാട്ടിൽ തിരിച്ചെത്തുന്നു

പദ്രുവാദോ വിവാദം ഒതുങ്ങുന്നു

ഇതായത മലയാളത്തിന്റെ അന്തൊനീസ അവദ ഈശൊ മെത്രാപ്പൊലീത്താ എഴുത്ത ബ. റെശദൈറാ[1]യിരിക്കുന്ന കുറിയാക്കോസ മല്പാന്ന സ്വത്വം മുമ്പിലത്തെ ഞങ്ങളുടെ വരവിലും എഴുതിക്കൊടുത്തയച്ചു. മറുപടി വന്നില്ല. എന്നാൽ (P.60) തങ്ങൾകൂടി നൽമനസു വൈക്കായ്കയാൽ നടപ്പുകെടിന്നും മറ്റും ഇടവന്ന വിവരം ഒക്കെയും എഴുതീട്ടറിയണമെന്നില്ലല്ലൊ. എന്നാൽ ഇപ്പൊൾ എംകിലും നൽമനസുവെച്ചാൽ മുമ്പിലത്തെതിൽ ഉണ്ടായ ക്ലെശമൊ

കുര്യാക്കോസച്ചന് അവ്ദീശോ മെത്രാപ്പോലീത്തായുടെ എഴുത്ത്.

1. സുറിയാനി വാക്ക് – പ്രിയോർ എന്നർത്ഥം.

ക്കെയും തീരുവാൻ ഇടവരും. ഇതിൽവച്ച ഇനിക്കും എന്റെ തറവാട്ടു കാരക്കും ഒരു ബഹുമാനത്തിന്നല്ല ഈ ബുദ്ധിമുട്ടുകൊണ്ടും വെല കൊണ്ടും നമ്മുടെ പരിഷയ്ക്കു യാതൊരു ഗുണം ഉണ്ടാകും എന്നുവ ച്ചത്രെ ഈ എട്ടുവർഷം ആയുസ്സുപെക്ഷിച്ച വെലചെയ്തത ഇതിൽ ഉണ്ടായി എന്ന ഖെദങ്ങൾ ഒക്കെയും ഗ്രഹിക്കാത്തതല്ലല്ലൊ. ആയ തുകൊണ്ട തങ്ങൾകൂടെയും തൈക്കാട്ടുശെരിക്ക വരണം. പലരുകൂടി കശാപിശാ പറഞ്ഞപിരിയുയന്നതിന്നിടവരാതെ തങ്ങൾകൂടെ വന്നി രുന്നാൽ തങ്ങളുടെ ആലൊശന ഏവർക്കും സമ്മതമുള്ളതാകുന്നു എന്നും അറിയാമല്ലൊ. മറുപടിയും കൊടുത്തയക്കണം...

എന്നിങ്ങനെയുള്ള എഴുത്ത ഒരു മാപ്പിള വരാപ്പുഴെ വച്ച കൊടുത്ത തിനാൽ ഈ വലിയ ജനങ്ങൾ ഒക്കെയും കൂടിയിരിക്കുമ്പൊൾ എന്തൊ രുറപ്പുകണ്ടോ ഈ വണ്ണം എഴുതിയിരിക്കുന്നു എന്നും സംശയിച്ച ഈ എഴുത്തുതന്നെ പെ.ബ. നമ്മുടെ മെത്രാപ്പൊലീത്താച്ചനെ കാണിക്ക യും ആദെഹം പെ. പെ. ബ. കൊമ്മീസ്സാറി അപ്പസ്തൊലിക്കായെ കെൾപ്പിക്കയും ചെയ്തതിനാൽ ഉടൻ ആദെഹത്തിന്റെ ഒരു പരസ്യം പള്ളികൾക്ക കൊടുത്തയച്ചു.

ഇതായത ശു: സിംഹാസനത്തിലെ കല്പന കൂടാതെ റൊക്കൊ സ മെത്രാൻ ഇവിടെ വന്നു പല വെദകലാപങ്ങൾ (P.61) വരുത്തിയത ല്ലാതെ ഇപ്പൊൾ തട്ടിപ്പായിട്ടു ഞാൻ തന്നെ മെത്രാൻ എന്നും പറഞ്ഞുകൊണ്ട ആന; തൊ: അന്തൊനിക ത്തനാര എന്നയാൾ നടന്നുവരുന്നു എന്നും കെൾക്ക യാൽ അയാളുടെ തട്ടിപ്പിൽ യാതൊരുത്തരും അക പ്പെട്ട ആത്മനാശത്തിൽ ഉൾപ്പെട്ടുപൊകയും അരുത. എന്നാൽ ഇയാ ളുടെ ആത്മരക്ഷയ്ക്കാഗ്രഹിക്കുന്നു എംകിൽ എത്രയും വെഗത്തിൽ തെറ്റത്തൊടുകൂടെ നമ്മുടെ മുമ്പാകെ വരികയും വെണം.

കൊമ്മിസറിയുടെ പരസ്യം പള്ളികളിൽ

ഈ പരസ്യത്താൽ പുറപ്പെട്ട തൈക്കാട്ടുശെരിൽ വന്നു പാർത്ത മെലെഴുതിയവര കൊല്ലത്തിന്നു പൊയപ്പോൾ അവിടെ ചെന്നുവെം കിലും കാണാതെ തിരികെ തൈക്കാട്ടുശെരിൽ വന്ന കുർബ്ബാന ചൊ ല്ലാതെയും ഗൊവയിൽ നിന്നും ചമ്പളം വന്നിരിക്കുന്നു എന്നും പറ ഞ്ഞ രണ്ടു മൂന്നു മാസംവരെ പാർത്ത ഇതാ ഇപ്പോൾ ഇതിന്റെ യിരി പ്പിടമായിരിക്കുന്ന പ്ലാശനാൽ പൊയിരിക്കുന്നു. വീണ്ടും പട്ടക്കുപ്പായം കുത്തിക്കുന്നു - എന്നും കെൾക്കുന്നു. ഇനി എന്തൊ ചെയ്യാനിരിക്കുന്നു അറിയുന്നില്ല.

എന്നാൽ വന്നു എന്ന കൊമ്മിസ്സാരി അപ്പസ്തൊലികായും മറ്റും കൊല്ലത്തുനിന്നും തന്നെ ആദെഹത്തിന്നു ദീനമായി പൊന്നാറെ വരാപ്പുഴെയും താമസിക്കാതെ നീലകരിക്കപൊയി അവിടെ വച്ച ആദെഹം കാലം ചെയ്തതിനാൽ ശെഷംപെരും പൊയി. എന്നാൽ നമുക്ക നമസ്കാരപ്പുസ്തകം അടിച്ചുകൊടുത്തയക്കാമെന്നും മുസിഞ്ഞൊർ കല്പിച്ചു എഴുതിയതിനെയും വാങ്ങിച്ചുകൊണ്ടുപൊയിരിക്കുന്നു.

(P.62) ഇതിന്റെ ശെഷം ഗൊവ മെത്രാപ്പൊലീത്താ ആദെഹത്തിന്റെ പള്ളികളെ വിസീത്ത ചെയ്വാനായിട്ട ഈ ദിക്കുകളിൽ വന്നപ്പൊഴും ഈയാളെ വിളിപ്പിച്ചു പൊയില്ല.

സർവ്വരാലും പരിത്യക്തനായ അവ്ദീശോ മെത്രാപ്പോലീത്താ

ഇങ്ങനെ കുറെ നാൾ പാർത്തതിന്റെ ശെഷം പള്ളിക്കാര ഒക്കയും രണ്ടു കൂട്ടമായിട്ട വിഗാരി അപ്പസ്തൊലിക്കായ്ക്കും പദ്രുവാദിന്നും ആയിട്ട തിരികയാൽ ഈയാൾ ഒരിടത്തും ഉൾപ്പെടാതെയിരിക്കയാൽ ബന്ധുക്കൾ ഒക്കെയും പിരിഞ്ഞു തനിയെ ആയി. പ്ലാശനാൽ മാത്രം സംകെതമുള്ളു. ഇങ്ങനെ ആയപ്പൊൾ അവിടം ഉടയതായി വാണുകൊണ്ടുവരുന്നു. മുണ്ടമറ്റം ഒരു കത്തനാര ഈ രണ്ടു സ്ഥലത്തിലും മുഴുവനായി കീഴ്വഴങ്ങാതെ പാർത്തുവരികയാൽ അയാളുമായിട്ട സുഖമില്ലാതെ ആയി. ഇതിനാൽ പുത്തൻ മെത്രാൻ കുറിലൊസുവാവാ യിങ്ങനെയുള്ള പുത്തൻകൂറ്റുകാരുടെയിടത്തും പൊയി ചുറ്റി അവര ഏതൊ സഹായം ചെയ്തു. ആയതുകൊണ്ട വീണ്ടും പ്ലാശനാൽ വന്നു താമസിച്ചു.

ഇങ്ങനെയിരിക്കയിൽ 64 മിഥുനത്തിൽ കിഴക്ക പ്രദെശങ്ങളിൽ ഉണ്ടായ കഠിനമായ പനിയിൽ ഇയാൾക്കും പനി ആയി അപ്പൊൾ പ്ലാശനാൽ പാർപ്പാൻ പാടില്ലായ്കയാൽ ആനക്കല്ലുംകൽ പാർപ്പാൻ ആഗ്രഹിച്ചാറെ ഇയാളെ പള്ളിയിൽ പാർപ്പിച്ചാൽ എങ്ങനെയൊ എന്ന സംശയിച്ച അവരു കൈക്കൊണ്ടില്ല. ഇതിനാൽ വീട്ടിൽ ആയി അവിടെയും മറ്റു ചിലർക്കും പനി ആയി വീടും തക്കവകയുമുള്ളതല്ലായ്കയാൽ അധികം ഞെരുങ്ങി അപ്പൊൾ ആദിക്കിന്റെ മുറപ്രകാരം വെള്ളം പൊങ്ങി വിട്ടിൽ കെറി (ഇതിനാൽ (P.63) മെത്രാനെ പരണെൽകെറ്റി) എന്നും പറയുന്നു. ഞെരുക്കക്കാരാകയാൽ കൈയിൽ വകയില്ല- സംബന്ധക്കാരും പ്രാപ്തിയില്ല - പ്രാപ്തിയുള്ള ദുഷ്ടബന്ധുക്കൾ ആരും സഹായത്തിന്നുമുണ്ടായില്ല. ആ സമയം പെങ്ങൾ ഒരാൾ സമീപമായി ഉണ്ടായിരുന്നു - അതും ഞരുക്കക്കാര എംകിലും കൂടപ്പിറപ്പ എന്നുള്ള

സന്തൊഷത്താൽ അവിടെ ആയി- ദൈവത്തിന്റെ വിശെഷ കൃപയാൽ പനിയും കുറെ സുഖമായി കുളിച്ചും, ഇരുന്നും, നടന്നും, കിടന്നുമായി ആ സമയം നമ്മുടെ മാന്നാനത്തെ കൊവെന്തയുടെ പരികർമ്മി കൊച്ചയൌസപ്പ എടമറ്റത്ത കെട്ടുതെങ്ങിൻ കാര്യത്തിന്നായി ചെന്നപ്പൊൾ ഈ വീട്ടിൽ കരെറി. ഈ അവസ്ഥ കണ്ടതിനാൽ അച്ചൻ ഇവിടെ പാർക്കുന്നതിനെക്കായിൽ ഇപ്പൊൾ മാനാനത്ത വന്ന പാർക്ക നല്ലതാകുന്നു. അവിടെ മതിലെമങ്കളാവ എന്ന ഒരു നല്ല മുറിയുണ്ട. അവിടെ പാർക്കാം അച്ചന്മാര സന്തൊഷമായിട്ടു വിചാരിക്കും എന്നിവണ്ണമുള്ള ഗുണദൊഷം പറഞ്ഞു. എന്നാൽ ആ സമയം ഈ ഗുണദൊഷം പലമുണ്ടാകുവാൻ തക്ക സമയമായിരുന്നു, ഇതും മനസ്സിൽ വെച്ചു. വീണ്ടും സുഖമായ ശെഷം തൈക്കാട്ടുശെരിക്ക ഒന്നു പൊയി. അവിടെ പാർക്കുന്ന ദിവസം 5 നാഴി അരി പള്ളിയിൽ കൊടുത്തയയ്ക്കും. ഇത പാറായി മുടക്കിയില്ല. പിന്നെ ദിഷ്ടതി അറിയിച്ചാൽ ആയ്തും നടത്തും - എംകിലും മനതെളിവില്ല. ഈ സമയം നമ്മുടെ മുട്ടുചിറക്കാരൻ പറമ്പിൽ പൌലൊസു കത്തനാരച്ചൻ അവിടെ ചെന്ന നാലഞ്ചു ദിവസം താമസിച്ചയിടയിൽ ഈ കിടപ്പും അവസ്ഥയും (P.64) കണ്ടു മനം തിരിവിന്മെൽ പറഞ്ഞപ്പൊൾ വരാപ്പുഴ മെത്രാപ്പൊലിത്താ അനുഗ്രഹിക്കുമൊ? എന്നുള്ള വചനം കെട്ടതിനാൽ ആ ദെഹം പറഞ്ഞു ഇതിന്നു മനസുണ്ടെംകിൽ - നമ്മുടെ പ്രിയൊരച്ചൻ കൂനമ്മാവു കൊവെന്തയിൽ ആകയാൽ ആദെഹത്തിന്ന ഒരെഴുത്ത കൊടുത്തയച്ചാൽ ഇതിന്നു വഴിയുണ്ടാകും എന്നുള്ള ഗുണദൊഷം ധരിച്ചു ആയ്തും മനസ്സിൽ വച്ചും കൊണ്ട വീണ്ടും കിഴക്കൊട്ടു തന്നെ പൊയി -

അവ്ദീശോ മെത്രാപ്പോലീത്താ മാനസാന്തരപ്പെടുന്നു.

അവ്ദീശോ പ്രിയൊരച്ചന് എഴുതുന്നു.

ഇതിന്റെ ശെഷം ഇതാ എഴുത്ത-


പെ. ബ. നമ്മുടെ പിതാവ പ്രിയൊരച്ചൻ ബൊധിപ്പാൻ-

പല വട്ടവും തമ്മിൽ കാണണമെന്നും ഏറ്റവും വാഞ്ചനയുണ്ടായിരുന്നു. പലതിനാലും പല മുഖ്യന്മാരുടെ ആലൊചെനയാലും ഇതുവരെയും ദീർഘമായി ഇപ്പൊൾ ആ വകക്കാരുടെ ആലൊചനയും വിചാരവും വച്ചെ ദൈവിക ആലൊചനയിൽ ഞാൻ സമ്മതിച്ച അച്ചനുമായിട്ടു കണ്ട കാര്യങ്ങൾ ഒക്കെയും വിവരമായി ബൊധിപ്പിക്കെണമെന്ന താല്പര്യപ്പെട്ട ഒരുങ്ങിയിരിക്കുന്നു. ഏതായാലും അച്ചനെ

ബൊധിപ്പിച്ച അവിടത്തെ അനുവാദത്തൊടുകൂടി വന്നു കാണണമെന്നു ആഗ്രഹിച്ചത്രെ ഈ എഴത്തൊടുകൂടി ഈ കൂലിക്കാരനെ അയക്കുന്നു. അച്ചൻ ദയവു വച്ച തമ്മിൽ കാണുന്നതിനിടയാക്കണമെന്ന സാദ്ധ്യപ്പെടുന്നു. അതിന്നിടവരുത്തിതന്നാൽ വചനത്താലും പലപല രെഖകളാലും എല്ലാ കാര്യങ്ങളുടെയും വിവരം (P.65). ബൊധിപ്പിക്കുന്നതിനിടയാകുന്നതുമാകുന്നു-

കാഴ്ചയിലല്ലാതെ ഒരു കാര്യവും എഴുത്തിൽ വിവരപ്പെടുത്തുവാൻ മനസും തൃപ്തിയുമില്ലാത്തതിനാൽ ഒന്നും എഴുതുന്നില്ല. ഇവിടം കഴിഞ്ഞാൽ വന്നു കാണുന്നതിന്നും എല്ലാംകൊണ്ടും പ്രയാസം ആയതുകൊണ്ട അച്ചൻ ദയവുചെയ്ത ഇവനെ താമസിപ്പിക്കാതെ ആലോചനയൊടുകൂടി മറുപടി വെഗം കൊടുത്തയപ്പാറാകണം. പക്ഷെ ഈ എന്റെ താല്പര്യം ദൈവത്തിൽ നിന്നുണ്ടായത എന്ന എന്റെ വിശ്വാസം ഇതിനു മുടക്കുകാര പലര വലിമയ്ക്കെടുത്ത ആലൊചനയും താല്പര്യവും ഉണ്ടായിരുന്നാൽ ഈ വിചാരത്തിനിടയുള്ളതല്ലെന്ന ഏവർക്കും പ്രസിദ്ധമായിരിക്കുമല്ലൊ:

ദൈവം നിങ്ങൾക്ക ദീർഘായുസ്സും നല്ല ഒടുക്കവും തരുമാറാകട്ടെ.
ആമ്മേൻ. ഇത 1865 മകരം 23-നു



ദൈവസഹായത്താൽ ഈ എഴുത്തിവിടെ വന്നപ്പോൾ പെ. ബ. മെത്രാപ്പൊലീത്തച്ചനും ഇവിടെ കൂനമ്മാവുങ്കൽ വന്നിട്ടുണ്ടായിരുന്നതിനാൽ നമ്മുടെ പിതാവ ദെലഗാത്തായ പ്രെലെ ഒപ്പൊൾദമര്യെസം ജൂസെ മൂപ്പച്ചനൊടു പറഞ്ഞ ബൊധിപ്പിച്ചാറെ വരുവാൻ അനുവദിച്ചു. എംകിലും ഇവിടെ വരണ്ടാ എന്നും കൊട്ടയിൽ പള്ളിയിൽ വരുവാനും അവിടെ പ്രിയൊര ചെന്നു കാണട്ടെ എന്നും കല്പിച്ചു. അപ്രകാരം കൊച്ചിയിൽ വരുവാൻ മറുപടിയും കൊടുത്തയച്ചു.

അവ്ദീശോയുടെ എഴുത്തിനു പ്രിയോരച്ചന്റെ അനുകൂലമായ മറുപടി

ഇതിന്റെ ശെഷം രണ്ടാമത ഇപ്പഴത്തെ ഉഷ്ണസമയംകൊണ്ടും (P.66) ആറ്റിൽ വെള്ളം ചുരുക്കം കൊണ്ടും പനികൊണ്ടും മഞ്ഞപ്പിത്തം കൊണ്ടും ഏറ്റം ക്ഷീണിതനായി കരയിലും വഞ്ചിയിലും ആയി ഏറിയ ആളുകളുടെ വിരൊധത്തെ തടുത്തുകൊണ്ടും ഏറ്റം പ്രയാസത്തൊടെ കൊച്ചിയിൽ കല്പനപ്രകാരം വന്നു ചെർന്നിരിക്കുന്നു - തമ്മിൽ

കാണണണമെന്നുള്ള അധികാഗ്രഹത്താൽ അത്രെ ഈ മെട സമയം പുറപ്പെട്ടത - ഇവിടെ അധികം താമസിക്കുന്നതിന്ന സുഖവും പോര അതുനിമിത്തം അച്ചൻ താമസമെന്ന്യെ വെഗം ഇവിടെ കൊട്ടയിൽ പള്ളിയിൽ ബുദ്ധിമുട്ടിവരുമെന്നും കല്പനയിൽ കണ്ടിരിക്കും വണ്ണം വരുമാറാകണം എന്ന അപെക്ഷ ശെഷം കാഴ്ചയിൽ ബൊധിപ്പിച്ചുകൊള്ളാം എന്ന 1865 കുംഭം 8-ാംനു.

[illegible]

പ്രിയോരച്ചനും അവ്ദീശോയും കൊച്ചിയിൽ വച്ചു കൂടിക്കാണുന്നു

ഈ എഴുത്ത വന്നശെഷം ഉടൻ നമ്മുടെ മൂപ്പച്ചന്റെ നിയൊഗ പ്രകാരം നയനംകെടുത്ത തിരിപ്പിക്കണം. എന്നാകയാൽ ആയതിൻവണ്ണം നിശ്ചയിച്ച വരാപ്പുഴെ ചെന്ന പെ. ബ. അച്ചനെയും വികാരി ജനരാൾ പെ. ബ. പ്രെ. പിലിപ്പ ദെസം ജൂസെ മൂപ്പച്ചനെയും കണ്ട ബൊധിപ്പിച്ചുംകൊണ്ട കൊച്ചിയിൽ പള്ളിയിൽ ചെന്നു. 11 മണി മുതൽ 4 മണിവരെയും താമസിച്ചാറെയും കാണായ്കയാൽ സംശയിച്ചിരിക്കയിൽ 5 മണിയായപ്പോൾ വരുന്നു പുറകിൽ ഒരു ശെമ്മാശും. കറുത്ത മീശ കഴുത്തൊളം. കൈയിൽ ഒരു വടിയും. വെളുത്ത ളൊവയുടെ മീതെ കറുത്ത കാപ്പയും: ഇതിനെ ഒരു കൈകൊണ്ട വാരിപ്പിടിച്ചും. ആ കൈയിൽ കൊടയും മറുകൈയ്യിൽ വടിയും. ഈ വണ്ണം തെക്കെ വഴിയിൽ കൂടെ ഒളിച്ച എന്നപൊലെ വരുന്നു. (P.67) എന്നതിനെക്കണ്ട ഞാൻ തന്നെ അങ്ങൊട്ട എതൃപ്പിന്ന ചെന്ന ശ്ലാമ്മാ[1] ചൊല്ലി പള്ളിയുടെ തെക്കെപ്പുറത്ത രണ്ടു കദെരയിടുവിച്ച അവിടെയിരുന്ന വിവരം ചൊദിച്ചാറെ ശിമഒൻ നെസ്തോറിയാൻ പാത്രിയർക്കീസിൽനിന്ന മെത്രാനായി എന്നതിനുള്ള പത്തെന്തിയും കൂട്ടത്തിന്റെ എഴുത്തും ഒടുക്കം വന്നിരിക്കുന്ന യൌസെപ്പു ശമ്മാശിന്റെ എഴുത്തും ആയതിൽ ഇപ്പഴും ഒരു മെത്രാനെ വാഴിച്ച നമ്മുടെ പാത്രിയർക്കീസ മറ്റു ദിക്കിന്നയപ്പാനായിട്ട നിയമിച്ചിരിക്കുന്ന ഒരാൾ ഇങ്ങോട്ടു വരുവാൻ മനസ്സായിരിക്കുന്നു എന്നും യിവിടെയുള്ള കൂട്ടം ഒന്നിച്ച എഴുത്തു കൊടുത്തയച്ചാൽ അപ്പോൾതന്നെ മലയാളത്തിലൊട്ട അയച്ചുകൊള്ളാമെന്നും ഈ വണ്ണമുള്ള എഴുത്തുകൾ ഒക്കെയും കണ്ടു.

എന്നാൽ ഈ അപെക്ഷകൾ ഒന്നുമില്ലെന്നും മുമ്പിലെ ഒരു പട്ടക്കാരനായിട്ടിരുന്ന ചെയ്ത കുറ്റത്തിന്ന പ്രായശ്ചിത്തം എടുത്ത ആയുസ്സു

1. സുറിയാനി ശൈലിയിൽ ആശംസ. സമാധാനം എന്നർത്ഥം.

കഴിക്കണമെന്നുള്ള ആഗ്രഹമെയുള്ളൂ എന്നും അയത പെ. ബ. അച്ചൻ മനസ്സുണ്ടായിരുന്നാൽ അപ്രകാരം ചെയ്യാകുന്നതല്ലൊ ആകുന്നു. എന്നതിനാൽ അപ്രകാരം ബൊധിപ്പിച്ച നടത്തി കൊടുക്കണമെന്നും പറഞ്ഞതിന്ന ഇതു കഴിയുന്നതുതന്നെ എംകിലും ഈ അവസ്ഥയിൽ റൊമ്മായിൽ ബൊധിപ്പിക്കാതെ പാടില്ല. എങ്കിലും പെ. ബ. അച്ചൻ എത്രയും താല്പര്യമായിട്ടു വിചാരിച്ച വെഗത്തിൽ എഴുതി അനുവാദം വരുത്തും എന്നു പറഞ്ഞാറെയും ആയതിമ്മെൽ ഉറപ്പില്ല. അതെന്ത്യെ? റൊമ്മായിൽ എഴുതിയാൽ അനുവദിക്കയില്ലാ എന്നും അല്ലെംകിൽ റൊമ്മായിൽനിന്ന അനുവാദം വന്നില്ലെന്നും പറഞ്ഞ ചുറ്റിച്ചിട്ടും എന്നും മറ്റും അത്രെ ബൊധം അവരവരു ചെയ്യുംവണ്ണം മല്ലൊ മറ്റവരെയും വിധിക്കുന്നത (P.68) എന്നാൽ ആയത ഒന്നും സംശയിക്കെണ്ട പട്ടാങ്ങയുള്ള തെറ്റക്കാരെ ദൈവം കൈക്കൊള്ളമെന്നുറപ്പുണ്ടൊ? അപ്രകാരം ദൈവത്തിന്റെ സ്ഥാനത്തിലിരിക്കുന്ന ശ്രെഷ്ഠന്മാരും ചെയ്യും എന്നുറച്ചുകൊൾ എന്നും.

അവ്ദീശോ മാനസാന്തരപ്പെടുന്നു

ഇപ്പോൾത്തന്നെ ഞാൻ പൊകുംവഴിയെ പെ. ബ. അച്ചനെ കണ്ട ബൊധിപ്പിച്ച മറുപടി അറിയിക്കാമെന്നും പറഞ്ഞുകൊണ്ട പിരിഞ്ഞു പൊരികയും വീണ്ടും നമ്മുടെ കൊവെന്തയിൽ വന്നപ്പൊൾ ദൈവസഹായത്താൽ മെത്രാപ്പൊലീത്താച്ചനും കൊവെന്തയിൽ വന്നതിനാൽ നമ്മുടെ ദെലഗാദ പെ. ബ. മൂപ്പച്ചൻ വിവരമായി എല്ലാ കാര്യവും പ്രത്യെകമായിട്ട യൌസെപ്പു ശമ്മാശിന്റെ എഴുത്തിന്റെ സംഗതിയും ഇതായത ഇനിയും അവിടെ ആസ്തമായിരിക്കുന്നു ഏവരും കൂടി ഒരെഴുത്തയച്ചാൽ അപ്പൊൾ ഇപ്പൊൾ ഇങ്ങൊട്ടു യാത്രയാക്കാമെന്നും ഉള്ള എഴുത്തിന്റെ സംഗതിയും ഇത ഈയാൾ എറ്റിയയെ മറ്റ വെണ്ടാധീന ബുദ്ധിക്കാര ആരെംകിലും എല്ലാവരുടെ പെരും വെച്ച ഒരെഴുത്തു വിട്ടാൽ മതിയായിരിക്കും മുൻ ഉണ്ടായതിനെക്കാൾ അധികം ദൊഷത്തിന്നിടയാകും എന്നുള്ള വിവരം ഒക്കെയും കെട്ടാറെ ഉടൻ സമ്മതപ്പെട്ട അപ്പൊൾതന്നെ റൊമ്മയ്ക്ക എഴുതുകയും ആയ്തു വരും വരെയും മാന്നാനത്ത കൊവെന്തയിൽ പാർത്ത ധ്യാനവും നല്ല കുമ്പസാരവും ചെയ്പാനും തൽക്കാലമായിട്ട ദൊഷങ്ങൾ ഒക്കയും പൊക്കുവാനും മാന്നാനത്തു വിഗാരി അച്ചന അനുവാദവും ഈ വിവരത്തിന്ന അറിയിപ്പാനും ചിലവിനില്ലെംകിൽ കൊവെന്തയിൽനിന്ന കൊടുപ്പാനും അനുവദിക്കയും ചെയ്തു.

വരാപ്പുഴയും അനുകൂലിക്കുന്നു.

ഉടൻതന്നെ ഈ വിവരത്തിന്ന അറിവിച്ചതിന്റെ ശെഷം വന്നിരിക്കുന്ന എഴുത്ത.

(P.69) എന്റെമെൽ ദയവുവച്ച കൊടുത്തയച്ച മറുപടി 12 മണിയുടെ ശെഷം എന്റെ പക്കൽ കിട്ടി. ഒഹൊ! വിസ്മയമെ! എന്റെ ജ്ഞാനപിതാവെ! ഈ മറുപടി കിട്ടുന്നതുവരെ പലപലചിന്തയിൽ ഞാൻ ഉൾപ്പെട്ട വ്യസനിച്ചതെന്യ ഒരു സുഖവുമെനിക്കുണ്ടായില്ല. എന്നാൽ പെ. പെ. ബ. എന്റെ പിതാവെ യൊഗ്യനല്ലാത്തവൻ ഞാൻ എംകിലും എന്റെ മെൽ താൻ അനുഗ്രഹിച്ചു പുത്രത്വത്തിന്നല്ലംകിലും അവിടത്തെ ദാസികളിൽ ഒരുത്തനായിട്ട എന്നെചെർക്കും എന്നുള്ള ശരണത്താൽ അത്രെ ഞാൻ വന്നത. ആ ആനുഗ്രഹം എന്റെ ബലക്ഷയത്തിന്മെലുണ്ടായി പട്ടാങ്ങയുള്ള എന്റെ പിതാവെ താൻ എന്നു ഞാൻ വിശ്വസിച്ചു. ഇനി അവിടത്തെ ചിത്തത്തിൻ പടി എന്നെ യാതൊരു ലാക്കും ഇനിക്കില്ല. ദൈവം സാക്ഷി ഈ അനുഗ്രഹം എന്റെ മെലുണ്ടായില്ലെംങ്കിലും പദിരവാദക്കാരൊടു കൂടെ ഒരു നാളും എന്തായാലും ഞാൻ ചെരുകയും അവരുടെ ആലൊചനയിൽ ഉൾപ്പെടുകയില്ലന്നും നിശ്ചയിച്ചും എന്റെ മരണംവരെയും ഏകനായി എവിടെയെങ്കിലും പ്രാശ്ചിത്തത്താൽ ജീവിതം കഴിച്ചുകൊള്ളാമെന്നും മറ്റും നിശ്ചയിച്ചു പുറപ്പെട്ടതല്ലാതെ മറ്റൊരു ലാക്കും ഇനിക്കുണ്ടായിരുന്നില്ല. ദൈവം സാക്ഷി ആയതുകൊണ്ട ഏ. പെ. പെ. ബ. അനുഗ്രഹമുള്ള പിതാവെ മെത്രാപ്പൊലീത്താച്ചന്റെ കല്പനയ്ക്കും അച്ചന്റെ ഗുണദൊഷത്തിനും ഞാൻ കീഴ്വഴങ്ങി കല്പന പ്രകാരം മാന്നാനത്തെ കൊംവന്തിന്ന ഇപ്പോൾ തന്നെ ഞാൻ പുറപ്പെടുകയും ചെയ്യും. അച്ചൻ എഴുതിയിരിക്കുന്നതിൽ വച്ച ഒരു വ്യത്യാസവും ഉണ്ടാകയില്ലെന്നും ഞാൻ വിശ്വസിച്ചിരിക്കുന്നു. എ. പെ. പെ. ബ. പിതാവുമെത്രാപ്പൊലിത്താച്ചന്റെ ശു. വലത്തെത ഞാൻ മുത്തി വാഴു അപെക്ഷിച്ച (P.70)) ചൊൽവിളിക്കും കി = ശു = ഞാൻ ആസ്തമായിരിക്കുന്നു.

അവ്ദീശോയുടെ എഴുത്ത് വീണ്ടും

ഇത പെ. ബ. പ്രിയൊരച്ചനും അന്തൊനി കത്തനാര:-

1865 കുംഭം 11-നു



ഈ മറുപടി പെ. ബ. അച്ചൻ കണ്ടാറെ ഏറ്റവും തെളികയും ചെയ്തു എന്നാലും ഈ മറുപടിപ്രകാരം പൊകും മാന്നാനത്ത പാർത്തില്ല. എന്നാൽ നമ്മുടെ ആ: സക്കറിയാ അപ്രെം അച്ചന മസൂരി ആയിരിക്കയാൽ എന്നുള്ള അവകാശം ഉണ്ടായിരുന്നു. ആയതു കഴിഞ്ഞാറെയും രണ്ടുമാസം വരെ താമസിച്ചു ഇതിനാൽ കുറെ സംശയം തൊന്നി എംകിലും വീണ്ടുവന്നു താമസിക്കയും ചെയ്തു. എന്നാൽ റൊമ്മയിൽ നിന്നും അനുവാദം വരുന്നതിനു കുറെ താമസം ഉണ്ടായപ്പോൾ മറ്റവരുടെ വചനത്താൽ കുറെയിളകി എംകിലും പലതുകൊണ്ടും ശരണത്തൊടുകൂടെ പാർത്തുയിങ്ങനെയിരിക്കയിൽ കുമ്പസാരിപ്പാനും കുർബാന കൈക്കൊൾവാനും പെ. ബ. അച്ചൻ അനുവദിച്ചതിൽ ആഹാ തൊപ്പി: ഗീവറുഗീസ യൌസേപ്പച്ചൻ കുമ്പസാരക്കാരനായി. ആകെ നാലുള്ള കുമ്പസാരം കഴിച്ചു എന്നാൽ ദക്ക്നാ[1] കണ്ടിക്കണം ഗണദൊഷത്താൽ എന്ന വിഗാരി അച്ചനൊട അറിയിച്ചിരുന്നതിനാൽ കുമ്പസാരക്കാരൻ ഗുണദൊഷിച്ചു.

അവ്ദീശോ മാന്നാനത്തു താമസിക്കുന്നു

പെസഹായ്ക്കു ശ്രെഷ്ഠന്റെ കൈയാൽ ഒരുമിച്ച എല്ലാവരും കുർബാന കൈക്കൊൾകയാൽ നമ്മൾ ഈ വണ്ണം ഒരു ഭാഷയിൽ പകർന്നിരിക്കുന്നത ശരിയല്ലാത്തതിനാലും നമ്മുടെയിടത്തിൽ യാക്കൊബായക്കാരല്ലാതെ ഈവണ്ണം നടക്കായ്കയാലും കുർബാന കൈക്കൊൾവാൻ (P.71) ഇതും ഒരാസ്ഥപ്പാടും ചൊൽവിളിയും എന്നും നിരൂപിച്ചും കൊണ്ട ഇത കണ്ടിക്കണം എന്നും അറിവിചാറെ ആയത കുറെ സംകടവും മറുതലയും കാണിച്ചു. ഇത ദൊഷമുള്ളതല്ലല്ലൊ എന്നും മറ്റും എന്നുതന്നെയല്ല പിന്നെയൊ ഇത ചെയ്യാതെ കുർബാന കൈക്കൊൾവാൻ അനുവദിക്കുന്നതല്ലായെന്നും ഉറച്ചു പറഞ്ഞാറെ അന്നു നീക്കിയുമില്ല. കൈക്കൊൾവാൻ വന്നതുമില്ല.

എങ്കിലും വീണ്ടും വിചാരിച്ചു സമ്മതമായതിനാൽ ഉച്ചപാർത്ത കുർബാന കൈക്കൊൾവാൻ പാടില്ലായ്കയാൽ അത്രെ അന്നു കൈക്കൊള്ളാഞ്ഞത എന്നു മറ്റവരൊടു കാണിക്കയും ശനിയാഴ്ച ഭക്ക്നായും നീക്കിക്ക്യം തായ്ത കുർബാനയും കൈക്കൊണ്ടു.

അവ്ദീശോയുടെ മാനസാന്തരം പൂർണ്ണമാകുന്നു

ഇത കഴിഞ്ഞാറെ മുമ്പിലത്തെ സഭക്കാരും കൂട്ടരും ആപത്തുകാലത്തിൽ ഉപെക്ഷിച്ചവരും ആയ ചിലരു പറഞ്ഞയ്ക്കും ഇതായ്ത: ആ

1. സുറിയാനിവാക്ക്, ദീക്ഷ എന്നർത്ഥം

മലയിൽ ഇങ്ങനെയിട്ടു കാലം കഴിക്കുന്നതല്ലാതെ മദബഹായ്ക്ക അ ണവാൻ ഇടവരുത്തുകയില്ലയെന്നും ഇതു കെൾക്കയിൽ ഇളകും എം ങ്കിലും മുൻമ്പിൽ അവരും നാമും ചെയ്ത പ്രവൃത്തികളെ ഓർക്ക യിൽ അവരുടെമെൽ അവിശ്വാസവും നമ്മുടെമെൽ വിശ്വാസവും ഉ ണ്ടാകും ഇങ്ങനെ കല്പന വരുംവരെ പാർത്തു.-

65-കർക്കടകം ഒടുക്കം കല്പനവന്നു. ഉടൻ പെ. ബ. അച്ചൻ അവി ടെനിന്നും വന്നകല്പന കാണിച്ച അതിൽ പറയും വണ്ണം ശുദ്ധ: മാർ പ്പാപ്പാ ഈവണ്ണമുള്ള ശിസ്മ മെത്രാന്മാരെ കത്തൊലിക്കാ വിശ്വാസ ത്തിൽ തിരിഞ്ഞുവരുമ്പൊൾ ലാതക്കസാ[1] മഹറൊൻ മുതലായത പൊ ക്കി ശുദ്ധ: പള്ളിയിൽ ചെർക്കുന്നതിന്നായിട്ട ലത്തീൻ പൊന്തിപ്പിക്കാ ളിൽ ഉള്ളക്രമം തന്നെ (P.72) ശുദ്ധ: മാർപ്പാപ്പായുടെ പെർക്ക മെത്രാ പ്പൊലീത്താ എംങ്കിലും മറ്റ ഒരുത്തർക്ക അനുവദിച്ച അവരെക്കൊ ണ്ടെംങ്കിലും പൊക്കിച്ചു കൊള്ളണം എന്നാകയാൽ പെ. ബ. അച്ചൻ ലത്തീൻ പൊന്തിപ്പിക്കാൾ കാണിച്ച ആയത സുറിയാനിയിൽ പകർ ത്തി. മാന്നാനത്ത വിഗാരി ആയ പെ. ബ. കുറിയാക്കൊസ ഏലീശാ അച്ചനതന്നെ കല്പന കൊടുത്തയച്ച പൊക്കിച്ചു വീണ്ടും പെ. പെ. ബ. അച്ചന്റെ പക്കൽ വന്നു കണ്ട സന്തൊഷത്തൊടുകൂടെ കൈക്കൊ ണ്ടു. അപ്പോൾ സുറിയാനിയിൽ ആദെഹത്തിന്റെ കഴിവു പറച്ചിലും ഉ പകാരസ്മരണയുമായി കർദിനാൾ പ്രപ്പെയിത്തിന്ന ഒരു എഴുത്തും കല്പിച്ച എഴുതിച്ചു. ചടപ്പ എന്നു പറകയാൽ ഭരണങ്ങാനത്ത കുറെ നാൾ താമസിച്ച ശികിത്സ ചെയ്യിപ്പാൻ അനുവദിച്ചതുമല്ലാതെ 10 രൂ പായും അപ്പോൾ കൊടുക്കയും വീണ്ടും ചില കടങ്ങൾ ഉണ്ടെന്നും പ റകയാൽ 50 രൂപായും പെ. ബ. അച്ചൻ കൊടുത്ത ഈ കുറ്റങ്ങൾ ഒ ക്കെയും തിർത്തിരിക്കയാൽ ഏതു സ്ഥലത്തു ചെന്നാലും കുർബാന ചൊല്ലിക്കുന്നതിനു മുടക്കില്ലാത്ത പ്രകാരം സാക്ഷിയും കൊടുത്തിരി ക്കുന്നു.

ഇതാ ഇപ്പോൾ ഏറിയകാലം മുതലായി അപേക്ഷിച്ചു വന്നിരുന്ന തും നടക്കാതെ കിടക്കുന്നതുമായ ഒരു കാര്യം ആയ കന്യാസ്ത്രീ മഠം എന്നുള്ള കാര്യം ദൈവം ഈ കാലത്തിൽ നടത്തുവാൻ തിരുമന സ്സായിരിക്കുന്നു എന്നു തൊന്നുന്നു.

1. സുറിയാനി ശൈലി, irregularity എന്നർത്ഥം

ഇതായത കന്യാസ്ത്രീമഠത്തിന്നായി വലിയ മതിൽ കെട്ടി തുടങ്ങി യാറെ മെലെഴുതിയ സംഗതി മുഖാന്തിരത്താൽ മുടങ്ങിയപ്പോൾ[1] കന്യ സ്ത്രീകളെക്കാൾ പട്ടക്കാർക്കാവശ്യം എന്നു കണ്ട ആയത സിമ്നാരി യാക്കിയതിനാൽ (P.73) വീണ്ടും ഇതു നടപ്പാൻ യാതൊരു വഴിയും യില്ലാതെയിരിക്കയിൽ ഈ 1865-ൽ നമ്മുടെ ദെലഗാത്തായ പെ. ബ. ലെഒപ്പൊൾദ് മര്യ മൂപ്പച്ചൻ ഒരു ദിവസം 4 മണിക്ക എന്ന വിളിച്ച പുറത്ത നടപ്പാനായിട്ട നമ്മുടെ കൂനമ്മാവു കൊവെന്തയുടെ പടികടന്ന വടക്കൊട്ടു തിരിഞ്ഞനടന്ന ആ ചെറിയ നശിച്ച പെക്കൊയി വരെ നടന്നു കൊണ്ട പറഞ്ഞതായത: ഇവിടെ ഒരു വിധവയും 14 പ്രായമുള്ള ഒരു മകളുമുണ്ട ആ പെൺപൈതലിന്റെ അപ്പന്റെ പകുതിയ്ക്കുള്ള വസ്തുക്കളുമുണ്ട്. അവൾക്ക കെട്ടിപ്പാൻ മനസ്സുമില്ല. ആയതു കൊണ്ട ഈ അമ്മയെയും മകളെയുംകൂടെ അവരു പാർ ത്തുവരുന്ന തറവാട്ടിൽനിന്നും മാറ്റി അവരുടെ പറമ്പുകളിൽ ഒന്നിൽ തന്നെ ഒരു സ്ഥലമുണ്ടാക്കിയിവരെ രണ്ടുപെരെയുംകൂടെ അതിൽ പാർപ്പിച്ച മറ്റുള്ള പെൺപൈതങ്ങളെ നല്ല പഠിനമായ പുണ്യങ്ങളും കൈവെലകളം പഠിപ്പിക്ക എന്ന ഒരു പ്രകാരം കന്യസ്ത്രീകൾക്കടുത്ത വെലയിൽ ഇവരെ ആക്കി നടത്തിയാൽ കൊള്ളാമൊ? എന്തുതൊന്നു ന്നു. എന്നും ചൊദിച്ചാറെ ഇനിക്കും ആയത എത്രയും നല്ലത എന്നു തൊന്നുന്നു എന്നു ഞാൻ ഉത്തരിച്ചു. എന്നാൽ ഇതിന്നു തുടങ്ങുമ്പോൾ അവരുടെ അവകാശികളായ മറ്റവർക്കു തെളികയില്ല എന്നും മറ്റും പല വിഘ്നങ്ങളും ഉണ്ടാകുമായിരിക്കും എന്നും കല്പിച്ചു.

കന്യാസ്ത്രീമഠ സ്ഥാപനത്തിനു വീണ്ടും ആലോചന

എന്നാൽ ആദെഹം ഈ കാര്യത്തിന്ന പലപ്രകാരം വിചാരിക്കയും ദൈവത്തൊടപെക്ഷിക്കയും അവരുടെ കുമ്പസാരക്കാരനാകയാൽ പല പ്രകാരത്തിൽ അവരെ തിരിഞ്ഞ പരീക്ഷിക്കയും ചെയ്താറെ അവരു ടെ നൽമനസ്സും ധൈര്യവും കണ്ട പെ.ബ. (P.74) മെത്രാപ്പൊലീത്താ ച്ചനൊട അറിയിച്ചാറെ ആദെഹത്തിനും സന്തൊഷ മായി കർമ്മെലീത്താ മൂന്നാം സഭക്കാരായിട്ട സ്ഥാ പിക്കാമെന്നും കല്പിച്ച ആയതിനുള്ള ക്രമപുസ്തക വും കൊടുത്ത മലയാം പെച്ചിൽ പകർത്തുവാൻ കല്പിച്ചു. ആയത പൊരുൾ പെടുത്തിയപ്പൊൾ സംസാരികളായ മൂ ന്നാം സഭക്കാരുടെ ക്രമം ആയിരുന്നു. ആ വിവരം ബൊധിപ്പിച്ചപ്പൊൾ

മെത്രാപ്പോലീത്താ കന്യാസ്ത്രീമഠ സ്ഥാപനത്തിനനു കൂലിക്കുന്നു.

1. പുത്തൻപള്ളിയിൽ മഠത്തിന്നായി പണിതുതുടങ്ങിയത് സഭാ കലാപങ്ങളുടെ സാഹചര്യത്തിൽ മുടങ്ങിയതിനെപറ്റിയാണ് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നത്.

കൊള്ളാം ആ ക്രമപ്രകാരം ആ അന്തസ്തകാരെയും ചെർത്ത അയ്തും സ്ഥാപിപ്പാൻ കല്പിക്കയും വീണ്ടുയിവരുടെ ക്രമപുസ്തകവും കൊടുത്ത ആയതും മലയാണ്മയിൽ ആക്കി. എന്നാൽ ഇതും ഈ കാര്യത്തിന്ന ഒരു സഹായമായിതീർന്നു- അതെങ്ങനെയെന്നാൽ ഇവരെതന്നെ ആക്കുമ്പൊൾ ശെഷം ഭക്തിക്കാരർക്കും മറ്റും കുറെ സംകടവും മനസുകെടും ഉണ്ടായേനെ. ആയതിന്നിടവരാതെ മുൻപിനാൽ സംസാരികളായി വീടുകളിൽ പാർത്തുകൊണ്ട മൂന്നാം സഭക്കാരരായി നടക്കുന്നവർക്കുള്ള ക്രമം പൊരുൾതിരിച്ച പള്ളിയിൽ പരസ്യമായിട്ടു വായിച്ചുകേൾപ്പിച്ച ആ പ്രകാരമുള്ള സഭയെ സ്ഥാപിച്ച ആയതിൽ ചിലരെ ചെർത്ത വലിയ വെന്തീഞ്ഞും സഭക്രമപുസ്തകവും കൊടുത്തു. അങ്ങനെയിരിക്കയിൽ ഇവരുടെ വസ്തുവും ഇവരെയും വിചാരിച്ചുവന്ന ഈ പെൺപൈതലിന്റെ എളയപ്പൻ വരിയ്ക്ക തൊമ്മൻ എന്നവനെ മൂപ്പച്ചൻ വരുത്തി തിരക്കിയപ്പൊൾ[1] കണ്ട ആ കടങ്ങളൊക്കയും ഇവിടെനിന്നും തീർത്തുകൊള്ളാമെന്നും അവർക്ക ഒരു ചെറിയ പുര ഉണ്ടാക്കണമെന്നും ആയതിന്ന നീതന്നെ ചെയ്യിക്കണമെന്നും പറഞ്ഞതിനാൽ അവനും അപ്രകാരം അവന്റെ കെട്ടിയവളും ഏറ്റം ഭക്തിക്കാരരായിരിക്കയാൽ (P.75) ഇതിന്നു നൽമനസുവെച്ചു ത്സാഹിച്ചു. എംകിലും പണം എടുപ്പാൻ കൈയിൽ പാടില്ലായ്കയാൽ

കുര്യാക്കോസച്ചനു കിട്ടിയ പണംകൊണ്ടു മഠംപണി തുടങ്ങുന്നു.

ദീർഘമായി കിടന്നു. 1866-ാം കാലത്തിന്റെ തുടക്കം ഒരാൾക്കു ഉത്തരപ്പിന്നായി ഏതാനും രൂപാ വന്നിരുന്നത കൊടുത്തപ്പൊൾ അവൻ ഇതിന്നു ധർമ്മമായിട്ട 10 രൂപാ തരികയും മറ്റുവഴി 8 ഇങ്ങനെ ഇതുകൊണ്ട തുടങ്ങി പനമ്പും തെങ്ങും കൊണ്ട മൂന്നു മുറിയും ഒന്ന ഊട്ടുമുറിയും ഒന്ന പ്രാർത്ഥനസ്ഥലവും ഇങ്ങനെ തിരിച്ചുണ്ടാക്കി. അപ്പൊൾ പെ. ബ. മെത്രാപ്പൊലീത്താച്ചൻ നാല്പതുമണിയുടെ ശു: കുർബ്ബാനയുടെ ആരാധന തുടങ്ങണം എന്നും കല്പിച്ചു. ആയതിന്നുത്സാഹിച്ച ഈ യാണ്ടത്തെ കെത്തമാ[2]യുടെ ശെഷമുള്ള വ്യാഴം വെള്ളി ശനി മൂന്നു ദിവസവുമായിട്ട ഈ അപെക്ഷ കഴിപ്പാൻ നിശ്ചയിച്ച അതിനൊടുകൂടെ ഇതും തുടങ്ങണം എന്നും ഉറച്ച രണ്ടിനുംകൂടി ഉത്സാഹിച്ചു ഇതിനിടയിൽ ചിലയാളുകളെ നാട്ടുമര്യാദയിലുള്ള പലിശലാഭം ഇതിനെ തിരക്കുവാനയിട്ട കല്പനപ്രകാരം കൂടിയതിൽ ആലപ്പുഴെ എലഞ്ഞിക്കൽ മത്തായി 25 ഞാറയ്ക്കൽ മാളിയക്കൽ 15 ഇങ്ങനെ ഏതാനും വകയും

1. ഇവിടെ ഒരു വരി കൂടുതൽ ഭാഗവും എഴുതാതെ വിട്ടിരിക്കയാണ്.
2. സുറിയാനി വാക്ക്, ചാമ്പൽ ബുധനാഴ്ച

അർത്തുംകൽ ചെത്തിയിൽ പുത്തൻപുരയ്ക്കൽ വസ്യാൻ എന്ന ഒരു ഭക്തിക്കാരൻ ലാസർ എന്നവന്റെ അനുജൻ എന്ന ഇവരുടെ നൽമനസ്സാൽ 300 രൂപായും ഈ പുണ്യ ശുദ്ധ: കുർബ്ബാനയുടെയും ആരാധനക്കായി വന്നപ്പോൾ കൊണ്ടുവന്നു. ഇതൊക്കെയും കൊണ്ട പട്ടാങ്ങയായ അഗതിത്വംപൊലെ ഒരു സ്ഥലമുണ്ടാക്കി, കുംഭം 13 ചൊവ്വാഴ്ച അഞ്ചുമണി വെളുത്ത ഉടൻ പ്രി. ദെല. മൂപ്പനുംകൂടെ (P.76) വെണ്ടിയതൊക്കയും തൽക്കാലമായിട്ട നമ്മുടെ പുതുസന്യാസികളുടെ നൊവിസ്യാത്തിൽ ഇരുന്ന ഉണർത്തുമണിയും, കൊന്തക്കുരു, കൊടിൽ, കമ്പി, കതൃക, തൂശി, നൂൽ, കനുവെത്തി, മഴിക്കുപ്പി, തൂവൽ, കടലാസ, ആണി, ചുറ്റിയൽ, വിളക്കാളന്തെരണ, പസ്ക്കികൾ മരക്കുരിശുകൾ, ഹന്നാൻവെള്ളം, പണുങ്ങാൻകൊപ്പ, മണ്ണുതംപ്ലെര, കൈൽ, കാർപ്പ, കറിക്കത്തി, മൺകരകം, കൂശ ശെഷവും കൊണ്ടുപൊയി. പീലാത്തൊസിന്റെ വീട്ടിലുള്ള പലകകളും ഞങ്ങൾതന്നെ ആസ്ഥമാക്കി ചമെച്ചു. മൂന്നുമുറിയിലും കട്ടിലും, പായുംപുതപ്പും, ചെറിയമെശ, വംക്കും ഒക്കെയും ആസ്ഥമാക്കി കഴിഞ്ഞപ്പോൾ ശ്രെഷ്ഠത്തിയും 2 കന്യാസ്ത്രീകളും ഒന്ന സഹായക്കാരത്തിയും. ഇവരു പള്ളിയൽ ശുദ്ധ: കുർബ്ബാനയും കൈക്കൊണ്ട ആസ്ഥമായി നില്ക്കയിൽ മുൻപറഞ്ഞിരുന്നവണ്ണം ആളയച്ചു. അപ്പൊൾ ഇവരുടെ മാംസസംബന്ധക്കാരായ സ്ത്രീജനങ്ങളൊടുകൂടെ പള്ളിയിൽനിന്നും പുറപ്പെട്ട ഇവർക്ക നടന്ന പള്ളിയിൽ വരുവാനായിട്ട പുത്തനായിട്ടുണ്ടാക്കിയ വഴിയിൽ കൂടെ നടന്നു. ഒരു കൂട്ടമായിട്ട ഇനി കാണ്മാൻ പാടില്ല. എന്നതിനാലുള്ള സംകടക്കാരും പലര ഇങ്ങനെ വന്ന അടക്ക വെലിക്കകത്ത സ്ത്രീജനങ്ങൾ എല്ലാം കടന്നു. ഇവര പ്രാർത്ഥന സ്ഥലത്തെ പുക്ക കുമ്പിട്ടു കുറെ നമസ്കരിച്ച ശെഷം മൂപ്പച്ചൻ സൂർപ്പെലിസും ഉറാറയും ഇട്ടിരുന്ന മരണത്തൊളം ഈ മഠത്തിൽ പാർത്ത കന്യാവ്രതം അഗതിത്വം ചൊൽവിളി എന്ന ഈ പറഞ്ഞൊപ്പും കാർത്തു ജീവിപ്പാൻ മനസ്സാകുന്നൊ? എന്നുള്ളതിനെ ചൊദിച്ച ശെഷം ക്രമംപൊലെ ചെറിയ സ്കപ്പൂളാരും (P.77) കൊടുത്ത തെദെവും[1] ഞാൻ സുറിയാനിയിലും അച്ചൻ ഉത്തീനിലും പാടിയശെഷം ഇരുന്നു കുറെ ഗുണദൊഷങ്ങളും പറഞ്ഞുംവച്ച ശെഷം സ്ത്രീജനങ്ങളെ പറഞ്ഞയച്ചുംവച്ച മണിക്കചരട കൊടുക്കുന്നതും മറ്റും കാണിച്ചുകൊടുത്തു.

കൂനമ്മാവിൽ പനമ്പുകൊണ്ടു തല്ക്കാല കെട്ടിടമുമുണ്ടാക്കി മഠം തുടങ്ങുന്നു

1. ലത്തീൻ ശൈലി, Te Deum എന്നാരംഭിക്കുന്ന സ്തോത്രഗീതം.


എന്നാൽ ശ്രെഷ്ഠത്തിയമ്മയുടെ മകൾ സഹൊദരി അന്നാ ശെഷം ഒക്കെയിലും കുറെ ബുദ്ധിയും വിവെകവും ധൈര്യവും ഉള്ളതാകയും ഇതൊക്കെയും വെഗത്തിൽ പഠിക്കുന്നു. 11 മണിക്കകത്ത എല്ലാം കഴിച്ച ഞങ്ങൾ പൊന്നു.

അപ്പൊൾ എന്റെ അറിയിപ്പിൻ പ്രകാരം വൈക്കത്തെ പുത്തനങ്ങാടിയിൽ വൈദ്യന്റെ മകൾ ഏലിശാ എന്ന 27 വയസ്സുള്ള വിധവയും അവളുടെ എളയപ്പനും ആയിട്ടു വന്നു. പെ. ബ. മൂപ്പച്ചൻ പരീക്ഷ കഴിച്ചു കൊള്ളാമെന്നും തൊന്നിയതിനാൽ 14 നു ബുധനാഴ്ച ആയതും കൂടി സഹൊദരി ക്ലാര എന്ന പെരും കൊടുത്തു ഇങ്ങനെ 4 പെരും സഹായക്കാരത്തിയും ആയി തുടങ്ങി. വീണ്ടും 23 രൂപായുടെ ആഴ്ചയുടെ ചരടുള്ള ഒരു മണിയും വാങ്ങിച്ച സ: സ: അന്നായും-ത്രെസ്യായും ഈ പൈതങ്ങൾ രണ്ടും കടലാസിൽ എഴുത്തും കൊട്ടും കുസ്ക്കൂരയും തുടങ്ങിയിരിക്കുന്നു. വാച്ചറെന്തപ്പണിയും നെയിത്തും മുതലായ വെലകൾ പഠിപ്പിപ്പാൻ തക്കതായ യാതൊരു വെടിപ്പുള്ളയാൾ കിട്ടുവാൻ അന്വെഷിച്ചാറെ ഇതായത ചംകച്ചെറിൽ ജംസീന്ത പാദ്രിയുടെ സഹൊദരികൾ ആൾവാ മുതലായത വസ്ത്യാരിക്ക എന്നതും നല്ലതാകയാൽ ടി വിഗാരി നമ്മുടെ കുന്നീ. ഗീവറുഗീസ കത്തനാരച്ചനു എഴുതിയാറെ മനസ്സില്ല. ഇനി തമ്പുരാൻ നിറവെറ്റും എന്ന ശരണം എന്നാൽ ഈ കെട്ടിയ ഒലയും പനമ്പും മാറാതെതന്നെ പുത്തൻ മഠം ദൈവം നിറവെറ്റിതരും എന്നും എതൃശ്ച്യയാൽ പറഞ്ഞു അന്നു.

കുര്യാക്കോസച്ചന്റെ നിർദേശാനുസരണം വൈക്കത്തു പുത്തനങ്ങാടി ഏലിശ്വ പുതിയ കന്യകാമഠത്തിൽ

അന്ത്യെ? നമ്മുടെ കൊവെന്തയും ക്രമവും ഇന്നും മുഴുവനായില്ലല്ലൊ- 55 തുകൽവാറു തന്നു- 59 സ്ക്കപ്പുളാര ളൊവയുടെ പുറമെയിടുവാൻ കല്പിച്ചു.

63: കാനൊന നമസ്ക്കാരം ക്രമപ്പെടുത്തി ഇതായത-



ഇങ്ങനെ- അഞ്ചു പവുതിക്കാരായിട്ട എത്തിപ്പാൻ ക്രമപ്പെടുത്തി.

64 ൽ: ശു: കുർബ്ബാനയുടെ തിരുന്നാൾ പരസ്യമായി പ്രദക്ഷിണം കഴിച്ച സക്രാരിയിൽ വച്ചു പൂട്ടുകയും 3 മണിക്ക പരസ്യത്തിൽ എടുത്തുവച്ച ലെലിയ പാടുകയും ഇങ്ങനെ ഈ എട്ടുദിവസവും കൊവെന്തകളിൽ ഒക്കെയും ചെയ്കയും ഒടുക്കം വാഴുവും കല്പിച്ചു.

കാനോന നമസ്കാരം ജപിക്കേണ്ട വിധം

ഈ 64ൽ ഈ ഭാഗ്യപ്പെട്ട കല്പനയും കിട്ടി ഇതായത; നാല്പത മണിയുടെ ആരാധനയും ഈ കൂനമ്മാവു കൊവെന്തയിൽ തുടങ്ങി. ആയതിൻ വണ്ണം വലിയ ശനിയാഴ്ചയുടെ ക്രമവും ഈ ആണ്ടിൽ നടത്തുവാൻ കല്പിച്ചു.

ഇതിനിടയിൽ ഈ 66 കന്നിയിൽ നമ്മുടെ ആഹാ മാന്നാനത്ത സെമ്നാരിയിൽ റൈത്തൊർ ആയി പെ. ബ. അച്ചൻ കല്പിച്ചിരുന്ന ബ. കുറിയാക്കൊസ അൾബർത്തൊസ അച്ചൻ ഏറിയ നാളത്തെ പ്രായശ്ചിത്തമായ വയറ്റു നൊവും (P.79)നിത്യശർദ്ദിയുമായിട്ട രണ്ടര വത്സരം നിത്യമരുന്നും നിത്യം ശർദ്ദിയും ഏവൻഗപൊലെ ഏറിയ വൈദ്യന്മാരും 4 ഡാക്കെരന്മാരും കഴിയുന്ന ചികത്സകൾ ഒക്കെയും ചെയ്തു. നമ്മുടെ അഗതിത്വം എന്ന പറഞ്ഞൊപ്പിന്നു വിരൊധമാകും എന്നും സംശയിപ്പാനും വിചാരിപ്പാനും തക്കതിൻ വണ്ണം ഉപവിയെ പ്രതിയും ആൾ ചുരുക്കവും എന്നുള്ള ന്യായം വിചാരിച്ചും പെ. ബ. നമ്മുടെ പ്രവിൻസ്യാൾ വിഗാരി അച്ചൻ മുതലായവരും അനുവദിച്ചു. ആലപ്പുഴെ, കൊച്ചി ഒടുക്കം എറണാകുളത്തും താമസിച്ചും ചെയ്തു. തീർച്ചയിൽ ശരണമില്ലെന്നും ശെഷം പെർക്ക തൊന്നിയ നെരം ഡാക്കെരിനെ ക്രമത്തിൽ അധികം ശരണം തൊന്നുകയാൽ കുറെകൂടെ അവിടെതന്നെ പാർത്ത ശികിത്സിക്കണമെന്നുള്ള ആഗ്രഹം കാണിച്ചതിനാൽ സന്തൊഷം കൂടാതെ കൊടുത്ത അനുവാദത്താൽ വീണ്ടും അവിടെ തന്നെ പൊയി പാർക്കയിൽ സാമാന്യത്തിൽ അധികമായ ശർദ്ദി മുതലായതിനെക്കണ്ട ടി പള്ളിയിൽ വിഗാരി ഇങ്ങൊട്ടറിയിച്ചു. എന്നാൽ ഇതിലധികം കടുത്താറെ ഇങ്ങൊടി[1] എന്നുള്ള ഓർമ്മയാൽ രോഗിക്ക അത്രെ തൊന്നിയില്ല. എന്നാൽ ഇവിടെ അറിവിച്ചപ്പൊൾ 5 മണി ആകയാൽ പോകുവാൻ ആസ്തമായപ്പൊൾ രാവുമായി പുറപ്പെടുവാറായപ്പോൾ മരിച്ചു എന്ന രണ്ടാം അറിയിപ്പും വന്നു - അപ്പൊൾ തന്നെ മെത്രാനച്ചനും വന്നതിനെക്കൊണ്ട ഈ സംഗതി ബൊധിപ്പിച്ചപ്പൊൾ ഇനി ഈവണ്ണം യൊഗ്യത്തിൽ കൊവെന്ത വിട്ട പാർപ്പാൻ പുറകെ വരുന്നവർക്ക മനസു തൊന്നായ്‌വാനും കണ്ടു പഠിനത്തിനും ആയി (P.80) അവിടെത്തന്നെ കഴിപ്പാൻ കല്പിച്ചു. ചാണ്ടിയച്ചനും യൌ. റോസ അച്ചനും പൊയി അടക്കിയും വച്ചവന്നു. ക്രമപ്രകാരംമുള്ളതൊക്കെയും ചെയ്തു.

അൽബർത്തൊസച്ചന്റെ കഠിനമായ രോഗവും മരണവും

വീണ്ടും 50 രൂപാ ഗെന്ത്രരിന്ന മരുന്നു വിലയായിട്ടു കൊടുത്തു-

1. ഇവിടെ ഒരു വാക്കെഴുതാൻ സ്ഥലം വിട്ടിരിക്കുന്നു

എന്നാൽ ഈ തുടങ്ങിയിരിക്കുന്ന വെല ഇതായത: കന്യാസ്ത്രീ മഠവും അതിൽ മനസ്സായവരെ ചെർത്തു നടത്തുവാനും വകയില്ലാതെ വിചാരിച്ചു വരികയിൽ മുൻ തെക്കും വടക്കുമുള്ള പ്രധാനപ്പെട്ടവരെകൂട്ടി പലിശ മുതലായ കാര്യങ്ങൾ ചൊദിച്ചു വന്നയിടയിൽ പുളിങ്കുന്നകാരൻ തോപ്പിൽ ഇട്ടിക്കുരുവിള മുതൽ പെരുകൂടി പിടിയരി എന്ന ഒരു ധർമ്മം എടുത്താൽ ഈ പുണ്യകാര്യങ്ങൾ ഒക്കെയും നടക്കുമെന്നും ആയതിനാൽ പെ. ബ. അച്ചൻ പള്ളികൾ ഒക്കെയും ഇതിന്ന ഒരു ക്രമവും കല്പിച്ച നടത്തണമെന്നും ഒരപെക്ഷ അവര എഴുതിയുണ്ടാക്കി വരാപ്പുഴെ കൊണ്ടുപൊയി പെ. ബ. മെത്രാപ്പൊലീത്താച്ചന്റെ പക്കൽ കൊടുത്തു. പെ. ബ. അച്ചൻ ആയതു കണ്ടാറെ വെണ്ടുവണ്ണം തെളിഞ്ഞ ആയതിന്നുള്ള ക്രമവും പരസ്യവും ഉണ്ടാക്കുവാൻ നമ്മുടെ പെ: ബ: ദെലഗാത്തച്ചനെ ഏല്പിച്ച പ്രകാരം ആ ക്രമമുണ്ടാക്കി ഇതായത ഉണ്ണിമിശിഹാടെ ധർമ്മസഭ എന്നും ഇതിന്ന ഓരൊരുത്തര വീടുകളിൽ ഒരു പാത്രംവച്ച ഉണ്ണിമിശായെ ഞങ്ങളെ അനുഗ്രഹിക്ക എന്ന സുകൃതജപവും ഉണ്ണിമിശിഹായുടെ നിക്ഷെപം എന്ന എഴുത്തും അച്ചടിച്ച ആ പാത്രത്തെ പറ്റിക്കയും ഓരൊ നെരം ഓരൊ പിടിഅരി അതിൽ ഇട്ട ഈ (P.81) സുകൃതജപം ചെല്ലുകയും അപ്രകാരം ഒരുഴം ചെയ്യുമ്പോൾ 20 ദിവസത്തെ ദൊഷപൊറുതിയും കല്പിച്ച ഇതിന്ന ഓരൊയിടങ്ങളിൽ പ്രധാന പ്രക്കുരദൊര[1]ന്മാരും ഇടവകകളിൽ കരകൾക്കു തക്കവണ്ണം രണ്ടും 4. 6. സുബംപ്രാക്കുദൊരന്മാരും ഇവര നിശ്ചയിക്കപ്പെട്ട പ്രക്കുരദൊരന്മാരുടെ പക്കൽ ഏല്പിക്കയും അവര ആയതിന്റെ വിവരകണക്കൊടുകൂടെ ആണ്ടിൽ മൂന്നു തവണ വരാപ്പുഴെ എത്തിക്കയും ഇങ്ങനെ ഒക്കെയും ചട്ടംകെട്ടി തുടങ്ങിയിരിക്കുന്നു.

പിടിയരി ഏർപ്പാടു തുടങ്ങുന്നു

എംകിലും ഇത വരുന്നതിന്നു താമസവും വന്നാലും ഇപ്പൊൾ സിമ്നാരി മുതലായ പരൊപകാരത്തിന്നടുത്ത പല വെലയും പെ. ബ. അച്ചൻ തുടങ്ങിയിരിക്കയാലും എല്ലാത്തിന്നിനും വക വെണ്ടിയതാകയാലും ഇവരുടെ ഇപ്പൊൾ ഉള്ള കിടപ്പ വലിയ വിമ്മിഷ്ടത്തിന്റെതാകയാലും ഇതായത പച്ച മുളയും പച്ച പനമ്പും വെള്ളത്തിലിടാത്ത തെങ്ങും കൊണ്ടും ചമച്ചിരിക്കയാൽ ചിതലിന്റെ ഉപദ്രവവും കണികാരം കുത്തിപൊടിഞ്ഞു വീഴുകയും ആയതിനാൽ ഈ മഴക്കു മുമ്പിൽതന്നെ ഉറപ്പായി ഒരു പണിചെയ്യണമെന്നും ആഗ്രഹിക്കയാൽ പെ: ബ: ദെലഗാദ അച്ചനും

മഠത്തിന്നുവേണ്ടി പണപ്പിരിവ്

1. പോർത്തുഗീസ് വാക്ക് - പ്രൊക്കുറെറ്റർ എന്നർത്ഥം

പ്രിയൊരച്ചനുംകൂടി ഈ ലാക്കൊടുകൂടി മാന്നാനത്ത നമ്മുടെ ശു: പിതാവിന്റെ സഹായതിരുന്നാളായിട്ടും പുളിംകുന്ന കൊവെന്തയിൽ ഒരു വിശീത്തയും അതിനൊട നമ്മുടെ പുതുസന്യാസികളിൽ സൌഖ്യക്കെടുകാരർക്ക ഒരു സ്ഥലം മാറ്റത്താൽ കുറെ ഗുണമുണ്ടാകുമെന്നുള്ള വിധിയാൽ ആഹാസ്തനിസ്സാവു - ആ - എൻറിക്കൊസ ആ - അപ്രൊ - സംഗ്രീസ്താൻ, ആ - തൊമ്മാ - ലെംബെദമാറൻ[1] (P.82) ബ. ആ - ചാണ്ടിയച്ചനും ആയി പുറപ്പെട്ടു. തിങ്കൾ. ചൊവ്വാഴ്ച, മാന്നാനത്ത ചെന്നു. വെളുപ്പിന്ന പെ. ബ. മൂപ്പച്ചനും പ്രിയൊരച്ചനും ആ - തൊമ്മായുംകൂടി പുളിങ്കുന്നിൽ ചെന്നു. എന്നാൽ ബ. സക്കറിയാ അപ്രെം അച്ചനെയും കൂടെ മാന്നാനത്തിൽ നിന്നും കൊണ്ടുപൊയി നമ്മുടെ കൊവെന്തയിൽ തന്നെ ഉച്ചയ്ക്കുള്ള യാവന കഴിച്ചു വെനലിന്റെ കഠിനത്താലും മറ്റും വല്യപള്ളിയിൽ ഒരു നാഴിക തികച്ചു താമസിപ്പാൻ പാടില്ലാഞ്ഞു. 5 മണിക്ക തിരിച്ചു കല്ലൂർക്കാട്ടു വന്നു സ്ഥലഭെദത്താലും വെടിപ്പാലും പ്രത്യെകം ശു: കുർബ്ബാനയുടെ സ്ഥാപനവും ആയതിന്നുള്ള ചെറിയ അൾത്താരും മറ്റും കാണുകയാൽ നമ്മുടെ മൂപ്പച്ചനു സന്തൊഷമായി. ഇവിടെ ഒരു കുർബാന ചെല്ലണമെന്നും 9 മണി രാവിൽ പറഞ്ഞു - എന്നാൽ കൈക്കാരൻ പൊരൂക്കര - പ്രധാനമായിട്ട നമ്മുടെ ചക്കാലയിൽ ചാണ്ടിയച്ചന്റെ താല്പര്യത്താൽ ആ രാത്രിയിൽ ആലപ്പുഴെ ലത്തീൻ പള്ളിയിൽ അയച്ച 6 മണി വെളുത്തപ്പൊൾതന്നെ പുസ്തകം വരികയും ചെല്ലുകയും ചെയ്തു. വീണ്ടും 4 മണിവരെ താമസിച്ചു. എന്നാൽ മെടമാസവും എടദിവസവും ആകയാൽ ഏറെ ആളുകൾ അറിവാനും കൂടുവാനും ഇടയായില്ല. എങ്കിലും കൂടിയവരോടു മൂപ്പച്ചൻ ഒരു ഗുണദോഷം പഠാർത്ഥപൊലെ നൽവചനങ്ങൾ പറഞ്ഞു. അതിനിടയിൽ ചാണ്ടിയച്ചനൊട പ്രത്യെകമായി പ്രിയൊരച്ചനും അപ്രെം അച്ചന്റെ യിടവകക്കാരൻ വിഗാരി ആകയാൽ അദെഹം ഒർപ്പിച്ചതിനാൽ അപ്പൊൾ പള്ളിയിലും വകയില്ലാഞ്ഞു എംകിലും അവരുടെ ഉത്സാഹത്താലും (P.83) നൽമനസ്സാലും 100 രൂപാ തന്നു. നൽമനസ്സാകയാൽ മൂപ്പച്ചനും സന്തൊഷമായി 4 മണിയിൽ പുറപ്പെട്ടു ചെന്നങ്കരിയിൽ പള്ളിയിൽ വന്ന രാവു പാർത്തു അവിടത്തെ കാറ്റിനാലും കരിക്കിനാലും തൃപ്തിയൊടു രാ പൊറുത്ത മൂന്നു മണി വെളുപ്പിന്ന പുറപ്പെട്ടു കരിയിൽ വന്ന പാലും വാങ്ങിച്ചും കൊണ്ട

ചാവറ അച്ചനും മിഷനറിയും കുട്ടനാട്ടിൽ പണപ്പിരിവ് നടത്തുന്നു

1. സുറിയാനി ശൈലി, ന. ക. തിരുഹൃദയം എന്നർത്ഥം

മാന്നാനത്തിൽ വന്നു. പെരുനാൾ ദിവസം വിഗാരി അച്ചൻ പുത്തനായിട്ടു തീർപ്പിച്ച പുൽപ്പിത്തിൽ മൂപ്പച്ചൻ പഠാർത്ഥയും പറഞ്ഞു. കർമ്മെൽ വിഗാരി പെ. ബ. ആ യാക്കോ മറിയം അച്ചനും വന്നിരുന്നതിനാൽ ആദെഹത്തിനെ കൂടെ ഞങ്ങൾ കൂട്ടിക്കൊണ്ട രാവു 4 മണിക്ക പുറപ്പെട്ടു. ഏഴു മണിക്ക മുട്ടത്തുവന്നു. ഇതിന്നു മുൻവിഗാരി അച്ചനെ ഒർപ്പിച്ചിരുന്നതിനാലും മറ്റും അവര ജനങ്ങൾ വാച്ചതും ചെയ്യാം. പള്ളിയിൽ മുമ്പുണ്ടായിരുന്ന അൾത്താര പൊളിച്ചിട്ടിരിക്കയാൽ ആ പണിക്കാരണത്താൽ പള്ളിയിൽ നിന്നും ഏതും ചെയ്യാൻ പാടില്ലെന്നും പറഞ്ഞതിനാൽ ചാണ്ടിയച്ചനെയും അവിടെ നിർത്തി പെ. ബ. മൂപ്പച്ചനും പ്രിയോരച്ചനും കൂടെ അർത്തുങ്കൽ പോയി. ബ. കർമ്മെല വി. ആഹായാക്കൊവു മറിയം കൂടെ പൊയി യൊഗക്കാരെയും വരുത്തി. അവിടെയും മൂപ്പച്ചൻ കുർബ്ബാന കഴിഞ്ഞ ശെഷം കുറെ ഗുണദൊഷം പറഞ്ഞു. വിഗാരി പാദ്രി അച്ചൻ ഇല്ലാഞ്ഞു. എന്നാൽ നമ്മുടെ കൊതമല്ലൂർ കാച്ചായിൽ ചാണ്ടികത്തനാരച്ചൻ അസിസ്തെന്തി ആയിരുന്നു. അവിടെ യൊഗത്തിൽ പ്രധാനികളിൽ രണ്ടു പെരെ കുരിശുങ്കൽ മാര പള്ളിക്കും പണം തീർക്കാഞ്ഞതിനാൽ കുമ്പസാരം (P.84) മുടങ്ങി കിടന്നിരുന്നവരുടെ കാര്യം പറഞ്ഞു. അവരെയും സമ്മതിപ്പിച്ച 700 ചില്ലുവാനം രൂപ അപ്പോൾ തന്നെ യിരുവരെയും കൊണ്ട വെപ്പിച്ച തീർത്ത കിളവൻ കുഞ്ഞുപെദ്ര മൂപ്പനും വന്നു 500 രൂപാ മ൦൦ പണിക്കായി ഇതിൽ തന്നെ എണ്ണികെട്ടി വിഗാരി അറിയാതെ വലിയ ചിലവു ചെയ്തകൂടായെന്നുള്ള പടി സാധനം മറുത്തുകൂടായെന്നും വച്ച അസിസ്തെന്തി അച്ചന്റെ പക്കൽ ഏല്പിച്ച ചൊവ്വാഴ്ച തന്നെ മുട്ടത്തു വന്നു. ആ രാവിൽ തന്നെ കൂടിയവര എല്ലാരും അന്നും പിൻ വിഗാരി അച്ചൻ കയ്യാലും കൂടെ 340 രൂപായും ഇങ്ങനെ ഈ 1000 ചില്ലുവാനവും കളത്തിലച്ചൻ എടത്തുവൻ പുളിംകുന്ന വഴിയ 160 ഇങ്ങനെ 1000. വത്തികുഞ്ഞന്ന ധർമ്മം വാങ്ങിപ്പാൻ അറിയിച്ചിരുന്ന പ്രകാരം 100 ഇങ്ങനെ 1200 കൊണ്ട തുടങ്ങിയിരിക്കുന്നു.

ചാവറ അച്ചനും മറ്റും അർത്തുങ്കൽ

ഇതിന്നിടയിൽ പുത്തൻ പള്ളിയിൽ സിമ്നാരിയും ഉറപ്പിച്ച കുറ തീർത്തു ലത്തീൻകാരർക്ക കൊവെന്ത പണിവാനായിട്ട മഞ്ഞുമ്മെൽ സ്ഥലം വാങ്ങിച്ചു രണ്ടു പൈതങ്ങളെ നമ്മൊടുകൂടെ പാർത്തു പഠിപ്പിച്ചു വരുന്നു. എന്നാൽ നമ്മുടെ കന്യാസ്ത്രികൾ പനമ്പിനകത്തു കിടക്കുകയാൽ പല സൗഖ്യക്കെടുകളും വരുന്നതിനാൽ വേഗത്തിൽ ഉറപ്പായിട്ട ഒരു സ്ഥലമുണ്ടാക്കുവാൻ ബ. മൂപ്പച്ചൻ താല്പര്യപ്പെട്ടു.

എന്നതിൽ നമ്മുടെ കൂനമ്മാവു കൊവെന്ത വകയായിട്ട സമീപിച്ച ഒരു പറമ്പുണ്ടായിരുന്നതിനൊടു കൂടെ മറ്റു രണ്ടു പറമ്പും കൂടെ ചെർത്താൽ നല്ലതെന്നും വച്ച അതിന്റെ ഉടയ (P.85)ക്കാരൊട ബ. മൂപ്പച്ചൻ ചൊദിച്ചതിനാൽ അവരു സമ്മതിച്ചു എംകിലും അവർക്കു പാർപ്പാൻ മറ്റു സ്ഥലം അന്വെഷിപ്പിച്ചു കൊടുത്തു. ഇതു രണ്ടും മുറപ്രകാരം കണ്ടതിൽ അധികം സൌശീന്ന്യവും വിലയായും കൊടുത്ത വാങ്ങിച്ച

പുതിയമഠം കെട്ടിടത്തിനു കല്ലിടുന്നു

മൂന്നുംകൂടി ഒന്നായി ചെർത്ത 1866 മിഥുനം 23-ാംനൂ ശനിയാഴ്ച 7 മണി കഴിഞ്ഞ പ്രിയൊരച്ചനും മൂപ്പച്ചനും കൂടെ ആ പറമ്പിൽ ചെന്ന മൂപ്പച്ചൻ ഒരുതുണ്ടു കടലാസ്സിൽ ഒരൊർമ്മയും കയ്യാളിപ്പു കുറിച്ച ആ കടലാസിനകത്ത ശു. കർമ്മെൽ മാതാവിന്റെയും പിതാവായ യൗസെപ്പു പുണ്യവാളന്റെയും അമ്മത്രെസ്യായുടെയും മൂന്നു കാശുരൂപവുംവച്ചു പൊതിഞ്ഞ ഒരു കല്ലിന്മെൽ മൂപ്പച്ചൻ തന്നെ കൊലചെര എടുത്ത കുമ്മായം കൊരി ഇട്ടു നിരത്തി ആ കുമ്മായത്തിൽ ഈ രൂപങ്ങൾ പതിച്ചുവച്ച അതിന്നു മീതെ ഒരു കല്ലുംവച്ചു. ആദെഹത്തിന്റെ കയ്യാൽതന്നെ. ഇത: വടക്കെ പുറ ചുമരും പടിഞ്ഞാറെ പുറത്ത ചുവരും കൂടെ കൂടുന്ന വടക്കെ മൂലയിൽ അത്രെ അന്നു തന്നെ അടിസ്ഥാനം 5000 കല്ലുവരെ പണിതു നില നിരപ്പാക്കി. കർക്കിടകം 2-നു മുഴുവൻ ധ്യാനം കഴിപ്പാനുള്ളതിന്ന മൂപ്പച്ചൻ പൊരുൾ തിരിച്ച എഴുതിവച്ച പുസ്തകം അവർക്ക കൊടുത്ത ധ്യാനക്രമങ്ങളും പറഞ്ഞു. അന്നു തലയിൽ മൂടി ചീലയിടുവാൻ പറഞ്ഞ

മഠത്തിൽ ശ്രേഷ്ഠത്തിക്കു ദീനം

അതിന്റെ ഭാഷയും നമ്മുടെ ആഹാ നിക്ലാവുസ ലെംബെദമാറനെ[1] കൊണ്ട വെട്ടിതൈപ്പിച്ചത കൊടുത്ത ആയതിൻവണ്ണം അവരു തന്നെ ചെയ്ത ഉടുപ്പാൽ കല്പിച്ച ഞങ്ങൾ (P.86) പൊന്നു 4 നു ബുധനാഴ്ച ഞങ്ങൾ ധ്യാനം തുടങ്ങി. 5-നു 5½ മണിക്ക ഞങ്ങൾ ധ്യാനം വായിച്ച കഴികയിൽ 6 മണി കൊട്ടി മൂപ്പച്ചൻ കുമ്പസാരിപ്പിച്ചിരിക്കയിൽ ശ്രെഷ്ഠത്തി ദീനമെന്നും വായുവെന്നും വിമ്മിഷ്ടമെന്നും കാണണമെന്നും ആൾ വന്നതിനാൽ തിരുമനസ എന്നും സ്തുതിച്ച മൂപ്പച്ചനും പ്രിയൊര: ആവശ്യത്തെ പ്രതി ആഹാ: നിക്ലാവുസിനെയും അയാളുടെ മരുന്നുമായി ആ മഴ സമയത്തിൽ പൊയി. ദൈവസഹായത്താൽ ആ മരുന്നു കൊടുത്ത കുറെ ആശ്വാസം തൊന്നി ഞങ്ങൾ ചൂട്ടും കത്തിച്ചപൊന്നു. എടയിൽ വച്ച വഴിയിലുള്ള വറീതിനൊട ഒരു ചൂട്ടു കൂടെ വാങ്ങി കെട്ടിവന്നു.

1. തിരുഹൃദയത്തിന്റെ നിക്ലാവൂസ് സഹോദരൻ

ഈ 66 കന്നിയിൽ നമ്മുടെ അരണാട്ടുകരെ കൊവെന്തയുടെ പ ള്ളി പണിയായിട്ട മത്തായി മറിയം ടി കൊവെന്തയുടെ വികാരിയാ യി നിയമിക്കപ്പെട്ട നാൾ മുതൽ അധികമായി ഉത്സാഹിച്ചും താല്പര്യ പ്പെട്ടും മുട്ടം, അർത്തുങ്കൽ മുതലായ തെക്കുനിന്നും 700 രൂപാ ധർമ്മം

എൽത്തുരുത്തു കൊവേന്തയുടെയും പള്ളിയുടെയും കെട്ടിട പ്പണി തീരുന്നു.

വാങ്ങിച്ച തുടങ്ങി ആ നടപ്പു കണ്ടതിനാൽ വട ക്കുപുറത്തുള്ളവരും സഹായിച്ച ദൈവതിരുമന സ്സാൽ തീർന്നപ്പൊൾ നമ്മുടെ പള്ളികൾ ഒക്ക യിലും ചിതവും വെടിപ്പും ആയിട്ടു തീരുകയും ചെയ്തു. ഇതിന്ന ഞങ്ങൾ പൊകുന്നതിന്ന മുൻ ഏറിയ നാൾ മുമ്പെ മാന്നാനത്തിൽ പ്രി: പാർത്തിരിക്കയിൽ നെയിച്ചെരി മലയിൽ ഒരു വള്ളം വെട്ടിച്ചിരുന്നു. ആയത നമ്മുടെ പെ. ബ. കർമ്മെല വിഗാരി അ ച്ചന്റെ മറ്റു പലരുടെയും ഉത്സാഹത്താൽ (P.87) ഇറക്കിവന്നു. ക ണ്ടപ്പൊൾ തടി വല്ല്യതും നല്ലതുമായിരുന്നു. എംകിലും തടി ചാലു പൊക്കിയതിനാൽ കനം കുറഞ്ഞും ഏറിയനാൾ മലയിൽ ഇരുന്നും ഉ

പ്രിയോരച്ചന്റെ വള്ളം പണി തീരുന്നു

ണങ്ങികീറി ഒന്നിനും കൊള്ളുകയില്ലന്നും തൊ ന്നിയതിനാൽ അവിടെ വലിച്ചുവെച്ചിരുന്നു. പെ. ബ. മാന്നാനം വിഗാരി ആ: കുറിയാക്കൊസ ഏലിശാ അച്ചന്റെ താല്പര്യത്താൽ കല്ലൂർക്കാട്ട കൊയക്കരീ വർക്കിയെ ഏ ല്പിച്ച അധികം ചിലവും പ്രയത്നവും വന്നു എംകിലും 8: തണ്ടു വെ പ്പാൻ തക്കവണ്ണം പണിയിച്ചു തീർത്തു, എന്നാൽ അവിടെ ഇതുപൊൽ കുറെ ചെറിയതായി 4 തണ്ടും കൂടാരവും ഉള്ളത പെരുമാറ്റത്തിന്നു ണ്ടായിരിക്കയാൽ പെ. ബ. മൂപ്പച്ചന്റെ അനുവാദപ്രകാരം ഈ വലിയ വള്ളം പ്രിയൊരച്ചൻ വരുത്തി തല്ക്കാലമായിട്ട പ്രക്കുരദൊര ചാണ്ട പ്പിള്ള അച്ചൻ, പക്കൊനെക്കൊണ്ട ഒരു കൂടാരവും പണിയിച്ചു. ആയ തിൽ പുത്തൻപള്ളി റൂശ്മാ ചെയ്‌വാനായിട്ടു പുത്തൻവള്ളത്തിൽ പു ത്തൻ യാത്രയായിട്ട പെ. ബ. മൂപ്പച്ചൻ പ്രിയൊര ആ വർക്കിയച്ചൻ. 4 നവസന്യാസികളും ആ. നിക്ലാവുസും കന്നി മൂന്നാം തീയതി തിംക ളാഴ്ച്ച കാലത്തെ നാലു മണിക്ക പുറപ്പെട്ടു. എന്നാൽ പത്തുമണി മുതൽ ആ. ചാണ്ടി അച്ചനെ നമ്മുടെ കല്ലൂത്ര അച്ചൻ വക കെട്ടുവള്ളവും ഇ വിടെ വരുത്തിയിരുന്നതിനാൽ അതിന്മെൽ അയച്ചു. എന്നാൽ കൊടു ങ്ങല്ലൂർ കഴിഞ്ഞ മതിലകത്ത 11 മണിക്ക് ഞങ്ങൾ അവിടെയിറങ്ങിയ പ്പൊൾ മുൻ പുറപ്പെട്ട ചാണ്ടിയച്ചനും മറ്റും വന്നു ചെർന്നു. (P.88)

എൽത്തുരുത്തു പള്ളി വെഞ്ചരിപ്പ്

വീണ്ടും ഞങ്ങൾ പുറപ്പെട്ട് നാല മണിക്ക എൽത്തൂർ ത്ത കൊവെന്തിൽ ച്ചെന്നുചെർന്നു കണ്ടു തെളിഞ്ഞു

പിറ്റെ ദിവസം മുതൽ പ്രാർത്ഥനമുറി മുതലായത ഒക്കെയും കപ്പെളയിൽ സക്രാരി വൈപ്പാൻ കൊടിത്തീൻ ജനെലകൾക്ക മഞ്ഞ കൊണ്ടുള്ള കൊടിത്തീകളും ഒക്കെയും പുത്തനും വെടിപ്പും അൾത്താരകൾ പദവികൾ ഒക്കെയും തീർന്നു. 8-നു 4 മണിക്കു മുമ്പിലത്തെ കപ്പെളയിൽ പ്രിയൊരച്ചൻ കുർബാനയും ചൊല്ലി. 6 മണിക്ക പള്ളി റൂശ്മായും തുടങ്ങി പാതിരാവിൽ തന്നെ ജനങ്ങൾ നിറഞ്ഞുകൂടിയതിനാൽ എഴുമണിക്കു റൂശ്മാ കഴിഞ്ഞുടൻ മൂപ്പച്ചൻ ഒന്നാം ത്രൊണൊസിൽ ഒന്നാമത്തെ കുർബാന തുടങ്ങി. രണ്ടു നാലു ദിവസം കുമ്പസാരിച്ചാസ്ഥമായി നിന്നവർക്ക ഒക്കെയ്ക്കും കുർബാനയും കൊടുത്തു കുർബ്ബന കഴിഞ്ഞുടൻ പടാർത്ഥയും പറഞ്ഞു. തിംകളാഴ്ച പ്രവിൻസ്യാൾക്കടുത്ത വിശീത്തയും കഴിച്ച ചൊവ്വാഴ്ച, വല്യ ഉല്ലാസവും കഴിച്ച ബുധനാഴ്ച അസ്തമിച്ച 4 മണിക്ക പുറപ്പെട്ടു 4 മണി പകലിൽ കൂനമ്മാവിൽ ചെർന്നു.

1867 കാലം ശു. പള്ളിയുടെ ജയസന്തൊഷം എന്നൊരു കെൾവിയുണ്ട പ്രത്യെകം ഇതിന്നായി ഏവരുംകൂടി അപെക്ഷിച്ചു വരുന്നു. ഈ പുത്തൻ ആണ്ടു പിറന്നു മകരം 3-നു നമ്മുടെ പെ. ബ. മെത്രാപ്പൊലീത്താച്ചനും ബ. യൌസെപ്പ ഏലിയ പ്രെ മർസ്ലീനു പ്രെ ഒയിത്താവ, പ്രെ ലെഒപ്പൊൾദ എന്ന നമ്മുടെ മൂപ്പച്ചനും എല്ലാവരുംകൂടെ മാഞ്ഞാലിൽക്കുന്നിൽ (P.89) വല്യ ഉല്ലാസത്തിനു പൊയി. ആ സ്ഥലം വാങ്ങിക്കണമെന്നും പെ. ബ. അച്ചൻ കല്പിച്ചു.

ചാവറ അച്ചൻ തിരുവിതാംകൂർ രാജാവിനു തിരുമുൽക്കാഴ്ച വയ്ക്കുന്നു.

കുംഭം 15 നു നമ്മുടെ തിരുവിതാംകൂറ മഹാരാജാവ ആലുവായിൽ വരുന്നു എന്നും കെട്ട നമ്മുടെ മൂപ്പച്ചനെയും പ്രിയൊരച്ചനെയും മെത്രാപ്പൊലീത്താച്ചൻ വിളിപ്പിച്ച മെത്രാപ്പൊലീത്താച്ചന്റെ പെർക്ക മഹാരാജാവിന്ന കാഴ്ചയായി 15 റാത്തലും പല പണികളുമായി ഒരു മെഴുകുതിരിയും കൊടുത്തയച്ചു ദിവാൻജിയില്ലാത്തതിനാലും, റെസിദെന്തി കൂടാതെ എരൊപ്പക്കാര മഹാരാജാവിനെ കണ്ടുകൂടായെന്ന കമ്പനിയാരുടെ കല്പനയുള്ളതിനാൽ മൂപ്പച്ചൻ പൊന്നു. പ്രിയൊരച്ചനും സക്രത്താരി പാദ്രി അച്ചനും നിന്ന മഹാരാജാവിനെ കണ്ട തിരിയും കാഴ്ചവച്ചു. ബീസ്പു അവർകൾ സൌഖ്യമായിരിക്കുന്നൊ? വളരെ വളരെ സന്തൊഷമായി എന്നറിവിച്ചുകൊള്ളണം എന്നും കല്പിക്കയും ചെയ്തു.

എന്നാൽ ആയതിന്നു തലെദിവസം മെത്രാപ്പൊലീത്താച്ചൻ കല്പിച്ച നമ്മുടെ കൂനമ്മാവു കൊവെന്തക്കാരെയും പുത്തൻപള്ളി സിമ്നാരിക്കാരെയും കണ്ടു. പള്ളിയിലുള്ള കൊംപ്രിയക്കാരെയും കൂട്ടി പൊഴയിൽ യിരുകരയും മുട്ടിച്ച തൊരണങ്ങളും തൂക്കി. കൊംപ്രിയക്കാരും ക്ലെരിമാരും മെത്രാപ്പൊലീത്താച്ചനും ഒരു തലയ്ക്കും മൂപ്പച്ചന്മാരും കൊവെന്തക്കാരു മുതലായവരും നിന്നും എന്നാൽ ഞങ്ങൾ മെഴുകുതിരിയും കൊടുത്ത ഉടൻ ഈവണ്ണം ഞങ്ങളൊടു കല്പിച്ചവുടൻ പള്ളിബൊട്ടിക്കരറിയതിനാൽ (P.90) ഞങ്ങൾ ആ ബൊട്ടിന്നു പുറകിൽ ആയിരുന്നു. നമ്മുടെ കൊവെന്ത വള്ളവും വലിക്കാരുമാകയാൽ മുൻ പൊകാമെങ്കിലും എഴുന്നെള്ളിയിരിക്കുന്ന ബൊട്ടിനുമുമ്പിൽ ഭെഷ്കാരു മുതലായി യാതൊരു ബൊട്ടുമില്ലായ്കയാൽ ഞങ്ങളും മുൻകടക്കാതെ നിന്നും നമ്മുടെ വരാപ്പുഴെ വടക്കുവശത്തു കാവിൽപുരയ്ക്ക ചെരെ പള്ളിബൊട്ടുവന്നപ്പൊൾ വെടിയും വച്ച 3 മണികളും കൊട്ടി അതിനൊടുകൂടെ തെക്കുനിന്ന കൊച്ചിയിൽ എളയരാജാവും ദിവാനുംകൂടി തൃപ്പൂണിത്തുറയ്ക്ക് കൊണ്ടു പൊകുവാൻ എതിരെൾപ്പിന്നായി ആ ബൊട്ടും അവിടെ വന്നു യിരുകരയും പട്ടുകൊടികളും പള്ളിയുടെ വടക്കുതുടങ്ങി മണപ്പുറംവരെയും മുൻഅണിയായി കൊംപ്രിയക്കാരുടെ അകത്തണി കൊവെന്തക്കാരും സിമ്നാരിക്കാരും ക്ലെരിമാരും പട്ടക്കാരുമായി നീരും പുഴനിറച്ച ബൊട്ടും ഒടികളും യിരുകരമുട്ടി തൊരണങ്ങളും ആയതിന്മെൽ ചെറുകൊടികളും ഇതൊക്കെയും പള്ളി ബൊട്ടിന്റെ പടിഞ്ഞാറുവശം പുഴയിൽ വഞ്ചിയിൽ കിടന്ന ഞങ്ങൾക്കു ഒരു കാഴ്ചയായി കണ്ടതിനാൽ മഹാ അരങ്ങുതന്നെ തിരുമനസുകൊണ്ട ഊണുകഴിഞ്ഞപ്രകാരം മുണ്ടും നെരിയതും മാത്രം ഉടുത്തുകൊണ്ട 12 മണിയുടെ ഉഷ്ണത്താൽ ബൊട്ടിൽ കിടന്നിരുന്നു. വെടിയും ഈ മണിയുടെ കൊട്ടും കെട്ടതിനൊടു കൂടെ എഴുന്നെറ്റ പടിഞ്ഞാറുവശത്തുള്ള ജനെലയൊടുകൂടി നൊക്കിയപ്പൊൾ പെ. പെ. ബ. മെത്രാപ്പൊലീത്താച്ചൻ മുതലായി കടവിൽ നിരന്നുനില്ക്കുന്ന (P.91) തിനെ കണ്ടതിനൊടുകൂടെ തിടുക്കി ഒരു വെള്ള അങ്കർക്കാ[1] എടുത്തിടുവാൻ തുടങ്ങിയതിനൊടുകൂടെ ബൊട്ടും അരികെവെച്ചു. അടുത്തുപൊയതിനാലും മെത്രാപൊലീത്താച്ചൻ മുതൽ പെരെ ആശാരം ചെയ്തതിനാലും വെഗത്തിൽ ആയത നെഞ്ചിന്മെൽവച്ചുംകൊണ്ട അവിടെനി

തിരുവിതാംകൂർ രാജാവിന്റെ എഴുന്നള്ളത്ത്.

1. ഷർട്ട്

ന്നും സ്വലാംചെയ്ക. മെത്രാ: പെർക്കായിട്ട ജനെലയ്ക്ക പുറത്തൊട്ട കൈനീട്ടീ പലവട്ടം സലാംചെയ്ത കടക്കയും ചെയ്തു ഇങ്ങനെയും നടന്നു.

കന്യാസ്ത്രീമഠത്തിന്നായുള്ള പുതിയ കെട്ടിടത്തിന്റെ ഉൽഘാടനം

ഇത 67-ാം കാലത്തിന്റെ മനൊഗുണങ്ങളിൽ ഒന്ന സർവ്വെശ്വരൻ നമുക്ക ചെയ്തിരിക്കുന്ന ഇതായത: 66 മീനത്തിൽ പനമ്പിൽ പാർപ്പിച്ച കന്യാസ്ത്രീകളെ 67 മീനം 27-നു പുത്തൻമഠത്തിൽ സമസ്തവും തീർത്ത പ്രാർത്ഥന മുറിയിൽ വിയാസക്ര മുതലായതും അൾത്താര പുത്തൻ കത്ത്സാൾ പൂച്ചെട്ടികൾ മുതലായതും ദൂർമ്മിത്തൊരി[1]യി പസ്കികളും ഊട്ടുമുറിയിൽ തൂവാല വെള്ളപാത്രങ്ങളും മുറികളിൽ കട്ടിലും പായും പുതപ്പു പുത്തൻ കൊളാമ്പികളും കാഴ്ചമുറിയിൽ കുമ്പസാരകൂടും. ഗ്രാത്താ-റൊത്താ മുതലായതും പള്ളിയിൽ കടക്കാതെ പള്ളിയൊടു ചെരെതന്നെ കുമ്പസാരവും ശു. കുർബ്ബാന കൈക്കൊൾവാനും മറ്റുമായിട്ടുള്ള ഒരു പണി പള്ളിയിലും ഇതൊക്കെയും ഒരു കാശുമില്ലാതെ അഗതികളായ ഞങ്ങളെ ....................[2] അധികവെലയും ചെയ്യാതെ 8000 രൂപാ വരെ ധർമ്മംതരുവിച്ചും ആയതു തെളിവുള്ള ധർമ്മമായി തരുവിച്ച നിറവെറ്റിയതുമല്ലാതെ ഇതിൽ 100 രൂപാ ശുദ്ധമുള്ള ദ്രെവ്യമല്ലെ (P.92) ന്നും നമ്മുടെ മൂപ്പച്ചന്റെ ഹൃദയസാക്ഷി പറകയാൽ പെ. പെ. ബ. അച്ചനൊട അനുവാദം വാങ്ങിച്ച ഈ 100 രൂപായും ധർമ്മമായി പിച്ചക്കാർക്കെ കൊടുത്തതല്ലാതെ ഈ പണിയിൽ ചെർത്തില്ല. ഈവണ്ണം ശുദ്ധമുള്ള നിയൊഗത്തൊടും സൂക്ഷ്മത്തൊടുംകൂടെ നമ്മുടെ ദെലഗാത്തച്ചന്റെ അനിഷ്ടത്തിനാൽ നിറവെറി മെലെഴുതിയ 27-നു 6 മണിക്ക മെലെഴുതിയ നാലു കന്യാസ്ത്രീകളും മുമ്പുണ്ടായ സഹായക്കാരത്തി വസൂരി ദീനത്താൽ വീട്ടിൽ അയച്ചു. സർവ്വെശ്വരൻ അവൾക്കു പകരമായിട്ട ഈ കൂനമ്മാവുകരയിൽ പഴമയും വെണ്ടത്തക്കവരുമായ പഴെമ്പള്ളി അന്നായെന്ന തറവാട്ടുകാരത്തിയ ത്രെസ്യാ എന്നുള്ള പെരായ ഒരു ചെറുപ്പക്കാരത്തിയെയും എടക്കൊച്ചി എടവകക്കാരത്തിയായ മൂന്നുവർഷം മുമ്പിനാൽ ഇവിടെവന്ന ഭക്തിയാൽ പാർത്തുവന്ന ഒരു വയസ്സി പ്രക്കുദൊരാ അന്വെഷക്കാരത്തിയെയും ഇങ്ങനെ 6 പെരും ശുദ്ധ: കുർബ്ബാനയും കൈക്കൊണ്ട അവർക്കായി വച്ച പുത്തൻപടി കടന്ന പുത്തൻവഴിയെ വരികയും

1. Dormitorium - ലത്തീൻ വാക്ക്, ഉറങ്ങുന്നസ്ഥലം എന്നർത്ഥം.
2. ഇവിടെ മൂലത്തിൽ സ്വല്പസ്ഥലം വിട്ടിരിക്കുന്നു.

പുത്തൻ മഠത്തിൽ കടന്നുടൻ പെ. ബ. മൂപ്പച്ചൻ അതിന്നടുത്ത ക്രമ ത്തൊടുംകൂടെ സഹായക്കാരത്തി സഹായിച്ചുകൊണ്ട അവര നാലു പെരെയും ളൊവ, സ്ക്കപ്പുളാര, തലമുടി വെട്ടിയ നാടൻ, ഇതൊക്ക യും ഉടുപ്പിച്ച മഠവും മുറികളും റൂശ്മായും ചെയ്ത വലിയ മണി ചെ റിയ മണി മരമണി ഇതൊക്കയും കൊട്ടികാട്ടി പ്രക്കുദദൊരായിട്ട കി ളവനെയും നിയമിച്ച, സമസ്തവും കഴിച്ച (P.93) പതിനൊന്നു മണി ക്ക ഞങ്ങൾ പൊരികയും ചെയ്തു. എന്നാൽ ഇവിടെ വന്ന മൂപ്പച്ചൻ അമ്മയുടെ പുസ്തകം എടുത്ത തുറന്നപ്പോൾ മുൻ ഒരിക്കലും കാ ണാത്ത വർത്തമാനം കണ്ടു വായിച്ചു. ഇതായതു അമ്മത്രെസ്യക്കു ഇ ന്ത്യായിലുള്ള കാരണവന്മാരായ ക്രിസ്ത്യാനികളുടെ എഴുത്തുകിട്ടി ഇതായത: ഇവിടെയും വന്ന മഠം സ്ഥാപിക്കണമെന്നുള്ള അപെക്ഷ ഇതു വായിച്ച നമ്മുടെ ദു:ർഭാഗ്യത്താൽ കരഞ്ഞ ഈ ഇന്ത്യായിൽ വ രണമെന്നും നിശ്ചയിച്ചു. എന്നാൽ ഇതിന്നു തന്റെ മുറപ്രകാരം ഈ

വി. അമ്മത്രേസ്യായുടെ പ്രാർത്ഥന ഫലമണിഞ്ഞു

ശോമശിഹായൊടു പ്രാർത്ഥിച്ചപ്പോൾ താൻ കാ ണപ്പെട്ടു കല്പിച്ചു മകളെ നീയതിനെയിപ്പൊൾ അപെക്ഷിക്കണ്ട. നിന്നാലെയല്ല യിതിനെ നി റവെറ്റുന്നതു പിന്നെയൊ നിന്റെ മക്കളാൽ: അതിന്റെ കാലത്തിൽ നി ന്റെ മക്കളായ സന്യാസികൾ അവിടെയും ചെല്ലും. അവരു സന്യാസി കളെയും കന്യാസ്ത്രീകളെയും സ്ഥാപിക്കും. ഈ കണ്ടുമുട്ടൽ ആൾ തന്നെ മൊക്ഷത്തിൽ ഇരുന്നെ നടത്തിയെന്നും യിനിയും നടത്തും എന്നു നിശ്ചയിച്ചു.

> സർവ്വെശ്വരര എന്നെ അധികം കടപ്പെടുത്തുവാനായിട്ട ഇ തിനെയും കാണ്മാൻ ഇനിക്ക ആയുസ്സ നിളിപ്പിച്ചു എന്ന ഞാൻ നിരൂപിയ്ക്കുന്നു. തനിക്കു എപ്പഴും എല്ലാപ്പൊഴും സ് തുതി വർദ്ധിക്കട്ടെ. ആമ്മെൻ.

(P.94) മെടം 27-നു തിംകളാഴ്ച ഞാനും നമ്മുടെ ദെലഗാദ പെ:ബ: ലെഒപ്പൊൾദ മൂപ്പച്ചനുംകൂടി തിരുവനന്തപുരത്തിനായി പുറപ്പെട്ട കൊ ല്ലത്ത ചെന്ന പെ. ബ. പുത്തൻകൊല്ലം പ്രൊ വി. അപ്പ ആയ പ്രെ മ

ചാവറ അച്ചനും മൂപ്പച്ചനും തിരുവന ന്തപുരത്തിന്

ര്യ അപ്രെം അച്ചനെ കണ്ടു. സന്തൊഷത്തൊടെ ര ണ്ടു ദിവസം പാർത്തു. പ്രെ ലാസ്യ എന്ന മിസ്യൊ നാരി അച്ചനുമായി തിരുവനന്തപുരത്തിനു പൊയി വിരുംവഴി അഞ്ചുതെങ്ങുങ്കൽ വി. മിസ്യൊ. അപ്പ. ബ. പ്രെ ബുർക്കാർദ മൂപ്പച്ചനെയും കണ്ട അവിടെ റെന്ത, മെസ, നൂൽ, ഈ വെലകൾ പഠി

പ്പിക്കുന്നതിന്ന ഒരു കിളത്തിയെ കണ്ടു പറഞ്ഞ ചട്ടംകെട്ടിപൊരികയും ചെയ്തു. ആയതിൻ വണ്ണം ഈ കിളത്തി വന്ന ഈ വെലകൾ പഠിപ്പിച്ചു വരികയും ഇതിനിടയിൽ. ...മാസം ...നു[1] കൊന്തുരുത്തി എടവകയാൽ നിന്നും മറിയം എന്ന ഒരു.........[2] വയസ്സുള്ള ഒരു പെണ്ണും വന്നു

കൊവേന്തകളിൽ നാല്പതുമണി ആരാധന തുടങ്ങുന്നു

കൂടിയിരിക്കുന്നു. ഈ ആണ്ടിൽ എടവം 25-നു ഉയി: 2-ാം ഞായറാഴ്ച നമ്മുടെ കർമ്മെല കൊവെന്തയിലും 12-ാംനു 3-ാം ഞാ: മാന്നാനത്ത കൊവെന്തയിലും 40 മണി എന്ന ഈ വല്യ മനൊഗുണത്തിന്റെ സ്ഥാപിപ്പ ചെയ്തു. എന്നാൽ കൊല്ലം മിസ്സത്തിൽ മിസ്യൊനാരി ആയ പ്രെ ഫെർദിനാംദീസ എന്ന മൂപ്പച്ചൻ പെ. ബ. കൊല്ലം വി. അപ്പ: മര്യ അപ്രെം അച്ചന ആ മിസ്സത്തിലും നമ്മുടെ ദിസ്കാൾ മൂന്നാം സഭയുടെ സന്യാസികളെയും കന്യാസ്ത്രികളെയും സ്ഥാപിക്കണമെന്നുള്ള നിയൊഗത്താൽ യിവിടത്തെ ക്രമം കാണ്മാനായി ഞങ്ങളൊടുകൂടെ പൊന്നിരുന്നു, കൊല്ലത്തുനിന്നു ഈദെഹം കർമ്മലയിലും (P.95) മാന്നാനത്തിലും വന്ന ഈ ശു: ക്രമങ്ങളും കണ്ടു തെളിഞ്ഞുപൊയി. മിഥുനം 29-നു തളിയൻ ഉർമ്മിസിൻ പെങ്ങൾ ത്രെസ്യാ എന്നുള്ള വിധവയും ചക്കരക്കടവിൽ നിന്നും ഒരു [3] വയസ്സുള്ള പെണ്ണും ഇങ്ങനെ മൂന്നുപേരെ പരീക്ഷയിൽ നിർത്തിയിരിക്കുന്നു.

67-ലെ പൊതു സംഘം

67 കാലം ഈയാണ്ടത്തെ കപ്പിത്തുൾ[4] കൂടിയാറെ വിഗാരിമാരുടെ മൂന്നുകാലം തികഞ്ഞതിനാൽ ചിലരെ മാറ്റി മറ്റു ചിലരെ തന്നെ ഉറപ്പിച്ചു.

ഈ കന്നി 28നു നമ്മുടെ മാന്നാനത്തെ കൊവെന്തയിൽ എല്ലാറ്റിനും സന്യാസികൾക്ക ഒർമ്മ കൊടുത്തിരുന്ന ദീർഘദീനമായിരുന്ന

നെല്ലിശ്ശേരി തോമ്മാച്ചന്റെ മരണം

അഹാ തൊമ്മയെന്ന പട്ടക്കാരൻ ഈ ശരീരവിലങ്ങിൽ നിന്നും നിത്യസമാധാനത്തിന്നു പുറപ്പെട്ടു. എന്നാൽ ഇത് ഒട്ടും പകർച്ച കൂടാതെയിരിക്കയിൽ നിന്ന പകർന്നു മരിച്ചു. വിവരം മാന്നാനത്തെ കൊവെന്ത പുസ്തകത്തിൽ കാണും 55 വൃശ്ചികം മുതൽ 67 കന്നിവരെ ക്ഷമ കട്ടിലിന്മെൽ ക്ഷമ ഒക്കെയും പഠിച്ച ഒരാൾ എന്നതിനാൽ കണ്ണാടി തന്നെ എന്ന പറകയുംആം.

ഈ കന്നി 14 നു നമ്മുടെ ഒട്ടം കെട്ടിന്നായിട്ട നമ്മുടെ തറവാടായ

1. മാസം, തീയതി പൂർത്തിയാക്കുന്നതിനു സ്ഥലം വിട്ടിരിക്കുന്നു.
2. വയസ്സ് എഴുതുന്നതിനുള്ള സ്ഥലം വിട്ടിരിക്കുന്നു.
3. വയസ്സ് എഴുതുന്നതിനുള്ള സ്ഥലം വിട്ടിരിക്കുന്നു.
4. Capitulum - ലത്തീൻവാക്ക്, പൊതുസംഘം എന്നർത്ഥം.

കർമ്മെലയിൽ പലസ്തീനയിൽ നിന്ന ഉത്തീൻ പാഴയിൽ എഴുതി ക ർമ്മലമല കരേറ്റത്തിന്ന അരൂപിയാലെയും ശരീരത്താലെയും ഒട്ടം കെട്ടു വിളിച്ചിരിക്കുന്ന ഒര എഴുത്ത വന്നിരിക്കുന്നു. ഞങ്ങൾ കുറെ താമസിച്ച മറുപടിയും എഴുതി അയച്ചു.

വീണ്ടും നമ്മുടെ പെ. ബ. പിതാ. ജനരാൾ പ്രെദുമനി (P.96)ക്കൊ സ ദെസ ജ്ജസെ അച്ചന്ന ഞങ്ങൾ ഒന്ന എഴുതി പുതുസന്യാസിക ളും വെറെ എഴുതി ഇവിടെയും വിശീത്തയ്ക്കെ വരുമെന്നു ശരണം തന്നു.

ഇതിനാലെ വീണ്ടും അവരും പട്ടക്കാരുടെ പെർക്കായി പ്രി. ഞാനും സുറി. ഉത്തീൻ രണ്ടിലുമായിട്ട എഴുതി.

കർമ്മലീത്താ ജനറാളിന്റെ എഴുത്ത്

ഇത 68 മകരം 18-നു ഈ പെ. പിതാവിന്റെ വി എന്ന നഗരമായ ആ വുസ്ത്രീമയിലുള്ള വിശീത്തായിൽ വച്ച 67 ധനു 15-നു എഴുതിയ പു തുസന്യാസികൾക്ക ലത്തിനിലും പ്രി. ഇത്താല്യ ഭാഷയി ലും എഴുതിയിരിക്കുന്ന എഴുത്തും അതിനകത്ത പെ. ബ. കെറുബീനു മൂപ്പച്ചനും യൌസെപ്പ ഏലിയാ മൂപ്പച്ചനും ഇങ്ങനെയുള്ളതും അടക്കം ചെയ്ത കൊടുത്തയച്ചിരിക്കുന്നു. ഇതിൽ എവുറൊപ്പയിൽ ഇപ്പൊൾ യിരിക്കുന്ന കലാപം കാരണമായി നിങ്ങ ളൊടുകൂടി സന്തൊഷിപ്പാനായിട്ട ഇന്ത്യയ്ക്കു വരുന്നതിന്നു വശമില്ലാ ത്ത അവസ്ഥയിൽ ഇരിക്കുന്നു എന്നും ശു: പള്ളിയെക്കുറിച്ച അപെ ക്ഷിക്കണമെന്നും കാണിച്ചിരിക്കുന്നു.

അമ്പഴക്കാട്ടു കൊവെന്തക്കായി കണിച്ചായിയുടെ ദാനം

ഇതല്ലാതെയും അമ്പഴക്കട്ട കണിച്ചായി ഇട്ടുപ്പ ഒരു സ്ഥലവും അതിൽ ഒരു മങ്കളാവും ഒരു കുളവും കുളപ്പുരയം മുൻ കൊടശെരി എജമാനന്മാരുടെ കൊട്ടയായ സ്ഥലവും അതിനൊടുകൂടി അയാളുടെ പെരിൽ പതിച്ച ദെഹണ്ണിച്ച പുരയിടവും ഈ 300-ൽ ചില്ലുവാന (P.97) പ്പറ യിരിപ്പൂ നിലവും കൂടി ഒരു കൊവെന്തയ്ക്കായി ഒഴിഞ്ഞു തന്നു. എന്നാൽ ഈ സ്ഥലം കൊടശെരി വകയായി കടക്കാരൻ നമ്മുടെ പെ ർക്ക അട്ടിപ്പെർ ചെയ്യിപ്പാൻ നമ്മുടെ പിതാവ ദെലഗാത്തച്ചൻ കൊച്ചി ദിവാൻജിയെ കണ്ടപ്പൊൾ പറഞ്ഞിരുന്നതിനാൽ മെസ്ത്ര. ഗെന്ത്രകി ന്റെ ഉത്സാഹത്താൽ ഉത്തരവും തകശീൽദാർക്ക മറ്റെഴുത്തുമായി ആ. യൗ. ആഗുസ്തീനൊസച്ചനെ അയച്ചിരിക്കുന്നു.

ഇതല്ലാതെയും പെ. ബ. മെത്രാ. അങ്കമാലിക്ക പൊയപ്പൊൾ മ ഞ്ഞപ്ര ബന്ധിച്ച ഒരു സ്ഥലം കണ്ട നിച്ചയിച്ച അവിടെ ഒരു കൊവെന്ത

വെപ്പാനായിട്ട പ്രി. പെരിൽ പതിപ്പാൻ കല്പിച്ച പ്രകാരം വെറെ ആൾ അയച്ചിരിക്കുന്നു.

മെലെഴുതിയ അമ്പഴക്കാട്ട സ്ഥലം തന്ന കണിച്ചായി ഇട്ടൂപ്പ ഈ സ്ഥലം എഴുതിപ്പാനുള്ളതിന്ന വെല ചെയ്താറെ നടക്കുന്നതിന്ന താമസം വന്നതിനാലെയൊ മറ്റ മുഖാന്തരമൊ തലയ്ക്കു ഒരല്പം ഉഷ്ണക്കൊൾ തുടങ്ങി. ഇതിനൊടെ തിരുവനന്തപുരത്തിന്ന പൊയി ദിവാൻജിയെ കാണണമെന്നും വച്ചായിവിടെ വന്നാറെ പെ. ബ. മൂപ്പച്ചന്ന ഈ സുഖക്കെടൊടെ പൊകുന്നത മനസ്സില്ലെന്നു കണ്ടാറെ മൂപ്പച്ചനൊട നിരസിച്ച ഒന്നും പറയാതെ തിരുവനന്തപുരത്തിന്ന പൊയി.

68. കാലത്തെ വലിയ ആഴ്ചകൾ ഒക്കെയും തത്തമ്പള്ളിൽ പാർത്ത കഴിക്കയും ഉയിർപ്പുകഴിഞ്ഞ തിരുവനന്തപുരത്തിന്നു പൊയി തിരികെ വരികയിൽ അഞ്ചുതെങ്ങുംകൽ പള്ളി കണ്ടാറെ തെക്കുവച്ച ഒരു പക്ഷിയെ വെടിവെപ്പാനായിട്ട (P.98) നിറച്ചിരുന്ന തന്റെ തൊക്കിനെ

അഞ്ചുതെങ്ങിൽവെച്ചു കണിച്ചായി ഇട്ടൂപ്പിനു ഭവിച്ച അപകടം

തത്രപ്പെട്ട എടുക്കയിൽ വഞ്ചിയുടെമെൽ മുട്ടിയൊ എങ്ങനെയൊ വെടിപൊട്ടി തന്റെ പണ്ടത്തിൽ തന്നെ ആ വെടി കൊണ്ടെ ഉണ്ട അരിമ്പ ഒക്കെയും വയറ്റിനകത്തിരിക്കയും മുറിവ കഠിനമായതും അതിനൊടെ പള്ളിക്കടവിൽ അടുക്കയും ചെയ്തു. എന്നാൽ താൻ അറിയുന്നവരും തന്നെ അറിയുന്നവരും ആരും ഇല്ലായ്കയാലും വെടികൊണ്ടിരിക്കയാലും ആരും ഒരു വീട്ടിൽ കെറ്റുവാനും കൂദാശകൾ കൊടുപ്പാനും ഒന്നിനും സംഗതി വരാഞ്ഞെനെ. അതെന്ത്യെ? സർക്കാർ ന്യായത്തിനും പള്ളിമുറക്കും തക്ക എഴുത്തും സാക്ഷിയും ഒന്നും ഇല്ലാഞ്ഞതിനാൽ ന്യായത്താലെ ആരും കൈക്കൊൾകയില്ലല്ലൊ. ഇതാ നമ്മുടെ അമ്മയുടെ വിശെഷകൃപയും മനൊഗുണവും കാണ്മിൻ. വെടികൊണ്ട ½ നാഴിക ആകും മുൻപിൽ പള്ളിക്കടവിൽ അടുക്കുകയും അപ്പോൾ തന്നെയിവിടെ കൊവെന്തയിൽ പാർത്തിരുന്ന ജോർജ എന്ന ഒരു വാലിഭക്കാരൻ അതിന്നു കുറെദിവസം മുമ്പിൽ ഇവിടെ നിന്ന പെ. ബ. കൊല്ലം പ്രൊ. വിഗ. അപ്പസ്തൊലിക്കാ ആയ പ്രെ. മര്യ അപ്രെം മൂപ്പച്ചന്റെ പക്കൽ പൊയിരുന്നു. അവനും മൂപ്പച്ചനും ഒന്നിച്ച ആ പള്ളിക്കടവിൽ ചെരുകയും ചെയ്തു. ഇട്ടൂപ്പിനെ ജോർജ കണ്ടുടൻ അറിഞ്ഞ ഈ വിവരം പെ. ബ. വിഗാരി അപ്പസ്തൊലിക്കാച്ചനെ ബൊധിപ്പിച്ച ഉടനെ ആദെഹം കൈക്കൊണ്ട പള്ളിമുറിയിൽ കിടത്തി പൊലീസിനെ വരുത്തി വിവരമൊഴി കെൾപ്പിക്കയും ശികിത്സനൊക്ക ശരണമില്ലെന്നും കണ്ട വെണ്ടുന്ന കൂദാശകൾ ഒക്കെയും (P.99) അവിടത്തെ വി. പെ.

ബ. മിസ്യൊനാരി മൂപ്പച്ചൻ കൊടുക്കയും വെണ്ടുന്ന ആസ്തപ്പാടൊടെ തങ്ങളുടെ കുറ്റങ്ങളിന്മെൽ മുഴുവനായി തെറി നല്ലവണ്ണം മരിച്ച ആ പള്ളിയിൽതന്നെ തക്ക ബഹുമാനത്തൊടെ അടക്കം ചെയ്കയും ചെയ്തു. പെ. പെ. ബ. മെത്രാപ്പൊലീത്താച്ചനും ഞങ്ങൾ കൊവെന്തകളിൽ ഒക്കയിലും പറഞ്ഞൊപ്പു ചെയ്ത ഒരു സന്യാസിക്ക ചെയ്പാൻ മര്യാദയുള്ള ശെഷക്രിയകൾ ഒക്കയും ചെയ്തു. ഈ വർത്തമാനം കെട്ടപ്പൊൾ പെ. ബ. അച്ചനും ഞങ്ങൾക്ക എല്ലാവർക്കും തൊന്നിയതായ്ത: നമ്മുടെ അമ്മത്രെസ്യയ്ക്ക മഠത്തിന്ന സ്ഥലം കൊടുത്ത മാടമ്പിയുടെ മരണം പൊലെയിതും ഈ അമ്മയുടെ വിശെഷ കൃപയാലത്രെ യിതൊക്കെയും സംഗതിയായതഃ സ്വന്ത സ്ഥലത്തിൽ ആയിരുന്നാൽ ഈ ആസ്തപ്പാട്ടിന്നും മറ്റു ദിനത്താൽ എംകിൽ പൊറുതിയുടെ ശരണം കൊണ്ടും ഈ ഭാഗ്യമരണത്തിന്ന വിഷമം എന്നതിനാൽ ഈവണ്ണം പൊകുവാനും ഈ ദിവസങ്ങളിൽ ജൊർജ എന്നവൻ ഇവിടെനിന്നു പൊകുവാനും ആ സമയം തന്നെ പെ. ബ. വിഗാരി അപ്പസ്തൊലിക്കായും എത്തുവാനും ഒക്കെയ്ക്കും സംഗതിയായ്ക ഇതാ: ഇട്ടൂപ്പിന്റെ 41 ശെഷക്രിയ ദിവസത്തിന്റെ തലെദിവസം വഴക്ക ഒക്കയും തിർന്ന ആധാരം എഴുതിതരികയും ചെയ്തു.

ഇട്ടൂപ്പിന്റെ ഭാഗ്യമരണം

(P.100) ഇതാ 68 കർക്കടകം 16-നു നമ്മുടെ കന്യാസ്ത്രീമഠത്തിൽ ഒന്നാമത കൂടിയവര 4 പെരും പറഞ്ഞൊപ്പു ചെയ്തു.

✠ ഇതിന്റെ ശെഷം നമ്മുടെ എത്രയും വല്യ ക്ലെശത്തിന്റെ വർത്തമാനം എന്നാൽ ഇതു ഞാൻ എഴുതുന്ന ഇതിന്റെ ശെഷം എന്റെത നിങ്ങളും എഴുതുവാൻ സർവ്വെശ്വരൻ തിരുമനസ്സാകുമെന്ന ഞാൻ ശരണപ്പെടുന്നു. ഈ ചിങ്ങം 15-നു നമ്മുടെ അമ്മ ദൈവമാതാവിന്റെ തിരുനാളൊടുകൂടെ നമ്മുടെ എ. പെ. പെ. ബ. വിഗാരി അപ്പസ്തൊലിക്കാച്ചൻ നമ്മുടെ സഭയെ ഈ മലയാളത്തിൽ അടിസ്ഥാനം വെച്ചയാളും വിഗാരി പ്രൊവിൻസ്യാളും ആയ പ്രെ. ബർണ്ണർദീനൊസ മെത്രാപ്പൊലീത്തച്ചൻ ഒടുക്കൺമെ ഊഴമായി നമ്മുടെ ബർണ്ണദീനൊസിന്ന കുർബ്ബാനപട്ടവും കൊടുത്ത പിറ്റെ ഞായറാഴ്ച ചെറിയ പട്ടം നിശ്ചിയിച്ചിരുന്നാറെ ഒരു പനി തുടങ്ങി. തുടക്കം കുറെ ഭെദമായി എംകിലും വീണ്ടും പനിയും അതിസാരമായി തുടങ്ങി ആയത വർദ്ധിച്ച കന്നി 3-നു മുതൽ വിഷമം എന്നു കണ്ട നമ്മുടെ മൂപ്പച്ചനും ഞാനും അവിടെ താമസിക്കയും നമ്മുടെ അൾമെനി ആഹാ നിക്ലാവുസ ആഹാ

ബർണർദീനോസു മെത്രാപ്പോലീത്തായുടെ അന്ത്യരോഗവും മരണവും ശേഷക്രിയകളും

ആഗുസ്തീനൊസ ഇവര മുൻദീനത്തിൽ തുടക്കവും പിന്നെ ആ എദുവാർത്തും ഇവര ശുശ്രൂഷകൾക്കും ഇങ്ങനെ മഹാ ക്ഷമയൊടു കൂടെ ശു: കൂദാശകളും കൈക്കൊണ്ട പലപ്പഴും പട്ടക്കാരു മുതലായ സർവ്വജനത്തൊടും പൊറുതിയും കെട്ട 5-നു ശനിയാഴ്ച്ച 3 മണിക്കു ആത്മം കയ്യാളിക്കുന്ന അപെക്ഷകളും ചെയ്ത കന്യാസ്ത്രീകളൊടും അപെക്ഷിപ്പാൻ (P.101) പെ. ബ. പീലിപ്പച്ചൻ ആത്മം കയ്യാളിപ്പാൻ ആ യിശെഷം ഏവരും കൂടി നില്ക്കയിൽ നമ്മുടെ മൂപ്പച്ചൻ ചെരെനിന്ന നമ്മുടെ പെർക്ക വാഴുവ അപെക്ഷിച്ചപ്പൊൾ ഈശോമിശിഹായെ സ്നെഹിക്കയും അഗതിത്വം ചൊൽവിളി കാർക്കയും ചെയ്ത ദൈവം അവർക്കു വാഴുവും കൊടുക്കും അവരുടെ കൊവെന്തകൾ വർദ്ധിക്കയും ചെയ്യും. എന്നും കല്പിച്ച ഞങ്ങൾ അപെക്ഷിച്ചിരിക്കയിൽ 5 മണിയുടെ തുടക്കം നല്ല ബൊധത്തൊടും ക്ഷമയൊടും ഒടുക്കത്തെ ശ്വാസം വിടുകയും നമ്മുടെ മൂപ്പച്ചൻ തന്നെ കണ്ണുകളെ അടക്കയും ചെയ്തു. പിറ്റെ ദിവസം മൂപ്പച്ചന്റെ അന്വെഷത്താൽതന്നെ മഹാ ആചാര ഘൊഷത്തൊടു അടക്കിപ്പിന്ന വട്ടംകൂട്ടി കന്യാസ്ത്രീകൾ കൊടുത്ത അൾവാ തന്നെയും മറ്റ മെത്രാനടുത്ത ചമയങ്ങളും ഉടുപ്പിച്ച സാളയിൽ കിടത്തി വി. ജരാളായിട്ട എഴുതിവച്ചിരുന്നു. പെ.ബ. പ്രെ ലെഒനാർദ മൂപ്പച്ചൻ മറ്റ മിസ്യൊണാരിമാരും ഉത്തീൻ പട്ടക്കാരുംകൂടി ഒന്നാമത ഒപ്പീസും പിന്നെ ഞങ്ങളും ശെഷം സുറിയാനി പട്ടക്കാരുംകൂടി രണ്ടാമത ഒപ്പീസും കഴിച്ച ആദെഹം തന്നെ കുർബ്ബാനയും പാടി ഉച്ചകഴിഞ്ഞ 4 മണിക്ക 50 എടവകക്കാരും കൊംപ്രിയക്കാരും വരെകൂടി സാളയുടെ വാതിൽ പള്ളിവാതിൽ മുതൽ വടക്കെ സിമിത്തെരി കുരിശുവരെ കൊപ്രിയക്കാരും കുരിശുകളം നിരത്തി നില്ക്കയിൽ നടുവെ പട്ടക്കാര എടുത്ത സിമ്നാരിക്കാര കൊവെന്തക്കാര പട്ടക്കാരമാത്രം നടന്നുകൊണ്ടും നഗരികാട്ടി പള്ളിയിൽവച്ച (P.102) കല്പനപ്രകാരം ഞാൻ അല്പമായ പഠാർത്ഥയും പറഞ്ഞ: വി. ജനറാൾ അച്ചൻ തന്നെ അടക്കിപ്പും കഴിച്ചു. ഉടൻ എഴുതിവച്ചിരുന്ന പ്രകാരം കല്പന പരസ്യം ചെയ്ത ഏവരും ആദെഹത്തിന്റെ കൈയും മുത്തി പിരികയും ചെയ്തു.

ബർണർദീനോസ് മെത്രാപ്പോലീത്തായുടെ അന്ത്യആശീർവ്വാദം

രാവിന്റെ ശെഷം പകൽ പകൽ വർഷം കഴിയുമ്പൊൾ വെനൽ എന്നപൊലെ ഇതാ തെളിവിന്റെ വർത്തമാനം: ഈവണ്ണം നമുക്ക പിതാവായിതന്ന പ്രെലെഒനാർദ മൂപ്പച്ചൻ പിതാവിനടുത്ത ദയയൊടെ നമ്മെ

ലിയോനാർദിന്റെ നിയമനം

പാലിച്ചു തുടങ്ങി. എട്ടാം ദിവസം തന്നെ മുൻ മെത്രാപ്പൊലീ. ബൊധിപ്പിച്ചിരുന്ന പ്രകാരം അനംദ്രസുഖ മെത്രാനും വിഗാരി അപ്പസ്തൊലിക്കായും എന്ന ബൂളാകൾ രണ്ടും വരികയും ചെയ്തു. ഉടൻ തന്നെ ബ. പിലിപ്പച്ചനെ അറിയിച്ചതിനാൽ ഞങ്ങൾ ഒക്കയും തെളിഞ്ഞ സ്തൊത്രം ചെയ്തു. വീണ്ടും മൂപ്പച്ചൻ അപെക്ഷിക്ക. കാലിന്ന കുറെ ചടപ്പായിരുന്നു വെംകിലും എടുപ്പിച്ചു വരികയും ചെയ്തു. ഞങ്ങൾ പത്തു പെച്ചിൽ കവിതകൾ ഉണ്ടാക്കി. സന്തോഷത്താൽ ഞങ്ങളൊടുകൂടെ തെളിവു കാണിക്കയും അപ്പൊൾ കന്യാസ്ത്രീകളും അവരുടെ രഹസ്യപെട്ടിയിൽ കടലാസിൽ ചെറിയ ഒരു മുടിയും ഉണ്ടാക്കി, പൂച്ചെണ്ടയും കെട്ടി അപെക്ഷയും കൊടുത്ത യച്ചതിനാൽ 4 മണിക്ക മഠത്തിലും ചെന്ന അവരെയും കണ്ട സന്തൊഷിച്ച പൊകയും ചെയ്തു.

തുലാം 20-നു അമ്മയുടെ എട്ടിനിടയിൽ അമ്പഴക്കാട കൊവെന്ത കല്ലിടുവാൻ നിശ്ചയിച്ചു. ആയതിന്ന രണ്ടു വലിയ ബൊട്ടും നമ്മുടെ

അമ്പഴക്കാട്ടു കൊവേന്തയ്ക്കു കല്ലിടുന്നു

യും സിമ്നാരിയുടെയും രണ്ടു വലിയ വഞ്ചികളും (P.103) ചട്ടം കെട്ടി മെത്രാനച്ചനും പിലിപ്പച്ചനും മർസ്ലീനച്ചനും നമ്മുടെ അച്ചനും ഇങ്ങനെ മൂന്നു മൂപ്പച്ചന്മാരും ഞങ്ങൾ എല്ലാവരും കൂടി പൊയി കല്ലിടുകയും ചെയ്തു.

ഇതിനിടയിൽ ഈ വലിയ ചുമടിന്ന യൊഗ്യമില്ലെന്നും ബൊധിപ്പിച്ച ഒഴിയുമെന്നും ഉണ്ടായ സ്വരത്താൽ ഞങ്ങൾ വിഷാദിച്ചു എംകിലും കൊല്ലത്തും പെ. ബ. നമ്മുടെ പി. കാർളൂസ മെത്രാനച്ചന്നു പകരം പെ. ബ. മര്യ അപ്രേം എന്ന നമ്മുടെ അച്ചനും ബൂള വന്ന വിവരവും വൃശ്ചികം 8-നു വാഴ്ചയ്ക്കു നിശ്ചയിച്ചതും കെട്ടാറെ മൂപ്പച്ചന്മാരുടെ ആലൊചനയ്ക്ക സമ്മതിച്ച 15-നു ഇവിടെയും വാഴ്ച നിശ്ചയിച്ചും. എന്നാൽ മങ്കുളൂർ നമ്മുടെ മിഖെൽ മെത്രാനച്ചനും മൈസൂർ വിഗ. അപ്പസ്തൊലിക്ക പെ. ബ. ശർബൊനൊ മെത്രാ. തൃശ്ശിനാപ്പള്ളി വിഗാരി അപ്പസ്തൊലിക്കാ പെ. ബ. ദെപ്പൂമി മെത്രാ. ഇങ്ങനെ 4 പെരെയും പെ. ബ. അപ്രെം മെത്രാനച്ചൻ ക്ഷണിക്കയാൽ ഇവിടെയും അവരെ ക്ഷണിക്കയും, കൊല്ലത്ത മിഖെൽ മെ. യിവിടെ ശർബൊനൊ മെത്രാ. വാഴ്ചക്കയും അപെക്ഷിക്കയും യിവിടെ നിന്ന നമ്മുടെ മൂപ്പച്ചനും യൗസെപ്പെലിയാ മൂപ്പച്ചനും കൊല്ലത്തിന്നു പൊകയും ചെയ്തു. എന്നാൽ മൈസൂർനിന്നും കൊല്ലത്തു നിന്നുമുള്ള എഴുത്താൽ സർക്കാർ, പെഷ്ക്കാർ മുതലായി ബൊട്ടു മുതലായി അന്വെഷിക്കയും ചെയ്തു. നമ്മുടെ മൂപ്പച്ചൻ മുൻകൂട്ടി നമ്മുടെ വഞ്ചിയെൽ പൊയി

ചെന്നങ്കരി, ചമ്പക്കുളം പള്ളിക്കാരെ ചട്ടം കെട്ടി 3 വെപ്പു വള്ളം ആഘൊഷമായി കായിൽവരെ വന്ന എതിരെറ്റ ചെന്നൻകരിൽ ഇറങ്ങിക്കണ്ടെ (P.104) ചംപകുളത്ത ചെന്ന രാപാർക്കയും ചെയ്തു. വീണ്ടും ഇങ്ങൊട്ടു വരും വഴി അപ്രെം മെത്രാനച്ചനും അവിടെത്തെതിൽ രണ്ടു മൂപ്പച്ചന്മാരും കൂടകൂടി ഈ മെത്രാനച്ചന്മാരും മൂപ്പച്ചന്മരും ആയി പല ബൊട്ടുകളിൽ പുറപ്പെട്ട തൊട്ടപ്പള്ളി, കല്ലൂർക്കാട, കൊയിൽമുക്ക രണ്ടു പള്ളിക്കാരും വീണ്ടും പുളിങ്കുന്ന, ചെന്നൻകരിയിങ്ങനെ നാല പള്ളിക്കാര ചുണ്ടൻ വള്ളങ്ങളും ആലപ്പുഴ, തത്തമ്പള്ളി മൂകമൊയിവരു ബൊട്ടുകളും ഇങ്ങനെ ആഘൊഷത്തൊടെ വൈക്കത്തുപള്ളിയിൽ എത്തി രാപാർക്കയും വീണ്ടും വെച്ചൂർ പള്ളിപ്രം, വൈക്കം, പറവൂർ ഇങ്ങനെയുള്ളവരും കൈപ്പുഴെ എത്തിയപ്പൊൾ വരാപ്പുഴെവരെയുള്ളവര മഹാ അലങ്കാരമായി ബൊട്ടുകളിൽ കൊടിമരം നാട്ടി കൊടികളും മണിയും തൂക്കിയും കൊട്ടിയും എറണാകുളം, വെണ്ടുരുത്തി മുതലായ പള്ളിവാതിലുകളിലും കരകളിലും കൊടികളും തൂക്കി, രാജവരവ ഗവണർ വരവ ഇതൊക്കയും തൊല്പിപ്പാൻ തക്ക ആഘൊഷത്തൊടുകൂടെ ബുധനാഴ്ച പത്തു മണിക്ക വരാപ്പുഴെ എത്തുകയും ചെയ്തു. നമ്മുടെ മെത്രാനച്ചൻ ധ്യാനം കഴിപ്പാൻ ഇവിടെ വന്ന പാർത്തിരുന്നു എംകിലും അവരുടെ വരവിന്നും ബുദ്ധിമുട്ടിയ പള്ളിക്കാരർക്കും സന്തൊഷം കാണിപ്പാനായിട്ട കാലത്തെ വരാപ്പുഴയ്ക്കു പൊയി വീണ്ടം വെള്ളിയാഴ്ച, ഈ മെത്രാനച്ചന്മാരും നമ്മുടെ മൂപ്പച്ചനും മെത്രാനച്ചനും പല മൂപ്പച്ചന്മാരുമായി ആഘൊഷ എതിരേല്പും വരവും ഇവിടെയും കഴിച്ച വീണ്ടു 4 മണിക്ക മഠത്തിലും പൊയി തിരികയും ചെയ്തു. നമ്മുടെ മെത്രാനച്ചനും മൂപ്പ: കനൊസ മെത്രാ: ഇവിടെ പാർത്തു: 14-നു ശനിയാഴ്ച, 5 മണിക്ക വരാപ്പുഴെയ്ക്കു പൊകയും ചെയ്തു (P.105) ഇനി ഞായറാഴ്ച വാഴ്ചയുടെ വിവരവും ആഘൊഷവും എഴുതുവാൻ ഫണി.

മെത്രാന്മാരുടെ ആഘോഷമായ സ്വീകരണം

ആ! ഈശൊമിശിഹായുടെ മണവാട്ടിയായ ശുദ്ധ: പള്ളിയുടെ തിരുക്രമങ്ങൾ എത്രയും പുകഴ്ത്തപ്പെട്ടതും സ്തുതിക്കപ്പെട്ടതും.

ഈ മലയാളത്തിൽ സത്യദൈവമുണ്ടായിട്ട ഇത്രയും വലിയ ഒരു കാഴ്ചയുണ്ടായിട്ടില്ല. 1 മത: ദിവാന് ഉത്തരവിൻ പ്രകാരം പറവൂർ മണ്ടവത്തും വാതുക്കൽ തകശിൽദാരും രണ്ടഢാണാ നായ്ക്കനും അയാളുടെ ശിപായികളും കലഹം കൂടാതെ നിറവേറ്റുവാനായി യിവന്നു

ലിയോനാർദിന്റെ മെത്രാഭിഷേകം

ജനക്കൂട്ടത്തെ അകത്തിയത്രെ പുറപ്പാട. ഇത പള്ളിയിൽ പാടില്ലെന്നും കണ്ട, വടക്കവശത്തുള്ള മതിലകം ഒക്കയും പന്തൽയിട്ട ചമയിച്ചു. 50 കൊൽ നീളത്തിൽ ഒരു പള്ളിയും അതിന്നു മദബഹായും ഇതിനകം ഒരു പെറുദൈസാ എന്നല്ലാതെ പറവാനില്ല. അതിൽ നാലു നിര പളങ്കു വിളക്കുകൾ നമ്മുടെയിവിടെ മാന്നാനംവക പരവദാനികൾ ഒക്കയും മെത്രാനച്ചന്മാർക്കിരിപ്പാനുള്ള കദെരകൾ പൊൻചൂരൽ ഇട്ടതും ഇങ്ങനെ ഓരൊ വസ്തുക്കൾ 7½ മണിക്കു 5 മെത്രാനച്ചന്മാരും മുകളിൽ കപ്പെളയിൽ ഉടുത്ത അവരുടെ കാപ്പകളും മുടിയും വെച്ച് ഇരുവശവും നടുവിൽ വാഴിക്കുന്ന ദെഹം മുടിയും പൊൻവടിയും ആയി ആദെഹത്തിൽ മുൻ എൾക്കുന്ന മെത്രാനച്ചനും- അവരുടെ മുൻ മൂപ്പച്ചന്മാര പട്ടക്കാര-കൊവെന്തക്കാര സിമ്നാരിക്കാര ആയി പുറപ്പെട്ടു. ഈ കാഴ്ചയത്രെ മനൊഹരം! 40000 ജനങ്ങൾ എന്നും 60000 എന്നും തർക്കം. ഇങ്ങനെ ചെന്ന വാഴ്ചയും കഴിച്ചു. ഇങ്ങൊട്ടും അങ്ങനെ തന്നെ തിക്കലാൽ (P.106) ഒരു കൊച്ചു ചത്തെന്നും ചത്തില്ലെന്നും തർക്കം- ബ്ബൂള വായിപ്പാൻ എത്ര അടക്കി യാറെയും ഒരു ആകമാന അരമം എംകിലും എടമണിയുടെ സ്വരം കെട്ടാറെ ശു. കുർബ്ബാന അടക്കംവരെ ഒരു ശ്വാസത്തിൽ സ്വരവും കൂടാതെ അടങ്ങി. ഇതാ ദൈവശക്തി പ്രകാശിക്കുന്നു. ഇതിന്റെ ശെഷം മൂന്നു മണിക്ക ഈ ആഘൊഷത്തൊടെ നമ്മുടെ മെത്രാനച്ചൻ തലവനായി നിന്ന വെസ്പരയും ശുദ്ധ: കുർബാനയുടെ വാഴുവും കഴിച്ചു. വാഴിച്ച ശർബ്ബൊനൊ മെത്രാനച്ചൻ തമുൾപെച്ചിൽ പഠാർത്ഥ പറയും എന്നറിവിച്ചിരുന്നു. പക്ഷെ ക്ഷീണമായി പൊകയാൽ നമ്മുടെ മർസ്സീനു മൂപ്പച്ചൻ കുറെ പറഞ്ഞു. വന്ന മെത്രാനച്ചന്മാരും മറ്റു സമ്മതിച്ച സ്തുതിച്ചു.

ആ ! നമ്മുടെ പിതാവായിരുന്നു. നമ്മെ നട്ടു നനച്ചു വളർത്തിയ ഈ മലയാളം സത്യവെദനാട എന്നുള്ള പെര ഈ വന്ന മെത്രാനച്ചന്മാരുടെ നാവാൽ പറയിപ്പാൻ ഇടവരുത്തി എന്ന നമ്മുടെ മെത്രാപ്പൊലീത്താച്ചൻ തുടങ്ങിയതക്കെയും നിറവെറ്റുവാനായിട്ട ശുദ്ധ: യൗസെപ്പു പിതാവിന്റെ മാദ്ധ്യസ്ഥത്താൽ തെരിഞ്ഞെടുത്തുവെന്ന ആദെഹത്തിന്റെ കൈയാൽ തന്നെ എഴുതിവച്ചിരുന്നതിൻ വണ്ണം ഈ അനംദ്രസുഖം കർത്താവു നട്ടു കിളപ്പിച്ച ശു: സൊപ്പിന്ന പത്രൊസ ശ്ലീഹായെ താക്കൊൽക്കാരനും പിതാവും ആയി ഏൾപ്പിച്ച ലൊകം ഒക്കയും അറിയിപ്പാൻ കല്പിച്ചതിനാൽ ഈ തലവന്റെ കാലത്തിൽ എന്തെല്ലാം

നടന്നൊ എന്നതിൻ വണ്ണം നമുക്കും തന്നെച്ചുപൊയി. ഈ എടയനെ ക്കൊണ്ടും ദൈവം ഈ മലയാളത്തിന്നു എത്രയും അനെകം നന്മക ളും ഗുണങ്ങളും പുണ്യ (P.107) ചിറപ്പുകളും മഹിമകളും വരുത്തുമെ ന്നും എന്റെ ഹൃദയത്തിൽ ഇളക്കമില്ലാത്ത ഉറപ്പായി തൊന്നുന്നു. എ ന്നാൽ പ്രിയമുള്ള കൂടപ്പിറപ്പുകളെ സ്നെഹജാതന്മാരെ! കണ്ണില്ലാത്ത ചൊൽവിക്കാരു......[1] കാണ്മാനുള്ള നിങ്ങളുടെ ഭാഗ്യം.

എന്നാൽ നമ്മുടെ മെത്രാനച്ചൻ വാഴ്ച കഴിഞ്ഞ ഈ കൊവെന്ത യിൽ 1 മത വന്നപ്പൊൾ കഴിയുന്ന ചിറപ്പയിവിടെ ചെയ്തു കൈക്കൊ ണ്ടു മഠത്തിൽ ഏതാനും പൈതങ്ങൾക്കു മുമ്പിലത്തെ ഒപ്രുശ്മാ കൊടു പ്പാനുണ്ടായിരുന്നു. ആയതിനെ മൂപ്പച്ചൻ ബൊധിപ്പിച്ചപ്പൊൾ തക്ക

ലിയൊനാർദ്ദ് മെത്രാപ്പോലീത്താ കൂനമ്മാവിൽ

ആവശ്യം കൂടാതെ പള്ളിക്ക പുറത്ത ഈ കൂദാശ കൊടുക്ക യുക്തമല്ലായ്കയാൽ ഞാൻ 5 മണിക്ക പള്ളിയിൽ കുർബാന ചൊല്ലി കന്യാസ്ത്രികൾക്കും എദുക്കന്തർത്താ[2] പൈതങ്ങൾക്കും കുർബാനയും കൊടുത്ത കുർബാ നയും കഴിഞ്ഞ ഒപ്രുശ്മയും കൊടുക്കാമെന്നും കല്പിച്ച അപ്രകാരം അവരെ അറിയിച്ച 4¾ മണിക്ക അവര പള്ളിയകത്ത രണ്ടു പന്തിയായി മുട്ടുകുത്തി കുർബാനയും കണ്ട കൈക്കൊൾകയും ഉടൻ കുർബാന യുടെ ഒപ്രുശ്മായും കൊടുത്ത വീണ്ട 4 മണിക്ക മഠത്തിലും പൊയീ ചില ഗുണദൊഷങ്ങൾ പറകയും ചെയ്തു.

ഇതാ-69 കാലം മനൊഗുണത്തിൻ കാലമെന്ന പാർത്തിരിക്കുന്ന തിൻവണ്ണം അമ്പഴക്കാട്ടു കൊവെന്ത ഇട്ടൂപ്പ കാരണമായി ഉണ്ടാകുന്ന തിന്നിടയായതിൽവണ്ണം ഈ കൂനമ്മാവു കൊവെന്തയിലും പണവി ശെഷ ഗുണങ്ങൾ ഉണ്ടാകുവാൻ തക്കവണ്ണം ഒരു അറിയാപ്പു വന്നു. ഇതായത കൊച്ചിയിൽ നിന്ന ബൊംബയിൽ പൊയി പാർത്തുവന്ന ഒരു മുത്തിമാതാമ്മ (P.108) മക്കളും മറ്റ തക്ക അനംദ്രസുഖം ഇല്ലാതെ കുറെ അധികം വകയുള്ള ഒരു സ്ത്രീയിവിടെ നമ്മുടെ മൂപ്പച്ചന്റെ ഗുണ ങ്ങൾ കെട്ടതിനാൽ ഇവിടെ വന്ന പാർക്കണമെന്നും ഒരു പള്ളി നന്നാക്കി അതിൽ അടക്കണമെന്നും ആയതിന്ന 1000 രൂപായ്ക്ക ഒരു കൂട്ടർ ഒർണ്ണെമെന്തും വെദക്കുസ്ത മുതലായതും വരുത്തിയിരിക്കു ന്നു. ഇനി വിളക്കുകൾ എന്തെല്ലാം വെണവെന്നും ഇവിടെ ആവശ്യമു ള്ളതൊക്കയും അങ്ങൊട്ടറിയിക്കണമെന്നും വാങ്ങിച്ചു കൊണ്ടുവരു

1. ഇവിടെ സ്വല്പം സ്ഥലം വിട്ടിരിക്കുന്നു.
2. ഇറ്റാലിയൻ ശൈലി, ബോർഡിങ്ങ് എന്നർത്ഥം.

ബോംബെ മദാമ്മ യുടെ ദാനം

വെന്നും ഇങ്ങൊട്ടറിയിച്ചതിനാൽ രണ്ടു ഇരിമ്പു പ്രെസും മറ്റ ഏതാനും വസ്തുക്കളും ഇവിടെ പ്രത്യേകം ആവശ്യമെന്ന എഴുതികൊടുത്തയച്ചവണ്ണം ഈ കുംഭം 14-നു ഞായറാഴ്ച ഈ വക രണ്ടു പ്രെസും കുപ്പായങ്ങളും മറ്റും ളാബ കത്തി സാൾ പളുങ്കുകളുടെ പാത്രങ്ങളും ആയിട്ടുവന്നു.

ഇതാ: അതിനെക്കുറിച്ചും അതിശയമായ ദൈവമാതാവിന്റെ വിശെഷ പ്രത്യക്ഷം ഇതായത മാളയിൽ പാർത്തുവരുന്ന ഒരു ഗ്രഹ സ്ഥൻ ഗൊംഗണിയുടെ ഒരു മകൾ 9 വയസിൽ അവരുടെ മര്യാദ പൊലെ കെട്ടിച്ച കൊടുങ്ങല്ലൂർ കൊടുത്തു 11 വയസിൽ ഭർത്താവു മരിച്ചു. അന്നു മുതൽ വ്രതമായി പാർത്തു. എന്നാൽ ഈ കഴിഞ്ഞ 68, ഇടവം വണക്കമാസത്തിൽ മാളയിൽ ശുദ്ധ: അമ്മയുടെ പെർക്ക കല്പന പ്രകാരം വിശെഷ ആഘൊഷമായി വണക്കമാസം കൊണ്ടാടി വരികയാൽ ക്രിസ്ത്യാനികൾ പൂമാല വിലയ്ക്കു വാങ്ങിപ്പാനായി ഈ പെണ്ണിന്റെ വീട്ടിൽ ചെന്നപ്പൊൾ വില വാങ്ങിക്കാതെ ഒരു മാല കൊടു ത്തുംകൊണ്ട എന്റെ മാതാവെ, (P.109) വരുന്നയാണ്ടിൽ എന്റെ കൈകൊണ്ടു തന്നെ നിനക്കു പൂമാലയിടുവാൻ നീ ഇടവരുത്തണമെ! എന്നും അപെക്ഷിച്ചും കൊണ്ട ഈ മാല കൊടുക്കുകയും ചെയ്തു. അന്നു മുതൽ ഈ അപെക്ഷ അധികമായി എപ്പഴും ഉള്ളിൽ വരി

മാളയിലെ കൊങ്ങിണി സ്ത്രീയുടെ മാനസാന്തരം

കയും എന്നാൽ ഇവളുടെ അയൽപക്കമായി ഒരു ക്രിസ്ത്യാനി വീടുണ്ടായിരിക്കയും അവിടെ തരമാ യിരുന്ന പെൺപിള്ളെളരൊട വെദത്തിന്റെ വർത്തമാ നവും മറ്റും ചൊദിച്ചറിഞ്ഞ കർത്താവിന്റെ മെലും ദൈവമാതാവിന്റെ മെലും അധികം പക്ഷമായി കുരിശു വരയ്ക്കുന്നതിനെ കണ്ടുപടി ക്കയും നമസ്കാരം ചൊല്ലികൊടുപ്പാൻ പറഞ്ഞാൽ യിവളുടെ അപ്പനെ ഭയപ്പെട്ട അവര ചൊല്ലിക്കൊടുക്കയില്ല. ഇങ്ങനെയിരിക്കയിൽ അമ്പഴ ക്കാട്ടു കൊവെന്തയ്ക്ക കല്ലിടുവാൻ മെത്രാൻ അച്ചനും മറ്റും വരുവാ നിരിക്കുന്നു എന്നുള്ള വർത്തമാനം ഈ പെൺപിള്ളെരു പറഞ്ഞു കെട്ടതിനാൽ അപ്പൊൾ വാച്ചപ്രകാരവും ഈ വിവരം അറിവിച്ചാൽ സത്യവെദത്തിൽ കൂടുവാൻ ഇടവരുമെന്നും ആഗ്രഹിച്ച സന്തൊഷി ച്ചു. എന്നാൽ യിവളുടെ അച്ചന്ന ഈ ഒരു പെണ്ണുമാത്രം മകളായിട്ടും, തള്ള മരിക്കയും ഇതിനാൽ അധികം വാത്സല്യമാകയാൽ പർഷ മര്യാ ദപ്രകാരം കെട്ടിയ ദിവസം ഭർത്താവു മരിച്ചാലും ആ വീട്ടിൽ അത്രെ സംബന്ധം. അപ്പന്റെ വീട്ടിൽ യാതൊരു സംബന്ധവുമില്ല. എംകിലും

ഈ ഏക മകൾ എന്ന വാത്സല്യത്താൽ കെട്ടിയവന്റെ വീട്ടിൽ താമസി പ്പിക്കാതെ അപ്പന്റെ വീട്ടിൽ തന്നെ പാർപ്പിച്ച അയാൾ വേറെ കെട്ടി യെങ്കിലും കെട്ടിയവളുടെ കൈയിൽ താക്കൊൽ ഏല്പിക്കാതെ (P.110) ഈ മകളുടെ പക്കൽ താക്കൊൽ കൊടുത്ത സമസ്തവും ഇവളെ ക്കൊണ്ട നടത്തിക്കയും ചെയ്യും. എന്നാൽ ഇവരുടെ തണ്യമര്യാദ പൈതൽ പ്രായത്തിൽ ഭർത്താവു മരിച്ചാൽ തലമുടി കളഞ്ഞ സന്യാ സിക്ക അല്ലെംകിൽ കൊച്ചി തെരുവിൽ പൊയി പാർക്ക ഇപ്രകാരം യിവളുടെ അപ്പൻ രണ്ടാംകെട്ടിയെന്ന പെണ്ണിന്റെ തള്ള വിധവയായ തിനാൽ കൊച്ചിയിൽ പൊയി പാർത്തുവരുന്നു എന്ന ദുഷ്ടസ്ത്രീ മകളെ കണ്ടാൽ ഈ വീട്ടിൽ വരികയും പല പ്രകാരമായി യിവളെ യുംകൊണ്ടു പൊകുവാനായി ലൊകസുഖങ്ങളെ കെൾപ്പിച്ചാറെയും ദൈവമാതാവിൻമെലുള്ള സ്നേഹവും കന്യാവ്രതം എന്നതിന്മെലുള്ള പക്ഷവും ഹൃദയത്തിൽ പതിഞ്ഞതിനാൽ ഇതിന്നു ചെവികൊടു ക്കാതെ സത്യവെദം കൈക്കൊള്ളണം എന്ന തന്റെ ഹൃദയം എന്നാൽ ഇതിന്നതൊട്ടു തിന്നുകളഞ്ഞാൽ അപ്പൻ തള്ളും എന്നും മറ്റും പലരും പറഞ്ഞു. എന്നാറെയും ആയതും ശരിയല്ലായെന്നുള്ള വിവെകത്തൊടും പാർത്തുവന്നു. എന്നാൽ ഇതിന്റെ മനസ്സ അപ്പനും സംശയിപ്പാൻ ഇട വന്നതിനാൽ മെത്രാനച്ചൻ കല്ലിടുവാൻ ചെല്ലുന്നതിന്ന മൂന്നുദിവസം മുൻമ്പിൽ കൊടുങ്ങല്ലൂർ കെട്ടിയവന്റെ വീട്ടിൽ ആക്കിക്കളഞ്ഞു ആയ തൊക്കെയും കഴിഞ്ഞാറെ വീണ്ടും അപ്പന്റെ വീട്ടിൽ കൊണ്ടുവന്നു.

കൊങ്ങിണി സ്ത്രീക്കു ണ്ടായ അത്ഭുതദർശനം

നമ്മുടെ 40 മണിയുടെ കടശി ശനിയാഴ്ച രാത്രി യിൽ ഇവൾ ഒറങ്ങിക്കിടക്കയിൽ ദൈവമാതാവ കൈയിൽ ഒരു കുഞ്ഞിനെയും ഒരു മാലയി വൾകൊടുത്ത പൂമാല എന്നുതൊന്നി ആയതും പിടിച്ചുംകൊണ്ട വലത്തു കൈ നീട്ടിയി (P.111) വളുടെ വലത്തുകൈയിൽ പിടിച്ച മകളെ പൊരികാ താമസിക്കേണ്ടാ എന്ന പറഞ്ഞ ഉടൻ കണ്ണു തുറന്നപ്പൊൾ കണ്ടില്ലാ എല്ലാം പൊന്നുപൊലെയിരുന്നു. പ്രകാശം എന്നു ഉടൻ എഴു ന്നെറ്റു മുട്ടുകുത്തി കുരിശുവരച്ചു അപ്രകാരം വെളുപ്പിച്ചു. എന്നാൽ ഇന്നുതന്നെ പൊകണം പള്ളിയിൽ എന്നു നിശ്ചയിച്ചു. എന്നാൽ തന്നെ പുറത്ത നടന്നിട്ടില്ലായ്കയാലും പള്ളി എവിടെയെന്ന അറിവില്ലായ്ക യാൽ മറ്റു കാര്യത്തിനായി എന്നപൊലെ ഒരു സ്ത്രീയെയും കൂട്ടിപ്പു റപ്പെട്ടാറെ അവൾ ഭയപ്പെട്ടു. എംകിലും ദൂരെ നിന്ന പള്ളി കണ്ടു അപ്പൊൾ അവളുടെ മനസ്സിനെ അറിവാനായി നമുക്ക മാർഗ്ഗം കൂടി

യെങ്കിലൊ എന്നു പറഞ്ഞപ്പൊൾ നീ എന്നെ പരീക്ഷിക്കുന്നൊ എന്നും അവൾ ഉത്തരിച്ചതിന്ന എന്നാൽ നമുക്ക ഒരു വഴിപാടു കൊടുക്കാം എന്നിവൾ പറകയും പണമില്ലാഞ്ഞതിന്നിവൾതന്നെ അവൾക്കു കൊടുത്ത മാതാവിന്ന രണ്ടു മെഴുകുതിരി കത്തിപ്പാൻ പറഞ്ഞുംവച്ച വീണ്ടും വീട്ടിൽപൊയി അന്നു രാത്രി യിതിനാൽ അധികം വിഷാദി ച്ചു. ആ സ്ത്രീ ഇതു പറഞ്ഞാൽ അപ്പൻ വീണ്ടും കൊടുങ്ങല്ലൂർ തന്നെ ആക്കും എന്ന ഓർത്ത വീണ്ടും മാതാവിനൊട പ്രാർത്ഥിച്ച വെളുത്ത ഉടൻ അപ്പന്നു വെഗത്തിൽ ഊണിന്ന ചട്ടംകെട്ടികൊടുത്ത പീടിക യിൽ പൊയ ഉടൻതന്നെ തലെദിവസം കണ്ടവഴിയെതന്നെ നടന്ന പള്ളികണ്ടപ്പൊൾ ഓടി എവിടെപൊകുന്നു എന്ന ഒരാൾ ചൊദിച്ച തിന്ന എന്റെ മനസ എന്റെ മനസിന്ന ആര മറുതലിക്കുന്നു എന്നും ഒറക്കെ പറഞ്ഞ പട്ടക്കാരന്റെ പക്കൽ കെറി രണ്ടു കൈയും കൂട്ടി ആചാരം ചെയ്തുകൊണ്ട സത്യവെദം (P.112) ആഗ്രഹിച്ച വന്നയാൾ ആകുന്നു എന്നു പറഞ്ഞാറെ ഇത പള്ളിയല്ല. പള്ളിയകത്ത കടക്കു എന്നു പറഞ്ഞ ഉടൻ പള്ളിയിൽ കരെറി സാഷ്ടാംഗം കുമ്പിട്ട എന്റെ അപെക്ഷ നിറവെ റ്റിതന്നതിനാൽ സ്തുതി ആകട്ടെ എന്നു പറഞ്ഞ ഉടൻ കപ്പ്യാര കുറെ വെള്ളവും കഞ്ഞിയും വരുത്തി കുടിച്ചുകൊണ്ട അതിൽ കിടന്ന രണ്ടു ചൊറ എടുത്തുവച്ചുടൻ അപ്പൻ ആങ്ങളമാരും കെട്ട ഓടിവന്ന കരഞ്ഞും കരുപ്പിച്ചും പലപ്രകാരം പറഞ്ഞാറെ ഒടുക്കം ഇതാ ഞാൻ കഞ്ഞികുടിച്ചു എന്നു പറഞ്ഞ ആ പറ്റ എടുത്ത കാണി ച്ചപ്പൊൾ പട്ടക്കാരന്റെയും മാപ്പിളമാരുടെയും പെരിൽ പൊലീസചെയ്യും എന്നും പറഞ്ഞ പൊയി.

കൊങ്ങിണിയുടെ വീട്ടുകാരുടെ എതൃപ്പ്

ഉടൻ ഈ വിവരം ഇവിടെ അറിവിക്കയാൽ ഇവിടെ നിന്നും വിഗാരി അച്ചൻ പൊയി മാപ്പിളമാരെ ധൈര്യപ്പെടുത്തി അവരെ മഹാസന്തൊ ഷമായിട്ട പലരുംകൂടി പള്ളിയിൽ നിന്നും അങ്ങാടി വഴിയെ കൊണ്ടു വന്നു വള്ളത്തിൽ കെറിയപ്പൊൾ കൂടിയവരൊട എല്ലാവരൊടും ഇനി ക്കുവെണ്ടി അപെക്ഷിക്കണമെന്നും പറഞ്ഞു ഇവിടെ കൊണ്ടുവന്ന മഠത്തിൽ പഠിപ്പാൻ ആക്കിയിരിക്കുന്നു.

1869 മീനം 20-നു ഉയിർപ്പു കഴിഞ്ഞ 31-നു മൂപ്പനും ഞങ്ങൾ എല്ലാ വരും കിടാങ്ങൾ ഉൾപ്പെട്ട അമ്പഴക്കാട്ടിന്ന പൊയി അപ്പൊൾ ന. ആ. ബ. മത്തായി മറിയം അച്ചൻ ചെറുതായി ഒരു മങ്കളാവും കപ്പെളയും തീർപ്പിച്ചിരുന്നു. ആയത വെടിപ്പാക്കി ഞായറാഴ്ച മൂപ്പച്ചൻ അതിൽ

ചൊല്ലി അന്നുമുതൽ അവിടെ കുർബ്ബാന തുടങ്ങി. മെടം 4-നു (P.113)) ശനിയാഴ്ചയാണു നമ്മുടെ മൂപ്പച്ചന്റെ അനുജൻ ബ. ജരാർദ മൂപ്പച്ചൻ കൊച്ചിയിൽ വരുമെന്നും ബൊംബയിൽ വരുമെന്നും ആദെഹത്തിന്റെ എഴുത്തുവന്നതിനാൽ മൂപ്പച്ചനും ആ ഗീവറുഗീസ യൊഹന്നാൻ അച്ച നുംകൂടി കൊച്ചിയിൽപൊയി എന്നാറെ അന്നു വരായ്കയാൽ ബ. മൂപ്പച്ചൻ വീണ്ടും അമ്പഴക്കാട്ടിനു വരികയും ചെയ്തു. എന്നാൽ പുതു സന്യാസികളും കൊച്ചുങ്ങളും രണ്ടു കൂട്ടമാകയാലും പുതുസന്യാസി കൾ മുൻവന്നതിനാലും അവരെ ഈ ശനിയാഴ്ച ഏതാനും പെരെയും അവരെ വി. ആ. യൌസെപ്പ ആഗുസ്തീനൊസച്ചനെയുംകൂടെ കൂന മ്മാവുങ്കൽ അയച്ചിരുന്നു. എന്നാൽ അവര അവിടെ ചെന്ന തിംക ളാഴ്ച വൈകിട്ട ധ്യാനസമയം വര. ബിക്കിരി എന്ന ബുർക്കർദ ശമ്മാ ശാ, ഏതൊ അല്പം ഉതപ്പു കാണിച്ചതിനാൽ സ്ക്കപ്പുളാര നീക്കി മൂപ്പച്ചൻ വരുംവരെ കൂട്ടത്തിൽ വരണ്ടായെന്നും ആഹാ യൗസെപ്പ ആഗുസ്തീനൊസച്ചൻ പ്രമാണി ക്കയാൽ എന്തൊ ദുർബുദ്ധിയും നികളവും പിടിച്ച രാവിൽ ഉല്ലാസസ്ഥലത്തിൽ ളൊവ മുതലായ്ത അഴിച്ചുവച്ച തലയിൽ ലെസും കെട്ടി ഒരു പുതപ്പു കൊണ്ട പുതച്ച ഓടിപൊയി ആലങ്ങാട്ട പഴെ കുരിശുപള്ളി പൊളി ഞ്ഞുകിടക്കുന്ന കുന്നിൽ ഒളിച്ചിരിക്കയും പിറ്റെ ദിവസം കാണായ്ക യാൽ നാലിടത്തും ആൾവിടുകയും ഈ വിവരം മൂപ്പച്ചനും എഴുതിവ ന്നതിനാൽ അപ്പൊൾതന്നെ മൂപ്പച്ചൻ കൂനമ്മാവുങ്കൽ പൊരികയും ചെയ്തു. ശെഷിച്ചവരെ 10-നു ശനിയാഴ്ച വന്നപ്പൊൾ ഈ ആലങ്ങാട്ട ഇരിമ്പൻ തരിയതിന്റെ വീട്ടിൽ ചെന്നു എന്നും അയാളുടെ എളയപ്പൻ കത്തനാരച്ചൻ ളൊവയും ഉടപ്പിച്ച മൂപ്പച്ചൻെറ പക്കൽ കൊണ്ടുവന്ന (P.114) കാണിച്ച വീട്ടിൽ കൊണ്ടു പൊയി എന്നും കെട്ടു വീണ്ട ആദെഹത്തിന്റെയും അയാളുടെ അപെക്ഷയാൽ മെത്രാനച്ചൻ മാന്നാനത്തെ സിമ്നാരിയിൽ ആക്കുകയും ചെയ്തു.

ബൊർക്കാർദിനെ സഭയിൽനിന്നു നീക്കി സെമിനാരിയിലാക്കുന്നു.

12-നു തിംകളാഴ്ച പാർത്തിരുന്ന പെ. ബ. ജരാർദ മൂപ്പച്ചൻ ബൊം ബയിൽനിന്ന കൊച്ചിയിൽ വരും എന്ന എഴുത്തു വന്നതിനാൽ ജെഷ്ട നായ നമ്മുടെ മൂപ്പച്ചൻ നമ്മടെ വല്യവള്ളത്തിൽ കൊച്ചിയിൽ കപ്പലിൽചെന്ന സന്തൊഷത്തൊടെ എറക്കി വരാപ്പുഴയ്ക്ക കൊണ്ടുപൊയി പെ. ബ. മെത്രാനച്ചനെയും കണ്ട ഒരു ദിവസം അവിടെ താമസിച്ചു പിറ്റെ ദിവസം കാലത്തെ ഏതാനും കൊപ്പുകളും കൊണ്ട കൂനമ്മാവു കൊവെന്ത

ജരാർദ് മൂപ്പച്ചൻ കൂനമ്മാവിൽ.

യിൽ കുർബ്ബാനയുടെ ശെഷം വന്നു. മുൻപെ പ്രിയൊരച്ചനെ കണ്ടു ടൻ മഹാസന്തൊഷമായി ഉടൻ 31 ശുദ്ധ. ശു: ശു: കുരിശും ഉള്ള വല്യ ഒരു റെലിക്കാ[1] പ്രിയൊരച്ചനു കൊടുത്തു. ഉടൻ പുതുസന്യാസികൾ മുതലായി എല്ലാവരും കവിതകളും കൊണ്ടുവന്ന കെൾപിച്ച; ആ ബുർക്കർദ പൊയ ദുഃഖം മറപ്പാൻ തക്ക തെളിവ ഉണ്ടാകയും ചെ യ്തു എന്നാൽ പൊത്തഗ്രാപിയ രൂപങ്ങൾ എടുപ്പാനുള്ള സൂത്രവും എടുത്ത രൂപങ്ങളും മറ്റും പല പല ഭക്തിക്കടുത്ത കൂട്ടങ്ങളും റെലി ക്കാകളും കാശുരൂപങ്ങളും വെന്തീങ്ങകളും ഇതുവരെ വന്ന മിസ്യ നൊരിമാര എല്ലാവരു കൂടെ കൊണ്ടുവന്നതിനൊക്കെക്കായിലും അ ധികം ഭക്തിക്കുമൂത്ത കൂട്ടങ്ങളും അപ്രകാരം പുസ്തകങ്ങളും ഇതല്ലാ തെയും മൂപ്പച്ചന്റെ അപ്പൻ മൂപ്പച്ചനെ കാണ്മാനുള്ള ആഗ്രഹവും ആദെ ഹത്തിന്നായിട്ട അയാൾ പെരുമാറിവന്ന 20 വർഷം നന്നാക്കണ്ടാ (P.115) എന്നുള്ള ഉറപ്പുള്ള നാഴികമണിയും പലതരം നല്ല വീഞ്ഞും പലതരമായ ചുക്ലാത്തും ഇതുകൂടാതെയും ഇവിടെയുള്ള പുതു സന്യാസികൾ പൈതങ്ങൾ എല്ലാവർക്കുമായി ഒരു പെട്ടിനിറച്ച മധുരങ്ങളും അപ്രകാരം കന്യാസ്ത്രീകൾക്കു പല പണിചെയ്പാനുള്ള പലതരം മുത്തുകളും ആ മഠത്തിലുള്ള കന്യാസ്ത്രീകൾ ഇവിടെയുള്ള കന്യാസ്ത്രീകൾക്ക എഴുതിയിരിക്കുന്ന എഴുത്തുകളും ഇങ്ങനെ ഏറിയതൊക്കയും കൊണ്ടുവരികയും ചെയ്തു.

മദാമ്മയ്ക്കു ബംഗ്ലാവു തീർക്കുന്നു.

6-നു മിഥുനത്തിൽ, മൂപ്പച്ചൻ മദാമ്മയ്ക്കു മഠത്തിൽ സമീപെ വീടും തീർപ്പിച്ച ആയതിൽ ആക്കി, അപ്പൊൾ മുൻ എ ഴുതിയ പെണ്ണിനെ മാമൊദീസായിൽ തലതൊ ടുകയും ത്രെസ്യാ ഏലിശ്വാ എന്ന മദാമ്മയുടെ പെരുമിട്ട മഠത്തിൽതന്നെ പഠിപ്പാൻ പാർപ്പിച്ചിരുന്നു. എന്നാൽ തല തൊട്ടമ്മയെ പലപ്പൊഴും കണ്ടും കെട്ടും മഠത്തിലെ ജീവിതം കുറെ മ ടുപ്പായി വിവാഹം അപെക്ഷിക്കയാൽ ഉടൻ മൂപ്പച്ചൻ മര്യാദ പ്രകാരം ബഹു. മാനമായി പെൺകെട്ടു കഴിപ്പിച്ചു.

ഇത ശുദ്ധ. മാർപ്പാപ്പയുടെ തിരുവെഴുത്തിൽ പ്രകാരം ആകമാന സൂനഹദോസിന്ന നമ്മുടെ മെത്രാനച്ചനും നമ്മുടെ ദെലഗാത്തച്ചനും കൂടെ പൊകുവാൻ നിശ്ചയിക്കയും ചെയ്തു. ഇതിന്ന ശുദ്ധ: മാർപ്പാപ്പ യ്ക്കു കാഴ്ചപണം പള്ളികളിൽ നിന്നും പിരിപ്പാൻ കല്പന അയച്ചു അപ്പൊൾ പട്ടക്കാരും കൂടി. എന്നാൽ ഞങ്ങൾ ഒരു ദിവസം മഞ്ഞു

1. ഇറ്റാലിയൻ വാക്ക്; തിരുശേഷിപ്പ് എന്നർത്ഥം.

മെൽ വലിയ ഉല്ലാസത്തിന്നു പൊയാറെ അവിടെ വച്ച ളത്തിൽ പട്ട ക്കാര ശുദ്ധ: മാർപ്പാപ്പയ്ക്കു അപെക്ഷയും എഴുതി അതിൽ അവരു

മെത്രാപ്പോലീത്താ വത്തിക്കാൻ സുനഹദോസിനും, ലയോപ്പോൾദു മിഷനറി ഇറ്റലി ക്കും പോകുന്നു.

ടെ കാഴ്ച (P.116) പ്പണത്തിന്റെ തുകയും വച്ചിരിക്ക യാൽ സുറിയാനി പട്ടക്കാരും അപ്രകാരം ചെയ്താൽ കൊള്ളാമെന്നും കല്പിക്കയാൽ ഈ സംഗതിക്ക ഉത്സാഹിച്ച നമ്മുടെ അഞ്ചു കൊവെന്തക്കാരും വ ഴിയായി എല്ലാപള്ളികളിലുമുള്ള പട്ടക്കാരർക്കായി പ്രിയൊര: എഴുതി ശുദ്ധ മാർപ്പാപ്പയ്ക്കും പ്രപ്പുഗാം ദയിൽ കർദ്ദിയാളിന്നും രണ്ട എഴുത്തും സുറിയാനിയിലും ളത്തിനി ലും ഉണ്ടാക്കി അയച്ചു ഇതിനൊടുകൂടെ നമ്മുടെ പട്ടക്കാരുടെ തന്നെ (3000) മൂവായിരം രൂപായിൽ അധികം പിരിയുകയും ഈ സ്വരത്താൽ പള്ളിക്കാരും നൽമനസു വെച്ചയിതിന്നു മുൻ ഉണ്ടാകാത്തവണ്ണം ഒരു കാഴ്ച വിഗാരിയാത്ത അപ്പസ്തൊലിക്കിൽ നിന്ന (32007) മുപ്പത്തീരാ യിരത്തിൽ ചില്ലുവാനം രൂപാ പിരിയുകയും ചെയ്തു. എന്നാൽ മെ ത്രാനച്ചനും മൂപ്പച്ചനും ഒന്നിച്ച ഇവിടെനിന്നും പൊകുന്നതിനാൽ എ ല്ലാവർക്കും പട്ടാംഗയ്ക്കടുത്ത ദുഃഖമാകയും ചെയ്തു എംകിലും ഈ ആകമാന സൂനഹദൊസുകൊണ്ട ഉണ്ടാകുവാൻ പാർത്തിരിക്കുന്ന ഗു ണവും വെഗത്തിൽ പിന്തിരിഞ്ഞു വരുമെന്നുള്ള ശരണവും കൊണ്ട പൊകുന്നതിനും എല്ലാവർക്കും മനസുതന്നെ ആയതിനാൽ യാത്രയ ടുത്തപ്പൊൾ ഞങ്ങളുടെ അപെക്ഷപ്രകാരം കന്നി 7-നു ഇവിടെവന്ന താമസിച്ചു 5½ മണിക്കു പള്ളിയിൽ 8-ാംനു കുർബാനയും ചൊല്ലി പുതുസന്യാസികൾക്കും ആസ്ഥമായിരുന്ന പുരുഷന്മാർ, സ്ത്രീ ജനങ്ങൾ എല്ലാവർക്കും കുർബാനയും കൊടുത്ത മൂന്നു മണിക്ക മൂപ്പച്ചനും പ്രിയൊരച്ചനും = 6 = 5 പട്ടക്കാരും മെത്രാനച്ചൻ കാപ്പയും,

മാർപാപ്പയ്ക്കുള്ള എഴുത്തുകൾ

വടിയും മുടിയുംവച്ച പള്ളിയിൽ ചെന്ന ശു. കുർബാനയുടെ (P.117) വാഴുവും കൊടുത്തു. എ ന്നാൽ ഞങ്ങൾ കവിതകളും മറ്റും കാലത്തെ കൊടുത്തിരുന്നതിനെയും സന്തൊഷത്തൊടെ കൈക്കൊണ്ടു 4 മണി ക്ക മഠത്തിലും പൊയി അവരെയും കൈമുത്തിച്ച, വിണ്ടും 6 മണിയു ടെ ധ്യാനം കഴിഞ്ഞ ഞങ്ങൾ എല്ലാവരും മുറിയിൽ ചെന്നപ്പൊൾ നി ങ്ങൾക്കുള്ള അപേക്ഷകൾ ഒക്കെയും പറഞ്ഞു കൊള്ളണം നമ്മാൾ വശമുള്ള പ്രകാരമൊക്കെയും തിരുമനസ്സറിയിച്ച സാധിക്കാമെന്നും കല്പിക്കയാൽ ശു: മാർപ്പാപ്പായ്ക്കും പല അനുവാദങ്ങൾക്കായി പ്ര പ്പുഗാംദയ്ക്കും എഴുതി പട്ടക്കാര എല്ലാവരെക്കൊണ്ടും ഒപ്പിടുവിച്ച

എഴുത്തുകൾ രണ്ടും കാണിച്ചു ആയതിൽ പൊരാത്തത ഒക്കയും തീർത്ത എടുത്തു എന്നാൽ പ്രപ്പുഗാംദയ്ക്കുള്ളത മാറി എഴുതുവാൻ കല്പിച്ച ആയതും നമസ്കാരങ്ങളിൽ കൂട്ടുവാൻ പൊരുൾ തിരിച്ചതും കൂടി വരാപ്പുഴ കൊണ്ടു വരുവാൻ പ്രിയൊരച്ചനൊട കല്പിച്ചു. എന്നാൽ പട്ടക്കാരുടെ പെർക്കായി സുറിയാനിയിൽ മെത്രാനച്ചന്ന എഴുതിയ എഴുത്തിൽ ഈ അനുവാദങ്ങളൊക്കെയും വാങ്ങിച്ചു തരണമെന്നും ഒരു ശു: പുണ്യപ്പെട്ട ദെഹം മുഴുവനും അപേക്ഷിച്ചു കൊണ്ടുവരണമെന്നും സുറിയാനി പെച്ചനല്ലവണ്ണം തിരിയുന്നതും ശുദ്ധ: സിംഹസനത്തിൽ വിശ്വാസമുള്ളതും ആയി ഒരാൾ പ്രത്യെകം യിവടെ ആവശ്യമെന്നുംകൂടെ അപേക്ഷിച്ചിട്ടുണ്ട് ആ എഴുത്തും എടുത്തുകൊണ്ട പൊയിട്ടുണ്ട.

9-നു കാലത്തെ കുർബാനയും ചൊല്ലി കാപ്പിയും കുടിച്ച പുറപ്പെട്ടു. എന്നാൽ നമ്മുടെ മൂപ്പച്ചൻ 10-നു കാലത്തെ വരാപ്പുഴെ ചെല്ലുവാൻ നിശ്ചയിച്ചതിനാൽ മഠത്തുകാരുടെ (P.118) അപെക്ഷപ്രകാരം

മെത്രാപ്പോലീത്തായ്ക്കു യാത്രയയപ്പ്

അവിടെ കുർബാന ചൊല്ലുവാൻ പൊയതിനാൽ ഞങ്ങൾ എല്ലാവരുംകൂടെ പുറപ്പെട്ടു. എന്നാൽ പുറപ്പെട്ടപ്പൊൾ മണികൾ എല്ലാം കൊട്ടി പുതുസന്യാസികൾ എല്ലാം മുമ്പിലും ആയി ക്രമത്തോടും സാവദാനത്തൊടും ജരാർദ് മൂപ്പച്ചനും പ്രിയൊരച്ചനും മെത്രാനച്ചന്റെ യിരുവശത്തും ആയിനടന്നു ക്ഷീണമുണ്ടൊ എന്നും പ്രി: ചോദിച്ചാറെ ഈ നെരമാകയാൽ വെണ്ടുവതില്ലെന്ന ഉത്തരിച്ചപ്പൊൾ കദെര കൊണ്ടുവരട്ടെ എന്നു കല്പിച്ചതിനാൽ അങ്ങൊളം എല്ലാവരും കൂടെ പൊകണമെന്നത്രെ മനസ്സ എന്നു തിരിഞ്ഞു അങ്ങനെ തന്നെ സന്തൊഷത്തൊടെ നടന്ന തിരുമുപ്പം കടന്നപ്പൊൾ സിമ്നരിക്കാര എല്ലാവരും നമ്മുടെ അല്പൊൻസച്ചനൊടുകൂടെ അവരു ചുകപ്പു ചരടും കെട്ടി തൊട്ടിനു കിഴക്കുപുറത്തു വന്നു. അപ്പൊൾ ഞങ്ങൾക്കു മുമ്പിൽ അവരു തിരിഞ്ഞു നടന്നു. ഏകദെശം ആ വരമ്പു മുഴുവനും നിരന്നു രണ്ടുംകൂടെ 100 പേര് അധികമായി ഇങ്ങനെ ചെന്ന പുത്തൻ പള്ളിയുടെ കുരിശുകഴിഞ്ഞ അവര മഹാചിറപ്പായിട്ട തൊരണവും തൂക്കി പൂക്കളും ഇട്ടിരുന്നതല്ലാതെയും അവരുടെ ഉല്ലാസമുറിയിൽ ചിത്രക്കടലാസുകളുമായി അലങ്കരിച്ച മെശയും വിരിച്ച കാപ്പികുടിപ്പാൻ തക്കവണ്ണം പഴങ്ങളും മറ്റും ആസ്ഥമാക്കി വച്ചിരുന്നു. അവിടെ കെറിയിരുന്നപ്പൊൾ അവരുടെ കവിതയും പൂക്കളും കാഴ്ചവച്ചു. വീണ്ട അവിടെ ഏകദേശം 1½ മണിവരെയായിരുന്നു വർത്തമാനവും പറഞ്ഞ

വീണ്ടും എഴുന്നെറ്റ എല്ലാവരെയും കൈയും മുത്തിച്ച വഞ്ചിയിൽ കരെറി വരാപ്പുഴയ്ക്കു (P.119) നീക്കിയതിന്റെ ശെഷം മൂപ്പച്ചനും ഞങ്ങൾ എല്ലാവരും പൊരികയും ചെയ്തു. ചിലരു കുറെ വിഷമിച്ചു എന്നാൽ പലഹാരവും പഴങ്ങളും മറ്റും മർസലീനുമൂപ്പച്ചൻ എല്ലാവർക്കും കൊടുപ്പിച്ചു.

മിഷനറിമാർക്ക് യാത്രയയപ്പ്

എകദെശം പത്തു മണി കഴിഞ്ഞ ഞങ്ങൾ കൂനമ്മാവുങ്കൽ എത്തിയപ്പൊൾ വീണ്ട മൂപ്പച്ചൻെറ യാത്രയ്ക്കു ആസ്ഥപ്പാടായിട്ട രൂപങ്ങളും റെലീക്കയും വച്ച ബൊള കളിപ്പിക്കയും വല്യ ഉല്ലാസംപൊലെ 5 മണിക്ക ആഹെമ്മാര ഉണങ്ങിയിട്ടിരിക്കുന്ന പഴങ്ങളും മറ്റും എടുപ്പിച്ച കൊടുക്കുകയും ചെയ്തു. ഇതിനകത്ത ഒരു സംകടവർത്തമാനവും നടന്നു ഇതായ്തങ്കിലും. 57-ലും 58-ലും ആയി നമ്മുടെ കൂനമ്മാവു കൊവെന്തയിൽ കൂടി അൾമെനി ദർശനക്കാരായ കൂനമ്മാവുകരക്കാരൻ കാട്ടിലെപ്പറമ്പിൽ 700[1] വകയിൽ ഗീവറുഗീസും ചത്യാത്തകാരൻ 300 വകയിൽ എദുവാർത്തും കണ്ടച്ചാറകടവിൽ 64 വകയിൽ പൌലൊസും ഈ ദെയ്പവിളിപ്പില്ലായ്കയാൽ പൊയി എന്നാൽ എദുവാർത്ത പറഞ്ഞൊപ്പു യ്തെ 2 വർഷവും കഴിഞ്ഞു. എന്നാൽ ഈ ആളിന്നു പറഞ്ഞൊപ്പു ചെയ്യിപ്പാൻ നമ്മുടെ ദലഗാത്തച്ചന്നു പട്ടാംഗയായിട്ട നല്ല മനസില്ലാഞ്ഞു. പലരുടെ മുട്ടിപ്പും ഇയാളുടെ അപെക്ഷയും കൊണ്ടത്രെ ആദെഹവും സമ്മതിച്ചത. പക്ഷെ ആദെഹം കറുപ്പാ[2] യിരിക്കുമൊ കൊടുത്തത എന്നും സംശയിക്കുന്നു. എന്നാൽ അന്നു മുറപ്രകാരം ഈ എഴുത്തുകാരനും തോന്നിയിരുന്നു. ആ:[3]

ആഹെ ഹംബീബെ. ഒ ബനൈറാഹീമെ[4] (P.120) സൂക്ഷിപ്പിൻ ......[5]

ദൈവം തന്റെ മനസ്സു ശ്രേഷ്ഠന്മാർവഴി നമ്മെ അറിയിക്കുന്നു

ദൈവം തന്റെ സ്ഥാനപതികളായ തലവന്മാരെ മാത്രം തന്റെ തിരുമനസിന്റെ സ്വരം കെൾപ്പിക്കയുള്ളു എന്ന വിശ്വസിച്ചുകൊൾ. ഇതിന്ന പിന്നെയും കെൾക്കണമെങ്കിൽ കെൾപ്പിൻ. ഈ കഴിഞ്ഞ

1. ലത്തീൻ കത്തോലിക്കരുടെ ഇടയിൽ 700, 300, 64 എന്നിങ്ങനെ പല വിഭാഗങ്ങളുണ്ടായിരുന്നു അന്ന്.
2. വ്രതം ചെയ്യുന്നതിനു അർത്ഥിയെ സ്വീകരിക്കുന്നതിനുള്ള രഹസ്യക്കുറിയെ ആണു ഗ്രന്ഥകാരൻ ഇവിടെ സൂചിപ്പിക്കുന്നത്.
3. പേരെഴുതാതെ അതിനുള്ള സ്ഥലം വിട്ടിരിക്കയാണ്.
4. സ്നേഹമുള്ള സഹോദരരെ, വാത്സല്യ മക്കളെ എന്നർത്ഥം. സുറിയാനി പദങ്ങളാണ്.
5. സ്വല്പ സ്ഥലം ഇവിടെ വിട്ടിരിക്കുന്നു.

യാണ്ടിന്റെ തുടക്കം നമ്മുടെ പെ. പെ. ബ. മെത്രാനച്ചൻ ചെന്നങ്കരിപ ള്ളിയിൽ വിശീത്തയ്ക്കായിരുന്നപ്പൊൾ ബാവെലിൽ നിന്ന വല്യ അ ന്തൊനിസ വാവായുടെ സഭക്കാരായ 2 സന്യാസി സുറിയാനി കൽ ദായ പട്ടക്കാര അവരുടെ അബാത്തയുടെയും യൌസെപ്പ പാത്രിയർക്കീസിന്റെയും എഴുത്തും മറ്റും ബൊംബയിൽ മെത്രാനച്ചന്റെ സാക്ഷിയും കൊണ്ട ധർമ്മത്തിന്ന വന്നതിനാൽ മെത്രാനച്ചൻ സന്തൊഷമായി കൈ ക്കൊണ്ടു. തന്റെ പള്ളികളിൽ ശുദ്ധ: പൂജ ചെയ്പാനും വിശ്വാസക്കാ രിൽനിന്ന ധർമ്മം ചൊദിപ്പാനും അനുവദിച്ചു. ഇതിന്റെ ശെഷം എട്ടു മാസം പത്തുമാസം കഴിഞ്ഞപ്പോൾ അത്രെ ശുദ്ധ: മാർപ്പാപ്പയ്ക്കുള്ള കാഴ്ചപ്പണം ഉണ്ടാകണമെന്നുള്ള കല്പന പുറപ്പെട്ടത അപ്പൊൾ ഇ വർക്കും ഇവിടെ പിടിയരിയെന്നും ശുദ്ധ: പിതാവിന്ന കാഴ്ചയും ഇ ങ്ങനെ വിശ്വാസികൾക്കു കുറെ ഞെരുക്കം എന്നു തൊന്നിയതിനാൽ ഈ പട്ടക്കാരുടെ ധർമ്മം യിനി നിർത്തണം എന്നു തൊന്നിയിരുന്നു. അപ്പൊൾ യിവര അനുവാദം കൊടുക്കാത്ത ചില പ്രവൃത്തിയിതായ് ത: മുൻ ബാബെലിൽ പൊയിരുന്ന റൊക്കൊസു ശമ്മാശമ്മാരെ കൂട്ടി ക്കൊണ്ടുനടന്നു പള്ളിയിൽ സുറിയാനിയിൽ പഠാർത്ഥ പറകയും ഈ ശമ്മാശമ്മാരെ (P.121) പൊരുൾ തിരിക്കയും ഇത മെത്രാനച്ചൻ കെട്ടുടൻ യിനി നമ്മുടെ ആജ്ഞകീഴിൽ കുർബ്ബാന ചൊല്ലിക്കൂടാ യെന്നും നിങ്ങളുടെയിടത്തിന്ന പിന്തിരിഞ്ഞുകൊള്ളണമെന്നും മുടക്ക കല്പന അയച്ചു ഇതിനാൽ നമ്മുടെ ആളിനടുത്ത ഒന്നിപ്പാൻ ചിലർക്ക കുറെ സങ്കടം തൊന്നി എന്നാൽ ഇത അവരുടെ വചനത്താലും പ്രിയൊരച്ചന എഴുതിയ എഴുത്താലും അതായത:-

ബാബേലിൽ നിന്നു വന്ന വൈദികർ

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] (P. 122) [illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]

[illegible]

[illegible]
[illegible]
[illegible]

ഈ സമയം നമ്മുടെ പെ. ബ. പി. മെത്രാനച്ചൻ കുറെ കടുപ്പം ചെയ്തു. എന്നു പറവാൻ തുടങ്ങി എന്ന ഉടൻ പ്രപ്പുഗാംദയിൽ നിന്നു യിവരെ വെണ്ടും വണ്ണം സൂക്ഷിച്ചു കൊള്ളണം റോക്കൊസിൻ കാര്യം ഇവരുണർത്തുമൊ എന്നു ഈ എഴുത്തു കണ്ട നമ്മുടെ മെത്രാനച്ചനും നമ്മുടെ ദെലഗാത്തച്ചനും കൂടി സൂനഹദൊസിന്നായി പുറപ്പെട്ടതി നാൽ പെ. ബ. പീലിപ്പച്ചനെ പ്രൊ. വി. അപ്പ. ആയിട്ട നിശ്ചയിച്ചു. എന്നതിനാൽ ആദെഹത്തിന്റെ കല്പനയാൽ പ്രി. ഗുണദൊഷവും ഇതിന്റെ മറുപടിയുമായിട്ട വെഗത്തിൽ പൊകണമെന്നും യിവർക്ക എഴുതിയ ശെഷം കൊട്ടയത്തെ എടക്കാട്ട പള്ളിയിൽ യിവരും ആ ശമ്മാശും കൂടെ വന്ന മെത്രാനച്ചനെയും മറ്റും ദുഷിക്കയും ഞങ്ങൾ നിങ്ങളുടെ കാര്യം വിചാരിക്കുമെന്നും (P.123) മെത്രാൻ വെണമെങ്കിൽ ഞങ്ങൾ വിചാരിക്കു മെന്നും പറഞ്ഞ പ്രകാരമുള്ള സാക്ഷിയും വ ന്നു ഇതിനിടയിൽ ആനക്കല്ലുങ്കൽ പള്ളിക്കാരു ടെ വഴക്കു നിമിത്തം പ്രിയൊര പെ. ബ. ജരാർദ് മൂപ്പച്ചനും പൊയി. ആയതും തീർത്ത പാലായ്ക്കു താഴെ ഒരു കൊവെന്തയും നിശ്ചയി ച്ചു പൊരും വഴി തൈക്കാട്ടുചെരിൽ കെറിയപ്പോൾ രണ്ടു ദിവസം മു മ്പിൽ അവിടെ നിന്നും യിവരു കൊച്ചിയിൽ കപ്പൽ കെറുവാനായി പു റപ്പെട്ടു എന്നുംകെട്ടും.

ബാബേലിൽനിന്നു വന്നവർക്ക് മുടക്ക്

പ്രിയോരും ജരാർദ്ദു മൂപ്പച്ചനും ഭരണങ്ങാന ത്തിന്

ഇതാ ശുദ്ധ: ആകമാന സൂന്നഹദൊസ—

ഈ 19-ാം യുഗത്തിൽ ലൊകമൊക്കയിലുള്ള പെ. ബ. മെത്രാന്മാരൊ ക്കയും കൂടുവാൻ ശു: 9-ാം പിയൂസ എന്ന എത്രയും ഉയർച്ചയുള്ള ശുദ്ധ മാർപ്പാപ്പയുടെ കല്പനയാൽ 53 മെത്രാന്മാര നീക്കി ശെഷം എല്ലാവരും കൂടി.

ഇപ്പൊൾ ലൊകമൊക്കയുമായിട്ട ഇപ്പൊൾ ഉള്ള മെത്രാ 1094.

ഒന്നാം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിച്ച പിതാക്കന്മാർ

| | |
|---|---|
| ഇതിൽ പാത്രിയാക്കന്മാർ | 12 |
| മെത്രാപ്പൊലീത്ത ലത്തീൻ | 75 |
| പലതൂക്കാസ[1] മാരായി | 25 |
| മെത്രാപ്പൊലീത്താമാർ (ഒഴിയപ്പെട്ട ഇടത്തിന്റെ) | 35 |

1. തൂക്കാസ= ക്രമം, സുറിയാനി വാക്ക്. റീത്ത് എന്ന അർത്ഥത്തിലാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

| | |
|---|---|
| മെത്രാന്മാർ ലത്തീൻ | 669 |
| മെത്രാന്മാർ പല തൂക്ക | 25 |
| മെത്രാന്മാർ (ഒഴിയപ്പ ) | 193 |
| | 1094 |
| | ==== |

(P.124) യിവരുടെ പ്രായം

വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കുന്ന മെത്രാന്മാരുടെ പ്രായം

3: 95: 2: 90: 20: 85–80: 46: 80– 75: 79: 75–70: 164: 65–60: 133: 60–55: 150: 55–50: 82: 50–45: 43: 45–40: 24: 38: 13: 34: 35: 7: 35–30:

ഈ 95: മൂന്നും. 1 ബൊമഞ്ചിനു മെദ കസ്സാന

1 കൊംജൂക്ഷി: ദെലീമ: അമ്മ:

1. കവിയാമ്മു ദെ. ലൊംബർദ്യാ

1775 ൽ പിറക്കപ്പെട്ടു.

82 ൽ കൊംസക്ക്റാത്തി[1] .

==========================

സുറിയാനിക്കാരുടെ കാഴ്ച മാർപാപ്പയ്ക്ക്.

ഇത: വൃശ്ചികം 28– നു റൊമ്മായിൽ നിന്നും പെ.ബ. മെത്രാനച്ചൻ പെ.ബ. പ്രൊ വി. അപ്പ. പീലിപ്പച്ചനും മലയാഴ്മയിൽ തന്നെ പ്രിയൊരച്ചനും ഇങ്ങനെ രണ്ടെഴുത്തു വന്നു. ആയതിൽ ശുദ്ധ മാർപ്പാപ്പായ്ക്കുള്ള കാഴ്ച പണം മെത്രാനച്ചൻ തന്നെ തിരുമുമ്പിൽ കൊടുത്തു. ഈ എഴുത്തുകളും പ്രത്യെകം പുതു സന്യാസികളും മാന്നാനത്തെ കൊംവെന്തയിൽ പഠിക്കുന്നു. പഠിത്വസിമ്നാരിക്കാരുടെയും എഴുത്തുകൾ കെല്പിച്ചു എന്നും നമുക്ക തിരിച്ചു തിരിച്ച അനുവാദം വാങ്ങിച്ചു എന്നും സുറിയാനി കുർബാനയുടെ (P.125) ക്രമായിവിടെ മലയാഴ്മയിൽ അടിപ്പിച്ചത ലത്തീനിൽ ആക്കി വെഗത്തിൽ അയക്കണമെന്നും എന്നാൽ ഇതിനൊക്കെയും അനുവാദം കിട്ടുവാൻ എളുപ്പം എന്നും എഴുതിയിരുന്നു. എന്നാൽ ഈ എഴുത്തു വന്നപ്പൊൾ മുൻ ജരാർദ മൂപ്പച്ചനും പ്രിയൊരച്ചനും കൂടെ പാലയ്ക്കപൊയി മുത്തൊലി എന്ന കുന്നിൽ ഒരു കൊംവെന്ത സ്ഥലം നിശ്ചയിച്ചതിന്ന കല്ലിടുവാൻ പീലിപ്പ: ജെരാർദ മൂപ്പച്ചന്മാര പൊയിരുന്നു. എംകിലും ഇവിടെ

1. ലത്തീൻ വാക്ക്; അഭിഷേകം ചെയ്തു എന്നർത്ഥം.

മുത്തോലി കൊവേന്തക്കു കല്ലിടുന്നു. തിരുക്കർമ്മങ്ങൾ സുറിയാനി ക്രമത്തിൽ.

പുതുസന്യാസികളെക്കൊണ്ടു ലത്തീനിൽ പകർത്തിച്ച മർസ്ലീനു മൂപ്പച്ചനെ കാണിച്ചു പിഴതീർത്ത. ആയതും വല്യ ശനിയാഴ്ച ക്രമം പെൺകെട്ടുകാരുടെ കുർബാന വാഴുവും മറ്റും കുർബാനയിൽ ചെർപ്പാനുള്ള സ്ലൊസാകളും ലത്തീനിലും മുൻ സുറിയാനിയിലും ആക്കിയതും ഒക്കെയും കൂടെ ജെരാർദ മൂപ്പച്ചൻ വഴിയായി തപ്പാലിൽ അയച്ചിരിക്കുന്നു. 1870 മകം 24-നു.

ഇതാ നമ്മുടെ മെത്രാനച്ചൻ റൊമ്മായിൽ എത്തിയപ്പൊൾ മുൻവന്ന ദൈറായക്കാരുടെ പ്രിയൊാര അവർക്കുവെണ്ടി മെത്രാനച്ചനൊട മുടക്ക തീർപ്പാൻ അപെക്ഷിക്കയും ആയ്തിൻ വണ്ണം, അവര വെഗത്തിൽ ദൈറായ്ക്ക പിൻതിരിയണമെന്നും എഴുതിയ ഒരെഴുത്തും പൂട്ടാതെ പ്രി. വായിച്ചു കണ്ട അവക്കു കൊടുപ്പാനായിട്ട അയച്ചു ഈ വണ്ണം[1]

(P.127) 64: മുതൽ


ബ. റൊക്കൊസു മെത്രാൻ പൊയതിനൊടുകൂടെ വെദകലാപം തീർന്നുപൊയെനെ. എന്നാൽ കൊമ്മീസ്സാരിമാരുടെ വരവിനാൽ മരിച്ചുപൊയ ശീസ്മയും വഴക്കും വീണ്ടും ഉയിർത്തതിൻവണ്ണമായി ഇതായത: കൊംകർദാത്ത നടപ്പാക്കാനായി വന്ന മെത്രാപ്പൊലീത്താച്ചനെ ചിലരുടെ ഗുണദൊഷത്താൽ സമാധാനം ഉണ്ടാക്കും എന്നും ഗ്രഹിപ്പിച്ച ഗൊവയിൽ വന്ന ഒരു കല്പന പുറപ്പെടുത്തിച്ചു. ഇതായത: കൊംകർദത്തിന്റെ[2] 15-ാം വകുപ്പിൽ തൽക്കാലം വിഗാരി അപ്പസ്തൊലിക്കാ വിചാരിക്കുന്ന പള്ളികൾ അങ്ങനെയും ഗൊവക്കിൾ നടന്നു വരുന്നതങ്ങനെയും നിന്നുകൊള്ളണം. എന്നും 1857 കുംഭം 21-ാം ശുദ്ധ: സിംഹാസനത്തിന്റെ പൊർത്തുഗാൾ ഗവർണ്ണമെന്തിന്റെ സമ്മതക്കാര ഒപ്പുവച്ചിരിക്കുംവണ്ണം റൊക്കൊസു കലാപത്തിന്നു മുൻ വിഗാരി അപ്പസ്തൊലിക്കായുടെ സുറിയാനി പള്ളികൾ എല്ലാം കാഞ്ഞൂർ മരിച്ച ഗൊവർണ്ണദൊരിന്റെ കലാപം കഴിഞ്ഞതിനൊടുകൂടെ ഏറിയനാൾ കലാപം കൂടാതെ നടന്നുവരികയിൽ ഈ കൊംകർദാത്ത ചെയ്ത നെരം യാതൊരു സംശയം കൂടാതെ വി. അപ്പ. കീഴ്വഴങ്ങി നടന്നവരിൽ കിഴക്കും വടക്കുമായി

തിരുസിംഹാസനവും പൊർത്തുഗലും തമ്മിലുള്ള കൊൺകർദാത്ത നടപ്പിലാക്കുന്നു.

പോർച്ചുഗലും വത്തിക്കാനും തമ്മിലുണ്ടാക്കിയ ഉടമ്പടിയുടെ പ്രത്യാഘാതങ്ങൾ

1. ഈ പേജിൽ ഏതാനും വരികളും അടുത്ത പേജും പൂർണ്ണമായും വിട്ടിരിക്കുന്നു.
2. ഉടമ്പടിയുടെ എന്നർത്ഥം; ഇറ്റാലിയൻ വാക്ക്.

പലരും 1861 മിഥുനത്തിൽ ഈ റൊക്കൊസ വരവാൻ പൊയിയെങ്കിലും ആദെഹം പൊയതിനൊടു കൂടെ വാശിയില്ലാഞ്ഞ പള്ളികൾ വീണ്ടും ചെർന്നതല്ലാതെ നിന്നിരുന്ന പള്ളിക്കാരർക്കു കൊംകർദാത്തിന്നു വിശെഷമായിട്ടു പദ്രുവാദിൽ (P.128) ചെരുവാൻ അനുവദിച്ചു. ഇതല്ലാതെയും ഇവിടെ വന്ന ശെഷം 8 ദിവസത്തിനകത്ത മനസുള്ളവര മനസു പൊലെ പദ്രുവാദിന്നും വിഗാരി അപ്പസ്തൊലിക്കായ്ക്കും കീഴ്വഴങ്ങാമെന്നും ഈ ദിവസം



കഴിഞ്ഞാൽ അങ്ങൊട്ടുമിങ്ങൊട്ടും ചെർന്നു കൊള്ളാമെന്നും കല്പന യും പ്രസിദ്ധപ്പെടുത്തി രണ്ടു പങ്കുള്ള പള്ളികളിൽ രണ്ടു വിഗാരിമാർ ക്കും ഒന്നുപൊലെ പെരുമാറിക്കൊള്ളണമെന്നും ഈ കല്പനയൊടു കൂടെ തന്നിഷ്ടംപൊലെ നടപ്പാൻ ഇത നല്ല തെന്നും കണ്ട ആറു മുറിച്ചപൊലെ ചിലരൊ ടുന്നതിനെയും മറ്റു ചിലരുടെ ഗുണദൊഷത്താ ലും ഇത തട്ടിക്കപ്പെട്ടുപൊയി എന്നും കണ്ട ആദെഹം തന്നെ ഈ എട്ടുദിവസം കഴിയും മുൻപെ ഈയവസ്ഥ തിരിഞ്ഞതിനാൽ യിനി പൊയി കൂടായെന്നു കെംകർദാത്തുതന്നെ എല്ലാത്തിന്നും കാതലാക്കിക്കൊള്ളണമെന്നും കല്പനയെഴുതി എംകിലും ചിലർ മുൻ തിയതി വെച്ച സംകടം എഴു തുകയും അപ്രകാരം അന്നിരുന്ന ഗൊവർണ്ണദൊര കൈക്കൊൾകയും യിതിനാൽ വീണ്ടും റൊക്കൊസിന്റെ കാലംപൊലെ ഒരു പള്ളിയിൽ രണ്ടു വിഗാരിമാരും ആയി പല വഴക്കു കലക്കവും പൊലീസും ഉണ്ടാ യിവന്നു. ഇതുവരെയും ഈ കലക്കം തീരാതെ പല പള്ളികളും ഈ പദ്രുവാദിൽ തന്നെ നിന്നു വരുന്നു. എന്നാൽ ആദെഹം ശുദ്ധ: സിം ഹാസനത്തിലെ ആളും മുഷ്കരപ്പെട്ടവനും ആയിരിക്കയാൽ ആദെ ഹത്തിന്റെ കല്പനപ്രകാരം പൊയവരെ വീണ്ടും ഇങ്ങൊട്ടുവന്ന അ പെക്ഷിച്ചാറെയും ഈ രണ്ടു കല്പനപ്രകാരം പൊയവരെ കൈക്കൊ ണ്ടുകൂടാ (P.129) എന്നും തട്ടിപ്പായിട്ട അവധി കഴിഞ്ഞിട്ട പൊയവര എന്ന സൂക്ഷമായി തെളിയുന്നവരെ മാത്രം കൈക്കൊണ്ടുവന്നു. എ ന്നാൽ ഇങ്ങനെ നീളിച്ചു വന്നപ്പൊൾ ആ പള്ളികളിൽ ഗെവർണ്ണദൊ രന്മാരുടെയും ചില സെക്രത്താരുടെയും ഭരിപ്പും കൊംകർദാത്തിൻ പ്രകാരം മെത്രാന്മാരും കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായും ഉണ്ടാ ക്കുവാൻ തക്ക അന്വെഷം ഒന്നും കാണുന്നില്ലെന്നും യിവരുടെ വി ചാരത്താൽ പള്ളികളിൽ വല്യനടപ്പുകെടും, ഇങ്ങനെ ആയതിനാൽ നല്ല വിശ്വാസികൾക്കൊക്കെയ്ക്കും സംകടമായി വിഗാരി അപ്പസ്തൊ ലിയ്ക്കായ്ക്ക കീഴ്‌വഴങ്ങണമെന്നുള്ള അപെക്ഷക്കാരു വർദ്ധിച്ചു. എം കിലും പെ. ബ. കെമ്മിസ്സാരി അപ്പസ്തൊലിക്കായുടെ കല്പന കാ ത്തുവരുന്നതല്ലാതെ കടന്ന യാതൊരുത്തരവും കൈക്കൊള്ളായ്ക യാൽ ജനങ്ങൾ മുൻ പദ്രുവാദ ആഗ്രഹിച്ചവരായ തന്നിഷ്ട സ്നെഹി തന്മാരായ ബ. പട്ടക്കാർക്ക പലർക്കും ബൊധം വരികയും തന്നിഷ്ട ത്താൽ അവധി കഴിഞ്ഞിട്ട പൊയ പല പട്ടക്കാരും അൽമെനിക്കാരും

8 ദിവസത്തിനകം ഓരോ പള്ളിക്കാർക്കും തങ്ങൾ ഇഷ്ടപ്പെടുന്ന രൂപതയിൽച്ചേരാം

പുതിയ കല്പനയുടെ പ്രത്യാഘാതം

പട്ടാങ്ങ പറഞ്ഞും സത്യം ചെയ്തും ചിലരുകൂടി എന്നാൽ ഇതിന്നും മറ്റും തലവനായി റൊക്കൊസു കാലം നമുക്ക തുണച്ചും അന്നു മുതൽ വിരൊധിച്ചും അരണാട്ടുകരെ വിഗാരിയായി നടന്ന പിന്നെ അവർക്കതന്നെ മതിയാ വിഗാരിത്വം ഒഴിഞ്ഞ ആനക്കല്ലുങ്കൽ സ്വന്ത എടവകയിൽ വന്ന അവധി കഴിഞ്ഞുപൊയ ആ എടവകക്കാരെ ഉറപ്പിച്ചും സ്ഥിരപ്പെടുത്തിയും പാർത്തിരുന്നു. ആ ദിവസംവരെ റൊക്കൊസ മതത്തിൽ കൂടാതെ നമ്മുടെ വിഗാരിയായി വിളക്കു മാടത്തപള്ളിയിലും റൊക്കൊസുപൊയ ഉടൻ പള്ളി മുഴുവനും (P.130) വിഗാരി അപ്പസ്തൊലിക്കായ്ക്കു കിഴ് വഴങ്ങിയപ്പൊൾ ആനക്കല്ലുങ്കൽ വിഗാരിയും ആയിരുന്ന തറപ്പെൽ ഈ കല്പനകെട്ട എന്നെയ്ക്കും വിഗാരിത്വം പൊകാതിരിപ്പാൻ ആഗ്രഹിച്ച പദ്രുവാദി ചെന്നാൽ ഈയാളെ തന്നെ വിഗാരി ആക്കാമെന്നും പറഞ്ഞ ഈ ദുഷ്ടഗുണദൊഷം കെട്ട അവധി കഴിഞ്ഞ വിവരം അറിഞ്ഞുകൊണ്ട പൊയ ഈ വിഗാരിയൊടും പട്ടക്കാരൊടും കൂടി തന്നിഷ്ടംപൊലെ നടന്നുവന്നാറെ ഇതിനാലെ ഹൃദയപുഴുവിനെ കൊല്ലുവാൻ പാടില്ലാത്തതിനാൽ അയാളുടെ നാവിൽ തന്നെ ഈ പട്ടാംഗ ഒക്കെയും ജനങ്ങളെ പറഞ്ഞറിയിച്ച വിഗാരി അപ്പസ്തൊലിക്കായ്ക്കു കീഴ്വഴങ്ങണം. അല്ലാഞ്ഞാൽ നിങ്ങളുടെ നില വാസ്തവമുള്ളതല്ലെന്നും ഞാൻ അരണാട്ടുകരെയായിരുന്നതിനാൽ വാസ്തവമായിട്ട പദ്രുവാദിൽ കൂടിയിരിക്കയാൽ എന്നെ കൈകൊൾവാൻ പാടില്ലെങ്കിലും ഞാൻ ചെയ്ത കുറ്റത്തിന്നും അക്രമത്തിന്നും പൊറുതിയും പാടുണ്ടെങ്കിൽ എന്നെയും കൈക്കൊള്ളണമെന്നും നിങ്ങൾക്ക രക്ഷാവഴി വെണമെങ്കിൽ നിങ്ങളും എഴുതണമെന്നും എല്ലാവരൊടും പറഞ്ഞതിനാൽ പരമാർത്ഥമുള്ള ആ ജനങ്ങൾ ഇതു കെട്ടുടൻ ഭയപ്പെട്ട വിഗാരി അപ്പസ്തൊലിക്കായ്ക്ക അപെക്ഷ എഴുതി കൊടുത്തയയ്ക്കും. അതിനൊടുകൂടെ ഈ അവുറാഹം പൊറുതി എഴുത്തു കൊടുത്തയച്ചു.

തറപ്പേൽ അബ്രാഹമച്ചന്റെ എഴുത്ത്

(ഞാൻ അച്ചന്റെ കീഴായിരിക്കയിൽ ബ. തൊമ്മാ മെത്രാപ്പൊലീത്തായുടെ വരവിൽ പരജനത്തൊടുകൂടെ ഞാൻ ചെർന്നുപൊയി. അന്നുമുതൽ പെ. ബ. അച്ചന്റെ കാരണവൻ ആയിരുന്ന പെ. ബ. മെത്രാപ്പൊലീത്താച്ചനൊടും ആദെഹത്തിന്റെ (P.131) ശുശ്രൂഷികളായ കൊവെന്ത പട്ടക്കാരൊടും പല കൂട്ടം മറുതലകളും ഉപദ്രവങ്ങളും ചെയ്കയും അപമാനം മുതലായി ദൂഷണങ്ങളും അറിവുകെടു നിമിത്തം ചെയ്തുപൊയി. എന്നാൽ ഇതിനൊക്കയും ആദെഹത്തിനൊടു തന്നെ പൊറുതി അപെക്ഷിക്ക

ണമെന്നും നിരൂപിച്ചിരുന്നാറെ ആയതിന്നിട വരാഞ്ഞതിനാൽ ഇപ്പൊൾ അനംദ്രസുഖമായ ബ. അച്ചനൊടെംകിലും പൊറുതി അപെക്ഷിച്ചാൽ ഈ അപെക്ഷ കൈക്കൊള്ളുമെന്നും ഉറച്ചിരിക്കയാൽ ഈ എഴുത്ത പൊലെ ഞാൻ പൊറുതി അപെക്ഷിക്കുന്നു. എന്റെ കുറ്റങ്ങൾ ഒക്കെയും പൊറുക്കണമെന്നും ഈ എടവകക്കാരും ബ. അച്ചനും കീഴ്വഴങ്ങുവാൻ വരുന്നതാകയാൽ എന്നെയും കൂടെ പാടുണ്ടെംകിൽ കൈക്കൊണ്ട മനൊഗുണത്തിൽ തൊന്നുന്ന വെലയിൽ ചെർത്ത രക്ഷിക്കണമെന്നും അപെക്ഷിക്കുന്നു).

ഈവണ്ണമുള്ള അപേക്ഷയും പള്ളിക്കാരുടെ എഴുത്തുംകൂടെ അയച്ചതല്ലാതെയും ആ എടവകക്കാരൻ ചൊവ്വുള്ള രാമരത്തു വിഗാരി തറവെട്ടം എന്നദ്ദെഹംതന്നെ കൊണ്ടുവന്ന ഏതാനും ജനങ്ങളൊടൊന്നിച്ചു ബൊധിപ്പിക്കയാൽ ന്യായപ്രകാരം ഇവരെ കൈക്കൊണ്ട ഈ തറവട്ടത്തിനെതന്നെ അവർക്കു വിഗാരിയായിട്ടും കല്പിക്കയും ഔറാഹമിന്റെ നെരുള്ള പൂജ എന്നുവച്ച ആയതും ഏറ്റുകൊണ്ടു വരുത്തിയ മാനക്കെട ഒരു പ്രകാരമായിരിക്കുന്ന പരിഹാരംപൊലെ ഈ വിവരമൊക്കയും പരസ്യമായി പ്രവൃത്തിച്ചയിടമായ അരണാട്ടുകരെ പള്ളിയിൽ ഈ പൊറുതി എഴുത്ത വായിപ്പിച്ച കുറ്റവും തീർത്ത ആനക്കല്ലുങ്കൽ ഇടവക (P.132) പട്ടക്കാർക്കുള്ള വെലയും അനുഭവവും കൈക്കൊണ്ട പാർത്തുകൊള്ളാമെന്നും ഗൊവർണ്ണദൊര തന്നിരിക്കുന്ന അനുവാദമൊക്കയും നടത്തിക്കൊള്ളാമെന്നും ആ കീഴ ഉള്ള ആൾ ആകയാൽ ഇവിടെനിന്ന ഒരു മുഷ്കരത്വം കൊടുപ്പാൻ പാടില്ലായ്കയാൽ മറ്റു ചുമതലയിൽ ഇപ്പൊൾ ഏർപ്പെടുത്തുന്നില്ലെന്നും കല്പനയും കൊടുത്തു ടി വിഗാരി ചെന്നപ്പൊൾ ഇതാ പിശാചു പിൻതിരിഞ്ഞ മറ്റെഴെടുകൂടെ കരെറി എന്നപ്രകാരം എപ്പഴും എല്ലാത്തിന്നും ഈ ആൾക്കീവണ്ണമുള്ളതിൽ കൂട്ടനായിരുന്ന മാന്നാത്തച്ചനെന്നയാൾ ഈ അപെക്ഷയും എഴുത്തിന്നും കൂടീട്ടില്ലെന്നും ഇയാളുടെ മരുമകനായ വിഗാരി തറവട്ടം കാരണവനടുത്ത ബഹുമാനം കാണിച്ചില്ലെന്നും യൊഗത്തിൽ ചിലരൊടു ചൊദിക്കാതെ ഏതാനും പെരായിട്ട എഴുതിവരുത്തിയ ഈ വിഗാരിയെ കൈക്കൊൾകയില്ലെന്നും പദ്രുവാദ വിഗാരിയുണ്ടെന്നും ആയതുമതി എന്നും ഇതൊക്കയും ചിലരുടെ സിദ്ധാന്തമല്ലാതെ നെരല്ലെന്നും അല്ലെംകിൽ നാവാൽ തന്നെ പറയട്ടെ. ഞങ്ങൾ പദ്രുവാദിൽ നില്ക്കുന്നത ന്യായമല്ലെന്നും അവധികഴിഞ്ഞു കൂടിയിരിക്കുന്നു എന്നും ഇതിനാൽ ഞങ്ങൾക്കു കുറ്റ

തറവട്ടം കൊണ്ടുവന്ന എഴുത്തു സ്വീകരിക്കുന്നു.

ഭരണങ്ങാനത്തെ എതൃപ്പ്.

മുണ്ടെന്നും യിങ്ങനെ ആദെഹം യിവിടെവന്നാൽ എല്ലാവരും ഒന്നിച്ച സന്തൊഷമായി കൂടിക്കൊള്ളാമെന്നും ഇങ്ങനെ ചിലരെക്കൊണ്ടു പറയിച്ച മുമ്പിലത്തെ പൊറുതി എഴുത്ത ഇവിടെയിരിക്കയിൽ ആ യാതൊന്നും ഉണ്ടായില്ലാത്തപ്രകാരം മുമ്പിലത്തെതിൽ അധികം മറുതലയായിട്ട തുടങ്ങി. ആ എടവകയിലുള്ള കിളവൻ കത്തനാരച്ചനും (P.133) മറ്റിടങ്ങളിൽ പൊയിരുന്ന പട്ടക്കാരെയും വരുത്തി ഈ വിഗാരിയെക്കൊണ്ട കുർബ്ബാനയും ചൊല്ലിക്കാതെ പൊലീസും ഉണ്ടാക്കി. എന്നാൽ പരമാർത്ഥപ്പെട്ട ആ ജനങ്ങൾ ഈ വചനം നെര എന്നും വീണ്ടും ആ വിഷം എറങ്ങുമെന്നുവച്ച മുമ്പിൽ അപെക്ഷിച്ചവരും കൂടാതെനിന്ന ജനങ്ങളും ഒക്കെയും കൂടി പ്രി. ഇവിടെ വന്നാൽ ഇപ്പൊൾ മറുതലിച്ചുനില്ക്കുന്ന വല്ലാട്ടച്ചൻ മുതലായി അച്ചന്മാരും എല്ലാവരും കൂട്ടുന്നതിന്ന യാതൊരു സംശയുമില്ല. ആയതിനാൽ അച്ചൻ ഞങ്ങ

പ്രിയൊരച്ചൻ ഭരണങ്ങാനത്തു വരണമെന്നപേക്ഷ

ളുടെ ആത്മങ്ങളുടെയും ഞങ്ങളുടെ പള്ളിയുടെ ദൈവമുതലിന്റെയും ക്ഷീണവും മറ്റും വിചാരിക്കാതെ ഇത്രടം വരണമെന്നും ആയ്തും കലാപം തുടങ്ങി മുറിയുന്നതിന്നുമുമ്പിൽ വരണമെന്നും ഇങ്ങനെ മുട്ടിച്ചുള്ള അപെക്ഷ ജനങ്ങൾ ഒക്കയും സ്വരുമിച്ച പ്രധാനികൾ മിക്കവരുടെയും പെരുവച്ച എഴുതി ആ എഴുത്തും കൊണ്ട രണ്ടാമത തറവട്ടം വിഗാരിയും റൊക്കൊസു ശമ്മാശന്മാരുടെ തലവനായി നടക്കുന്ന ഒലിക്കൻെറ എളയപ്പൻ മുതൽപെരുവന്നു പ്രൊ. വിഗ. പിലിപ്പച്ചനൊടും മുട്ടിക്കയാലും പാലായിൽ ഒരു കൊംവെന്ത ഉണ്ടാക്കണമെന്നും ആയതിന്ന സ്ഥലം നിശ്ചയിക്കണമെന്നുള്ള കാര്യവും ഉണ്ടാകയാൽ ഈ അപെക്ഷ സാദ്ധ്യമാകാഞ്ഞാൽ അവർക്കും പിന്നെ കാരണം പറവാൻ യിടയുമുണ്ടാകായ്പാനും, പ്രിയൊരച്ചനും ജരാർദ മൂപ്പച്ചനുംകൂടെ പൊകുവാൻ നിശ്ചയിക്കയും വിഗാരി തറവട്ടം ആകയാൽ ചിലർക്ക സന്തൊഷമില്ലെന്നുംകണ്ട ആദെഹംതന്നെ ബ. പ്രൊ. വി. അപ്പ. അച്ചനൊടു മുട്ടിച്ചപെക്ഷിച്ച ഈരാറ്റുപിഴ വിഗാരി വല്യവീടനെതന്നെ യിവിടെയും (P.134) വിഗാരി ആക്കിയിതിന്നു മുമ്പിൽതന്നെ എടമറ്റത്ത ഒരു പള്ളിവെപ്പാൻ സർക്കാരുത്തരവും ആ കരക്കാര കുരുവനാകുന്നൻ മുതൽപെരു വരുത്തിയിരുന്നതിനാൽ ആയത കല്ലിട്ട പന്തൽകെട്ടി കുർബ്ബാന ചൊല്ലുന്നതിനും ഈ പുത്തൻ വിഗാരിക്കു അനുവാദവും കൊടുത്തയച്ചു. ഉടൻ ജരാർദ മൂപ്പച്ചനും പ്രിയൊരച്ചനും റൊക്കൊസു കാലംമുതൽ ആ ദിക്കുകളിൽ കെറീട്ടില്ലായ്കയാലും ഈ സംഗതികൾ എല്ലാറ്റിന്നുമായിട്ട അധികക്ഷീണമെംകിലും പുറപ്പെട്ടു.

പ്രിയോരച്ചനും ജരാർദു മൂപ്പച്ചനും ഭരണങ്ങാനത്തേക്ക്.

നമ്മുടെ ആഹാചാണ്ടി യൌസെപ്പച്ചനുംകൂടി പുറപ്പെട്ടു. മാന്നാനത്തിൽ കരെറി ചെർപ്പുങ്കലും കടന്ന പാലായിൽ ചെന്നു. താമസിച്ച ആനക്കല്ലിന്ന ആളയച്ചാറെ എഴുതിയ അൾമെനികൾ മിക്കവരുംവന്നു എംകിലും ഔറാഹമ്മിന്റെ നിലക്കടുത്ത, സർക്കാരിൽകെറി വിസ്താരമാകയാൽ ജനങ്ങൾക്ക അയാളുടെ മുഖം മിനിയും വിടുവാൻ സ്നെഹത്താലും മറ്റു കെട്ടുപാടാലും പള്ളി അവരുടെ കൈയ്യിൽ ആകയാലും പട്ടാങ്ങ കെൾക്കുമ്പൊൾ ഇങ്ങൊട്ടും, ലോകം നൊക്കുമ്പൊൾ അങ്ങൊട്ടും ഇങ്ങനെ ആകയാൽ കലാപത്തിൽ ഞങ്ങൾ അങ്ങൊട്ടു കെറുകയില്ലെന്നും പറഞ്ഞ പാലായിൽ പാർക്കയിൽ തകശീൽദര ഈ വിവരംകെട്ട പള്ളിയിൽ വന്നു മൂപ്പച്ചൻ മുതൽ പെരെ എങ്ങിനെ ആയാലും ആനക്കല്ലിന്നു പൊകണം നാമും കൂടി വരുന്നു, സമാധാനം ആകും. എന്നിങ്ങനെ ഓശാരവാക്കുകൾ പലതും പറകയാലും എടമറ്റത്തിൽ നമുക്ക സ്വന്തമായി പുത്തൻ പന്തൽപള്ളിയുണ്ടല്ലൊ അവിടെ പൊകാമെന്നും ഉറച്ചു. ഇതിനിടയിൽ അക്കരെ പുത്തൻപള്ളിയും മറ്റും കാണ്മാനായി (P.135) മൂന്നു മണിക്ക മൂപ്പച്ചനുമായി പൊയി ഢാണാക്കടവിൽ അടുത്ത ചെറിയപള്ളി വഴിയായി നടന്നപ്പൊൾ നമ്മുടെ ചെറിയ പള്ളിക്കാരു തെരുവൻ മുതൽപെര മൂപ്പച്ചന്റെ ബഹുമാനത്തിന്നായി മു

ചാവറയച്ചനും മൂപ്പച്ചനും പാലാ ളാലം പുത്തൻപള്ളിയിൽ സ്വീകരണം

ത്തുക്കുട കൊണ്ടുവന്ന അപ്രകാരം ളാലത്തിലൊട്ടു തിരിഞ്ഞപ്പൊൾ അവരും പുത്തൻപള്ളിയിലൊട്ടു തിരിഞ്ഞപ്പൊൾ അവിടെ പട്ടക്കാരയില്ലാഞ്ഞുവെങ്കിലും തൊട്ടുംകൽ കാക്കനാടൻ മുതൽപെരും ഈവണ്ണം മൂന്നു മുത്തുക്കുട കണ്ടതിനൊടെ എറിയ പൈതങ്ങളും വല്യവരുംകൂടി ഒരു വല്യകൂട്ടമായി ളാലത്തിലൊട്ട പിന്തിരിഞ്ഞപ്പൊൾ കട്ടക്കയം ഇട്ടിമാത്തച്ചനും ഒരാചാരമായി ഇരുത്തി തെ[1] കുടിപ്പിച്ചു. ഇതും ഒക്കെയും മഹാ സന്തൊഷമായി വെറുകൂടാതെ ചെയ്തപ്പൊൾ അവരുടെ ഈ നില ഇതായത: പദ്രുവാദ യാതൊരു അറ്റകുറ്റമുണ്ടായിരുന്നുവെംകിൽ ഈ സന്തൊഷം ഇവരു കൈക്കൊള്ളുമൊ? വാച്ചതും പറയാതെയിരിക്കുമൊ? എന്ന അവരെ ശുദ്ധമാക്കുവാൻ ഇത സാക്ഷിയായി പറയുമെന്നും ഈ വല്യ കൂട്ടം നമ്മുടെ കൂടപ്പിറപ്പുകൾ ആയിരിക്കയും ഈവണ്ണം നന്ദി കാണിക്കയും ചെയ്തപ്പൊൾ അവർക്കു നെരിട്ടിരിക്കുന്ന കെട്ടിനെ പ്രതി ഒരു വചനമെങ്കിലും പറ

1. ചായ, ഇറ്റാലിയൻ വാക്ക്.

യാഞ്ഞാൽ പട്ടാങ്ങയുള്ള ഉപവിക്കു മതിയാകയില്ലെന്നും ദൈവതിരുമുമ്പിലും ഒരു കുറ്റപ്പാടിനും എടയായെക്കും എന്നും കണ്ട ആ കൂട്ടത്തിൽ എല്ലാവരും കെൾപാൻ തക്കവണ്ണം പ്രിയൊരായിപ്പൊൾ നാം എല്ലാം സന്തൊഷമായിട്ട നിങ്ങളിൽ നിന്ന ബഹുമാനപ്പെട്ടും ഒന്നിച്ചും തെളികയും ചെയ്തിരിക്കയിൽ മെലാലും ഒന്നിച്ചിരിപ്പാൻ തക്കവണ്ണം നിങ്ങളിൽ ഉള്ള (P.136) പിണക്കം തിരിച്ചറിഞ്ഞില്ലെംകിൽ ഒടുക്കം എന്ത്യെ ഞങ്ങളൊട അന്ന ഈ പട്ടാംഗ അറിവിച്ചില്ല - എന്ന നിങ്ങൾക്ക ഒരു ചൊദ്യത്തിനും ദൈവത്തിൽ നിന്ന ഒരു കുറ്റപ്പാടിനും എടമുണ്ടാകും എന്ന ഒരു ക്ലെശം പക്ഷെ ഈ പരമാർത്ഥം അപെക്ഷിച്ചാലും യിപ്പൊൾ ഫലിച്ചില്ലെംകിലും ഓർമ്മയ്ക്കും പിന്നെ ഉപകാരത്തിന്നും യിടവരും എന്നും പറഞ്ഞ ഈ പദ്രുവാദിലുള്ള നിങ്ങളുടെ നില വാസ്തമുള്ളതല്ല. ആയാലും ആത്മഗുണത്തിനും നന്മയ്ക്കും എത്രയും പൊരാത്തതെന്ന ആത്മക്കണ്ണുകൊണ്ട നൊക്കിയാൽ ഏവർക്കും തിരിയും. ആയതിനാൽ ഈ സന്തൊഷം പൊലെ പരലൊകത്തിലും ഒന്നിച്ചു തെളിവാനുള്ള വിചാരിക്കണമെന്നും അടച്ച പറഞ്ഞുംകൊണ്ട കടവിലൊട്ടു വന്നപ്പൊൾ പൊലീസിന്നായി ഔറാഹം തറപ്പൻ മുതലായി പട്ടക്കാരും മണ്ടപത്തുംവാതുക്കൽ പൊകുന്നവഴി ഞങ്ങളെയും കണ്ടില്ലെംകിൽ നില്ക്ക ഉറപ്പില്ലെന്നും കരുതി വഴിയിൽ കടവുവരെ ചില വചനം പറഞ്ഞ പിന്തിരികയും ചെയ്തു. പിറ്റെദിവസം മെലെഴുതിയ പുത്തൻ കുരിശുപള്ളിയിൽ ഞങ്ങൾ ചെന്നു.

പദ്രുവാദോക്കാരോടു പ്രിയോരച്ചന്റെ ഉപദേശം

[1] മറ്റും കഴിച്ചു ഉറപ്പി-തിരിഞ്ഞവർക്കും വെണ്ടി ധ്യാനത്തിന്നും പട്ടക്കാരരെ അയപ്പാൻ പറഞ്ഞൊത്ത പൊരും വഴിയിൽ മുത്തൊലിയിൽ കയറി കണ്ടു. അതു തന്നെ നന്നെന്നും ഉറച്ചു മണ്ണുക്കാ.........[2] രായ സ്ഥലത്തിന്റെ ഉടയവരെകൊണ്ട എഴുതി വാങ്ങിച്ചും കൊണ്ട പൊരികയും ചെയ്തു.

വീണ്ടും പണിക്ക വകയുണ്ടാക്കുവാനും ധ്യാനിപ്പിപ്പാനും ആളും അയച്ചു. (P.137) ഇതിനിടയിൽ പല പള്ളിക്കാരും ഇളകി എംകിലും പ്രൊ. വിഗാ. അപ്പ അച്ചന്റെ മനസ്സാക്ഷി അടങ്ങായ്കയാൽ പൊയ പെ. ബ. മെത്രാനച്ചന്നായി എഴുതിയാ ഇതാ = 70 കുംഭം 5-നു ഉണ്ടായ പ്രപ്പുഗാംദയുടെ കല്പനയുടെ പെർപ്പെ - എത്രയും പെ. പെ. ബ.

1. ഇവിടെ സ്വല്പം സ്ഥലം വിട്ടിരിക്കയാണ്.
2. പേരെഴുതുന്നതിനുള്ള സ്ഥലം വിട്ടിരിക്കുന്നു.

സാബാ. മെ - കർത്തജിനെ കൊമ്മിസ്സാരി അപ്പ. കൊടുത്ത അനുവാദ സംഗതിയിൽ ഗൊവക്കീഴായ പള്ളികളുടെ കാര്യത്തെക്കുറിച്ച പ്രപ്പുഗാംദയിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ ചൊവ്വുള്ള കല്പനയുടെ പെർപ്പ.

കല്പനയുടെ പകർപ്പ്

പള്ളിക്കടുത്ത സാമാന്യമല്ലാത്ത കാര്യങ്ങളുടെ ശു കൊംഗ്രവിസ്യത്തിന്റെ വിസ്താര പരീക്ഷയ്ക്ക ഞങ്ങൾ കൊടുത്ത ധനുമാസത്തിലെ എഴുത്ത കാണിച്ച ശുദ്ധ: മാർപ്പാപ്പയുടെ തിരുമനസിലെറ്റിയാറെ വരാപ്പുഴെ വിഗാരി അപ്പസ്തൊലിക്കാ കൊംകർദാത്തിന്റെ 15-ാമത്തെ വകുപ്പ ലംഘനം വരുത്താതെ എറ്റിയെ ആയതിന്നൊത്തവണ്ണം അവര അപെക്ഷിക്കുമ്പൊൾ ഒക്കയും അവിഗാരിയാത്തിന്റെ അതൃത്തിക്കുൾപ്പെട്ട കൽദായ സുറിയാനി തൂക്കാസാക്കാരുടെ വിശ്വാസികളെ കൈക്കൊൾകയും ചെയ്യാം എന്നും തന്റെ ശുദ്ധത പ്രസിദ്ധപ്പെടുത്തുകയും ചെയ്തു - അതെന്ത്യെ? കൊംകർദാത്ത ഉറപ്പിക്കപ്പെട്ടപ്പൊൾ ആവര അ വിഗാരി അപ്പസ്തൊലിക്കായ്ക്കു കീഴായിരിക്കയിൽ ആയതിൽ പറയും വണ്ണം[1]

(P.139)[2]

✠

## ഈ. മ. യ

മിശിഹാ പിറന്നിട്ട 1860-ാം കാലം മെടമാസം 3-നു നമ്മുടെ വിശീത്തയിൽ കല്പിച്ച പ്രമാണത്തിന്നടുത്ത ക്രമങ്ങൾ ആകുന്നത.

1-ാം മത കൊംവെന്ത വാതിലുകൾ ഒക്കയും ഉറപ്പുള്ള സാക്ഷ വെച്ച സെന്തസ്യാ[3] കഴിഞ്ഞാൽ ആരും ദിഷ്ടതിക്കു പൊയില്ലെംകിൽ എല്ലാം പൂട്ടി താക്കൊലുകൾ ഒക്കയും പള്ളിയുടെ താക്കൊലുകളൊടെ പ്രിയൊരിന്റെ മുറിയിൽ കൊണ്ടു ചെന്നുവെക്കയും വെണം.

2-ാമത. ദർശനക്കാരിൽ വെച്ച രണ്ടു പെരെ ദിസ്ത്രെത്തിമാരായിട്ട[4] നിശ്ചയിച്ചു കൊൾകയും ആയവരുടെ പറ്റിൽ മൂന്നു പൂട്ടുള്ള പെട്ടിയുടെ ഓരൊ താക്കൊൽ ഉണ്ടായിരിക്കയും അതു തുറക്കുന്ന നെരത്ത

1. അടുത്ത പേജ് ഒന്നും എഴുതാതെ വിട്ടിരിക്കുന്നു.
2. പേജ് 139 തുടങ്ങി ചില ഔദ്യോഗിക രേഖകൾ പകർത്തിയിരിക്കയാണ്. കൈയക്ഷരം ഗ്രന്ഥകാരന്റേതു തന്നെ.
3. Sententia - ഇറ്റാലിയൻ വാക്ക്, വാചകം എന്നർത്ഥം.
4. ആലോചനക്കാർ.

മാന്നാനത്തെ സന്യാസസമൂഹത്തിന് ചില പുതിയനിയമങ്ങൾ; ക. നി. മൂ. സ. ആക്കുന്നതിനു മുന്നോടി.

അവരും ഉണ്ടായിരിക്കയും, മാസാന്തം കണക്ക തീർത്ത ഇവരു രണ്ടു പെരും പ്രിയൊരിനൊടു കൂടെ കുർബാന പുസ്തകത്തിലും വരവു ചില വിന്റെ പുസ്തകത്തിലും ഒപ്പു കുത്തുകയും വെണം.

3-ാമത. വരവു ചിലവുകൾ ഒക്കയും വെടിപ്പായിട്ട എഴുതുന്നതിന്ന കടലാസുകൊണ്ടുള്ള പുസ്തകം ഉണ്ടായിരിക്കയും വെണം.

4-ാമത. സെമിനാരിയുടെ താഴെയുള്ള മുറികളിൽ ഒന്ന പ്രൊക്കുര[1] മുറിയായിട്ട നിശ്ചയിക്കയും കൊംവെന്ത വക പറമ്പു നിലം മറ്റും ബന്ധിച്ച സംഗതി കെൾപ്പാനും (P.140) തീർപ്പാനും അന്വെഷിപ്പാനും വരുമ്പോൾ ആ മുറിയിൽ പൊയി അന്വെഷിക്കുന്നതല്ലാതെ കൊംവെന്തയിൽ വച്ച ആവക കാര്യങ്ങളെക്കൊണ്ട സംസാരിക്കയും ആളുകളെ കെറ്റുകയും ചെയ്തുകൂടാ.

5-ാമത. ഇതിൻവണ്ണമുള്ള കാര്യങ്ങളെ അന്വെഷിക്കുന്നതിന്നെംകിലും മറ്റു മിച്ച സംഗതിയെക്കുറിച്ചെംകിലും അൾമെനിക്കാരൊട സംസാരിപ്പാൻ പൊകുമ്പൊൾ ദർശനക്കാരിൽ ഒരുത്തൻ കൂട്ടുകാരനായിട്ടുണ്ടായിരിക്കയും അവന്നു സംസാരിച്ചു കൂടായെംകിലും കൂട്ടുകാരൻ പറയുന്ന കുമ്പസാരത്തിന്നടുത്ത കാര്യമല്ലെംകിൽ അതൊക്കയും കെൾപ്പാൻ തക്കവണ്ണം നില്ക്കയും വെണം.

6-ാമത. കൂടെക്കൂടെ കൊംവെന്തയിൽനിന്ന പുറപ്പെടാതെയിരിപ്പാൻ പ്രയാസപ്പെട്ടുകൊള്ളണം. ആയതിന്ന ചില പള്ളികളിൽചെന്ന ആണ്ടു പെരുന്നാൾകളെ നടത്തിക്കൊണ്ടുവന്ന മുറ നീക്കി മെലാൽ ആ പള്ളികളിൽനിന്ന അറിയിപ്പു വരുമ്പൊൾ ഒഴിവായിട്ട എഴുതിക്കൊടുത്തയയ്ക്കുകയും അവിടെ ചെല്ലുവാൻ ആവശ്യമായി എന്നുവരികിൽ വചനത്താലെ പറഞ്ഞറിയിക്കയും ഈവണ്ണം പുറപ്പാടുകളൊക്കയും കുറച്ചുവരികയും വെണം. എന്നാൽ പൊകെണ്ടിവരുമ്പൊൾ പ്രിയൊരാദിസ്ത്രെത്തിമാരൊട ആലൊചിച്ചിട്ടെയാവൂ.

7-ാമത. ആഴ്ചതൊറും വെള്ളിയാഴ്ച ഊട്ടുമുറിയിലും ഞായറാഴ്ച പ്രാർത്ഥനസ്ഥലത്തിലും പ്രിയൊര അല്ലെ വിഗാരി കുറ്റം തീർക്കയും വെണം.

(P.141) എന്നാൽ അറിഞ്ഞിരിക്കുന്ന കുറ്റങ്ങൾ ഒക്കയും ശുഷ്കാന്തിയൊടും മുഖദാക്ഷിണ്യം കൂടാതെയും തീർത്തു വരികയും വെണം.

1. ഇറ്റാലിയൻ ശൈലി-സാമാനങ്ങൾ സൂക്ഷിക്കുന്ന മുറി.

അല്ലെന്നു വരികിൽ ഒരു സമയത്തെ മിണ്ടാതെയിരുന്നതുകൊണ്ടിനിക്കു ദുരിതം എന്ന ഫലംകൂടാതെ നിവ്യായൊടുകൂടെ സംകടപ്പെടെണ്ടിവരും.

8-ാമത. പുതുസന്യാസികളായ പറഞ്ഞൊപ്പു ചെയ്യാത്ത ദർശന ക്കാരർക്കും പറഞ്ഞൊപ്പു ചെയ്തവർക്കും പുറമെനിന്നും വരുന്ന അൾമെനി പട്ടക്കാരൊടും അൾമെനികളൊടും പ്രിയൊരിന്റെ പ്രത്യെ കമുള്ള അനുവാദം കൂടാതെ മിണ്ടിക്കൂടാ. വിശെഷിച്ച പുതുസന്യാ സികൾക്കു കൊവെന്തയിലെ ചിറ്റാണ്മക്കാരും വെലക്കാരുമായ കുസീ ഞ്ഞക്കാരൻ അച്ചടിപ്പുര വിചാരിക്കുന്ന ആളുകളൊടും മറ്റും മിണ്ടിക്കൂ ടാ. ഇതല്ലാതെയും ഇങ്ങനെയുള്ള ആളുകളൊടും പുറമെനിന്നും വരു ന്നവരൊടും മിണ്ടുന്നതിന്ന പൊതുവായിട്ട അനുവാദം കൊടുത്തുകൂ ടാ. പ്രിയൊരിന്നു എല്ലാവരും ഒരൊ സംഗതിക്ക അനുവാദം വാങ്ങി ക്കയും വാങ്ങിക്കുമ്പൊൾ കുപ്പായം മുത്തുന്നതല്ലാതെ പറവാനുള്ള കാര്യം പറഞ്ഞിട്ടു അല്ലാതെ വന്ന ആൾ പറവാനുള്ളത കെട്ടിട്ടും വീണ്ടും പ്രിയൊരിന്റെ മുമ്പാകെ ചെന്ന കാര്യം പറഞ്ഞുകഴിഞ്ഞു എന്നുള്ളതിനെ അറിവിച്ച കുപ്പായം മുത്തിക്കൊണ്ട തങ്ങൾക്കു കാര്യ ത്തിന്നു പൊകയും വേണം മുൻപും പിൻപും കുപ്പായം മുത്തുവാ നുള്ള മുറ കൊവെന്തയ്ക്കു പുറത്തിറങ്ങുവാൻ അനുവാദം വെണ്ടിവ രുമ്പൊൾ ഒക്കയും കാർക്കയും വെണം. ഈ ന്യായം പൊതുവായിട്ട കുളിപ്പാൻ പൊകുന്നവരൊക്കയും കുളിച്ചുകഴിഞ്ഞു വരുമ്പൊൾ വീണ്ടും (P.142) സുഫിരിയൊരിന്റെ മുമ്പാകെ ചെന്ന കുപ്പായം മുത്തുകയും വെണം.

9-ാമത. വചനത്താലെ കല്പിച്ചിരിക്കുന്ന പണി എല്ലാം എത്രയും വെഗത്തിൽ നടത്തി അൾമെനിക്കാരെ കൊംവെന്തയിൽ കെറ്റാതെ യിരിപ്പാൻ സൂക്ഷിക്കയും വെണം. ഈ കല്പനകൾ ഒക്കയും 3 മാസ ത്തെയ്ക്ക ഞായറാഴ്ചതൊറും ഊട്ടു വെയിൽ വായിക്കുന്നതല്ലാതെ ഒരു പുസ്തകത്തിൽ പതിക്കയും പുരണം. ശെഷമൊക്കെയും ദൈവ തിരുമനസുണ്ടായിരുന്നാൽ പിന്നെ ആയിക്കൊള്ളാമെന്നും വിചാരി ച്ചിരിക്കുന്നു.

ഇത എത്രയും പെ. പെ. ബ. മലയാളത്തിന്റെ വിഗാരി അപ്പസ്തൊ ലിക്കായുടെപെർക്ക മാന്നാനത്ത മാർ യൌസെപ്പുപുണ്യവാളന്റെ ആശ്ര മത്തിൽ വിസീത്ത കഴിച്ച മലയാളത്തിന്റെ മിസ്യൊനാരി അപ്പസ്തൊ ലിക്കാ ആയ പ്രെമർസ്ലീനൊ.

✠

(P.143) നമ്മുടെ ദർശനസഭ കർമ്മെലീത്താ ദിസ്ക്കാൾസ: എന്ന കാനൊനയ്ക്കടുത്ത സഭയൊടു ചെർന്ന കൊവെന്തകളെയും സന്യാസികളെയും കൈക്കൊണ്ട വീണ്ടും കൊംവെന്തകളെ സ്ഥാപിക്കുന്നതിന്നും മറ്റും അനുവദിച്ചിരിക്കുന്ന ദെക്രെത്തു കല്പനയുടെ നെരായ പെർപ്പ-

✠

ദൈവകൃപയാലെയും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ മനൊഗുണത്താലെയും മലയാളത്തിന്റെ വിഗാരി അപ്പസ്തൊലിക്കായും പാർസ്യാല്യ എന്ന ദിക്കിന്റെ മെത്രാപ്പൊലീത്തായും ആയ നാം പ്രെബെർണ്ണദിനെംസ ദെസംതാ ത്രെസ്യാ എഴുത്ത

നമ്മുടെ സ്നെഹപ്പെട്ട മക്കളായ മാന്നാനത്തു മാർ യൌസെപ്പു പുണ്യവാളന്റെ ആശ്രമത്തിൽ കൂടിയിരിക്കുന്ന ബ. പ്രിയൊരിന്നും ശെഷം ദർശനക്കാർക്കും സ്വസ്തതയും റൂഹാദക്കുദശായുടെ വാഴുവും.


എന്നാൽ നമ്മുടെ കർമ്മെലീത്താ സഭയുടെ തലവനായ ദെഹം 1860 – കാലം തുലാമാസം 1–ാംനു റൊമ്മാപുരിയിൽ ജനരാളിന്നടുത്ത ആശ്രമത്തിൽ ആലൊചനസഭകൂടി നാം ഈ മലയാളത്തിൽ ഉത്ഭവ പാപംകൂടാതെ ജനിച്ച കർമ്മെലൊ ദൈവമാതാവിന്റെ ശുശ്രൂഷികൾ (P.144) എന്ന നാമധെയത്തിൽ സ്ഥാപിച്ചിരിക്കുന്ന കൊംവെന്തകളെയും അതിലുൾപ്പെട്ട ദർശനവാസികളേയും കർമ്മെലീത്താ സഭയുടെ മൂന്നാം സഭക്കാരരായിട്ട കൈക്കൊണ്ട ഉറപ്പിക്കയും ഇനിയും കൊംവെന്തകളെ സ്ഥാപിച്ച അതിൻ വണ്ണം കൈക്കൊണ്ട നടത്തുന്നതിന്ന നമുക്ക മുഷ്ക്കരത്വം തരികയും ചെയ്തിരിക്കുന്നു. എന്ന വിവരത്തിന്ന അവിടെനിന്ന മെൽ ചൊല്ലിയ ആലൊശനസഭയുടെ നിശ്ചയം അടക്കികൊള്ളുന്ന ദെക്രെത്തു കല്പനയും നമുക്ക വന്നിരിക്കുന്നു. ആയ്തുകൊണ്ട അതിനാൽ നമുക്ക കിട്ടിയിരിക്കുന്ന മുഷ്കരത്വത്താലെയും ഈ എഴുത്താലെയും മെലെഴുതിയ കൊംവെന്തയെ കാനൊനാമുറയായി സഭ കൂട്ടമായിട്ട സ്ഥാപിച്ച ഉറപ്പിക്കുന്നതകൂടാതെയും നമ്മുടെ കർമ്മെലീത്താ സഭയൊടുള്ള ഐക്യമത്യത്തിൽ ചെർത്ത അതിന്ന ശു. മാർപ്പാപ്പാമാർ കല്പിച്ചുകൊടുത്തിരിക്കുന്ന വിശെഷ അനുവാദങ്ങൾക്കും ദൊഷപൊറുതികൾക്കും ധ്യാനനമസ്കാരം തപസ്സ ദാനധർമ്മം മുതലായ മനൊഗുണപ്രവൃത്തികൾക്കും നിങ്ങളെയും ഈ സഭയിൽ കൂടുവാനിരിക്കുന്നവരൊക്കയെയും പങ്കാളികളാക്കി ചമയ്ക്കയും ചെയ്യുന്നു.

എന്നാൽ സ്നെഹപ്പെട്ട മക്കളായ നിങ്ങൾ ഈ മനൊഗുണത്തിന്ന പ്രതിക്രിയ ചെയ്പാൻ വെണ്ടി മുറപ്രകാരം സഭ കൂടി ഈ സഭയിൽ ചെയ്പാനിരിക്കുന്ന ധ്യാനനമസ്ക്കാരം മുതലായ ധർമ്മപ്രവൃത്തികളുടെയും നിങ്ങൾക്കു കിട്ടുന്ന ദൊഷപൊറുതി മുതലായതിന്റെയും മുന്നിൽ ഒരു പങ്ക വെസ്പൃക്കാനായിൽ ദുരിതപ്പെടുന്ന ആത്മാക്കൾക്ക ഒഴിഞ്ഞുകൊടുപ്പാൻ എല്ലാവരും സമ്മതിച്ച ഒഴിഞ്ഞു കൊടുക്കയും ഈ സമ്മതപ്രകാരം എന്നന്നെക്കുള്ള ഓർമ്മക്കായിട്ടു സാക്ഷിത്വത്തൊടുകൂടെ കൊവെന്ത പുസ്തകത്തിൽ പതിച്ചുകൊൾകയും വെണം.


ഇത നമ്മുടെ വിശീത്തായുടെ നാളുകളിൽ ആമ്പല്ലൂർ പള്ളിയിൽ നിന്നും 1861-ാം കാലം കുംഭമാസം 27-ാംനു.

ഈ കല്പനപ്രകാരം ഇപ്പൊൾ ഉൾപ്പെട്ടിരിക്കുന്ന ദർശനക്കാരരായ ഞങ്ങളും ഇനി ഞങ്ങളൊടുകൂടെ വരുവാനിരിക്കുന്നവരും ഞങ്ങൾക്കു കിട്ടുന്ന നന്മകളുടെയും ദൊഷപൊറുതികളുടെയും മൂന്നിൽ ഒരു പംകു വെസ്പൃക്കാനായിലുള്ള ആത്മാവുകൾക്കു ദൈവം പൊറതി ചെയ്തു കൊടുക്കുന്നതിനും എന്നന്നെക്കുമായി നൽമനസാൽ ഞങ്ങൾ സമ്മതിച്ചിരിക്കുന്നു എന്നുള്ള ഈ ഓർമ്മക്ക സാക്ഷിയൊടുകൂടെ ഞങ്ങൾ കൈഒപ്പുവച്ച ഇത എഴുതിവച്ചിരിക്കുന്നു. ഇത 1861-ാം കാലം മെടം 2-നു.


പ്രിയൊര ആഹാ കുറിയാ ക്കൊാസ ഏലിയാ



സുപ്രിയോര ആ കുറിയാ ക്കോസ് ഏലീശാ



റൈത്തോർ ആഹാ കുറിയാക്കോസ് അൽബർത്തോസ്

[1]

(P.146) 1864 കന്നി 22-നു.

പെ. ബ. മെത്രാപ്പൊലിത്താച്ചൻ നമ്മുടെ വി. പ്രൊ. കല്പന ആയത

1- കൊവെന്തയിൽ കൂടി പട്ടം ഏൾക്കുന്നവര എടവകക്കുറി വാങ്ങിക്കണ്ട. ഉപകാരി പസാരം മറ്റവരെ പൊലെ വാങ്ങിക്കയും കൊവെന്ത മുതലിൽ ചെർക്കയും വെണം.

1. മാന്നാനം കൊവേന്തയുടെ ആലോചനപുസ്തകത്തിൽനിന്നുമാണ് ഈ രേഖ ഗ്രന്ഥകാരൻ പകർത്തുന്നത് എന്നു വ്യക്തം. 1864 വരെ ഗ്രന്ഥകാരൻ മാന്നാനം കൊവേന്തയിൽ താമസിച്ചിരുന്നു.

2- അവരുടെ കൂദാശ പട്ടങ്ങൾക്കു എടവകയിൽ വിളിച്ചു ചൊല്ലു കയും പരസ്യപ്പെടുത്തുകയും വെണ്ടാ.

3- നമ്മുടെ കൊവെന്തകളിൽ എത്രയാളുകൾ ഉണ്ടായാലും പ്രാർത്ഥന സ്ഥലത്തിൽ കാനൊന നമസ്ക്കാരം എത്തിക്കണമെന്നു ള്ളതും പ്രാർത്ഥന സ്ഥലം മുടങ്ങിക്കൂടാ എന്നും ചാവദൊഷത്തിന്ന ടുത്ത കടമില്ല.

4- ധനു 24-നു സപ്രാ കഴിയുമ്പൊൾ ആഴ്ചക്കാരൻ കാപ്പയുമിട്ട കെറിയൊനെമ്മാരുമായി[1] പ്രാർത്ഥന സ്ഥലത്തിൽ വന്ന പിറവി അറി വിക്കണം.

30-നു പെ. ബ. മെത്രാപ്പൊലിത്താച്ചൻ കല്പിച്ചതായത:-

നമ്മുടെ സന്യാസികളായ പട്ടക്കാരർക്ക കുമ്പസാരിപ്പാനുള്ള അനു വാദമില്ലാഞ്ഞാലും ദിഷ്ടതി വന്നാൽ അതായത: അനുവാദമുള്ള കൊവെന്ത പട്ടക്കാരില്ലെംകിൽ നമ്മുടെ കൊവെന്തക്കാരെ കുമ്പസാ രിപ്പിക്കയും ആം എന്ന എല്ലാപ്പഴയ്ക്കും അനുവദിച്ചിരിക്കുന്നു.

2-ാമത- കുർബാന പട്ടത്തിൽ മൂന്നു കുർബാന മെത്രാപ്പൊലിത്താ ച്ചൻ കല്പിക്കുന്ന ഉടൻ തന്നെ ചെല്ലണമെന്നില്ല.

(P.147) പിന്നെയൊ കല്ലംതാരിയിൽ ത്രിത്വത്തിന്നും റൂഹാദക്കുദശാ തമ്പുരാന്നും നെർച്ച കുർബാനയായിട്ടു ചൊല്ലുവാൻ തക്ക ദിവസ മായ പെരുന്നാളില്ലാതെ വരുന്ന ദിവസം നെർച്ച കുർബാനയായിട്ടു തന്നെ ചൊല്ലണം.

1. തിരികൾ എടുക്കുന്നവർ - സുറിയാനി ശൈലി.

# പല പഴയ ചരിത്രങ്ങൾ

## ദൈവത്തിനു സ്തുതി

### ഞ്ജാപകം

[1]കാന്തം എന്ന വസ്തു എപ്പൊഴും അതിന്റെ സ്ഥലമാകുന്ന വട ക്കൊട്ടു ചാഞ്ഞിരിക്കും എന്ന പ്രകാരംപോലെ ഈ മലംകരയുള്ള നസ്രാണികൾ എന്ന വിളിക്കപ്പെടുന്ന എന്റെ മാംസപരിഷക്കാരായ ജെഷ്ടാനുജമ്മാര പൂർവ്വകാലംമുതൽ എപ്പഴും സുറിയാനി മെല്പട്ട ക്കാരുടെമെലുള്ള ആശയാലും ഇഷ്ടത്താലും പല ആത്മനാശവും വന്നു ഭവിപ്പാനും ശു: പള്ളിയുടെ ഒന്നിപ്പിൽനിന്ന പലപ്പഴും വെർപി രിവാനും സംഗതിവന്നതല്ലാതെയും, ക്രിസ്ത്യാനികൾക്കടുത്ത പുണ്യവ്യാപാരവും കണ്ടു പഠിത്വവും ഇതുവരെയും ഈ മലയാളത്തിൽ സ്തിര പ്പെടുവാനും ഇടയായില്ല എന്ന സൂക്ഷിക്കുന്നവർക്കു പട്ടാങ്ങയാലെ കാണുകയും ആം. അതെങ്ങനെ എന്നാൽ ശു: മാർ തൊമ്മാശ്ലീഹാ യാൽ സത്യവെദം കൈക്കൊണ്ട ഈ മലയാളം ഇതവരെ മച്ചി ആയി രിക്കയും അതിൽപിന്നെ സത്യവെദം കൈക്കൊണ്ട പല പല നാടുക ളിലും ദ്വീപുകളിലും പല പുണ്യവാളമ്മാരും ഉണ്ടായിരിക്കുന്നു. ഇതിന്നും സൂക്ഷിക്കുന്നു എംകിൽ ഇതതന്നെ കാരണം എന്നു തൊന്നു ന്നു. ഇതായത പട്ടാങ്ങയുള്ള ലാക്കെപ്രതിയും മുഴുവനായ ഉപവിയെ ക്കുറിച്ചും തങ്ങളുടെ സ്വന്ത നാടും ദെശവും സംബന്ധക്കാരയും വിട്ടു പെക്ഷിച്ച ഈ സത്യവെദം നടത്തുവാനും മൊക്ഷവഴി കാട്ടുവാനും ആയിട്ട വരുന്നു. എന്ന തങ്ങളുടെ നെരുള്ള ജ്ഞാനപിതാക്കന്മാരായ മെല്പട്ടക്കാരുടെമെലും അറിയിപ്പുകാരുടെമെലും പട്ടാങ്ങയുള്ള വിശ്വാ സവും ഉപവിയും വൈക്കാതെ ദിഷ്ടതിയെക്കുറിച്ചും പാടില്ലാഞ്ഞിട്ടും നൃവാഹം യില്ലായ്കയാലയും (P.2) ചൊൽവിളി കെൾക്കുന്നു. കീൾവ ഴങ്ങുന്നു. എന്നല്ലാതെ പട്ടാങ്ങയുള്ള തങ്ങളുടെ പിതാക്കന്മാരെന്നും നമ്മുടെ ആത്മരക്ഷയ്ക്കായി സമസ്തവും അവരെതന്നെയും ഉപെ ക്ഷിച്ച നമ്മെ സ്നെഹിച്ച അനിഷ്ടിക്കുന്നു എന്നും ആയതുകൊണ്ട ഉപവിയാലെ അവർക്ക കീൾവഴങ്ങി അവരെ സ്നെഹിക്കണമെന്നും അവരാലെ സർവ്വേശ്വരൻ തന്റെ തിരുമനസ നമ്മൊടറിവിക്കുന്നു. എന്നും ശ്രെഷ്ഠന്മാരുടെ വചനം തംപുരാന്റെ തിരുവചനംതന്നെ

> കേരളത്തിൽ എന്തു കൊണ്ട് ഇതുവരെ പുണ്യവാന്മാരുണ്ടായില്ല

1. ഒരു പുതിയ ആമുഖത്തോടുകൂടി റോക്കോസ് ശീശ്മയുടെ ചരിത്രം എഴുതാൻ തുടങ്ങുകയാണ്.

വിശ്വാസികളുടെ അനുസരണം

എന്നും ഉള്ള ഉയിരുള്ള വിശ്വാസവും പട്ടാങ്ങയുള്ള ഉപവിയും ഇല്ലായ്കയാൽ ഒരിക്കലും ഹൃദയത്തൊടുകൂടെ തങ്ങളുടെ മെല്പട്ടക്കാർക്കെ കീൾവഴങ്ങുന്നുമില്ല. പട്ടാങ്ങയായിട്ട അവരെ വിശ്വസിക്കുന്നുമില്ല. ഇതിനാൽ അവരുടെ അനിഷ്ടത്താൽ ഫലം കാണുന്നില്ല. എന്നുകണ്ട അവരുടെ ഹൃദയവും ചടച്ച സംകടത്തൊടുകൂടെ വെലചെയ്കയും ആ വെല കൈക്കൊള്ളുന്നവരുടെ യൊഗ്യകെടാൽ ഫലം കൂടാതെയും ആയിതീരുകയും ഈ ഉപവികെടാൽ തന്നെ മറ്റു മെല്പട്ടക്കാരരെ കാരണംകൂടാതെ അപെക്ഷിക്കയും അപ്പൊൾ ശു: പള്ളിയിൽനിന്ന വെർപിരിഞ്ഞവരായിട്ടുള്ളവര എംകിലും മുഴുവനായ ചൊൽവിളിയിൽ പാർക്കാത്തവരായിട്ടുള്ളവരെംകിലും ആയ മെല്പട്ടക്കാരെ അന്വെഷിക്കയും കണ്ടെത്തുകയും ഇങ്ങനെ ശു: പള്ളിയുടെ കീൾവഴക്കത്തിൽനിന്ന വാങ്ങുകയും അപ്പൊൾ ഈ ആത്മനാശം നീയ്ക്കുവാൻ മനഗുണമുള്ള ശു: പള്ളി അധികമായിട്ടുള്ള അനിഷ്ടങ്ങൾ ചെയ്കയും വീണ്ടും പിൻതിരിഞ്ഞു വരികയും ഇങ്ങനെ ഏറെക്കുറെ ഓരൊരൊ യുഗത്തിൽ ഓരൊ മറിച്ചിലുകളും (P.3) ഉണ്ടായിരിക്കുന്നു എന്നും കാരണവന്മാരാൽ കെട്ടിരിക്കുന്നു. എന്നാൽ ആയതിൽ ഒടുക്കം നിന്നിരുന്നത: പണ്ടാരിമെത്രാൻ എന്ന ഒരാൾ: കുത്ത്യതൊട്ടിൽ മാത്തുത്തരകൻ എന്ന അയാളുടെ കപ്പലെൽ പൊയിരിക്കയും അപ്പൊൾ പള്ളിക്കാരുടെ എഴുത്തും വാഗ്ദാദിൽ പാത്രിയർക്കീസിനുണ്ടായിരുന്നു എന്നും എന്റെ മല്പാനും ഈ നമ്മുടെ കൊവെന്തയുടെ തുടർമാനക്കാരനും അനിഷ്ടക്കാരനും ആയ ദെഹം പറഞ്ഞുകെട്ടിരിക്കുന്നു. ഇതെങ്ങനെ എന്നാൽ ആലങ്ങാട്ടുപള്ളി എടവകക്കാരൻ കരിയാറ്റിൽ യൌസെപ്പ: എന്നയാൾ ഈ ഉത്തീൻ മെല്പട്ടക്കാരു മിസ്യ്യാണാരിമാരുടെ സഹായത്താൽ പ്രപ്പുഗാംദയിൽ എത്തുവാനും പഠിപ്പാനും വീണ്ടു മല്പാനായിട്ട മലയാളത്തിൽ വരുവാനും സംഗതിവന്നാറെ വീണ്ടും പാറയെമാക്കൽ

കരിയാറ്റിയും പാറേമ്മാക്കലും

ത്തൊമ്മാ കത്തനാരച്ചനുമായി റൊമ്മയ്ക്കപൊയി പൊർത്തുഗലിൽ ചെന്ന മലംകരയുടെ മെത്രാപ്പൊലീത്ത ആയിട്ട വാഴ്ച കൈക്കൊണ്ട ഗൊവയിൽ വന്ന കാലം ചെയ്കയും വീണ്ടു തൊമ്മാ കത്തനാരച്ചൻ മലയാളത്തിൽ വരികയും അപ്പൊൾ ഗൊവക്കാരുടെ ദ്വെഷത്താൽ ആദെഹത്തിനെ കൊന്നുകളഞ്ഞു. എന്ന ഒരു ഭൊഷ്ക്കയിവിടെ നടക്കുകയും ഇതിനാൽ പള്ളിക്കാരുടെ എടത്തിൽ ഉത്തീൻ മെല്പട്ടക്കാരരെ കൈകൊൾകയില്ലന്നും ഒരു മറുതല ഉണ്ടാകുകയും ചെയ്തു. അപ്പൊൾ വരാപ്പുഴെ ഭരിച്ചിരുന്ന പ്രെ. ളൂയിസ

യെന്ന മെത്രാനച്ചൻ ഗൊവയ്ക്ക എഴുതി ഇപ്പൊൾ ഈ തൊമ്മാകത്ത നാരെ നിങ്ങൾ ഗൊവർണ്ണദൊരാക്കണമെന്നും അല്ലംകിൽ ഇവര എട ത്തൂട്ടിൽ ഉൾപ്പെട്ടു നശിച്ചുപൊകും ആയത ചെയ്താൽ (P.4) വീണ്ടും മുൻപിലത്തെപ്പൊലെ നിങ്ങളുടെ ചൊൽവിളിയിൽ നില്ക്കയും ചെയ്യും എന്ന ഇതിനാൽ ഈ തൊമ്മാ കത്തനാരച്ചനെ ഗൊവർണ്ണദൊരാക്കു കയും ആദെഹത്തിന്റെ കീഴിൽ സുറിയാനി പള്ളിക്കാര ഒക്കയും നട ന്നുവരികയും അപ്പൊൾ മെത്രാൻ ഇല്ല എന്ന കാരണത്താൽ അത്രെ മെലെഴുതിയ അപെക്ഷ വാഗ്ദാദിന്നുണ്ടായത. എന്നാൽ ബ. തൊമ്മാ ഗൊവർണദൊര എന്നദെഹം ബൊധിച്ചുകൊണ്ടൊ ഏതുപ്രകാരം എന്നും അറിഞ്ഞില്ല.

എന്നാൽ ഈ പണ്ടാരി മെത്രാൻ എന്നയാൾ വന്നപ്പൊൾ ഈ ദെഹം ശടപ്പായിരുന്നു എംകിലും ആദെഹം ഇതിനെ സമ്മതിച്ചു, കൈക്കൊ ണ്ടില്ല എന്നും ആദെഹത്തിന്റെ കാലം കഴിഞ്ഞശെഷം പാലായിൽ കട്ടക്കയത്താ അവിരാ മല്പാൻ എന്ന ദെഹം മാത്തു തരകന്റെ ഒത്താ ശയാൽ രാജ അനുവാദത്തൊടെ കുമരകത്ത പള്ളിയിലും വച്ച പടി പ്പിച്ചു വരികയിൽ ഗൊവർണ്ണദൊര എന്നദെഹം മരിച്ചാറെ ഈദെഹ

പണ്ടാരി മെത്രാൻ പട്ടം കൊടുക്കുന്നു

ത്തിനെ ആദെഹം പള്ളി ഭരിപ്പാൻ ഗൊവർണ്ണദൊ രാക്കി എന്നുള്ള ഒരു സ്വരം ഇതിനാൽ ആ മല്പാൻ ഈ പണ്ടാരി മെത്രാനെ പുത്തൻ കുർബ്ബാനയും ചൊല്ലിച്ച ചങ്ങനശെരിൽ പള്ളിയിൽ വച്ച 7 പെർക്കു കുർബ്ബാന പട്ടവും കൊടു പ്പിച്ചു. ഇതൊക്കയും മാത്തുതരകന്റെ അനുജൻ അവുറാഹം മല്പാൻ എന്നയാൾ കണ്ടാറെ ഇത ശു. പള്ളിയൊട എത്രയും വല്യ മറുതല എന്നും ഇതന്ന ഞാൻ കൂടുകയില്ല എന്നും ജെഷ്ഠനൊടു പറഞ്ഞാറെ സമ്മതിക്കായ്കയാൽ പാണ്ടിരാജ്യം (P.5) പൊയികൊള്ളാം എന്നും വച്ച വരാപ്പുഴെ വന്നു. പെ. ബ. ശു. ളൂയീസ മെത്രാനച്ചനെ ബൊധിപ്പി ച്ചാറെ ആദെഹം നൽഗുണദൊഷവും പറഞ്ഞ രഹസ്യത്താൽ ഈ മെത്രാനൊടു കൂടിയവരുടെ കുറ്റവും തീർപ്പാനും മറ്റും വെണ്ടിയ മുഷ്ക്ക


പണ്ടാരിമെത്രാൻ കേരളത്തിൽ നിന്നു പോകുന്നു

രവും കൊടുത്ത ഒരു വിഗാരി ജരാൾ എന്ന പൊലെ നിയമിക്കയും ഈദെഹം വടക്കെ ദിക്കു കളിൽ പൊയി ഈ വിവരം അറിവിക്കയാൽ ആ പള്ളിക്കാര ഇതിൽ ഉൾപ്പെടാതിരിക്കയും അനുജൻ പിണങ്ങിപ്പൊയ തിനാൽ മാത്തുതരകനും ഈ പിണക്കത്തിൽ നിന്നു തിരികയും മെത്രാൻ ഭ്രാന്തും പിടിച്ച കുറെനാൾ അവിടെയിവിടെ നടന്നു തീർച്ച യിൽ കണ്ടില്ല. പാറയമാക്കൽ ഗൊവർണദൊര എന്ന ദെഹം കഴിഞ്ഞ

വിവരം ഗൊവയിൽ അറിഞ്ഞ ഞാറക്കൽ ചംകൂരിക്കൽ മല്പാൻ പ്രപ്പു ഗാംദയിൽ പഠിച്ചു വന്നിരുന്നു. എന്ന ദെഹത്തെ വീണ്ട ഗൊവർണ്ണ ദൊരാക്കുകയും കട്ടക്കയത്ത അവുറാഹം മല്പാന്റെ ഗൊവർണ്ണദൊരുദ്യൊഗം താനെ തിരുകയും ചെയ്തു. ഈ വിവരം ഒക്കയും എന്റെ മല്പാൻ ബ. പള്ളിപ്രത്ത പാലയ്ക്കൽ തൊമ്മാ മല്പാനച്ചൻ പറഞ്ഞു വെണ്ടുംവണ്ണം കെട്ടിരിക്കുന്നു. അതെന്ത്യെ ഈദെഹം ആക്കാലത്തിൽ ഈ കുത്ത്യതൊട്ടിൽ മല്പാനച്ചനൊടു പടിച്ചിരുന്ന വീണ്ട ഏറിയ നാൾ വരാപ്പുഴെ ബ. ബ. റൈമൂന്തു മെത്രാനച്ചന്റെ സെക്രത്താരി ആയിട്ടും പാർത്തിരുന്നതിനാൽ വിവരം ഒക്കയും പട്ടാങ്ങയായിട്ടറിഞ്ഞിരുന്നതിനാൽ സാമാന്യമായിട്ട സുറിയാനി ബാവാന്മാരായിട്ട മുൻപിൽ ഇവിടെയിരുന്ന ചില മെത്രാന്മാരെ പറുംങ്കിക്കാര അഴിമുഖത്തെ കെട്ടി താഴ്ത്തി എന്നും കരിയാട്ടി (P.6) മെത്രാപ്പൊലിത്തായെ ഗൊവയിൽ വച്ച അപായം വരുത്തി എന്നും നെരറിയാതെ മലംകരക്കാരു ചിലരു പറഞ്ഞുവരുന്നതൊക്കയും ഭൊഷ്ക്കും തിരിവില്ലായ്കയും ആകുന്നു എന്നും മുൻ വാഗ്ദാദുവാവെൽ ഇടങ്ങളിൽ നെസ്തൊറീസ വെളിപ്പെട്ടതിന്റെ ശെഷം അവന്റെ ദുഷ്ട ശിഷ്യരത്രെ ഇവിടങ്ങളിൽ വന്നു പള്ളി ഭരിച്ചു വന്നതും നമ്മുടെ കാരണവൻമാര ഇതിന്റെ വിവരം മുഴുവനും തിരിയാതെ ശു. പള്ളിയിൽ നിന്നും യാത്രയാക്കപ്പെട്ട മെല്പട്ടക്കാരത്രെ എന്നും വിചാരിച്ച കീൾവഴങ്ങി നടക്കുകയും വീണ്ട എറൊപ്പയിൽ നിന്ന ശു. ശവരിയാരു മുതലായ ജെശുവീത്തക്കാരരും കർമ്മെലീത്തക്കാരരും ആയ അറിയിപ്പുകാര അവരുടെ ആയുസ്സുപെക്ഷിച്ച ഏറിയ അനിഷ്ടവും അനുഭവിച്ചും പലര വഴിയിൽ മരിച്ചും പലര കടലിൽ ചിലവെഴുതിയും ഇങ്ങനെ എടത്തൂട്ടിൽ നിന്ന പറിച്ച ശു: പള്ളിയിൽ ചെർത്ത നിറുത്തിയിരിക്കുന്നു എന്നും വാവെലിൽ നിന്നും സുറിയാനി മെല്പട്ടക്കാരിൽ നിന്നും യാതൊര ആത്മഗുണവും ഉണ്ടാകുന്നതല്ലാ എന്നും ആയതുകൊണ്ട സുറിയാനി മെല്പട്ടക്കാരു വെണമെന്നും മനസിവച്ചാൽ സംശയം കൂടാതെ വെഗത്തിൽ ശെഷിച്ചിരിക്കുന്ന പള്ളിക്കാരും പുത്തൻകൂറ്റുകാരും മറ്റിടത്തുട്ടുകാരും ആയിപ്പൊകുമെന്നും ഇത തന്നെയുമല്ല ഞാൻ കണ്ണു തുറന്ന നാൾ മുതൽ ദൈവമാതാവിന്റെ മക്കളായ ഈ കർമ്മെലീത്താക്കാരുടെ ജ്ഞാനപാൽ കുടിച്ച വളർന്നിരിക്കുന്നതിനാൽ ഈ ചിറകിന്റെ കീഴിൽ നിന്ന അകന്നു പൊകരുതെന്നും, വടയാറ്റു ശരസിച്ച ശു: പുസ്തകം പൊലെ കാർത്തു

> പ. മാർപാപ്പയാൽ അയക്കപ്പെട്ടവർ എന്നു വിചാരിച്ച് ബാബേൽ മെത്രാന്മാർക്ക് ന. പിതാക്കന്മാർ കീഴ്വഴങ്ങിയിരുന്നു

വരുന്ന വർത്തമാന പുസ്തകം വായിച്ചുകൂടാ എന്നു തന്നെയല്ല ആയത ചുട്ടുകളവാൻ ദിഷ്ടതിയാക്കുന്നു. എന്നും പല നാൾ ഇദെഹം പറഞ്ഞ ഞാൻ കെട്ടിരുന്നു. എന്നാൽ ആയതിന്റെ ഭവിഷ്യതി ഇപ്പൊൾ കണ്ണാലെ


145

(P.7) തന്നെ കാണ്മാനും സംഗതി ആയി എന്ന ഈ കാലത്തിൽ ഈ ക്കെൾവിയും അറിവും ഇല്ലാതെയിരുന്നുവെംകിൽ ഈ റൊക്കൊസു മതത്തിൽ അകപ്പെട്ട വല്യ ആത്മനാശത്തിന്നും ഇടവന്നെനെ ഇതാ യത ആ എംകിൽ കഴിലപ്പെട്ടവരയും[1] തട്ടിക്കും എന്ന പ്രകാരം പൊലെ യുള്ള കള്ള മ്ശിഹാക്കൾ പുറപ്പെടും എന്നുള്ള തിരുവചനാലെ ഇപ്പൊൾ ഈ മലയാളത്തിൽ വന്ന തട്ടിച്ചു എന്ന റൊക്കാസ മെത്രാൻ ഇവിടെ വരാനുള്ള സ്ഥലവും വന്നിറങ്ങിയ വിവരവും ഇവിടെ താമ സിച്ചും കൊണ്ട ചെയ്ത തിന്മകളും കടശിയിൽ ശാപം ഏറ്റ കപ്പലിൽ കരെറി പൊയതും ആയ ഈ വിവരങ്ങൾ ഞാൻ അറിഞ്ഞിരിക്കും വണ്ണം ചുരുക്കത്തിൽ അറിവിക്കുന്നു-

**ഒന്നാം പതം**

മുൻപിൽ ഞാൻ എഴുതിയതിൻ വണ്ണം ഒരെ, യുഗങ്ങളിൽ ഈ ഗതിയും മറിച്ചിലും ഉണ്ടായി എന്ന പ്രകാരം ഒടുക്കത്തെ മറിച്ചിലായ

വരാപ്പുഴ വിഗാരി അപ്പസ്തോലിക്കമാർ

പണ്ടാരി മെത്രാന്റെ കുഴപ്പം കഴിഞ്ഞ ശെഷം പ്രെ: ളൂയിസ, പ്രെ. റൈമൂന്ത, പ്രെ. മിലെസിയൂസ, പ്രെ. മൌറെലിയൂ എന്ന ഈ പെ. ബ. വിഗാരി അപ്പ സ്തൊലിക്കാമ്മാരുടെ കാലം കഴിഞ്ഞ പ്രെ. പ്രംസീസ്ക്കശവിയെർ എന്ന പെ. ബ. വിഗാരി അപ്പസ്തൊലിക്കാ എന്ന ദെഹം വരാപ്പുഴയും പെയിശൊത്ത എന്ന ഗൊവർണ്ണദൊര എന്നദെഹം കൊടുങ്ങള്ളൂർ രൂപതയും ഭരിച്ചിരിക്കുമ്പൊൾ പൊർത്തുഗാൾക്കാരുടെ ജ്ഞാനാധി കാരം നീയ്ക്കിയിരിക്കയാൽ ഇന്ത്യായിൽ ഉള്ള അവരുടെ വിചാരണ യിൽ ഉൾപ്പെട്ട പള്ളികളെ വിഗാരി അപ്പസ്തോലിക്കന്മാരെ ഏൾപ്പി

കുറവിലങ്ങാടു പനങ്കുഴ കുര്യപ്പു കത്തനാരുടെ യഥാർത്ഥചിത്രം

ച്ചിരിക്കുന്ന വണ്ണമുള്ള Multa Praeclare എന്ന തിരുവെഴുത്തിൻ പ്രകാരം കൊടുങ്ങള്ളൂർ രൂപതയിൽ ചെർന്ന (P.8) നടത്തിയിരുന്ന പള്ളികൾ വരാപ്പുഴെ കീൾവഴങ്ങുവാനായി വന്നപ്പൊൾ എടപ്പള്ളിയിൽ വിഗാരി ആയിരുന്ന കുറവലങ്ങാട്ടുകാരൻ പനങ്കുഴ കുര്യയിപ്പ കത്തനാര എന്നയാളും പള്ളി ക്കാരും കൂടെ വരികയും എന്നാൽ കുര്യയിപ്പ എന്നയാളുടെ പിടിച്ചു പറി അന്യായം മുതലായ ക്രിസ്ത്യാനികൾക്കാട്ടാത്ത വ്യാപാരങ്ങൾ ഒക്കയും ആദെഹം ബൊധിച്ചിരിക്കയാൽ ഈ അയാൾക്ക വിഗാരിത്വം ഒരുനാളും നാം കൊടുക്കുന്നതല്ല എന്നും കല്പിച്ചപ്പൊൾ ആനക്ക ല്ലുംകൽ പൂണ്ടിക്കുളത്ത മല്പാനുംകൂടെ ഉണ്ടായിരുന്നതിനാൽ

1. കഴിവുള്ളവരേയും

ഈയാൾക്ക കുറെ നാളെയ്ക്ക എംകിലും വിഗാരിത്വം കൊടു ത്തില്ലംകിൽ അയാൾ വാച്ചതും തിന്മയും ഉപദ്രവവും ചെയ്യും എന്നും ആയതുകൊണ്ടപ്പൊൾ അയാളെ പിണക്കാതെ അച്ചൻ മനൊഗുണമാ യിട്ട കുറെനാൾ അയാൾതന്നെ ആ പള്ളിയിൽ വിഗാരി ആയിരിക്ക ട്ടെ എന്നും കല്പന ഉണ്ടാകണമെന്നും ആദെഹവും കൂടെ ബൊധി പ്പിച്ചാറെ എന്നാൽ ഒരു പിശാചിന്റെ കൈയ്യിൽ ഈ ജനങ്ങളെ ഏൾപ്പി ച്ചാൽ നന്നായിരിക്കും. ഈയാളെക്കായിലും ആയതുകൊണ്ട ഇയാ ളാൽ കഴിയുന്ന ഉപദ്രവം ചെയ്യട്ടെ എന്നാലും നാം മനസറിഞ്ഞുകൊണ്ട ഈശൊമിശിഹാടെ ആടുമാടുകളെ ഈയാളെ ഏൾപ്പിപ്പാൻ പാടുള്ള തല്ല എന്നും കല്പിച്ച അയാളെ അവിടെ നിന്നും നീയ്ക്കി മറ്റു വികാ രിയെ കല്പിക്കയും ചെയ്തു.

ഇതു നിമിത്തം ഈയാൾ കുറവലങ്ങാട്ടു ചെന്ന നിധിയിരിക്കൽ കത്തനാരച്ചനെയും കൂട്ടിക്കൊല്ലത്ത ശീശ്മ ഗൊവർണ്ണദൊരിനെക്കണ്ട ആ പള്ളിക്കാരയും ആയതിൽ ഉൾപ്പെടുത്തിയതുമല്ലാതെ വാഗ്ദാദിൽ പാത്രിയർക്കിസിനായിട്ട യിവിടെയുള്ള പള്ളിക്കാരുടെയും പട്ടക്കാരു ടെയും പെരുവച്ച ഒരു സുറിയാനി മെത്രാനായും മല്പാന്മാരായും അയക്കണമെന്നും മറ്റു പല സംകടങ്ങളും ആയി എഴുതി അയ്ക്കയും

> പനങ്കുഴ സുറിയാനി മെത്രാനുവേണ്ടി ശ്രമി ക്കുന്നു

കുറെനാൾ കഴിഞ്ഞപ്പൊൾ അവിടെനിന്നും നിക്ലാവൂസ പാത്രിയർക്കീസിന്റെ ഒരു മറുപടി വന്നു (P.9) ഇതായത നിങ്ങളുടെ മെൽ നമുക്കുള്ള മുഷ്ക്കരത്വം എറിയനാൾ മുമ്പെ നമ്മിൽനിന്നു എടുക്കപ്പെട്ടു എംകിലും നാം അപെക്ഷിച്ചാൽ കിട്ടുകയും ചെയ്യും. നിങ്ങളും ശു: സിംഹാസന ത്തുംകൽ ബൊധിപ്പിച്ചുകൊള്ളണം നാമും ഏറെ താമസംകൂടാതെ ബൊധിപ്പിച്ച നിങ്ങളുടെ അപെക്ഷ സാധിച്ച തരികയും ചെയ്യും. ഇങ്ങ

> പാത്രിയർക്കീസിന്നു കേരളത്തിലെ സുറിയാ നിക്കാരുടെമേൽ അധി കാരമില്ല

നെയുള്ള മറുപടി സുറിയാനി പെച്ചിൽ വന്നതി നാൽ ആയത മറ്റു ചില പട്ടക്കാരെ കാണിക്കയും ചിലർക്ക യിതിമ്മെൽ സന്തൊഷം തൊന്നുകയും ഇങ്ങനെയിരിക്കുമ്പൊൾ വീണ്ടും ഇയാൾ വാവെ ലിന്ന എഴുത്തുകൾ കൊടുത്തയ്ക്കയും ചെയ്തു വരുമ്പൊൾ പാറെ സക്കാരൻ ദെനഹ വർയൊന എന്ന ഒരു പട്ടക്കാരൻ പാത്രിയർക്കി സിൻ പക്കൽനിന്നും പിണങ്ങിയൊ അനുവാദം വാങ്ങിക്കാതെയൊ ധർമ്മത്തിന്നായിട്ടൊ പുറപ്പെട്ട ബൊംബയിൽ വരികയും അപ്പൊൾ ഇവിടെ കൽദായ, സുറിയാനിക്കാരും പള്ളികളും അധികമുണ്ടെന്നും അവര സുറിയാനിക്കാരെ കണ്ടാൽ സന്തൊഷിച്ച അധികം വാച്ചതും

കിട്ടുമെന്നും നിരൂപിച്ച കൊച്ചിയിൽ വന്ന ശീശ്മ പാദ്രി ആയ തൊറിഞ്ഞു പാദ്രി എന്നയാളുടെ വീട്ടിൽ കരെറിക്കുറെദിവസം

ദെനഹായുടെ യഥാർത്ഥ ചിത്രം

പാർക്കയും ചെയ്തു. ഈ വിവരം അറിഞ്ഞയുടൻ പനംകുഴ കൊച്ചിയിൽ ചെന്ന ഈയാളെ കൂട്ടിച്ച കുറ വലങ്ങാട്ട കൊണ്ടു വന്ന താമസിപ്പിച്ച കൊണ്ട മെത്രാൻ ആകുന്ന എന്നും വടിയും മുടിയും പെട്ടകത്തിലിരിക്കുന്നു എന്നും ഉത്തിൻകാര അറിഞ്ഞാൽ ചതിച്ച അകപ്പെടുത്തും എന്നതുകൊണ്ടത്രെ പട്ടക്കാരൻ എന്നു പറയുന്നത എന്നാൽ എല്ലാവരും കൂടി സ്വരുമിച്ച അപെക്ഷി ക്കുംപൊൾ മാത്രമെ മെത്രാനെന്ന വെളിപ്പടുത്തു. എന്നിവണ്ണമുള്ള ഭൊഷ്ക്കകളും നൊ (P.10) ണയും പറഞ്ഞ പരസ്യപ്പെടുത്തുകയും കാരക്കുന്നത്ത മല്പാൻ മുതലായി ചില പട്ടക്കാരു ചെന്നു കാണു കയും വാവെലിന്നും മറ്റു ചില സംകടം എഴുതിയുണ്ടാക്കി ആയ്തിൽ

ദെനഹ എന്ന കൽദായ വൈദികൻ കേരളത്തിൽ പ്രിയോരിന് എഴുതുന്നു.

ഒപ്പു വൈപ്പിക്കുകയും ഇങ്ങനെ തുടങ്ങിയതിനാൽ പള്ളിക്കാരുടെ ഇടയിൽ ചില യിളക്കവും തുടങ്ങി. ഈ സ്വരം ഒക്കയും നമ്മുടെ ഈ മാന്നാനത്തിൽ സമീപമാകയാൽ കൂടെക്കൂടെ കെട്ടാറെയും അങ്ങൊട്ട ചെവി കൊടുക്കായ്കയാലൊ മറ്റു ചിലരുടെ ഗുണദൊഷ ത്താലയൊ ഇങ്ങൊട്ടു സുറിയാനിയിൽ ഒര എഴുത്തു കൊടുത്തയച്ചു (നിങ്ങൾ ദൈറായക്കാരായ എത്രയും സ്നെഹിക്കപ്പെട്ട എന്റെ പരി ഷക്കാരരും കൂടപ്പിറപ്പുകളും എന്ന നിങ്ങളുടെ മെലുള്ള സ്നെഹത്തൊ ലയും കെൾവിയാലയും ഈ മലയാളത്തിന്നു ഞാൻ വന്നു. എന്നാൽ എല്ലാവരെക്കായിൽ മുൻമ്പിനാൽ എന്നെ കാണ്മാൻ നിങ്ങൾ വരുമെന്നും ഞാൻ ശരണപ്പെട്ടിരുന്നാറെ മറ്റ പലരും എന്റെ പക്കൽ വരികയും കാണുകയും ചെയ്താറയും ഇതവരെയും നിങ്ങളെ കാണായ്കയാൽ ഏറ്റവും ഞാൻ അശൈര്യപടുന്നു. എന്നാൽ ഇപ്പൊൾ ഈ സ്നെഹ ത്തിന്റെ ചെറിയ കുറിപ്പ ഞാൻ യാത്രയക്കുന്ന ഇത നിങ്ങളുടെ പക്കൽ എത്തിയാൽ ഉടൻ നിങ്ങളുടെ തലവൻ ആയ എന്റെ ഉപവിയാകപ്പെട്ട കൂടപ്പിറപ്പ കുറിയാക്കൊസ മല്പാൻ എംകിലും എന്റെ പക്കൽ വന്നു ചെരുമെന്നും കർത്താവിൽ ഞാൻ ശരണപ്പെട്ടിരിക്കുന്നു. കർത്താവിൽ സ്വസ്തതപട്ടവരു നിങ്ങൾ ആകുവിൻ) എന്ന ഈ വണ്ണം ചെറിയ ഒരു കടലാസ കുറവലങ്ങാട്ടു പള്ളി വെലക്കാരായ കൊയിക്കന്മാരിൽ ഒരു ത്തന്റെ പക്കൽ കൊടുത്തയച്ചു. എന്നാൽ ഇതിന്ന ഞങ്ങൾ കൈപ്പറ്റി എംകിലും ദിഷ്ടതിയുള്ളതിന്നല്ലാതെ ഉത്തരിപ്പാൻ ആവശ്യമില്ല എന്നും (P.11) നിരൂപിച്ച മറുപടി ഞങ്ങൾ കൊടുത്തില്ല. എന്നാൽ

ഇങ്ങനെ ഞങ്ങൾ ഉത്തരിച്ചില്ലംകിലും ഈ കൂട്ടത്തിൽ ഞങ്ങളെയും കൂടെ ഉൾപ്പെടുത്തണമെന്നും മറ്റു ചിലരുടെ ഗുണദൊഷത്താലയൊ അയാളുടെ തനിച്ചുള്ള ബൊധത്താലയൊ തിരിഞ്ഞില്ല അവിടെ നിന്നും നാലാറു ദിവസം കഴിഞ്ഞപ്പൊൾ കൊട്ടയകത്ത യാക്കൊവാ

സുറിയാനി മെത്രാനു വേണ്ടി ദെനഹായുടെയും കുടക്കച്ചിറയുടെയും പ്രവർത്തനങ്ങൾ

യക്കാരൻ ആയ എടവഴിയ്ക്കൽ പീലിപ്പൊസ കത്തനാര എന്ന പെർപെട്ട തെക്കുംഭാഗത്തിൽ പുത്തൻ കൂറ്റുകാരനായ പൊരിൽ മികച്ചവനന്നും മൊട്ടത്തല തമ്മിൽ കൂട്ടിക്കെട്ടുവാൻ മഹാ പ്രാപ്തിക്കാരനും ആയ ഒരാളും അയാൾക്കടുത്ത മൂത്ത മകനായ ഒരു കൊച്ചുകത്തനാരും ഉണ്ട. അയാളെക്കാണ്മാനായിട്ടു ഈ ദെഹം പട്ടക്കാരനും മഹാ തപസിയായിട്ടും പുണ്യമായിട്ടും നടന്നിരുന്നവനും ഇപ്പൊൾ കുടക്കച്ചിറയൊടും കൂടെ വാവെലിൽ ചെന്ന അവിടെ മരിച്ച യാളും ആയ കടനാട്ടുപള്ളി എടവകക്കാരൻ ഇല്ലിക്കൽ സെബസ്ത്യാനോസ കത്തനാര എന്നയാളുമായിട്ടു കുറവലങ്ങാട്ടുനിന്നും പുറപ്പെട്ട കൊട്ടയകത്തു ചെന്ന ഒരു ദിവസം നമ്മുടെ പള്ളിയിൽ പാർക്കയും മെലെഴുതിയ ആളുകളൊക്കയും ആയിട്ടു കാണുകയും സുറിയാനിയും ഉത്തീനും ഈ ദനഹ പഠിച്ചിരിക്കയാലും വാക്കു സാമർത്ഥ്യം ഉള്ള വൻ ആകയാലും എടവഴിക്കനും ഈയാളെ കുറച്ചു സ്തുതിച്ചു പറഞ്ഞു. ഇതിനാൽ കെട്ടവരൊക്കയും ഏറ്റവും നമ്മുടെ മലങ്കരക്കാരായ മാപ്പിളമാരും മഹാസ്തുതിയും കൊണ്ടാട്ടവും ഒഹൊ സുറിയാനിക്കാർക്ക മതിയാകുന്നതിൽ ഒരാൾ വന്നിരിക്കുന്നു എന്നും അതിനൊടുകൂടി പുത്തൻകൂറ്റുകാരും നിങ്ങൾക്കാതിരിവും നാണവും മില്ലായ്കയാൽ (P.12) ഉത്തീൻ കാരുടയും ഇത്താല്യന്മാരുടെയും കാൽകീഴിൽ കിടക്കുന്നു എന്നും ഇത്ര മതിയാകപ്പട്ട ആളുകൾ ഒക്കയും നിങ്ങൾക്കു അങ്ങുള്ളപ്പൊൾ എന്തുകൊണ്ടു നിങ്ങളുടെ സ്വന്തപെരിൽ മെത്രാന്മാരെ തരാതെയിരിക്കുന്നു എന്നും ഇങ്ങനെ അവരും ഈ പള്ളിക്കാര എല്ലാവരും ഒരുമിച്ച കൈ ഒപ്പിട്ട ഒരു സംകടം എഴുതി നമ്മുടെ പക്കൽ തന്നാൽ റൊമ്മയിൽ ചെന്ന ശു: സിംഹാസനത്തുംകെൽ ബൊധിപ്പിച്ച നിങ്ങളുടെ അപെക്ഷകൾ ഒക്കയും ഞാൻ നിറവെറ്റി

കേരളത്തിലെ സുറിയാനിക്കാരെ ഇളക്കുന്നു

ക്കൊണ്ടുവരാമെന്നും ഈ ദെനഹായും ഇങ്ങനെ ഒരിളക്കവും സ്വരവും എന്നാൽ ഇതിനൊക്കയ്ക്കും നമ്മെക്കൂടെ ഉൾപ്പെടുത്തണം എന്നും മെലെഴുതിയ എടവഴിക്കന്റെ ഗുണദൊഷവും ഇതിന്ന പ്രത്യെകം ഉണ്ടായിരിക്കും എന്നും തൊന്നുന്നു.

ആയതുകൊണ്ട ആവഴിതന്നെ കുടമാളൂർ പള്ളിയിൽ കരെറി അവിടെനിന്നും ഏതാനും പെരുമായി മതം പിടിച്ച ആനയുടെ പുറകെയും പിച്ചുപിടിച്ചു നടക്കുന്ന ഭ്രാന്തന്റെ പിന്നാലയും പൈതങ്ങൾ മുതലായി ഈ തരക്കാരുകൂടി ഒടിച്ചു നടക്കും വണ്ണം പലരുംകൂടി ഇതല്ലാതെ ഒരു മര്യാദക്കാരനെ ബഹുമാനിച്ചകൊണ്ടു നടക്കും എന്ന വിധമല്ല (ഇതെന്തൊ തിരിഞ്ഞില്ല) ഇങ്ങനെ ഈ കൂട്ടവും സക്രത്താരിയും തുപ്പായിയും[1] ആയി മെലെഴുതിയ കത്തനാരുംകൂടി ഏകദെശം 4 മണി പകൽ ഉള്ളപ്പൊൾ നമ്മുടെ കൊംവെന്ത മലയിൽ കരെറി പള്ളിയകത്തുവന്നു. എന്നാൽ ചെല്ലുന്ന പള്ളികളിൽ ഒക്കയും ഈയാൾ (P.13) കുർബാന ചൊല്ലിവരുന്നു. എന്നാൽ ഇതിനുള്ള ന്യായവും അനുവാദക്കടലാസും ആരും ചൊദിക്കുന്നുമില്ല എന്നുതൊന്നുന്നു. ഏതായാലും നമുക്കയിവിടെ ചൊല്ലിച്ചുകൂടാ എന്നു ഞങ്ങൾ നിശ്ചയിക്കയും ചെയ്തു.

എന്നാൽ ഞങ്ങളും നീതിപ്രകാരമുള്ള ബഹുമാനം ചെയ്ത പള്ളിയിൽചെന്ന ആശാരം പറഞ്ഞ മുകളിൽ കൊണ്ടുവരികയും ചെയ്തു. അപ്പൊ പൈതങ്ങൾക്കു വാഴു കൊടുപ്പാൻ ചിലരുകൊണ്ടുവരികയും ഇയാൾ ചില പൈതങ്ങളുടെ മെൽ കൈവച്ച Benedicat Vos Omni എന്നു ചിലരുടെ മെൽ ………  എന്നും ഇങ്ങനെ ചൊല്ലി വാഴു കൊടുക്കുകയും ഇതിന്റെശെഷം നമ്മുടെ കാലാകശക്കൊൽ മുതലായതിനെ കണ്ട വളരെ സ്തുതിച്ച ഈ ദൈറാ:

ദെനഹാ മാന്നാ നത്ത്

മന്നായുടെ എന്ന പെരുവിളിക്കണം. അതെന്ത്യെയിവിടെനിന്നും ഈ മന്നാ എന്ന നമസ്കാരങ്ങൾ എല്ലായിടത്തും പരക്കണം എന്നും ഈ വണ്ണമുള്ള ബഹുമാനങ്ങൾ ഒക്കെയും പറഞ്ഞു കുറെ താമസിച്ചു. അഞ്ചുമണി കൊട്ടി അപ്പോൾ പൊകുവാനുള്ള ഭാവമില്ല. എന്നാൽ ഇത കൊണ്ട ഞങ്ങൾക്ക കുറെ വിഷാദമുണ്ടായി. അതെന്ത്യ ഇപ്പൊൾ മറ്റൊരു പള്ളിയിൽ ചെന്നു പറ്റുവാൻ നെരമില്ല വീടുകളിൽ പറഞ്ഞയ്ക്കുന്നത യുക്തവുമല്ല. ഇവിടെ താമസിച്ചാൽ വെളുക്കുംമ്പൊൾ കുർബാന ചൊല്ലണമെന്നു പറയും. അപ്പൊൾ ഈ സന്തൊഷംപൊയി പിണങ്ങിപ്പൊകുമല്ലൊ എന്ന നിരൂപിച്ചു എംങ്കിലും അസമയത്തിൽ ഉന്തി അയ്ക്കുന്നതുചിതമല്ലല്ലൊ. അത്താഴം കൊടുപ്പാനുള്ളതിനുവെണ്ടി അയച്ചു കളഞ്ഞു എന്നും മറ്റും മാപ്പളമാരും പിണങ്ങും എന്നും നിരൂപിച്ച യാത്ര ചൊല്ലിയില്ല

1. സേവകൻ

പിന്നയൊ ഒരു തർണഗ്ലായും[1] വരുത്തി മെശയും ചമച്ചു ഒരു മുറിയും കൊടുത്തു പാർപ്പിച്ചു. എന്നാൽ അത്താഴവും നമസ്കാരങ്ങളും കഴിഞ്ഞശെഷം (P.14) കുറിയാക്കൊസ മല്പാനെ കണ്ട ചില ഗുണദൊഷങ്ങൾ പറവാനുണ്ടന്നും സക്രത്താരിയെ പറഞ്ഞയച്ചു. ചെന്നപ്പൊൾ പല എഴുത്തുകൾ എടുത്തു. ഇതായത ഏതുവഴിയിലും പൂജ ചെയ്പാനും മറ്റും പ്രസൊനി കർദ്ദിനാളിൽനിന്നു പട്ടമെറ്റു എന്നുംയിങ്ങനെയുള്ള സാക്ഷികൾ ഒക്കയും കാണിച്ചു. ഇതൊക്കയുടയും ഒടുക്കം ഇവിടെയുള്ള പട്ടക്കാരുടെയും ജനങ്ങളുടെയും കൂടി എഴുത്തിട്ട ഒരു കടലാസ ഇതായത ഇതിന്ന ഞാനും സമ്മതിക്കുന്നു. നിരക്കുന്നു. എന്ന മാത്രം എഴുതി അവനവന്റെ ഒപ്പുംവൈക്ക ഇങ്ങനെ പലരും ഒപ്പുവച്ചിരിക്കുന്നു. ആയതിനെ കാണിച്ച ഇതിൽകൂടെ ഒപ്പ വൈക്കണം ഇതിനാൽ നിങ്ങൾക്ക പല ഗുണങ്ങൾ ഒക്കയും നാം വരുത്തിതരും. ഇതിന്ന ഒപ്പു വച്ചതിനാൽ വരാപ്പുഴെ മെത്രാൻ പിണങ്ങുകയില്ലെന്നും നിങ്ങൾ ഒപ്പുവയ്ക്കുന്ന വിവരം നാം മറ്റൊരുത്തരൊടും അറിവിക്കയില്ലന്നും ഇപ്രകാരം കുറെ ഏറെ താല്പര്യമായിട്ടു ഗുണദൊഷം പറഞ്ഞു. ഇതിനെ ഒക്കയും മൂളി കെട്ടതല്ലാതെ യാതൊന്നും ഞങ്ങൾ ഉത്തരിച്ചില്ല. കുറെ നെരം കടലാസും പിടിച്ചുകൊണ്ടിരുന്നു പറഞ്ഞു. ഏതും ഉത്തരിക്കുന്നില്ലന്നു കണ്ടപ്പോൾ തന്നെ കടലാസു മടക്കിവച്ചു നെരം രാവധികം വഴി നടന്ന ക്ഷീണവും ആകയാൽ ഉറങ്ങണം കാര്യം ഒക്കയും വെളുത്തിട്ട പറഞ്ഞുകൊള്ളാം എന്നും പറഞ്ഞ ഞങ്ങളുടെ മുറികളിൽ പുക്ക[2] വാതിലടക്കയും സക്രത്താരിയും ആയിട്ട ഏറെനെരം രഹസ്യം പറഞ്ഞ അവരും കിടന്നു പുലർകാലെ എഴുന്നെറ്റു കുർബാന കുർബാന എന്നു പറഞ്ഞു തുടങ്ങി. ഉടൻ ഇവിടെ കൊംവെന്ത ആകയാൽ ശ്രെഷ്ടന്റെ അനുവാദക്കടലാസ ഇതായത വാരാപ്പുഴെ മെത്രാനച്ചന്റെ കീഴുള്ള പള്ളികളിൽ ചെല്ലുവാൻ ആദെഹം അനുവദിച്ചിരിക്കുന്നു എന്നുള്ള എഴുത്തുണ്ടംങ്കിൽ ചൊല്ലുവാൻ അനുവദിക്കാം (P.15) ഇതില്ലംകി ആയതിന്നു മനസു വൈക്കണ്ടാ എന്നും പറഞ്ഞാറെ അപ്പൊൾതന്നെ കൊപിച്ച് എഴുന്നെറ്റുംകൊണ്ട ഞാൻ ഇപ്പൊൾ എത്ര പള്ളികളിൽ ചൊല്ലി. ഒരു വിഗാരിമാരും നമുക്ക തടവു പറഞ്ഞില്ല. ഇപ്പൊൾ തന്നെ അതിരംമ്പുഴ പള്ളിയിൽ ചെന്നു ചൊല്ലും എന്നു പറഞ്ഞു കൊണ്ടുടൻ പുറ

മെത്രാനുവേണ്ടിയുള്ള അപേക്ഷയിൽ ഒപ്പു വെക്കാൻ ദെനഹ കുര്യാക്കോസച്ചനോടാവശ്യപ്പെടുന്നു.

ദെനഹാ മാന്നാനത്തു നിന്നു പിണങ്ങിപ്പോകുന്നു.

1. സുറിയാനി വാക്ക് – കോഴിപ്പൂവൻ. 2. പോയി.

പ്പെട്ടു നടക്കുകയും അപ്രകാരംപോലെ തന്നെ അതിരംപുഴ ചെന്നുടൻ ഒരു തടവും കൂടാതെ കുർബാനയും ചൊല്ലി സന്തൊഷിച്ചു പാർത്ത അവിടെ നിന്നും കുറവിലങ്ങാട്ടിന്നു തന്നെ പൊകയും ഇപ്രകാരം ഒക്കയും മാത്രം യിവിടെ ഉണ്ടായി എംങ്കിലും, പെ. ബ. അച്ചൻ ഈ കാര്യം അതായത കൊംവെന്തയിൽ ഈ ആളിനെ താമസിപ്പിച്ചതിന്മെൽ തെളിഞ്ഞില്ല എന്നു തൊന്നുന്നു. അതെന്ത്യെ പെ. ബ. കൊല്ലം വിഗാരി അപ്പസ്തൊലിക്ക ആയ കാർളൂസമെത്രാനച്ചൻ അന്നു വരാപ്പുഴെ സിമ്നാരിയിൽ റെയിത്തൊർ ആയിരിക്കയാൽ ഈ കാര്യത്തിന്മെൽ ഉപവിക്കടുത്ത കുറ്റപ്പാടായിട്ട ഒരു വല്ല്യ കടലാസു നിറച്ച ഇവിടെ എഴുതിക്കൊടുത്തയയ്ക്കയും ചെയ്തു. എന്നാൽ നൃവാഹം യില്ലായ്കയാൽ ഇവിടെ രാപൊറുപ്പാൻ അനുവദിച്ചതല്ലാതെ നൽമനസാലെ താമസിപ്പിച്ചില്ല (പൊറുപ്പാൻ അനുവദിച്ചില്ല) എംകിലും കൊവെന്തയിലും വന്നു പാർത്തു എന്നു കെൾക്കുമ്പൊൾ അയാൾ ചെയ്യുന്ന കുഴപ്പത്തിന്നു നാം കൂടെ ഉണ്ട എന്നു ശെഷം പെർക്ക തൊന്നുവാൻ ഇടവരും ഇതുകൊണ്ടത്രെ ഈവണ്ണം കുറ്റപ്പെടുത്തിയത: ആയതുകൊണ്ട മെലാൽ ഈവണ്ണമുള്ള കാര്യത്തിൽ ഉൾപ്പടുവാൻ (P.16) ഏറ്റം സൂക്ഷിച്ചു ചെയ്തുകൊള്ളണം എന്ന എല്ലാവരും അറിഞ്ഞിരിക്കട്ടെ:-

> മാന്നാനത്ത് ദെനഹായെ സ്വീകരിച്ചത് മെത്രാപ്പോലീത്തായ്ക്ക് ഇഷ്ടപ്പെട്ടില്ല.

**രണ്ടാം പതം**

ഈവണ്ണം വീണ്ടും ദെനഹാ എന്ന ഇയാൾ കുറവലങ്ങാട്ടു പൊകുവാൻ വീണ്ടും പുറപ്പെട്ട അവിടെ ചെന്ന മെലെഴുതിയ പനംകുഴ കത്തനാരൊടുകൂടെ പാർത്ത ഈ സംഗതിയെ പ്രതിയുള്ള വെലയും ഗുണദൊഷവും ചെയ്ത പാലാ മുതലായ കിഴക്കുള്ള പള്ളികളിൽ ചില ആളുകളെയും എഴുത്തുകളെയും അയച്ച ഗുണദൊഷിച്ചും പാർത്തു വന്നു. ഇങ്ങനെ യിരിക്കുമ്പൊൾ പാലപള്ളി എടവകക്കാരൻ കുടക്കച്ചിറ അന്തൊനി കത്തനാര എന്ന ഒരു വിശെഷ മനുഷ്യൻ ഉണ്ടായിരുന്നു. ഇയാളുടെ സംഗതി ഇവിടെ അല്പമെങ്കിലും ആളിന്റെ വിലപിടുത്വം അറിവാനായിട്ട എഴുതിയെമതിയാവൂ ഈ തുടങ്ങിയിരിക്കുന്ന ലാക്കിന്ന പ്രത്യെകം ഇയാൾ കാരണകാരനാകയാൽ ഇവിടെ എന്റെ ഹൃദയവും ഈ തൂവൽ പിടിച്ചിരിക്കുന്ന കൈകളും വിറക്കുന്നു. അതെന്ത്യെ ഞാൻ കെട്ടതും കണ്ടതും മാത്രമെ എഴുതുന്നു എംകിലും ഇതിനാൽ ഈ

> കുടക്കച്ചിറ അന്തോനിക്കത്തനാരെപ്പറ്റി

ആളിന്നു കുറെ മാനക്കെടുണ്ടായിവരും. അല്ലംകിൽ കെൾക്കുന്നവര ഞാൻ നിരൂപിച്ച എഴുതുന്നതിനെക്കായിൽ അധികം പൊരുൾ തിരിക്കും എന്നാലും പലർക്കും ആത്മനാശം ഈ മുഖാന്തരത്താൽ വന്നിരിക്കുന്നതും ഇപ്പൊൾ വരുന്നതും ഇനിയും വരുവാൻ ഇടവരുന്നതുമാകയാൽ ആ നാശത്തിന്നിട (P.17) വരായ്പാനും റൊമ്മാ പള്ളി എന്ന ഈ അനുഗ്രഹമുള്ളതും പ്രിയമുള്ളതുമായ നമ്മുടെ അമ്മയുടെ സംകെതത്തിൽ നിന്നും അകത്തുന്നതും ആയ ഈ വല്യനാശം എന്റെ ജെഷ്ടാനുജന്മാർക്ക യിനി എംകിലും വരായ്വാൻ ഈ സംഗതി അറിയിക്കണം എന്നു മാത്രം എന്റെ അഭിപ്രായം. ആകയാൽ എന്റെ മാനുഷ കെല്പിക്ഷയത്താൽ ഇടത്തൊട്ട എംകിലും വലത്തൊട്ട എംകിലും ചാഞ്ഞ ഇതിൽ നിന്നും കുറ്റം ഇനിയ്ക്ക സംഭവിക്കായ്പാൻ എന്നെ കാത്തുകൊള്ളണം എന്നും കാവൽമാലാഖായൊട അപെക്ഷിച്ചുകൊണ്ട ചുരുക്കമായി അറിവിക്കുന്നു.-

ഇതായത തുടക്കം കുന്നെൽ കത്തനാരച്ചൻ എന്ന ശെഷം പലയിടത്തും ഈ ദെഹത്തിന്റെ പെരു കാണും എന്ന ഇയാളൊടുകൂടെ ചെറുപ്പത്തിലും പിന്നെ പൂണ്ടിക്കൊളത്ത മല്പാനൊടും പിന്നെ പാലായിൽ മൂപ്പറയിൽ മല്പാനൊടും പിന്നെ പിന്നെ നൊറിഞ്ഞു പാദ്രി എന്ന കൊല്ലം ശീശ്മത്തലവനൊടുകൂടെ ഉത്തീൻ പൊർത്തുഗെസും പടിച്ച 5 പട്ടത്തിൽ നമ്മുടെ മാന്നാനത്തിന്റെ തുടക്കം ആകയാലും പെ. ബ. പള്ളിപ്രത്ത മല്പാനച്ചൻ വല്യ പൊരൂക്കരെ അച്ചൻ എന്നവരുണ്ടായിരിക്കയാൽ ഇവിടയും പടിപ്പാൻ എന്ന പ്രകാരം വന്നു പാർത്തിരുന്നു. അപ്പൊൾ കൊവെന്തയ്ക്കടുത്ത ക്രമം ഒന്നും സ്ഥാപിച്ചില്ല. പള്ളിപ്രത്ത സിമ്നാരിയും ആയിരിക്കയും ഇതിനാൽ ഇവിടെ ഞാൻ പ്രി. കുർബ്ബാന ചൊല്ലിയ ഉടൻ ഇവിടെ താമസിച്ചു വന്നതിനാലും പള്ളിപ്രത്തച്ചൻ അവിടെയും (P.18) ഇവിടെയും ആയി താമസിക്കയാലും ചില പടിത്വക്കാര ഇവിടയും പാർത്ത പഠിച്ചുവന്നു. അവരുടെ കൂടെ ഈയാളു പാർത്ത പഠിച്ചുവന്നു. അപ്പൊൾ കൊവെന്ത സ്താപിച്ചിട്ടില്ലായ്കയാലും കൊവെന്ത ക്രമം അറിഞ്ഞിട്ടില്ല എംകിലും ഒരു ക്രമം നിശ്ചയിച്ചു നടക്കണം എന്നും പൊരൂക്കരെ അച്ചൻ നിശ്ചയിച്ച പഠിക്കുന്നവരും ഞങ്ങളും കൂടെ 8 ദിവസത്തെ ധ്യാനം കഴിച്ചു ശു: ഈനായിയൊസിന്റെ ആ ക്രമവും മിണ്ടടക്കവും വെണ്ടുംവണ്ണം കാർത്ത ധ്യാനിക്കയും ഇത കഴിഞ്ഞശെഷം ഈ ക്രമം തന്നെ കാർത്ത കൊവെന്തയിൽ പാർപ്പാൻ ആര് എല്ലാവരും മനസ്സുള്ളവരുണ്ട എന്ന ഒരു ചൊദ്യം

കുടക്കച്ചിറ മാന്നാനത്തുണ്ടാക്കിയ കുഴപ്പങ്ങൾ

ചെയ്താറെ മനസായ അവരെ ഒക്കയും ഒന്നിച്ചു കൂട്ടിയിവിടെ മുക ളിലും ശെഷം പഠിക്കുന്നവരെ താഴെയും ആക്കി അപ്പൊൾ ഈയാൾ മുഖാന്തരം ചില വഴക്കുണ്ടായതിനാൽ പൊരൂക്കരെ അച്ചനു ചെർന്നില്ല ആയതുകൊണ്ടിയാൾ വഴക്കുകാരൻ എന്ന തൊന്നിയതിനാൽ കൊവെ ന്തയിൽ നീ പാർക്കണ്ടാ എന്നും പറഞ്ഞു. ഇത അയാൾക്ക ബൊധി ക്കായ്കയാൽ കൊവെന്തയിൽനിന്നും മാറി പാലായിൽ തന്നെ പൊയി പാർത്തശെഷം പട്ടവും ഏറ്റ കുർബ്ബാനയും ചൊല്ലി. എന്നാൽ അവിടെ നിന്നും പൊയപ്പൊൾ ഏതു പ്രകാരമെംകിലും ഞാനും ഒരു കൊവെന്ത വെക്കും എന്നും പറഞ്ഞുകൊണ്ടത്രേ പൊയത എന്ന ഒരു കെൾവി യുണ്ട. എന്നാൽ അപ്രകാരം തന്നെ കുർബ്ബാന ചൊല്ലി കഴിഞ്ഞ ശെഷം ആനകല്ലും അരുവിതുറയും രണ്ട എടവകയുടെ സമീപമായി പ്ലാശ നാൽ എന്ന ഒരു സ്ഥലം ഉണ്ടായിരിക്കുന്നു എന്ന സ്ഥലത്തിൽ ഇതിനെ നിറവെറ്റുവാൻ നിശ്ചയിച്ചു. എന്നാൽ ആയതിന്ന സംഗതിയായത അരു വിത്തുറ പള്ളിയിൽ ഈ ആളിനെ വിഗാരി ആക്കിയതിനാൽ അവിടെ പാർത്തുകൊണ്ട ഇതിന്ന വെല ചെയ്തു. ആ സ്ഥലത്തിൽ ഇത ഉറപ്പി പ്പാൻ പല മുടക്കും സർക്കാർ വിരോധങ്ങളും ഉണ്ടായി എംകിലും (P.19) ആയത ഒക്കയും, ഈയാളുടെ സാമർത്ഥ്യത്താൽ തീർത്ത അരു

പ്ലാശനാൽ കൊവേന്ത

വിത്തുറ പള്ളി എടവകക്കാരും ആ എടവകയുടെ അതൃ ത്തിക്കകത്തും ആകയാൽ ഇത കൊവെന്ത ആയിട്ട പണുത ഒറപ്പിയ്ക്കുന്നതിന്നു ഞങ്ങൾക്ക യാതൊരു വിരൊധവും ഇല്ല. എന്നാൽ പക്ഷെ കൊവെന്തയായിട്ട സ്ഥിരപ്പെട്ടു നടപ്പാൻ സംഗതി ആകയില്ല എംകിൽ അന്ന ഞങ്ങളുടെ കുരിശുപള്ളിയായിട്ട പിടിച്ചു നടത്തിക്കൊ ള്ളാമെന്നും ആ എടവകക്കാരൊട ഒര എഴുത്തും വാങ്ങിച്ചു എന്നും കെൾക്കുന്നു. എന്നാൽ ഇങ്ങനെ ഇതിന്നു തുടങ്ങി സർക്കാര അനു വാദവും പെ. ബ. വരാപ്പുഴെ വിഗാരി അപ്പസ്തൊലിക്കാ ആയിരുന്ന പ്രെ. ളുദുവിക്കൊസ എന്ന മെത്രാപ്പൊലിത്തായുടെ കല്പനയും വാങ്ങിച്ച മെലെഴുതിയ സ്ഥലം തെളിച്ച ചെറുതായി ഒരു കപ്പെളയും കാലത്തിനടുത്തതായി ചില മുറികളും ഉണ്ടാക്കി ആയതിന്ന അരുവി ത്തുറ എടവകക്കാരൻ മുണ്ടമറ്റത്തെ തൊമ്മൻ കത്തനാര എന്നയാളെ പ്രധാന കൂട്ടനും ആയി ചെർത്ത ചില പൈതങ്ങളെയും മനസുവ രുത്തി കൂട്ടി പഠിത്വവും തപസു ക്രമങ്ങളും ആയി തുടങ്ങി. ഇതിന്റെ ശെഷം ഈ പൈതങ്ങളെ പട്ടം ഏല്പിക്കണമെന്നും ഭാവിച്ച മെലെഴു തിയ മെത്രാപ്പൊലീത്താച്ചന്റെ പക്കൽ കൊണ്ട ചെന്നപ്പൊൾ കൊവെന്ത സ്താപിച്ചുറപ്പിക്കാതയും എടവകക്കുറിയും പത്രമൊനിയും

കൂടാതെ ഈ പൈതങ്ങൾ പട്ടം കൊടുക്കുന്നത ന്യായമുള്ളതല്ല എന്നും കല്പിച്ചതിനാൽ പെ. ബ. ക. അച്ചന്റെ കല്പന തെളിഞ്ഞില്ല. ഇതും പിന്നീടു ഒരു ശെമ്മാശന്റെ പെരിൽ ന്യായമല്ലാതെ കളവു ബൊധിപ്പിച്ച ഒടുക്കം ഈയാൾ തന്നെ ഛെദം പൊക്കിപ്പ ഉത്തരിക്കണമെന്നും വന്നതിനാലും മറ്റും വിവരങ്ങൾ ഒക്കയും കുറെ തെളിവായിട്ട പുളിംകുന്ന പ: എടവകയിൽ വെളിയനാട്ട തൊപ്പിൽ (P.20)

> കുടക്കച്ചിറ മെത്രാപ്പോലീത്തായുമായി തെറ്റുന്നു

പുത്തൻപുരയ്ക്കൽ കുര്യൻ കുരുവിള എന്ന അൾമെനിക്കാരനു എഴുതിയിരിക്കയാൽ അതിൽ വായിച്ചാൽ ഈ ആളിന്റെ വിവരം തിരികയും ചെയ്യും. ഈവണ്ണം വരാപ്പുഴെ മെത്രാപ്പൊലിത്താച്ചന്റെ പെരിൽ ഉള്ള ബൊധിരായ്കയാലും തങ്ങൾ തുടങ്ങിയതിനെ നിറവെറ്റണമെന്നുള്ള വിചാരത്താലും ഈ വഴി കൊള്ളാമെന്നും ഉറച്ച കുറവലങ്ങാട്ടു ചെന്ന ദെനഹയുമായിക്കണ്ട ഈ വെല ക്ഷണം ഞാൻ നിറവെറ്റി പള്ളിയ്ക്കാര ഒക്കയും എഴുത്തു വാങ്ങിച്ചുകൊണ്ടു വരാമെന്നും പറഞ്ഞ ആ എഴുത്തുകുത്തുകൾ ഒക്കയും വാങ്ങിച്ചുംകൊണ്ട ചില പള്ളികളിൽ നടന്ന ചിലരുടെ എഴുത്തുകൾ ഇതായതു സുറിയാനിക്രമം വിണുപൊയിരിക്കയാൽ സുറിയാനി പെച്ചിൽ മെത്രാന്മാരെയും മല്പാന്മാരെയും തരണം എന്ന ശു: സിംഹാസനത്തിലും വാവെൽ പാത്രിയർക്കീസിനൊടും ഉള്ള അപേക്ഷകൾ ആയിട്ടുള്ള എഴുത്തുകൾ ഉണ്ടാക്കി കാണിച്ച ഒപ്പും വെപ്പിക്കയും ഇത പിന്നീട ദെനഹായെ

> ദെനഹായിക്കെതിരായി പാത്രിയർക്കീസിന്റെ എഴുത്ത്

ഏൽപ്പിയ്ക്കായ്കയാലും മറ്റും ഇവരും തമ്മിൽ പിണങ്ങിയിരിക്കയും അപ്പൊൾ ദെനഹായുടെ ചൊൽവിളില്ലായ്കയിമ്മെലും മറ്റും പാത്രിയർക്കീസിന്റെ എഴുത്ത പെ. ബ. ബൊംബയിൽ വിഗാരി അപ്പസ്തൊലിക്കായ്ക്കു വന്ന ആ വിവരം നമ്മുടെ പെ. ബ. വരാപ്പുഴെ മെത്രാപ്പൊലീത്തായെ അറിയിക്കയും ആദെഹം ഈ വിവരം ഒക്കയും പള്ളികളിലും അറിവിക്കയാലും ദെനഹാ പിണങ്ങി ഓടി പൊയി എങ്കിലും ഈ ആൾ ആയതിനെ വിടാതെ വെലചെയ്തു വടക്കുപുറത്ത അരണാട്ടുകാര മുതലായ സ്ഥലങ്ങളിൽ ചെന്ന ഈ വിവരവും അറിവിക്കയും പ്ലാശനാൽ കൊവെന്തയുടെ അടിസ്ഥാനക്കാരൻ എന്നുള്ള പെരുംകൊണ്ട് ചില നിയ്ക്കപ്പെട്ട കുർബ്ബാന ധർമ്മങ്ങളും മറ്റും പറ്റിയും നടക്കുംപൊൾ മെൽ പറഞ്ഞ (P.21) ശമ്മാശന്റെ നെരല്ലാതെയുണ്ടാക്കിയ കാര്യം പോലെ മെത്രാപ്പൊലീത്താച്ചനും ബൊധിക്കയാൽ ആ ശമ്മാശന്റെ ജെഷ്ഠന്റെ സംകടം എടുത്ത പള്ളിയക്കാരെ വച്ച വിസ്ത

ഒരു ശമ്മാശ്ശന്റെ പേരിലുണ്ടായ കേസ്

രിച്ചതിനാൽ ഈ കാര്യം പട്ടാങ്ങയല്ലന്നും ആയതിനാൽ നെരുകെടായി വരുത്തിയ മെനിക്ഷയം പൊക്കുന്നതുമല്ലാതെ ആയതിനെ പ്രതി സർക്കാരിൽ ചില വിടുവാൻ രണ്ടു കൂട്ടക്കാരും കൂടി പാലാ പള്ളിയിൽനിന്നും കച്ചീട്ട എഴുതികൊടുത്തു വാങ്ങിച്ച രൂപാ ഈയാൾ തന്നെ കൊടുപ്പാൻ ന്യായമെന്നും വിധിക്കയാൽ ആ വിധിപ്രകാരം 15 ദിവസത്തിനകം രൂപാ അന്തൊനി കത്തനാരെ കൊടുത്തു തീർക്കണമെന്നും ആയതല്ലംകിൽ അംശപ്രവൃത്തികൾ മുടക്കിയിരിക്കുന്നു എന്നും പാലാ വിഗാരിയ്ക്ക കല്പനയും കൊടുത്തയയ്ക്കയാൽ ആ വിവരം അറിഞ്ഞുകൊണ്ട രൂപ ഉത്തരിക്കാതെയും അരുവിത്തറ വിഗാരിത്വം ബൊധിപ്പിച്ച ഒഴിക്കാതെയും മറുരൂപതയിൽ പൊകുവാനുള്ള അനുവാദം തന്റെ മെല്പട്ടക്കാരനൊടു വാങ്ങിക്കാതെയും ആ വഴി തന്നെ കടനാട്ടിൽ ഇല്ലിക്കൽ കത്തനാരയും കുത്ത്യതൊട്ടിക്കാരൻ തൊമ്മാ കത്തനാരയും ഇയാളുടെ കൊവെന്തക്കാരെന്നു പറയുന്ന ചില വാലിഭക്കാരയും കൂട്ടിക്കൊണ്ട മദ്രാസിയ്ക്ക പൊകയും അവിടെ ഈ വിവരം അറിയായ്കയാൽ കുറെ താമസിക്കയും കല്പനയ്ക്ക വിരൊധമായി പൊയിരിക്കുന്ന വിവരം വരാപ്പുഴെ നിന്നും അവിടെ അറിവിച്ചപ്പൊൾ അവിടെ നിന്നും പര രാജ്യത്തിന്നു പൊകുവാൻ നിശ്ചയിച്ച ബൊംബയിൽ പൊകുവാനുറച്ചു. ഇതിനാൽ ഇല്ലിക്കനും തൊമ്മാ കത്തനാരും ഇങ്ങൊട്ടും ചില വാലിഭക്കാര ചത്തും ചിലര ഒളിച്ചും പൊയി ശെഷമുള്ള വാലിഭക്കാരുമായി അവിടെ പാർത്തുംകൊണ്ട ഇയാളുടെ

കുടക്കച്ചിറയും കൂട്ടുകാരും ബാബേലിന്

പ്രത്യെക കൂട്ടനായ മുണ്ടമറ്റത്തിനു എഴുതി (P.22) അയാളുടെ ഗുണദൊഷത്താൽ ആനക്കല്ലുംകൽ തൊണ്ടിനകത്ത അന്തൊനി കത്തനാരയും കൂട്ടി മദ്രാസ്തയിൽ ചെന്ന യിവർ എല്ലാംകൂടെ ബൊംബയിൽ ചെന്ന ശെഷം ഇവിടെയുള്ള കാര്യം നിറവേറ്റുവാൻ മുണ്ടമറ്റത്തിനെ പ്രമാണിച്ച തിരികെ ഇങ്ങൊട്ടയച്ചും വച്ച അന്തൊനി, അന്തൊനി രണ്ട പട്ടക്കാരും ഉപ്പുമ്മാക്കൽ തൊമ്മൻ മുതലായി രണ്ടു മൂന്ന വാലിഭക്കാരയും കൂട്ടി ബൊംബയിൽ നിന്നും വാവെലിന്ന പൊകയും ചെയ്തു.

**മൂന്നാം പതം**

ഈവണ്ണം വാഗ്ദാദിൽ ചെന്നപ്പൊൾ മുൻ പനങ്കുഴയ്ക്ക എഴുതിയ ബ. നിക്ലാവു പാത്രിയർക്കീസ കഴിഞ്ഞ ആ സിംഹാസനത്തിൽ പെ. ബ. യൌസെപ്പ പാത്രയർക്കീ വാണിരിക്കുന്നു ഈദെഹം വയസനും നെറിവുകാരനും പരമാർത്തിയും ആകയാൽ ഈയാളെ വരാപ്പുഴെ

നിന്നും അംശമുടക്കിട്ടില്ല എന്നും മറ്റും പള്ളിക്കാരുടെ അപെക്ഷകളും മറ്റും കാണിച്ചൊ ഏതു പ്രകാരമൊ[1]..... കുറെ നാൾ അവിടെ പാർത്ത മെലെഴുതിയ തൊണ്ടിനകത്ത അന്തൊനി കത്തനാരയും ഉപ്പുംമാവൻ എന്ന വാലിഭക്കാരനെയും അവിടെ നിറുത്തി അവിടത്തെ പട്ടക്കാരൻ എന്ന പൊലെയുള്ള ക്രമത്തിലുള്ള കുർബ്ബാനയും ചൊല്ലി താടിയും നീട്ടി വീണ്ടും യിവിടയ്ക്കവന്ന ആലപ്പുഴെ ഇറങ്ങി ആ പള്ളിയിൽ ഈ ക്രമത്തിലുള്ള കുർബ്ബാനയും ചൊല്ലി കാണുന്നവർക്കു ഒക്കയ്ക്കും അയാളുടെ വാക്കസാമർത്ഥ്യത്താൽ തെളിവും സന്തൊഷവും വരുത്തി ആവഴി വരാപ്പുഴയും ചെന്ന പെ. ബ. അച്ചനെ കാണ്മാനൊ എന്തിനൊ രണ്ടുമൂന്നു ദിവസം പാർത്തു. അവിടെനിന്നും യാതൊന്നും പറവാനും കാണ്മാനും അനുവദിച്ചില്ല. ഇതിനാൽ അവിടെനിന്നും പുറപ്പെട്ട ഈ സ്തലങ്ങളിൽ ചുറ്റിനടന്ന മുൻപിലത്തെ അപെക്ഷകൂടാതെ മലംകര പള്ളിക്കാരുടെ വക്കിൽ എന്നു ഒര എഴുത്തും ശു: സിംഹാസനത്തിലെയ്ക്ക 1 പാത്രയർക്കീസിന്ന 1 തിരുവെഴുത്തൊടുകൂടി ഒരു മെത്രാനെ കൊണ്ടുവരും എംകിൽ പള്ളികളിൽ (P.23) ഒരൊ ആണ്ടത്തെ വരവു കൊടുത്തുകൊള്ളാം എന്നും 1. ഇങ്ങനെയുള്ള എഴുത്തുകൾ ഉണ്ടാക്കി ഒപ്പുവെപ്പിപ്പാനായി വീണ്ട പ്ലാശനാൽ ചെന്നിരുന്ന ചില ശമ്മാശമ്മാരുടെ കയ്യിൽ കൊടുത്തയയ്ക്കുകയും ചില ടത്തെ താനെ പൊകയും അതിനിടയിൽ ചില വാലിഭക്കാരെ വാവെൽ സിമ്നാരിയിൽ പഠിപ്പിപ്പാൻ കൊണ്ടുപൊകണം എന്നും വച്ച ചിലരെ കൂട്ടുകയും ആയതിന്ന അവിടെ പൊയി പാർത്തു പഠിപ്പാൻ ചില വിന്ന ധർമ്മം തരണമെന്ന അവരുടെ അപെക്ഷയായി ചില ധർമ്മം പിരിക്കയും ഇതു തുടങ്ങിയപ്പൊൾ പെ. ബ. അച്ചൻ മഹറൊൻ പരസ്യപ്പെടുത്തി എന്നാറയും സമ്മതിക്കാതെ നടക്കുകയും ഇങ്ങനെയിരിക്കയിൽ പെ.ബ. അച്ചൻ വിശീത്തയ്ക്കയിറങ്ങി. മാന്നാനത്തിൽ വന്നു. അപ്പൊൾ വീണ്ടും വാവെലിന്ന പൊകുവാൻ ആസ്ഥമായി. 12 പൈതങ്ങളെ ചട്ടയും ഉടുപ്പിച്ച നമ്മുടെ കൊവെന്തയിൽവന്ന പെ. ബ. അച്ചനെ കാണ്മാനായി കുടമാളൂർ വന്നിരുന്നുംകൊണ്ട എഴുതി ചൊദിച്ചാറെ വരണ്ടാ കാണണ്ടാ എന്നും ഉത്തരിച്ചാറെയും ഈ പൈതങ്ങളൊടുകൂടെ വന്നു. അപ്പൊൾ കല്പന കൂടാതെ വന്നതിനാൽ പെ. ബ. അച്ചൻ

കുടക്കച്ചിറ അന്തോനിക്കത്തനാർ കേരളത്തിൽ പര്യടനം നടത്തുന്നു.

കുടക്കച്ചിറ അന്തോനി കത്തനാർ മാന്നാനത്ത്.

1. ഇവിടെ മൂലത്തിൽ സ്വല്പം സ്ഥലം വിട്ടിരിക്കുന്നു.

പിണങ്ങിയതിനാൽ ഞങ്ങളും കൂടി പറഞ്ഞ താഴത്ത ഇറക്കി, എന്നാൽ ചെറുവിരലിൽ ഒരു കുരുവും അയാൾക്ക ഉണ്ടായിരുന്നു. ആയതിനാലും മഹറൊനും കല്പന കൂടാതെയും ഇങ്ങനെ പൊകണ്ടാ എന്നും പറ ഞ്ഞാറെ ആയതും സമ്മതിച്ചില്ല. അപ്പൊഴും ഒര എഴുത്ത പാത്രയർക്കീ സിന്റെ വന്നു (ഇതായത നിങ്ങളും കൂടെ ബൊധിപ്പിച്ചാൽ ഈ അനു വാദം കിട്ടുവാനും നിങ്ങളുടെ അപെക്ഷ നിറവെറ്റുവാനും ഇടവരും എന്ന കാതൽ) അതിൻപ്രകാരം ആലപ്പുഴെ ചെന്നു മൊതിരമൊ കുരിശൊ പണിയിച്ചു കുറെ ദിവസം പാർത്തു. അപ്പൊൾ ഇല്ലിക്കൽ കത്തനാരും രണ്ടുശമ്മാശമ്മാരും ഈ വാലിഭക്കാരുംകൂടി കപ്പൽകെറി പുറപ്പെട്ടു. വസ്രാറിയിൽവച്ച പനിപിടിച്ചു എല്ലാവർക്കും (P.24) ഇതി നാൽ അവിടെ ഏതാനും നാൾ താമസിക്കയും പിന്നീട പുറപ്പെട്ടു വാഗ്ദാദിൽ എത്തി. അന്തൊനി കത്തനാരും ചില പൈതങ്ങളും വീണ്ട സെബാ സ്ത്യൻ കത്തനാരും മരിക്കയും ഒരു ശമ്മാശ തിരിഞ്ഞു പൊരികയും ശെഷിച്ച വാലിഭക്കാരും കുഴിഞ്ഞാലി എന്ന ശമ്മാശും മൂസാ ലിൽചെന്ന തൊണ്ടനാട്ടു അന്തൊനി കത്തനാരൊടും ചെർന്നു. ഇങ്ങനെ അവിടെ താമസിച്ചുവന്നു. അവിടെനിന്ന ചില എഴുത്തുകൾ ഇങ്ങൊട്ട അയയ്ക്കയും ഇവിടെ പ്ലാശനാൽ അന്തൊനി കത്തനാര ച്ചൻ വച്ചെച്ചുപൊയ രൂപായിൽ 4000 രൂപാ അവർക്ക കൊടുത്തയ യ്ക്കണമെന്നും മുണ്ടമറ്റത്തിന്നും ചിലപ്പൊൾ കുന്നെലച്ചനും നമ്മുടെ കാര്യം ഞങ്ങൾ വിചാരിച്ചു വരുന്നു എന്നും ആയതിന്ന ഈയാളും പൂണ്ടിക്കുളത്തെ ശമ്മാശ എന്നു ഒരുത്തൻ കാരക്കുന്നത്ത മല്പാനച്ച നൊടുകൂടെ കുറെ ലത്തീനും പഠിച്ച പെ. ബ. അച്ചനൊടു പട്ടവും ഏറ്റ പാർത്തിരിക്കുംപൊൾ എന്തു കാരണത്താലെയൊ അയാൾക്കു പട്ടംകൊടുക്കാതെ നിർത്തിയിരുന്നതിനാൽ ഈയാളും എഴുത്തുകാ രനായി ഇതിനാൽ കൂടെക്കൂടെ യിവിടെനിന്നും പള്ളിക്കാരുടെ പെരും വച്ച ചില എഴുത്തുകൾ അയ്ക്കയും ഇങ്ങനെയിരിക്കയിൽ ഒടുക്ക ത്തിൽ ഒര എഴുത്തിന്റെ പെർപ്പ ഇതായത പാത്രയർക്കീസ യിവർക്കു എഴുതിയത (ദൈവകൃപയാൽ കൽദായക്കാരുടെ വാവെലിന്റെ പാത്രയർക്കീസ യൌസെപ്പ അവുദൊ നമ്മുടെ മക്കളിൽ കൊച്ച അന്തൊനി കത്തനാര മുതൽപെർക്ക എന്നാൽ നിങ്ങളുടെ കൽദാ യക്രമം വീണുപൊയി എന്നും ഇതിനാൽ ഒരു മെല്പട്ടക്കാരനെ തര ണമെന്നും ഇങ്ങനെ നിങ്ങളുടെ പെച്ചിന്റെയും ആത്മരക്ഷയുടെയും താല്പര്യത്തെപ്രതി നിങ്ങൾ ബൊധിപ്പിച്ചതിനെ നാം വിശ്വസിച്ച എട്ടു

കുടക്കച്ചിറയും കൂട്ടരും
വീണ്ടും ബാബേലിൽ

വർഷംവരെ നിങ്ങൾക്കുവെണ്ടി ഉത്സാഹിച്ചു ഇപ്പൊൾ നിങ്ങൾ ബൊധി പ്പിച്ചതിൻവണ്ണം അല്ലാതെ (P.25) നമ്മെ വരുത്തുവാനായി വന്ന നിങ്ങൾ ഇത്ര വല്യ നാശിപ്പും കൊണ്ട പൊകരുതെ ഇതായത ശീമൊൻ പാത്രയർക്കീസിന്ന നമുക്കുള്ള അധികാരവും കൂടയും ഇതിന്നില്ല. എന്ന നിങ്ങൾ അറിഞ്ഞുകൊള്ളണം. എന്നാൽ നിങ്ങൾക്കായിട്ട ഒരാളിന്റെ മെൽ നാം കൈവൈയ്പാൻ നമ്മുടെ കൈ മുടന്തപ്പെട്ടിരിക്കുന്നു. ഇതായത നമ്മുടെ തലസ്താനത്തിൽ നിന്നുള്ള അനുവാദമില്ലായ്കയാൽ ആയ്തകൊണ്ട ഇപ്പഴും നമ്മുടെ വശംപൊലെ റൊമ്മയ്ക്ക എഴുതിയിരിക്കുന്നു. 15 എറ്റിയെ 20 ദിവസത്തിനകം മറുപടിവരും അതിൽ ഇതിനുള്ള അനുവാദം നമുക്കു കിട്ടുവാൻ സംഗതിയുണ്ട ആ അനുവാദം ഉണ്ടായാൽ 15 ദിവസത്തിനകം അവിടെ വന്ന നിങ്ങൾക്കു വെണ്ടി രണ്ടുമെത്രാന്മാരെ കൈവയ്ക്കയും ആം. ആയതിൽ അനുവാദം വന്നില്ലംകിൽ ചെയ്കയുമില്ല അതെന്ത്യെ കൽദായ പാത്രയർക്കീസായ നാം നരകത്തിന്റെ പാത്രയർക്കീസായി വാഴുന്നതിന്ന നാം മനസാകുന്നില്ല. ദെയവ. ശെഷവും.) ഈ എഴുത്തും ഇതിന്റെ കൂടെയൊ വെറയൊ ഉടൻതന്നെ മറ്റ ഒന്നും (ഇതായത വർത്തമാനം നമ്മുടെ കാര്യത്തിന്റെ തീർച്ചയൊക്കയും പാത്രയർക്കീസ ബാവാ ഞങ്ങൾക്കു തന്ന എഴുത്തിന്റെ പെർപ്പ ഞങ്ങൾ കൊടുത്തയച്ചിരിക്കുന്നതിനെ കണ്ട അറിഞ്ഞിരിക്കുമല്ലൊ ഇതിന്റെശെഷം പാത്രയർക്കീസു ബാവായും ആമ്മെദിന്റെ മെത്രാൻ പത്രൊസും: അസീവിന്റെ മെ: മാർ അഗ്നാത്തീസും ഗസ്സർത്താടെ മാർ പൌലൊസും അർത്തിമ്മിന്റെ മാർ മിഖായെലും: സർക്കൊടെ മാർ അമ്മന്നുഏലും ഉമ്മാദ്യായെ മാർ അവദീശൊയും മൂസാലിൽകൂടി. സ്ലൊക്കിമ്മിന്റെ മാർ യൊഹന്നാനും ലോത്തിന്റെ മാർ ശിമയൊനും പാറെസിന്റെ മാർ ഏശയ്യായും വന്നില്ല, അവരും എഴുത്താൽ അനുവദിച്ചു. ഇങ്ങനെ മസ്കന്തായുടെ പള്ളിയിൽ വച്ച കന്നി 20-നു മലയാളത്തിന്ന (P.26) മെത്രാനെ വാഴിച്ചു പെര. മാർ തൊമ്മാ ഇനി എത്രയും ധൈര്യമായി കുറെ യുദ്ധം ചെയ്യുന്നു എംകിൽ ഒക്കയും തീർന്ന നിരപ്പാകും. ഇനിയുള്ള യുദ്ധം നമ്മുടെ യിരിപ്പടത്തിൽ നിന്ന മതിയാകുന്നു. സർക്കാരിലും ആവലാതിപ്പെട്ടുകൊള്ളണം ഒരു മനസായി നിന്നുകൊള്ളണം ഇത അന്ത്യയുദ്ധമാകുന്നു. ആരും ഭയപ്പടണ്ട സമുശയിക്കണ്ട ഇങ്ങനെ. മറ്റും വിസ്താര മുണ്ട ധൈര്യമുണ്ടാകുവാൻ ഞായറാഴ്ച തൊറും നമ്മുടെ കാരണവന്മാര എഴുതിയി

പാത്രിയർക്കീസ് റോമിൽ നിന്നുള്ള അനുവാദത്തിനായി പാർത്തിരിക്കുന്നു.

റോക്കോസിന്റെ മെത്രാഭിഷേകം.

രിക്കുന്ന വർത്തമാന പുസ്തകം ഒരു പാഠം എംകിലും വായിച്ചുകൊള്ളണം എന്നാൽ വിവരം മുഴുവന്നും അറിയണമെംകിൽ ഇതിന്റെ പെർപ്പുകൾ ഒക്കയും വായിച്ചുകൊള്ളണം: ഇതിൽ മലയാളത്തിന്റെ കൂട്ടം അപെക്ഷിച്ചാൽ ഈ വരുന്നവര നമ്മുടെ കൂട്ടത്തിൽ വാഴ്ച കൊടുക്കുമെന്നും ഇങ്ങനെ ഏറിയ വാശകങ്ങളാൽ) ഈ എഴുത്തുവന്നവുടൻ പലരയും അറിവിക്കയും കാണിക്കയും എന്നാൽ അവരിവിടെ വരുവാനുള്ള കപ്പൽ കൂലി മുതലായതിനു 2000 രൂപാ കൊടുത്തയ്ക്കണെമെന്നും ആയതിന്ന ബൊംബയിൽ ഇരിക്കുന്ന ഒരു കച്ചവടക്കാരനെ ഏല്പിക്കണമെന്നും ആയതിന്ന അവന്റെ ഒരുണ്ടിയിൽ ഇതായത പറ്റുചീട്ട ആലപ്പുഴ യിരിക്കുന്ന ഒരു കച്ചവടക്കാരനും ആയി വരികയും ചെയ്തു. ഇതാ ചത്തുപൊയ കുടക്കച്ചിറ ഉയിർത്തു. എന്നുള്ള സന്തൊഷം പലരിലും കടന്നു. എന്നാൽ എഴുത്തിന്റെ പ്രാധാന്യം കുന്നെലച്ചൻ അത്രെ ഇതായത ഞങ്ങളുടെ പിതാവും കുന്നെൽ വല്യച്ചൻ വായിച്ചു കണ്ട പള്ളിക്കാരയും തെക്കുപുറത്തും വടക്കുപുറത്തും ഉള്ള മല്പാനച്ചന്മാരയും അറിവിച്ച കാര്യം ദൊഷപർഷയ്ക്കു[1] മാനക്കെടും ശെഷിക്കാതെ രൂപാ എത്രയും വെഗത്തിൽ എത്തിയ്ക്കണെമെന്നും ഇങ്ങനെ വന്നിരിയ്ക്കയാൽ പെർപ്പകൾ ഉണ്ടാക്കി നാലു ദിക്കിലും അയയ്ക്കയും ആയതിൽ ഒന്നുംകൊണ്ട കുടമാളൂർ മെക്കാട്ടിൽ കുന്നൻ എന്ന (P.27) ശമ്മാശ നമ്മുടെ കൊവെന്തയിലും മഹാതാല്പര്യമായിട്ട കൊണ്ടുവന്ന രഹസ്യമായി പ്രിയൊരച്ചന്റെ പക്കൽ വായിച്ചു കണ്ടുടൻ വിഷാദിച്ച തിരികെ കൊടുക്കുകയും ചെയ്തു. എന്ത ഒന്നു കൊണ്ട വിഷാദിക്കണ്ടാ ഒക്കയും തീർന്നുപൊയി എന്നും രൂപായും മിക്കതും പിരിഞ്ഞു എന്നും മുഴുവനും വായിച്ചില്ലയൊ എന്നും പറഞ്ഞതിന്ന എന്റെ കുഞ്ഞെ മെത്രാംപട്ടം കിട്ടണമെന്നാഗ്രഹം യില്ല രക്ഷപടണം എന്നു മാത്രം ഇതുകെട്ട മടുത്ത വെഗത്തിൽ പൊകയും ചെയ്തു.

ബാബേലിൽനിന്നുള്ള തൊണ്ടനാടന്റെ കത്ത്

ചാവറ അച്ചനെ മെത്രാനാക്കുമെന്നു രഹസ്യ കത്ത്

**നാലാം പതം**

ഇങ്ങനെയുള്ള കെൾവിയിൽ ചിലരു വരുമെന്നും ചിലര വന്നാലും ശു: മാർപ്പാപ്പായുടെ തിരുവെഴുത്തില്ലംകിൽ ആരു കൈക്കൊള്ളും എന്നും ഇങ്ങ രണ്ടു പെരു കൂടുന്നവിടെ യിതുതന്നെ വിസ്താരവും.

1. കുറ്റമുള്ള ജനത്തിനു

റോക്കോസിനെതിരായി കുര്യാക്കോസച്ചൻ സർക്കുലർ അയക്കുന്നു

അപ്പൊൾ ഇതിന്റെ പട്ടാങ്ങയ്ക്ക പെ. ബ. മെസപ്പൊത്താമ്യായുടെ ദെലഗാദ അപ്പസ്തൊലീക്കായുടെ പെ. ബ. നമ്മുടെ മെത്രാപ്പൊലീത്തായുടെ കല്പനകളും പള്ളികളിൽ പരസ്യപ്പെടുത്തുകയും ആയതും ചിലരു വിശ്വസിക്കാതെ മറിച്ച പൊരുൾ തിരിക്കയും ഇങ്ങനെ കഴിഞ്ഞ 60 കാലം മകരം കഴിഞ്ഞ പുളിംകുന്നു മുതലായ പള്ളികളിൽ വിശീത്തയ്ക്കായി പെ. ബ. അച്ചൻ പുറപ്പെട്ടു മാന്നാന കൊംവെന്തയിൽ വന്നപ്പൊൾ ഈ വിവരത്തിന്നു നമ്മുടെ അച്ചുകൂട്ടത്തിൽ അടിപ്പിച്ച നമ്മുടെ അറിയിപ്പായി ഒരു പരസ്യം ചെയ്താൽ കൊള്ളാം എന്ന അവരുടെ മനസുള്ള പ്രകാരം തൊന്നുകയാൽ പ്രിയൊരച്ചന്റെ പെരായി ഒരു പരസ്യ കടലാസും അടിപ്പിച്ച പരസ്യം ചെയ്തു. ഇങ്ങനെ മാതാവിൻ തിരുമാസം തുടങ്ങി മാന്നാനത്തിൽ കൊണ്ടാടി വരികയിൽ ഇതായിരിക്കയിൽ നിന്നു സുറിയാനി മെത്രാനും കൂട്ടരും കൊച്ചിയിൽ വന്നിറങ്ങി എന്നു കെൾക്കയും (P.28) ഉടൻതന്നെ ചിലരു കണ്ടു എന്നും അപ്പൊൾ തന്നെ പാലാ ഭരണങ്ങാനം മുതലായ ഇടങ്ങളിൽ നിന്ന ചിലരു പുറപ്പെട്ടും ചില പട്ടക്കാര - സൈത്തിനായി വരാപ്പുഴെ ചെന്ന വാങ്ങിച്ചപൊരുംവഴി കൊച്ചിയിൽ കെറി കാണുകയും ഇങ്ങനെ വെള്ളം പൊങ്ങുംവണ്ണം കെൾവികൾ ശക്തിപ്പെട്ടുവരികയും അങ്ങനെയിരിക്കയിൽ നമ്മുടെ തിരുമാസത്തിൽ കടശിയിൽ ചെയ്തുവരുന്ന ധ്യാനത്തിന്നാസ്ഥപ്പാടു കൂട്ടിയിൽ തൊണ്ട: അന്തൊനി കത്തനാരുടെ എഴുത്ത പ്രിയൊരച്ചന്ന ഒരാൾ കൊണ്ടുവന്നു: ഇതായത (ഇപ്പൊൾ വാണിരിക്കുന്ന പീയൂസ 9: മത: ശു: മാർപ്പാപ്പായുടെ കല്പനയാൽ നമ്മുടെ ബാവാ പാത്രയർക്കീസ വാഴിച്ച അയച്ച മാർ തൊമ്മാസ മെത്രാപ്പൊലിത്തായൊടുകൂടെ ഞാനും ശെഷിച്ചവരും വന്നിറങ്ങിയിരിക്കുന്നു. ഇനി വെണ്ടും കാര്യങ്ങൾ ബുദ്ധിയൊടുകൂടെ നടത്തെണ്ടുന്നതിനുള്ള സുഖക്കെടല്ലാതെ മറ്റു യാതൊരു സുഖക്കെടും കൂടാതെ പാർത്തുവരുന്നു. എന്നാൽ നമുക്ക വെണ്ടിവരുന്നയാളിനെ നമ്മിൽ നിന്നു തന്നെ അവമാനിച്ചു വരുന്നു. ഇതും ദർശന പട്ടക്കാരിൽ നിന്നത്രെ. ആയതുകൊണ്ട എല്ലാ കാര്യങ്ങളും അവിടെ നിന്നുതന്നെ അറിവിച്ച പട്ടാങ്ങയ്ക്ക അന്തരം വരാതെ എല്ലാവരയും നിലനിറുത്തുമാറാകണം. വന്നു കാണ്മാനുള്ള ആഗ്രഹത്തിൽ കുറെ താമസിച്ചുപൊയി എന്നാൽ പരമാർത്ഥമൊക്കയും മീതെ അറിവിച്ചതിൻവണ്ണം അത്രെ ഇതിന്നുള്ള മറുപടി

റോക്കോസ് കൊച്ചിയിൽ

പ്രിയൊരച്ചനു തൊണ്ടനാടന്റെ കത്ത്

ഏറെ താമസ്യാതെ കിട്ടുവാറാകണം). ഈ എഴുത്തു കൊണ്ടുവന്ന യാൾ ആനക്കല്ലുംകൽക്കാരനാകയാൽ അവന്റെ വചനമായത വന്നിറ ങ്ങിയ ഉടൻ യാക്കൊവായക്കാരൻ കുറീലൊസു വാവായുടെ കൂടെ കുറെ ദിവസങ്ങൾ താമസിച്ചു. ഇപ്പൊൾ കൂടിയവരുടെ വിചാരത്താൽ മറ്റ ഒരു വീട കൂലിയ്ക്ക വാങ്ങിച്ച അതിൽ പാർത്തുവരുന്നു. വടക്കും തെക്കുംഉള്ള പള്ളിക്കാരർക്കും മല്പാന്മാരർക്കും എഴുത്തുകൾ അയ ച്ചിരിക്കുന്നു. ഒരൊരുത്തര വന്ന ചെരുന്നു എന്നു എന്നാൽ ഈ കെൾവി കളിൽ ചെന്നു (P.29) കണ്ട പരമാർത്ഥം അറിഞ്ഞ ശെഷം പെരൊടു പറയാതെ ഇനി ഇവിടെയിരുന്നുകൊണ്ടു പറഞ്ഞാൽ കെൾക്കുന്നവ രൊക്കയും വന്നു കാണുക തന്നെ കാണാതെ എങ്ങനെ നിശ്ചയി ക്കുന്നു എന്നു പറയും എന്നു തന്നെയല്ല അങ്ങനെ തന്നെ ഓരൊ രുത്തരു പറഞ്ഞും തുടങ്ങി. എംകിലും പെ. ബ. അച്ചന്റെ അനുവാദം കൂടാതെ പൊകുവാനും കാണ്മാനും പാടില്ല എന്നു തന്നെയല്ല പരി ക്ഷിപ്പാനുമായി പൊയാലും വിശ്വസിപ്പാൻപൊയി എന്ന പറഞ്ഞു നടത്തുകയും ചെയ്യും. ആയതുകൊണ്ട ധ്യാനംകഴിഞ്ഞ വരാപ്പുഴെ ചെന്ന അനുവാദവും വാങ്ങിച്ചുംകൊണ്ട പൊയി കാണണം എന്നും

പ്രിയൊരച്ചൻ ധ്യാനത്തിൽ സംബന്ധിച്ച വൈദികരോടു റോക്കോസിനെപ്പറ്റി.

നിശ്ചയിച്ചു ധ്യാനവും തുടങ്ങി എന്നാൽ ധ്യാനി പ്പാനായി നമ്മുടെ അതിരംപുഴെ: റെയിത്തൊർ ആഹാ അൽവർത്തൊസിന്റെ എളയപ്പൻ യാക്കൊ കത്തനാരച്ചനും വന്നു. കുടമാളൂർ വിഗാരി ആയ കണിയാവള്ളി ആദപ്പള്ളി പ്രംസിസ്ക്ക കത്തനാരച്ചനും ഉണ്ടായിരു ന്നു. എന്നാൽ ധ്യാനം എംകിലും അതിനിടയിലും വർത്തമാനമുണ്ട ഇതിനാൽ ധ്യാനപഠാർത്ഥയിലും വിവരമായി അറിയിച്ചതുകൂടാതെയും ഈ സംസാരം നില്ക്കായ്കയാൽ ഈ മെത്രാൻ ശു. മാർപ്പാപ്പയുടെ കല്പനകൂടാതെ വന്നിരിക്കുന്നു എന്നും ഈ ആളിനെ കീൾവഴങ്ങി യാൽ പെ. ബ. അച്ചൻ അറിവിച്ചിരിക്കുന്ന മഹറൊനിൽ വീണുപൊകും എന്നും എല്ലാവരും കെൾക്കെ പരസ്യത്താലെ ഈ ത്രൊണൊസിൽ ഇരിക്കുന്ന തൂങ്ങപ്പെട്ട രൂപംതൊട്ടു ഞാൻ സത്യംചെയ്തത ബൊധിപ്പിക്കാം എന്നും വല്യ സ്വരത്തൊടും ധൈര്യത്തൊടുംകൂടെ പ്രിയൊരച്ചൻ ആ കൂട്ടത്തിൽ പറകയും ചെയ്തു. എന്നാൽ ഇതിനെ കെട്ടാറെ ചിലർക്ക തെളിവും ചിലർക്ക ഇത പരമാർത്ഥംതന്നെ അല്ലം കിൽ ഇത്ര വാശിയൊടുകൂടെ പറയുന്നതല്ലാ എന്നും ഇങ്ങനെ മിക്ക വർക്കും ആ വചനം തെളിഞ്ഞു എന്നാൽ കൊച്ചുപുരയ്ക്കൽ മുൻ എഴുതിയ യാക്കൊവുകത്തനാരച്ചന ഒട്ടുംതന്നെ തെളിഞ്ഞില്ല. എന്നു

തന്നെയല്ല ആദെഹത്തിനെയൊ പ്രത്യെകം അടുത്തവരെയൊ ദൂഷണംപറഞ്ഞാൽ (P.30) ഉണ്ടാകുന്നതിൻവണ്ണം ഉള്ള ദണ്ഡംതൊന്നി. ഈവണ്ണം പറയാമൊ കാണാതയും കെൾക്കാതയും ദൂരെയിരുന്നും കൊണ്ട ആദെഹം ശു: പള്ളിയ്ക്ക വിരൊധി എന്ന സത്യംചെയ്യാം എന്തുകൊണ്ട യിയാൾ പറഞ്ഞു എന്നും: വന്നിപ്പാൻ മനസില്ലംകിൽ നിന്നിയ്ക്കന്നതെന്തെന്നു എന്നും ബഹുവാശിയൊടും സങ്കടത്തൊടും അരിശത്തൊടും കെൾക്കാതെ പറകയുംചെയ്തു. ഇതിനെ കെട്ടാറെ ആദെഹത്തിന്ന എന്തിപ്രകാരം വാശിതൊന്നി എന്നു വിചാരിച്ചു. ഇപ്പൊൾ തിരിഞ്ഞു ഇതാ യിന്നും റൊക്കൊസ മതക്കാരനായി താനും എടവകക്കാരും നമ്മുടെ ശിഷ്യൻ ഇല്ലിച്ചിറ ലൂക്കാകൂടെ ശിഷ്യൻ ആലഞ്ചെരി മുതലായവരയും നിറുത്തിയും സ്വന്ത അനന്ത്രവരയും വീടും സംബന്ധക്കാരയും വെർപിരിഞ്ഞ എടവകക്കാരുടെയും ആത്മാവും നശിപ്പിക്കുന്നു.

ഇങ്ങനെ പറഞ്ഞുവെംകിലും പുറമെ ഒന്നും കാണിക്കാതെയും ഓരൊരുത്തരു പൊകുന്നു കാണുന്നു, എന്ന കെൾക്കുന്നതിമ്മെൽ സന്തൊഷിച്ചും തെളിഞ്ഞു ഒരു പ്രകാരം ധ്യാനവും തികച്ചു കുമ്പസാരിച്ചൊ എന്തൊ തിരിഞ്ഞില്ല. ഇങ്ങനെ ധ്യാനവും കഴിഞ്ഞ ഒരൊരുത്തരൊട ഞാനുംകൂടെ പൊയി ഒന്നു കാണട്ടെ എന്ന കളിപൊലെ പറകയും ഇതുകെട്ട അനംദ്രവൻ നമ്മുടെ ആഹാ റെയിത്തൊർ ചെന്നു കണ്ട അച്ചൻ ഒരുനാളും പൊകരുത എന്നും മറ്റും പറഞ്ഞതിനാൽ അയാളെ ബൊധിപ്പിപ്പാനായി പൊകുന്നില്ലെന്നും പറഞ്ഞു. ഉള്ളിൽ കൂറ്ററുത്തും യിരുന്നു. ഇതിനാൽ യാത്രയും പ്രിയൊരിനൊടും പറഞ്ഞ. ഞാൻ ഒന്നുചെന്നു കാണുകയൊ എല്ലാവരും പൊകും നിങ്ങൾക്ക പാടുംയില്ല ഞാൻ എന്തുവെണ്ടു എന്ന ഗുണദൊഷം ചൊദിച്ചതിനെ കെട്ട അവരവർക്കുള്ള ബൊധം തമ്പുരാൻ തന്നതാകുന്നു ഇതിനാൽ തങ്ങളുടെ ബൊധത്തിനു തക്കവണ്ണം ഞാൻ പറവാനുള്ളതും അറിഞ്ഞ പട്ടാങ്ങയും അറിവിച്ചിരിക്കുന്നു. ഇനി മനസുപൊലെ ചെയ്യണം (P.31) എന്നും പറഞ്ഞു. ഇതിനാൽ തെളിയാതെ അതിരംപുഴയ്ക്ക പൊകയും ചെയ്തു. അതിന്റെ പിറ്റെ ദിവസം കുമരകത്തു കട്ടക്കയത്തു ചെറുക്കൻ കൊച്ചിയിൽ ചെന്ന മെത്രാനൊടുകൂടെ വന്ന യിവിടെനിന്നും പൊയിരുന്ന ചില പിള്ളെരെ മുൻ അറിവിച്ചവരിൽ ചിലരെക്കൊണ്ടുവന്നു അവരെ പെട്ടുകാട്ടുവാനായി ഇവിടയും കൊണ്ടുവന്നു. കറുത്ത കുപ്പായവും ഇടയിൽ ഒരു കെട്ടും അറിവിക്കാരുടെ തൊപ്പിയും ആയിട്ടു

ബാബേലിൽ പോയ ചിലർ മാന്നാനത്ത്

വന്നിരിക്കുന്നു. സുറിയാനി പെശും ഞാൻ നല്ലമുഖം കാണിച്ചില്ല. ഇതിനാൽ കുറെ താമസിച്ചു. ചിലരു തക്കരിച്ചു തെക്കുപുറത്ത എന്നും തൊന്നുന്നു - ഇവിടെ നിന്നു അതിരംപുഴയ്ക്കചെന്നു മെലെഴുതിയ

റോക്കോസിനെ അനുകൂലിച്ചവർ.

പട്ടക്കാര അധികം സ്തുതിച്ചും വിരുന്നുവച്ചും സന്തൊഷിപ്പിച്ചു. ഇതിനകത്ത പലരും ചെന്നുകണ്ടു. ഇതിൽ 1-ാമത എലഞ്ഞിക്കാര 2-ാമത കൊന്തുരുത്തി, 3-ാമത ചെർപ്പുംകൽ ചെറുശെരി എന്നു ഒരു പട്ടക്കാരനും 4-ാമത ആനക്കല്ലുംകൽ തറവട്ടം യിവരു കൈമുത്തി വഴക്കവും കഴിച്ചു. അപ്പൊൾ ഇതിന്റെ വെലക്കാരൻ കുന്നെലച്ചനും എത്തി എംകിലും കൂട്ടയിളക്കുവാൻ പെരുള്ളവരെ ഉൾപ്പെടുത്തെണം എന്നും ചില പെരുവിളിക്കപ്പെട്ട അൾമെനികൾ പാലായിൽ മുൻപിനാലെ ദാവീദിന്റെ വചനം പൊലെ   യുള്ളവര ഇതായത വെള്ളാപ്പാട്ട തൊമ്മൻ കിഴക്കെക്കര കണിയാരകത്ത കുരുവിള യിങ്ങനെ വരുടെ സൂത്ര ഉപദെശത്താൽ പാലായിൽ മല്പാൻ കട്ടക്കയം മുപ്രയിൽ അയിപ്പ കത്തനാരച്ചൻ ദ്രവ്യപുഷ്ടിയാലും ശിഷ്യസമ്പത്താലും കിഴക്കെ ദിക്കിൽ നടപ്പുള്ളയാളാകയാൽ ആദെഹത്തിനെ ഉൾപ്പെടുത്തിയാൽ കിഴക്കുള്ള പള്ളിക്കാരും വീഴും എന്നും നിശ്ചയിച്ച ഒരു ബുദ്ധിചെയ്തു. ഇതായത കാരക്കുന്നത്തു മല്പാൻ എന്ന ഒരു ദെഹം യിരിക്കുന്നു. തലയ്ക്ക ചിലപ്പൊൾ അല്പം ഉണ്ട. (P.32) എന്നാലും ഉത്തീൻ തിരിയും എന്ന ഒരു മഹിമയുണ്ട. ഇതിനാൽ ആദെഹത്തിന്ന ഒര എഴുത്തു കൊടുത്തയച്ചു വരുത്തിവിചാരിക്കണം. എന്നും പറഞ്ഞ ശരസെന യിവിരു കൂടെ അയിപ്പ അച്ചനൊട  പറഞ്ഞു. എന്നാൽ ഈദെഹം എളുപ്പ ബുദ്ധിക്കാരനാകയാലും ഈ പാലായിലുള്ള തണ്യ കൂട്ടത്തിന്റെ പെരിപ്പത്താൽ ഈദെഹം അവിടെ പഠിപ്പിക്കണ്ടാ എന്നും മനസുണ്ടംകിൽ പുളിംകുന്നിൽ പൊയി പ്പാർത്ത

റോക്കോസ് കക്ഷിക്കാർ പാലായിൽ

പഠിപ്പിക്കണമെന്നും ആദെഹത്തിനൊപ്പം അവിടെ പാർത്താൽ ഇനി പട്ടം കിട്ടുകയില്ലന്നും ശമ്മാശമ്മാരൊടും ഈ എടയിൽ പെ. ബ. അച്ചൻ കല്പിക്കയാൽ ഈദെഹവും കുറെ വാശിയിൽ ഇരിക്കുന്നു എന്നു കണ്ട പ്രിയൊരച്ചനും നമ്മുടെ ആഹാ[1] ആദെഹത്തിന്റെ അനംദ്രവനും ആയ ചാണ്ടിയച്ചനും ഇതിൽ ഉൾപ്പെട്ടുപൊകരുത എന്നും ചില എഴുത്തുകൾ കൊടുത്തയച്ചിരുന്നതിനാലും ആദെഹത്തിന്റെ അടുത്ത അനംദ്രവൻ പാലാ വിഗാരി

1. സഹോദരൻ — സുറിയാനി വാക്ക്

ബ. ഇല്ലിമൂട്ടിൽ ചാണ്ടിയച്ചനും ഇതിനെ വിരൊധിച്ചിരുന്നു. എംകിലും മെലെഴുതിയ പുരുഷന്മാരുടെ ഗുണദൊഷത്തിൽ ചാഞ്ഞ അവര എഴുതിക്കൊണ്ടു ചെന്ന എഴുത്തിന്ന ഒപ്പുവച്ചു കൊടുത്തു. എന്നാൽ അതിനെ കിട്ടിയ ഉടൻ ഇവരിൽ ചിലരു തന്നെ കാരക്കുന്നത്തിന്ന ചെന്ന എഴുത്തു കൊടുത്താറെ ഏറെ വെട്ടത്തു സഞ്ചരിക്കുന്ന സ്വഭാവം അല്ലായ്കയാലും മറ്റും ശടപ്പ എന്നും പറഞ്ഞു മടിച്ചു അപ്പൊൾ യിവരുടെ വചനത്താലും ഒസ്താനത്താലും[1] ഈ എഴുത്താലും നടപ്പാൻ പാടില്ലന്നു പറഞ്ഞപ്പൊൾ എവിടെ നിന്നൊ ഒരു മഞ്ചലും ചമച്ചു കൊണ്ടു ചെന്ന അതിൽ കിടത്തി എടുത്ത മഹാ ആരവത്താൽ ളാലം പാലാ അങ്ങാടി വഴിയെ ആളും കൂടി ഘൊഷിച്ച പാലാപള്ളിയിൽ മല്പാന്മാരു രണ്ടും ഒന്നിച്ചു. വീണ്ടും പുറപ്പെടായ്‌വാൻ ഇല്ലിമൂടൻ പ്രയാസപ്പട്ടാറെ മെലെഴുതിയ ളാലം പുത്തൻപള്ളിയിൽ കുരിശുംമൂട്ടിൽ അച്ചൻ എന്ന ഒരാൾ ഈദെഹത്തിന്റെ വശവും കുറെ വിശെഷമുള്ളതാകയാൽ ആദെഹവും (P.33) കൂട്ടി മറ്റു ചില കൊച്ചച്ചന്മാരും പാലാ ളാലം പരണങ്ങാനം യിങ്ങനെയുള്ള പള്ളിക്കാരും ആയി ഘൊഷമായിട്ട പുറപ്പെട്ടു ചെർപ്പുംകൽ വന്നു. എന്നാൽ അറയ്ക്കൽ കുഞ്ചറിയാ കത്തനാര മൂപ്പനും ശെഷം നാലഞ്ചു കൊച്ചച്ചന്മാരും ഒരു ഗുണചിന്നമായി നടന്നുവരികയാൽ ആദെഹത്തിനെയും കൂടെയിറക്കണമെന്നും ഉത്സാഹിച്ചാറെ മാന്നാനത്ത കൊംവെന്തയിൽ കെറി തിരക്കി പൊകണം. അവിടെ നിങ്ങൾ ചെല്ലുംപൊൾ ഞങ്ങളും ചെന്നു കൊള്ളാമെന്നും ഒശാരം പറഞ്ഞുനിന്നപ്പൊൾ അതിൽ ചെറുശെരി ചാണ്ടി കത്തനാര എന്ന ഒരാളും വട്ടമറ്റത്തിൽ ശമ്മാശു മിതിൽ ചാഞ്ഞു നില്ക്കയാൽ ചെറുശെരിയും ഏതാനും ജനവും അവിടെ നിന്നും കൂട്ടി പുന്നത്ര പള്ളിയിൽ വന്നാറെ അവിടെയിവരുടെ പുറകെ നടപ്പാനല്ലാതെ നില്പാൻ തക്കവരാരും യില്ലായ്കയാൽ അവിടെനിന്നും കൂടി പുറപ്പെട്ടു. അപ്പൊൾ മല്പാനച്ചന്മാർക്ക ഏറ്റവും പാലായിൽ മല്പാനച്ചനു മാന്നാനത്തിൽ കരെറി പൊകണം എന്നുള്ള ഗതിയുണ്ടന്നും വെള്ളപ്പാടൻ മുതൽ പെരെ കാണുകയാൽ മല്പാനച്ചന്മാരെ ബഹുമാനത്തിനും സുഖത്തിന്നും എന്നു പറഞ്ഞ രണ്ടു വള്ളത്തെലാക്കി കുരിശുംമൂട്ടിലച്ചൻ മുതൽപെരെ ഒരൊന്നിന്മെൽ കരെറി നിയ്ക്കി വെളുത്തപ്പൊൾ വഴി പിണങ്ങി എന്നും വച്ച കൊട്ടയത്തെ പള്ളിയിൽ എത്തി

പാലാ മല്പാന്മാർ കൊച്ചിക്കു പോകുന്നു.

1. ആചാരബഹുമാനങ്ങൾ

യിനി എന്ത കൊംവെന്തയിൽ കരെറുന്നു വരുംവഴി ആയിക്കൊള്ളാം എന്ന വച്ച അവിടെനിന്നും പുറപ്പെട്ട തൈക്കാട്ടുശെരിൽ എത്തുകയും ചെയ്തു. അതിനിടയിൽ പലരും കൂടീട്ടുണ്ട യിങ്ങനെ ചെന്ന പാറാ യിൽ വല്യ അവുറായുമായി കണ്ട മെത്രാനെ കാണ്മാൻ പൊകുന്നു എന്നും താനും കൂടെ പൊരണമെന്നും പറഞ്ഞാറെ അപ്പൊൾ അയാൾ പെ. ബ. മെത്രാപ്പൊലീത്താച്ചന്ന ഇഷ്ടനായി കർമ്മൽ കൊംവെന്ത അയാളുടെ കൈചിലവാൽ പണിയിച്ചു കൊള്ളാമെന്നും കുമ്പളത്ത

പാറായിത്തരകൻ റോക്കോസ് കക്ഷിയിൽ

വിഗാരി ബ. പിട്ടാപ്പള്ളിൽ കുരി. കത്തനാരച്ചൻ (P.34) വഴിയായി പറഞ്ഞു ബൊധിച്ച 700 രൂപാവരയും കൊടുത്തു എംകിലും ഇനി കഴിയുന്നതല്ല എന്നും ഒരു മനസും എന്നു തന്നെ അല്ല കൊവെന്ത മുഴുവനും പണിയിക്കാം എന്ന അയാൾ പറഞ്ഞിട്ടില്ല പിന്നെയൊ കഴിയുന്നതു ചെയ്യാം എന്നു മാത്രം പറഞ്ഞിരിക്കയാൽ ഇനി പാടുള്ളതും - അല്ലാ എന്നും ഒരു സ്വരവും പുറപ്പടിച്ചിരിക്കുന്ന സമയം ആകയാൽ പിണങ്ങുന്നതിനും മനസില്ല. എണങ്ങിനിന്നാൽ ഇനിയും ചിലവു ചെയ്യെണ്ടിവരും എന്നും ഇങ്ങനെ പകച്ച ഞാൻ പൊരുന്നില്ല എന്നും അച്ചന്മാരു ചെന്നു കണ്ടാൽ നെരായിട്ടും വെണ്ടിയ കല്പനകളും ഉണ്ടായിരുന്നാൽ പിന്നാലെ ഞാനും വന്നുകൊള്ളാമെന്നും യിപ്രകാരമുള്ള ഉപായങ്ങൾ ഒക്കയും അയാൾ പറകയും ഇവനെ കൂടെയിറക്കിയാൽ വെണ്ടിയ ചിലവുകൾ സർക്കാര ന്യായം ഒക്കയും ഇവന്റെ പെടലിയിൽ വച്ചു കൊള്ളാം എന്ന അവരും ഉള്ളെ കണ്ട അവരു പൊകാതയും ഇയാൾ പുറപ്പെടാ തയും ഇങ്ങനെ രണ്ടു മൂന്നു ദിവസം അവിടെ താമസിക്കയും തീർച്ച യിൽ ഇവര ഒരു മുടി തലയിൽ ചൂടി ഇതായത നമ്മുടെ പർഷയിൽ ഇപ്പൊൾ ഒരു പെര പറവാൻ താൻ അല്ലാതെ മറ്റൊരുത്തൻ യില്ലായ്മ യാൽ ഞങ്ങൾ ഇവിടെ വന്നു താൻ പൊരുന്നതല്ലംകിൽ ഞങ്ങൾ

പാലാ മല്പാന്മാർ റോക്കോസിന്റെ മുമ്പിൽ

വന്ന വഴിയിൽ തന്നെ അവരവരുടെ സ്ഥലങ്ങളിൽ പൊകുന്നതല്ലാതെ കൊച്ചിയ്ക്കില്ല എന്നും പറഞ്ഞു ആയത കെട്ടതിനാലും ഇവരും പിരിയാതെ പാർക്കു ന്നതിനാലും അയാളും കൂടെ ഇറങ്ങി പുറപ്പെട്ടു. ഈവണ്ണം കൊച്ചി യിൽ ചെന്ന എഴുത്തുകൾ ഒക്കയും കണ്ടു ഇത: ശു: മ: 9-ാമത്തെ പീയൂസ പാപ്പായും കിട്ടിയിരിക്കുന്ന ബൂളയുടെ ശക്തിയാൽ വാഴ്ച അയ്ക്കന്നു എന്നും പാത്രിയർക്കീസിന്റെ എഴുത്തും അതിനെ സാക്ഷി ച്ചത: മെത്രാന്മാരുടെ എഴുത്തും ഇതത്രെ ഉള്ളത (കെൾവിയല്ലാതെ കണ്ടതല്ല) ഇതിനെ കാരക്കുന്നത്ത മല്പാൻ വായിച്ചു കണ്ട വെണ്ടു

വൊളം മതി എന്ന സാക്ഷിക്കയും എല്ലാവരും കൈയും മുത്തികൊണ്ടു പൊരുവാൻ നിശ്ചയിച്ചു. എംകിലും റെസിദെന്തിയ്ക്ക എഴുതിയിരിക്കുന്നു മറുപടി വരാതെ പുറപ്പെടുന്നതല്ല എന്നും ആദെഹത്തിന്റെ നിശ്ചയമാകയാൽ അതിനിടയിൽ ഇവര ഞാറക്കൽ ചെന്നചൊല്ലി. വിഗാരി ഈരാറ്റുപുഴക്കാരൻ (P.35) വല്ല്യവീട്ടിൽ ഇട്ടിച്ചെറിയകത്തനാര എന്ന ഒരു പെരുള്ള പെ. ബ. അച്ചനും ഇഷ്ടമുള്ളയാളും ശെഷം പെരുടെ മുന്നലും സമ്മതമുള്ളവനും ആകയാലും ഞാറയ്ക്കൽ വിഗാരിയും ആയിരിക്കയാലും പാറായിയുടെ ബന്ധുക്കളും ഇങ്ങനെ ആ വിഗാരിയും പ്രാപ്തിയുള്ള ജനങ്ങളും വരാപ്പുഴെ പുത്തൻപള്ളി മുതലായി വടക്കുപുറത്ത ബന്ധുക്കളും ഇതിനാൽ ഞാറയ്ക്കൽ പള്ളിക്കാര ഉൾപ്പട്ടാൽ വടക്കരും ഉൾപ്പെടും എന്നുള്ള അഭിപ്രായത്താൽ

അനന്തര നടപടികളെപ്പറ്റി മല്പാന്മാരുടെ ആലോചന

മല്പാന്മാരും എല്ലാം ഞാറയ്ക്കൽ ചെന്ന ഗുണദൊഷിച്ചതിനാൽ ഇനിയത്തെ നടപ്പയിതുതന്നെ എന്നുറച്ച ഗലീയൊനായ അഹസൂപ്പൻ ദാവീദിൻ നിന്നു മാറി അബശാലൊമിനൊടു ചെർന്നതിൻ വണ്ണം ബ. വിഗാരിയും യൊഗക്കാരും കൂടെ പുറപ്പെട്ടു കൊച്ചിയിൽ എത്തി മഹാ ആരവത്തൊടെ കൂറീലൊസു മാർതൊമ്മായും രണ്ടുമെത്രാന്മാരും തൊണ്ട: അന്തൊനി സക്ര: രണ്ടു മല്പാരും യിങ്ങനെ ആഘൊഷത്തൊടെ കൊട്ടക്കടവിൽ ബൊട്ടും കെറി. എന്നാൽ കൂറിലൊസ കുറെ ഗുണദൊഷങ്ങൾ ഒക്കയും പറഞ്ഞു. നിങ്ങൾ ഈ ദെഹത്തിനെ ഉപെക്ഷിച്ച അവമാനിച്ച ഒടിക്കും എംകിൽ ഇപ്പൊൾ നമ്മുടെ പക്കൽ പാർപ്പിച്ചു തിരികെ അയച്ചുകൊള്ളാം. അതെന്ത്യെ നമ്മുടെ വീട്ടിൽ കെറി പാർത്തതിനാൽ നമുക്കുപകരിപ്പാൻ സംഗതി ഇതിന്നിടവരുത്തുകയില്ലന്നുറപ്പുണ്ടംകിൽ മാത്രമെ കൊണ്ടുപൊകയുള്ള എന്നും മറ്റും വരാപ്പുഴെ മെത്രാൻ വിണുപൊയി എന്നിങ്ങനെ കുറെ അപമാനമായിട്ടും പറഞ്ഞു എന്നു ആരും വിചാരിച്ചില്ല എംകിലും അന്വഷിച്ചില്ലംകിലും സഹായിച്ചില്ലംകിലും ദൈവം തന്നിരിക്കുന്ന വശത്താൽ ഞാൻ തന്നെ എങ്കിലും ഈ ദെഹത്തിന്നു വെണ്ടി യിത ചെലവു ചെയ്തു പാർപ്പിച്ചുകൊള്ളാമെന്നും വല്യ അവുരാ പറഞ്ഞു എന്നും കെൾവി. ഇപ്രകാരം വാദ്യഘൊഷത്തൊടുകൂടി 1 ബൊട്ടിൽ (P.36) ബറൊക്കൊസ തൊമ്മാ

റൊക്കോസ് തൈയ്ക്കാട്ടുശേരിൽ

മെത്രാനും മല്പാനും സക്രത്താരി മുതലായ പട്ടക്കാരും കൂടെ വന്നവരും 1 ബൊട്ടിൽ കൊന്തുരുത്തിൽ പള്ളിക്കാരായി കുടിലുംകൽ യൊഹന്നാൻ കത്ത. 1: ബൊട്ടിൽ പാറായിൽ വല്യ അവുരായും തൈക്കാട്ടു

ശെരിൽ ചെന്നു കാര്യ അന്വേഷത്തിന്നും മുറി ആസ്ഥമാക്കുന്നതിന്നും ആയി ജെഷ്ടന്റെ മകൻ കൊച്ചവുരായെ യാത്രയാക്കിയും വച്ചനെരമി ല്ലായ്കയാൽ മെത്രാൻ മുതൽ[1] പെരും കൊന്തുരുത്തിൽ എത്തി പാർക്കയും ചെയ്തു. പിറ്റെ ദിവസം അവിടെനിന്നും പുറപ്പെട്ടു തൈക്കാ ട്ടുശെരിൽ എത്തുകയും ചെയ്തു.

### 5-ാം പതം

ഈവണ്ണം തൈക്കാട്ടുശെരിൽ കൊണ്ടുവന്ന യിരുത്തിയും വച്ച നമ്മുടെ കൊവെന്തയിൽ കെറിയിരിക്കണമെന്നും ആയതിന്നു ഭാവി ച്ചിരിക്കുന്നു എന്നും ഒരു കെൾവി തന്നെയല്ല പിന്നെയൊ കൊച്ചിയിൽനിന്നും പുറപ്പെട്ടാൽ കൊവെന്തയിലൊട്ടത്രെ ഇതായത പള്ളിക്കാരുടെ മുതൽ കൊണ്ടത്രെ ഇത പണുതിരിയ്ക്കുന്നു എന്നും ആയതുകൊണ്ട ഇപ്പൊൾ മലംകര പള്ളിക്കാരർക്ക സ്വന്ധ മെല്പട്ടക്കാരൻ വന്നിരിയ്ക്കയാൽ അവിടെതന്നെ ഇരുത്തണ മെന്നും ഈ വണ്ണമുള്ള സ്വരത്താൽ പെ. ബ. നമ്മുടെ മർസ്ലീനൊസ മൂപ്പച്ചൻ കൊല്ലത്തിന്ന പൊകുവാനായിട്ട ആലപ്പുഴെ ലത്തീൻ പള്ളി യിൽ വന്നപ്പൊൾ പെ. പെ. ബ. അച്ചന്റെ ഒരു കടലാസ തപാൽ വഴി അടിയന്തിരമായി കൊവെന്തയിൽ അറിവിപ്പാൻ ആയതിനാൽ ആല പ്പുഴെ നിന്നും അടിയന്തിരമായി മാന്നാനത്തിൽ അറിവിപ്പാൻ ആദെഹം തന്നെ എഴുതി കൊടുത്തയച്ചതാവത സുറിയാനി മെത്രാനും പാറായി മുതലായവരും കൂടെ കൊച്ചിയിൽ നിന്നു പുറപ്പെട്ടാൽ താമസം കൂടാതെ ബലമായിട്ട മാനാനത്തെ കൊവെന്തയിൽ വന്ന കെറി മെത്രാനെ അവിടെ പാർപ്പിപ്പാൻ തുടങ്ങുന്നു എന്നും മറ്റും ഇവിടെ ഒരു കെൾവി. പക്ഷെ ദുഷ്ടത വർദ്ധിച്ചിരിയ്ക്കയാൽ എന്തെല്ലാം ഇതിൽനിന്നുണ്ടാകും എന്നും അറിഞ്ഞില്ല, ആയതുകൊണ്ട അക്രമ മായി ഒന്നും നടക്കാതെ (P.37) യിരിപ്പാൻ മണ്ടവത്തുവാതിൽ മുതലായ സർക്കാർ സ്ഥലങ്ങളിലും അജൂരിലും അർജി കൊടുത്തും തകശിൽദാ രൊടറിവിച്ചും സൂക്ഷിച്ചുകൊള്ളണം എന്നും പ്രിയൊരടറിവിക്കണം എന്നും കല്പന എന്നുള്ള വിവരം മൂപ്പച്ചൻ എഴുതി. കൊടുത്തയ്ക്കയും ചെയ്തു. ഇതിനെക്കണ്ട പ്രിയൊര മുതൽ പെരു കുറെ ഭയന്നു.

റോക്കോസ് മാന്നാനത്തു താമസിക്കാൻ ഉദ്ദേശിക്കുന്നു എന്ന മർസ്ലിനോസ് മിഷനറിയുടെ എഴുത്ത്

മല്പാന്മാർ പ്രിയൊരച്ചന്നു എഴുതുന്നു.

1. ഇവിടെ ഒരു വാക്കു വെട്ടിയിട്ടുണ്ട്. ഗ്രന്ഥകാരൻ എഴുതിവന്ന മഷിയിൽതന്നെ. “ഉപദ്രവിക്കരുത്” എന്ന വാക്കാണ് എഴുതി വെട്ടിയിരിക്കുന്നത്.

എംകിലും മാർ യൌസെപ്പ പിതാവുതന്നെ തുണ എന്നും ഉറച്ചു പാർത്തതല്ലാതെ സർക്കാരിലും മറ്റും അപ്പൊൾ ബൊധിപ്പാനും മറ്റും യിടയായില്ല. ഇങ്ങനെയിരിക്കയിൽ പാലാ മല്പാനച്ചൻ മുതൽപെരു തൈക്കാട്ടുശെരിൽ കുടിയിരുത്തിയും വച്ച തിരിഞ്ഞവരും വഴി നമ്മുടെ കൊവെന്തയിൽ വന്നുപൊകുവാനായി കുമരകത്തിറങ്ങി അപ്പൊൾ പാറായി മുതലായ പള്ളിക്കാരുടെ എഴുത്തും കൊണ്ടത്രെ യിവരു വരുന്നത: ആ എഴുത്തിൻപ്രകാരം സമ്മതിച്ച സന്തൊഷത്തൊടുകൂടെ യിവരും കൂടുന്നു എംങ്കിൽ അങ്ങനെ അല്ലംകിൽ പിന്നെ ബലം പ്രമാണമായി കൊള്ളാമെന്നും അറീച്ച എഴുത്തും കൊടുത്തയച്ചിരിക്കുന്നതിനാൽ നാളെ കൊവെന്തയിൽ വരുമെന്നും ആയതിനാൽ നൽമനസൊടുകൂടെ ചെരുകയത്രെ നല്ലതു: ഇതല്ലംകിൽ സർക്കാരു വഴിയായും കുറെ ദണ്ഡപ്പാടും കൊവെന്തയും കൈവിട്ടുപൊകും എന്നും ഇങ്ങനെ ഓരൊ വർത്തമാനം ഈ സമയങ്ങളിൽ കമ്പി തപാൽ വഴി വർത്തമാനം നടക്കുന്നതിലും ക്ഷണം അവിടെ ഉണ്ടാകുന്നതും ഉണ്ടാകുവാനിരിക്കുന്നതും പറന്നു പൊകുന്നു. എന്നാൽ ആരു കൊണ്ടുപൊകുന്നൊ തിരിയുന്നില്ല ഈ കെൾവി ഒക്കയാലയും ഇളക്കവും വിഷാദവും ഞങ്ങൾക്കും ഉണ്ടംകിലും ദെയവം കാക്കുമെന്നും അജ്ഞാനി അധികാരികളാകുന്നു എംകിലും ഒരാളിന്റെ പേരിൽ പതിച്ച കരവും തീർത്ത പാർത്തുവരുന്ന സ്ഥലത്തെ അവന്റെ സമ്മതം കൂടാതെ മറ്റ ഒരുത്തൻ പ്രവെശിപ്പാൻ യുക്തമില്ലല്ലൊ എന്നും വച്ച പാർത്തുവന്നു. അങ്ങനെയിരിക്കയിൽ പിറ്റെ ദിവസം 3 മണിയ്ക്ക റമ്ശയും കഴിഞ്ഞ ശു: കുർബ്ബാനയുടെ തിരുമുമ്പിൽ വിശീത്തയ്ക്ക ഞങ്ങൾ പള്ളിയിൽ ചെന്നപ്പൊൾ പാലാ മല്പാനും മെലെഴുതിയ കുരിശുംമൂട്ടിലച്ചനും ളാലത്ത പഴെ പള്ളിയിൽ വിഗാരിയും മറ്റ രണ്ടു പെരുമായി നമ്മുടെ സെമിനാരിയിൽ വന്നു കെറി (P.38) എന്നു കെട്ടു. ഉടൻ കൊവെന്തയിൽ കെറ്റാതെയും മുഷിച്ചിൽ തൊന്നിയ്ക്കാതയും ഇരിപ്പാനായി നമ്മുടെ മംകളാവായ വി: കല്ലൂത്രയച്ചന്റെ മുറിയിൽ പ്രിയൊരച്ചൻ ചെന്ന സൽക്കരിച്ച അവിടെയിരുത്തി. ഇതെന്തൊരു കളിയാകുന്നു. എന്നു ചൊദിച്ചാറെ ഈ കാലമായിട്ടല്ലയൊ പെ. ബ. പ്രംസീസ്ക കിളവൻ മെത്രാപ്പൊലീത്താ ആയിരുന്നു എംകിൽ ഇതിനിടവരുമൊ ഇടവരുത്തിട്ട വന്നതല്ലയൊ? എന്നിനെ വീണമൊഴി പറഞ്ഞതിനെ കെട്ടു. ഇതിനാൽ ഞങ്ങളുടെ വ്യസിനം അടങ്ങി. വീണ്ടും വിവരം ചൊദിച്ചാറെ റൊമ്മായിൽനിന്ന വിരൊധമായി യാതൊരു കല്പനയും

മല്പാന്മാർ പ്രിയൊരച്ചനെ മാന്നാനത്തു വെച്ചു കാണുന്നു.

ഉണ്ടാകയില്ല എന്ന അന്തൊനി കത്തനാരച്ചൻ തിട്ടമായിട്ടു പറഞ്ഞു. ഇത അവസാന മൊഴി. കൊള്ളാം യിവരിൽ എന്തുകൈകൾ ഒള്ളു. തിരുവെഴുത്തുണ്ടൊ? നമ്മുക്ക കീൾവഴങ്ങി നടപ്പാൻ തക്ക ഉറപ്പുള്ള സാക്ഷി എന്തുള്ളു. ആയതും വെണ്ടുംവണ്ണം ഒക്കയും ഉണ്ട പാത്രി യർക്കീസിന്റെ എഴുത്തും ഇത കൂടാതെ അഞ്ചാറു മെത്രാന്മാർകൂടി ഏറിയ സാക്ഷിയും കഴിഞ്ഞിരിക്കുന്ന സംഗതികളും കാണിച്ച എഴു തിയിരിക്കുന്നു. കൊള്ളാം ഇതിന്റെ പെർപ്പുകളൊ മറ്റൊ എടുത്തിട്ടു ണ്ടൊ. ഇതിന്റെ വാശകം എന്ന: കുറെ അധികം എഴുതിയിരിക്കുന്നതി നാൽ ആരാൽ എഴുതി എടുക്കാൻ കഴിയും വാശകവും വെണ്ടും വണ്ണം തൊന്നുന്നില്ല ഞാനും മുഴുവനെ തന്നെ വായിച്ചില്ല. കാരക്കുന്നത്തു കാരനും മറ്റും ഏറിയനെരം വായിച്ചു. എന്തൊ മതിമതിയെന്ന അയാളും പറഞ്ഞു. ഏതായാലും നമ്മുടെ യാതിയെല്ലൊ. ആ കൊച്ചിയിൽ പല രുടയും ഇടയിൽ കിടന്നത ശരിയല്ലല്ലൊ. ആയതുകൊണ്ട തൈക്കാ ട്ടുശെരിൽ ഞങ്ങൾ കൊണ്ടുവന്നാക്കി ഇനി എന്തല്ലാം വെണ്ടു എന്നാൽ നൊക്കിക്കൊള്ളണം. ഞങ്ങൾക്കു ചില സമ്മാനവും തന്നു. എന്നും പറഞ്ഞ പ്രപ്പുഗാംദയിൽ അടിച്ച ആ ചുരുങ്ങിയ തെലൊഗ്യപുസ്തകം വിശെഷമായി കെട്ടിരിക്കുന്നത എന്നും പറഞ്ഞ ആയതും കൊണ്ടുവ ന്നിട്ടുണ്ടായിരുന്നതും (P.39) കാണിച്ചു. എന്നാൽ ഇതിന്റെ പരമാർത്ത ത്തിന്ന റൊമ്മയ്ക്ക നമ്മുക്ക ഒന്ന എഴുതാം എന്നു ഞങ്ങൾ പറഞ്ഞു. അപ്പൊൾ മല്പാന്നു സന്തൊഷം എംകിലും കുരിശുംമൂടൻ ഉടൻ തന്നെ തടഞ്ഞു പറഞ്ഞു. അങ്ങൊട്ടു വെണ്ട, പാത്രയർക്കീസിന്ന എഴുതി ക്കൊള്ളണം എന്ന പറകയും ചെയ്തു ഇതിനെക്കൊണ്ട ഞങ്ങളുടെ ബുദ്ധി മടുത്തുപൊന്നു. എംകിലും ഞങ്ങൾക്ക അല്പ വിഷാദമുണ്ടാ യി. ഇതായതു ഈ മല്പാനച്ചൻ മുതൽ പെരിവിടെ പാർക്കുന്നു. വെളു ക്കുംപൊഴെ നമ്മുടെ ധ്യാനം കഴിഞ്ഞ സംങ്കീർത്തിയിൽ ചെല്ലും മുൻപിൽ അവര ചെല്ലുവാൻ ഭാവിച്ചുവന്നെക്കും അപ്പൊൾ മുടക്ക പറ യുപൊൾ കുറെ അധികം സുഖക്കെടാകും ഇതല്ലംകിൽ തടവു സമ്മ തിയാതെ തുടങ്ങി എംകിലും എന്ത ചെയ്യും എന്നു ഉള്ള വിചാരം ഉണ്ടായതിനാൽ ഇപ്പൊൾ തന്നെ വിവരം അറിവിക്കണം എന്നും നിശ്ചയിച്ച 6 മണി യുടെ ധ്യാനം കഴിഞ്ഞുടൻ ഒരു ചെറിയ കടലാസ പ്രിയൊ ഈ വണ്ണം എഴുതി (തങ്ങൾ ഇപ്പൊൾ തൊമ്മാ മെത്രാനെ കണ്ട കൈമുത്തി സമ്മതിച്ച പൊന്നിരിക്കയാൽ തങ്ങളെയിവിടെ ചൊല്ലിച്ചാൽ പക്ഷെ ഞങ്ങൾക്കും കൂടെ പെ. ബ. അച്ചനിൽ നിന്നും

മാന്നാനത്തു കുർബാന ചൊല്ലുന്നതിന് മല്പാന്മാരെ അനുവദിച്ചില്ല

വാച്ചതും കുറ്റപ്പാട്ടുണ്ടാക്കുന്നതാകയാൽ ആയതിന്നും ഇവിടെ ചൊല്ലി ച്ചില്ല എന്നുള്ള മാനക്കെടുകൾക്കും ശെഷിക്കായ്വാൻ നാളെ ചൊല്ല ണമെന്നുള്ള ഭാവം കാണിക്കാതെ പൊകുന്നതത്രെ നമുക്കു രണ്ടു കൂട്ടക്കാർക്കും നല്ലത എന്നും) ഈവണ്ണം എഴുതി രഹസ്യമായിട്ട മല്പാ നച്ചന്റെ കൈകളിൽ എത്തിച്ചു. ആദെഹം തന്നെ വായിച്ചു കണ്ട അപ്ര കാരം തന്നെ പുലർകാലമെ യാത്ര പുറപ്പെടുകയും ചെയ്തു.

ഇതിന്റെ ശെഷം അതിരംപുഴക്കാരു കുടമാളൂർക്കാരു മുതലായി പലരും എന്തുകൊണ്ടിപ്പൊൾ ഇങ്ങനെ യിരിക്കുന്നവരും മുൻപിൽ കല്പന കൂടാതെ വരുന്നു എന്നും മറ്റും അറിവിച്ചു എല്ലൊ. ഇപ്പൊൾ വന്നപ്പൊൾ എന്തുകൊണ്ട അടങ്ങിയിരിക്കുന്നു. കല്പനയും മറ്റും (P.40) ഉണ്ടൊ ഇല്ലയൊ എന്നും ചെന്നു കണ്ടറിയാമല്ലൊ. ചെല്ലുംപൊൾ ആദെഹത്തിന്റെ കൈയിലുള്ള എഴുത്തുകൾ കാണുംപൊൾ തിരിയും എന്നും ഈ വണ്ണമുള്ള പരജനങ്ങളുടെ വചനം നിറുത്തുവാൻ പൊയെ മതിയാവൂ എന്നും ആയതിന്ന പെ. ബ. അച്ചനെ കണ്ട ബൊധിപ്പിച്ച അനുവാദവും വാങ്ങിച്ച പൊകണം എന്നും നിശ്ചയിച്ച പ്രിയൊ: വരാ പ്പുഴെയ്ക്കായി യാത്ര പുറപ്പെട്ട വെച്ചൂർ പള്ളിക്കടവിൽ ചെന്നപ്പൊൾ ചെർപ്പുംകൽ വട്ടമറ്റം കുടമാളൂർ മെക്കാട്ടിൽക്കുന്നൻ ഇങ്ങനെ രണ്ടു ശമ്മാശമ്മാരുടെ കൈകളിൽ ഒര എഴുത്ത (മലയാളത്തിലുള്ള കൽദായ

പ്രിയോരച്ചന്നു റോക്കോസിന്റെ എഴുത്ത്

സുറിയാനിക്കാരുടെ വിഗാരിമാർ തൊമ്മാ മെത്രാപ്പൊ ലിത്ത നമ്മുടെ സ്നെഹപ്പെട്ട പുത്രൻ മാന്നാനത്തിൽ റെശദൈറാ[1] കുറിയാക്കൊസ മല്പാന്നസ്വത്വം നിങ്ങ ളുടെ ആഗ്രഹത്തിൻവണ്ണം എടവമാസം 9-നു കൊച്ചി യിൽ നാം വന്നു ചെർന്നു. മലയാളത്തിലുള്ള നമ്മുടെ കൂടപ്പിറപ്പുക ളുടെ യിടങ്ങളിൽ നടന്നു, നിങ്ങളെ വന്നു കാണ്മാൻ റെസിദെന്തി യിൽ നിന്നുള്ള അനുവാദവും വാങ്ങി അപ്പൊൾ ആസ്തമാകപ്പട്ട പള്ളി ക്കാരുമായി പുറപ്പെട്ട തൈക്കാട്ടുശെരിൽ പള്ളിയിൽ എത്തി പാർത്തു വരുന്നു. ഇനി വെണ്ടും കാര്യങ്ങൾ മെൽ തന്നൊടും കൂടി ഗുണദൊ ഷിച്ച നടത്തെണ്ടുന്നതിന്നായി തന്റെ മുഖങ്ങളുടെ കാഴ്ചമെൽ നാം സന്തൊഷിച്ച പാർത്തിരിക്കുന്നതിനാൽ ഈ എഴുത്ത തന്റെ കൈകളിൽ എത്തിയാൽ ഒട്ടും താമസം കൂടാതെ നമ്മുടെ പക്കൽ വന്നു ചെർന്നു കൊൾകയും ശെഷം ഒക്കയും കാഴ്ചയിൽ. കർത്താവിൽ സമാധാന മായിരിക്ക) ഈവണ്ണം സുറിയാനി പെച്ചിൽ എഴുതി ആദെഹത്തിന്റെ

1. സുറിയാനി വാക്ക്; ശ്രേഷ്ഠൻ എന്നർത്ഥം

ഒപ്പും മുദ്രയും വച്ചിട്ടുള്ള ഈ എഴുത്ത കണ്ടും വായിച്ചും കൊണ്ട അതിനൊടുകൂടി വരാപ്പുഴെ ചെന്ന (P.41) പെ. ബ. അച്ചനെ ക്കണ്ട ഈ വിവരങ്ങൾ ഒക്കയും ബൊധിപ്പിച്ചാറെ നല്ലതെന്നും ആയതിന്ന താൻ തന്നെ അല്ല പിന്നെയൊ ഇനി വടക്കുപുറത്തുള്ള മല്പാന്മാര വിഗാരിമാര മുതലായവരും തെക്കുപുറത്തുള്ളവരും എല്ലാവരും കൂടെ ചെന്നു കാണ്മാൻ തന്നെ അല്ല ശു: സിംഹാസനത്തിൽ നിന്നൊ പ്രപ്പു ഗാംദയിൽ നിന്നൊ നിങ്ങളെ ഭരിപ്പാൻ തക്കവണ്ണം അയാളെ കഴലപ്പെടുത്തി[1] യിരിക്കുന്നു എന്നും ഉള്ള കല്പനയുണ്ടായിരുന്നാൽ അയാൾക്ക കീഴ്വഴങ്ങി നടന്നു കൊള്ളുന്നതിന്നും നൽമനസ്സാൽ നാം അനുവദിച്ചിരിക്കുന്നു എന്നും കല്പിക്കയാൽ അപ്പൊൾ വടക്കുപുറത്തുനിന്നും എടക്കൊളത്ത മല്പാൻ പാനികുളങ്ങരെ മത്തായി മല്പാൻ ഇവരും ഞങ്ങളുടെ പള്ളിപ്രത്ത പാലയ്ക്കൽ തൊമ്മ മല്പാനച്ചനും എല്ലാം കുത്ത്യതൊട്ടിൽ തച്ചിൽ അവുറാഹം മല്പാനച്ചന്റെ ശിഷ്യരാകയാലും മുൻ പണ്ടാരി മെത്രാന്റെ കലാപത്തിലും ഇപ്പൊൾ ഉൾപ്പെട്ടവരുടെ മല്പാൻ കട്ടക്കയം മുതൽ പെരു കൂടിയല്ലാതെ ഈ ദെഹവും ഈ കൈവഴിക്കാരും കൂടിട്ടില്ലായ്കയാലും ഇപ്പഴും ദൈവസഹായത്താൽ ഇവരു ചെന്നുൾപ്പെട്ടില്ലായ്കയാൽ പട്ടാങ്ങ അറിവിച്ചാൽ മറുതലിക്കയില്ലന്നും ശരണപ്പെട്ട വടക്കുപുറത്തുള്ള മല്പാനച്ചന്മാരും വിഗാരിമാരും ഈ വിവരം അറിഞ്ഞ അരണാട്ടുകരെ തരകൻ മുതൽ പെരും സ്വരുമിച്ച മെലെഴുതിയ അവുറാഹം മല്പാനച്ചൻ ആയ നമ്മുടെ കാരണവൻ ഏറിയനാൾ സിമ്നാരിയിട്ട പാർത്തിരുന്ന തെക്കൻ പള്ളിപ്രത്ത പള്ളിയിൽ കൂടി നാം എല്ലാവരും സ്വരുമിച്ച തൈക്കാട്ടുശെരിൽ ചെന്ന പുത്തനായി വന്നിരിക്കുന്ന സുറിയാനി മെത്രാനെ കണ്ട ആദെഹത്തിന്റെ പക്കൽ തിരുവെഴുത്തു മുതലായി ഏതാനും പട്ടാങ്ങയുള്ള കൈകൾ ഉണ്ടൊയില്ലയൊ എന്നറിവാൻ ആയി ഇന്നപ്പൊൾ പള്ളിപ്രത്തപള്ളി കൂടത്തക്കവണ്ണം തെക്കൊട്ടുള്ള പള്ളിക്കാരയും അറിവിച്ചിരിക്കുന്നു എന്നും ഈവണ്ണം ഒക്കയും പെ. പെ. ബ. നമ്മുടെ മെത്രാപ്പൊലീത്താച്ചനും (P.42) അനുവദിച്ചിരിക്കയാൽ അന്നെ ദിവസം തങ്ങളും എത്തണമെന്നും ഇപ്രകാരം പ്രിയൊര: എഴുതി നമ്മുടെ അരണ. എലുകത്തുരുത്തു കൊവെന്തയിൽ വിഗാരി തൊപ്പിൽ

റോക്കോ സിനു മാർപാപ്പയിൽനിന്നു അധികാരം കിട്ടിയിട്ടുണ്ടെങ്കിൽ അദ്ദേഹത്തെ സ്വീകരിക്കാൻ പ്രിയോരച്ചനു വരാപ്പുഴയുടെ നിർദ്ദേശം

1. അധികാരപ്പെടുത്തി

റോക്കോസിനെ കാണാൻ പോകുന്നതിന് പ്രിയോരച്ചൻ പലരേയും ക്ഷണിക്കുന്നു.

ഗീവറുഗീസ കത്തനാരച്ചൻ വഴിയായി വെഗത്തിൽ എത്തുവാൻ തക്കവണ്ണം തനതാൾ വഴിയായി അറിവിക്കയും ചെയ്തു. എംകിലും കാലഭെദത്താലെയൊ ആൾഭെദത്താലെയൊ മുൻപിലത്തെപൊലെ സംഗതി ആകാതെ ഒരൊരുത്തര തനിച്ച കാണ്മാനായി പുറപ്പെട്ടു. തരകനും നമ്മുടെ കൊവെന്തയിൽ നിന്നു ആഹ ചാണ്ടി അച്ചനും ആയി പുറപ്പെട്ടു. എന്നാൽ ഇതിന്നായി തന്നെ തരകൻ കൊച്ചി മഹാരാജ, ദിവാൻ മുതലായവരെ കാണ്മാൻ ആവശ്യമാകയാൽ ചാണ്ടി അച്ചൻ മാത്രം വരികയും മറ്റും നമ്മുടെ തൃപ്പൂണിത്തുറ വിഗാരി പാലാ തയ്യിൽ ........[1] കണ്ടനാട കണിയാവള്ളി വിഗാരിമാരും കുംപളാത്ത വിഗ: പിട്ടാപ്പള്ളി ഇങ്ങനെ കൊച്ചച്ചന്മാരും മുട്ടം – വൈക്കം വിഗാരിമാരും പുളിംകുന്ന, ആലപ്പുഴ വിഗ: ജനങ്ങളും, മുട്ടുചിറ കടുത്തുരുത്തി അതിരംപുഴ, വടയാറ ചെമ്പ യിങ്ങനെയുള്ള പള്ളിക്കാര പ്രിയൊര വരാപ്പുഴയ്ക്ക പൊയിരിക്കയാൽ ഇങ്ങൊട്ടു വരുംപൊൾ മുടക്കിയാൽ മറുത്തുപൊകുന്നതു ചിതമല്ലായ്കയാൽ ഇപ്പൊൾതന്നെ കൂടിക്കൊള്ളണം എന്നും നിശ്ചയിച്ച കാരക്കുന്നത്തു മല്പാൻ പിന്തിരിഞ്ഞു പൊകുംവഴി കടുത്തുരുത്തിൽ ഇരിത്തിക്കൊണ്ട ആദെഹം സമ്മതിച്ചതിനാൽ ഇവരും ആദെഹത്തിനെ കണ്ടു വിശ്വസിച്ചു കൂടി പൊയി എംകിലും മുട്ടുശിറ പള്ളിപറമ്പിൽ പൗലോസു കത്തനാരച്ചൻ കാരക്കുന്നം നിലപ്പന അയിട്ടിങ്ങനെയുള്ളവരുടെ മുഖത്തെപ്രതി സമ്മതിച്ചതല്ലാതെ മനസുസമ്മതിയ്ക്കായ്കയാൽ ഉടൻ പിന്തിരിഞ്ഞുപൊരികയും ഇതിനാൽ ആദെഹം ഞങ്ങളൊടുകൂടയും പ്രധാനപ്പെട്ട ജനങ്ങൾ തൈക്കാട്ടുശെരിൽ മെത്രാന്റെ ജനങ്ങളായിട്ടു കൂടുകയും ചെയ്തു. എന്നാൽ ഈ കൂട്ടത്തിൽ തൈക്കാട്ടുശെരിൽപൊയി കൂടിയ വർത്തമാനം അറിവി (P.43) ക്കുന്നതിന്നു മുൻപിൽ

വടക്കുള്ളവർ വരാതിരുന്നതിന്റെ കാരണം

വടക്കുപുറത്തുള്ളവര നമ്മൊടു കൂടെ ചെരാതിരിപ്പാനുള്ള വിവരത്തിന്റെ സംഗതി തിരിച്ചറിയിപ്പാൻ കുറെ വർത്തമാനം ഉണ്ട. എന്നാൽ ഇതും ഞാൻ കെട്ടറിഞ്ഞതുമാത്രം എഴുതുന്നതാകയാൽ പട്ടാങ്ങമെൽ സംശയിക്കുന്നു. ഇതായത: തെക്കുപുറത്തുള്ളതിൽ ജനസമ്മതവും പെ. ബ. അച്ചനും വിശ്വസിച്ചും ഇരിക്കുന്നു. രണ്ട വിഗാരിമാര അരണാട്ടുകര ഞാറയ്ക്ക: ഇതായത അര. ആനക്കല്ലുംകൽ പല്ലാട്ടു അവുറാഹം

1. പേരെഴുതാൻ സ്ഥലം വിട്ടിരിക്കുന്നു.

കത്ത: ഞാറ: അരുവിത്തുറ വല്യവീട്ടിൽ ഇട്ടിച്ചെറിയകത്തനാര എന്നും ഇവരുടെകൂടെ ഇതിൽ ഉൾപ്പെട്ടതിനാലും വെണ്ടുന്ന ഉറപ്പില്ലാതെ ഇവരൊടു കൂടുകയില്ല എന്നും മറ്റും ഇവരുടെ പ്രാപ്തിമെലും വടക്കുപുറത്തുള്ളവർക്ക അറിവും വിശ്വാസവും ഉള്ളതാകയാൽ ഇട്ടി-ഞാറയ്ക്കൽ വിഗാരി ആകയാൽ കൊച്ചിയിൽ മെത്രാൻ ഇരിക്കുംപൊൾതന്നെ ഈ മല്പാന്മാരു കൊച്ചിയിൽനിന്നും ഞാറയ്ക്കൽ വന്നു കുർബ്ബാനയും ചൊല്ലി ഇയാളുംകൂടി കൊച്ചിയിൽചെന്നു മെത്രാനെക്കാണുകയും ഇയാളുടെ എഴുത്ത അരണാട്ടുകരെ വിഗാരിയ്ക്കു ചെല്ലുകയും ഇങ്ങനെയിവരു പുറമെ വരാപ്പുഴെ ചെർന്നുനില്ക്കയും ഉള്ളെ ഈവണ്ണം ഉള്ള എഴുത്തുകൾ അയച്ചും ശെഷം പെരൊടും അറിവിച്ചതിനാൽ ആയതു നെരെന്നും കരുതി തരകൻ മുതൽ പെര ഏവരുംകൂടെ മെത്രാനെ കാണ്മാൻ പുറപ്പെടണമെന്നും പറഞ്ഞു ബൊധിച്ചിരിക്കയിൽ നമ്മുടെ ആഹാ ചാണ്ടിഅച്ചൻ വരാപ്പുഴെ വന്ന ഈ വിവരം അറിഞ്ഞും അറിയിച്ചും കൊണ്ട വീണ്ട അരണാട്ടുകരെ ചെന്നപ്പൊൾ അത്രെ ഈവണ്ണം നാം എല്ലാവരുംകൂടെ ചെന്നു കണ്ട പരീക്ഷിപ്പാൻ ആയി പുറപ്പെടണമെന്നുള്ള നമ്മുടെ അറിയിപ്പ ചെന്നതു ഇതിനാൽ തരകൻ മുതലായി അല്പംപെര പട്ടാങ്ങ അറിഞ്ഞപ്പോൾ പിൻതിരിഞ്ഞുംകൊണ്ട മുൻപിലത്തെ കെൾവി പട്ടാങ്ങയുള്ളതല്ലെന്നും ആയതിനാൽ കാണ്മാനായിട്ട പൊയികൂടാ (P.44) എന്നും ഈ അറിയിപ്പിൻപ്രകാരം ചെന്നു കണ്ടിട്ടുമാത്രമേ ഉറച്ചുകൂടു എന്നും അരണാട്ടുകരെ വിഗാരിമുതൽ പെരൊടു പറഞ്ഞാറെ അപ്പൊൾ സമ്മതിക്കാതെ തരകൻ പറയുംപൊൾ പൊകുവാനും വെണ്ട എന്നു പറഞ്ഞാൽ നില്പാനും അയാളുടെ ചൊൽവിളിക്കാരല്ല എന്നും പറഞ്ഞ അരണാട്ടുകരക്കാരും ഈ അവറാഹവും പുറപ്പെട്ടതിനാൽ അതിനൊടുകൂടെ പഴയൂർ മുതലായവരും ഇതിൽ ചായുകയും അപ്രകാരം മത്തായി മല്പാൻ മുതലായവരും ഉൾപ്പെട്ടതിനാൽ ഈ അറിയിപ്പിൻപ്രകാരം യാതൊരുത്തരും പുറപ്പെട്ടില്ല എന്നാൽ ഒല്ലൂർ പല്ലശെരി എന്ന ഒരു കത്തനാര കുറെ പൊറുത്തുഗെസ പെച്ചും തിരിയുന്നതിനാലും മറ്റും തന്നിഷ്ടപ്രകാരം നടന്നതിനാൽ നമ്മുടെ അരണാട്ടുകരെ കൊംവെന്തയിൽ മാത്രമെ കുർബ്ബാന ചെല്ലാവു എന്നും കല്പിച്ച അപ്രകാരം പാർത്തിരുന്നു. എന്നയാൾ ഈ സമയം ഈ വിലങ്ങ പൊട്ടിപ്പാൻ നല്ലത എന്നും നിരൂപിച്ച ഈയാൾമാത്രം വരാപ്പുഴെ വന്നചെർന്ന പ്രിയൊ പക്കൽ ചെന്ന മറ്റുള്ളയിടത്ത

റോക്കോസിനു മാർപാപ്പയുടെ അനുമതിയുണ്ടോ യെന്നന്വേഷിക്കണം.

ചൊല്ലുവാനുള്ള അനുവാദം കിട്ടിയാൽ ഞാനുംകുടെ തൈക്കാട്ടുശെരിൽ വരുന്നു എന്നും ഈ മെത്രാന്ന ശു: മാർപ്പാപ്പായുടെ തിരുവെഴുത്തുണ്ടംകിൽ കാണിക്കട്ടെ എന്നും മറ്റും ധൈര്യങ്ങളും പറഞ്ഞുനടന്നു. എന്നാൽ പെ. ബ. അച്ചൻ ഈ സമയം അയാളുടെ അപെക്ഷയ്ക്കും സമ്മതിച്ച ആയതിനാൽ പള്ളിപ്രത്ത എത്തിക്കൊള്ളാം എന്നും പറഞ്ഞു പുറപ്പെടുകയും ചെയ്തു. ഈവണ്ണം വടക്കരും നമ്മുടെ അറിയിപ്പിനെ സ്വീകരിച്ചില്ല.

ഇതിന്റെശേഷം പ്രിയൊരച്ചൻ മുതലായ ഞങ്ങൾ കൊവെന്തക്കാരും മെലെഴുതിയ പട്ടക്കാരും വൈക്കത്തുനിന്നും പുത്തനങ്ങാടിൽ ഇട്ടൂപ്പ മുതലായ നല്ല ക്രിസ്ത്യാനികളും (P.45) കൂടെ പള്ളിപ്രത്തുകൂടി

പള്ളിപ്പുറം യോഗം

എന്നാൽ പാറായിയുടെ ആധക്ക്യത്താൽ ആകയാൽ വാച്ചതും പൊലിസുണ്ടാക്കി സർക്കാരിൽനിന്നും കുറ്റമുണ്ടാക്കുവാൻ ഇടവന്നെയ്ക്കും എന്നും സംശയിക്കയാൽ ആയതിന്നുവെണ്ടി: തൊണ്ടി: അന്തൊനികത്തനാരായ സക്രത്താരിയ്ക്ക പ്രിയൊര ഒര എഴുത്തു കൊടുത്തയച്ചു. (ബ. മാർ തൊമ്മാ മെത്രാപ്പൊലീത്തായും ശെഷിച്ചവരായ നിങ്ങളും വന്നിരിക്കുന്നു എന്നും തമ്മിൽ കാണ്മാൻ ആഗ്രഹിച്ചിരിക്കുന്നു എന്നും തങ്ങളും അപ്രകാരംതന്നെ തൊമ്മാമെത്രാപ്പൊലീത്താ എന്ന പെ. ബെ. ദെഹവും ഇനിയ്ക്ക എഴുതിയിട്ടുണ്ടല്ലൊ എന്നാൽ അപ്പൊൾ ഞങ്ങളുടെ കൊവെന്തയിൽ ദൈവമാതാവിൻ വണക്കമാസം ധ്യാനം ഇങ്ങനെയുള്ള അടിയന്തിരത്താൽ എടവരാഞ്ഞതും ഇപ്പൊൾ ആയതും തീർന്ന പെ. പെ. ബ. അച്ചന്റെ അനുവാദവും വാങ്ങിച്ച ഇവിടെ പള്ളിപ്രത്ത എത്തിയിരിക്കയാൽ വന്നു കാണ്മാൻ സമയം എപ്പൊൾ എന്നും ബൊധിപ്പിച്ച അറിവിക്കണം. ഇതു കൂടാതെയും കിട്ടിയിരിക്കുന്ന കല്പനകളുടെ പെർപ്പുണ്ടായിരുന്നാൽ ആയതും ഉപകാരമായി കൊടുത്തയപ്പാറാകണം) എന്നി

പ്രിയോർ തൊണ്ടനാടനെഴുതുന്നു അതിനു മറുപടി.

പ്രകാരം എഴുതിയതിന്ന ഉത്തരം കൊടുത്തയച്ച എഴുത്ത കൈപ്പറ്റി ബൊധിപ്പിച്ചാറെ കാണുന്നതിനു എപ്പൊൾ എംകിലും ആസ്ഥമായിരിക്കുന്നു എന്നും പെർപ്പിന്റെ കാര്യത്തിന്ന നാളെ വരുന്നതാകയാൽ അപ്പൊൾ കണ്ടുകൊള്ളാവുന്നതാകകൊണ്ട അതിനകത്തെ പെർപ്പിന്ന ആവശ്യമില്ലെന്നും കല്പന. എന്നാൽ ഈ പരീക്ഷ കുറെ മുൻപിൽ വെണ്ടിയിരുന്നു. അതെന്ത്യ പരീക്ഷയിൽ യൊഗ്യമായി കണ്ടത്തി എംകിൽ മറുപ്രകാരം പൊരുൾ തിരിച്ചത ശരി ആകയില്ലല്ലൊ. ഇതുമല്ലാതയും അനദ്രംവരു കുറ്റം കാട്ടിയാൽ കാരണവന്മാർക്ക ശിക്ഷിച്ച കുറ്റപ്പെടുത്താമ

ല്ലൊ. ആയതു ചെയ്യാതിരുന്നാൽ ഏലിയുടെ തറവാട്ടിന്നു വന്നു ഭവിച്ചതും ഗ്രഹിച്ചിരിക്കുന്നുവല്ലൊ, ശെഷം കാഴ്ചയിൽ: ഇത: ചെറിയ അന്തൊനി കത്തനാര. (P.46).

എന്നാൽ മറുപടി കിട്ടിയതിനാൽ എന്തിനായിട്ടു വന്നു എന്നും സർക്കാര ചൊദിച്ചാൽ ഈ മറുപടിതന്നെ സാക്ഷിച്ച പറവാൻ ഇടയുണ്ടല്ലൊ എന്നും നിശ്ചയിച്ച പിറ്റെ ദിവസം കാലത്ത കുർബ്ബാനയും കഴിഞ്ഞ തൈക്കാട്ടുശെരിയ്ക്കു പുറപ്പെട്ടു. എന്നാൽ ഇതിനിടയിൽ പല കെൾവി ഇതായത കുത്തികവർച്ചക്കു വരുന്നു എന്നും സർക്കാരിൽ ബൊധിപ്പിച്ചിരിക്കുന്നു എന്നും വരുന്നവരെ ഒക്കയും പിടിപ്പിച്ചകൂട്ടി അയ്ക്കുമെന്നും ഇങ്ങനെ പല ഭയങ്ങളെ കെൾപ്പിക്കയും ചെയ്തതിനാൽ പള്ളിയിൽ കരെറാതെ അയ്യനാട്ട എന്നു പറയുന്ന പാറായി അവുരായുടെ വീട്ടിലൊട്ട എല്ലാവരുംകൂടെ കയറി അപ്പൊൾ പള്ളിയിൽ ചെല്ലും എന്നും നിരൂപിച്ച പള്ളിയുടെ വാതുക്കലും മെത്രാന്റെ മുറിവാതുക്കലും കാവൽ നിറുത്തി. യാതൊരുത്തരെയും അകത്തു കടത്തികൂടാ എന്നും പ്രമാണവും വച്ച ഢാന്നാ നായിക്കൻ മുതൽപെരെ കൊണ്ടുവരുവാൻ ആളും വിട്ട പാറൊർത്തുക്കാരനെയും വരുത്തി ഇരുത്തിക്കൊണ്ട ഇന്നലെവരെ നമ്മുടെമെൽ മഹാ ആദരവും ആചാരവും ആയിരുന്നതിൽ പലരും മാപ്പിളമാരും പട്ടക്കാരും മുൻ നമ്മൊടുകൂടി സ്വരുമിച്ച പൊരുവാൻ ഇരുന്ന പല്ലശെരി നമ്മുടെ ആഹ: കണിയാരകത്തു മാണിയച്ചൻ മുതലായിട്ടുള്ള പട്ടക്കാരും ശത്രുഭാഗം നടിച്ച, അവരെ കെടുത്തുവാനും ഉപദ്രവിപ്പാനും കൂടിയവരനാം എന്നപൊലെ ദ്വെഷം പൂണ്ട നിന്നിരുന്നു.

പ്രിയോരച്ചനും മറ്റും തൈയ്ക്കാട്ടുശ്ശേരിക്ക്.

എംകിലും പാറായിൽ അവുരാ എന്നവൻ അവന്റെ വീട്ടിൽ കെറിയതിനാൽ മനസില്ലാത്ത ഒശാരം എന്നപൊലെ വന്നു ഉടൻ പ്രിയൊ: അയാളെ തനിയെ കൂട്ടി ഒരിടത്തിൽ ഇരുന്നും കൊണ്ട ഉണ്ടായ വിവരവും ഇതിന്റെ പട്ടാങ്ങയും ഉറപ്പും എന്തു കണ്ട ഉറച്ചു എന്നും മറ്റും ചൊദിച്ചാറെ മല്പാനച്ചന്മാര നല്ലതെന്നും ഇതു മതിയെന്നും ശു: പള്ളിയിൽ നിന്നും കല്പനയിൽ വന്നിരിക്കുന്നു എന്നും മറ്റും (P.47) പറകയാൽ നന്ന എന്നു കരുതി കൂടിയതല്ലാതെ ഇവിടെ യാതൊരു സിദ്ധാന്തവും ആവശ്യവും ഇല്ല. നിങ്ങൾ എല്ലാവർക്കും സന്തൊഷമായിരിക്കും എന്നും വിചാരിച്ചത്രെ ഇതിൽ ചാഞ്ഞത എന്നും അയാൾ അറിഞ്ഞിട്ടുള്ള വിവരം പറഞ്ഞാറെ പ്രിയൊ: ഇതിന്റെ തുടർമാനം മുതൽ ഉള്ള സംഗതിയും ഈ അന്തൊനി കത്തനാര തന്നെ വാഗ്ദാദിൽ മൂസലിൽ നിന്നും എഴുതി അയച്ചിട്ടുള്ള എഴുത്തുകളുടെ പെർപ്പുകൾ മൂസാ

ലിലുള്ള ജനങ്ങൾ റൊമ്മായ്ക്ക എഴുതി എന്നും എഴുതിച്ചിരിക്കുന്ന എഴുത്തുകളും ഈ മെത്രാനെ വാഴിച്ചതിനെ പെ. പെ. ബ. മെസപ്പ ത്തൊാമ്യായിലെ ദലഗാത്ത അമന്തൊൻ മെത്രാപ്പൊലീത്ത റൊമ്മായിൽ അറിയിച്ച എന്നാൽ ഉടൻ ഇത പെ. ബെ. പാത്രയർക്കിസ റൊമ്മയിൽ ചെല്ലുവാൻ ശു: മാർപാപ്പാ കൊടുത്തയച്ച തിരുവെഴുത്തിന്റെ പെർപ്പും ഈ സംഗതിയെ പ്രമാണിച്ചു തന്നെ പ്രപ്പുഗാംദയുടെ പ്രപ്പെയിത്ത

റോക്കോസിന്റെ മോതിരം മുത്താൻ വിസമ്മതിക്കുന്നു.

എ. പെ. ബ. വർണബൊ കുർദയാൾ കൊടുത്തയച്ച എഴുത്തും ഇതിനെ ഒക്കയും കാണിച്ച പറഞ്ഞാറെ അല്പം മനസിളകി. ആയതിനാൽ വീണ്ടും ഇതിന്റെ സംശയം തീർപ്പാൻ വെണ്ടി റൊമ്മയ്ക്ക എല്ലാവരും കൂടി എഴുതിയാൽ മൂന്നു മാസത്തിനകം മറുപടി വരുന്നതാകയാൽ അപ്പൊൾ സംശയങ്ങൾ ഒക്കയും തീർന്നു നാം ഒന്നിച്ചു നടന്നുകൊള്ളാം എന്നും പറഞ്ഞ റൊമ്മായ്ക്ക എഴുതുവാനായിട്ട എഴുതിയിരുന്ന ഒരു കടലാസ കാണിച്ച വായിച്ചു കെൾപിച്ച ഇപ്പൊൾ നാം രണ്ടു പക്ഷക്കാരും ഇതായിത: നെരെന്നും നെരുകെടെന്നും പറയുന്നവരും കൂടിയിരിയ്ക്കയാൽ ഏവരും കൂടി ഒപ്പിട്ട കൊടുത്തയച്ചാൽ മറുപടി വരുംവണ്ണം നടന്നുകൊള്ളാം എന്നും പറഞ്ഞപ്പോൾ ആയത നല്ലത എന്നും എന്നാൽ അച്ചൻ തന്നെ മെത്രാപ്പൊലീത്തായെ കണ്ട ഈ കാര്യം പറഞ്ഞിട്ട ആകട്ടെ എന്നും പറഞ്ഞാറെ നല്ലത എന്നും ഞാൻ വരുവാൻ ആദെഹത്തിന സമ്മതമൊ എന്നും തങ്ങൾ തന്നെ ചെന്ന ചൊദിച്ചാൽ (P.48) അനുവാദമുണ്ടംകിൽ വന്നുകൊള്ളാം. എന്നാൽ ഒന്നുകൂടെ അറിഞ്ഞിരിക്കട്ടെ. ഇതായത: ആദെഹത്തിന്റെ അംശത്തിനടുത്ത മൊതിരം ഞാൻ മുത്തുകയില്ല. അതെന്ത്യെ മറുതലയായി ശു: പള്ളിയുടെ അനുവാദം കൂടാതെ വാണിരിക്കയാൽ ആ മൊതിരം മുത്തുംപൊൾ ആ മറുതല യിവനും സമ്മതിക്കുന്നു എന്നുള്ള കുറ്റമുള്ളതാകയാൽ ആയത ചെയ്പാൻ പാടില്ല. പക്ഷെ മൊതിരം നീയ്ക്കിയിരുന്നാൽ കൈയ്യൊ കാലൊ എളിമ എന്ന പുണ്യത്തെപ്രതി മുത്തിക്കൊള്ളാം: ഇതിന്നു മൊശിമില്ല. ഇതല്ലംകിൽ ഞാൻ തന്നെ ആദെഹത്തിന്റെ മുറിയിൽ കരെറി കതകു ചാരിക്കൊണ്ട ആദെഹത്തിന്റെ പക്കൽ ചെന്ന കണ്ടുകൊള്ളാം. മുത്താത്തതും മുത്തുന്നതും ഞാൻ തന്നെ കഴിച്ചുകൊള്ളാം ശെഷം പെരു കാണ്മാൻ ആവശ്യമില്ലല്ലൊ. എന്നാൽ മുത്തി എന്നുള്ള കുറ്റം യിനിയ്ക്കുമില്ല മുത്തിയില്ല എന്നുള്ള മാനക്കെട ആദെഹത്തിന്നുമില്ല. അവരവരുടെ അഭിപ്രായംപൊലെ ശെഷം പെരു നിരൂപിച്ചുകൊള്ളട്ടെ യിങ്ങനെ എംകിൽ ആയതിന്നും ഞാൻ മനസായിരിക്കുന്നു. ആയതുകൊണ്ട ഈ

വിവരം ഒക്കയും താൻതന്നെ ചെന്ന പറഞ്ഞറിവിച്ചതിന്റെ ശെഷം ചൊല്ലുവാൻ അനുവാദമുണ്ടായാൽ വന്നുകൊള്ളാം എന്നും ഈ വിവരം ഒക്കയും വല്യ അവിരായും കൊച്ചവിരായും രണ്ടുപെരും കെട്ടാറെ നല്ലത എന്നും തെളിഞ്ഞ വീണ്ടും ഈ മെത്രാനെ പരീക്ഷിപ്പാൻ എന്ന കാരണം ആയിവന്നു എന്ന നിങ്ങൾ നിരൂപിക്കണ്ട പിന്നെയൊ നിങ്ങളെക്കുറിച്ചുള്ള സ്നെഹത്തെക്കുറിച്ചത്രെ അതായത നിങ്ങളെക്കൊണ്ട പല നന്മകളും പലർക്കും യിനിക്കും ഉണ്ടായിരിക്കുന്നു. യിനിയും ഉണ്ടാകയും വെണം. അപ്പൊൾ ഈ തറവാട്ടിന്നു ഒരു നാശം വരുന്നതിന്മെൽ ഏറ്റം ക്ലെശമുണ്ടയെപ്പൊൾ പലരും യിതിൽ ഉൾപ്പെടുന്നു. ഈ വാഗ്ദാനക്കാരനായ ഈ ആളിന്മെലുള്ള പ്രിയവും തൊണ്ടിനകത്ത അന്തൊനി കത്തനാരെയുള്ള പ്രിയവുമല്ല. പിന്നയൊ നിങ്ങളുടെ നില നൊക്കിക്കൊണ്ടത്രെ അപ്പഴൊ ഇത:..... [1]

## (പോരൂക്കര കുരിയാക്കൊസ് ഏലീശാച്ചന്റെ ഡയറിയിൽ ചാവറ കുറിയാക്കൊസ് ഏലിയാസച്ചന്റെ കൈപ്പടയിൽ ഉള്ള ഭാഗം)

## ഈ. മ. യ. തുണയ്ക്ക

നമ്മുടെ കർത്താവിന്റെ ആണ്ട് 1840-ാമത മിഥുനമാസം 18-നു പഗറെദുമാറൻ[2] പെരുന്നാൾ ദിവസം മുതൽ വെസറൗമ്മായിൽ പാർത്തു വരുന്ന പൊരൂക്കര തൊമ്മാ കത്തനാരച്ചനും ചാവറ കുറിയാക്കൊസ കത്തനാരും തൊപ്പിൽ ഗീവറുഗീസ കത്തനാരും അരുവിക്കടുത്ത കൂടപ്പിറപ്പു സുഖം യിവരുടെയിടത്തുണ്ടായിരിയ്ക്കുന്നതിനാൽ ആത്മത്തിനടുത്ത ഈ ചെർമ്മ[3] പൊൽ ശരീരത്തിന്നടുത്തതു കൂടയും ആയിരിയ്ക്കെണ്ടുന്നതിന്നിവരുടെ ദെഹദണ്ണങ്ങളും അവരെ ചൊല്ലിയുണ്ടാകുന്ന അനുഭവങ്ങളും എല്ലാം തുടക്കത്തിൽ മാർ പത്രൊസ കാട്ടിത്തന്നതിൻവണ്ണം ആകമാനത്തിന്റെ ഒരു സമഗ്രഹവും ഒരു ശിലവർപ്പും എന്ന നിശ്ചയിച്ച ഒന്നിക്കപ്പെട്ട നാൾ തുടങ്ങി ഉള്ള ചിലവു വിവരത്തിനും എഴുതിയ കണക്കു.

യിവർക്കും യിവരൊടു കൂട്ടപ്പെട്ടവർക്കും കൂടിയുള്ള പെരുമാറ്റത്തിന്നായിട്ട ആലപ്പുഴനിന്നും വാങ്ങിച്ച വെള്ളകൊപ്പ 10ക്കു വില കൊടുത്ത ചക്രം 56.

1. ഈ ഭാഗം ഇവിടെ അവസാനിക്കുന്നു. ബാക്കി മറ്റു കൈപ്പട.
2. സുറിയാനി വാക്ക് - കുർബാനയുടെ തിരുനാൾ.
3. ഐക്യം.

# അമ്പഴക്കാട്ട കൊംവെന്തയുടെ നാളാഗമം

### ഒന്നാം സഹാ

(P.4)

മുൻ പൊലിസ്തക്കാര അവരുടെ കൊ.............................................[1]

അവിടെ ഏറിയ നാൾ പാർത്തുകൊണ്ട ഈ ദിക്കുകളിലും കർണ്ണാടകം ആയ സെതപതി രാജ്യങ്ങളായ പാണ്ടി രാജ്യങ്ങളിലും സത്യ

അമ്പഴക്കാട്ട് എന്ന സ്ഥലത്തിന്റെ പാവനത

വെദം നടത്തി അരുളാംന്തരു വെദസാക്ഷി മുതലായ പല പുണ്യാത്മക്കൾ സംഞ്ചരിച്ച സ്ഥലമായ അമ്പഴക്കാട്ട എന്ന സ്ഥലം പിന്നീട ആ കൊവെന്തയും അഴിഞ്ഞ എടവകപള്ളിയിലും മറ്റു സുറിയാനി പള്ളികൾ മിക്കതിലും 861 കാലം ബാവെലിൽ നിന്ന റൊക്കൊസ എന്ന മെത്രാൻ വന്ന ഉണ്ടായ വെദകലാപത്തിൽ ഈ അമ്പഴക്കാട്ട സംപാളൂര എന്ന ആ സ്ഥലത്തിൽ ഏതാനും പാവപ്പെട്ട ക്രിസ്ത്യാനികൾ മുൻ പൗലിസ്ഥക്കാരുടെ[2] ശുശ്രൂഷികളായി ലത്തീൻകാരായി കിടന്നിരുന്നതിനാൽ അവരുടെ ആത്മദിഷ്ടതികൾക്കായി എ. പെ. ബ. നമ്മുടെ വി. പ്ര. ആയ പ്രെ. ബർണദീന മെത്രാപ്പൊലീത്താച്ചന്റെ കല്പനപ്രകാരം ഒരു കപ്പെള കെട്ടി കുർബ്ബാന നടത്തി. എന്നാൽ ആ വെദകലാപം തീർന്ന ഈ അമ്പഴക്കാട്ട പള്ളിയും പെ. ബ. അച്ചന്റെ കീഴ്വഴങ്ങിയപ്പൊൾ ആ വിഗാരിയെ ഈ കപ്പെളയും ഏൾപ്പിച്ചു. എന്നാൽ ആദെഹം ആത്മപേടിയുള്ള പട്ടക്കാരൻ ആകയാൽ എടവകപള്ളിയും

അമ്പഴക്കാട്ട് ഒരു കൊവേന്ത വേണം

മാളക്കമ്പൊളത്തിലുള്ള കുരിശുപള്ളിയും ഈ കപ്പെളയും താല്പര്യമായി നടത്തിവന്നു. ഈ സമ്പാളൂർ എന്ന സ്ഥലം പൂർവ്വകൊവെന്തയും അരുളാന്തര, വീരമാമുനിയിങ്ങനെയുള്ള പുണ്യവാളരും മഹാത്മാക്കളും സംചാരിച്ച സ്തലമാകയാലും ഇത ഒരു കൊവെന്തയായി വന്നാൽ കൊള്ളാമെന്നും നമ്മുടെ ശ്രെഷ്ടന്മാർക്കൊക്കക്കും വളരെ ആഗ്രഹമുണ്ടായിരുന്നു. ഇങ്ങനെയിരിക്കയിൽ ഈ അമ്പഴക്കാട്ട കാണിച്ചായി ഇട്ടൂപ്പ എന്ന

1. കടലാസ് പൊടിഞ്ഞുപോയിരിക്കുന്നു.
2. ഈശോസഭക്കാരുടെ അമ്പഴക്കാട്ടുള്ള ആശ്രമം വി. പൗലോസിന്റെ നാമത്തിലായിരുന്നു. തന്നിമിത്തം അവർ പൗലീസ്തർ എന്നറിയപ്പെട്ടിരുന്നു.

ഒരാൾ മുൻ കൊറെ പ്രാപ്തിക്കാരായിരുന്ന ഒരു പൂർവ്വതറവാടായിരുന്നവണ്ണം തന്നെയില്ലങ്കിലും കൊറെ പ്രാപ്തിയും ദെഹദെണ്ണിയും തറവാട്ട പാരമ്പര്യമായി കുറെ ഉഷ്ണക്കൊളുമുള്ള ഈ ആൾ മുൻ ചൊടാർ കൊട്ടയും പിന്നെ കൊടശെരി യജമാനന്മാര പിടിച്ചടക്കി അനുഭവിച്ചും വന്ന 84 മാണ്ടി (P.5) ... ... ... ചാലക്കുടി പ്രദെശത്തിൽ പൊയി പാർക്കയിൽ ... ... [1] പിടിച്ച ഓരൊരുത്തര വെട്ടി നടന്നു വന്ന ഈ സ്തലം ഈ ഇട്ടുപ്പ കണ്ട ആയത തെളിച്ച ഒരു കയ്യാല കളപ്പുരയും വച്ച അതിലുൾപ്പെട്ട നിലം കൊടച്ചെരിയൊടും ചിലത നമ്പൂരിമാരൊടുള്ള എടക്കുടികളായവരൊടും കൊടച്ചെരി അടിമ അനുഭവം കൊടുത്ത ആശാരി തട്ടാന്മാരൊടും ചിലത മുള്ളുമൊയിട്ടും വാങ്ങി ആയതിൽ മുമ്പുണ്ടായിരുന്ന കിനറ കുളവും തെളിച്ച ഈ കൊട്ട കിടങ്ങ തെളിച്ചാൽ മതിലും വെലിയും കൂടാതെ വാച്ചകൊണ്ട കൃഷിയും നടത്താമെന്നും ഇങ്ങനെയുള്ള ലാക്കൊടെ തെളിച്ച ആയ്തിന്നു സമീപമായി ചില നിലങ്ങളും തെളിച്ച ഒരു പ്രഭുവെപൊലെ നടന്നുവന്നു. എന്നാൽ നമ്മുടെ കൊവെന്ത വഴിയായി മാർ യൌസെപ്പു പുണ്യവാളന്ന സ്തുതിയായിട്ട നല്ല മരണക്കൂട്ടം എന്നൊരു ക്രമ കൂട്ടമുണ്ടാക്കി 100 ചക്രം ഒരാൾ കൊടുത്താൽ ഈ പിതാവിന്റെ പെരുനാൾ ദിവസത്തിൽ 3 പിച്ചക്കാർക്ക ധർമ്മം കൊടുപ്പാൻ ഇതിന്റെ ഉഭയംകൊണ്ടു നടപ്പാനായി ചട്ടം കെട്ടിയിരുന്നു. ആയ്തിൽ ഈ ഇട്ടൂപ്പും കൂടി അന്നു മുതൽ ഈ ഭക്തി കാരണമായി അമ്പഴക്കാട്ടു പള്ളിയിൽ ഈ പിതാവിന്റെ രൂപം വച്ച ചുരുങ്ങിയ പ്രകാരം ആ പെരുനാളും ആഘൊഷിപ്പാൻ തക്ക ഒരു വസ്തുവും ഈ പള്ളിയിൽ ഏൾപ്പിച്ച നടന്നു വരികയിൽ ഈ ഉഷ്ണക്കൊൾ കാരണമായി തന്നെ ഒരു നമ്പൂരിയുമായി പൊലിസുണ്ടാക്കി സർക്കാരിൽ ഉൾപ്പെട്ട പാറാവിൽ കിടക്കയിൽ അതിൽ വച്ച ഒരു നൽമനസുണ്ടായി ഈ സ്തലവും വസ്തുവും മങ്കളാവും ഏതാനും നിലങ്ങളും ഒരു കൊവെന്ത പണിയിപ്പാനായിട്ടു ഒഴിഞ്ഞു കൊടുക്കണമെന്നും ഒരു കൊവെന്ത ഇവിടെ വയ്പിക്കെണമെന്നും പലരൊടും പറഞ്ഞുവന്നതല്ലാതെയും ഈ പൊലീസൊതുങ്ങി പറഊർ ഇളയമകളെയും കെട്ടിച്ച ആ മകനും ഇട്ടൂപ്പുംകൂടി നമ്മുടെ കൂനമ്മാവുങ്കൽ വന്ന പെ. ബ. നമ്മുടെ ദെല

കണിച്ചായി ഇട്ടൂപ്പിന്റെ കുടുംബം

ഇട്ടൂപ്പിന്റെ മാനസാന്തരം

1. എല്ലാ പേജുകളുടേയും മുകൾഭാഗം കുറച്ചു പൊടിഞ്ഞുപോയിട്ടുണ്ട്. തുടർന്നുള്ള പേജുകളിൽ ചെറിയ കുത്തുകൾ ഇട്ടു കാണിച്ചിരിക്കുന്ന ഭാഗങ്ങൾ കൈയ്യെഴുത്തു പ്രതിയിൽനിന്നും കാലപ്പഴക്കംകൊണ്ട് ദ്രവിച്ചുപോയ ഭാഗത്തെ സൂചിപ്പിക്കുന്നു.

ഗാത്ത മൂപ്പച്ചനൊടും പ്രിയൊരച്ചനൊടും (P.6) ഈ സങ്ങതി പറഞ്ഞു. അപ്പൊൾ സാരമില്ലാത്ത ......... ........ .....
രിച്ചു എങ്കിലും കുറെ താമസിച്ച .... ..... ക്കിയാറെ ഈ മക്കളെ കെട്ടിയർക്കും മറ്റുള്ള സംബന്ധക്കാർക്കും ഈ കൊവെന്ത അവിടെ ഉണ്ടായാൽ ഇയാളുടെ അക്രമശീലങ്ങളൊക്കെയും നീങ്ങു മെന്നും മറ്റും ഗുണങ്ങളൊക്കയും ഉണ്ടാകുമെന്നും പക്ഷെ ഇയാൾ നടത്തുമൊ എന്നും സംശയിക്കയാൽ ആയവരും ഈ മനസിനെ തുണ ച്ചിരുന്നു. ഇങ്ങനെ ഇരിക്കയിൽ ഈ സ്തലം നദിക്കു സമീപവും നല്ല സ്തലവും ആകയാൽ മൂപ്പച്ചൻ പെ. ബ. മെത്രാപ്പൊലീത്ത അച്ചനൊട പറഞ്ഞാറെ ഈ ദെഹം സംപാളൂർ കാര്യത്തിന്മെൽ മുൻ താല്പര്യം വച്ചിരുന്നതിനാൽ ഈ വർത്തമാനം കെട്ടപ്പൊൾ ഏറ്റം സന്തൊഷ മായി ആ കാര്യത്തിന്മെൽ താല്പര്യമായി വിചാരിക്കണമെന്ന കല്പി

കൊവേന്ത സ്ഥാപനത്തിനാലോചന

ക്കയാൽ അമ്പഴക്കാട്ടു വികാരി അച്ചന്ന ഒരു എഴുത്തു കൊടുത്തയച്ചു ഇതായത മൂപ്പച്ചനും പ്രിയൊരച്ചനും അമ്പഴക്കാട്ടു ചെല്ലുമെന്നും അപ്പൊൾ കണിച്ചായി ഇട്ടുപ്പ അവിടെ ഉണ്ടായിരിക്കണമെന്നും അങ്കമാലൂര വിഗാരി ചുള്ളിയച്ചനെയും ഈ വിവരം അറിവിച്ചുകൊള്ളണമെന്നും നമ്മുടെ വിഗാരി അച്ചൻ എഴുതി അയച്ചു. 67 ചിങ്ങം 5-നു മഞ്ഞുമാതാ വിൻ ദിവസ മൂപ്പച്ചനും പ്രിയൊരച്ചനും കൂടെ പുറപ്പെട്ട പുത്തൻചിറ പള്ളിയിൽ ചെന്നപ്പൊൾ ഇട്ടൂപ്പും അവിടെ വീണ്ടും വള്ളത്തിൽ കയറി മറ്റു കാവിൽ അടുത്തു. അപ്പൊൾ അമ്പഴക്കാട്ടു വിഗാരി അച്ചൻ മഞ്ചിൽ കദെരയും കൊണ്ടുവന്നിരിക്കയാൽ അതിൽ കരെറി പള്ളിയിൽ ചെന്നു വീണ്ടും 3 മണിക്ക പുറപ്പെട്ട കൊട്ടക്കൽ ചെന്നു. അപ്പൊൾ കുളവും കിണറും കാടുപിടിച്ചു കിടന്നതിനാൽ പ്രിയൊരച്ചനും മറ്റു ചിലർക്കും തെളിഞ്ഞില്ല. മൂപ്പച്ചൻ ഒക്കയും നടന്നു കണ്ടു. മുകളിലെ കിണറ്റിൽ നിന്ന വെള്ളം കൊരിച്ച കുടിച്ചു കണ്ട നല്ല തെളിഞ്ഞതിനാൽ അങ്ങനെ തന്നെ എന്നു നിശ്ചയിച്ചു പള്ളിയിൽ വന്ന പിറ്റെദിവസം ഇട്ടൂപ്പിന്റെ അനുജൻ കുഞ്ഞുവറീതിനെയും എളയപ്പന്റെ മകൻ കൊച്ചിട്ടൂപ്പിനെയും മൂന്നു പെൺമക്കൾ മാത്രം ഇട്ടൂപ്പിന്നുള്ളു. ആയവരെയും മൂത്ത മകളെ കെട്ടിയവൻ അവിടെ ഉണ്ടായിരുന്നതിനാൽ അവനെയും വരുത്തി ഇവരെ എല്ലാവരെയും കൂട്ടി (P.7) ... ... ... ... ...
.... ... ..... ...... ......

ഇട്ടൂപ്പിന്റെ വാഗ്ദാനത്തെപ്പറ്റി മക്കളുമായി ആലോചിക്കുന്നു

യവൾ മക്കൾ എല്ലാവരൊടും വിവരമായിട്ട ഇട്ടൂപ്പ ഈവണ്ണം ചെയ്വാൻ നിശ്ചയിച്ചു. എംകിലും അനുഭവിപ്പാനുള്ളവരായ നിങ്ങൾ അല്പമെംകിലും മനസുകെടായിരുന്നാൽ ആ വിവരം എന്നൊടു പറഞ്ഞാൽ ഞാൻ ഇതിനെ കൈക്കൊൾകയില്ലാ. ഇതല്ലാതയും നിങ്ങൾ മനസ്സുകെടു കാണിച്ച ഇട്ടൂപ്പ പിണങ്ങും എന്നും ഭയമുണ്ടായാൽ ആയ്തും ഞാൻ വിചാരിക്കാം. നിങ്ങളുടെ മനസ്സുകെടാൽ ഞാൻ കൈക്കൊണ്ടില്ല എന്നും പരസ്യമാക്കാതയും ഇതിനെ ഞാൻ ഒഴിച്ചുകൊള്ളാം എന്നും യിതിനെ മഹാ താല്പര്യമായിട്ട കെട്ടിയവളൊടും പെൺമക്കളൊടും കുഞ്ഞുവറീതിനൊടു കൊച്ചിട്ടൂപ്പിനൊടും പറഞ്ഞാറെ എല്ലാവർക്കും ഇത നടക്കണമെന്നത്രെ ആഗ്രഹം. വിശെഷമായി പെൺമക്കളുടെ വാമൊഴിയായത: അപ്പൻ ഇതിനെ പലപ്പഴും പറയും നിവർത്തിക്കയില്ല. ആയതിനാൽ ഇത പറയും വണ്ണം നടത്തി കണ്ടംകിൽ മതിയായിരുന്നു. എന്നത്രെ ഞങ്ങളുടെ ആഗ്രഹം എന്ന രണ്ടു പെൺമക്കളും അമ്മയുംകൂടി ഒരുമിച്ചു പറഞ്ഞു. എളെ മകൾ പനിയായി വീട്ടിൽ കിടക്കയാൽ വന്നില്ല. എന്നാൽ ഇങ്ങനെ എംകിൽ നിങ്ങൾ വീട്ടിൽ ചെന്ന എളെ മകളൊടും ചൊദിച്ചും കൊണ്ട ഇതിന്ന നിങ്ങളും ഒരു സമ്മതം എഴുതണമെന്നും അവരൊടും അപ്രകാരം തന്നെ കൊച്ചിട്ടൂപ്പ കുഞ്ഞുവറീത എന്നവരൊടും അവരുടെയും നിരുപണയും ഇത തന്നെ ആയാൽ നടത്തുന്നത സംശയം അപ്പഴൊ നാം ആരും ഒരു മനസുകെടു കാണിച്ചു എന്നും വരണ്ടാ എന്നു ആയതിനാൽ അവരും നടക്കുന്നതിന്നു ഞങ്ങളാൽ വെണ്ടിയ ഒത്താശകൾ ഒക്കയും ചെയ്തുകൊള്ളാം എന്നും പറകയും ചെയ്തു. എന്നാ ഇട്ടൂപ്പ ഈ കാര്യത്തിൽ എത്രയും ബുദ്ധിയൊടുകൂടി ചെയ്തു ഇതായതു ഈ സ്ഥലത്തിന്റെ ഗുണം ഒക്കയും കാടുകൾ തെളിച്ച കാണുംപൊൾ കൊടശെരികൾക്ക അധികം വിലകൊടുക്കെണ്ടിവരും എന്നും നിരൂപിച്ച കുളം മുതലായത തെളിക്കാതെ ഇട്ടിരുന്നതിൻവണ്ണം (P.8) തന്നെ യിവരും ഇട്ടൂപ്പും രണ്ടു .... ..... ..... ..... ..... ..... ..... ..... ..... ..... .....
..... ..... ..... ...... ..... .....

കൊവെന്ത സ്ഥാപനത്തിനു ഇട്ടൂപ്പിന്റെ മക്കൾ പൂർണ്ണമായി അനുകൂലിക്കുന്നു.

ക്കയാൽ അതികമായി കാര്യത്തിന്ന താല്പര്യം കാണിക്കാതെയിരുന്നതിനാൽ നടത്തുന്നതിൻമ്മെൽ മുഴുവൻ അവരു വിശ്വസിച്ചില്ല. എന്നതിനാൽ അവരും ഒട്ടും മനസുകെടു കാണിക്കാതെ വശമുള്ള ഒത്താശകൾ ചെയ്യാമെന്നും പറഞ്ഞതിനാൽ ഇപ്പൊൾ തന്നെ വെണ്ടിയ എഴു

ത്തുകൾ ഒക്കയും കഴിക്കണമെന്നും നിശ്ചയിച്ച കൂനമ്മാവിൽ നിന്നും നമ്മുടെ വക്കിൽ കുര്യാപ്പള്ളി മാണി എന്നവനെയും കൊണ്ടുപൊയി രുന്നതിനാൽ ഇന്നു തന്നെ വെണ്ടിയ സമ്മത കച്ചീട്ടുകളും ഒടംപടി തീറു ഒക്കയും എഴുതി നാളെതന്നെ ഒപ്പിട്ട തീർത്ത പൊകണമെന്നും മൂപ്പച്ചൻ പറഞ്ഞ അപ്രകാരം ഇട്ടൂപ്പും മാണിയും കൂടി വെളുക്കുന്നതി

വസ്തു സംബന്ധിച്ച കരാറുകളിൽ ഒപ്പു വെക്കുന്നു.

നകത്ത ഈ തുകകൾ ഒക്കയും കണ്ട ഇട്ടൂപ്പിന്റെ തിട്ട പ്രകാരം ഈ പറമ്പുകളും ശ്രാംപീയും കളപ്പുരയും 300 പറ ചില്ലുവാനം വിത്തുപാട - യിരിപ്പൂവായ നിലവും ഈ ശ്രാമ്പി മുതലായ പണികളൊടും തെങ്ങു കൊപ്പി മുതലായ ആറാഴ്ചകളൊടും കൂടിയുള്ള 4 മുറി പറമ്പുകളും അവിടെ വൈപ്പാനിരിക്കുന്ന കൊവെന്ത വകയ്ക്കായി പെ: പെ: ബ: മെത്രാ പൊലീത്താച്ചന്നു തീറായി ഒരു തീറും എഴുതി മക്കൾ മുതലായവരു ടെയും കുഞ്ഞുവറീത മുതലായവരുടെയും സമ്മത കച്ചീട്ടുകളും എഴുതി തീർത്ത ഈ ഇട്ടൂപ്പിന്റെ തീറിൽ അമ്പഴക്കാട്ട അംകമാലി യിങ്ങനെ രണ്ടു പള്ളിയുടെ വിഗാരിമാരും സാക്ഷിയും വച്ച കൊല്ലം 1043 ചിങ്ങം 21-നു യ്ക്ക 1867 ചിങ്ങം 5-നു മഞ്ഞുമാതാവിന്റെ ദിവസത്തിൽ തന്നെ കുർബ്ബാന കഴിഞ്ഞുടൻ ഒപ്പിട്ട ഏൾപ്പിക്കയും ചെയ്തു.

എന്നാൽ കൊവെന്ത പണിയെണ്ടുന്നതിന്ന ഈ അനുഭവം ഒന്നും കൂടാതെ മുകളിൽ മുൻ പടനായര എന്നു രാജാവ പാർത്തിരുന്ന ഉൾകൊട്ട കിടങ്ങും വല്യ കിനറും ആയിട്ടു കിടക്കുന്ന സ്ഥലത്തെ വെണം ആയത കൊടശെരിയുടെ പെരിൽ കിടക്കയാൽ അവ (P.9) ...

..... ..... ..... ..... ..... .... ..... ..... ..... ..... ..... ..... ..... .....

തുടങ്ങണമെന്നും ആയതുകൊണ്ടുതന്നെ ഇട്ടുപ്പും ആ കിനറും മറ്റും തെളിക്കാതെയിട്ടിരുന്നത തെളിച്ചു കാണുംപൊൾ അതികം വില പറ

- - - - - - - - - - - - - - - - - - - - - - - - - - - - - - - -

എന്നതിനാൽ. എന്നാൽ ഈ കൊടശെരിയജമാനന്മരു 6 പേരുണ്ട്.

- - - - - - - - - - - - - - - - - - - - അവര ഒക്കയും - - - - - - -

സമ്മതിച്ച മൂപ്പ: എഴുതി കൊടുക്കേണ്ട - - - - അവരുടെ മുദ്രയും അടിക്കണം യിവിര പല ഭവനമായി പാർക്കയാൽ മൂപ്പൻ തറവാട്ട ദൊഷിയായി അവരു ബൊധിപ്പിക്കാതെ പലർക്കും വസ്തു എഴുതി വില്ക്കുന്നു എന്നും അവർ കൊച്ചി സർക്കാരിൽ ബൊധിപ്പിച്ച ദിവാൻജി രണ്ട കാര്യസ്ഥൻമാരെ ആക്കി മുദ്രയും അവരാൽ വച്ച പൂട്ടിച്ച ഈ കാര്യസ്ഥന്മാര പാട്ടം മിച്ചവാരം പിരിച്ച ഈ ഭവനങ്ങൾക്കുള്ള ചിലവു നടത്തണമെന്നും യാതൊരു വസ്തു വില്ക്കയും എഴുതി കൊടുക്കയും

കോടശ്ശേരി ഇല്ലത്തിലെ അന്തഃഛിദ്രം

ചെയ്യെണമെന്നാൽ ഈ കാര്യസ്ഥന്മാരു വഴിയായി ഉത്തരവു വാങ്ങിച്ച ചെയ്യെണമെന്നും ഇങ്ങനെയുള്ള ചട്ടങ്ങൾ ഒക്കയും ഉറപ്പിച്ചിരുന്നു. എന്നാൽ ഇട്ടൂപ്പ ഈ വിവരം വെണ്ടുംവണ്ണം അറിഞ്ഞിരുന്നില്ല. രണ്ടു സമസ്ഥാനത്തിലും യിവർക്ക വസ്തു ഉള്ളതും മൂപ്പൻ ബൊധിച്ചവർക്ക എഴുതി കൊടുക്കയും അനം ദ്രവര പെണങ്ങിയാലും നടത്തുവാൻ തക്കവണ്ണം ഇട്ടൂപ്പിനെയും മൂപ്പിന്ന ഒരു പ്രകാരം ചിലപ്പൊൾ സെവിച്ചിരുന്നു. ഇതിനാൽ ഏറെ ചിലവു കൂടാതെ ക്ഷണം എഴുതി വാങ്ങിക്കാമെന്നും നിരൂപിച്ചിരുന്നു. ഇതിനാൽ മാണിയെ യിവിടെ നിറുത്തി പൊയാൽ ഒരാഴ്ചക്കകം എഴുതിച്ചുകൊണ്ടുവരാമെന്നും പറഞ്ഞപ്രകാരം മാണിയെ നിറുത്തി ശ്രാംപി മുതലായതിന്റെ താക്കൊലും മെത്രാപൊലിത്താച്ചന്നായി എഴുതി തന്ന തീറു മാത്രം എടുത്ത ശെഷം ഒക്കയും മാണിയെ ഏൾപിച്ച കൊടശെരിയുടെ തീറും വാങ്ങിച്ച ഈ നിലം പുരയിടങ്ങളുടെ ആധാരങ്ങളും നൊക്കി എടുത്ത കൊടുത്തയക്കാമെന്നും ഇട്ടുപ്പ പറഞ്ഞ പ്രകാരം മാണിയെ നിറുത്തിക്കൊണ്ട മൂപ്പച്ചനും മറ്റും കൂനമാവുംകൽ പൊരികയും ചെയ്തു. (P.10).

എന്നാൽ നമ്മുടെയ്തു അമ്മയുടെ ജീവിതത്തിൽ

\- - - - -

അമ്മയുടെ ശത്രുവായ പിശാചിന്റെ - - - - ത്രയും എളുപ്പമായിട്ടു ഇട്ടുപ്പ വിചാരിച്ചിരുന്ന കാര്യം മഹാ വിഷമത്തിലും നീളിപ്പിലുമായി തീർന്നു. ഇതായത ഈ സ്ഥലത്തിന്ന കൊടശെരി യജനമാനനെക്കൊണ്ട ഒരു തീറ എഴുതി — വാങ്ങിപ്പാനായിട്ട ഇട്ടുപ്പ ഒരു വാചകമുണ്ടാക്കി വെട്ടഴി അർത്ഥം തുക കൂട്ടി വെച്ച 50 രൂപാ കൊടുക്കാമെന്നു ആ തീറു കൈ ഒപ്പിട്ട വാങ്ങിക്കണമെന്നും പറഞ്ഞുംകൊണ്ട നമ്മുടെ മാണിയെക്കൊണ്ട ആധാരം എഴുതിച്ചു. അപ്പൊൾ ഈ വല്യ തുക അർത്ഥം വച്ച എഴുതിയാൽ അവർക്ക അത്രയുമല്ലംകലും പാതിയെങ്കിലും കൊടുക്കെണ്ടിവരും. ആയതിനാൽ അർത്ഥം കുറച്ചുവെക്കണെമെന്നും പറഞ്ഞാറെ മറ്റൊരുത്തന്റെ ബൊധം എടുക്കാത്ത സ്വഭാവവും കുറെ നിലവും ഉള്ളതിനാൽ ഇട്ടൂപ്പിന്ന ഒട്ടും തെളിയാതെ മാണിയൊടു പിണങ്ങിയതിനാൽ അപ്രകാരം തന്നെ മാണി എഴുതി ആധാരവും കൊണ്ട കൊടശെരിയുടെ പക്കൽ ചെന്നപ്പൊൾ മാണി പറഞ്ഞ വണ്ണം തന്നെ സംഭവിച്ചു. എന്നാൽ മുൻ കാണിച്ചതിൽ വണ്ണ സർക്കാര കാര്യസ്ഥന്മാരും ഇതല്ലാതയും നമ്പൂരിമാരുടെ ക്രമംപൊലെ തന്നെ

വസ്തു തീറു എഴുതുന്നതിനു വിഷമതകൾ

യിവരും കാര്യങ്ങൾക്ക തിരിവില്ലായ്കയും നായന്മാരായ ഓരൊ കാര്യസ്ഥന്മാരിവർക്കുണ്ട അവരു പറയുന്നതത്രെ യിവർക്കു ബൊധം. അവര കൈക്കൂലി വാങ്ങിക്കൊണ്ട ബൊധിച്ചണ്ണം എഴുതി കൊടുപ്പിക്കും. ഇതിനാലും യിതിൽ അവർക്ക കാര്യലാഭം ഉണ്ടാകുവാനും ആയി കൊടശെരിയെക്കൊണ്ട എഴുതിപ്പാൻ കഴിഞ്ഞില്ല. ആയതിനാൽ മാണി അവരൊടു ചെർന്ന യിപ്പൊൾ സംബതിക്കണ്ടാ എന്നും മെത്രാപ്പൊലീത്താച്ചനെക്കൊണ്ട അധികം രൂപ കൊടുപ്പിക്കാമെന്നും മാണി പറഞ്ഞു എന്നും ഇതിനാലത്രെ കൊടശെരി വിസമ്മതം പറയുന്നത എന്നും ഈ സംശയം ഇട്ടൂപ്പിന്നു അതികമായി വർദ്ധിച്ച മാണിയെ പിണങ്ങി അയക്കയും ചെയ്തു.

ഇതിനാലെ ഇട്ടൂപ്പിന്റെ ബുദ്ധി മടുത്ത കിടന്നാറെ വീണ്ടും യിവിടെ വരുത്തി മാണിയെ കുറ്റപ്പെടുത്തി. ഇട്ടൂപ്പിനെ യാഗ്രപ്പെടുത്തിയതല്ലാതെ ദിവാൻജിയുടെ ഉത്ത (P.11) ... ഇട്ടൂപ്പും സമ്മതിച്ചു പറഞ്ഞതിനാൽ മൂപ്പച്ചൻ തന്നെ പെ. ബ. അച്ചന്റെ കല്പനയാൽ മറ്റു സംഗതിക്കായി കൊച്ചി ദിവാൻജിയെ കാണ്മാൻ പൊയപ്പൊൾ സർക്കാര ..... ഇഗെന്ത്ര എന്ന നമുക്കെറ്റം ഉപകാരിയും ആയിരുന്നതല്ലാതെ ദിവാൻജിക്കിഷ്ടനും ഇതിനാൽ ഈ ആളും മൂപ്പച്ചനും കൂടി ദിവാൻജിയെ കണ്ട

വസ്തു തീറെഴുതിക്കുന്നതിനു ദിവാൻജിയെ സമീപിക്കുന്നു

ഇരിങ്ങാലക്കുടെ തകിശിൽദാർക്കായി ഉത്തരവും ഭെഷ്ക്കാരുടെ പെർക്ക ഒരു സുകാര്യ എഴുത്തും ഈ കാര്യം വേഗത്തിൽ നടത്തി തരുവാനായിട്ട വാങ്ങിച്ച ആയതു ഒക്കയും നടത്തിച്ചുവരെണ്ടുന്നതിനായി നമ്മുടെ ആഹാ ബ. യൌസെപ്പ ആഗുസ്തീനൊസ എന്ന നമ്മുടെ പ്രക്കുദൊരച്ചനെ തന്നെ അമ്പഴക്കാട്ടിന്നു അയയ്ക്കയും ചെയ്തു.

അവിടെച്ചെന്നു ബ. അമ്പഴക്കാട്ടു വിഗാരി അച്ചൻ മുതൽ പെരുടെ ഗുണദൊഷംപൊലെ തകശീൽദാരവരെക്കണ്ട നമ്മുടെ ആഗുസ്തീനൊസ അച്ചൻ തന്നെ ഉത്തരവും കൊടുത്താറെ ചാലക്കുടിക്ക ശിപ്പായിയെ അയച്ച കൊടശെരിയെയും കാര്യസ്ഥന്മാരെയും വരുത്തി വെഗത്തിൽ നടത്താമെന്നും പറഞ്ഞു എംകിലും അവരുടെ ചട്ടപ്രകാരം പല അവധി പറഞ്ഞ ശെഷം എല്ലാവരെയും വരുത്തി ഈ സ്ഥലം കണ്ടപ്പൊൾ അവരു വിചാരിച്ചിരുന്നതിൻവണ്ണം ഒര യാതൊര അനുഭവമുള്ള സ്ഥലമല്ല കല്ലുംകാടുമായി കിടക്കുന്നതിനാൽ അധികം വില കൂട്ടുവാൻ പാടില്ലംകിലും അച്ചന്നും പയറ്റു പാട്ടംകൂട്ടിയും വിലയു

ണ്ടാക്കി കാരാണ്മ ചെയ്കയില്ലന്നും കാര്യസ്ഥന്മാർക്കും മറ്റും കൈക്കൂലി പുറചിലവിങ്ങനെ 600 രൂപാ വരെ തുകയുണ്ടാക്കി. എന്നാൽ ഇട്ടൂപ്പ് ഈ വസ്തുക്കൾ ഒക്കയും തന്നതല്ലാതെ യത്രയും രൂപാ യിനി ഉണ്ടാക്കുവാൻ പാടില്ലന്നും കാട്ടുകയാൽ മുൻ മൂപ്പച്ചൻ മുതലായി പൊയപ്പൊൾ തന്നെ കൊച്ചുട്ടൂപ്പ മുതൽ പെരും മാളയിൽ കടിച്ചു തീനി മണ്ണുതീനി എന്നിങ്ങനെയുള്ള അമ്പഴക്കാട്ട എടവകക്കാരും പള്ളിയിൽ നിന്നും മറ്റും പുത്തൻചിറ മുതലായ അടുത്ത പള്ളികളിൽ ഒരു ധർമ്മവഴി ഉണ്ടാക്കി എഴുതിവച്ചിരുന്നതിനാൽ ആയത പിരിച്ച എംകിലും ഉണ്ടാക്കുവാനായിട്ട അമ്പഴക്കാട്ട എടവകക്കാരും പള്ളി യിൽനിന്നും മറ്റും പുത്തൻചിറ മുതലായ അടുത്ത പള്ളികളിൽ ഒരു ധർമ്മവരി ഉണ്ടാക്കി എഴുതിവച്ചിരുന്നതിനാൽ ആയത പിരിച്ച എംകിലും ഉണ്ടാക്കുവാനായിട്ട അമ്പഴക്കാട്ടു വിഗാരിയെ യാഗ്രതപ്പെ ടുത്തി (P.12) കൊ ഒരു മാസംവരെ ബുദ്ധിമുട്ടി ചടപ്പുപിടിച്ച .... .... ... ...... .... .... .... .... .... .... .... .... .... .... .... .... .... .... ത. ആ ആഹാ യൗസെ പ്പച്ചൻ പൊരി ... ... .. ...

ഇതിനിടയിൽ പെ. ബ. മെത്രാപ്പൊലീത്താച്ചൻ .. ... ... ... ... ... ... ... ... ... .. .. ... ... ....

ഒരു സ്ഥലം ഏറ്റം തെളിഞ്ഞ അവിടെ ഒരു കൊവെന്ത പണിയണ മെന്നും നിരൂപിച്ച സ്ഥലം സർക്കാരാകയാൽ പതിപ്പിച്ചാൽ മതി എന്ന തിനാൽ എഴുതി കൊടുക്കുകയും മറ്റും ചെയ്ത തുമല്ലാതെയും തന്റെ കൊവെന്തയിൽ മുൻ യിതു നടത്തുമെന്നും സന്തൊഷമായി കല്പിക്കയാൽ ശു: അമ്മയുടെ നാമത്തിൽ നമുക്ക ഒരു കൊവേ ന്തയില്ലായ്കയാൽ ഇത: അമ്മത്രേസ്യായുടെ നാമ ത്തിൽ എന്നും നിശ്ചയിക്കയാലും സ്ഥലവും വസ്തുവും കൂനമ്മാവു കൊവെന്തക്ക അടുപ്പവും എല്ലാറ്റാലും മൂപ്പച്ചനു വീണ്ടും അതികം താല്പര്യമായി - ഗെന്ത്രദ്യൊക്കദെരിനൊടു[1] പറകയും ഈയാൾ ദിവാൻജിയുടെ എളയപ്പനും ഭെഷ്ക്കാരും ആയിരുന്ന ആളിനെക്കൊണ്ട തകശിൽദാർക്ക എഴുതിക്കയും ഈ എഴുത്തിൻ പ്രകാരം കൊടശെരി എളുമെന്നും കാര്യസ്ഥന്മാരും എറണാകുളത്ത വരുത്തി അപ്പൊൾ മറ്റൊ രുത്തര നടത്തുന്നതിൽ ഇട്ടൂപ്പിന്ന ദെണ്ഡമാകയാൽ ഇട്ടൂപ്പും എരണ കുളത്ത ചെല്ലുകയും തുടക്കം ഗെന്ത്രമായി സന്തൊഷവും പിന്നെ ചപ്പൻ

കൊവേന്ത അമ്മത്രേസ്യായുടെ നാമത്തിൽ സ്ഥാപിക്കാൻ നിശ്ചയിക്കുന്നു

1. ഗെന്ഡർ എന്ന വിദേശ ഡോക്ടർ

ഡോ: ഗെന്ധറിന്റെ സഹായങ്ങൾ

എന്നും മറ്റും പറകയും ഇതിനാൽ അയാൾക്കും കുറെ സുഖക്കെടു തൊന്നി. ഈയാൾ വെണ്ടാ ബ. അച്ചന്റെ പെരായിട്ട ആധാരം ചെയ്യിച്ചു തരാമെന്നും മറ്റും ഗെന്ത്ര പറഞ്ഞു എംങ്കിലും ഇട്ടൂപ്പിന്നും മുഷിച്ചിൽ കൂടാതെ നടത്തണമെന്നു വച്ച മൂപ്പച്ചൻ സാവദാനം ആകട്ടെ എന്നു വച്ചു. എംകിലും

അമ്പഴക്കാട്ടെ പറമ്പു നിലങ്ങൾ കൈവശമാക്കുന്നു

ശ്രാമ്പിയും താക്കൊലും നിങ്ങളുടെ ആധാരങ്ങളും തന്നിരിക്കയാലും 68 പറ നടപ്പിന്ന നിലങ്ങൾ ഒക്കയും പാട്ടത്തിന്ന ഏൾപ്പിപ്പാനും ശ്രാംപി കെട്ടി മെച്ചിൽ വെലി കെട്ടിയിതൊക്കയും നടത്തുവാനായി നമ്മുടെ നടത്തുകാരൻ വട്ടപറമ്പിൽ കുഞ്ഞുവറീതിനെ തന്നെ മൂപ്പച്ചൻ അയച്ച വെലക്കാരയും യിവിടെ നിന്നും കൊണ്ടു പൊയി. പാട്ടപിടിച്ച വെപ്പിച്ചും കൊണ്ട നിലങ്ങൾ ഒക്കയും ഏൾപ്പിച്ചു. എന്നാൽ പാട്ട പിടിപ്പവെപ്പാൻ ഏർപെടാത്ത നിലങ്ങൾ യിട്ടുപ്പുതന്നെ ഏറ്റ പാട്ട പിടിപ്പുള്ള നെല്ലും അളന്നു. ഇതിനാൽ ചിലവു ചെയ്‌വാൻ ഒരു വകയുണ്ടായതിനാൽ കൊളം കൂടെ തെളിക്കണമെന്നു (P.13) ...

.... ... ... ... ... ... ... ... ... ... ...

.... ... ... ... ... ... ... ... ... വന്നിരിക്കയിൽ

.... .... ...

മൂപ്പച്ചനും പ്രിയൊരച്ചനും നമ്മുടെ .... .... .... ...

നിക്ലാവൂസും ചടപ്പുകാരാ പുതുസന്യാസികളായിരുന്ന ആഹാ വാറുണ്ണി എൻറീക്ക ളൂയീസയിങ്ങനെ നാലഞ്ചു പെരും കൂടി പൊയി. ആയതിന്ന മുൻകൂട്ടി അറിവിക്കയാൽ അമ്പഴക്കാട്ടു വിഗാരി അച്ചനും കൊച്ചിട്ടുപ്പ കുഞ്ഞുവറീത അന്തപ്പൻ യിങ്ങനെ അവിടെയുള്ള പ്രധാനികളും കൂടി കൊവെന്തയ്ക്കു നിശ്ചയിച്ച മുകളിൽ തന്നെ ഒരു വംകളാവും കെട്ടിയുണ്ടാക്കിച്ചു. ഞങ്ങൾ പൊകുന്നതിന്ന തലെ ദിവസം ബ. പിലിപ്പ മൂപ്പച്ചനെയും അറിവിച്ച ആദെഹവും കൂടെ വന്ന മൂപ്പച്ചന്മാരും ചിലരും നമ്മുടെ വല്യ വഞ്ചിയിലും പ്രിയൊ: ചിലരും മറ്റൊരു വഞ്ചിയിലു

പ്രിയോരച്ചനും മറ്റും അമ്പഴക്കാട്ടു വരുന്നു.

മായി പുറപ്പെട്ടു. 3 മണി വെളുപ്പിന്ന കൂനമ്മാവുങ്കൽ നിന്നു തിരിച്ച 7 മണിയൊടുകൂടെ മൂപ്പച്ചനും മറ്റും മാളയിൽ ചെന്നു അപ്പൊൾ തന്നെ കൊട്ടയ്ക്കൽ പൊകയും പ്രിയൊരച്ചനും മറ്റും വള്ളത്തിന്റെയും വലിക്കാരുടെയും മന്നതയാൽ ഉച്ചയൊടുകൂടെ മാളത്തൊട്ടിന്ന മുൻപിലുള്ള കൃഷ്ണപരപ്പ എന്ന പറയുന്ന സ്ഥലത്ത ചെന്നപ്പൊൾ എറക്കവലിവാൽ വെള്ളം പറ്റി വഞ്ചി ഉറക്കയും എറങ്ങി പിടിച്ചാൽ ചെറിന്റെ

ഏറ്റത്താൽ നീന്തുവാൻ പാടില്ലാതയും യിങ്ങനെ അതികം കഷ്ടപ്പെട്ടു. ഇതിനാൽ ഏറ്റം ആയിരിക്കുംപൊൾ അവിടെ ചെല്ലുവാൻ തക്കവണ്ണം മെലാൽ പൊക്കുവരവു ചെയ്തു കൊള്ളണം എന്നു പ്രമാണിച്ചിരിക്കുന്നു.

ഇങ്ങനെ ഉച്ചയൊടുകൂടി മാളതൊട്ടിൽ ചെന്നു. പ്രധാന കടവിൽ അടുപ്പാൻ പ്രയാസമെന്നും വച്ച കണക്കന്മാരുടെ കടവിൽ ഞങ്ങൾ അടുത്തു യിതത്രെ യിപ്പൊൾ നമുക്കുള്ള കടവാക്കി പുത്തൻ വഴിയിട്ടിരിക്കുന്നത.

ഇതിനാൽ ഞങ്ങൾ വരുംപൊൾ കൂട്ടിക്കൊണ്ടു ചെല്ലണമെന്നും മൂപ്പച്ചൻ പറഞ്ഞെൾപ്പിച്ചിരുന്നവരെ പ്രധാന കടവിൽ നിന്നു. ഞങ്ങൾ ചുറുക്കവഴി പള്ളിയിൽ ചെന്നു. ഉച്ചകഴിഞ്ഞ ഞങ്ങളും കൊട്ടയ്ക്കൽ ചെന്നപ്പൊൾ മുകളിൽ തന്നെ യിരിപ്പാൻ തക്കവണ്ണം ആസ്തമായിരുന്നതിനാൽ അവിടെ തന്നെ പാർത്തു അന്നു തന്നെ കൊച്ചിട്ടൂ മുതൽ (P.14) .... ..... ..... .... ..... .....

..... ..... .... .... ..... ..... ..... ..... ..... ....

കുളം തെകുവാനുള്ളതിന്ന .... .... ....

... ... ... ..... ..... .....

വളുക്കും മുൻപിൽ തുടങ്ങി ആ ദിക്കുകാരർക്കു കൊട്ട കൊണ്ടുള്ള തെക്ക എറെ ചിലവല്ലാത്തതിനാൽ ചക്രംകൊണ്ടു തുടങ്ങി മൂന്നു ചക്രം ചട്ടം കുത്തിച്ച ചവട്ടി പാതി പറ്റിയാറെ ചക്രം കൊണ്ടു മെല്പൊട്ട വെള്ളം കെറ്റുവാൻ പ്രയാസം എന്നു കണ്ട കൂനമ്മാവുകാരെ കൊണ്ട തെകിപ്പാൻ തുടങ്ങി. കൊട്ടകൾ മുതലായത എണങ്ങി വന്നപ്പൊൾ അന്നസ്ഥമിച്ചു എംകിലും വിടാതെ പിറ്റെ ദിവസം കൊണ്ട വെള്ളം പറ്റി എംകിലും ഏറിയ കാലത്തെ യിലകൾ വീണു ചീഞ്ഞ ചെറായി മൂന്നു കൊൽ കുറയാതെയുള്ള അട്ടചേറ. ഇത കണ്ടാറെ ബ. പീലിപ്പ മൂപ്പച്ചൻ തെളിപ്പാൻ അസാധ്യമെന്നു പറഞ്ഞു. അതെന്ത്യ കൊട്ടയ്ക്ക തെകി കളവാൻ പാടില്ല കൈയ്ക്കകുത്തി എടുപ്പാനും തുമ്പായ്ക്കം ഒരു വിധവും നടപ്പില്ല. പിന്നെ അവിടെ ഒരു മരതൊണികൾ ഒണ്ട ചെറിയതായിട്ട ആയത ഒരു തൂണുംമ്മെൽ നീട്ടി കെട്ടി തൂക്കിയിട്ടും കൊണ്ട അതിന്റെ നീളമുള്ള കൈയ്യെ പിടിച്ചും കൊണ്ട അതിന്നു മുൻപിൽ ഒരു വരമ്പുമുണ്ടാക്കി അകത്തിറങ്ങിനിന്നും കൊണ്ട ഈ തൂക്കിയിട്ടിരിക്കുന്ന തൊണിയുടെ തല താഴ്ത്തികൊണ്ട മുക്കകയും പൊക്കി ആട്ടിക്കൊണ്ട

വലിയ കുളം തേകുന്നു

പുറത്തു കളകയും തൂങ്ങി കിടക്കയാൽ ചെളിയുടെ ഭാരം തൂണു താങ്ങുകയും നില്ക്കുന്നവൻ പൊക്കുകയും താഴ്ത്തുകയും ആട്ടുകയും ഒന്നിച്ച ചെയ്യുംപൊൾ അതിൽ നിറയുന്ന ചെറ ഈ വരമ്പിന്നു പുറത്ത വീഴും. അവിടെ നിന്നു പാത്തിയുണ്ടാക്കി കളയണം. ഇതും എത്രയും താമസത്തിന്റെയും ചെറിയ കുളങ്ങൾക്കും മറ്റും നടക്കും. ഇത്രയതിക മുള്ളത എങ്ങനെ എംകിലും കൊട്ടയ്ക്ക കൊരിയും പല പ്രകാരവും നടത്തണമെന്നും മൂപ്പച്ചൻ ഉറച്ച ആ എടവകയിലുള്ള വെലക്കാരു പുല യാൾകൾ ചെ (P.15) ..... ..... ..... ..... ..... ..... ..... .....

..... ..... ..... ..... .....

ള ... കോരിച്ചും ... ... ... വേലക്കാർക്കു കഞ്ഞിയും വെച്ച് ..... .....

.... ..... ..... ..... ..... ......

.... ..... .... ..... ..... .....

.... ..... .... ..... ..... .....

കൊടുത്ത നടത്തിവരികയിൽ ഇട്ടൂപ്പ മെലെഴുതിയ കൊടശെരികാരെ കൊണ്ട ആധാരം എഴുതിച്ചകൊടുക്കാമെന്നും ഭെഷ്ക്കാര പറഞ്ഞതി നാൽ എറണാകുളത്തിന്ന പൊയിരുന്നു. എന്നാൽ മൂപ്പച്ചന്റെ മെലുള്ള താല്പര്യത്താൽ ഗെന്ത്രും ടിക്കു അതികം ഉത്സാഹിച്ചു വരികയിൽ ഇട്ടൂപ്പിന്ന നിലാവിനാൽ തെളിഞ്ഞില്ല. എന്നുകണ്ട വെഗത്തിൽ സാധി ച്ചുകൊടുക്കാമെന്നും ഭെഷ്ക്കാരു പറഞ്ഞതിനാൽ കാര്യം നടന്നു എന്ന വണ്ണം തെളിഞ്ഞ വലിക്കാരായ വാലന്മാർക്കു ഉടുപ്പും യിടുവിച്ച തൊക്കെ കടുത്തെരേയിതു ചുമപ്പിച്ച മാള കടവിൽ അടുത്ത കണിച്ചായി ഇട്ടൂപ്പ ജയിച്ചുപൊയി എന്നും ആർപ്പും യിടുവിച്ച കൊട്ടയ്ക്കൽവന്നു പുറത്ത വന്ന നിന്ന ഈ കൊപ്പുകൾ ഒക്കയും അടക്കിവച്ച മൂപ്പച്ച ന്മാരെ കണ്ടു. എന്നാൽ ഈ കൊട്ടയും ശ്രാംപിയും നമുക്ക ഒഴിഞ്ഞത ന്നപ്പൊൾ യിതിന്ന തെക്കുവശത്തുള്ള ഒരു പറമ്പി ഒരു ചെകവൻ പാർത്തിരുന്നു. അവനൊട ആ പറമ്പും പുരയും വാങ്ങിച്ചു യിനി കൊട്ട യിൽ കടന്ന യാതൊര പ്ലാവിലയും അവരുടെ അനുവാദംകൂടാതെ എടുത്തുകൂടാ എന്നും വാലിഭക്കാരൊടു പറഞ്ഞുംകൊണ്ട ഈ പറ മ്പിലുള്ള പുരയിൽപൊയി പാർത്തു. അവിടയും കൊപ്പുകൾ ഒക്കെ ഉണ്ടാക്കി. എന്നാൽ ഭെഷ്ക്കാരെ ഈ ഉപകാരം ചെയ്തതിന്ന നന്ദി കാണിപ്പാൻ അയാളുടെ കുഞ്ഞിന്ന ഒരു വളയിടണം എന്നും പറഞ്ഞ പണിക്കാരനെവരുത്തി പൊന്നും കൊടുത്ത പണിതുടങ്ങി എന്നുള്ള

അമ്പഴക്കാട്ടു പറമ്പിന്റെ ആധാരം നടക്കുന്നു.

വിവരം കുഞ്ഞുവറീത മുതൽപെര മൂപ്പച്ചനൊടു പറഞ്ഞു. എന്നാൽ കാര്യം നടത്തിട്ടല്ലാതെയിരിക്കുംപൊൾ ഈ സമ്മാനം കൈക്കൂലി ആയി ഏവർക്കും തൊന്നുന്നതും ഗെന്ത്രു: ഈ കാര്യം ഏറ്റിരിക്ക യിൽ ഇത അയാൾക്കും ദിവാൻജി മുതലായി സുഖക്കെട തൊന്നു വാൻ യിടയാകുമെന്നുംവച്ച മൂപ്പച്ചൻ ഇട്ടൂപ്പിനെ (P.16) ... ... ...

... ... ... ... ... ... ... ... ... ... ... ...

ഉപകാരം ചെയ്തവനൊടു നന്നി ... ... ... ...

... ... .... .... ... ... ... ... ... ... ... ...

പൊരാത്തത എന്നും പറഞ്ഞതല്ലാതെ അടങ്ങിയില്ല.

ഇതുതന്നെ അല്ല തിരുവനന്തപുരത്തിന്നും ഒന്നു പൊയി മഹാരാ ജാവിനെയും ദിവാൻജിയേയുംകൂടെ കണ്ട ചില കാര്യങ്ങൾ ബൊധി പ്പിക്കണമെന്നും യിനിയിതി ..... ഒരു കാര്യവും ഇല്ല പിന്നെയൊ എല്ലാ യിടവും നടന്നു കാണണമെന്നും പറഞ്ഞുതുടങ്ങി. കുതിരയ്ക്ക ചില ചമയമുണ്ടാക്കി അതിന്റെ പുറത്ത പസ്യാരും യിങ്ങനെ ഒരിളക്കമായ തിനാൽ കുഞ്ഞുവറീത അന്തപ്പൻ മുതൽ പെരൊട ഇട്ടൂ പ്പിനെ പറത്ത അയക്കാതിരിപ്പാൻ സൂക്ഷിക്കണമെന്നും അനുസരിക്കാതെ പൊകുന്ന എംകിൽ അന്തപ്പനൊ അപ്ര കാരം തക്കതിൽ ഒരാൾകൂടെ പൊകണമെന്നും ആയത ല്ലംകിൽ വല്ല യൊഗ്യമുണ്ടാകുമെന്നും പറഞ്ഞു യിതിന്റെ കൊളത്തിന്റെ ചെറു മുതലായ്ത ഒക്കയും തെകിച്ചു. പീലിപ്പച്ചൻ വരാപ്പുഴയ്ക്ക പൊയി ഞങ്ങൾ ശനിയാഴ്ച: 5½മണിക്ക പ്രിയൊര: അമ്പഴക്കാട്ടു പൊയി താമ സിച്ചു. മൂപ്പച്ചന്ന ലത്തീൻ തക്കസായില്ലാഞ്ഞതിനാൽ 4½ മണിക്കു മൂപ്പച്ചനും ശെഷം ഉണ്ടായിരുന്ന നാലഞ്ചു പുതുസന്യാസികളും കൂടി ചെന്ന പ്രിയൊര കുർബ്ബാന ചൊല്ലി മൂപ്പച്ചനും മറ്റും കുർബ്ബാന കൈക്കൊണ്ടു. 7 മണിക്ക മുൻ വീണ്ടും കൊട്ടയ്ക്കൽവന്നു വീണ്ടും മൂന്നുദിവസം താമസിച്ച അവിടെയുള്ള കാര്യങ്ങൾ ഒക്കയും ചട്ടംകെട്ടി പൊരികയും ചെയ്തു. എന്നാൽ ഇട്ടൂപ്പ ആ കൊണ്ടകൊൾ വിടാതയും ആരയും കൂട്ടാതെയും പുറപ്പെട്ടു. യി കൂനമ്മാവുംകൽ വന്നു. മൂപ്പച്ച നൊട തിരുവനന്തപുരത്തിന്നു പൊകണമെന്നും പറഞ്ഞു അടങ്ങുക യില്ലെന്നു കാണുകയാൽ പെ. ബ. വിഗ. അപ്പ. പ്രെ. അപ്രെം മൂപ്പ ച്ചന്നു എഴുത്തു കൊടുക്കാം വെണ്ടിയ സഹായത്തിന്നും മറ്റും എന്നു പറഞ്ഞാറെ ആയതിന്നും യിടയാകാതെ പുറപ്പെട്ട. തത്തംപള്ളിൽ ചെന്ന യിവിടെനിന്നുകൊണ്ടു പൊയവരെ അയച്ച കെവുപിടിച്ച തിരുവ

ഇട്ടൂപ്പു വിനോദ സഞ്ചാരത്തിനു പുറപ്പെടുന്നു.

(P.17) .... .... .... .... .... .... ഒക്കയുംകൊണ്ട പൊരികയും ചെയ്തു.

ഇതിനിടയിൽ കൊടശെരിയെകൊണ്ട തീറു.............. ൻ ചാലക്കുടിയിൽചെന്നു വെലചെയ്പാൻ ചുള്ളി............പ്പച്ചൻ എഴുതുകയാൽ ആദെഹം ഏറിയ ഉത്സാഹങ്ങൾ കഴിച്ച എഴുതാമെന്നും കൊടശെരികളും കാര്യസ്ഥന്മാരും സമ്മതിച്ചു. എന്നാൽ അട്ടിപ്പെറായി എഴുതിതരികയില്ല നെർപാട്ടമായിട്ട എഴുതി തരാമെന്നും പറഞ്ഞതിനാൽ ഈ വിവരം മൂപ്പച്ചനെ അറിവിച്ചാറെ ആയ്തും മതി ഒഴിക്കയും ഒഴിപ്പിക്കയും ചെയ്യാതയും എസ്ക്കൊള പണിയുന്നതിനായിട്ട എന്നു വാചകംവച്ച എഴുതിതരണമെന്നും അറിവിച്ചാറെ ആയത ഒരു പ്രകാരം സമ്മതിച്ചു. അപ്പൊൾ മൂപ്പിന്ന ഒപ്പ കുത്തണമെംകിൽ വിലയുള്ള ദ്രവ്യം പകുത്ത അയാൾക്കുള്ള പംക അയാളുടെ കയ്യിൽ കൊടുക്കണമെന്നും മൂപ്പിന്നും മൂപ്പിന്ന പല വസ്തുക്കൾ വിറ്റ തനിച്ച എടുത്തിരിക്കയാൽ ഇതിൽ പംക കൊടുക്കയില്ലന്നും എളമകളും കാര്യസ്ഥനും അവരുടെ പംകിൽ ആകയാൽ ഈ വഴക്ക ശക്തിപ്പെട്ടു. മൂപ്പിന്ന വെണ്ട ഞങ്ങൾ എഴുതിതരാം എളമകൾ ഒപ്പംവച്ച കൊടശെരി മുദ്ര കാര്യസ്ഥന്റെ കയ്യിൽ ആകയാൽ മുദ്രയും അടിച്ചുതരാമെന്നും പറഞ്ഞുവെംകിലും മൂപ്പകൂടാതെ ആകയാൽ തലയില്ലാത്ത ഉടലുപൊലെ ആകയാൽ ഇത മതിയാകയില്ലന്നുംവച്ച ഈ വിവരം ഗെന്ത്യവിനെ അറിവിച്ച ദിവാൻജിയെ ബൊധിപ്പിച്ചാറെ ദിവാൻജി വീണ്ടും ദ്രവ്യം പകുത്ത എല്ലാവർക്കുംകൂടെ കൊടുത്തു കൊള്ളണമെന്നും തിരിച്ച ഉത്തരവു അയയ്ക്കയാൽ ആയത എല്ലാവർക്കും സമ്മതിച്ച ആധാരം എഴുതി ഒഴിക്കയും ഒഴിപ്പിക്കാതെയും എന്നത വെപ്പാൻ കാര്യസ്ഥൻ മറുതലിച്ചു എംകിലും മൂപ്പിന്ന കൊടുപ്പാൻ നിശ്ചയിച്ചതിനാൽ അവരുടെ പ്രീതിപൊലുള്ള വാചകം വെച്ചുകൊള്ളട്ടെ എന്നു പറഞ്ഞു. അങ്ങനെ തന്നെ എഴുതി ഒപ്പും യിട്ടുതന്ന ഇട്ടൂപ്പിൽ 41 നാളിൽ (P.18) .... .... ....

അമ്പഴക്കാട്ടു പറമ്പിന്റെ ആധാരം അവസാനം നടക്കുന്നു.

... ... ... ... ... ... ... ... ...
... ... ... ... ... ... ... ... ...
... ... ... ... ... ... ... ... ...
... ... ... ... ... ... ... ... ...

എന്നാൽ ഇട്ടൂപ്പിന്റെ മരണം അ.......
നമ്മുടെ എല്ലാ കൊവെന്തകളിലും പ്രത്യേകം കൂനമ്മാവു കൊവെന്തയിലും ... ...

ഇട്ടൂപ്പിന്റെ മരണം

ആശ്രമമശ്രെഷ്ഠന്ന ചെയ്യെണ്ടുന്ന പാട്ടു കുർബ്ബാന മുതലായ ശെഷക്രിയകൾ കഴിപ്പാൻ കല്പിച്ച കഴിപ്പിക്കയും ചെയ്തു.

എന്നാൽ ഇട്ടൂപ്പ മരിച്ച ഉടൻ തന്നെ അനുജൻ കുഞ്ഞുവറീതിന്ന മുൻപിനാൽ പൌതി ചൊവ്വെ കൊടുത്തിട്ടില്ലാ എന്നുള്ള വഴക്കും ഉണ്ടായിരുന്നു ഈ പകർച്ചയായുള്ളത കണ്ടുടൻ മൂപ്പച്ചന്റെ പക്കൽ വന്ന ഈ വിവിരങ്ങൾ ഒക്കയും പറഞ്ഞതിനാൽ നി അടങ്ങിയിരി. ഞാൻ ഒക്കയും തീർത്തു തരാമെന്നും പറഞ്ഞു. ഉടൻ ഇട്ടൂപ്പിന്റെ മകളെ കെട്ടിയവരും വന്നു: അപ്പൊൾ മൂന്നു മുദ്രയിട്ട ഒരു എഴുത്തു തമിഴിൽ എഴുതിൽ മൂപ്പച്ചൻ അല്ലാതെ ആരും തുറന്നു കൂടാ എന്നും എഴുതിയിരുന്ന ഒര എഴുത്ത ഇട്ടൂപ്പിന്റെ പെട്ടിയിൽ കണ്ടത കൊണ്ടുവന്നു. ആയത മൂപ്പച്ചൻ കണ്ട പ്രിയൊരച്ചനെയും വിളിച്ചു വായിപ്പിച്ചു എന്നാൽ ആയതിനാൽ ഇട്ടൂപ്പിന്റെ തറവാട്ടു കാര്യങ്ങൾ ഒക്കയും മകളെയും മൂപ്പച്ചനെ ഏൾപ്പിച്ചിരുന്നു:

ഇട്ടൂപ്പിന്റെ അനുജനുമായി വസ്തു സംബന്ധിച്ച തർക്കം

ഇതായത പെ. ബ. അച്ചനെ എന്റെ മക്കളെയും വസ്തുക്കളും ഞാൻ ഏൾപ്പിച്ചിരിക്കുന്നു. എന്നാൽ അവർക്കും നമുക്കും അറിവിന്നു വെണ്ടി ആ എഴുത്തിനെ തന്നെ യിവിടെ ചെർക്കുന്നു.

എ. പെ. പെ. മലയാളത്തിന്റെ മിസ്യൊണാരി അപ്പസ്തൊലിക്കാ ആയ കൂനമ്മാവുംകൽ യിരിക്കും പെ. പെ. ബ. ലയൊപ്പൊൾദ മൂപ്പച്ചന്റെ മുമ്പാകെ എഴുതി ബൊധിപ്പിക്കുന്നത എന്തന്നാൽ എഴുത്തുകളാലെയും വചനത്താലയും അറിവില്ലായ്ക നിമിത്തം ഏതാനും വന്നിരുന്നാൽ ആയത ഒക്കയും അച്ചൻ ദെയവത്തെക്കുറിച്ച പെറുത്തുകൊള്ളണമെന്നും അപെക്ഷിക്കുന്നു. എന്നാൽ എന്റെ ഈ വാസസ്ഥലത്തിൽ നിന്നും നിത്യായുസ്സിലെക്ക വരുന്നതിന്ന ദൈയവം എന്ന വിളിച്ചിരിക്കുന്നു. എന്നാൽ ശരീരത്തിന്റെ മക്കളെ പെ. ബ. അച്ചന്റെ കാക്കൽ ഞാൻ ഏൾപ്പിച്ചും (P.19) .... .... .... .... .... .... .... .... .... .... .... .... .... .... ....
.... .... .... .... .... .... .... .... .... .... .... .... .... ... .... .... ....
.... .... .... .... .... .... .... .... .... .... .... .... ...

ഇട്ടൂപ്പിന്റെ മരണപത്രം

വീണ്ടും കെവു പിടിച്ച തിരിച്ചു വരുംവഴി എല്ലാപ്പഴും ഈ എളക്കത്തിൽ തൊക്കും മറ്റും കൊണ്ട നടക്കുന്ന ചട്ടംപൊലെ വള്ളത്തിൽ കരെറിയ ഉടൻ തൊക്കു നിറച്ചവച്ചും കൊണ്ട തൊട്ടിന്റെ കരെയുള്ള

കാടുകളിൽ കാണുന്ന പക്ഷികളെ വെടിവച്ചു വന്നു. എന്നാൽ ഒരു നിറ നിറച്ചവച്ചത വെടിവെപ്പാൻ തുടങ്ങിയപ്പൊൾ പക്ഷി പറന്നു

ഇട്ടൂപ്പിന്റെ മരണ കാരണം

പൊയതിനാൽ വെടിവെപ്പാൻ യിടവരാതെ തൊക്കു വള്ളത്തിൽ ചാരിക്കൊണ്ട ചൊറുൺമാൻ തുടങ്ങി അതിനിടയിൽ അഞ്ചുതെങ്ങുംകൽപള്ളിയ്ക്കു സമീപം കുറെ തെക്കു വശത്ത ഒരു വൃക്ഷത്തിൽ ഒരു നല്ല പക്ഷിയെ കണ്ടതിനാൽ തിടക്ക മായി എഴുന്നെറ്റ തൊക്ക വലിച്ച എടുത്തപ്പൊൾ വള്ളത്തിന്റെ പടിയി ന്മെൽ കാഞ്ചി കൊണ്ട വെടി താനെ തീരുകയും ആ അരിമ്പുകൾ അത്രെയും വയറ്റിൽ കിടന്ന വല്യ മുറിവുണ്ടാക്കി ചൊര പുറപ്പെടു കയും ചെയ്തു. ഉടൻ പുതപ്പ എടുത്ത ആ മുറിവ അടെച്ച ചുറ്റികെട്ടി എംകിലും ചൊര നില്ക്കാതെ ഒഴുകി. ആയതിനെ കെവുകാരു കണ്ട ഭയപ്പെട്ട കരെ വള്ളം അടുപ്പിച്ച ഓടി പൊയി എന്നാൽ മറ്റ കണ്ടവരെ സെവിച്ച ആയവരെ പള്ളിക്കടവിൽ അടുപ്പിക്കയും ചെയ്തു. എന്നാൽ സർക്കാര ചൊദ്യം ഭയപ്പെട്ട ആരും ഈ വിധത്തിൽ വീട്ടിൽ കരെറ്റുക യില്ല. എന്നാൽ ദെയവ കരുണയാലും മാർ യൌസ്സെപ്പ പിതാവിന്റെ സഹായത്താലും ഈയാൾക്ക വല്യത തണുപ്പുണ്ടായി. അതായത നമ്മുടെ കൂന്നമ്മാവു കൊവെന്ത പെ. ബ. അപ്രെം മെത്രാനച്ചൻ മുൻനി റുത്തിയിരുന്നു. ജൊർജ എന്ന ഒരു ചെറുക്കൻ ഈ ദിവസങ്ങളിൽ മൂപ്പച്ചനൊട അനുവാദവും വാങ്ങിച്ച അപ്രെം മെത്രാനച്ചന്റെ പക്കൽ പൊയിരുന്നു. അവനുംകൂടി ഒരുമിച്ച മെത്രാനച്ചൻ തിരുവനന്തപുര ത്തുനിന്നും പുറപ്പെട്ട ഈ സമയത്തുതന്നെ അഞ്ചുതെങ്ങുംകൽ വന്ന ചെർന്നു എന്നാൽ ജൊരജ കണ്ടപ്പൊൾ ഇട്ടൂപ്പിന്റെ വിവരം ഒക്കയും (P.20) ...... ....... .... ..... ...... ..... ..... ...... ..... ...... ..... ..... ......
...... ....... ........ ....... ..... ..... ...... ..... ..... .... ..... ....... ....... ......
..... ... ..... ...... ....... ...... ........ ..... ..... ..... ..... ... ..... .......
യിൽ തന്നെ യിറക്കി കിടത്തി.........

ആയാളുടെ പരീക്ഷകൾ ഒക്കയും കഴിച്ചാറെ പൊറുപ്പിപ്പാൻ അസാധ്യ മെന്നും പറഞ്ഞതിനാൽ അവിടത്തെ വിഗാരി ആയ ........................................................ ബെർത്ത എന്ന മൂപ്പച്ചൻ കുമ്പസാരി പ്പിച്ച പെ. ബ. മെത്രാനച്ചൻ തന്നെ ഒപ്രുശ്മായും കൊടുത്ത വ്യസന ങ്ങൾക്ക ആശ്വാസം ഉണ്ടാകുവാൻ തക്ക ശികിത്സകൾ ഒക്കയും ചെയ്യിച്ചു. ശെഷം കാര്യങ്ങൾ ഒക്കയും താല്പര്യമായി വിചാരിപ്പാൻ

ഇട്ടൂപ്പിന്റെ ശവസംസ്ക്കാരം

ഏല്പിച്ചും വച്ച മെത്രാനച്ചൻ കൊല്ലത്തിന്ന പൊകയും ചെയ്തു. ഉടൻ വിഗാരി മൂപ്പച്ചന്റെ സഹായത്താൽ പൊലീസ ഉദ്യൊഗസ്ഥനെ വരുത്തിച്ച ഇട്ടൂപ്പിന്റെ വചനങ്ങൾ ഒക്കയും കെട്ടു. ഉടൻ കമ്പിതപാലിൽ കൊച്ചി വഴി കൂനമ്മാവുങ്കൽ അറിവിച്ചു. ഇട്ടൂപ്പ വെടികൊണ്ടു കിടക്കുന്നു എന്നും അനുജൻ കുഞ്ഞു വറീത 100 രൂപായുംകൊണ്ട വെഗത്തിൽ അഞ്ചുതെങ്ങുംങ്കൽ വരണം എന്നും ഇത്രമാത്രം എഴുത്ത അപ്പൊൾ മൂപ്പച്ചന്ന ഇംഗ്ലീസ പഠിപ്പാനായി ലെംബ എന്ന ഒരു മെസ്തിരി ഉണ്ടായിരുന്നു. ഈയാൾ വായിച്ചാറെ എങ്ങനെ വെടികൊണ്ടു എന്നും മറ്റും തിരിഞ്ഞില്ല. ഇങ്ങനെയിരിക്കയിൽ അപ്രം മെത്രാനച്ചൻ കൊല്ലത്തി നിന്നും വരാപ്പുഴക്കായി പുറപ്പെട്ടപ്പൊൾ ഇട്ടൂപ്പ മരിച്ചു എന്നും 25 രൂപാ കഴിക്കാണം വച്ച ആ പള്ളിയിൽ ഒന്നാം കുഴിയിൽതന്നെ വെണ്ടിയ ബഹുമാനത്തൊടുകൂടെ അടക്കംചെയ്തു എന്നും അറിവിക്കയും ചെയ്തു.

ഈ വിവരങ്ങൾ ഒക്കയും അമ്പഴക്കാട്ടിന്ന കുഞ്ഞുവറീത മുതൽപെരെ അറിവിക്കയും ചെയ്തു. എന്നാൽ ഈ ചെയ്യുന്നി വിവരങ്ങൾ ഒക്കയും കുഞ്ഞുവറീത മുതൽ പെരെ കെട്ട ഇട്ടൂപ്പിന്റെ മൂത്ത മകളെ കെട്ടിയവനും കുഞ്ഞുവറീതും മറ്റും ചെന്ന വിഗാരി മൂപ്പച്ചനെ കണ്ട വിവരങ്ങൾ ഒക്കയും ആദെഹം പറഞ്ഞുകെട്ടു അപ്പൊൾ നല്ലവണ്ണം ക്ഷമയൊടുകൂടി മരണ ആസ്ഥപ്പാടുകൂട്ടി ഉയിർപ്പിന്റെ ശെഷമുള്ള 3-ാം ഞായറാഴ്ചയായ മദ്ധ്യസ്ഥപെരുനാൾ ദിവസത്തിൽ (P.21)......... ...........

.....................................................................................................................

..... ...... ..... ..... .... ..... ....... ....... ...... ..... ... ..... ... .... വണ്ണം വചാരിക്കണമെന്നും ............................................ പ്പിക്കയാൽ അപ്രകാരം കൊച്ചിട്ടൂപ്പകുഞ്ഞുവറീത ഇട്ടൂപ്പിന്റെ കെട്ടിയവൾ മക്കളും അവരുടെ ഭർത്താക്കന്മാരും ഈ ആൾകൾ എല്ലാവരയും അറിവിച്ച വിളിക്കയും കൊണ്ടും വിഗാരിയും ആയി കൂനമ്മാവുംകൽ വരുവാൻ അറിവിക്ക

കൊച്ചു ഇട്ടൂപ്പുമായി അഭിപ്രായ വ്യത്യാസം

യാൽ അപ്രകാരം വന്നപ്പൊൾ ഈ വല്യയിട്ടൂപ്പിന്റെ മകളെയും വസ്തുക്കളെയും അവന്റെ മരണസമയത്തിൽ നമ്മെ ഏൾപിച്ചിരിക്കയും നാം തീർത്തതരാമെന്നും കല്പിച്ചിരിക്കയാൽ ആയതിന്ന വിരൊധമായി കുഞ്ഞുവറീത തുടങ്ങിയതിനാൽ സർക്കാരിൽനിന്നും വാങ്ങിച്ച നടപ്പു ചീട്ട എന്ന കൊയിത്ത ചിട്ടു വെക്കണമെന്നും കൊച്ചിട്ടുപ്പിന്ന തീറ എഴുതിക്കൊടുത്ത ആധാരം അവന് വെക്കണമെന്നും മൂന്നു ദിവസത്തിന

കത്ത ഈ കല്പന പ്രകാരം ചെയ്യാത്തവര കല്പനവിരൊധികളാകു മെന്നും കല്പിക്കയാൽ കുഞ്ഞുവറീത ഉടൻതന്നെ സമ്മതിക്കയും കൊച്ചു കുറെ പിടിച്ചു അപ്രകാരം എഴുതിക്കൊടുത്തവരും എംകിലും നടക്കയില്ലന്നും കണ്ടാറെ അമ്പഴക്കാട്ടചെന്നു കൊടുത്തയക്കാമെന്നും ഏറ്റുകൊണ്ടുപൊകയും മറ്റ എല്ലാവരും പാർക്കയും ചെയ്തു. ആ ദിവസത്തിൽ മുട്ടുമഴയും തുടങ്ങി. അപ്പൊൾ കുഞ്ഞുവറീതിന്റെ വഴക്ക തീർപ്പാനും പെറുതിവര്യൊലയും നൊക്കിക്കണ്ട വിസ്തരിപ്പാനായിട്ട ചുള്ളിയച്ചനെയും വിഗാരി അച്ചനെയും മറ്റും മെലാളന്മാരിയിട്ടും നിശ്ച യിച്ചു. അങ്ങനെയിരിക്കയിൽ ഇട്ടൂപ്പിന്ന എഴുതിക്കൊടുത്ത 30 പറ വിത്തുപാടുനിലം ഒഴിപ്പിക്കണം. കുഞ്ഞുവറീതിന്ന 25 പറക്കനിലം കൊടുക്കണം കാര്യം തീർന്ന പ്രകാരം എഴുത്തുകുത്ത ചെയ്ത എല്ലാവരും സന്തോഷമായിതീർന്ന പൊക്കുവിൻ. അല്ലംകിൽ നിങ്ങൾ അങ്ങു ചെന്ന കല്പിച്ച മെലാളന്മാര വിസ്തരിച്ച അറിവിക്കട്ടെ എന്നും മൂപ്പച്ചൻ കല്പിച്ചാറെ (P.22) ... ... ... ... ... ... ... ...

... ... ... ... ... ... ... ... ... ... ... ... ...

... ... ... ... ... ... ... ... ... ... ... ... ... ...

ച്ചമഴയാലും പുറത്തിറങ്ങാതെയിരുന്ന അവരും പെൺപിള്ളാരെ ഒക്കനെയും തള്ളയെനയും ആഹാ. ചാണ്ടിയച്ചൻ കുമ്പസാരിപ്പിച്ച

ഇട്ടൂപ്പിന്റെ വീട്ടിലെ കുടുംബകലഹം നീങ്ങുന്നു

സൽഗുണ ദൊഷവും കൊടുത്താറെ വിസ്ഥാരവും മറ്റും വെണ്ട എന്നും കല്പിച്ചതത്രെ യിരു കൂട്ടക്കാരർക്കും നല്ലത എന്നും ബൊധിച്ച അവരുതന്നെ വചകവും ഉണ്ടാക്കി കുഞ്ഞുവറീതും മരുമക്കളും തമ്മിൽ എത്രയും സന്തൊഷമായി മൂത്തമകളൊടുണ്ടായിരുന്ന അമ്മയുടെ മുഷിച്ചിലും തമ്മിൽ പറഞ്ഞു തീർന്നു. എഴുത്തും ഒപ്പിട്ടകൊടുത്ത അങ്ങുചെന്നു. 20 പറ എഴുതിയത ഒഴിച്ചനടക്കണമെന്നും എല്ലാവരും സന്തൊഷമായി എന്ന അടയാളത്തിന്ന ഒരു വിരുന്നുണ്ടാക്കി. കുഞ്ഞുവറീതും മരുമക്കളും തള്ളയും ഒന്നിച്ച തിന്നുകുടിച്ച വിഗാരിച്ച ഒരുമിച്ചു വന്ന മൂപ്പച്ചനൊടു അറിവിച്ച പെണ്ണങ്ങൾ ഒക്കയും ശു. കുർബ്ബാനയും കൈകൊണ്ട എല്ലാം കഴിഞ്ഞപ്പൊൾ മഴയും നിന്ന അന്ന നല്ല വെയിലും കണ്ടു എല്ലാവരും മഹാ സന്തൊഷമായി അമ്പഴക്കാട്ടിന്ന പൊകയും ചെയ്തു.

ഉടൻ ചുള്ളിയച്ചൻ ആധാരവുംകൊണ്ട കൂനമ്മാവുംങ്കൽ വന്നു മൂപ്പച്ചൻ പല രൂപങ്ങൾ വെന്തീഞ്ഞ ജ്ഞാനപുസ്തകങ്ങൾ യിങ്ങനെ പല

സന്തൊഷങ്ങൾ പറഞ്ഞു സമ്മാനിച്ച അയക്കയും ചെയ്തു. അപ്രകാരം ഗെന്ത്രിന്നും പല സമ്മാനങ്ങളും കൊടുത്തു.

വീണ്ടും 68 കന്നി 5 നു പെ. ബ. മെത്രാപൊലീത്താച്ചൻ കാലംചെയ്തു. പിറ്റെ ശനിയാഴ്ചതന്നെ പെ. ബ. ലയണാർദ ദൊസം ളൂയീസ

അമ്പഴക്കാട്ടു കൊവേന്തക്കു കല്ലിടുന്നു.

എന്ന ദെഹത്തിന്ന വാഴ്ചയ്ക്കു ബൂളയും വന്നതിനാൽ ഈ നമ്മുടെ കൊവെന്തയ്ക്ക അമ്മത്രെസ്യായുടെ നാമത്തിൽ പണിചെയ്യണമെന്നും നിശ്ചയിച്ച മെത്രാനച്ചനും വരാമെന്നും കല്പിച്ചതിനാൽ രണ്ട ബൊട്ടും വാങ്ങിച്ചതിൽ ഒന്നിൽ മെത്രാനച്ചനും പീലിപ്പച്ചനും മർസ്സീനു മൂ (P.23)
...... ...... .... ..... ...... ..... ..... ...... ..... ...... ..... ..... ...... ......
....... .... ..... ..... ..... ...... ..... ..... .... ..... ..... ...... ...... ..... ... .....
...... ....... ...... ........ ..... ..... ..... ..... ... ..... ....... ... .... ...
തന്നിരിക്കുന്ന വസ്തുക്കൾ ആകമാനത്തിന്നു വെണ്ടുംവക ഉണ്ട എന്നു വരികിലും ആയത ഒക്കയും വെറുതെ കലക്കുവാനും അവരവരുടെ .......അന്തസ്ഥിൽ കാണുന്നതുപൊലെയും ചെറുകുളങ്ങളെ കലക്കി തെകുവാനും തങ്ങളെ പാടുംപൊലെ ഒക്കയും നൊക്കിയതും നൊക്കിച്ചതും എന്നാൽ ആയതിന്നപ്രകാരമെന്നു പറയാൻ പാടില്ല. എന്നാൽ ആയത ഒരു കടൽപൊലെ കണ്ട വ്യാകുലപ്പെടുന്നു എന്നാൽ ഒന്ന എറ്റിയെയിരുവരും അതിൽ പെട്ടവരും പച്ചമരത്തുമ്മെൽ അങ്ങനെ ചെയ്തും എന്നു വരികിൽ ഒണക്കമരത്തുമ്മെൽ എങ്ങനെ ചെയ്യുമെന്നും മനസ്സിൽ നൊക്കണം.

പെ. ബ. അച്ചനെ എന്റെ മക്കളെ ഞാൻ ഏൾപ്പിച്ചിരിക്കുന്നു. എന്നാൽ ഈ മക്കളെ വരുത്തി കുറെ നല്ല ഗുണദൊഷം പറഞ്ഞു കൊടുത്ത ചൊവ്വുപുത്തിയെ പഠിപ്പിക്കണം. എന്റെ വക വസ്തുക്കൾക്ക

ഇട്ടൂപ്പിന്റെ അന്തിമാഭിലാഷം

അറിവില്ലാത്ത പട്ടികകൾ ആകയാൽ പല യൊഗ്യങ്ങൾ എടവരുന്നതാകയാൽ ആയത ഒക്കയും ഞാൻ തീർത്ത കൊടുക്കുംവണ്ണം ബ. അച്ചൻ തീർത്ത വെടിപ്പാക്കി കൊണ്ട പുരയും പറമ്പുകളും തള്ളി ശെഷമുള്ള വസ്തുക്കളിൽ ഇനിക്ക ആണ്ടി ഒരു റാസയ്ക്കുള്ള വകയും മക്കളുടെ തള്ളയ്ക്ക 30 രൂപായുടെ അർത്ഥത്തിന്നുള്ള വസ്തുവും തള്ളി ശെഷമുള്ള വസ്തു എർപ്പെപ്പെട്ടതും നാല്പുതില്പുനോക്കി മക്കൾക്കു വീതിച്ചുകൊടുക്കയും വെണം. എന്നാൽ തന്റെ നീതി എന്റെ കടത്തിന്നും തറവാട്ട എളെ മകൾക്ക കൊടുപ്പാൻ ന്യായം എന്നു വരികിലും തള്ളയൊടു ചൊദിച്ച അവരെ

ആര രക്ഷിക്കണമെന്ന അവരു പറയുന്നവരെ ആ തറവാട്ടിൽ പാർപ്പി ക്കണമെന്ന പെ. ബ. അ. ഞാൻ അപെക്ഷിക്കുന്നു. പിന്നീടു മക്കളെ വരുത്തി ശുർപ്പുത്തി പറഞ്ഞുനീക്കണം. നല്ല ഗുണദൊഷം അവർക്ക കൊടുക്കണം. അതിന്റെ വിവരം അറിയാമല്ലൊ പിള്ളയ്ക്കു കൊള്ളാ മെങ്കിൽ തള്ളയ്ക്കും കൊള്ളാമെന്നും അവരെ അറീക്കണം. തള്ളെ രക്ഷിക്കുന്നവർക്ക അവരുടെകാലം (P.24) ... ... എഴുതിവച്ചത ... ... ... നടന്നുകൊള്ളണം ... ...

ശെഷം ... .... പൊലെ .... .....

... ... ...

ഇപ്രകാരമൊക്കയും എഴുതിവച്ചത ചക്കാലമഠത്തിൽ തൊമ്മായി ട്ടൂപ്പ എന്ന മ്ശിഹാ പിറന്നീട്ട 1868-ാം കാലം മെട മാസം 23-ാം നു

✠

ഈ എഴുത്ത മൂപ്പച്ചൻ കണ്ട അപ്രകാരം തന്നെ വിചാരിക്കമെന്നും അവരൊടു പറഞ്ഞയച്ചു. എംകിലും കുഞ്ഞുവറീതും മുഴുവനും അട ങ്ങാതെ സർക്കാർ മുഖാന്തരംമായിട്ടും മറ്റും ചില അതികാരം ഇട്ടൂപ്പിന്റെ വസ്തുക്കളിമ്മെൽ തുടങ്ങി. ആയതു കണ്ട മക്കളെ കെട്ടിയവരിൽ മൂത്തവനും കെട്ടിയവളും നീക്കി ശെഷമുള്ള മക്കളും തള്ളയും കൂടി കൊച്ചിട്ടൂപ്പിനെ സെവിച്ചു. അവൻ 20 പറനിലം യിനിക്കു തരു വാനുള്ളതെന്നും ആയത യിനിക്ക എഴുതി തന്നാൽ കുഞ്ഞുവറീതിന്റെ ചെല്യം ഞാൻ നിറുത്താമെന്നും പറകയാൽ ഈ എഴുത്തിൻ പ്രകാരം മൂപ്പച്ചനെ അറിവിക്കാതെയും കുഞ്ഞുവറീതിനൊട ചെരാതയും കൊച്ചി ട്ടൂപ്പിന്ന 30 പറക്കു നിലം തീറ എഴുതി അമ്മയും എളെ മക്കൾ രണ്ടും ഒപ്പിട്ട മൂത്തവളൊടു പറഞ്ഞാറെ മൂപ്പച്ചനെ ബൊധിപ്പിക്കാതെ ഒപ്പ വെക്കയില്ലന്നും പറഞ്ഞു. യിവര കുഞ്ഞുവറീതിന്റെ വചത്തിൽ ചാഞ്ഞു. ഇതിനാൽ അമ്മയും മറ്റവരും വിരൊധമായി. എന്നാൽ അമ്മയും അവരൊടു ചെരുകയാൽ നിലം കൊച്ചിട്ടൂപ്പിന്നു നടത്തി ക്കൊടുത്ത അതിന്റെ ആധാരവും കൊടുത്തു. ഇതിനാൽ അങ്ങൊട്ടു ചെന്നു കുഞ്ഞുവറീതിന്ന മുൻപിൽ നെരായ പൌതി കൊടുത്തിട്ടി ല്ലന്നും മുൻ പറഞ്ഞിരുന്ന കൊച്ചിട്ടൂപ്പ: ശരിയെ ചെന്നിട്ടുണ്ടന്നും ചില സാക്ഷികളാൽ പറഞ്ഞു തുടങ്ങി. എന്നാൽ മൂത്ത മകളും കെട്ടിയ

കുടുംബകലഹം വീണ്ടും തലപൊക്കുന്നു

വനും കൂനമ്മാവുംങ്കൽ വന്ന ഈ വിവരം പറഞ്ഞു. മൂപ്പച്ചൻ ഈ എഴുത്തും (P.25) ... ... ആഗസ്തി ... ... ... ... ളും ഒരു വല്യ ബൊട്ടിലും വല്യ വഞ്ചി .... .... .... .... .... .... .... .... .... ... യിട്ട വരാപ്പുഴെനിന്നും മറ്റുള്ള പുതുസന്യാസികളും കൊച്ചുങ്ങളും ആഹാ ഗ്രിഗറിയൊ മത്തായി അച്ചനും മറ്റും വെറെ ബൊട്ടിലും നമ്മുടെ വല്യ വഞ്ചിയിൽ മൂപ്പച്ചൻ മുൻപിൽ പൊയിക്കൊണ്ട വീണ്ടും അയക്ക യാൽ അതിൽ പ്രിയൊരച്ചനും അൽമെനി ദർശനക്കാരും യിങ്ങനെ ചെന്ന മാളയിൽ ചെർന്ന എല്ലാവരും കൂടി കൊട്ടക്കൽ വന്ന – 10 – മണിക്ക തുലാം 20 നു കൊവെംതയ്ക്ക കല്ലുംയിട്ട മൂന്നു മണിക്ക

ലിയോനാർദു മെത്രാപ്പോലീത്താ കൂനമ്മാവിൽ

മെത്രാനച്ചനും മൂപ്പച്ചന്മാര 2–ം ഏതാനും പെരും പൊയി. ശെഷം നമ്മുടെ മൂപ്പച്ചൻ പ്രിയൊരച്ചൻ ശെഷം എല്ലാവരും 21 നു 2 മണി വെളുപ്പിന്ന പുറ പ്പെട്ട കൂനമ്മാവുംകൽ പൊയി ബ. ആഹാ സെബസ്യാച്ചനും, ആ പീലിപ്പൊസിനെയും അരണാട്ടുകരെ കൊവെന്തയിൽനിന്നും ആഹാ വല്യ യാക്കൊയെ മുൻ കൂനമ്മാവിംകൽനിന്നും യിങ്ങനെ യിവര കൊട്ട യ്ക്കലും അമ്പഴക്കാട്ടപള്ളിയിലും ആയി പാർത്തും പണി നടത്തി ധർമ്മം കൊണ്ട പണിയും പാട്ടംകൊണ്ട ചിലവും കഴിച്ചു യിങ്ങനെ യിരിക്കയിൽ യിതിന്ന മുൻപിൽ മൂപ്പച്ചൻ കർമ്മെൽ കൊവെന്ത സിമ നാരിയിൽ റെയിത്തൊറായിരുന്ന ആഹാ. ബ. മത്തായി മറിയാ അച്ചനെ അരണാട്ടുകരെ അയച്ചിരുന്നു. ആദെഹത്തിനെ യിവിടെ വരുത്തി ധർമ്മം പിരിപ്പാനും മറ്റും പണികൾക്കും ചുമനിലപ്പെടുത്തിരിന്നു ധനു 15 അയച്ചു. യിങ്ങനെ ആയപ്പൊൾ അമ്പഴക്കാട്ടു ചെന്ന കുർബ്ബാന ചൊല്ലുകൊണ്ട നടത്തുന്നതിന്ന പ്രയാസവും നടപ്പുകെടും എന്ന കണ്ട 1869 കുംഭം 3–നു മൂപ്പച്ചനും പ്രിയൊരച്ചനും മറ്റു ചില പുതുസന്യാസി കളും യിവിരൊടുകൂടി വന്ന ഒരു വംകളാവും കപ്പെളയും പണിവാൻ സ്ഥലവും (P.26) ... ...

... ... ... ... പെ. ബ. അച്ചൻ കല്ല് ... ... ച്ചൻ ചട്ടം കെട്ടി ഇട്ടൂപ്പിന്റെ ... ... തള്ളനെയും വരുത്തി വെന്തിഞ്ഞകളും, കാശുരൂപ ങ്ങളും കൊന്ത, കടലാസുരൂപം യിത ഒക്കയും മെത്രാനച്ചനെക്കൊണ്ടു തന്നെ കൊടുപ്പിച്ചു. ഇങ്ങനെ ഒക്കയും താല്പര്യമായി വിചാരിച്ചു വന്നിരുന്നു. എന്നാൽ നിലങ്ങൾ ഒക്കയും പാട്ടപിടിപ്പ വെപ്പിക്കാതെ ഏല്പിച്ചു കൂടാ എന്നും ഇട്ടൂപ്പിന്ന പാട്ടത്തിന്ന കൊടുക്കയില്ലന്നും മറ്റും ഇട്ടൂപ്പി

ഇട്ടൂപ്പിന്റെ കുടുംബകലഹം മൂർച്ഛിക്കുന്നു.

നൊടുതന്നെ മൂപ്പച്ചൻ പറഞ്ഞു ബൊധിച്ചിരിക്കുന്നു. എന്നാൽ ഈ വണ്ണം ഒക്കയും ഇട്ടൂപ്പിന്റെ എഴുത്തിൻ പ്രകാരം വിചാരിച്ചു വന്നതും വിസ്താരം കൂടാതെ 20 പറ നിലം കൊടുപ്പിച്ചതും 30 പറ നിലം അവര എഴുതി കൊടുത്തത കൊച്ചിട്ടൂപ്പിനെക്കൊണ്ട ഒഴിപ്പിക്കണ മെന്നും കല്പിച്ചതും എളയ മക്കളുടെ കെട്ടിയവരായ പരവൂർക്കാ രുടെ കാരണവന്മാരു മുതലായവരുടെ കെട്ട ബുദ്ധിയാലും ഗുണദൊ ഷത്താലും അതിന്നെ മറിപ്പാനായിട്ട മൂപ്പച്ചന്റെ പക്കലും പ്രിയൊരച്ച നൊടും മുട്ടിക്കയും കുഞ്ഞവറീതിന്റെ പൌതി വിസ്ഥരിച്ച തീർക്കണ മെന്നും അവര എഴുതിക്കൊടുത്തത അങ്ങനെ തന്നെ നടക്കണമെന്നും ഈ സിദ്ധാധം വളർന്നതിനാൽ മൂപ്പച്ചന്ന അധിക സംകടവും വെറു പ്പുമായി അതെന്ത്യെ ഈ വിസ്ഥാരത്തിന്നു തുടങ്ങിയാൽ നശിക്കും. അമ്മയും രണ്ടു മക്കളും കൊച്ചിട്ടൂപ്പും. 1. മൂത്ത മകനും മകളും. കുഞ്ഞു വറിതും അന്തപ്പൻ എന്ന പ്രി.മും 1 യിങ്ങനെ രണ്ടായി പകുത്ത പിണങ്ങി ഇട്ടൂപ്പിന്റെ കെട്ടിയവൾ മക്കൾക്കും അത്രെ കെടുവരുന്നത — എന്നു കാണുകയാൽ ഈ വിധി ഒരുനാളും ഇളകുകയില്ലന്നും മൂപ്പ ച്ചനും അങ്ങനെയിരിക്കയിൽ ഈ കുംഭം 2-നു പറവൂർ ചെന്നത്രെ, മൂപ്പച്ചനും പ്രിയൊരച്ചനും യിവിടെ വന്നത അപ്പൊൾ ഈ എളെ മക്ക ളുടെ കാരണവന്മാര മൂപ്പച്ചനൊട സംകടം പറഞ്ഞു തിരിയാത്ത പിള്ളെ രെക്കൊണ്ട (P.27) ... ... ... ... ... ... ... ... ... ... ... ...

... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ...

... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ...

ന്റെ കെട്ടിയവൾക്കും മക്കൾക്കും എങ്ങനെ ... ... ... വാനായിട്ട ആള

ഇട്ടൂപ്പിന്റെ മക്കളുമായി മൂപ്പച്ചന്റെ സംഭാഷണം.

യച്ചു വരുത്തി. അപ്പൊൾ ... ... ... ലത്തെ നിരപ്പ ഒക്കയും കളഞ്ഞ മൂത്ത മകളെയും മകനെയും ദ്വെഷി ക്കയാൽ അവന്റെ വീട്ടിൽ കെട്ടിയവളെയും കൊണ്ടു പൊയിരിക്കയാൽ അമ്മയും എളെ മക്കളും വന്നു. ഈ കുഞ്ഞുവറീ തിന്റെ പൌതികാര്യംകൊണ്ട എങ്ങനെ വിസ്തരിക്കണമൊ ഈ തീർന്നതുപോലെ ഇരിക്കട്ടോ എന്നപ്പ ചൊദിച്ചാറെ തള്ള വിസ്തരി ക്കണമെന്ന തൊന്നുന്ന

ച: കുഞ്ഞുവറീതിന്ന മുൻശരിയെ കൊടുത്തിട്ടുണ്ടൊ.

ഉ: ഇല്ലന്ന തൊന്നുന്നു.

ച: ഈ 25 പറ കൊടുത്തതുകൊണ്ടു മതിയൊ.

ഉ: പൊര എന്ന തൊന്നുന്നു

ച: ഇനിയും ചെല്ലുവാനുണ്ടംകിൽ അവൻ ഇത മതി എന്ന നൽമന സാൽ സമ്മതിച്ചാൽ പിന്നെ എന്തിന്ന വിസ്തരിക്കുന്നു.

ഉ: അപ്രകാരം സമ്മതിച്ചു എംകിൽ അതിന്നതക്ക പ്രവൃത്തി കാണു ന്നില്ല. വചനങ്ങൾ പെണ്ണുങ്ങൾക്കടുത്തത എംകിലും സാരമൊക്കയും ഇതതന്നെ ഉത്തരം.

എളെ മകൾ

ച: നിനക്ക എന്ത തൊന്നുന്നു.

ഉ: വിസ്തരിക്കണമെന്നു തൊന്നുന്നു.

ച: കുഞ്ഞവറീതിന്റെ പൌതി ശരിയൊ

ഉ: ശരിയല്ല എന്നും മൂന്നൊന്നെ കൊടുത്തുള്ളു എന്നും പറഞ്ഞു വന്ന യാൾ 25 പറകൊണ്ട മതിയാക്കിയതിനാൽ മുൻപൌതി ശരിതന്നെ എന്നു തൊന്നുന്നു.

വ. ഞാൻ പറഞ്ഞതിനാൽ അല്ലയൊ സമ്മതിച്ചത.

ഈ ഉത്തരങ്ങൾ ഒക്കയും കെട്ടതിനാൽ മൂപ്പച്ചന്ന ഏറ്റം ക്ലെശമായി. ഇട്ടൂപ്പിന്റെ എഴുത്തിൽപ്രകാരം (P.28) ........ ..... ........ ....... ...... ..... .... ...... ........ ............ ....... ......... .......... ........ ....... ..... ........ ........ ...... ..... ..... .... .... .... ..... ..... ഞാൻ നിങ്ങളെയും നിങ്ങളുടെ മക്കളെ .... .... കെട്ടിയ .... .... ... ... ... ..... ..... മനസ്സുപൊലെ നടന്നുകൊൾവിൻ എന്ന പറഞ്ഞ മൂപ്പച്ചൻ മിണ്ട ടങ്ങി. അതികം സംകടവും അരിശവുംതൊന്നി ഒക്കയും അടക്കിചിരിച്ച യാത്രചൊല്ലി.

കുടുംബ കലഹം തീരുന്നില്ല.

ഉടൻ കൊച്ചിട്ടൂപ്പിന്ന കുറ്റം അറിവിച്ചിരുന്നു. 30 പറ നിലം ഒഴിയാഞ്ഞതിനാൽ ആയതുകൊണ്ടു കുഞ്ഞുവറീത കൊച്ചിട്ടൂപ്പ അന്തപ്പൻ മുതൽപെരെ വരുത്തി. കൊച്ചിട്ടൂപ്പ കല്പന കെൾക്കാഞ്ഞതിനാൽ ഒരു പൊറുതി പരസ്യമായീ അപെക്ഷിച്ച കുമ്പസാരിച്ചുകൊള്ളണമെന്നും നിലത്തിന്റെ കാര്യം ഞാൻ ഒഴിഞ്ഞിരിക്കുന്നു എന്നും നിനക്ക നീതിയുണ്ടംകിൽ അനുഭവിച്ചു കൊള്ളണമെന്നും നിങ്ങൾ മൂന്നുപെരും ഒരു മനസായി നടന്നു കൊള്ളണമെന്നും പറഞ്ഞു. കൊച്ചിട്ടൂപ്പിന്നു ബഹു തെളിവാകയും ചെയ്തു. ഈവണ്ണം ഇട്ടൂപ്പിന്റെ എഴുതിന്റെ ചുമതല തീർന്നിരിക്കുന്നു.

എന്നാൽ ആഹാ മത്തായി മറിയം അച്ചനെ കപ്പെളപണി മുതലായത പണിപ്പാൻ ഏൾപ്പിച്ചുംകൊണ്ട മാളയിൽവന്ന പുത്തൻവഴിയും

ചിറയും കടച്ചുതീനി മണ്ണുതീനി മുതലയാവരയും ഏൾപ്പിച്ചും കൊണ്ട കുംഭം 6നു ശനിയാഴ്ച കൂനമ്മാവുംകൽ പൊകയും ചെയ്തു. (*)

(*) ഇങ്ങനെ ഒരടയാളത്തോടുകൂടി അമ്പഴക്കാട്ടു കൊവേന്തയുടെ നാളാഗമം തുടർന്നെഴുതിയ ആൾ, പേജിന്റെ ചുവട്ടിൽ താഴെക്കാണുന്ന നോട്ടു കുറിച്ചിരിക്കുന്നു:

“ഈ നാളാഗമം ആദ്യംമുതൽ അതായത 1-ാം സഹാ എന്ന വാചകംമുതൽ ഈ പക്ഷത്തിന്റെ അവസാനംവരെയുള്ള എഴുത്ത: എ. പെ. ബ. പ്രിയൊർ കുറിയാക്കൊസ ഏലിയാ എന്ന ഒന്നാം പ്രിയൊരച്ചന്റെ കൈഅക്ഷരങ്ങളാകുന്നു. ആദെഹം സകലവും കണ്ടും നടത്തിയും കൂടെയുണ്ടായിരുന്നതിനാൽ” ..... ...... ....

**രം. ശൊ. മറിയം യൌസെപ്പ**

**തുണയാകട്ടെ**

# കന്യാസ്ത്രീമഠത്തിന്റെ ആരംഭം

(P.1)

കേരളത്തിൽ കന്യാസ്ത്രീമഠത്തിന്റെ ആവശ്യകത

ഏറിയനാൾ മുൻപിനാലെ സത്യവെദം നടന്നുവരുന്ന ഈ മലയാളത്തിൽ കൊംവെന്തകളും കന്യാസ്ത്രിമഠങ്ങളും ഉണ്ടാകാതെയും ഈ പുണ്യങ്ങളുടെ കെൾവിയല്ലാതെ ഒരു നല്ല പുണ്യ കണ്ടുപഠിത്വവും കൂടാതെയും ആൺവർഗ്ഗക്കാരർക്ക പട്ടസുഖം എന്നതിനാൽ കന്നിസുഖക്കാരാകുന്നു എന്നല്ലാതെ സ്ത്രീവർഗ്ഗത്തിന്നു വിവാഹം കൈക്കൊണ്ട സംസാരികൾ ആക എന്നല്ലാതെ കന്നിത്യം കാത്തിരിപ്പാൻ മനസുള്ളവരുണ്ടായാലും ആയതിന്ന ഒരു പൊംവഴിയും നൃവാഹം കൂടാതെ ഈ ദുവത്തിൽതന്നെ ദീർഘകാലമായി നടന്നുവരികയിൽ ദൈവകൃപയാ 1831-ാം കാലത്തിൽ പള്ളിപ്രത്ത എട. പെ. ബ. പാലക്കൽ മല്പാനച്ചൻ മുഖാന്തമായിട്ട കൊംവെന്തയ്ക്ക തുട. എ. പെ. ബ. മലയാളത്തിന്റെ വിഗാരി അപ്പസ്തൊലിക്കാ ആയ പ്രെ. ബർണദീനൊസ എന്ന മെത്രാപൊലീച്ചന്റെ ഏറ്റിക്കപ്പെട്ട കരുണയാൽ 1855-ൽ മാന്നാനത്ത കൊംവെന്തയാക്കി റെഗുളന്യായപ്രമാണം കൊടുത്തുറപ്പിക്കയും പിന്നീട കൂനമ്മാവു കർമ്മെൽ എൽതുർത്താ എന്ന ഈ കൊംവെന്തകളും ഉണ്ടായിരിക്കയിൽ ദെയവകൃപയാൽ മെലെഴുതിയ ഈദെഹം തന്നെ കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്നും നിശ്ചയിച്ച 1860-ൽ വരാപ്പുഴെ പുത്തൻപള്ളിയുടെ കുരിശിന്നു കിഴക്കുപുറത്തുള്ള പറമ്പിൽ ഇതിന്നടിസ്ഥാനവുംയിട്ട ഏറിയ ദ്രവ്യം ചിലവുചെയ്ത 5¾ കൊൽ പൊക്കത്തിൽ നാലുവശവും മതിൽകെട്ടി (P.2) പൊക്കിവരികയിൽ ബാവെലിൽനിന്നും ശു. സിംഹാസനത്തിലെ കല്പനയ്ക്ക വിരൊധമായിട്ട സുറിയാനെ മെത്രാൻ വരികയും അപ്പൊൾ സുറിയാനിപള്ളിക്കാര മിക്കതും പൊലെ ഇതിൽ ഉൾപ്പെടുകയും ഈ കലക്കനിമിത്തം വീണ്ടും ഈ കാര്യം മുടങ്ങി വീഴുകയും ദെയവകൃപയാൽ ആ വഴക്കുകൾ തീർന്നുവന്നപ്പൊൾ നല്ല പട്ടക്കാരില്ലായ്കയാലുള്ള ആത്മനാശം കണ്ട കന്യാസ്ത്രിമഠം ആയ്ത മാറ്റി സിമനാരി എന്ന നിശ്ചയിച്ച അപ്രകാരം പഠിത്വചാലയാക്കി യിതിനാൽ ഞങ്ങൾക്കുണ്ടായിരുന്ന ശരണവുംകെട്ട മുൻപിലത്തെപ്പൊലെയുള്ള ദുഃഖ അവ

പുത്തൻപള്ളിയിൽ തുടങ്ങിയ മഠംകെട്ടിടം സെമിനാരിയാക്കുന്നു.

സ്ഥയിൽ ജീവിച്ച വരുംപൊൾ, ഇപ്പൊൾ ഞങ്ങൾക്ക ദെലഗാത്തായിരിക്കുന്ന എത്രയും പെ. ബ. ലഒപ്പൊല്ദ മര്യ. ദെസംജൂസെ എന്ന മൂപ്പച്ചൻ ചെയ്ത വെലയാലും സഹായത്താലും ഇതിന്നിടയായി ഇതിനെ വിചാരിക്കുംപൊൾ സർവ്വെശ്വരൻ ഈ സന്യാസിമഠങ്ങളും കന്യാസ്ത്രീമഠങ്ങളും നടത്തുവാനായിട്ടുതന്നെ ഈ ദെഹത്തെ യാത്രയാക്കി എന്നു വിചാരിപ്പാ ഇടയുണ്ട. അതെന്തന്നാൽ ഇതിന്നു മുൻമ്പിൽ ഈ മലയാളത്തിലും മറ്റും മിസ്യൊണാരിമാരായിവരുന്ന മൂപ്പച്ചന്മാരൊക്കയും കുർബ്ബാനപട്ടം ഏറ്റതിന്റെശെഷം അത്രെ എരൊപ്പയിൽനിന്നും പുറപ്പെടുന്നത എന്നാൽ ഈദെഹം അഞ്ചാം പട്ടം ഏറ്റശെഷം തന്നെ 1859 ധനുമാസത്തിൽ ഈ മലയാളത്തിൽ വന്നു എന്നാൽ ഒട്ടുംതന്നെ വരാപ്പുഴെ താമസിയാതെ ഈ കൂനമ്മാവു കൊവെന്തയിൽ വന്നപാർത്ത നാലഞ്ചു മാസത്തിനകത്ത മലയാംപെച്ചും പഠിച്ച കൊംവെന്തകൾ ഒക്കെയ്ക്കും ദെലഗാദും പുത്തൻസന്യാസികളുടെ ഗുരുവും എന്ന സ്ഥാനത്തിൽ പെ. ബ. മെത്രാപ്പൊലീത്താച്ചൻ കല്പിച്ച ആ കാര്യങ്ങൾ ഒക്കയും യാഗ്രതയൊടുകൂടെ നടത്തിവരികയിൽതന്നെ (P.3) ഈ പുത്തൻ സന്യാസികളിൽ പലരെയും ലത്തീൻപെച്ച പഠിപ്പിക്കയും അതിനിടയിൽ 6-ാം പട്ടവും കുർബ്ബാനപട്ടവും ഏറ്റ കുർബ്ബാനയും ചൊല്ലി ഈ കൂനമ്മാവുപള്ളിയിൽ ഉൾപ്പെട്ട ജനങ്ങളുടെ ആത്മകാര്യങ്ങളും എത്രയും യാഗ്രതയൊടുകൂടെ അന്വെഷിച്ച നടത്തി പലർക്കും നല്ല കുമ്പസാരം കൊടുത്ത മുൻപിലത്തെ പഴെജീവിതത്തിൽനിന്നും മാറ്റിൽ പുത്തൻജീവിതമായ പുണ്യജീവിതത്തിൽ തിരിപ്പിച്ചുവരികയിൽ ഞങ്ങളുടെ ഒന്നാമത്തെ ശ്രെഷ്ഠത്തി അമ്മയായ (1) ഏലീശ്വായും എന്ന വൈതവിയും അവളുടെ ഏകമകളായ അന്നാ സഹൊദരിയും ഈ കൂനമ്മാവു എടവകയിൽ ചെർന്ന വടക്കൻ എന്ന സാമാന്യം വിളിച്ചുവരുന്ന വാകയിൽ എന്ന വീട്ടിൽ പാർത്തുവരികയി പെ. ബ. മൂപ്പച്ചനൊട ഏലിശ്വായും മകൾ അന്നായും കുമ്പസാരിച്ചു വന്നതുമല്ലാതെയും ഞങ്ങൾ യിരുവർക്കും ഈ കന്നിസുഖത്തൊടെ അതായത വൈധവം എന്ന കന്നിത്വത്തിൽ ഏലിശ്വായും ബ്രഹ്മശാരിത്വം എന്ന തീകയപ്പെട്ട കന്നിസുഖത്തിൽ അന്നായും മരണത്തൊളം ജീവിപ്പാൻ നിശ്ചയിച്ചിരിക്കയാൽ ഞങ്ങൾ യിരുവരെയും അച്ചനെ ഏൾപ്പിച്ചിരിക്കുന്നു എന്നും ഏലീശ്വാ മൂപ്പച്ചനെ ബൊധിപ്പിക്കയാൽ ആദെഹവും ആ അപെക്ഷ കൈക്കൊണ്ട വെണ്ടിയ ഗുണദൊഷ

ലിയോപ്പോൾദു മിഷനറി കൂനമ്മാവിൽ.

ങ്ങളും നൽബുദ്ധികളും ചൊല്ലിക്കൊടുക്കുകയും ചെയ്കയും (P.4) ഇവരുടെ ആഗ്രഹവും അപെക്ഷയും പട്ടാങ്ങ

... ... ...

... ... ...

മഠം സ്ഥാപനത്തിനു പ്രാരംഭ ആലോചന

... ... ...

... ... ...

... ... ...

... ... ...

... ... ...

... ... ...[1]

യുള്ളതുതന്നെയൊ? ആയതല്ലംകിൽ സ്ത്രീകൾക്കടുത്ത എളക്കബുദ്ധിയാൽ തൊന്നി അപെക്ഷിച്ചതൊ? എന്നും നിശ്ചയമായി അറിവാൻ തക്കവണ്ണം പലപ്പഴും പല പ്രകാരണയും മൂപ്പച്ചൻ പരീക്ഷിക്കയും അന്വെഷിക്കയും ചെയ്കയും കുമ്പസാരക്കാരൻ കടത്തിനും മുറക്കും തക്കവണ്ണം ആഴ്ചവട്ടത്തിൽ ഒന്നും രണ്ടും കുർബ്ബാന കൈക്കൊള്ളുവാനും അനുവദിച്ചും നടത്തിവരികയും ഈ കാര്യം നല്ലതൊ എന്നും എങ്ങനെ ഇതിന്നുത്തരിക്കെണ്ടു എന്നും ഏതു പ്രകാരം യിവരുടെ അപെക്ഷ ആയ കന്നിസുഖം രക്ഷിക്കെണ്ടു എന്നും മറ്റു മൂപ്പച്ചന്മാരൊടും ഗുണദൊഷിക്കയും അവരും നല്ലത എന്ന സാക്ഷിക്കയും ചെയ്ത വരികയിൽ ആദെഹം ദൈയവത്തൊടും അപേക്ഷിക്കയാൽ സർവ്വെശ്വരൻ തന്നെ ഒരുവഴി ആദെഹത്തിന്റെ ഹൃദയത്തിൽ തൊന്നിച്ചു. അതായത മെലെഴുതിയവരുടെ ആയിട്ട ഏതാനും നിലം പുരയിടങ്ങളും ആയതിനൊടുകൂടി ഏതാനും കടങ്ങളും ഉണ്ട എംകിലും ആവൂ ഒക്കയും അന്നായുടെ എളയപ്പൻ ആയ നമ്മുടെ പ്രൊക്കുദൊരതൊമ്മൻ എന്നയാൾ അന്വഷിച്ച യിവരുടെ ചിലവും നടത്തിവരികയാൽ അയാൾ ദീനക്കാരനാകയാലും കടങ്ങൾക്ക അധിക പലിശയാകയാലും ഒടുക്കം എല്ലാം തീർന്ന കടം ശെഷിപ്പാനും ഇടവരും (P.5) എന്ന അവസ്ഥയിൽ ആകയാലും ഇപ്പൊൾ ആയവനിൽ ഇത വെർതിരിച്ച അ വക പറമ്പിൽ ചെറുതായി ഒരു സ്ഥലം ഉണ്ടാക്കി ആയതിൽ ഇവരെ രണ്ടുപെരെയും കൂടെ പാർപ്പിച്ചാൽ അവരുടെ ആത്മകാര്യങ്ങൾ വെടിപ്പായിട്ട നടക്കുന്നതുമല്ലാതെ പെൺപൈതങ്ങളെ നമ

1. ഇവിടെ കുറച്ചു സ്ഥലം പൊടിഞ്ഞിരിക്കുന്നു.

മഠം സ്ഥാപിക്കുന്നതു സംബന്ധിച്ചു പ്രിയോരച്ചനും ലിയൊപ്പോൾദച്ചനും ആലോചിക്കുന്നു.

സ്ക്കാരം മുതലായ പുണ്യങ്ങളും കുസ്തുര മുതലായ കൈവെലകളും പഠിപ്പിക്ക എന്നുള്ള ഒരു വെലയിൽ യിവരെ ഏർപ്പെടുത്താമെന്നും നിശ്ചയിച്ചു 65 കാലം കന്നിമാസം ഒരു ദിവസത്തിൽ കൊവെന്തകളുടെ ഒന്നാം പ്രിയൊരായ പെ. ബ. കുറിയാക്കൊസ എലിയാ എന്ന ദെഹത്തിനൊടും ഈ കാര്യം പെ. ബ. മൂപ്പച്ചൻ പറഞ്ഞാറെ ആദെഹത്തിനും ഏറ്റം സന്തൊഷവും തെളിവും ആയി കഴിയുന്ന വെല യിതിനെ ചെയ്യാമെന്നും ഉത്തരിക്കയാലും മൂപ്പച്ചന്റെ ഹൃദയം തെളിഞ്ഞ ഈ വിവരം ഒക്കയും പെ. പെ. ബ. മെത്രാപ്പൊലീത്താച്ചനെ ബൊധിപ്പിച്ചാറെ 5 കൊൽ പൊക്കമുള്ള

മഠം സ്ഥാപനത്തിനു മെത്രാന്റെ അനുമതി

മതിലിനകത്ത പാർപ്പിക്കണം എന്നു നിശ്ചയിച്ച മെത്രാനച്ചൻ പനമ്പുകൊണ്ടുള്ള പുരയിൽ പാർപ്പിക്കുന്നതിന്നു ഒരു തടവും കല്പിക്കാതെ നല്ലത എന്നും ആയതിന്നുള്ള ക്രമപുസ്തകം തരാമെന്നും ആയത മലയായ്മയിൽ പകർത്തി ചെയ്യണമെന്നും കല്പിച്ച പുസ്തകം കൊടുക്കുകയും മൂപ്പച്ചൻ മലയാളം പെച്ചിൽ പൊരുൾ തിരിച്ചപ്പൊൾ ആയത സംസാരികളായി പാർക്കുന്ന കർമ്മലീത്താ മൂന്നാംസഭക്കാരുടെ ക്രമം ആയിരുന്നതിൽ അപ്രകാരമുള്ള ക്രമം നടത്തുവാനും കല്പിച്ചതു കാരണത്താൽ ആയതിനെ നടത്തുവാനും ദൈവം തിരുമനസായി. ഇതിന്നു തുടങ്ങും മുൻപിൽ ആയത നടത്തി അവർക്കുള്ള വല്യ വെന്തീഞ്ഞകളും ഞങ്ങൾ ചിലത തച്ചുകൊടുത്തു വീണ്ടും ബൊധിപ്പിച്ച നമുക്കുള്ള ഒരാളെ പുസ്തക (P.6) വാങ്ങിച്ച പകർത്തി അതിനകത്ത മെലെഴുതിയ തൊമ്മനൊടു മൂപ്പച്ചൻ കല്പിച്ച ഒരു സ്ഥലം ചെറുതായി ഉണ്ടാക്കുവാനും ആയതിന്ന സഹോദരി അന്നായുടെ വല്യപ്പന്മാരായ പൈലി, പാപ്പു ഇങ്ങനെ ഉള്ളവരും കൂടി ഉത്സാഹിക്കണമെന്നും കല്പിക്കയും മൂപ്പച്ചൻ തന്നെ ചുറ്റി നടന്ന ഒരു സ്ഥലം കണ്ട ബൊധിച്ച

മഠത്തിൽനിന്നും പള്ളിയിലേക്കു പുത്തൻ വഴി

എന്നാൽ ആ സ്ഥലത്തിൽ നിന്നും പള്ളിയിൽ വരുന്നതിനു ഏറിയ ചുറ്റുവഴിയും കൊടുള്ളി മുതലായ എടത്തിൽ നിന്നും വരു അളുകളുടെ നടപ്പും ആകയാൽ ചുരുക്കുള്ളതും വെടിപ്പുള്ളതും ആയ പുത്തൻ വഴിയിടണം എന്നും നിശ്ചയിച്ച ബ. മൂപ്പച്ചൻ കാവ്യനായിരുന്ന മുതലാളിയെ വരുത്തി പറഞ്ഞ അയാളുടെ പറമ്പിനകത്തു കൂടെ വഴിയിട്ടു കൊൾവാൻ അനുവാദം വാങ്ങിക്കുകയും ചെയ്തു. എന്നാലും ഇതൊക്കയും നടത്തുവാൻ തൊമ്മൻ എന്നവന്ന നൽമനസ്സുണ്ടംകിലും

കയ്യിൽ പണം യില്ലായ്കയാലും മെലെഴുതിയ മറ്റവർക്ക തെളിഞ്ഞ മനസ്സില്ലായ്കയാൽ സഹായിക്കയില്ലന്ന തന്നെയല്ല മനസായി നടക്കുന്ന തൊമ്മനെ കൂടെ പരിഹസിക്കയും ചെയ്തു വരികയാലും നടപ്പുകെടായി കിടക്കയിൽ ദൈവകൃപയാൽ ഈ സ്വരം ചിലരു കെട്ടും ചിലരൊട പെ. ബ. മൂപ്പച്ചനും പ്രിയൊരച്ചനും പറഞ്ഞും ഇങ്ങനെ ഏതാനും ധർമ്മം കിട്ടുകയും ചെയ്തു. ഇതിനാൽ തൊമ്മന്റെ ഉത്സാഹത്താൽ നമ്മുടെ അമ്മ കർമ്മൽ ദൈവമാതാവിന്റെയും പിതാവായ ശു: മാർ യൗസെപ്പിന്റെയും വിവാഹം തിരുനാൾ സമീപിച്ച 1866 മകരത്തിൽ ഈ ചെറിയ പനമ്പു മഠത്തിന്ന വെല തുടങ്ങി.

പ്രിയൊരച്ചൻ ആദ്യത്തെ പനമ്പു മഠം സ്ഥാപിക്കുന്നു.

പുത്തനായിട്ടുള്ള വഴിയും വെട്ടി തെങ്ങും പനമ്പുംകൊണ്ട ഒരു സ്ഥലം 3 മുറിയും ഒരു പ്രാർത്ഥനാസ്ഥലവും ഒര ഊട്ടുമുറിയും ആയിട്ടും പുറവെലിയും അടക്കവെലിയും തീർപ്പിക്കയും ആ പറമ്പിൽ പാർത്തിരുന്ന (P.7) അവുരാ എന്നയാൾ വച്ചിരുന്ന ഒരു ചെറിയ പുരയുണ്ടായിരുന്നതിന്ന 6 രൂപാ കൊടുത്ത വാങ്ങിച്ച കുസിഞ്ഞായിട്ടു ആസ്തമാക്കി രണ്ടകാലം മുമ്പിൽ ശ്രെഷ്ഠത്തി എലിശ്വായുടെ കൂടപിറപ്പായിരുന്നു: * സഹൊദരി ത്രെസ്യാ എന്ന പെൺ മൂപ്പച്ചൻ എസ്ക്കൊള അന്വെഷത്തിന്നായിട്ട കറുകത്തടത്ത ചെന്നപ്പൊൾ ഒരാൾ കുമ്പസാരി ... ... ...[1]

... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ...

ഈ പെണ്ണത്രെ അവളുടെ ഹൃദയ അപെക്ഷ .... ....

* 46 വയസ്സായി വിവാഹം ചെയ്യുന്നതിന്ന പറഞ്ഞാറെ ഈശൊമിശിഹായൊടുകൂടെയുള്ള മണവാളത്തമല്ലാതെ ഭൂലൊക വിവാഹം വെണ്ട എന്നും ഉപെക്ഷിച്ചു പാർത്തിരിക്കുന്നതിനാൽ അവളെയും ഇതിൽ ചെർക്കത്തക്കവണ്ണം മനസായിരിക്കുന്ന വിവരം ബ. മൂപ്പച്ചൻ അവളുടെ അപ്പനെയും വരുത്തി പറകയും ചെയ്തു.

ഇതിനിടയിൽ ഈ ആണ്ടിൽ പുത്തനായിട്ട മൂന്നു ദിവസം പരസ്യമായിട്ട ശു: കുർബ്ബാന എഴുന്നള്ളിച്ച ചെയ്യുന്ന ആരാധന തുടങ്ങി ഈ കൂനമ്മാവു കൊവെന്തയിൽ വല്യനൊയമ്പിന്റെ ഒന്നാം വ്യാഴാഴ്ച തുടങ്ങുവാൻ നിശ്ചയിച്ച ആയതിന്നു വെണ്ടി ചമയങ്ങളും പള്ളിടെ വെടിപ്പും ഇങ്ങനെയുള്ള പല ജൊലികൾ മൂപ്പച്ചന്ന ഉണ്ടായിരുന്നു എംകിലും മൂപ്പച്ചനും പ്രിയൊരച്ചനും പല ദിവസവും വരികയും പണി അന്വെഷിക്കയും പ്ര. തൊമ്മൻ അല്ലാതെ മറ്റാരും ഉത്സാഹിക്കായ്ക

1. ഇവിടെ അല്പം പൊടിഞ്ഞിരിക്കുന്നു.

യാൽ കുറ്റപ്പെടുത്തുകയും ഇങ്ങനെയുള്ള കടപ്പാടാൽ ചിലരു വരികയും നൊക്കുകയും ചെയ്യും. ഈ നൊയമ്പിന്റെ തുടക്കത്തിൽ തന്നെ തുടങ്ങണം എന്നും നിശ്ചയിച്ച ഞങ്ങൾ ഒന്നും അറിയാതിരിക്കയിൽ ഞങ്ങൾ പുത്തനായിട്ട ഉടുപ്പാൻ വെണ്ടിയതിന്നു കൊച്ചിയിൽ നിന്നും കച്ച വരുത്തി സാമാന്യത്തിൽ അധികമായിട്ട അടക്കം തൊന്നുവാൻ

നാല്പതുമണി ആരാധന തുടങ്ങുന്നു.

തക്കവണ്ണമുള്ള ഉടുപ്പുകളും ഞങ്ങളെക്കൊണ്ടു തന്നെ ചെയ്യിച്ച കുംഭം 13-നു വ്യാഴാഴ്ച ശു: കുർബ്ബാനയുടെ ആരാധന തുടങ്ങുവാൻ നിശ്ചയിച്ചതിനാൽ അതിന്നു മുൻ ഞങ്ങൾക്കും സ്ക്കാപ്പുളാര തന്നു തുടങ്ങണം എന്നും കല്പിച്ച 10 നു ശനിയാഴ്ച തന്നെ (P.8) ശ്രെഷ്ഠത്തി ഏലിശ്വായുടെയും സഹൊദരി ത്രെസ്യായുടെയും അപ്പൻ അമ്മ ഒന്നായിരിക്കയാലും യിവരുടെ കൂടപ്പിറപ്പ ളൂവിസ എന്ന ഒരു പൈതൽ

പുതിയ മഠത്തിലെ ആദ്യ അംഗങ്ങൾ

കൂനമ്മാവു കൊവെന്തയിൽ ഉണ്ടായിരുന്നതിനാലും സഹൊദരി ത്രെസ്യായെയും കൂട്ടിക്കൊണ്ട അപ്പനും അമ്മയും മറ്റുചില കൂടപ്പിറപ്പുകളും കൂടെ വന്നു സഹൊദരി അന്നായുടെ അപ്പന്റെ വീട്ടിൽ യിവരൊടു കൂടെ താമസിച്ചു 12-നു തിങ്കളാഴ്ച മൂപ്പച്ചൻ ഈ മൂന്നു പെരെയും എലീശ്വാ ത്രെസ്യാ അന്ന എന്നവരെയും ഇവർക്ക സഹായക്കാരത്തിയായിട്ട യിവരുടെ അയൽക്കാരത്തിയും സഹൊദരി അന്നായുടെ അപ്പന്റെ ചാർച്ചക്കാരത്തിയും ആയിരുന്നു. വിവാഹം ചെയ്യാതെ പാർത്തിരുന്നു. 26 വയസ്സുള്ള ഏലിശ്വാ എന്നു പെരുള്ള ആളിനെയും നിയമിച്ച യിവളെയും കുമ്പസാരിപ്പിച്ച ഇന്നു തന്നെ ഞങ്ങൾക്കുള്ള ഉടുപ്പു മുതലായ വസ്തുക്കളും തിന്മാൻ വെണ്ടിയ അരി മുതലായതും പാ തലയണ മുതലായതും ആ സ്ഥലത്തിൽ ആക്കി വച്ച വെളുക്കുമ്പൊൾ തന്നെ പള്ളിയിൽ ചെന്ന കുർബാനയും കണ്ടു ശു: കുർബ്ബാനയും കൈക്കൊണ്ട ഈ അന്ധസ്തിൽ മരികൊാളം ജീവിപ്പാൻ വെണ്ടിയ ദൈവസഹായം അപെക്ഷിച്ച നല്ലവണ്ണം ധ്യാനിച്ച പള്ളിയിൽ തന്നെ നില്ക്കണമെന്നും ആൾ വന്ന അറിവിക്കുംപൊൾ നിങ്ങളും അനുവദിച്ചിരിക്കുന്ന സംബന്ധക്കാരും കൂടി പുത്തനായിട്ട ഉണ്ടാക്കിയ വഴിയിൽകൂടെ തന്നെ മഠത്തിൽ വരണമെന്നും കല്പിച്ച കുമ്പസാരവും കഴിച്ചയച്ചു.

വൈക്കത്തു പുത്തനങ്ങാടി ഏലിശ്വാ പനമ്പു മഠത്തിൽ

അപ്രകാരം ഞങ്ങൾ ചെയ്കയും ചെയ്തു. 11-നു തന്നെ പ്രിയൊരച്ചൻ അറിവിച്ചിരുന്നതിനാൽ സഹൊദരി ക്ലാര ഇതായത സുറിയാനിക്കാരായ

(P.9) വൈക്കത്തു പള്ളി എടവകയിൽ പുത്തനങ്ങാടിയിൽ കൊച്ചു വർക്കി വൈദ്യൻ എന്നയാളാൽ പിറക്കപ്പെട്ട ഏലിശ്വാ എന്ന പെരു മിട്ട 14 വയസ്സിൽ വിവാഹം കഴിച്ച പത്ത് വത്സരം ഭർത്താവൊടുകൂടെ ജീവിച്ച ശെഷം 24 വയസ്സിൽ ഭർത്താവു മരിച്ച 3 വത്സരം വൈധവ ത്തിൽ ആങ്ങള ഇസഹാക്ക വൈദ്യൻ എയാളൊടുകൂടെ സ്വന്ത വീട്ടിൽ പാർത്ത പള്ളി സമീപമാകയാൽ നിത്യമായുള്ള കുർബ്ബാന കണ്ടും അടുക്കെയുള്ള കുംമ്പസാര കുർബാന എന്ന കൂദാശകൾ കൈക്കൊണ്ടും പാടുംപൊലെയുള്ള ധ്യാനനമസ്കാരങ്ങളും കഴിച്ചു വന്നിരുന്ന വിവരം പ്രിയൊരച്ചൻ അറിഞ്ഞിരുന്നതിനാൽ ഈ അന്ത സ്തിൽ ചെരുവാൻ മനസുണ്ടംകിൽ വരണമെന്നും ആ പള്ളിയുടെ വിഗാരി അച്ചൻ വഴിയായി അറിവിച്ചിരുന്നതിനാൽ അപ്രകാരം വരു ന്നതിന്നു നിശ്ചയിച്ച വർത്തമാനം മറ്റു കൂടപ്പിറപ്പുകളും സംബന്ധ ക്കാരും അറിഞ്ഞ പല മുടക്കുകളും തടവുകളും പറഞ്ഞും എംകിലും ആയത ഒന്നും എടുക്കാതെ ധൈര്യപ്പെട്ടതിനാൽ എളയപ്പൻ ആയിരി ക്കുന്ന പുത്ത: ഇട്ടൂപ്പ എന്നയാളും മെലെഴുതിയ വിഗാരി അച്ചനും കൂടെ സഹായമായി. വെണ്ടതൊക്കയും കൊണ്ടു വന്നു എംകിലും ബ. മൂപ്പച്ചൻ ഒരിക്കലും കണ്ടറിവില്ലായ്കയാൽ ഒന്നു രണ്ടു കുറി കുമ്പ സാരക്കൂട്ടിൽ വന്ന ചൊദിച്ചു പറഞ്ഞ അറിഞ്ഞല്ലാതെ ഇപ്പൊൾ നിശ്ച യിച്ചു പറവാൻ പാടില്ലായ്കയാൽ പുറത്ത ഒരു വീട്ടിൽ താമസിപ്പാൻ കല്പിച്ചു: ഇതിനാൽ കുറെ സംകടവും യിളക്കവും തൊന്നി എംകിലും ചൊൽവിളിയിൽ ഉറെച്ചു പാർത്തു.

13-നു ചൊവ്വാഴ്ച അഞ്ചുമണി വെളപ്പിന്നു തന്നെ ബ. മൂപ്പച്ചനും പ്രിയൊരച്ചനും കൂടി ഈ പനമ്പു മഠത്തിൽ വന്ന (P.10) ആയതിൽ ഞങ്ങൾ വച്ചിരുന്ന വസ്തുക്കൾ സൂക്ഷിച്ചു കിടന്നിരുന്ന ആളുകളെ

പനമ്പു മഠത്തിന്റെ ഉൽഘാടനം

അച്ചന്മാരു തന്നെ വിളിച്ചുണർത്തിക്കൊണ്ടു വസ്തു ക്കൾ എന്തല്ലാമെന്നും എത്രയൊ നുണക്കമായ കാര്യ ങ്ങളും ബ. മൂപ്പച്ചന്റെ ബൊധത്തിൽ വച്ച അന്വെ ഷിച്ചു എന്നും എല്ലാം എഴുതി കാണിപ്പാൻ പാടില്ല. ഏതാനുമൊക്കെ കാണിക്കുന്നു കൊട്ടും ഉണർത്തുള്ള ഒരു നാഴികമണിയും നമസ്കാരം ധ്യാനം, തീൻ വെല ഉണയിർച്ച യിങ്ങനെയുള്ള നെരത്തി കൊട്ടു വാൻ ഉള്ള തവുളെത്ത എന്നു പറയുന്ന മരമണിയും മുറികളിൽ ഹന്നാൻ വെള്ളം എപ്പഴും ഉണ്ടാക്കുവാനും മുറിയിൽ കടക്കും പഴും മുറിയിൽ നിന്നു പുറപ്പെടും പഴും എപ്പഴും തൊട്ട നെറ്റിമെൽ പിരട്ടി കുരിശുവരപ്പാനായിട്ട എല്ലാമുറികളിലും മറ്റും ഈ വെള്ളം വൈപ്പാൻ

ഓരൊ പാത്രവും ആയത എത്തുംപൊൾ ഒക്കെയും പള്ളിയിൽ നിന്നു വരുത്തുവാനായിട്ട വെള്ളനിറമുള്ള ഒരു ബൊത്തലും അതിൽ നിറച്ച ഹന്നാൻ വെള്ളവും ഒരൊ മുറിയിൽ ഒരൊമരം കൊണ്ടുള്ള കുരിശും മറ്റും പസ്ക്കിരൂപങ്ങളും പ്രാർത്ഥന മുറിയിൽ കർത്താവിന്റെയും ദൈവ മാതാവിന്റെയും മാർ യൗസേപ്പു പിതാവിന്റെയും പസ്ക്കി രൂപങ്ങളും പുറത്തെ പടിക്കൽ തറക്കുന്ന പലകയും അടക്ക പടിപ്പുരയിൽ തറച്ചിരിക്കുന്ന പലകയും ഓരൊ മുറിയിൽ ഓരൊ ചെറിയ മെശയും ചെറിയ വംകും ഊട്ടുമുറിയിൽ ഇരിപ്പാനും തിന്മാനും നീളമുള്ള വംകും മെശയും തിന്മാനുള്ള പളുങ്ങാണികളും കഞ്ഞി മൊര എടുപ്പാനുള്ള വല്യ കൊപ്പകളും ഉപ്പും കറികളും എടുപ്പാനുള്ള ചെറിയ കൊപ്പകളും വെള്ളം കുടിപ്പാനുള്ള മൺ തംപ്ലെരുകളും കയിൽ കാപ്പുകളും മുഖം കഴുകുന്നതിന്നും മറ്റും കൂശുകളും (കക്കൂസ) (P.11) പീലാത്തി ഇതിന്റെ വാതുക്കൽ കൊണ്ടുപൊയി വൈപ്പാനുള്ള അടയാള പലകളും അവിടെ

> പനമ്പുമഠത്തിലെ സജ്ജീകരണങ്ങൾ

പെരുമാറുവാനുള്ളതിം മൺ കരകങ്ങളും ഓരൊ മുറിയിൽ ഓരൊ വെദൊപദെശം - ശരിത്രജ്ഞാനൊപദെശം ദിവ്യമാതൃക ജീവിതക്രമം യിങ്ങനെയുള്ള പുസ്തകങ്ങളും എഴുതുവാൻ മഷിയും കുപ്പിയും തൂവലുകളും അതിനെ ചെത്തുവാൻ ചെറിയ കനുവെത്തിയും കടലാസു വരെപ്പാൻ കൊലും ചൂംബും (കസ്തൂര വെല ചെയ്പാനുള്ളതിന്ന ഒരു പെട്ടി സൂചികളും ഉണ്ട നൂല പാസ്ത നൂൽ, പട്ടുനൂൽ, മഞ്ഞ നൂൽ, രൊഗി നൂൽ. കറുപ്പു പട്ടു നൂൽ കത്രികകളും പിച്ചാത്തിയും നാരായവും കൊന്ത കെട്ടുമുള്ളരഞ്ഞാണം കെട്ടു ചെയ്പാനുള്ളതിന്ന കമ്പികളും കൊടിൽക മുറിവിളക്ക ആകമാനമായി രാത്രിയിൽ നില്പാൻ ഇന്തെരണ വിളക്കും വിളക്ക കത്തിപ്പാൻ മെഴുകറൊളും പ്രാർത്ഥന മുറിയിൽ രണ്ടു കത്തിസാളും മെഴുകുതിരിയും കരിക്ക വെട്ടുവാൻ വല്യ പിച്ചാത്തിയും സൊപ്പുണ്ടാക്കുവാൻ വെണ്ടി റൊസപ്പൂ, പനിർപൂ മുല്ലപൂ ഗൊങ്ങണിപൂ കർദനാൾപൂ മക്കിപൂ - ഭംഗപ്പാടുപൂ - നാലുമണിപൂ - വാകമല്ലിപൂ ഇങ്ങനെയുള്ള പൂതൈകൾ പൂചട്ടിയിലും മറ്റും അതിനെ നടുവാൻ ചെറിയ തൂമ്പായും വിളക്കിലിടുവാൻ പിണ്ടി നൂലും പല ദിഷ്ടതികൾക്കായി പഴന്തുണികളും വെണ്ടിയതിനെ എഴുതികൊടുത്തയപ്പാനും വരുത്തുവാനുമായിട്ട രണ്ടു താക്കൊലുള്ള ഒരു ചെറിയ പെട്ടകവും അതിൽ ഒരു താക്കൊൽ മൂപ്പച്ചന്റെ മുറിയിൽവച്ച ഒന്നു ശ്രെഷ്ഠത്തി സൂക്ഷിപ്പാനും ദിഷ്ടതിയാകുന്നത എഴുതി അതിൽവച്ചു പൂട്ടി താക്കൊൽ എടുത്തുകൊൾവാനായിട്ട ഒരു പെട്ടിയുടെ മീതെ

കെട്ടിയിരുന്ന കൊച്ചുപെട്ടിയും വെന്തിഞ്ഞ കുത്തുവാൻ ദർശന ചില രൂപ ചിലകളും (P.12) ശെഷവും ഇങ്ങനെയുള്ളതൊക്കയും കൊണ്ടു വന്നതുമല്ലാതെ അവരുടെ കൈകൾകൊണ്ടുതന്നെ ഞങ്ങൾ വരുന്ന തിന്ന മുൻപിൽ ഇതൊക്കയും ക്രമപ്പെടുത്തി ഞങ്ങളിൽ ഓരൊരു ത്തർക്കായി നിയമിച്ച മുറികളിൽ കട്ടിലും പായും വിരിച്ച ഓരൊരു ത്തർക്ക ഓരൊ കറുത്ത നിറമുള്ള പുതപ്പുകളും കട്ടിലുമ്മെൽ വിരിച്ചും എല്ലാവർക്കും കൂടെയുള്ള വെല വസ്തുക്കളായ ആകമാന വസ്തു ക്കളും ജ്ഞാനവായന മെശവായനയ്ക്കുള്ള പുസ്തകങ്ങളും ഇങ്ങ നെയുള്ളതൊക്കയും ശ്രെഷ്ഠത്തിയുടെ മുറിയിലും വച്ച 9 മണി ആയ പ്പൊൾ ഇതൊക്കയും ക്രമപ്പെടുത്തി ഞങ്ങൾക്ക ആളയക്കയും ചെയ്തു.

**പനമ്പു മഠത്തിൽ ആദ്യ അംഗങ്ങൾ പ്രവേശിക്കുന്നു.**

ആൾ വന്നവുടൻ ഞങ്ങൾ മൂവരും സഹായക്കാരത്തിയും ശ്രെഷ്ഠത്തി ഏലിശ്വായുടെയും സഹൊദരി ത്രെസ്യായുടെയും അമ്മയും സഹൊദരി അന്നായുടെ എളയപ്പൻ വല്യപ്പന്മാരുടെ കെട്ടിയവന്മാരും മറ്റു ചാർച്ചക്കാരും സ്നെഹമുള്ളവരുമായ പല സ്ത്രീജനങ്ങളൊടുകൂടെ പുത്തനായിട്ടുള്ള വഴിയെ ഞങ്ങൾക്കുള്ള പുത്തൻ ഉടുപ്പൊടുകൂടെ പള്ളിയിൽ നിന്നും പുറപ്പെട്ടപ്പൊൾ പലരും പുറപ്പെട്ടു എംകിലും പുറത്തുള്ള പടിയ്ക്കകത്തു പുരുഷന്മാർക്കു കട ന്നാൽ 3 മാസത്തെ പള്ളിപ്രായശ്ചിത്തം എന്നും എഴുതി തറെച്ചിരിക്ക യാൽ ആരും കടന്നില്ല. ഞങ്ങളും അനുവദിച്ചിരുന്ന ആളുകളൊടുകൂടെ വന്ന മുൻപിൽ തന്നെ പ്രാർത്ഥന മുറിയിൽ കടന്ന രൂപത്തുംകൽ ഞങ്ങൾ മുട്ടുകുത്തി കുറെ അപെക്ഷിച്ച ശെഷം മൂപ്പച്ചൻ സൂർപ്പളെസും ഊറാറയും ഇട്ട പ്രിയൊരച്ചനുമായിട്ട പ്രാർത്ഥന മുറിയിൽ വന്നു. അപ്പൊൾ ഞങ്ങളുടെ അച്ചൻ ഞങ്ങൾക്കു വാഴു തരീക എന്ന അപെ ക്ഷിച്ച കുപ്പായം മുത്തിയ ശെഷം ചൊല്ലുവാനുള്ളതും ചൊല്ലി ശ്രെഷ്ഠത്തി തുടങ്ങി. മൂന്നു പെർക്കും റൊയിശ നിറമുള്ള ചെറിയ സക്കപ്പുളാരിയും ഉടുപ്പിച്ച ഹന്നാൻ വെള്ളവും (P.13) തളിച്ച ശെഷം മൂപ്പച്ചൻ യിരുന്ന കുറെ ഗുണദൊഷങ്ങളും പറെഞ്ഞ ശെഷം വന്ന വര ഒക്കയും പറെഞ്ഞയച്ച വീണ്ടും അല്പമായിട്ട താമസിച്ച ഒരൊ ക്രമങ്ങളും മറ്റും പറയുകയും സഹൊദരി അന്നായെക്കൊണ്ട നാഴിക മണിക്ക ശരടു കൊടുപ്പിച്ചും മറ്റും കാട്ടിതന്ന അന്ന പൊകയും ചെയ്തു.

## രണ്ടാം സഹാ

### മനസ്താപിച്ചതിന്റെ ശെഷം ഒന്നാമത്തെ സഹൊദരിയെ കൈക്കൊണ്ട വിവരം

14-നു ബുധനാഴ്ച തന്നെ മൂപ്പച്ചൻ മെലെഴുതിയിരിക്കുന്ന സഹൊദരി ഏലിശ്വായെ വീണ്ടും കുമ്പസാരക്കൂട്ടിൽ വിളിച്ച കുമ്പസാരവും പരീക്ഷയും കഴിച്ച ശു: കുർബ്ബാനയും കൊടുത്ത ശെഷം അവ 4 മണിയ്ക്ക പെ. ബ. മൂപ്പച്ചനും പ്രിയൊരച്ചനും കൂടെ ഞങ്ങളുടെ മഠത്തിൽ വന്ന ഏതു പ്രകാരമായിരിക്കുന്നു എന്നും എല്ലാവർക്കും തെളിവും സന്തൊഷവും തന്നെയൊ വിഷാദമൊ, വിചാരമൊ, ക്ലെശമൊ ഉണ്ടാ എന്നും ഞങ്ങളെ ഇരുത്തിക്കൊണ്ടും ഉള്ളിൽ ഉള്ളതുപൊലെ ഒക്കയും പറയണമെന്നും കല്പിച്ചപ്പൊൾ ശ്രെഷ്ഠത്തി പറഞ്ഞു സഹൊദരി ത്രെസ്യാ ഇന്നലെ ഏറെ ഏതും തിന്നില്ലന്നും അമ്മയെ കാണാതെയും ഈ പ്രായത്തിനകത്ത അമ്മയുടെ ചെരെ നിന്ന ഒരു ദിവസവും മാറീട്ടില്ലായ്കയാലും കുറെ ക്ലെശംപൊലെയുണ്ട അപ്പൊൾ സഹൊദരി ത്രെസ്യാ തന്നെ പറയട്ടെ ഇപ്പൊൾ എങ്ങനെ എന്നും ചൊദിച്ചതിന്ന അമ്മയെ ഓർക്കുമ്പൊൾ ക്ലെശം വരും. നീക്കി കളയുന്നുണ്ട പിന്നെയും വരും എന്നു പറഞ്ഞതിന്ന പെടിക്കണ്ട ഇത എല്ലാവർക്കും ഉള്ളതാകുന്നു ഞാനും കൊവെന്തയിൽ പൊയാറെ മൂന്നു മാസത്തെയ്ക്ക ഈ ഓർമ്മയും ക്ലെശവും ഉണ്ടായിരുന്നു എന്നും മറ്റും പറെഞ്ഞ ഉറപ്പിക്കയും സഹൊദരി അന്നയൊടു ചൊദിച്ചാറെ നാഴിക മണി ചൊവ്വെ അല്ലാ പള്ളിയിൽ (P.14) 12 മണി അടിച്ചപ്പൊൾ ഇവിടെ ഒരു മണിയായിരുന്നതിനാലും ക്രമങ്ങൾ ഒക്കയും പറഞ്ഞു തന്നത മറന്നിട്ടായിട്ടും മറ്റും ക്രമംപൊലെ നടക്കുന്നില്ല. ആയതുകൊണ്ടുള്ള ക്ലെശം ഉണ്ടാ എന്നും ഉത്തരിച്ചു. അതു ശരിതന്നെ. ഇപ്പൊൾ തുടക്കമാകയാൽ ക്ലെശിക്കണം ഇനി സൂക്ഷിക്കണം. പക്ഷെ സഹൊദരി അന്നായ്ക്ക അമ്മയെ കാണണമെന്നും മറ്റും ഒരു ക്ലെശത്തിന്നിടയില്ലല്ലൊ. കൊള്ളാം ദൈവസഹായത്താൽ ഇനിയും മറ്റു മഠം ഉണ്ടാകട്ടെ അപ്പൊൾ സഹൊദരി അന്നായെ മറ്റു മഠത്തിലയച്ചു കൊള്ളാമെന്നും കല്പിച്ചശേഷം നിങ്ങൾക്കു ഒരു സഹൊദരികൂടെ വന്നിരിക്കുന്നു. ആയതിനെ കൈക്കൊൾവാൻ നിങ്ങൾക്കു മനസുണ്ടൊ ഇനി നിങ്ങളുടെ കാര്യം നിങ്ങൾതന്നെ പറയണം. മറ്റു സഹൊദരികൾ ഉണ്ടാകണമെന്നും നിങ്ങൾക്ക ആഗ്രമുണ്ടൊ? എന്നും ചൊദിച്ചതിന്ന ശ്രെഷ്ഠത്തി അമ്മ ഉത്തരിച്ചതായത ഇപ്പൊൾ തന്നെ സഹൊദരി

പനമ്പു മഠത്തിൽ ആദ്യ ദിവസം

ത്രെസ്യായും അന്നായും കൂടെ നമുക്ക ഒരു കൂടപ്പിറപ്പുകൂടെ ഇന്നു വരുമായിരിക്കും എന്നും മൂപ്പച്ചൻ കല്പിച്ചിരുന്നുവല്ലോ. ആയത കാണി ല്ലല്ലൊ എന്നും പറഞ്ഞുകൊണ്ടിരുന്നു. ഞങ്ങൾക്ക ഒരു കൂടപ്പിറപ്പു കൂടെ ഉണ്ടാകുന്നത അത്രയും സന്തൊഷമല്ലൊ എന്നും പറഞ്ഞതിനെ ഉടൻ പ്രിയൊരച്ചനൊടു പറഞ്ഞു. അവരെ വിളിപ്പിച്ചു. ഉടൻ സഹൊ ദരിയും മെൽ എഴുതിയ എളയപ്പനും പെട്ടി പാ മുതലായത എടുത്തും കൊണ്ട ഒരാളും ആയിട്ട പുറവെലി കടന്നുവന്നു. അടക്കവെലിയുടെ പടിക്കുപുറത്ത എളയപ്പൻ നിന്നു കൊണ്ട സഹോദരിയെയും കൊപ്പും അകത്തൊട്ട ആക്കിയശെഷം വന്ന മൂപ്പച്ചന്റെ കുപ്പായം മുത്തി മുട്ടുകുത്തി നിന്നപ്പൊൾ ഇവർക്കു ശുശ്രൂഷ ചെയ്തുകൊണ്ട മരിപ്പൊളും യിവിടെ പാർപ്പാൻ മനസുണ്ടൊ എന്നും ചൊദിച്ചതിന്ന മനസാ (P.15) യിരിക്കുന്നു എന്നും ഉത്തരിച്ചാറെ അപ്രകാരം മനസാകുന്നുവെങ്കിൽ ഈ പാവപ്പെട്ട എന്നെക്കൂടെ നിങ്ങളുടെ വെലക്കാരത്തി ആയിട്ട കൈക്കൊള്ളണമെന്ന ശ്രെഷ്ടത്തിയുടെ മുൻപിൽ മുട്ടുകുത്തി അപെ ക്ഷിക്ക എന്ന പറെഞ്ഞവുടൻ ശ്രെഷ്ഠത്തിയും മറ്റ സഹൊദരികളും ഇരിക്കുന്നയിടത്ത ചെന്ന ശ്രെഷ്ടത്തിയുടെ മുൻപിൽ മുട്ടുകുത്തി അപെക്ഷിച്ചപ്പൊൾ ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരും ആകുന്നു ഞങ്ങളിൽ ഒന്നുപൊലെ കൂടപ്പിറപ്പിനെയും കൈക്കൊൾവാനും ദെയ വംതരുന്ന ഭിക്ഷ നാം കൈക്കൊണ്ടു പാർപ്പാൻ നൽമനസായിരിക്കുന്ന എന്നു ശ്രെഷ്ടത്തിയും ഉത്തരിച്ചശെഷം മൂപ്പച്ചന്റെ മുൻപിൽ മുട്ടുകു ത്തിച്ച സ്ക്കപ്പുളാരിയും കൊടുത്ത കൂട്ടുന്നതിന്നു തുടങ്ങിയപ്പൊൾ പെര എന്തന്നും ചൊദിച്ച ഏലീശ്വാ എന്നു കെട്ടാറെ ശ്രെഷ്ടത്തിയു ടെയും സഹകാരത്തിയുടെയും രണ്ടു പെര ഇതുതന്നെ. ആകയാൽ ആയത മാറ്റി ക്ലാര എന്നു പെരുംയിട്ട ത്രെസ്യാപുണ്യവാളത്തി അമ്മ യുടെ മൂന്നാംസഭ കന്യാസ്ത്രികളുടെ കൂട്ടത്തിൽ ചെർക്കയും ചെയ്തു.

പുത്തനങ്ങാടി ഏലീശ്വാ യുടെ മഠപ്രവേശനം.

അപ്പൊൾ മൂന്നു മുറിയും മൂന്നു കട്ടിലും മറ്റും മാത്രം ഉണ്ടായിരുന്ന തിനാൽ സഹൊദരി അന്നാ പാർത്തിരുന്ന മുറിയും കട്ടിലും സഹൊ ദരി ക്ലാരയുടെ പെരുമാറ്റത്തിന്നായിട്ട നിയമിച്ച സ. അന്നാ. ശ്രേ: അമ്മയുടെ മുറിയിൽ കൂടെ താമസി പ്പാനും സഹൊദരി ക്ലാര കൊണ്ടുവന്ന വസ്തുക്കളും മറ്റും ആകമാനമായിട്ട ഒന്നായിട്ട പെരുമാറണമെന്നും എന്റെത തന്റെത അയാളുടെത എന്നു പറയാതെ വചനത്തിൽകൂടയും ഉപവിയും ആക

ആദ്യ അംഗങ്ങളുടെ ജീവിതരീതി.

മാനവും അറിവിപ്പാൻ വെണ്ടി ഞാൻ പെരുമാറുന്ന മുറി. ഞാൻ പെരുമാറുന്ന പൊതെപ്പ സഹൊദരി അന്ന പെരുമാറുന്ന തുണി യിങ്ങനെ വചനത്തിലും പ്രവൃത്തിയിലും ആയിരിക്കുമെന്നും കല്പിച്ച കൊന്ത കെട്ടുന്നതും മറ്റും ഞങ്ങളെ കാണിച്ചും ചെയ്യിച്ചും കണ്ടും ഞങ്ങളുടെ ന്യായപ്രമാണത്തിൽ ആഴ്ചയിൽ 1 കുമ്പസാരവും 2 കുർബ്ബാന

മഠത്തിനകത്തുണ്ടാക്കിയ പുതിയ സംവിധാനം

കൈക്കൊള്ളപ്പാടും കല്പിച്ചിരുന്നു. എംകിലും ഈ ശു. ക്രമം (P.16) ആയ മൂന്നു ദിവസവും കുർബ്ബാന കൈക്കൊൾവാൻ ഞങ്ങൾക്ക അനുവാദവും തന്നു പള്ളിയിൽ പൊകയും ചെയ്തു. വീണ്ടും ഏഴാം പക്കം വരികയും അപ്പൊൾ പുത്തനായിട്ട ഒരാഴ്ച ഓടുന്ന നാഴികമണിയും തൂങ്ങപ്പെട്ട രൂപവും ഊട്ടുമുറി രണ്ടായിട്ടു തിരിച്ചു ആ മുറിയിൽ വെണ്ടിയ കട്ടിലും വംകും മറ്റും വെലചെയ്വാനും കൊന്തകെട്ടുവാനും കൊന്തകുരുവുകളും കൊടിലും കമ്പികളും പൊരാത്ത പുതപ്പും തുണിയും കൊണ്ടുവന്ന തരികയും ഇങ്ങനെ വിചാരിച്ച നടത്തിവരുന്നു. മഠം സ്ഥാപിച്ചവുടൻ ഞങ്ങൾക്കുണ്ടായ പരീക്ഷയുടെയും സംകടത്തിന്റെ വിവരം ഒന്നാമത തന്നെ ഞങ്ങൾ മൂന്നു സഹൊദരികളും ശ്രെഷ്ഠത്തിയും ഞങ്ങളുടെ സഹായക്കാരത്തിയും അല്ലാതെ മറ്റൊരു പൈതങ്ങളെ കൂടെയും ഈ പുറവെലിക്കകത്ത കരെറ്റുവാൻ വഹ്യാതെയിരിക്കയിൽ ഞങ്ങൾക്കുള്ള സഹായക്കാരത്തിക്ക ... ... ... .... ... ദിവസം കഴിഞ്ഞ

സഹായക്കാരത്തിയുടെ രോഗം

വുടൻ ശക്തിപ്പെട്ട പനിയും ശർദ്ധിയും ഉണ്ടായി. എന്നാൽ കുറഞ്ഞൊരു ദിവസങ്ങൾ മുൻപെ ഈ ഞങ്ങളുടെ കുസീഞ്ഞയിൽ പാർത്തിരുന്ന ഒരു പെണ്ണ കഠിനമായ വസൂരിയാൽ മരിക്കയും– ഈ കൊംവെന്തയിൽ ശുശ്രൂഷിക്കും കടുപ്പമായ വസൂരിയും ഈ നാളിലും മറ്റു ചിലയിടത്തും ഉണ്ടായിരുന്നതിനാലും ഈ പനിയും എന്തായിരിക്കുമൊ എന്നും വിഷാദിക്കയും സഹൊദരികൾ അന്ന ത്രെസ്യാ ചെന്ന ദീനമെന്താകുന്നു സുഖമുണ്ടൊ എന്നും മറ്റും ചൊദിച്ചാൽ ചിലപ്പൊൾ കെൾക്കായ്കയൊ? ക്ഷമയൊ? മറ്റൊ ഒന്നും തന്നെ പറയാതിരിക്കയും ഇതിനാലും വിഷാദം എംകിലും

മഠത്തിനകത്ത് പാമ്പ്

ദെയവസഹായത്താൽ നീളിക്കാതെ സുഖമായി. ഇതാ മറ്റു പരീക്ഷ ഒരു ദിവസം ഞങ്ങൾ പള്ളിയിൽ (P.17) പൊയി കുർബ്ബാന കഴിഞ്ഞു വന്നപ്പൊൾ ഞങ്ങളുടെ അടക്കവെലിക്കകത്ത പാമ്പിഴഞ്ഞിരിക്കുന്നു. അടയാളം കണ്ട ഞങ്ങൾ നൊക്കിയപ്പൊൾ സഹൊദരി ക്ലാര പെരുമാറുന്ന മുറിയുടെ വാതു

ക്കൽ ശവുണ്ട തടിയുടെ താഴെ പാമ്പിരിക്കുന്നത കണ്ട ശ്രെഷ്ഠത്തി അമ്മ ആ പാമ്പിനെ കൊല്ലുകയും ചെയ്തു. പിറ്റെ ദിവസവും ഞങ്ങൾ പള്ളിയിൽ പൊയി കുർബ്ബാന കഴിഞ്ഞ വന്നപ്പൊൾ മഠത്തിന്റെ അരി കിൽ പാമ്പിഴഞ്ഞ അടയാളം കണ്ട ഞങ്ങൾ നൊക്കിയപ്പൊൾ പാമ്പിനെ കണ്ടില്ല. പിന്നെ കുറെ നെരം കഴിഞ്ഞപ്പൊൾ ദൈവസഹാ യത്താലെ പാമ്പിനെ കാണ്മാൻ ഇടവരികയും ചെയ്തു. പിന്നെയും പാമ്പിനെ കൊല്ലുവാൻ ഭയപ്പെട്ട പുരുഷന്മാരെ കെറ്റുകയൊ എന്ന സംശയിച്ച അടക്കവെ[1]............

## (കൂനമ്മാവു വി. ത്രേസ്യായുടെ മഠത്തിന്റെ നാളാഗമം)

(P.200)

(1-ാം പുസ്തകത്തൊടുകൂടി ബയണ്ടു ചെയ്ത് P-200-201-ൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ കൈപ്പടയിലുള്ള ഭാഗം)

ശു: അമ്മത്രെസ്യായുടെ മക്കളായിട്ട മഠത്തിൽ കൂടി പുതു കന്യാ സ്ത്രികളായിട്ടു ശു: ഉടുപ്പു കൊടുക്കുന്നതിനും ആയവരെ പറഞ്ഞൊപ്പു ചെയ്യിക്കുന്നതിനും വിവരവും നിശ്ചയവുമായ്ത ഇവിടെ എഴുതി സാക്ഷിക്കുന്നു. എത്രയും പെ. പെ. ബ. മലയാളത്തിന്റെ വിഗാരി അപ്പ സ്തൊലിക്കായും കർമ്മലീത്താ ദിസ്കാൾ സഭയുടെ എ. പെ. ബ. പ്രപ്പൊസിത്ത ജെനരാൾ നമ്മുടെ പിതാവു പ്രെദുമനീംകൊസ ദെസം ജൂസെ എന്ന ദെഹത്തിന്റെ കല്പന പ്രകാരം നമുക്കു വിഗാരി പ്രവെൻസ്യാൾ ആയി ഭരിച്ചു വരുന്ന മെൽ എഴുതിയ പ്ര. ബർണദീനു ദെസം ത്രെസ്യാ എന്ന മെത്രാപ്പൊലീത്താച്ചൻ ഈ മലയാളത്തിൽ സ്ഥാപിച്ചിരിക്കുന്ന കൊവെന്തകൾക്കും ആ സഭയുടെ കന്യാസ്ത്രീക ളായവരെയും ചെർത്ത നടത്തുവാൻ തക്കവണ്ണം കന്യാസ്ത്രീമഠ ങ്ങൾക്കും ദെലഗാത്ത എന്ന മുഷ്ക്കരം കൊടുത്ത നടത്തി വരുന്നു. മലയാളത്തിൽ മിസ്യൊണാരി അപ്പ. ടി സഭക്കാരനും ആയ എ. പെ. ബ. ലെയപ്പൊൾദ മര്യാദെ സം ജൂസെ എന്ന മൂപ്പച്ചൻ 1867 മീനം 27 -നു സ. ഏലീശ്വാ സ. അന്ന: സ. ത്രെസ്യാ സ. ക്ലാര എന്ന ഈ നാലു പെർക്കും ശു: ഉടുപ്പുകളെ ക്രമപ്രകാരം ഉടുപ്പിച്ചു. ടി. പ്രെ. ലയപ്പാല്ദ മര്യാദെസം ജൂസെ (Sd)

---

1. ഇവിടെ ഈ ഭാഗം അവസാനിക്കുന്നു. ബാക്കി മറ്റുകൈപ്പടയിൽ.

67 കന്നി 8-നു മെലെഴുതിയ ക്രമപ്രകാരം സ. മറിയം എന്ന പുതു കന്യാസ്ത്രിയെ ഉടുപ്പിച്ച ടി സഭയിൽ പ്രിയൊര ആഹാ. കുറിയാക്കൊസ



എലിയ ദതു: ക:

(Sd)

......... .......... ..........

......... .......... ...........

ടി. ആണ്ടു ധനു 24-നു സ. മര്യ അന്ന സ. മറിയം മഗ്ദെലെനാ ദെപാസിസ: എന്ന പുതുകന്യാസ്ത്രീകളെ ഉടുപ്പിച്ചു മെലെഴുതിയ ദെല. പ്രെ. ലഒപ്പൊല്ദ മര്യദെസം ജൂസെ

(Sd)

(P.201) 68 ഇടവം 11 നു : സ. മറിയം ത്രെസ്യാ എന്ന പുതുകന്യാസ്ത്രീയെ ഉടുപ്പിച്ചു ടി ടെ. പ്രെ. ലഒപ്പൊല്ദ മര്യാദെസം ജൂസെ (Sd)

68 കർക്കടകം 16-നു നമ്മുടെ അമ്മ കർമ്മെല മാതാവിൻ തിരുനാളിൽ പത്തു ദിവസം മുൻപിൽ ഒന്നാമത മഠത്തിൽ ചെന്നവരെ പറഞ്ഞൊപ്പു ചെയ്യിപ്പാനുള്ള സംഗതി പെ. പെ. ബ. വിഗാരി പ്രവിൻസ്യാൾ മെത്രാപ്പൊലീത്താ അച്ചനെ ബൊധിപ്പിച്ച ആ ദേഹത്തിന്റെ കല്പനപ്രകാരം മുറപൊലെയുള്ള പത്തു ദിവസത്തെ ധ്യാനവും കഴിച്ച മെലെഴുതിയ ദിവസത്തി ശു. കുർബ്ബാനയും കൈക്കൊണ്ട നാളിത. 9 മണിക്ക സ. ഏലിശ്വായെയും സ. അന്നായെയും സ. ത്രെസ്യായെയും സ. ക്ലാരയെയും പറഞ്ഞൊപ്പു ചെയ്യിച്ചു. ദെ പ്രെ. ലഒപ്പോല്ദ മര്യദെസം ജൂസെ

(Sd)

## സമാപ്തി